# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 23, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 168 - നമ്പർ 11

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

2017 ആഗസ്റ്റ് 23, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

456/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. ...7
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. ...32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. ...32
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. ...87

**II അടിയന്തരപ്രമേയം**

കാർഷിക മേഖലയുടെ തകർച്ച
(അവതരണാനുമതി നിഷേധിച്ചു) .. ...332

**III ശ്രദ്ധ ക്ഷണിക്കൽ**

പെൻഷൻ പരിഷ്കരണം—

ശ്രീ. ഇ. കെ. വിജയൻ .. ...344

**IV സബ്മിഷൻ**

1. വിമാന യാത്രാക്കൂലി—

ശ്രീ. രാജു എബ്രഹാം
ശ്രീ. കെ. വി. അബ്ദുൾ ഖാദർ .. ...346

2. കീഴ്ശാന്തി നിയമനം—

ശ്രീമതി യു. പ്രതിഭ ഹരി .. ...348

3. ഗ്രേസ് മാർക്ക്—

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ .. ...350

4. സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം—

ശ്രീ. കെ. ദാസൻ .. ...352

5. തൊഴിൽ സുരക്ഷ—

ശ്രീ. റോഷി അഗസ്റ്റിൻ .. ...354

6. ഫോറസ്റ്റ് റോഡ്—

ശ്രീ. കെ. കുഞ്ഞിരാമൻ .. ...356

പേജ്

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, 2, 3 ഇനങ്ങൾ അനുസരിച്ചുള്ള കടലാസ്സുകൾ .. ...359

**VI റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി XI-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് .. ...369

(2) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് .. ...369

(3) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പന്ത്രണ്ട് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ .. ...369

(4) പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് .. ...370

(5) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് .. ...370

(6) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് .. ...370

**VII ധനകാര്യം**

2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും .. ...370

**VIII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും .. ...415

**IX അറിയിപ്പ്**

മാജിക് ഷോ—

മി. സ്പീക്കർ .. ...476

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

*2017 ആഗസ്റ്റ് 23, ബുധൻ*

വാല്യം 168] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 11

നിയമസഭ 2017 ആഗസ്റ്റ് മാസം 23-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ......ഓർഡർ.......... ചോദ്യം നമ്പർ (*331)

(ചോദ്യോത്തരവേള ആരംഭിച്ചപ്പോൾത്തന്നെ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് യു.ഡി.എഫ്. അംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളുമായി നടുത്തളത്തിലിരുന്ന് മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

### ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനം

1 (*331) ശ്രീ. ജോർജ് എം. തോമസ്:

ശ്രീ. രാജു എബ്രഹാം:

ശ്രീ. ആന്റണി ജോൺ:

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഇത്തരം സംരംഭകരുടെ ഉല്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കാനായി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ (കെ-ബിപ്പ്) മുഖേന നടപ്പിലാക്കിയ പദ്ധതികൾ താഴെക്കൊടുത്തിരിക്കുന്നു:

1. വ്യാപാർ 2017:

സംസ്ഥാനത്തിന്റെ വ്യാവസായിക ഉൽപ്പാദനക്ഷമത പ്രദർശിപ്പിക്കുന്നതിനും ബ്രാൻഡ് ചെയ്തതും അല്ലാത്തതുമായ ഉൽപ്പന്നങ്ങളെ വിപണിയിൽ അവതരിപ്പിക്കുന്നതുവഴി നിലവിലുള്ള വ്യവസായങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിനും നിക്ഷേപകരിൽ താൽപ്പര്യം സൃഷ്ടിക്കുന്നതിനും വേണ്ടി വ്യാപാർ 2017 (ബിസിനസ്സ് ടു ബിസിനസ്സ് മീറ്റ്) ഫെബ്രുവരി 2 മുതൽ 4 വരെ കൊച്ചി ബോൾഗാട്ടി പാലസ് & ഐലന്റ് റിസോർട്ടിൽ സംഘടിപ്പിച്ചു. ഇതിന്റെ വിശദവിവരം താഴെപ്പറയുന്നു:

- സംസ്ഥാനത്തെ ചെറുകിട, ഇടത്തരം, സൂക്ഷ്മ സംരംഭങ്ങളെ ആഗോള വിപണിയിൽ പരിചയപ്പെടുത്തുവാൻ കഴിഞ്ഞു.
- കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, കയർ ഉൽപ്പന്നങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുള പോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ തുടങ്ങിയ മേഖലകളിൽ നിന്നുള്ള 200 ചെറുകിട ഉത്പാദകർക്ക് അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യയും ഈ മേളയിൽ പ്രദർശിപ്പിക്കാൻ അവസരം ലഭിച്ചു.
- ഈ മേളയുടെ ട്രേഡ് & ഇൻഡസ്ട്രി പാർട്ണറായ ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി (FICCI) മുഖാന്തരം കേരളത്തിന് പുറത്തുനിന്നും 683 'ബയർമാർ' രജിസ്റ്റർ ചെയ്യുകയും ഇതിൽനിന്ന് 437 'ബയർമാർ-'ക്ക് മേളയിൽ പങ്കാളിത്തം ലഭിക്കുകയുമുണ്ടായി.

- കേരളത്തിലെ മികവുറ്റ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളെ പരിചയപ്പെടുത്തിക്കൊടുക്കുന്നതിന് ഈ മീറ്റിലൂടെ സാധിച്ചു.
- തെരഞ്ഞെടുത്ത ചെറുകിട വ്യവസായ സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ മേളയിൽ ഉപഭോക്താക്കൾക്കായി പ്രദർശിപ്പിച്ച് പരിചയപ്പെടുത്തിക്കൊടുക്കുന്നതിനും കൂടാതെ വ്യാപാരികളുമായി നേരിട്ട് സംവദിക്കുവാനും കേരളത്തിലെ ചെറുകിട ഉൽപ്പാദകർക്ക് വ്യാപാർ 2017 വേദിയായി.
- ഈ മീറ്റ്‌വഴി സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ലഭിച്ചു.

2. <u>കേരള ബാംബൂ ഫെസ്റ്റ്:</u>

കേരള സംസ്ഥാന ബാംബൂ മിഷൻ 2004 മുതൽ എല്ലാ വർഷവും ഡിസംബർ മാസത്തിൽ കേരള ബാംബൂ ഫെസ്റ്റ് കൊച്ചിയിൽ നടത്തിവരികയാണ്. കേരളത്തിനകത്തുനിന്നും രാജ്യത്തിന്റെ വടക്കുകിഴക്ക് സംസ്ഥാനങ്ങളിൽനിന്നുമുള്ള കരകൗശല തൊഴിലാളികളും വിദഗ്ദ്ധരും സംരംഭകരും എൻ.ജി.ഒ.-കളും സർക്കാർ സ്ഥാപനങ്ങളും സ്വയംസഹായ യൂണിറ്റുകളും ഈ മേളയിൽ പങ്കെടുക്കുകയും അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യുന്നുണ്ട്.

കേരള സംസ്ഥാന ബാംബൂ മിഷൻ 13-ാമത് കേരള ബാംബൂ ഫെസ്റ്റ് 2016 ഡിസംബർ 2 മുതൽ 6 വരെ എറണാകുളം മറൈൻ ഡ്രൈവിൽ സംഘടിപ്പിച്ചു. കേരളത്തിലെ ബാംബൂ ഉൽപ്പന്നങ്ങളെ കുറിച്ച് പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനും മറ്റ് സംസ്ഥാനങ്ങളിലെ കരകൗശല വിദഗ്ദ്ധരും കേരളത്തിൽ സമാനമേഖലയിൽ പ്രവർത്തിക്കുന്നവരും തമ്മിൽ ആശയവിനിമയം നടത്തുന്നതിനുമുള്ള വേദിയായിരുന്നു കേരള ബാംബൂ ഫെസ്റ്റ് 2016.

കേരള ബാംബൂ ഫെസ്റ്റ് 2016-ൽ പ്രദർശിപ്പിച്ച കേരളത്തിലെ മുള ഉൽപ്പന്നങ്ങളുടെ നിലവാരം വിലയിരുത്തുന്നതിനും പോരായ്മകൾ പരിഹരിക്കുന്നതിനുംവേണ്ടി ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്

ഡിസൈനിൽനിന്നും 'സൃഷ്ടി സ്കൂൾ ഓഫ് ഡിസൈനിൽ' നിന്നുമുള്ള വിദഗ്ധർ സന്ദർശിക്കുകയും അതിനെക്കുറിച്ച് അവലോകനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പോരായ്മകൾ പരിഹരിക്കുന്നതിനുവേണ്ടി പരിശീലന പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

3. ബാംബൂ ഇന്നവേഷൻ സെന്റർ:

കേരള സംസ്ഥാന ബാംബൂ മിഷൻ കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ സഹകരണത്തോടെ ബാംബൂ ഇന്നവേഷൻ സെന്റർ രൂപീകരിക്കുകയും 2016 ആഗസ്റ്റ് 16-ാം തീയതി പ്രസ്തുത സെന്ററിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്തു.

മുള മേഖലയിലെ കരകൗശലക്കാർക്കുവേണ്ടിയുള്ള സാങ്കേതികവും വ്യാവസായികവുമായ അറിവുകൾ നൽകുന്നതിനായുള്ള ഒരു റിസോഴ്സ് സെന്ററായിട്ടാണ് ബാംബൂ ഇന്നവേഷൻ സെന്റർ രൂപീകരിച്ചിട്ടുള്ളത്. തെരഞ്ഞെടുത്ത കരകൗശല തൊഴിലാളികളെ വിദഗ്ധ പരിശീലനം നൽകി മാസ്റ്റർ ട്രെയിനർമാരാക്കുക, നിലവിലെ ഉൽപ്പന്നങ്ങളുടെ പോരായ്മകൾ കണ്ടെത്തി പരിഹാരം നിർദ്ദേശിക്കുക, പുതിയ ഉൽപ്പന്നങ്ങൾ രൂപപ്പെടുത്തി അതിനുള്ള പരിശീലനം നടത്തുക എന്നിവയാണ് ബാംബൂ ഇന്നവേഷൻ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ.

4. ക്ലസ്റ്റർ വികസനം:

കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ എം.എസ്.ഇ.-സിഡിപി പദ്ധതി പ്രകാരം കൊല്ലം ജില്ലയിലെ ചടയമംഗലത്തെ വുഡ് എംപയർ കൺസോർഷ്യത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിച്ചു.

5. ചെറുകിട വ്യവസായ പ്രോത്സാഹനം:

കേരളത്തിലെ ചെറുകിട വ്യവസായങ്ങൾക്ക് വിപണി വർദ്ധിപ്പിക്കുന്നതിനായി ദേശീയ-അന്തർദേശീയ മേളകളിൽ സംരംഭകരെ പങ്കെടുപ്പിക്കുവാനുള്ള അവസരങ്ങൾ കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന ഒരുക്കുന്നുണ്ട്. കൂടാതെ ദേശീയ-അന്തർദേശീയ മേളകളിൽ കേരളത്തിലെ ബാംബൂ മേഖലയിലെ കരകൗശലക്കാരെ കേരള ബാംബൂ മിഷൻ പങ്കെടുപ്പിക്കുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കേരളത്തിലെ സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകർക്ക് വിപണി ലഭ്യമാക്കുന്നതിനായി താഴെപ്പറയുന്ന ദേശീയ അന്തർദേശീയ ട്രേഡ് ഫെയറുകളിൽ സൂക്ഷ്മ ചെറുകിട വ്യവസായ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ചിട്ടുണ്ട്:

1. ഫുഡ് ഹോസ്പിറ്റാലിറ്റി വേൾഡ് 2016- (ജൂൺ 9-11, 2016, ബാംഗ്ലൂർ)
2. പ്രോ ഫുഡ് പ്രോ പാക്ക് 2016- (ആഗസ്റ്റ് 12-14, 2016, കൊളംബോ, ശ്രീലങ്ക)
3. ഇന്ത്യ ഇന്റർനാഷണൽ മെഗാ ട്രേഡ് ഫെയർ 2016 (ഡിസംബർ 16-26, 2016-കൊൽക്കത്ത)
4. ഫുഡ് ഹോസ്പിറ്റാലിറ്റി വേൾഡ് 2017- (ജനുവരി 19-21, 2017, മുംബൈ)
5. ആഹാർ 2017 -(മാർച്ച് 7-11, 2017 - ന്യൂഡൽഹി)
6. ഇൻഡെക്സ് 2017- (ജൂൺ 8-11, 2017 - മുംബൈ)
7. ഫുഡ് ഹോസ്പിറ്റാലിറ്റി വേൾഡ് 2017-(ആഗസ്റ്റ് 9-11, 2017 ബാംഗ്ലൂർ)
8. വിയറ്റ് ഫുഡ് & ബിവറേജ് ആന്റ് പ്രോപാക്ക് 2017- (ആഗസ്റ്റ് 9-12, 2017 -വിയറ്റ്നാം)

കൂടാതെ സംസ്ഥാനത്തെ മുള മേഖലയിൽ പ്രവർത്തിക്കുന്ന കരകൗശല വിദഗ്ദ്ധർ/സംരംഭകർ/എൻ.ജി.ഒ./എസ്.എച്ച്.ജി. എന്നിവരുടെ വിപണനം വർദ്ധിപ്പിക്കുന്നതിനായി കേരളത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും സംഘടിപ്പിച്ച താഴെപ്പറയുന്ന മേളകളിൽ പ്രതിനിധികളെ കേരള സംസ്ഥാന ബാംബൂമിഷൻ പങ്കെടുപ്പിച്ചിട്ടുണ്ട്:

- 2016 നവംബർ 14 മുതൽ 27 വരെ ന്യൂഡൽഹി പ്രഗതി മൈതാനിയിൽ നടന്ന ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2016.
- 2017 ജനുവരി 20 മുതൽ 29 വരെ നവി മുംബൈയിലെ അർബൻ ഹട്ടിൽ നടന്ന 'കേരള കൾച്ചറൽ ട്രേഡ് ഫെയർ'
- 2017 മാർച്ച് 17 മുതൽ 26 വരെ ചെന്നൈയിൽ നടന്ന 'കേരള കൾച്ചറൽ ട്രേഡ് ഫെയർ'

- തിരുവനന്തപുരം, കൊല്ലം, തിരുവല്ല, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കണ്ണൂർ എന്നിവിടങ്ങളിൽ നടന്ന വനിതാ മാക്സ് കൺസ്യൂമർ എക്സിബിഷൻ

  മേൽപ്പറഞ്ഞ പരിപാടികൾ സംഘടിപ്പിക്കുകയും പങ്കെടുപ്പിക്കുകയും ചെയ്തതുമൂലം സൂക്ഷ്മ ചെറുകിട സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം കൈവരിക്കുന്നതിനും ഉൽപ്പന്ന ഗുണനിലവാരം ഉയർത്തുന്നതിനും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുന്നതിനുമുള്ള അവസരം ലഭിച്ചിട്ടുണ്ട്.

  ഇന്ത്യ സിലോൺ എക്കണോമിക് ഡയലോഗ് (ഐസിഇ):

  ചെറുകിട വ്യവസായ മേഖലയിൽ കേരളവും ശ്രീലങ്കയും തമ്മിൽ ഒരു വ്യാപാര ശൃംഖല വികസിപ്പിക്കുന്നതിനായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബർ ഓഫ് കോമേഴ്സ് & ഇൻഡസ്ട്രി (FICCI)-യും ചേർന്ന് ഇന്ത്യ സിലോൺ എക്കണോമിക് ഡയലോഗ് (ഐസിഇ) 2016 ആഗസ്റ്റ് 11-ന് ശ്രീലങ്കയിലെ കൊളംബോയിൽ സംഘടിപ്പിച്ചു.

(സി) സംസ്ഥാനത്ത് സൂക്ഷ്മ ഇടത്തരം ചെറുകിട വ്യവസായ സംരംഭകരുടെ വളർച്ചയ്ക്ക് വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ക്ലസ്റ്റർ വികസനം. ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാരിന്റെ എംഎസ്ഇ മന്ത്രാലയത്തിന്റെ എംഎസ്ഇ-സിഡിപി പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ പദ്ധതി തുകയുടെ പരമാവധി 70% തുക ഗ്രാന്റായി നൽകിവരുന്നു. പദ്ധതി തുകയുടെ 20% സംസ്ഥാന സർക്കാരിന്റെ മാച്ചിംഗ് കോൺട്രിബ്യൂഷനായി നൽകി വരുന്നു. പദ്ധതി തുകയുടെ ബാക്കി 10% അതത് കൺസോർഷ്യം കോൺട്രിബ്യൂഷനായി ചെലവഴിക്കണം.

സംസ്ഥാനത്ത് താഴെപ്പറയുന്ന കോമൺഫെസിലിറ്റി സെന്ററുകൾ നാളിതു വരെ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. റബ്ബർ ക്ലസ്റ്റർ, ചങ്ങനാശ്ശേരി, കോട്ടയം
2. പ്ലാസ്റ്റിക് ക്ലസ്റ്റർ, ആലുവ, എറണാകുളം
3. ടെറാ ടൈൽ ക്ലസ്റ്റർ, തൃശ്ശൂർ
4. പ്ലൈവുഡ് ക്ലസ്റ്റർ, പെരുമ്പാവൂർ, എറണാകുളം

5. റൈസ് മില്ലേഴ്സ് ക്ലസ്റ്റർ, എറണാകുളം

6. ഫർണിച്ചർ ക്ലസ്റ്റർ, എറണാകുളം

7. വള്ളുവനാട് ഫുഡ് ക്ലസ്റ്റർ, പെരിന്തൽമണ്ണ, മലപ്പുറം

8. ജനറൽ എൻജിനീയറിംഗ് ക്ലസ്റ്റർ, മഞ്ചേരി, മലപ്പുറം

9. വുഡ് ക്ലസ്റ്റർ, ചടയമംഗലം, കൊല്ലം.

താഴെപ്പറയുന്ന നാല് ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്ററിന്റെ പണി പുരോഗമിക്കുന്നു:

- പ്രിന്റിംഗ് ക്ലസ്റ്റർ, കണ്ണൂർ
- വുഡ് ഫർണിച്ചർ ക്ലസ്റ്റർ, തളിപ്പറമ്പ്, കണ്ണൂർ
- ഫർണിച്ചർ ക്ലസ്റ്റർ ചെവ്വൂർ, തൃശ്ശൂർ
- വുഡ് ഫർണിച്ചർ ക്ലസ്റ്റർ, കോഴിക്കോട്

പ്രിന്റിംഗ് ക്ലസ്റ്റർ, കണ്ണൂർ, വുഡ് ഫർണിച്ചർ ക്ലസ്റ്റർ തളിപ്പറമ്പ് എന്നിവയുടെ കെട്ടിടനിർമ്മാണം പൂർത്തീകരിക്കുകയും ആവശ്യമുള്ള പ്ലാന്റ്&മെഷിനറികൾ വാങ്ങുവാനുള്ള നടപടികളും പൂർത്തീകരിച്ചു. ഫർണിച്ചർ ക്ലസ്റ്റർ ചെവ്വൂർ, തൃശ്ശൂരിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ പ്ലൈവുഡ് ക്ലസറ്റിലെ കോമൺ ഫെസിലിറ്റി സെന്ററിന് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ശ്രീ. ജോർജ് എം. തോമസ് : സർ, Make in India, Global Investors Meet തുടങ്ങിയ വൻകിട പദ്ധതികൾ പരാജയപ്പെട്ട സ്ഥാനത്ത് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പതിനയ്യായിരത്തിലധികം ചെറുകിട സംരംഭങ്ങൾ ആരംഭിക്കുകയും അതിൽ 80 ശതമാനത്തോളം ലാഭകരമായി പ്രവർത്തിക്കുകയും ചെയ്യുന്ന അവസ്ഥയാണുള്ളത്. അതിന് മുൻകയ്യെടുത്ത, നിശബ്ദമായ മാറ്റത്തിലൂടെ വലിയനേട്ടം കൈവരിച്ച ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. കേരളത്തിൽ നല്ലനിലയിൽ ആരംഭിക്കാൻ കഴിയുന്ന ഒന്നാണ് ഭക്ഷ്യ സംസ്കരണ വ്യവസായം. കാർഷിക ഉൽപ്പന്നങ്ങൾക്ക് പുതിയ മൂല്യവർദ്ധനവുണ്ടാക്കാനും വലിയതോതിൽ വിപണി പിടിച്ചടക്കാനും കഴിയുന്ന ഒന്നാണത്. ആ മേഖലയിൽ കുടുംബശ്രീകളെയും സ്വാശ്രയ സംഘങ്ങളെയും ഉപയോഗപ്പെടുത്തി ക്ലസ്റ്ററുകൾ രൂപീകരിച്ച് ഒരു കോമൺ ബ്രാൻഡിംഗ് നടത്തി നേരത്തെ പ്രഖ്യാപിച്ചതുപോലെ ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിച്ച് ഭക്ഷ്യ സംസ്കരണ വ്യവസായം നല്ല തോതിൽ വികസിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ ഭക്ഷ്യ സംസ്കരണ വ്യവസായങ്ങൾക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കും മുൻഗണന കൊടുക്കണമെന്നതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി പാലക്കാട് കഞ്ചിക്കോട് കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു മെഗാ ഫുഡ് പാർക്കിന്റെയും ചേർത്തലയിൽ സീഫുഡുമായി ബന്ധപ്പെട്ട മറ്റൊരു മെഗാ പാർക്കിന്റെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നേരത്തെ പറഞ്ഞ രീതിയിൽ സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും അവയെ ബ്രാൻഡ് ചെയ്യാനുംവേണ്ട നടപടികൾകൂടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ശ്രീ. ജോർജ് എം. തോമസ് : സർ, കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്വാളിയാർ റയോൺസ് 1957-ൽ സഖാവ് ഇം.എം.എസ്. ഗവണ്മെന്റ് വ്യവസായത്തിന് വേണ്ടി അക്വയർ ചെയ്ത് ബിർള കമ്പനിയെ ഏൽപ്പിച്ചു. എന്നാൽ 1980-കളുടെ അവസാനത്തോടെ അവരത് അടച്ചുപൂട്ടി. പിന്നീട് പുതിയ വ്യവസായങ്ങളൊന്നും അവിടെ ആരംഭിച്ചിട്ടില്ല എന്നുമാത്രമല്ല, നാനൂറ് ഏക്കറോളം സ്ഥലം വേക്കന്റായി വെറുതെ കിടക്കുകയാണ്. കഴിഞ്ഞ വി.എസ്. സർക്കാരിന്റെകാലത്ത് ശ്രീ. എളമരം കരീം ആണ് കിനാലൂരിൽ വലിയ തോതിലുള്ളൊരു ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ മുൻകയ്യെടുത്തത്. അന്ന് അവിടെ എസ്.ഡി.പി.ഐ., വെൽഫെയർ പാർട്ടി, ജമാഅത്തെഇസ്ലാമി, സോളിഡാരിറ്റി തുടങ്ങിയ കക്ഷികൾ ചേർന്ന് ഉപരോധം ഏർപ്പെടുത്തിയതിനെത്തുടർന്ന് അവിടേയ്ക്കുള്ള റോഡ് വികസിപ്പിക്കാൻ കഴിയാതെപോയി. യഥാർത്ഥത്തിൽ കോഴിക്കോട് ജില്ലയുടെ സമഗ്ര വികസനത്തിന് ഉപകരിക്കുന്ന രണ്ട് വൻകിട പ്രോജക്ടുകളാണ് മാവൂർ ഗ്വാളിയോർ റയോൺസും കിനാലൂർ പാർക്കും. ഗ്വാളിയാർ റയോൺസിൽ ബിർള കമ്പനി വ്യവസായം ആരംഭിക്കുന്നില്ലെങ്കിൽ ആ ഭൂമി ഗവൺമെന്റ് തിരിച്ചെടുത്ത് അവിടെ വ്യവസായം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; കിനാലൂർ പാർക്ക് വികസിപ്പിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, മാവൂരിലെ ഗ്രാസിം കമ്പനിയുടെ പ്രവർത്തനം നിലച്ചിട്ട് കുറച്ചുകാലമായി. ഗ്രാസിം കമ്പനിയുടെ ഉടമകളോടുതന്നെ ഒരു പ്രോജക്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നു. പക്ഷെ ആ പ്രോജക്ട് സംസ്ഥാന സർക്കാരിന് സ്വീകാര്യമല്ല. ഇതിന്റെ ഭാഗമായി അവർക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ അക്വയർ ചെയ്തു കൊടുത്ത സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും അവിടെ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെന്നതന്നെയുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കിനാലൂർ എസ്റ്റേറ്റ് തുടങ്ങുന്ന കാലത്ത് വലിയ പ്രതിഷേധം ഉണ്ടായതാണ്. ഇപ്പോൾ കിനാലൂരിലെ കെ.എസ്.ഐ.ഡി.സി.-യുടെ വ്യവസായ എസ്റ്റേറ്റിന്റെ അസൗകര്യങ്ങളൊക്കെ ഒഴിവായിട്ടുണ്ടെങ്കിലും ചില ബാലാരിഷ്ടതകളൊക്കെ ഇപ്പോഴും തുടരുന്നു എന്നാണ് കാണുന്നത്. അത് പരിശോധിക്കുന്നതിനുവേണ്ടി ഈയടുത്ത ദിവസം തന്നെ ഒരു യോഗം വിളിച്ചുചേർത്തിട്ടുണ്ട്. അതിന്റെ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മുൻകയ്യെടുക്കും.

ശ്രീ. രാജു എബ്രഹാം: സർ, കഴിഞ്ഞ ഒരു വർഷക്കാലത്തിനിടയിൽ പതിനെട്ടിലധികം വ്യവസായങ്ങളെ ലാഭത്തിലാക്കാൻ നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ദീർഘവീക്ഷണത്തോടുകൂടി വ്യവസായ വകുപ്പിനെ നയിക്കുന്ന വ്യവസായ വകുപ്പുമന്ത്രിയെയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാൻ മുമ്പ് ഏകജാലക സംവിധാനമുണ്ടായിരുന്നു. പക്ഷെ അത് പിന്നീട് അട്ടിമറിക്കപ്പെട്ടു. അപേക്ഷ കൊടുത്ത് ഒന്നോ രണ്ടോ മാസത്തിനുള്ളിൽ അനുമതികൾ നൽകിയില്ലെങ്കിൽ ആ സ്ഥാപനങ്ങൾ സ്വാഭാവികമായും പ്രവർത്തിക്കാനുള്ള സംവിധാനങ്ങളുണ്ടാക്കണം. അതുകൊണ്ട് ഏകജാലക സംവിധാനം വീണ്ടും കേരളത്തിൽ അടിയന്തരമായി നടപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, നിക്ഷേപകരും സംരംഭകരും ഏറെ പ്രയാസപ്പെടുന്ന സ്ഥിതിയുണ്ട് എന്ന് ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചത് ശരിയാണ്. കേരളത്തിൽ ഏകജാലക സംവിധാനം ഉണ്ടെങ്കിലും അത് ഫലത്തിൽ പ്രാവർത്തികമാകാത്ത അവസ്ഥയും പലപ്പോഴും അനുഭവപ്പെടുന്നുണ്ട്. ഇതിന്റെ ഭാഗമായാണ് നിക്ഷേപകരെയും സംരംഭകരെയും സഹായിക്കുന്നതിനുവേണ്ടി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് എന്ന പേരിലൊരു നിയമ നടപടിക്കു തന്നെ തുടക്കം കുറിച്ചിട്ടുള്ളത്. അത് വരുന്നതോടുകൂടി നേരത്തെ പറഞ്ഞ രീതിയിൽ നിശ്ചിത സമയത്തിനകം ലൈസൻസ് നൽകാൻ ആവശ്യമായ സംവിധാനമുണ്ടാക്കാനും വ്യവസായികൾക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കാനും കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ആന്റണി ജോണിനുവേണ്ടി (ശ്രീ. വി. കെ. സി. മമ്മത് കോയ) : സർ, എന്റെ മണ്ഡലത്തിൽ ഫറോക്ക് മേഖലയിലെ ഒരു പ്രധാന വ്യവസായമാണ് ഓട് വ്യവസായം. ഇതിൽ കുറേ സ്ഥാപനങ്ങൾ അടച്ചുപൂട്ടിയെങ്കിലും ഒൻപത് എണ്ണം പ്രവർത്തിച്ചുകൊണ്ടിരുന്നു. മണ്ണ് ലഭ്യമല്ലാത്തതുകൊണ്ട് അതിൽ മലബാർ ടൈൽസ്, വെസ്റ്റ്കോസ്റ്റ് ടൈൽസ്, കേരള ടൈൽസ് എന്നീ മൂന്ന് സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുകയാണ്. 350-ഓളം തൊഴിലാളികൾക്ക് തൊഴിലില്ലാതായിട്ട് നാളേറെയായി. ഒൻപതിൽ ആറ് വ്യവസായങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. അസംസ്കൃതവസ്തുവായ കളിമണ്ണ് ലഭിക്കാത്തതിനാൽ അവയും ഇപ്പോൾ അടച്ചുപൂട്ടലിന്റെ വക്കിലാണ്. ഈ വ്യവസായങ്ങൾക്കാവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിനുവേണ്ടി എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളിലൊന്നായ ഓട് വ്യവസായം അസംസ്കൃതവസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവുകാരണം പ്രതിസന്ധി നേരിടുകയാണ്. കോഴിക്കോട് മാത്രമല്ല, മലപ്പുറത്തും തൃശ്ശൂരുമെല്ലാം തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുന്നൊരു പ്രധാനമേഖലയായിരുന്നു അത്. പാടശേഖരത്തിൽ നിന്നും മണ്ണെടുക്കാൻ കഴിയാത്ത സ്ഥിതി ഇപ്പോഴുണ്ട്. അപ്പോൾ പാടശേഖരത്തിലെ ഡാറ്റാബാങ്കിനു പുറത്തുള്ള, വർഷങ്ങൾക്കുമുമ്പ് നികത്തിയതും മറ്റാവശ്യങ്ങൾക്ക് പരിവർത്തനപ്പെടുത്തിയതുമായ ഭൂമിയിൽ കളിമണ്ണുശേഖരമുണ്ട് എന്നാണ് ഇപ്പോൾ

ഒരു സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ളത്. കോഴിക്കോടും മലപ്പുറവും തൃശ്ശൂരും സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കളിമണ്ണിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതോടുകൂടി ഈ വ്യവസായമേഖലയുടെ അസംസ്കൃത വസ്തുവായ കളിമണ്ണ് നൽകാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ചെറുകിട വ്യവസായികളെ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് രൂപീകൃതമായ കേരള സിഡ്കോ യു.ഡി.എഫ്.-ന്റെ ഭരണകാലത്തെ കെടുകാര്യസ്ഥതയും അഴിമതിയും കാരണം തകർച്ചയിൽ എത്തുകയുണ്ടായി. ഇപ്പോഴും ആ സ്ഥാപനം സാമ്പത്തികമായി പ്രതിസന്ധിയിലാണെന്നാണ് മനസ്സിലാക്കുന്നത്. ആ സ്ഥാപനത്തെ പരിരക്ഷിക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെകാലത്ത് ഏറെ പ്രയാസങ്ങളും പ്രതിസന്ധികളും നേരിട്ട, അഴിമതിയുടെ ഒരുപാട് വാർത്തകൾ പുറത്തുവന്ന ഒരു സ്ഥാപനമാണ് സിഡ്കോ. അതിൽ ചിലതൊക്കെ വസ്തുതയുമാണ്. ഈ സർക്കാർ വന്നതോടുകൂടി ആ കാര്യങ്ങളൊക്കെ പരിശോധിച്ച് സിഡ്കോയെ മെച്ചപ്പെട്ട സ്ഥിതിയിൽ എത്തിക്കാൻ മാനേജ്മെന്റ് സംവിധാനത്തിൽ മാറ്റമുണ്ടാക്കി. ഇപ്പോൾ അതിന്റെ ബോർഡ് വന്നിട്ടുണ്ട്. സാമ്പത്തിക പ്രയാസങ്ങൾ പരിഹരിക്കാൻ സിഡ്കോയ്ക്ക് പണം കിട്ടാനുണ്ട്, സിഡ്കോ കൊടുക്കാനുമുണ്ട്. അതൊക്കെ പിടിച്ചെടുക്കാനും സിഡ്കോയുടെ വ്യവസായ എസ്റ്റേറ്റുകളിൽ കിടക്കുന്ന സ്ഥലം ഫലപ്രദമായി വിനിയോഗിക്കാനുമുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞിട്ടുണ്ട്. വളരെ വൈകാതെതന്നെ സിഡ്കോയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. എം. രാജഗോപാലൻ: സർ, ഐ.റ്റി. പാർക്കുകളെല്ലാം ഇപ്പോൾ വയബിലല്ലാത്തതുകൊണ്ട് ഗ്രാമീണ മേഖലയിൽ തുടർന്നും നിലനിർത്താൻ കഴിയാത്ത അവസ്ഥയാണ്. ഉദാഹരണത്തിന്, ചീമേനിയിലെ 100 ഏക്കർ സ്ഥലം അതിനുവേണ്ടി നീക്കിവച്ചതാണ്. അതുപോലെതന്നെ കാസർഗോഡ് ജില്ല വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്ന ജില്ലയാണ്. ഈ അടിയന്തര സാഹചര്യം പരിഗണിച്ച് ഇത്തരം കേന്ദ്രങ്ങളിൽ സ്ഥലം ലഭ്യമായിടത്ത് വ്യവസായപാർക്കുകളും പുതിയ വ്യവസായങ്ങളും തുടങ്ങുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സ്ഥലം ലഭ്യമായിടത്ത് അത് ഡെവലപ് ചെയ്ത് ചെറുകിട സംരംഭകർക്കും ഇടത്തരം സംരംഭകർക്കുമാവശ്യമായ സൗകര്യം ചെയ്തുകൊടുക്കുക എന്നുള്ളതുതന്നെയാണ് വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നത്. കാസർഗോഡ് ജില്ലയിൽ ഇത്തരത്തിൽ കിടക്കുന്ന ഭൂമിയുടെ കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ളവർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതിന്റെ പശ്ചാത്തലത്തിൽ ലഭ്യമായ ഭൂമി പരമാവധി പ്രയോജനപ്പെടുത്തി ചെറുകിട സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കും.

<u>ശ്രീ. കെ. ബാബു</u>: സർ, വാളയാർ മുതൽ എറണാകുളം വരെയുള്ള ദേശീയ പാതയുടെ ഭാഗമായതും അതുപോലെതന്നെ പാലക്കാടിന്റെ പൊതുവായ വികസനത്തിന് ഏറെ സാദ്ധ്യതയുള്ളതുമായ വ്യവസായ പാർക്കിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്ന കാര്യം എവിടെ വരെയായി എന്നതാണ് എന്റെ ചോദ്യം?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, പാലക്കാട് ജില്ലയിലെ രണ്ട് സ്ഥലങ്ങളിലായി ഏകദേശം 500 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ നടപടികൾ തുടരുകയാണ്. കിൻഫ്രയാണ് ആ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പട്ടികജാതി പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയുടെ മണ്ഡലംകൂടി ഉൾപ്പെടുന്ന സ്ഥലത്താണ് ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ ഇപ്പോൾ ത്വരിതഗതിയിൽ നടക്കുന്നത്.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, സംസ്ഥാനത്തെ വിവിധ വ്യവസായ പാർക്കുകളിലും സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോപാർക്ക് എന്നിവിടങ്ങളിലും സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, സ്റ്റാർട്ട്അപ്പുകളെ പ്രോത്സാഹിപ്പിക്കുകയെന്നുള്ള നയം കെ.എസ്.ഐ.ഡി.സി. വഴി ഇപ്പോൾ സ്വീകരിച്ചുവരുന്നു. ഐ.റ്റി. സംരംഭങ്ങളിലും അത്തരം സ്റ്റാർട്ട് അപ്പ്-കളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. പ്രത്യേക പ്രദേശങ്ങളിൽ ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് അതിന്റെ സാധ്യതകൾ പരിശോധിച്ച് ആവശ്യമായ എല്ലാ സഹായങ്ങളും ഇപ്പോൾ ചെയ്തുവരുന്നുണ്ട്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, വ്യവസായങ്ങൾ തുടങ്ങണമെങ്കിലും അത് നടത്തിക്കൊണ്ടുപോകണമെങ്കിലും ലൈസൻസ് പുതുക്കൽ ഒരു പ്രധാനപ്പെട്ട കാര്യമാണ്. ലൈസൻസ് റിന്യൂവൽ എന്നുപറഞ്ഞ് പഞ്ചായത്ത്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് തുടങ്ങി നൂറ് ഓഫീസുകളിലെങ്കിലും ഒരു ചെറുകിട വ്യവസായ സംരംഭകൻ ഓരോ വർഷവും കറങ്ങിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ എല്ലാ വർഷവും ലൈസൻസ് പുതുക്കിക്കൊടുക്കുന്ന രീതിയിലേയ്ക്ക് മാറുകയാണ്. ഒരിക്കൽ പുതുക്കിയാൽ അഞ്ച് വർഷമെങ്കിലും ലൈസൻസിന്റെ കാലാവധി നീട്ടിക്കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ; Ease of doing-ന്റെ ഭാഗമായി അത് ചെയ്യുമെന്നും അതുപോലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ പദ്ധതിയിൽപ്പെടുത്തുമെന്നും വ്യവസായ വകുപ്പുമന്ത്രി പറഞ്ഞിരുന്നു. അത് നടപ്പാക്കാനുള്ള നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ എന്നാണ് അറിയേണ്ടത്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഞാൻ നേരത്തെ പറഞ്ഞ മറുപടിയിൽ അതിനെ കുറിച്ച് സൂചിപ്പിച്ചതാണ്. വ്യവസായ സംരംഭങ്ങൾ നടത്തിക്കൊണ്ടുപോകാനുള്ള ബുദ്ധിമുട്ടും Ease of doing-ന്റെ പരിഗണനയിലും ബന്ധപ്പെടുത്തിയാണ് Kerala Investment Promotion and Facilitation Act നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. അതിലൊരു ഭാഗമാണ് ലൈസൻസ് പുതുക്കൽ. ഓരോ വർഷവും പുതുക്കാതെ അഞ്ച് വർഷക്കാലാവധി നൽകാനും അതുപോലെതന്നെ സംരംഭകരെ സഹായിക്കാനായി നിശ്ചിത സമയത്തിനകം ലൈസൻസ് നൽകാനുമുള്ള നടപടികൾ ഈ ആക്ടിന്റെ ഭാഗമായി തുടങ്ങിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിട്ട 332, 333 എന്നീ നമ്പർ ചോദ്യങ്ങളുടെ ചോദ്യകർത്താക്കൾ ചോദ്യം ചോദിക്കാതെ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ പ്രസ്തുത ചോദ്യങ്ങൾ സഭയിൽ എടുത്തില്ല. തുടർന്ന് ബഹുമാനപ്പെട്ട സ്പീക്കർ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

## നദീതട ടൂറിസം പദ്ധതി

2 (*334) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. എൽദോ എബ്രഹാം: താഴെകാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യാന്തര യാത്രാ പ്രസിദ്ധീകരണമായ ലോൺലി പ്ലാനറ്റിൽ, ഏഷ്യയിൽ കണ്ടിരിക്കേണ്ട പത്ത് സ്ഥലങ്ങളിലൊന്നായി ഉൾപ്പെടുത്തിയ വടക്കൻ കേരളത്തിന്റെ മനോഹാരിതയും പ്രത്യേകതകളും പ്രചരിപ്പിക്കുന്നതിന് പുത്തൻ പദ്ധതികൾ നടപ്പിലാക്കുന്നത് ആലോചിക്കുമോ ;

(ബി) ഏതൊക്കെ മേഖലകളിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വടക്കൻ കേരളത്തിലെ ജലാശയങ്ങളും അവിടുത്തെ കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിന് നദീതട ടൂറിസം പദ്ധതി നടപ്പിലാക്കുമോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) അമേരിക്കൻ ട്രാവൽ ഗൈഡായ ലോൺലി പ്ലാനറ്റ് ഏഷ്യയിൽ നിശ്ചയമായും കണ്ടിരിക്കേണ്ട 10 സ്ഥലങ്ങളിൽ മൂന്നാമത്തെ സ്ഥലമായി തെരഞ്ഞെടുത്തത് മലബാറിനെയാണ്. സിംഗപ്പൂരിനെയും മലേഷ്യയെയും പിന്തള്ളിയാണ് മലബാറിന് ഈ നേട്ടം കൈവരിക്കാനായത്. മലബാറിന്റെ അനന്തമായ ടൂറിസംസാധ്യതകൾ

മുൻകൂട്ടി കണ്ടുകൊണ്ടും കണ്ണൂർ വിമാനത്താവളം പ്രവർത്തനമാരംഭിക്കുമ്പോൾ ഉണ്ടാകാവുന്ന വൻ ടൂറിസ്റ്റ് വരവിനെ ഉപയോഗപ്പെടുത്താൻ ലക്ഷ്യമിട്ടുകൊണ്ടുമുള്ള പദ്ധതികളുമായാണ് ഈ സർക്കാർ തുടക്കം മുതൽതന്നെ മുന്നോട്ടുപോകുന്നത്. ഇതിനകംതന്നെ മലബാറിൽ 150 കോടി രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും പദ്ധതികളുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. മലബാറിന്റെ പ്രകൃതിഭംഗിയും നാടൻകലകളും ജീവിതരീതിയും ഭക്ഷണരീതിയും ആയോധനകലകളും എല്ലാം സമന്വയിപ്പിച്ചുകൊണ്ടുള്ള തീമാറ്റിക് സർക്യൂട്ടായ മലബാർ-മലനാട്-നദീതട-ക്രൂയിസം-സർക്യൂട്ട് പദ്ധതിക്കായി 320 കോടി രൂപയുടെ പദ്ധതി തയ്യാറാക്കുകയും കേന്ദ്ര സഹായത്തിനായി സമർപ്പിക്കുകയും ചെയ്തു. ഈ പദ്ധതിയുടെ ഘടകങ്ങളിൽ ചിലതിന് ഇതിനകംതന്നെ സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിരിക്കുകയാണ്. കേന്ദ്രസഹായം ലഭിക്കുന്നതിന് കാത്തിരിക്കാതെ പരമാവധി തുക സംസ്ഥാന സർക്കാർ ഇതിനായി ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്. കേരളത്തിലെ വിദേശ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ അടുത്ത നാലുവർഷം ലക്ഷ്യമിടുന്ന വർദ്ധനവും തൊഴിലവസരങ്ങളും യാഥാർത്ഥ്യമാകണമെങ്കിൽ മലബാറിന്റെ ടൂറിസംസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

(ബി) വടക്കൻ കേരളത്തിലെ വിനോദസഞ്ചാര വികസനത്തിന് പ്രത്യേക ഊന്നൽനൽകിക്കൊണ്ടുള്ള ടൂറിസം മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിവരുന്നുണ്ട്. വടക്കൻ കേരളത്തിലെ ടൂറിസം വിപണനം ലക്ഷ്യമിട്ട് ഇതര സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലും റോഡ് ഷോകളും സംഘടിപ്പിക്കുന്നു. ടൂറിസം ട്രേഡ് ഫെയറുകളിലും വടക്കൻ കേരള വിനോദസഞ്ചാരം ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് പങ്കെടുത്തുവരുന്നു.

(സി) വടക്കൻ കേരളത്തിലെ ജലാശയങ്ങളും അവിടുത്തെ കലാരൂപങ്ങളും, പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതട ടൂറിസം പദ്ധതി പരിഗണനയിലുണ്ട്. കണ്ണൂർ ജില്ലയിൽക്കൂടി ഒഴുകുന്ന വളപട്ടണം, കുപ്പം, പെരുമ്പ, അഞ്ചരക്കണ്ടി, മാഹി, തലശ്ശേരി പുഴകളും കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കാര്യംകോട്, വലിയ ചന്ദ്രഗിരിപ്പുഴ മുതലായ ജലാശയങ്ങളും തീരപ്രദേശങ്ങളും സമീപപ്രദേശങ്ങളുടെയും പ്രാധാന്യവും ചരിത്രപരമായ വസ്തുതകളും പ്രസ്തുത ഗ്രാമങ്ങളിലെ തനതുകലാരൂപങ്ങളും ഉൾപ്പെടുത്തിയാണ് ഈ പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ ഭാഗമായി കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും, കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് മലനാട്-മലബാർ-ക്രൂയിസ്-ടൂറിസം-പ്രോജക്ട് എന്ന ഒരു പദ്ധതി പ്രൊപ്പോസൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇന്നലെ അതിന്റെ പ്രാഥമിക ചർച്ചയ്ക്കായി ഡയറക്ടർ പോയിരുന്നു. ആ ചർച്ചയിൽ പദ്ധതി അംഗീകരിക്കാൻ തയ്യാറായതായാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. 320 കോടി രൂപ നൽകാൻ സാധിക്കില്ലായെന്നുള്ള കാര്യം അവർ അറിയിച്ചിട്ടുണ്ട്.

100 കോടി രൂപയുടെ പദ്ധതി എന്നുള്ള നിലയിൽ അത് പരിമിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. നമ്മൾ 320 കോടി രൂപയുടെ പദ്ധതിയുമായിത്തന്നെ മുന്നോട്ടുപോകും. 100 കോടി രൂപ കേന്ദ്രസഹായത്തോടുകൂടിയും ബാക്കി സംസ്ഥാന ഗവൺമെന്റും ചെലവഴിച്ച് ആ പദ്ധതി ആ അർത്ഥത്തിൽത്തന്നെ വിജയിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീമതി ഗീതാ ഗോപി: സർ, വടക്കൻ കേരളത്തിന്റെ നദീതട ടൂറിസം പദ്ധതി സമഗ്രമായി ലക്ഷ്യമിടുന്നുവെന്ന് അദ്ദേഹത്തിന്റെ പ്രസ്താവനയിൽനിന്ന് വ്യക്തമായി. നദീതട ടൂറിസത്തിന് പ്രാധാന്യം കൊടുക്കുന്നതോടൊപ്പംതന്നെ കേരളത്തിലെ കായലോര ടൂറിസത്തിന് എത്രുകണ്ട് പ്രാധാന്യം നൽകാൻ ലക്ഷ്യമിടുന്നുവെന്നും എന്തൊക്കെ പദ്ധതികളാണ് കായലോര ടൂറിസത്തിന് നൽകുന്നതെന്നും വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, നമ്മുടെ സംസ്ഥാനത്ത് മിക്കവാറുമുള്ള എല്ലാ ടൂറിസം ഡെസ്റ്റിനേഷനുകളും കായലോരങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ആലപ്പുഴയിലെ പ്രധാനപ്പെട്ട ടൂറിസം പ്രവർത്തനങ്ങളുടെ കേന്ദ്രബിന്ദു കായൽ തന്നെയാണ്. ഏതാണ്ട് എല്ലാ ഡെസ്റ്റിനേഷനുകളിലും കായലുകളുടെ സാമീപ്യം കാണാൻ സാധിക്കും. കായലോര ടൂറിസത്തിന് നല്ല പ്രാധാന്യം കൊടുത്തുകൊണ്ടുള്ള സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

ശ്രീ. എൽദോ എബ്രഹാം: സർ, രാജ്യാന്തര പ്രസിദ്ധീകരണമായ ലോൺലി പ്ലാനറ്റിന്റെ കണ്ടെത്തൽ ഏഷ്യയിലെതന്നെ കണ്ടിരിക്കേണ്ട 10 സ്ഥലങ്ങളിൽ മൂന്നാം സ്ഥാനം വടക്കൻ കേരളത്തിനാണ്. മലയാളികൾക്ക് അഭിമാനമായ കാര്യമാണ്. ഇത്തരം കണ്ടെത്തലുകൾ കേരളത്തിലെ ടൂറിസം മേഖലയ്ക്ക് നൽകുന്ന പ്രാധാന്യം തന്നെയാണ് കാണിക്കുന്നത്. ടൂറിസം മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം മാലിന്യങ്ങൾകൊണ്ട് ആ മേഖല മൂടപ്പെടുകയാണ് എന്നതാണ്. മാലിന്യനിർമ്മാർജ്ജനത്തിനും സംസ്കരണത്തിനുംവേണ്ടി ടൂറിസം ഡിപ്പാർട്ട്മെന്റ് തയ്യാറാക്കിയിട്ടുള്ള കർമ്മ പദ്ധതി എന്തായി എന്ന് വിശദീകരിക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇപ്പോൾ സംസ്ഥാനം നേരിടുന്ന പൊതുവായ പ്രശ്നംതന്നെയാണ് മാലിന്യവും മാലിന്യ സംസ്കരണവും. നമ്മുടെ സംസ്ഥാനത്ത് എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളെയും മാലിന്യരഹിതമാക്കാനും ശുചിത്വത്തോടെ മുന്നോട്ടു പോകാനും സഹായകരമായ വിപുലമായ സമഗ്ര പദ്ധതി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിക്കുകയാണ്. 'ഗ്രീൻ കാർപെറ്റ്' എന്ന നൂതന പദ്ധതിയാണ് അതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട 84 ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ളം, നടപ്പാതകൾ, ടോയ്‌ലെറ്റ് സൗകര്യം, വഴിവിളക്കുകൾ തുടങ്ങിയ അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങളാണ് 'ഗ്രീൻ

കാർപെറ്റ് എന്ന നൂതന പദ്ധതിയുടെ ഭാഗമായി ഗവൺമെന്റ് നടപ്പിലാക്കുന്നത്. ടൂറിസം സംഘടനകൾ, ടൂറിസം വ്യവസായികൾ, തദ്ദേശഭരണകൂടം, ശുചിത്വ മിഷൻ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കുടുംബശ്രീ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥികൾക്കായുള്ള എൻ.എസ്.എസ്, തദ്ദേശവാസികൾ തുടങ്ങി ടൂറിസം കേന്ദ്രവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ട് ബഹുജന പങ്കാളിത്വത്തോടുകൂടിയ പ്രവർത്തനമാണ് 'ഗ്രീൻ കാർപെറ്റ്' വിഭാവന ചെയ്യുന്നത്. ടി പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് തെരഞ്ഞെടുത്ത ടൂറിസം കേന്ദ്രങ്ങളിലും മികച്ച പരിശീലനം ലഭിച്ച ഡെസ്റ്റിനേഷൻ മാനേജർമാരുടെ സേവനം ഗവൺമെന്റ് ഉറപ്പാക്കുകയാണ്. കാര്യക്ഷമമായ ഏകോപനത്തിലൂടെ ഓരോ കേന്ദ്രങ്ങളിലുമുള്ള പ്രശ്നങ്ങളും പോരായ്മകളും യഥാസമയം വിലയിരുത്തി സത്വരനടപടികൾ കൈക്കൊള്ളാൻ ഇവരെ സന്നദ്ധരാക്കുന്നു. ഈ പദ്ധതിയുടെ ഏകോപനത്തിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും മേഖലാതലത്തിലും നിരീക്ഷണ സമിതികളും രൂപീകരിച്ചു വരികയാണ്. ഇത്തരം സമിതികൾ ഓരോ സെന്ററുകളുടെയും കാര്യത്തിൽ യഥാസമയം പരിശോധന നടത്തി വേണ്ട നടപടികൾ സമയബന്ധിതമായി സ്വീകരിച്ച് വിനോദസഞ്ചാര മേഖലയെ ഫലപ്രദമായി നിലനിർത്തണമെന്നാണ് ഗവൺമെന്റ് കാണുന്നത്. ശുചിത്വം വളരെ പ്രധാനമാണ്. അതിന് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ തന്നെയാണ് സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, വടക്കൻ കേരളത്തിൽ മാത്രമല്ലാതെ കേരളത്തിലെ മുഴുവൻ നദികളുടെയും വശങ്ങൾ ഇടിയുന്നത് ഒഴിവാക്കുന്നതിന് നദികളുടെ വശങ്ങൾ സംരക്ഷിച്ചുകൊണ്ട് റെസ്പോൺസിബിൾ ടൂറിസം ഉൾപ്പെടെ നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; കൊല്ലം ജില്ലയിലെ കല്ലടയാറിന്റെ ഇരുവശങ്ങളും ഇടിഞ്ഞുപോകുന്നതും കയ്യേറ്റത്താൽ നഷ്ടപ്പെട്ടുപോകുന്നതുമായ സ്ഥിതിയുണ്ട്. കൊട്ടാരക്കര മണ്ഡലത്തിലുൾപ്പെടുന്ന നാല് പഞ്ചായത്തുകളിൽ എം.സി. റോഡിന് പാരലലായി പോകുന്ന വലിയ പുലമൺ തോടിന്റെ വശം മുഴുവൻ കയ്യേറ്റം കാരണം അന്യാധീനപ്പെട്ടുപോകുന്നുണ്ട്. കേരളത്തിലുള്ള ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നല്ല രീതിയിലുള്ള ടൂറിസം കേന്ദ്രങ്ങളാക്കി മാറ്റാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, നമ്മുടെ സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിലെ കയ്യേറ്റങ്ങൾ അവസാനിപ്പിക്കാനും കായലോരങ്ങൾ സംരക്ഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിക്കും. സംസ്ഥാനത്തിന്റെ പല ഭാഗത്തും നടക്കുന്ന കായൽ കയ്യേറ്റങ്ങളും നദീതട കയ്യേറ്റങ്ങളും തടയുന്നതിന് ടൂറിസം ഡിപ്പാർട്ട്മെന്റിന് നടപടി സ്വീകരിക്കുന്നതിന് ബുദ്ധിമുട്ടായിരിക്കും. ബഹുമാനപ്പെട്ട അംഗം ഇവിടെ ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിനെക്കുറിച്ച് സൂചിപ്പിച്ചു.

അത്തരം ഉത്തരവാദിത്ത ടൂറിസം നടപ്പാക്കുന്നതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. നേരത്തെ ഏഴ് കേന്ദ്രങ്ങളിലുണ്ടായിരുന്നത് നമ്മുടെ സംസ്ഥാനത്തെ എല്ലാ കേന്ദ്രങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഒരു മിഷൻതന്നെ ഗവൺമെന്റ് ഇതിലേക്കായി രൂപീകരിച്ചുകഴിഞ്ഞു. അതിന്റെ സംസ്ഥാനതല ഉദ്ഘാടനം വളരെ പെട്ടെന്നുതന്നെ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്താകമാനം ഉത്തരവാദിത്ത ടൂറിസത്തിന്റെ പ്രവർത്തനങ്ങൾ വരുന്നതോടുകൂടി കയ്യേറ്റമടക്കമുള്ളവയിൽനിന്ന് പിന്മാറുന്ന തരത്തിൽ ബഹുജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ കഴിയുമെന്നാണ് കരുതുന്നത്. ടൂറിസം മേഖലയിൽ ഇത്തരം കയ്യേറ്റങ്ങൾ അനുവദിക്കാതിരിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റ് കൈക്കൊള്ളുന്നതാണ്.

ഡോ. എൻ. ജയരാജ്: സർ, വടക്കൻ കേരളത്തെപ്പോലെതന്നെ വളരെയേറെ ചരിത്രപ്രാധാന്യമുള്ളതും പമ്പാനദിയും അച്ചൻകോവിലാറും മണിമലയാറുമൊക്കെയുള്ള മനോഹരമായ പ്രദേശമാണ് മധ്യതിരുവിതാംകൂർ. പടയണി, മധ്യതിരുവിതാംകൂറിലെ ഒരു സാംസ്കാരിക കലാരൂപമാണ്. ആറന്മുളയുൾപ്പെടുന്ന പ്രദേശത്തെ വള്ളപ്പാട്ടുകളും വള്ളസദ്യകളും ലോകത്തിനുതന്നെ അപൂർവമായ കാഴ്ചയായി മാറുന്നുണ്ട്. പമ്പയുടെ തീരത്താണ് ശബരിമല. അതുപോലെ തന്നെയാണ് ലക്ഷക്കണക്കിനാളുകൾ പങ്കെടുക്കുന്ന മതമൈത്രിയുടെ സംഗമഭൂമിയായ മാരാമൺ കൺവെൻഷൻ നടക്കുന്നത്. വടക്കൻ കേരളത്തിന്റെ സാംസ്കാരിക സമന്വയം നടത്തുന്നതുപോലെ മധ്യതിരുവിതാംകൂറിന്റെ സാംസ്കാരികതയെ ലോകത്തിന് പരിചയപ്പെടുത്താൻ കഴിയുന്നതരത്തിൽ സമഗ്രമായ ഒരു പദ്ധതി നടപ്പാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മധ്യതിരുവിതാംകൂറിലും തെക്കൻ കേരളത്തിലുമൊക്കെയുള്ള ടൂറിസം പദ്ധതികൾക്ക് അതീവ പ്രാധാന്യം തന്നെയാണ് ഗവൺമെന്റ് നൽകുന്നത്. പത്തനംതിട്ട ജില്ലയിൽ ഗവി-വാഗമൺ-തേക്കടി വികസനം മധ്യതിരുവിതാംകൂറിലെ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ്. 99.22 കോടി രൂപയാണ് ആ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭ്യമാക്കിയിട്ടുള്ളത്. ആ പദ്ധതി അവസാനഘട്ടത്തിലാണ്. അതുപോലെതന്നെ ശബരിമല വികസനം ലക്ഷ്യമിട്ടു കൊണ്ട് എരുമേലി-പമ്പ-സന്നിധാനം എന്നിവ സ്പിരിച്വൽ ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനങ്ങളും നടന്നുവരികയാണ്. അതും ഏകദേശം 100 കോടി രൂപയുടെ വിപുലമായ പദ്ധതിയാണ്. കോട്ടയം ജില്ലയിലെ കിഴക്കൻ മേഖലയിലുള്ള വിനോദ സഞ്ചാര പ്രാധാന്യമുള്ള വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് നടപ്പാക്കുന്ന 'ഗ്രീൻ ടൂറിസം സർക്യൂട്ട്, കോട്ടയം' എന്ന പദ്ധതി ഇടയ്ക്കുവച്ച് നിർത്തലായിപ്പോയെങ്കിലും ആ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനും മുന്നോട്ട് കൊണ്ടു പോകുന്നതിനും ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും. മധ്യതിരുവിതാംകൂറിന്റെ വിനോദ സഞ്ചാരസാധ്യതകൾ, പാരമ്പര്യം, പരമ്പരാഗത കലാരൂപങ്ങൾ, വഞ്ചിപ്പാട്ട് എന്നിവയെ നമ്മുടെ സംസ്ഥാനത്തെ ടൂറിസം വികസനത്തിനുവേണ്ടി പ്രയോജനപ്പെടുത്തണമെന്നുതന്നെയാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന നിരവധിയായ പദ്ധതികൾ സംസ്ഥാനത്തിനുമാത്രമല്ല നമ്മുടെ രാജ്യത്തിനുതന്നെ മാതൃകാപരമാണ്. ഉത്തരവാദിത്ത ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കിഫ്ബിയിലായാലും ബജറ്റിലായാലും വകകൊള്ളിച്ചിട്ടുള്ള പദ്ധതികളുമായി ബന്ധപ്പെട്ട എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ഏറെ കാലതാമസമുണ്ടാകുന്നുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഏതെങ്കിലും നോഡൽ ഏജൻസിയെ തീരുമാനിച്ചിട്ടുണ്ടോ, ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വളരെ വേഗത്തിലാക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഏതാനും പദ്ധതികൾ കിഫ്ബിയുടെ പരിഗണനയിലാണ്. എട്ട് പദ്ധതികൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കോഴിക്കോട് എസ്.ഐ.എച്ച്.എം. ക്യാമ്പസിൽ ഒരു ത്രീ സ്റ്റാർ കെ.റ്റി.ഡി.സി. ഹോട്ടൽ നിർമ്മാണം, മുഴപ്പിലങ്ങാട്-ൽ ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം, ആലപ്പുഴ ചെത്തി ബീച്ച് വികസനം, കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി, വടകര മേഖലകൾ ഉൾപ്പെടുത്തി ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം, പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാം വികസനം, കൊല്ലം ജില്ലയിലെ തെന്മല ഡാം പരിസര വിനോദസഞ്ചാര വികസനം, തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാം പരിസര വിനോദസഞ്ചാര വികസനം, മുഴപ്പിലങ്ങാട്, ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ്‌വേയുടെ നിർമ്മാണം ഇതെല്ലാംതന്നെ കിഫ്ബിയുടെ പരിഗണനയിലുള്ള പ്രോജക്ടുകളാണ്. അവയെല്ലാം പൂർണ്ണരൂപത്തിൽ ഡി.പി.ആർ. തയ്യാറാക്കിയാണ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുള്ളത്. അന്തിമ അനുമതിയായിട്ടില്ല. മുഴപ്പിലങ്ങാട്-ൽ ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണത്തിനുള്ള അനുമതി ലഭ്യമായിട്ടുണ്ട്. അതനുസരിച്ച് പ്രവർത്തനങ്ങൾ പുരോഗമിക്കും. പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ സാധിക്കുന്നിടത്തെല്ലാംതന്നെ പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കും.

ശ്രീ. എം. നൗഷാദ്: സർ, പ്രസിഡന്റ്സ് ട്രോഫി വള്ളംകളിയുൾപ്പെടെ നടക്കുന്ന കൊല്ലത്തെ അഷ്ടമുടിക്കായൽ ഇന്ന് മാലിന്യങ്ങളാൽ മലിനമായിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിന് ജലവിഭവ വകുപ്പും ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മയുൾപ്പെടെയുള്ളവരും നിരവധി പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അഷ്ടമുടിക്കായലിനെ മാലിന്യത്തിൽനിന്നും മുക്തമാക്കുന്നതിന് ടൂറിസം വകുപ്പ് ജലവിഭവ വകുപ്പിനെയും മറ്റും ഏകോപിപ്പിച്ചുകൊണ്ടുള്ള ഏതെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ ഇതിനാവശ്യമായ പദ്ധതി തയ്യാറാക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ:</u> സർ, അഷ്ടമുടിക്കായലിന്റെ മലിനീകരണം പ്രധാന പ്രശ്നം തന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ശ്രീമതി മേഴ്സിക്കുട്ടി അമ്മയുടെ നിർദ്ദേശാനുസരണം ടൂറിസം വകുപ്പുതന്നെ മുൻകയ്യെടുത്തുകൊണ്ട് മിനിസ്റ്ററുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ യോഗം വിളിച്ചിരുന്നു. ആ യോഗത്തിന്റെ തീരുമാനങ്ങൾ എത്രമാത്രം നടപ്പിലാക്കിയെന്നുള്ളതിനെക്കുറിച്ച് പരിശോധിക്കാൻ വീണ്ടും യോഗം വിളിക്കും. അഷ്ടമുടിക്കായൽ ഒരു പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനാക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഭാരതപ്പുഴയുടെ കേരളാതിർത്തിയിൽ മൂലത്തറ ഡാം ഉണ്ട്. അവിടെ പത്തേക്കർ സ്ഥലം ഇറിഗേഷൻ വകുപ്പിനുണ്ട്. ആ വകുപ്പുമായി ആലോചിച്ച് മനോഹരമായൊരു ടൂറിസം കേന്ദ്രം അവിടെ നിർമ്മിക്കുന്നതിനുള്ള സാധ്യതയുണ്ട്. അതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, അക്കാര്യം ആലോചിക്കാവുന്നതാണ്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : സർ, 2016-17-ലെ ബജറ്റിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വയനാട് എയർ സ്ട്രിപ്പിനെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. അതുസംബന്ധിച്ച് വ്യക്തമാക്കുമോ; അതുപോലെതന്നെ വയനാട്ടിലെ ആദിവാസികളുടെ തനത് കലാരൂപങ്ങളായ ഗദ്ദിക, വെളിച്ചപ്പാട് തുടങ്ങിയവ ടൂറിസം വികസനത്തിനായി ഉപയോഗിക്കാൻ പരിശ്രമിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, എയർ സ്ട്രിപ്പിന് കേന്ദ്ര ഗവൺമെന്റിൽ നിന്നുള്ള അനുമതിയാണ് ആദ്യം വേണ്ടത്. ഇത്തരം അനുമതിയുമായി വന്നുചേരുന്ന സംരംഭകർക്ക് അതിനാവശ്യമായ സംവിധാനമുണ്ടാക്കിക്കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകും. പരമ്പരാഗത കലാരൂപങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം വയനാട്ടിലെ ടൂറിസം വികസനസാധ്യതകൾക്ക് പ്രയോജനപ്പെടുത്താൻവേണ്ടി ശ്രമിക്കും. ഗവൺമെന്റിനുമുന്നിലുള്ള ഉത്തരവാദിത്ത ടൂറിസത്തിൽ വയനാടിന്റെ തനത്കലാരൂപങ്ങളുടെ വികസനം പ്രധാനപ്പെട്ട പദ്ധതി തന്നെയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ടൂറിസത്തിൽ കടലോരങ്ങൾ വളരെ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. പക്ഷെ സാധ്യതകൾക്കനുസരിച്ച് അവ ടൂറിസം പദ്ധതിയിലുൾപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ ലോകശ്രദ്ധ ആകർഷിക്കാനുള്ള എന്തെല്ലാം പരിപാടികളാണ് ഗവൺമെന്റ് നടപ്പാക്കുന്നത്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ഞാൻ നേരത്തെ ചെത്തി ബീച്ചിന്റെ കാര്യം പറഞ്ഞു. സംസ്ഥാനത്തെ എല്ലാ ബീച്ചുകളെയും സംരക്ഷിക്കുകയെന്നതും വികസിപ്പിക്കുകയെന്നതും ഗവൺമെന്റ് സമീപനമാണ്. തിരുവനന്തപുരത്തെ ശംഖുംമുഖം, കോവളം ബീച്ചുകൾ ഉൾപ്പെടെയുള്ള സംസ്ഥാനത്തെ എല്ലാ ഭാഗങ്ങളിലെയും ബീച്ച് വികസനം ടൂറിസത്തിന്റെ പ്രധാനപ്പെട്ട പദ്ധതികളിലൊന്ന് തന്നെയാണ്. അത് വളരെ ശക്തവും സമ്പുഷ്ടവുമാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കും.

## വിനോദസഞ്ചാര പദ്ധതികൾ

3(*335) ശ്രീ. ഒ. ആർ. കേളു:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ഡി. കെ. മുരളി:
ശ്രീമതി വീണാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിനോദസഞ്ചാര പദ്ധതികൾ ഏതെല്ലാമാണ്; ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സഹായം തേടിയിരുന്നു; അനുമതി ലഭിച്ച പദ്ധതികളും അവയ്ക്കായി അനുവദിച്ച തുകയും അറിയിക്കാമോ;

(ബി) വൻകിട ടൂറിസം പദ്ധതിയായ ജഡായുപാറ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(സി) ജഡായുപാറ ടൂറിസം പദ്ധതിയുമായി ബന്ധപ്പെടുത്തി ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ പദ്ധതിയുടെ അനുബന്ധമായി സജ്ജീകരിച്ചിട്ടുള്ള സാഹസിക ടൂറിസം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആവിഷ്കരിച്ചിട്ടുള്ള വിനോദസഞ്ചാര പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള വിനോദസഞ്ചാര പദ്ധതികളിൽ കേന്ദ്ര സഹായം തേടിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

| നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി നേച്ചർ ടൂറിസം സർക്യൂട്ടായ അതിരപ്പിള്ളി-മലയാറ്റൂർ-കാലടി-കോടനാട് വികസനം. | 98,93,85,774 (തൊണ്ണൂറ്റിയെട്ട് കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷത്തി എൺപത്തയ്യായിരത്തി എഴുന്നൂറ്റി എഴുപത്തിനാല് രൂപ) |
| 2 | സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്. | 325,00,00,000 (മുന്നൂറ്റി ഇരുപത്തിയഞ്ച് കോടി രൂപ) |
| 3 | സ്വദേശ് ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്തി ശ്രീനാരായണഗുരു പിൽഗ്രിം സർക്യൂട്ട് (ശിവഗിരി-ചെമ്പഴന്തി-ഗുരുകുലം-കുന്നുപാറ-അരുവിപ്പുറം) | 100,00,00,000 (നൂറു കോടി രൂപ) |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മേൽസൂചിപ്പിച്ച പദ്ധതി പ്രൊപ്പോസലുകൾ അനുമതിക്കായി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. നിലവിൽ ഈ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടില്ല. എന്നാൽ സ്വദേശ് ദർശൻ പദ്ധതിയിലുൾപ്പെടുത്തി മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ടിന് പൊതുവെ കേന്ദ്ര ഗവൺമെന്റ് സമ്മതിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന വിനോദസഞ്ചാര വകുപ്പും ഗുരുചന്ദ്രികാ ബിൽഡേഴ്സ് & പ്രോപ്പർട്ടി പ്രൈവറ്റ് ലിമിറ്റഡും ചേർന്നുള്ള ഒരു സംയുക്ത സംരംഭമാണ് ജഡായുപാറ ടൂറിസം പദ്ധതി. ഇതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. 2017 ഡിസംബർ മാസത്തോടെ പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(സി) ഈ പദ്ധതിയുടെ മുഖ്യപ്രായോജകരായ ഗുരുചന്ദ്രികാ ബിൽഡേഴ്സ് & പ്രോപ്പർട്ടി പ്രൈവറ്റ് ലിമിറ്റഡും ബാംഗ്ലൂർ ആസ്ഥാനമായുള്ള ചിപ്സൺ ഏവിയേഷൻ കമ്പനിയുമായി സംയുക്തമായി ഹെലികോപ്റ്റർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള തുടർപ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഈ പദ്ധതിയുടെ അനുബന്ധമായി സജ്ജീകരിച്ചിട്ടുള്ള സാഹസിക ടൂറിസം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി ട്രയൽ റൺ നടന്നുവരികയാണ്. ഇരുപതോളം സാഹസിക ഇനങ്ങളാണ് ഇതിന്റെ ഭാഗമായി പ്രാരംഭഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

<u>ശ്രീ. ഒ. ആർ. കേളു</u>: സർ, വയനാടിനെ സംബന്ധിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്. കാലാവസ്ഥാ വ്യതിയാനവും വന്യമൃഗ ശല്യവുംമൂലം വയനാട് ജില്ലയിലെ ജനങ്ങൾ വലിയ സാമ്പത്തികപ്രയാസമാണ് അനുഭവിച്ചുകൊണ്ടിരിക്കുന്നത്, ജീവിക്കാൻ യാതൊരു വഴിയുമില്ലാതെ അവർ വളരെ കഷ്ടപ്പെടുകയാണ്. ഈയവസരത്തിൽ സാമ്പത്തിക വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി; വയനാട് ജില്ലയ്ക്ക് പ്രത്യേകം മുൻഗണന കൊടുത്തുകൊണ്ടുള്ള ടൂറിസം പദ്ധതികൾ നടപ്പിലാക്കാനുള്ള തീരുമാന മെന്തെങ്കിലും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, സംസ്ഥാനത്തിന്റെ പൊതുവായിട്ടുള്ള ടൂറിസം വികസനം തന്നെയാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ഇന്നത്തെ സാമൂഹിക സാഹചര്യത്തിൽ ധാരാളം തൊഴിലസരങ്ങൾ ലഭ്യമാക്കാനും സാമ്പത്തിക വരുമാനം ശക്തിപ്പെടുത്താനും ടൂറിസം മേഖലയെ ശക്തിപ്പെടുത്തുക എന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ സമീപനം. അങ്ങനെ പരിശോധിക്കുമ്പോൾ വയനാട് ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനായി മാറുകയാണ്. വയനാടിനുവേണ്ടി കഴിഞ്ഞ കാലങ്ങളിൽ വലിയ അടിസ്ഥാന സൗകര്യങ്ങളൊന്നും ഏർപ്പെടുത്തിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽപ്പോലും വയനാട് കാണുന്നതിനും അവിടത്തെ പരമ്പരാഗതമായ രീതികൾ കണ്ടുമനസ്സിലാക്കുന്നതിനും പ്രകൃതിഭംഗി ആസ്വദിക്കുന്നതിനുമൊക്കെയായി

ധാരാളം ടൂറിസ്റ്റുകൾ എത്തിച്ചേരുന്നുണ്ട്. നിശ്ചയമായും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ വയനാടിന്റെ ടൂറിസം സാധ്യതകളെ വിപുലമായി പ്രയോജനപ്പെടുത്താൻ നമുക്ക് സാധിക്കും. വയനാടിന്റെ സാമ്പത്തിക സാഹചര്യം മെച്ചപ്പെടുത്താനായി ഈ വ്യവസായത്തെ എങ്ങനെ ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നുള്ള കാര്യം ഗവൺമെന്റ് ഗൗരവത്തോടുകൂടിത്തന്നെ ആലോചിക്കും.

ശ്രീ. ഒ. ആർ. കേളു: സർ, വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനു വേണ്ടി ടൂറിസം വകുപ്പ് എന്തെങ്കിലും പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനായി വിദേശ രാജ്യങ്ങളിൽ വിവിധ ഫെയറുകളും മറ്റ് വിവിധ പരിപാടികളുമൊക്കെ സംഘടിപ്പിക്കാൻ സംസ്ഥാന ടൂറിസം വകുപ്പ് തയ്യാറാകുന്നുണ്ട്. ലോകത്തിന്റെ പല ഭാഗങ്ങളിലും നടക്കുന്ന ടൂറിസം മേളകളിൽ കേരളത്തിന്റെ പ്രോഡക്ട്സ് പ്രദർശിപ്പിക്കാനാവശ്യമായ സമീപനം സ്വീകരിക്കുന്നുണ്ട്. കൂടാതെ നമ്മുടെ മാർക്കറ്റിംഗ് വിഭാഗത്തെ ഗവൺമെന്റ് ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇപ്രാവശ്യം നമുക്ക് അലോട്ട് ചെയ്ത തുകയിൽ 75 കോടി രൂപയാണ് മാർക്കറ്റിംഗിനുവേണ്ടി നീക്കിവയ്ക്കുന്നത്. അത് വളരെ ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ വരുംവർഷങ്ങളിൽ ഇരട്ടിയിലധികം വിദേശടൂറിസ്റ്റുകളെ കേരളത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. റ്റി. വി. രാജേഷ്: സർ, കേരളത്തിന്റെ ടൂറിസം രംഗത്ത് വൻകുതിപ്പിന് വഴിയൊരുക്കുന്ന വലിയ പദ്ധതികൾ ആവിഷ്കരിക്കാനും അത് കേന്ദ്ര സർക്കാരിന് യഥാസമയം സമർപ്പിച്ച് നേടിയെടുക്കുന്നതിലും ടൂറിസം വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടക്കുന്ന ശ്രമങ്ങളെ അഭിനന്ദിക്കുകയാണ്. കേരളത്തിന്റെ ടൂറിസം സാധ്യതകളെ ശരിയായവിധം പ്രയോജനപ്പെടുത്താൻ ആദ്യമായി മുൻകയ്യെടുത്ത ഒരു സർക്കാരാണിത്. കേരളത്തിൽ അഡ്വഞ്ചർ ടൂറിസത്തിന് വലിയ സാധ്യതയുണ്ട് - പ്രത്യേകിച്ച് ലാന്റ് അഡ്വഞ്ചർ, വാട്ടർ അഡ്വഞ്ചർ, എയർ അഡ്വഞ്ചർ, ട്രക്കിംഗ്, മൗണ്ടനിയറിംഗ്, അതുപോലെ വൈൽഡ്‌ലൈഫ് ഫോട്ടോഗ്രാഫി. ഇതിനൊക്കെയായി ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരികയാണ്. എന്നാൽ കേരളത്തിൽ മൗണ്ടനിയറിംഗിനാവശ്യമായ പരിശീലനം നൽകാനുള്ള സംവിധാനം പോലുമില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇത്തരമൊരു സാഹചര്യത്തിൽ ടൂറിസത്തിന്റെ സാധ്യതകളെ പ്രയോജനപ്പെടുത്താനാവശ്യമായ പദ്ധതികൾക്ക് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. സംസ്ഥാനത്തിന്റെ അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ നമുക്ക് സാധിച്ചിട്ടില്ലെന്നതു കൊണ്ടുതന്നെ അതിന് പ്രാമുഖ്യംകൊടുക്കുന്ന ഒരു നിലപാട് ഗവൺമെന്റ്

സ്വീകരിക്കുകയാണ്. രാജ്യത്തെമ്പാടുമുള്ള അഡ്വഞ്ചർ ടൂറിസം വ്യവസായരംഗത്തെ പ്രമുഖ വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ ഒരു സമ്മേളനം സംസ്ഥാന ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ കുമരകത്ത് സംഘടിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ആ സമ്മേളനത്തോടുകൂടി രാജ്യത്തിന്റെ നാനാഭാഗത്ത് ഈ മേഖലയിൽ പണം മുടക്കുന്ന സംരംഭകരെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കൊണ്ടുവരാനും അതുവഴി സംസ്ഥാനത്തിന്റെ അഡ്വഞ്ചർ ടൂറിസം മേഖലയുടെ വികസന സാധ്യതകളെ ഉപയോഗപ്പെടുത്താനും സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, ടൂറിസം മേഖലയെ വികസിപ്പിക്കുന്നതിനുവേണ്ടി അങ്ങയുടെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ പരിശ്രമങ്ങളെയും ശ്ലാഘിക്കുകയാണ്. തെക്കൻ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമാണ് പൊന്മുടി. പൊന്മുടി ടൂറിസം വികസനത്തിനുവേണ്ടി മെഗാ ടൂറിസ്റ്റ് പ്രോജക്ടുതന്നെ ആവശ്യമുണ്ട്. അക്കാര്യത്തിലുള്ള പുരോഗതിയറിയിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കഴിഞ്ഞ കുറച്ചുവർഷമായി അവഗണിക്കപ്പെട്ടു കിടന്നിരുന്ന ഒരു പ്രദേശമായിരുന്നു പൊന്മുടി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പുമന്ത്രിയുടെകൂടി സാന്നിദ്ധ്യത്തിൽ പൊന്മുടിയുടെ ടൂറിസം സാദ്ധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി ഒന്നിലധികം യോഗങ്ങൾ വിളിച്ചുചേർക്കുകയും അവിടെ മുടങ്ങിക്കിടന്ന എല്ലാ പ്രോജക്ടുകളും പുനരുജ്ജീവിപ്പിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുമുള്ള പരിശ്രമം നടത്തിവരികയാണ്. തെക്കൻ കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമായി പൊന്മുടിയെ മാറ്റുന്നതിനു വേണ്ടിയിട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ഗവൺമെന്റ് രൂപംകൊടുക്കും. അതിനാവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, കഴിഞ്ഞ സർക്കാരിന്റെ വീക്ഷണമില്ലായ്മയും ഉത്തരവാദിത്വമില്ലായ്മയുംമൂലം ഏറെ പിന്നിലായിപ്പോയ മേഖലയാണ് പിൽഗ്രിം ടൂറിസം മേഖല. ഹെറിറ്റേജ് ടൂറിസം പദ്ധതികൾക്ക് ഈ സർക്കാർ വളരെ പ്രാധാന്യം കൊടുക്കുന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. എന്നാൽ പിൽഗ്രിം ടൂറിസം സെന്ററുകൾ തമ്മിൽ ട്രാൻസ്പോർട്ട് കണക്ടിവിറ്റിയില്ല എന്ന ഒരു പരിമിതിയുണ്ട്. ഉദാഹരണത്തിന് ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ആറന്മുള, ഗുരുവായൂർ ഇവയ്ക്കൊന്നും ട്രാൻസ്പോർട്ട് കണക്ടിവിറ്റിയില്ല. വകുപ്പുതലത്തിൽ ഇങ്ങനെയുള്ള സർക്യൂട്ടുകൾ ഐഡന്റിഫൈ ചെയ്യുമ്പോൾ മറ്റു വകുപ്പുകളുടെകൂടി പിന്തുണയുണ്ടാകണമെന്ന ഒരു നിർദ്ദേശം മുന്നോട്ടുവയ്ക്കാൻ കഴിയുമോ; അതോടൊപ്പം ഈ സർക്യൂട്ടുകളിലൂടെ ഓണം, വിഷു പോലെയുള്ള വിശേഷാവസരങ്ങളിൽ വകുപ്പുതലത്തിൽ പ്രത്യേകമായിട്ടുള്ള ടൂർ ഓപ്പറേഷൻസ് നടത്തുവാൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഈ ആശയം ഗവൺമെന്റ് പരിശോധിച്ചു വരിക മാത്രമല്ല, അത് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയിട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. ഈ ഓണക്കാലത്തോടുകൂടി കെ.റ്റി.ഡി.സി. മുൻകയ്യെടുത്തുകൊണ്ട് ഇത്തരം ടൂറിസം സർക്യൂട്ടുകളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു യാത്രാപരിപാടി സംഘടിപ്പിക്കാനായി നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, സ്വദേശികളും വിദേശികളുമായിട്ടുള്ള ടൂറിസ്റ്റുകൾ കേരളത്തിലെത്തുമ്പോൾ നമ്മുടെ സംസ്കാരം, കലാരൂപങ്ങൾ എന്നിവ അവർക്ക് കാണുവാനുള്ള ഒരു സ്ഥിരം വേദിയൊരുക്കുക. ഉദാഹരണമായി, തിരുവനന്തപുരത്ത് കഥകളികാണാനുള്ള ഒരു അവസരമുണ്ടാക്കുക, കൊല്ലത്ത് എത്തുമ്പോൾ മലയാളത്തിലെ പ്രൊഫഷണൽ നാടകങ്ങൾ കാണാനും, തൃശ്ശൂർ എത്തുമ്പോൾ അമച്വർ നാടകങ്ങൾ കാണാനും, ആലപ്പുഴയിലെത്തുമ്പോൾ മറ്റെന്തെങ്കിലും ഒരു കലാരൂപം, അല്ലെങ്കിൽ ആദിവാസികളുടെ കലാരൂപങ്ങൾ, എന്നിവയ്ക്ക് സ്ഥിരം വേദിയൊരുക്കിക്കൊണ്ട് നമ്മുടെ സംസ്കാരം, തൃശ്ശൂർപൂരം, പള്ളികളുടേയും മറ്റും ഉത്സവങ്ങൾ തുടങ്ങിയവ ടൂറിസം പാക്കേജായി, സാംസ്കാരിക വകുപ്പുമായി ചേർന്ന് ഒരു സ്ഥിരം വേദിയൊരുക്കണം. ടൂറിസം പാക്കേജിന്റെ ഭാഗമായി സ്ഥിരം വരുന്ന ടൂറിസ്റ്റുകൾക്ക് എല്ലാ കലാരൂപങ്ങളും കാണാൻ കഴിയണം. ഓരോ ദിവസവും ഓരോ സ്ഥലത്ത് കലാരൂപങ്ങൾ നടത്തണം. ഉദാഹരണമായി, തിങ്കളാഴ്ച ഒരു സ്ഥലത്ത്, ചൊവ്വാഴ്ച മറ്റൊരു സ്ഥലത്ത് ഇങ്ങനെ സ്ഥിരം വേദിയിൽ ആദിവാസികളുടെ കലാരൂപങ്ങൾ കാണാനുള്ള അവസരത്തിനായി ടൂറിസത്തിന്റെ ഭാഗമായി കലണ്ടറും പാക്കേജും തയ്യാറാക്കാൻ ടൂറിസം വകുപ്പ് തയ്യാറാകുമോ ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് നല്ലൊരു നിർദ്ദേശമാണ്. ഗവൺമെന്റിന്റെ സാംസ്കാരിക നയം പ്രഖ്യാപിച്ച സന്ദർഭത്തിൽ, കഴിഞ്ഞ ബജറ്റിലും പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ജില്ലകളിൽ കൾച്ചറൽ കോംപ്ലക്സ് എന്ന ഒരു കൺസെപ്റ്റ് വികസിപ്പിക്കുന്നതിനായി ആലോചന നടക്കുകയാണ്. ആ കൾച്ചറൽ കോംപ്ലക്സിലെ കൺസെപ്റ്റ് പൂർണ്ണതോതിൽ നടപ്പിലാക്കുമ്പോൾ അതാത് ജില്ലകളിലെ പ്രാമുഖ്യമുള്ള കലാരൂപങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു നില സ്വീകരിക്കാൻ സാധിക്കും. കൾച്ചറൽ ഡിപ്പാർട്ട്മെന്റും ടൂറിസം ഡിപ്പാർട്ട്മെന്റും സംയുക്തമായി അത്തരം പരിപാടികൾ ആവിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. വകുപ്പുമന്ത്രി തലത്തിലും അതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, ടൂറിസം പ്രൊമോഷന്റെ ഭാഗമായി തീർത്ഥാടന ടൂറിസത്തിന് വമ്പിച്ച സാധ്യതകളാണുള്ളത്. ശബരിമല യാത്രയിലെ ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുള്ള ചെങ്ങന്നൂരിൽ ലക്ഷക്കണക്കിന് തീർത്ഥാടകരാണ് വരുന്നത്. അവിടെ പഞ്ചപാണ്ഡവക്ഷേത്രം പോലുള്ള വളരെ പ്രസിദ്ധമായ ക്ഷേത്രങ്ങൾ സന്ദർശിക്കാൻ ആന്ധ്രാപ്രദേശ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നും

ആയിരക്കണക്കിന് ആളുകൾ വരുന്നുണ്ട്. കഴിഞ്ഞ പ്രാവശ്യം ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചില നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇതിനെ ടൂറിസം വകുപ്പുമായി ബന്ധപ്പെടുത്തി ഉപയോഗപ്പെടുത്താൻ കഴിഞ്ഞാൽ അവർക്ക് നമ്മുടെ നാടിനെക്കുറിച്ച് മനസ്സിലാക്കാനും കൂടുതൽ ആളുകളെ ഇതിലേയ്ക്ക് ആകർഷിക്കാനും കഴിയുന്ന ഒരു പദ്ധതിയായി മാറും. അത് നടപ്പാക്കിയാൽ ടൂറിസം മേഖലയിൽ വമ്പിച്ച സാധ്യതകളുണ്ടാകും. ശബരിമല തീർത്ഥാടകരെക്കൂടി തീർത്ഥാടന ടൂറിസത്തിന്റെ ഭാഗമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, തീർത്ഥാടന ടൂറിസം നമ്മുടെ ടൂറിസം പ്രവർത്തനങ്ങളിലെ പ്രാധാന്യം അർഹിക്കുന്ന ഒരു ഭാഗം തന്നെയാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, ചെങ്ങന്നൂർ ഒരു പ്രധാനപ്പെട്ട ഇടത്താവളമാണ്. ചെങ്ങന്നൂരിന്റെ വികസനത്തിനാവശ്യമായ വികസന പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, നമ്മുടെ സംസ്ഥാനത്ത് പ്രധാനപ്പെട്ട ക്ഷേത്രങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഇടത്താവള നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ ഈ ഗവൺമെന്റ് സ്വീകരിക്കുകയാണ്. അതിൽ ചെങ്ങന്നൂരും ഉൾപ്പെടുന്നുണ്ട്. രണ്ടാം ഘട്ടത്തിൽ, ചെങ്ങന്നൂരിന്റെ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. ഇപ്പോൾ ശബരിമലയിൽ പിൽഗ്രിം ടൂറിസത്തിന്റേതായിട്ടുള്ള പ്രവർത്തനങ്ങൾ സമഗ്രമായി നടന്നുവരികയാണ്.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ഇതുസംബന്ധിച്ച ഒരു ചോദ്യമായിരുന്നു ഞാൻ ഉന്നയിക്കാൻ തീരുമാനിച്ചത്. ആ ചോദ്യം ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിനെത്തുടർന്ന്, അതിനെ കണക്ക് ചെയ്ത് ഞാൻ ഒരു ചോദ്യം ചോദിക്കുകയാണ്. സംസ്ഥാനത്ത് ആലപ്പുഴയാണ് ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ വരുന്ന സ്ഥലം. അവർ വന്നുകഴിഞ്ഞാൽ നേരെ കായലിലേയ്ക്ക് കൊണ്ടുപോകുന്ന കാര്യമേ അവിടെ നടക്കുന്നുള്ളൂ. സൈറ്റ്സീയിംഗിന് വലിയ പ്രാധാന്യമുള്ള സ്ഥലമാണ് ആലപ്പുഴ. നേരത്തേ സൂചിപ്പിച്ചതുപോലെ, സൈറ്റ് സീയിംഗിനായി, ആദ്യമായി ടൂറിസം വകുപ്പിന്റെ ഒരു ബസ് ഈ ഓണക്കാലത്ത് ആലപ്പുഴയിൽ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഡി.റ്റി.പി.സി. ആലോചിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യമാണത്. കഴിഞ്ഞ നാലഞ്ചുവർഷക്കാലം ഡി.റ്റി.പി.സി.-യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായിരുന്നില്ല. ഇപ്പോൾ ഡി.റ്റി.പി.സി.-ക്ക് പുതിയ ഭാരവാഹികളും നേതൃത്വവും വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യത്തെ സംബന്ധിച്ച് ആലപ്പുഴ ഡി.റ്റി.പി.സി.-യെക്കൊണ്ട് ആലപ്പുഴയുടെ പ്രാദേശിക കാഴ്ചകൾകാണുന്നതിനുവേണ്ടിയുള്ള ഒരു പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെടാം. അതിന്റെ ഭാഗമായി, ഈ കാഴ്ചകൾ കാണിക്കുന്നതിനുവേണ്ടിയുള്ള വാഹനസൗകര്യം ഏർപ്പെടുത്താൻ സാധിക്കും. ഇതുസംബന്ധിച്ച് ഡി.റ്റി.പി.സി.-ക്ക് നിർദ്ദേശം നൽകുന്നതായിരിക്കും.

<u>ശ്രീ. മുരളി പെരുനെല്ലി</u>: സർ, ദേശാടനപക്ഷികൾ ചേക്കേറിക്കൊണ്ടിരിക്കുന്ന, കിലോമീറ്ററുകൾ നീളത്തിലുള്ള കനാലുകൾ ഉൾക്കൊള്ളുന്ന തൃശ്ശൂർ ജില്ലയിലെ കോൾനിലങ്ങളെയും കനാലുകളെയും ബന്ധപ്പെടുത്തികൊണ്ട് വിപുലമായ ഒരു ടൂറിസം പദ്ധതി തയ്യാറാക്കാനും ചീഫ് മിനിസ്റ്റേഴ്സ് ട്രോഫിക്കുവേണ്ടി ജലോത്സവം നടക്കുന്ന കണ്ടശ്ശാംകടവ് ബോട്ടുജെട്ടിയിൽ ഇപ്പോൾ പവലിയന്റെ നിർമ്മാണം പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞിട്ടുണ്ട്. അവിടെ ഒരു കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിനും ഏനാമാക്കൽ നെഹ്റു പാർക്കിന്റെ വികസനത്തിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇത് പരിശോധിക്കാവുന്ന കാര്യമാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ടൂറിസം മേഖലയിൽ, ബഹുമാനപ്പെട്ട മന്ത്രി നടത്തുന്ന ഇനിഷ്യേറ്റീവിനെ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ആവിഷ്ക്കരിച്ച തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി വലിയ രീതിയിൽ മുന്നോട്ടുപൊയ്കൊണ്ടിരിക്കുകയാണ്. ലോകത്തിൽവച്ച് ആറാമത്തെ ഡ്രൈവ് ഇൻ ബീച്ചാണ് മുഴപ്പിലങ്ങാട് ഡ്രൈവ്-ഇൻ-ബീച്ച് എന്നാണ് ബി.ബി.സി. പറഞ്ഞിരിക്കുന്നത്. ടൂറിസം പാക്കേജിന്റെ ഭാഗമായി വരുന്നതാണ് ഇതിന്റെ നവീകരണം. അതിന്റെ നവീകരണ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ സാധിക്കും; അതിന്റെ പ്രവൃത്തി എന്തായി എന്നുള്ളതിന് മറുപടി നൽകാൻ സാധിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, തലശ്ശേരി പൈതൃക സംരക്ഷണ പദ്ധതി കഴിഞ്ഞ അഞ്ചുവർഷക്കാലം സമ്പൂർണ്ണമായി മുടങ്ങിപ്പോയ ഒരു പദ്ധതിയാണ്. ഒരുതരം രാഷ്ട്രീയവൈരാഗ്യത്തോടുകൂടി ആ പദ്ധതിയെ ആ ഗവൺമെന്റ് കണ്ടുവെന്നുള്ളതാണ് തലശ്ശേരി പൈതൃക പദ്ധതിയുടെ ദുര്യോഗം. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നിശ്ചയമായും ധാരാളം വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കാൻ തലശ്ശേരി പൈതൃക ടൂറിസം പദ്ധതിക്ക് സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കാം. സ്ഥലവിനിയോഗവുമായി ബന്ധപ്പെട്ടുള്ള ചില പ്രശ്നങ്ങൾ അവിടെ ഉയർന്നുവന്നിട്ടുണ്ട്. അവയെല്ലാം പരിഹരിക്കാൻ ശ്രമം നടത്തണം. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി മാത്രമല്ല, മുസിരിസ്സ് പൈതൃക സംരക്ഷണ പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി തുടങ്ങിയവയ്ക്കെല്ലാം സംസ്ഥാന ഗവൺമെന്റ് മുന്തിയ പരിഗണന നൽകുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം തലശ്ശേരി ടൂറിസം പൈതൃക പദ്ധതിയുടെ നാല് പ്രവൃത്തികൾക്ക് ഇതിനോടകം അനുമതി നൽകുകയുണ്ടായി. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന് ഓർമ്മയുണ്ടാകുമെന്ന് കരുതുന്നു. പ്രസ്തുത പദ്ധതി ഒരു പൈതൃക സംരക്ഷണ പദ്ധതിയായതുകൊണ്ട് വിവിധ വകുപ്പുകളുടെ അനുമതി ലഭ്യമാക്കേണ്ടതുണ്ട്. ഇവയെല്ലാം നേടി വളരെ പെട്ടെന്ന് നടത്തുന്നതിന് വേണ്ടിയുള്ള നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്. തലശ്ശേരി പൈതൃക ടൂറിസം പദ്ധതി മാത്രമല്ല, നാല് പദ്ധതികളുടേയും പ്രവൃത്തികൾ ഉടനെ ആരംഭിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, എന്റെ മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ ഡാം ടൂറിസം വികസന പദ്ധതി കിഫ്ബി പദ്ധതിയിലുൾപ്പെടുത്താൻ മുൻകയ്യെടുത്ത ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. സംസ്ഥാനത്തിലേയും അന്യസംസ്ഥാനങ്ങളിലേയും വിദേശത്തേയും ടൂറിസ്റ്റുകൾ വരുന്നത് കേരളത്തിന്റെ പ്രകൃതിഭംഗി ആസ്വദിക്കാനാണ്. അതിൽ ഏറ്റവും വലിയ സ്ഥാനമാണ് പശ്ചിമഘട്ട മലനിരകൾക്കുള്ളത്. പശ്ചിമഘട്ട മലനിരകളിലെ പ്രകൃതിസൗന്ദര്യം നുകരാനുള്ള സ്ഥലങ്ങളാണ് കരിമ്പ പഞ്ചായത്തിലെ മീൻവല്ലം ഹൈഡ്രോപ്രോജക്ട്, ശിരുവാണി അണക്കെട്ട്, കാഞ്ഞിരപ്പുഴ ഡാം, സൈലന്റ് വാലി തുടങ്ങിയവ. ഇതെല്ലാം ബന്ധപ്പെടുത്തികൊണ്ട് ഒരു ടൂറിസം സർക്യൂട്ട് നടപ്പിലാക്കാൻ മുൻകയ്യെടുക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത് ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, വളരെ സാധ്യതകളുള്ള ഒരു പദ്ധതിയുടെ നിർദ്ദേശമാണ് ബഹുമാനപ്പെട്ട അംഗം നൽകിയത്. നിശ്ചയമായും അതിനെക്കുറിച്ച് ആലോചിക്കാൻ സാധിക്കുന്നതുതന്നെയാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, പ്രസാദം പദ്ധതിയിൽ, ദേവസ്വത്തിന് അനുവദിച്ച രണ്ട് പദ്ധതികൾ അവർ നടപ്പിലാക്കില്ല എന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിലുള്ളതാണ്. കേന്ദ്രഗവൺമെന്റ് അനുവദിച്ചിട്ടുള്ള പ്രസാദം പദ്ധതി പോലുള്ള പ്രധാനപ്പെട്ട പദ്ധതികൾ നടപ്പിലാക്കാനാവില്ല എന്ന് ദേവസ്വം ഭരണസമിതി പറയുമ്പോൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന സമീപനം എന്താണെന്ന് വ്യക്തമാക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഗുരുവായൂർ ദേവസ്വവുമായി ബന്ധപ്പെട്ടു കൊണ്ടുള്ള ഒരു പദ്ധതി സംസ്ഥാന ഗവൺമെന്റ് സമർപ്പിച്ചിരുന്നു. അതിന് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിച്ചു. 100 കോടി രൂപയുടെ ഒരു പ്രോജക്ടാണ് ഗവൺമെന്റ് സമർപ്പിച്ചതെങ്കിലും 46 കോടിരൂപയുടെ പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയത്. ഗുരുവായൂർ മുനിസിപ്പാലിറ്റിയും ഗുരുവായൂർ ദേവസ്വവും സംയുക്തമായി ചെയ്തുതീർക്കേണ്ടതായുള്ള, വിപുലമായ ഒരു പദ്ധതിയായിരുന്നു അത്. വിവിധ സന്ദർഭങ്ങളിൽ, ഗവൺമെന്റ് വിളിച്ചുചേർത്ത യോഗത്തിൽ രണ്ടുകൂട്ടരേയും പങ്കെടുപ്പിക്കുകയും അതിൽ ഏതെല്ലാം പദ്ധതികൾ ആരെല്ലാം ചെയ്യണമെന്നുള്ളത് സംബന്ധിച്ച് പ്രത്യേകം പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കാര്യങ്ങൾ തീരുമാനിച്ചതുമാണ്. എന്തുകൊണ്ടോ ഗുരുവായൂർ ദേവസ്വം കമ്മിറ്റി, അവർക്ക് ലഭിച്ച ഏതാണ്ട് 30 കോടിയിൽപ്പരം വരുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകാൻ തയ്യാറായിട്ടില്ല. ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടിത്തന്നെയാണ് ആ

കാര്യം കാണുന്നത്. ആ പദ്ധതി നഷ്ടപ്പെടാൻ സർക്കാർ അനുവദിക്കുന്ന പ്രശ്നമില്ല. ഇക്കഴിഞ്ഞ ദിവസവും ടൂറിസം ഡയറക്ടർ കേന്ദ്ര ഗവൺമെന്റിനെ സന്ദർശിച്ച്, സർക്കാരിന്റെ പുതിയ പ്രോജക്ടുകളെ സംബന്ധിച്ച് ചർച്ച ചെയ്തു. സംസ്ഥാന സർക്കാരിന് നൽകിയ പദ്ധതികൾ കൃത്യമായി പൂർത്തീകരിച്ച് അതിന്റെ യു.സി. സമർപ്പിക്കുന്ന മുറയ്ക്കുമാത്രമേ പുതിയ പദ്ധതികൾക്ക് അനുവാദം നൽകാൻ സാധിക്കുകയുള്ളൂവെന്നാണ് കേന്ദ്രസർക്കാർ പറഞ്ഞിരിക്കുന്നത്. ആ സ്ഥിതിക്ക് ഗുരുവായൂരിലെ പ്രോജക്ട് നടപ്പിലാക്കുക എന്നുപറയുന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഗുരുവായൂരിലെ ഭരണസമിതിക്ക് ഒരു അന്ത്യശാസനംതന്നെ നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുകയാണ്. ആ പ്രോജക്ട് നടപ്പിലാക്കാൻ ഗുരുവായൂർ ഭരണസമിതി തയ്യാറായില്ലായെങ്കിൽ, അത്തരമൊരു ഭരണസമിതിയെ നിലനിർത്തണമോ എന്നുള്ള കാര്യം ആലോചിക്കാൻ ഗവൺമെന്റ് നിർബന്ധിതമാകുമെന്ന കാര്യം വളരെ കൃത്യമായി പറയാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : സർ, നമ്മുടെ സംസ്ഥാനത്ത് ഒരുപാട് ടൂറിസം പദ്ധതികൾ നടപ്പാക്കാനുള്ള പ്രൊപ്പോസലുകളാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. ഇതിന് നേതൃത്വം കൊടുക്കുന്ന ഗവൺമെന്റിനെയും മന്ത്രിയെയും പ്രത്യേകം അഭിനന്ദിക്കുകയാണ്. കായൽ ടൂറിസത്തെയും മറ്റ് ടൂറിസത്തെയും കുറിച്ച് പറയുമ്പോൾ, കേരളത്തിൽ മാത്രമല്ല, ഇന്ത്യയിൽതന്നെ അറിയപ്പെടുന്ന ടൂറിസ്റ്റ് കേന്ദ്രമാണ് ബേക്കൽ കോട്ട. ബേക്കൽ കോട്ടയുടെ വികസനത്തെക്കുറിച്ച് മന്ത്രി ഒന്നും പറഞ്ഞില്ല. അവിടത്തെ ഉദ്യോഗസ്ഥരും മറ്റു ചില ആളുകളും ചേർന്ന് കോട്ടയുടെ പ്രവർത്തനം പിന്നോട്ടുകൊണ്ടുപോകുവാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ ടൂറിസത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിതന്നെ യോഗം വിളിച്ചുചേർത്ത് ചില തീരുമാനങ്ങളെടുത്തിട്ടുണ്ട്. ആ തീരുമാനം എന്തായി; ഉദ്യോഗസ്ഥരുടെ നടപടിക്കെതിരായി ഗവൺമെന്റ് എന്തെങ്കിലും ആലോചിക്കുന്നുണ്ടോ; ബേക്കൽ ടൂറിസം പദ്ധതി വിപുലപ്പെടുത്താൻ ഈ പദ്ധതിയിൽപ്പെടുത്തി എന്തെങ്കിലും കാര്യങ്ങൾ ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u> : സർ, ബേക്കൽ ടൂറിസത്തിന്റെ ഇന്നത്തെ അവസ്ഥ പരിതാപകരമാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് ബേക്കൽ ടൂറിസം പദ്ധതിയെ എങ്ങനെ വികലമാക്കാൻ സാധിച്ചുവെന്നുള്ളത് ഇന്ന് അവിടെ ചെന്നാൽ ബോധ്യമാകും. ഞാൻ അവിടെ സന്ദർശിച്ചതാണ്. നിർമ്മിച്ച് വർഷങ്ങളായി അടഞ്ഞുകിടക്കുന്നതായിട്ടുള്ള കെട്ടിടങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇതെല്ലാം മാറ്റുന്നതിനുവേണ്ടി മീറ്റിംഗ് ചേർന്ന് കാര്യങ്ങൾ തീരുമാനിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥതലത്തിലുള്ള കുറവുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ജടായു ടൂറിസത്തെക്കുറിച്ച് പറഞ്ഞതിനെ അഭിനന്ദിക്കുകയാണ്. അത് മുന്നോട്ടുപോവുകയാണ്. നമ്മുടെ മണ്ഡലങ്ങളിൽ തീർത്ഥാടന ടൂറിസം, ഇക്കോ ടൂറിസം, പുരാവസ്തു ടൂറിസം, റെസ്പോൺസിബിൾ ടൂറിസം തുടങ്ങി പലതരം ടൂറിസമുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഇതിനെയെല്ലാം ഏകോപിപ്പിക്കുന്നതിനും പഞ്ചായത്തുകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിനും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഉണ്ടാക്കി ഏകോപനം നടത്താനുള്ള നിർദ്ദേശം ഉണ്ടായിരുന്നു. അത് നടപ്പാക്കുകയും ചെയ്തതാണ്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതൊന്നും നടന്നില്ല. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തുള്ള നിർദ്ദേശം കൃത്യമായി നടപ്പിലാക്കി, ഏകോപനം നടത്തി എല്ലാത്തരം ടൂറിസത്തെയും സാധ്യമായ തരത്തിൽ വളർത്താനുള്ള സംവിധാനത്തിന് അങ്ങ് നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഗവൺമെന്റ് ഇക്കാര്യം ആലോചിക്കുക മാത്രമല്ല, ടൂറിസം പ്രോജക്ടുകൾ നടപ്പിലാക്കുന്ന എല്ലാ നിയോജകമണ്ഡലങ്ങളിലും എം.എൽ.എ. ചെയർമാനായിട്ടുള്ള കമ്മിറ്റിക്ക് രൂപംകൊടുത്തിട്ടുമുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിൽ എന്തുകൊണ്ട് നടന്നില്ല; അദ്ദേഹം അറിയാതെ പോയതാണോ; അവിടത്തെ ഉദ്യോഗസ്ഥർ ഇക്കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്താതെ പോയതാണോ? ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരായിരിക്കണമെന്നുള്ളത് സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവുണ്ട്. ആ ഉത്തരവ് അങ്ങേയ്ക്ക് ലഭ്യമാക്കാം. അടിയന്തരമായി അങ്ങ് മുൻകയ്യെടുത്ത് അങ്ങയുടെ മണ്ഡലത്തിലെ ടൂറിസം പ്രവർത്തനങ്ങളുടെ പരിശോധന നടത്തുന്നതിനാവശ്യമായ തരത്തിൽ യോഗം വിളിച്ചുചേർക്കാവുന്നതാണ്.

ശ്രീ. കെ. ഡി. പ്രസേനൻ : സർ, ടൂറിസം പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് എം.എൽ.എ.-മാർ ചെയർമാനായ ടൂറിസം ഡെസ്റ്റിനേഷൻ കമ്മിറ്റികൾ തീരുമാനിക്കുന്ന ഏജൻസികളെ ഏൽപ്പിക്കുന്നതിൽ എന്തെങ്കിലും തടസ്സമുണ്ടോ; മുൻകാലത്ത് ടൂറിസം പ്രവർത്തനം നടത്തിയിരുന്ന പല ഏജൻസികൾക്കും നിലവിൽ അംഗീകാരമില്ലായെന്നാണ് ഗവൺമെന്റിന്റെ അക്രെഡിറ്റഡ് ഏജൻസിയുടെ ലിസ്റ്റ് പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. ഈ ലിസ്റ്റ് വരുന്നതിനുമുമ്പ് മംഗള ഡാം ടൂറിസം പദ്ധതിയുടെ ഡെസ്റ്റിനേഷൻ കമ്മിറ്റി ചേർന്ന് ഇൻകെൽ എന്ന ഗ്രൂപ്പിന് ആ പ്രവൃത്തി ഏൽപ്പിക്കാൻ തീരുമാനിച്ചതാണ്. അതിനിപ്പോൾ അംഗീകാരം തരാത്ത സ്ഥിതി തുടരുകയാണ്. അതിലിടപ്പെട്ട് അടിയന്തരമായി അംഗീകാരം ലഭ്യമാക്കാൻ സാധിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഈ മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നമെന്നുപറയുന്നത് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന കരാർ കമ്പനികൾ കാണിക്കുന്ന അലംഭാവമാണ്. 10-12 വർഷംവരെ മുടങ്ങിക്കിടക്കുന്ന/നീണ്ടു പോകുന്നതായിട്ടുള്ള പ്രോജക്ടുകൾ നമുക്ക് കാണാൻ കഴിയും. ഇതാണിപ്പോൾ

നടന്നുവരുന്നത്. ഇൻകെൽ-ന്റെ കാര്യത്തിൽ വന്നിട്ടുള്ള സംഗതി എന്താണെന്ന് മനസ്സിലായിട്ടില്ല, അക്കാര്യം പരിശോധിക്കാം. വർക്ക് ഏറ്റെടുക്കുക, പാതിവഴിയിൽ വർക്ക് ഉപേക്ഷിച്ചുപോവുക തുടങ്ങിയ കാര്യങ്ങൾ ടൂറിസം മേഖലയിൽ നടമാടുന്ന രീതിയാണ്. ഒരു കാരണവശാലും അത്തരം കമ്പനികളെ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുകയില്ല. നല്ല പ്രവർത്തനങ്ങൾ നടത്തുന്ന കമ്പനികൾക്കല്ലാതെ നമുക്ക് പിന്തുണ കൊടുക്കാൻ സാധിക്കില്ലായെന്നുള്ള കാര്യം ഞാൻ കൃത്യമായി പറയാൻ ആഗ്രഹിക്കുകയാണ്. ഇൻകെൽ-ന്റെ കാര്യം പ്രത്യേകം ശ്രദ്ധിക്കാം.

ശ്രീ. ഒ. രാജഗോപാൽ : സർ, കേന്ദ്ര ഗവൺമെന്റിന്റെ പ്രസാദം പദ്ധതിയിൽ ഗുരുവായൂരിന്റേയും വലിയനിലയ്ക്കലിന്റേയും വികസനത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ആ പദ്ധതിയിൽ നഗരശുചീകരണംകൂടി ഉൾപ്പെടുന്നുവെന്നുള്ള കാര്യംകൂടി വ്യക്തമാക്കണം. കേവലം ദേവസ്വത്തിന്റെ മാത്രമല്ല ലക്ഷക്കണക്കിനുവരുന്ന ഭക്തന്മാരെക്കൂടി ബാധിക്കുന്ന വിഷയമായതുകൊണ്ട് ആ പ്രശ്നത്തിന് പരിഹാരം കണ്ടെത്താനുള്ള കേന്ദ്ര സർക്കാരിന്റെ ഈ പദ്ധതി നടപ്പാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ദേവസ്വത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും സംയുക്ത യോഗം വിളിച്ചുകൂട്ടി ഇതിന് പരിഹാരമുണ്ടാക്കാൻ ശ്രമിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം വിളിക്കേണ്ട ഘട്ടം വരികയാണെങ്കിൽ അദ്ദേഹംകൂടി പങ്കെടുത്ത് യോഗം ചേരാം. ഗുരുവായൂർ പിൽഗ്രിം ടൂറിസം പദ്ധതി സമഗ്രമായിട്ടുള്ളതാണ്. ആ പദ്ധതിയിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയും ദേവസ്വവുമുണ്ട്. മുനിസിപ്പാലിറ്റിയുടെ പ്രവർത്തനങ്ങളിൽ വളരെ പ്രധാനപ്പെട്ടത് ശുചീകരണം തന്നെയാണ്. അതിനാവശ്യമായ പ്രോജക്ടുകൾ അതിനകത്തുണ്ട്.

(നടുത്തളത്തിലിരുന്ന പ്രതിപക്ഷാംഗങ്ങൾ ഡയസ്സിന് മുന്നിൽ വന്ന് പ്ലക്കാർഡ് ഉയർത്തി സഭാനടപടികൾ തടസ്സപ്പെടുത്തുംവിധം മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

## സഹകരണമേഖല നടത്തുന്ന ഇടപെടലുകൾ

4 (*336) ശ്രീ. ഐ. ബി. സതീഷിനുവേണ്ടി ശ്രീ. വി. ജോയി:
ശ്രീ. ഇ. പി. ജയരാജൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന വികസന മേഖലകളായ കൃഷി, പരമ്പരാഗത വ്യവസായം തുടങ്ങിയവയുടെ വികസനത്തിനായും സാധാരണക്കാരായ ജനങ്ങളെ ബ്ലേഡ് പലിശക്കാരിൽനിന്നും സംരക്ഷിക്കുന്നതിനായും സഹകരണ മേഖല നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ;

(ബി) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് ഈ പ്രവർത്തനത്തിൽ എത്രമാത്രം പ്രയോജനപ്രദമാകുമെന്ന് അറിയിക്കാമോ;

(സി) കേരള സഹകരണ ബാങ്കുമായി ബന്ധിപ്പിച്ച് പ്രാഥമിക സഹകരണ സംഘങ്ങളുടെ സേവന വിപുലീകരണം ലക്ഷ്യമാക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽനിന്നും രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ എടുക്കുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പൂർണ്ണമായ പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ കൃത്യമായി വായ്പാത്തുക തിരിച്ചടയ്ക്കുന്ന നെൽകർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്. സഹകരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന പരമ്പരാഗത വ്യവസായം ഉൾപ്പെടെയുള്ള എല്ലാ വ്യവസായ വായ്പകളുടെയും പരിധി ഉയർത്തിയിട്ടുണ്ട്. സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ വിമുക്തമാക്കുന്നതിന് വായ്പാവിതരണ മാനദണ്ഡങ്ങളും വ്യവസ്ഥകളും ഉദാരമാക്കുകയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ എന്നിവർക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുകയും സഹകരണ സംഘങ്ങളുടെ പ്രവർത്തനസമയം ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലേഡ് പലിശക്കാരിൽനിന്നും സാമാന്യ ജനങ്ങളെ രക്ഷിക്കുന്നതിന് കുടുംബശ്രീയുമായി ചേർന്ന് ഒരു പ്രത്യേക പദ്ധതിക്ക് രൂപകൽപ്പന നൽകുന്ന കാര്യം പ്രാരംഭ ദിശയിലാണ്. കുടുംബശ്രീ, സോഷ്യൽ വെൽഫെയർ ഡയറക്ടർമാരുമായി ഇതുസംബന്ധിച്ച് സെക്രട്ടറി തലത്തിൽ യോഗം ചേരുകയുണ്ടായി.

(ബി) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ സംയോജനം മുഖേന രൂപീകരിക്കുന്ന നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ കുറയ്ക്കുകയോ ചെയ്യാൻ കഴിയും. ഇതുമുഖേന പലിശനിരക്കിൽ ഗണ്യമായ കുറവ് വരികയും വായ്പക്കാരുടെ പലിശബാധ്യത കുറയ്ക്കാനും കഴിയും. പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത മുഖേന കാർഷിക, പരമ്പരാഗത, സ്വയംതൊഴിൽ മേഖലകളിൽ ഒരു സാമ്പത്തിക ചാലകശക്തിയായി പ്രവർത്തിക്കാൻ പര്യാപ്തമാക്കും. സ്വകാര്യ പണമിടപാടുകാരുടെ പിടിയിൽനിന്നും പാവപ്പെട്ടവരെ ഒരു പരിധിവരെ രക്ഷിക്കുവാനും പ്രാദേശിക വികസനം ഉറപ്പാക്കാനും കഴിയും.

(സി) പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ കേരള സഹകരണ ബാങ്കിന്റെ ഏജന്റ് എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കാൻ കഴിയും. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ സോഫ്റ്റ്‌വെയർ സംവിധാനങ്ങൾക്കനുസൃതമായി പ്രവർത്തിക്കത്തക്കവിധം പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കുന്നതിനും ലക്ഷ്യമാക്കുന്നുണ്ട്.

ശ്രീ. ഐ. ബി. സതീഷിനുവേണ്ടി ശ്രീ. വി. ജോയി : സർ, പ്രാഥമിക കാർഷിക ബാങ്കുകളെ ഇല്ലാതാക്കുന്നതിനും നശിപ്പിക്കുന്നതിനും വേണ്ടുന്ന വലിയ പരിശ്രമം കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് നടക്കുകയാണ്. അതിനായി ഇപ്പോൾ ഇൻകം ടാക്സ് വകുപ്പിനെയാണ് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിലെ അംഗങ്ങൾ നടത്തുന്ന ബിസിനസ്സിന് ഇൻകം ടാക്സ് ചുമത്തുന്ന നടപടി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിൽ ഗവൺമെന്റ് ഇടപെടുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റ് പ്രാഥമിക ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് നൽകുന്ന പതിനായിരം രൂപയിൽ കൂടുതലുള്ള പലിശയ്ക്ക് ഇൻകംടാക്സ് ഡിഡക്ട് ചെയ്യണമെന്നും 2015-16 സാമ്പത്തിക വർഷം മുതലുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് ഐ.ടി. ഡിപ്പാർട്ട്മെന്റ് സംഘങ്ങൾക്ക് കത്ത് അയച്ചുകൊണ്ടിരിക്കുന്ന വിവരം ലഭിച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക ബാങ്കുകളിലെ 25,00,000 രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് ഇൻകംടാക്സ് ഡിഡക്ട് ചെയ്യേണ്ടതില്ലെന്ന് ഇതുമായി ബന്ധപ്പെട്ടവർ സംസ്ഥാന ഐ.ടി. കമ്മീഷണറുമായി നടത്തിയ ചർച്ചയിൽ നേരത്തെ തീരുമാനം കൈക്കൊണ്ടിരുന്നു. മാത്രമല്ല, സംഘങ്ങളുടെ ഇൻകംടാക്സ് വിഷയത്തിൽ സുപ്രീംകോടതിയിലടക്കം കേസ്സുകൾ നടന്നുവരികയാണ്. ഈ സാഹചര്യത്തിൽ നിയമത്തെ അംഗീകരിക്കുകയും അതോടൊപ്പം സഹകരണ സംഘങ്ങളെയും, സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ താൽപ്പര്യവും സംരക്ഷിക്കുകയും വേണമെന്നാണ് സർക്കാർ നിലപാട്. ഇതുമായി ബന്ധപ്പെട്ട തുടർചർച്ചകളിലും നടപടികളിലും സർക്കാർ പങ്കെടുക്കുകയും അതിനുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട അംഗങ്ങൾ നിങ്ങളുടെ പ്രതിഷേധം പ്രകടിപ്പിച്ചു കഴിഞ്ഞു. അത് ലോകം മുഴുവൻ കാണുകയാണ്. ഒരേയൊരു കാര്യത്തിനുവേണ്ടി ഇങ്ങനെ ചെയ്യുന്നത് ശരിയല്ല. ദയവായി സീറ്റിലേയ്ക്ക് പോകണം.

ശ്രീ. വി. ജോയി : സർ, പ്രാഥമിക സംഘങ്ങളിൽ ഇ.പി.എഫ്. ട്രസ്റ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : സർ, ഒരു ട്രസ്റ്റ് രൂപീകരിക്കുന്നതിനു വേണ്ടിയുള്ള നിർദ്ദേശം ഗവൺമെന്റ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ നടപടിയുടെ ഘട്ടത്തിലാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്നതിന് നടപടി

5(*332) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പാറക്കൽ അബ്ദുല്ല :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തുമോ എന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് പങ്കാളിത്ത പെൻഷൻ പദ്ധതിക്കെതിരെ സമരംചെയ്ത ജീവനക്കാരുടെ പത്ത് ദിവസത്തെ ശമ്പളം ഇപ്പോൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സർക്കാർ ഈ കാര്യങ്ങളെല്ലാം വിശദമായി പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

### പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

6 (*333) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം വിവിധോദ്ദേശ്യ പദ്ധതികളാണ് നബാർഡിന്റെ സഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിവരിക്കുമോ;

(സി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളുടെ ആധുനികവത്ക്കരണം എങ്ങനെ നടപ്പാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്നതിന് ഈ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്. പ്രാഥമിക വായ്പാ സംഘങ്ങളിൽ കോർ ബാങ്കിംഗ് നടപ്പാക്കുന്ന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ 26 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും നൽകുന്ന വിവിധ വായ്പകളുടെ പരിധി വർദ്ധിപ്പിച്ച് സഹകരണ സംഘം രജിസ്ട്രാറുടെ 13-1-2017-ലെ 07/2017-ാം നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.).*

(ബി) നബാർഡിൽനിന്നും ലഭിക്കുന്ന റീഫിനാൻസ് സ്വീകരിച്ച് പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന കാർഷിക വായ്പ നൽകുന്നുണ്ട്.

(സി) എല്ലാ സഹകരണസംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. 31-3-2017-നകം എല്ലാ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിലും കോർ ബാങ്കിംഗ് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയത് നടപ്പാക്കുന്നതിന് 2016-17-ൽ ആകെ 26 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിനനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഓപ്പറേഷൻ ഒളിമ്പ്യ

7 (*337) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലൂടെ എന്തൊക്കെ സഹായങ്ങളാണ് വളർന്നുവരുന്ന കായിക താരങ്ങൾക്കായി ചെയ്യാനുദ്ദേശിക്കുന്നത് എന്ന് അറിയിക്കുമോ;

(ബി) ഓപ്പറേഷൻ ഒളിമ്പ്യ എന്ന പദ്ധതിയിലേയ്ക്ക് കായികതാരങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങളുടെ പരിശീലനത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്;

(സി) ഏതൊക്കെ ഇനങ്ങളിൽ കായിക താരങ്ങളെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്നതിനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത് എന്ന് അറിയിക്കുമോ?

വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 കായിക ഇനങ്ങളിൽ ഏകദേശം 250 കായിക താരങ്ങൾക്ക് വിദേശ കോച്ചുമാരും, വിദഗ്ദരായ ദേശീയ കോച്ചുമാരും അടക്കമുള്ള വിദഗ്ധരുടെ കീഴിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി"-യിലൂടെ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 2017-18 മുതൽ 2024-25 വരെ 440 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഈ വർഷത്തെ നടത്തിപ്പിനായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സുകളിൽ കേരളീയ കായിക താരങ്ങളെ മെഡൽ നേടുന്നതിന് സജ്ജരാക്കുവാൻ ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതിയായ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ തെരഞ്ഞെടുത്ത കായിക ഇനത്തിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള ഒളിമ്പിക് സെന്ററുകളിലേയ്ക്ക് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നതിനായി ബന്ധപ്പെട്ട സംസ്ഥാന അസോസിയേഷന്റെ നേതൃത്വത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിയോഗിക്കുന്ന പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ സെലക്ഷൻ ട്രയൽസ് നടത്തി തെരഞ്ഞെടുക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള ഒളിമ്പിക്സ് സെന്ററുകളിൽ

(അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ് എന്നീ കായിക ഇനങ്ങൾക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയം, കനോയിംഗ് ആന്റ് കയാക്കിംഗ്-കൊല്ലം, റോവിംഗ്-ആലപ്പുഴ, ബാഡ്മിന്റൻ-എറണാകുളം, ആർച്ചറി-വയനാട്) പരിശീലത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. കൂടാതെ, വിദേശ കോച്ചുകളുടെയും വിദഗ്ധരായ ദേശീയ കോച്ചുകളുടെയും സേവനവും പരിശീലനത്തിനായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം ഒളിമ്പിക്സ് സെന്ററുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുന്നതാണ്.

(സി) ആർച്ചറി, അത്‌ലറ്റിക്സ്, ബാഡ്മിന്റൻ (ഷട്ടിൽ), ബോക്സിംഗ്, റോവിംഗ്, ഷൂട്ടിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ് എന്നീ കായിക ഇനങ്ങളെയാണ് ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

## ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമം

8 (*338) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. രജിസ്ട്രേഷൻ ആരൊക്കെയാണ് എടുക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള വസ്തുക്കളുടെ ഇടപാട് നടത്തുന്നവർ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ;

(സി) ജി.എസ്.ടി. രജിസ്ട്രേഷൻ നടപടിക്രമം വിശദീകരിക്കുമോ;

(ഡി) നിശ്ചിത പരിധിയിൽ കുറഞ്ഞ ടേണോവർ ആണെങ്കിലും നിർബന്ധിത രജിസ്ട്രേഷൻ നടത്തേണ്ടവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) 20 ലക്ഷം രൂപയിലധികമുള്ള വിറ്റുവരവിന് നികുതി ബാധ്യതയുണ്ട്. 2017-ലെ എസ്.ജി.എസ്.ടി. നിയമം 22-ാം വകുപ്പ് പ്രകാരം ഇന്ത്യയിലെവിടെയെങ്കിലും ഏതെങ്കിലും നികുതിവിധേയ ബിസിനസ്സ് നടത്തുന്ന സപ്ലൈയറുടെയോ അയാളുടെ ഏജന്റിന്റേയോ നടപ്പുവർഷത്തെ വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ കൂടുതൽ ആണെങ്കിൽ അയാൾ രജിസ്റ്റർ എടുക്കുവാൻ ബാധ്യസ്ഥനാണ്. "വാറ്റിൽ" രജിസ്ട്രേഷൻ ഉണ്ടായിരുന്നവരെല്ലാം നിർബന്ധമായും ജി.എസ്.ടി.-യിലേക്ക് മൈഗ്രേറ്റ് ചെയ്യേണ്ടതാണ്. കൂടാതെ 2017 ലെ എസ്.ജി.എസ്.ടി. നിയമം 24-ാം വകുപ്പുപ്രകാരം ചരക്കുകളും സേവനങ്ങളും വിതരണം നടത്തുന്ന താഴെപ്പറയുന്ന വ്യക്തികൾ നികുതി വിധേയ പരിധി നോക്കാതെ നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ടതാണ്.

- അന്തർ സംസ്ഥാന നികുതിവിധേയ വിതരണം നടത്തുന്നവർ
- താൽക്കാലികമായി നികുതി വിധേയ വിതരണം നടത്തുന്നവർ (കാഷ്വൽ ടാക്സബിൾ പേഴ്സൺസ്)
- റിവേഴ്സ് ചാർജ് പ്രകാരം നികുതി അടയ്ക്കേണ്ടവർ
- നികുതി ബാധ്യത വരുന്ന തരത്തിലുള്ള സേവനങ്ങൾ ചെയ്യുന്ന ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ
- നികുതി അടയ്ക്കുന്ന നോൺറസിഡന്റ്സ്
- വകുപ്പ് (51) പ്രകാരം സ്രോതസ്സിൽ നികുതി പിടിച്ച് അടയ്ക്കേണ്ടവർ
- ഏജന്റ് എന്ന നിലയിലോ അല്ലാതെയോ രജിസ്ട്രേഷൻ എടുത്ത നികുതിവിധേയരായ വ്യക്തികൾക്കുവേണ്ടി ചരക്കുകളും സേവനങ്ങളും വിതരണം നടത്തുന്നവർ.
- ഇൻപുട്ട് സർവ്വീസ് ഡിസ്ട്രിബ്യൂട്ടർ
- 52-ാം വകുപ്പ് പ്രകാരം സ്രോതസ്സിൽ നികുതി പിരിക്കേണ്ടവർ
- ഇന്ത്യയ്ക്ക് പുറത്തുനിന്നും ഇന്ത്യയിലുള്ള വ്യക്തികൾക്കായി ഓൺലൈൻ വിവരങ്ങളും ഡാറ്റാബേസ് ആക്സസോ റിട്രീവൽ സർവ്വീസുകളോ ലഭ്യമാക്കുന്നവർ.
- കൗൺസിലിന്റെ ശിപാർശപ്രകാരം കേന്ദ്ര ഗവൺമെന്റോ സംസ്ഥാന സർക്കാരോ വിജ്ഞാപനപ്പെടുത്തുന്ന മറ്റ് ആളുകളും വിഭാഗങ്ങളും.

(ബി) 2017-ലെ എസ്.ജി.എസ്.ടി. നിയമം 23-ാം വകുപ്പുപ്രകാരം, നികുതി വിധേയമല്ലാത്തതോ അല്ലെങ്കിൽ മൊത്തമായി നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടതോ ആയ ചരക്കുകളുടെയോ സേവനങ്ങളുടെയോ ഇടപാട് നടത്തുന്നവർ രജിസ്ട്രേഷൻ എടുക്കേണ്ടതില്ല.

(സി) രജിസ്ട്രേഷൻ ചട്ടപ്രകാരം രജിസ്ട്രേഷനുബാധ്യതയുണ്ടാകുന്ന തീയതി മുതൽ 30 ദിവസത്തിനകം നിർദ്ദിഷ്ട നിബന്ധനകൾക്കു വിധേയമായി ഏതോരാളും രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. താൽക്കാലികമായി നികുതി അടയ്ക്കേണ്ടവരും (കാഷ്വൽ ടാക്സബിൾ പേഴ്സൺ) നിവാസേതര നികുതിവിധേയ വ്യക്തികളും (നോൺ റസിഡന്റ്സ് ടാക്സബിൾ പേഴ്സൺ) ബിസിനസ്സ് ആരംഭിച്ച് 5 ദിവസത്തിനകമെങ്കിലും രജിസ്ട്രേഷനുവേണ്ടി അപേക്ഷ കൊടുക്കേണ്ടതാണ്.

എസ്.ജി.എസ്.ടി. നിയമം 22-ാം വകുപ്പ് പ്രകാരം രജിസ്ട്രേഷന് ബാധ്യതയുള്ള ഓരോ വ്യക്തിയും ബിസിനസ്സുള്ള ഓരോ സംസ്ഥാനതലങ്ങളിലും പ്രത്യേകം രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. എസ്.ജി.എസ്.ടി. നിയമം 25-ാം വകുപ്പ് പ്രകാരം ഒരേ സംസ്ഥാനത്ത് ഒന്നിലധികം ബിസിനസ്സ് വെർട്ടിക്കലുകൾ (വ്യത്യസ്ത വ്യാപാരങ്ങൾ) ഉള്ളയാൾക്ക് നിബന്ധനകൾക്ക് വിധേയമായി ഓരോ ബിസിനസ്സ് വെർട്ടിക്കലിനും പ്രത്യേകം രജിസ്ട്രേഷൻ എടുക്കാവുന്നതാണ്.

വകുപ്പ് (25) ഉപവകുപ്പ് (3) പ്രകാരം രജിസ്റ്റർ ചെയ്യാൻ ബാധ്യതയില്ലെങ്കിലും 22-ാം വകുപ്പ് പ്രകാരം ഒരു വ്യക്തിക്ക് സ്വന്തം ഇഷ്ടപ്രകാരം രജിസ്റ്റർ ചെയ്യാവുന്നതാണ്. അങ്ങനെ രജിസ്റ്റർ ചെയ്യുന്നയാൾക്ക് നികുതി ബാധ്യതയുള്ള, രജിസ്റ്റർ ചെയ്തയാളിനുള്ളതു പോലെ ഈ നിയമത്തിന്റെ എല്ലാ വ്യവസ്ഥകളും ബാധകമാണ്.

1961-ലെ ആദായ നികുതി നിയമപ്രകാരം പെർമനന്റ് അക്കൗണ്ട് നമ്പർ (PAN) ഉള്ള വ്യക്തിക്ക് മാത്രമേ എസ്.ജി.എസ്.ടി. നിയമം 25-ാം വകുപ്പ് ഉപവകുപ്പ് (6) പ്രകാരമുള്ള രജിസ്ട്രേഷൻ ലഭിക്കാൻ അർഹതയുള്ളൂ. എന്നാൽ സ്രോതസ്സിൽ നികുതി പിടിക്കുന്ന ഒരു വ്യക്തിക്ക് 'PAN' നു പകരം ആദായനികുതി നിയമപ്രകാരം നൽകുന്ന Tax Deduction and Collection Account Number മതിയാകും.

അതേപോലെ നികുതി അടയ്ക്കുന്ന നോൺ റസിഡന്റിന് (Nonresident taxable persons) സെക്ഷൻ 25(7) പ്രകാരം രജിസ്ട്രേഷൻ എടുക്കാൻ പാൻ നിർബന്ധമല്ല. രജിസ്ട്രേഷൻ പൂർത്തീകരിക്കുന്നതിന് അവർക്ക് മറ്റു രേഖകൾ മതിയാകും.

എസ്.ജി.എസ്.ടി. നിയമം വകുപ്പ് (25) ഉപവകുപ്പ് (8) പ്രകാരം ചുമതലപ്പെട്ട ഉദ്യോഗസ്ഥന്, നികുതി ബാധ്യതയുള്ള ഒരാൾ രജിസ്ട്രേഷൻ എടുക്കാതിരുന്നാൽ അയാളെ രജിസ്റ്റർ ചെയ്യിക്കുവാനുള്ള നടപടിയെടുക്കാം.

എല്ലാ ഐക്യരാഷ്ട്ര സംഘടനാ ഘടകങ്ങളും വിദേശരാജ്യങ്ങളുടെ കോൺസുലേറ്റ് എംബസികൾ എന്നിവയും സർക്കാർ വിജ്ഞാപനം ചെയ്തിരിക്കുന്ന മറ്റു വിഭാഗത്തിലുള്ള വ്യക്തികളും ജി.എസ്.ടി. പോർട്ടലിൽനിന്നും ഒരു യൂണീക്ക് ഐഡന്റിഫിക്കേഷൻ നമ്പർ എടുക്കേണ്ടതാണ്. മേൽപ്പറഞ്ഞ ഐഡി എല്ലാ സംസ്ഥാനങ്ങളിലും ഒരേ ഘടനയുള്ളതും ജി.എസ്.ടി.ഐ.എൻ. ഘടനയോട് പൊരുത്തപ്പെടുന്നതും സംസ്ഥാനങ്ങൾക്കും കേന്ദ്രത്തിനും പൊതുവായുള്ളതുമാണ്. അടച്ച നികുതിയുടെ റീഫണ്ട് ചോദിക്കുന്നതിനും ജിഎ.സ്.ടി. നിയമത്തിൽ പറയുന്ന ഏത് ആവശ്യങ്ങൾക്കും യു.ഐ.എൻ. ആവശ്യമാണ്.

ഇത്തരം സംഘടനകൾക്ക് സപ്ലൈ ചെയ്യുന്ന നികുതിവിധേയ വ്യക്തികൾ ഇൻവോയിസ്സുകളിൽ യു.ഐ.എൻ കാണിക്കേണ്ടതാണ്. ഇത്തരം സപ്ലൈകൾ രജിസ്റ്റർ ചെയ്ത മറ്റു ഏതൊരാളിനുമുള്ള സപ്ലൈ പോലെ കണക്കാക്കേണ്ടതും സപ്ലൈയർ ഇൻവോയ്സുകൾ അപ്പ്ലോഡ് ചെയ്യേണ്ടതുമാണ്.

മറ്റ് സംസ്ഥാനങ്ങളിൽനിന്ന് സാധനങ്ങൾ വാങ്ങുന്നതും എന്നാൽ പുറത്തേയ്ക്ക് സാധനങ്ങൾ സപ്ലൈ ചെയ്യാത്തതുമായ (അതിനാൽ ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കേണ്ടതില്ലാത്ത) സർക്കാർ അധികാരികൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും നമ്പർ (യു.ഐ.ഡി) നൽകുന്നതാണ്. രജിസ്ട്രേഷൻ നടപടികൾ ഓൺലൈൻ സംവിധാനത്തിലൂടെയാണ്. ജി.എസ്.ടി. വെബ്സൈറ്റായ www.gst.gov.in-ൽ ഇത് ലഭ്യമാണ്.

രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചു കഴിയുമ്പോൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭിക്കുന്നതാണ്:

(ഡി) 2017-ലെ എസ്.ജി.എസ്.ടി. നിയമം 24-ാം വകുപ്പുപ്രകാരം താഴെ പറയുന്ന വ്യക്തികൾ നികുതിവിധേയ പരിധി നോക്കാതെ നിർബന്ധമായും രജിസ്ട്രേഷൻ എടുക്കേണ്ടവരാണ്.

- അന്തർ സംസ്ഥാന നികുതിവിധേയ വിതരണം നടത്തുന്നവർ
- താൽക്കാലികമായി നികുതി വിധേയവിതരണം നടത്തുന്നവർ (കാഷ്വൽ ടാക്സബിൾ പേഴ്സൺസ്)
- റിവേഴ്സ് ചാർജ് പ്രകാരം നികുതി അടയ്ക്കേണ്ടവർ
- നികുതി ബാധ്യത വരുന്ന തരത്തിലുള്ള സേവനങ്ങൾ ചെയ്യുന്ന ഇ-കോമേഴ്സ് ഓപ്പറേറ്റർമാർ
- നികുതി അടയ്ക്കുന്ന നോൺറസിഡന്റ്സ്
- വകുപ്പ് (51) പ്രകാരം സ്രോതസ്സിൽ നികുതി പിടിച്ച് അടയ്ക്കേണ്ടവർ
- ഏജന്റ് എന്ന നിലയിലോ അല്ലാതെയോ രജിസ്ട്രേഷൻ എടുത്ത, നികുതി വിധേയരായ വ്യക്തികൾക്കുവേണ്ടി ചരക്കുകളും സേവനങ്ങളും വിതരണം നടത്തുന്നവർ.
- ഇൻപുട്ട് സർവ്വീസ് ഡിസ്ട്രിബ്യൂട്ടർ
- 52-ാം വകുപ്പ് പ്രകാരം സ്രോതസ്സിൽ നികുതി പിരിക്കേണ്ടവർ

- ഇന്ത്യയ്ക്ക് പുറത്തുനിന്നും ഇന്ത്യയിലുള്ള വ്യക്തികൾക്കായി ഓൺലൈൻ വിവരങ്ങളും ഡാറ്റാബേസ് ആക്സസോ റിട്രീവൽ സർവ്വീസുകളോ ലഭ്യമാക്കുന്നവർ.
- കൗൺസിലിന്റെ ശിപാർശപ്രകാരം കേന്ദ്ര ഗവൺമെന്റോ സംസ്ഥാന സർക്കാരോ വിജ്ഞാപനപ്പെടുത്തുന്ന മറ്റ് ആളുകളും വിഭാഗങ്ങളും.

## വ്യവസായ സ്ഥാപനങ്ങളെ കരകയറ്റുന്നതിനായി പാക്കേജ്

9 (*339) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. വി. ജോയി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് തകർച്ചയിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ കരകയറ്റാനായി ഈ സർക്കാർ നടത്തിയ നവീകരണം, വിപുലീകരണം, വൈവിധ്യവൽക്കരണം തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ ആകെ നഷ്ടം കുറയ്ക്കുന്നതിന് സാധ്യമായിട്ടുണ്ടോ;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിനും കൃത്യമായ പാക്കേജ് തയ്യാറാക്കി ത്രികക്ഷി കരാറിൽ ഏർപ്പെട്ട് അവയെ ലാഭകരമാക്കുമെന്ന ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണിയിൽനിന്നും നേരിടുന്ന കനത്ത മത്സരത്തെ അതിജീവിക്കത്തക്കവിധത്തിൽ അവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സർക്കാർ മുൻഗണന നൽകി നടപ്പിലാക്കിവരുന്നത്. ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണനസാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം, മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഇതിന്റെ ഫലമായി 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള കാലയളവിൽ 2016-17-ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാൻ സാധിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും പ്രവർത്തനം പ്രത്യേകം പ്രവർത്തന അവലോകനത്തിന് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നിവയ്ക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

ഇതിനുവേണ്ടി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 270 കോടി രൂപയുടെ പദ്ധതി വിഹിത സഹായം അനുവദിച്ചിട്ടുണ്ട്. ഇത് മുൻ വർഷങ്ങളിലെ പദ്ധതി വിഹിതത്തിനേക്കാൾ ഉയർന്ന തുകയാണ്. ഇത് കൂടാതെ വിപുലമായ നവീകരണ വിപുലീകരണ പദ്ധതികൾ നടപ്പിലാക്കുവാൻ പ്രത്യേക ധനസഹായവും സർക്കാർ അനുവദിക്കുന്നതാണ്. സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ സർക്കാർ പരിശോധിച്ച് അംഗീകാരം നൽകിവരുന്നു. ഈ പദ്ധതികളുടെ നടത്തിപ്പിനായി ത്രികക്ഷി കരാറിൽ ഏർപ്പെടുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. കൂടാതെ പതിമൂന്നാം പഞ്ചവൽസര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രത്യേക നവീകരണ വിപുലീകരണ പദ്ധതികൾ കമ്പനികൾ ആവിഷ്കരിച്ചുവരികയാണ്.

ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന ടൈറ്റാനിയം മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഒരു "കോംപ്ലക്സ്" സ്ഥാപിക്കുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ടെക്സ്റ്റൈൽ മേഖലയിലെ പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്നിരുന്ന സ്ഥാപനങ്ങളുടെ സമഗ്രമായ നവീകരണ പരിപാടികൾക്കായി 15 കോടി രൂപയുടെ അധിക ധനസഹായം നൽകുക വഴി അവ തുറന്നു പ്രവർത്തിച്ചു. ടെക്സ്റ്റൈൽ മേഖലയിലെ സ്ഥാപനങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി രൂപീകരിച്ച വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് 2017 മേയ് മാസം സർക്കാരിന് സമർപ്പിക്കുകയും അതനുസരിച്ചുള്ള പദ്ധതികൾ സർക്കാർ പരിശോധിച്ച് വരുകയും ചെയ്യുന്നു.

## പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

10 (*340) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. ബാബു :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) ആധുനികവൽക്കരണത്തിനായി കേന്ദ്ര സർക്കാരിൽ നിന്നോ നബാർഡിൽ നിന്നോ ഫണ്ട് ലഭ്യമായിട്ടുണ്ടോ;

(സി) ഇത്തരം സംഘങ്ങൾ മുഖേനയുള്ള ഹ്രസ്വകാല കാർഷിക വായ്പാ വിതരണം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) എല്ലാ സഹകരണസംഘങ്ങൾക്കും ഒറ്റ സോഫ്റ്റ്‌വെയർ അഥവാ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ സഹകരണ ബാങ്കുകളേയും ഒരു ഏകീകൃത സോഫ്റ്റ്‌വെയർ സംവിധാനത്തിനുകീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. 31-3-2017-നകമായി എല്ലാ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലും കോർബാങ്കിംഗ് നടപ്പാക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. ആയത് നടപ്പാക്കുന്നതിന് 2016-17-ൽ ആകെ 26 സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

ഏകദേശം 35 ശതമാനത്തോളം പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും (PACS) 45 അർബൻ സഹകരണ ബാങ്കുകളിലും കോർബാങ്കിംഗ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോർബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിനനുസരിച്ച് പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ജില്ലാ സഹകരണ ബാങ്കുകളുടെ ആഭിമുഖ്യത്തിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യതകൾ പരിശോധിക്കുന്നതാണ്. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും കോർബാങ്കിംഗ് നടപ്പിലാക്കുന്നതിനുമായി 25 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക പങ്കാളിത്തത്തോടെ നബാർഡ് മുഖേന ജില്ലാ സഹകണ ബാങ്കുകളിലെ കോർബാങ്കിംഗ് സിസ്റ്റവുമായി ബന്ധിപ്പിച്ച് 63000 ഫങ്ഷണൽ പ്രാഥമിക കാർഷിക സഹകരണസംഘങ്ങളിൽ ഏകീകൃത കമ്പ്യൂട്ടർവൽക്കരണം മൂന്ന് വർഷങ്ങൾക്കുള്ളിൽ നടപ്പിലാക്കുന്നതിന് 1900 കോടി രൂപ വകമാറ്റിയിട്ടുള്ളതായി കേന്ദ്ര സർക്കാരിന്റെ 2017-18-ലെ ബജറ്റ് അവതരണത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിൽ നിന്നോ നബാർഡിൽനിന്നോ ഈ ആവശ്യത്തിലേക്കായി യാതൊരു ഫണ്ടും നാളിതുവരെ ലഭിച്ചിട്ടില്ല. പദ്ധതിയിൽ പങ്കാളിയാകാൻ സംസ്ഥാന സർക്കാരിന്റെ സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകളിൽനിന്നും രണ്ട് ഹെക്ടർ വരെ കൃഷിഭൂമിയുള്ള ചെറുകിട നാമമാത്ര കർഷകർ എടുക്കുന്ന ഹ്രസ്വകാല കാർഷിക വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് പൂർണ്ണമായ പലിശ സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ കൃത്യമായി വായ്പാത്തുക തിരിച്ചടയ്ക്കുന്ന നെൽക്കർഷകർക്ക് പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയും നിലവിലുണ്ട്.

**കേരള ബാങ്ക്**

11 (*341) ശ്രീമതി സി.കെ. ആശ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ എത്ര ശാഖകൾ ഉണ്ടാകണമെന്നാണ് ശ്രീറാം കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) നിലവിലുള്ള സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകളുടെ എണ്ണം ഗണ്യമായി കുറയുമ്പോൾ അധികമായി വരുന്ന ജീവനക്കാരോടുള്ള സമീപനം വ്യക്തമാക്കുമോ;

(സി) കേരള ബാങ്കിന്റെ ശാഖകൾ നഗര കേന്ദ്രീകൃതമായിരിക്കുമോ എന്നറിയിക്കാമോ; പ്രാഥമിക ബാങ്കുകളുമായി കേരള ബാങ്ക് ശാഖകൾ മത്സരിക്കുന്ന സാഹചര്യം ഒഴിവാക്കുമോ; വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്കിന്റെ ഭരണസമിതിയെക്കുറിച്ചും അതിന്റെ ഘടനയെക്കുറിച്ചുമുള്ള വിശദാംശങ്ങൾ നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുമ്പോൾ അടുത്ത 5 (അഞ്ച്) വർഷത്തിനകം പുനർഘടനയിലൂടെ ഒരു ജില്ലയിൽ ശാഖകളുടെ എണ്ണം 15 എണ്ണമോ 20 എണ്ണമോ ആയി നിജപ്പെടുത്തണമെന്ന് ശ്രീറാം കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

(ബി) നിലവിലുള്ള സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ശാഖകളായി മാറുന്നതാണ്. ശാഖകൾ നിലനിർത്തുന്നത് സംബന്ധിച്ച് ജീവനക്കാരുടെ താൽപ്പര്യത്തെ ദോഷകരമായി ബാധിക്കാത്ത സമീപനമായിരിക്കും സ്വീകരിക്കുന്നത്.

(സി) നിലവിലുള്ള സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ശാഖകളായി മാറുന്നതാണ്. നിലവിൽ പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്കുകളുടെ ശാഖകൾ പൂർണ്ണമായും നഗര കേന്ദ്രീകൃതമല്ല. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ശാഖകൾ പ്രാഥമിക ബാങ്കുകളുമായി നേരിട്ട് മത്സരിക്കുന്ന സാഹചര്യം ഒഴിവാക്കണമെന്ന് ശ്രീറാം കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(ഡി) ശ്രീറാം കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പൊതുജനാഭിപ്രായം ലഭിച്ച ശേഷം മാത്രമേ കേരള സഹകരണ ബാങ്കിന്റെ ഭരണ സമിതിയെക്കുറിച്ചും അതിന്റെ ഘടന എപ്രകാരമായിരിക്കണമെന്നതിനെ സംബന്ധിച്ചും തീരുമാനം കൈക്കൊള്ളുകയുള്ളൂ.

**സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിൽനിന്നും കരകയറ്റാൻ പാക്കേജ്**

12 (*342) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. ബി. സത്യൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പദ്‌വ്യവസ്ഥയെ മാന്ദ്യത്തിൽനിന്നും കരകയറ്റാനായി, കിഫ്ബി മുഖേന നിശ്ചല സമ്പാദ്യമായ പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിൽ എത്രമാത്രം വിജയിച്ചിട്ടുണ്ട്; സമ്പാദ്യം ആകർഷകമാക്കാനായി കിഫ്ബിയുടെ സ്കീമുകൾ എന്തെല്ലാമാണ്;

(ബി) കിഫ്ബി വഴിയല്ലാതെ ഇത്തരത്തിലുള്ള നിശ്ചല സമ്പാദ്യം നേരിട്ടുള്ള സ്വകാര്യ നിക്ഷേപമാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിപോഷിപ്പിക്കാനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നയപരവും ഭരണപരവുമായ ഇടപെടലുകൾ എന്തെല്ലാമാണ്;

(സി) സർക്കാരിന്റെ പണലഭ്യത (ലിക്വിഡിറ്റി മാനേജ്മെന്റ്) മെച്ചപ്പെടുത്താൻ ഉപകരിക്കുന്ന ട്രഷറികളുടെ ആധുനികവൽക്കരണം ത്വരിതപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് 2016-17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 2-ാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി പ്രത്യേക നിക്ഷേപ പദ്ധതി സർക്കാർ പ്രഖ്യാപിച്ചത്. ഇതിലൂടെയുള്ള വികസന പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് 1999-ൽ സ്ഥാപിതമായ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട്

ബോർഡിനെ (കിഫ്ബി) ശാക്തീകരിക്കാൻ തീരുമാനിക്കുകയും 2016-ലെ കിഫ് (ഭേദഗതി) ആക്ട് പ്രകാരം അത് നടപ്പിൽവരുത്തുകയും ചെയ്തു. സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള കടമെടുക്കൽ സംവിധാനത്തിന് കിഫ്ബി ഇന്ന് പ്രാപ്തമാണ്.

2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രവാസി നിക്ഷേപം ഉപയോഗപ്പെടുത്തുവാൻ കിഫ്ബിയുമായി സഹകരിച്ച് കെ.എസ്.എഫ്.ഇ.-എൻ.ആർ.ഐ. ഓൺലൈൻ ചിട്ടി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ചു. ഈ ചിട്ടി പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 2 ലക്ഷം മുതൽ 25 ലക്ഷംവരെ സലയുള്ള ചിട്ടികൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത ചിട്ടിയിൽനിന്നുള്ള വരുമാനം ബോണ്ടുകളായി സ്വീകരിച്ച് സംസ്ഥാനത്തിന്റെ തീരദേശ-മലയോര ഹൈവേ പദ്ധതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനം സർക്കാർ ലക്ഷ്യമിടുന്നു. ഇതിനുള്ള സോഫ്റ്റ്‌വെയർ സംവിധാനം പൂർത്തിയായിവരുന്നു. കെ.എസ്.എഫ്.ഇ എൻ.ആർ.ഐ. ഓൺലൈൻ ചിട്ടിയിൽ ചേരുന്നവർക്ക് ഇൻഷ്വറൻസ് പരിരക്ഷ, പെൻഷൻ ആനുകൂല്യം തുടങ്ങിയ ആകർഷകമായ സ്കീമുകൾ ഉൾപ്പെടുത്തുവാനും ഉദ്ദേശിച്ചിട്ടുണ്ട്. പരമ്പരാഗത ചിട്ടി/സമ്പാദ്യ പദ്ധതികളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഒരു അനുഭവമായിരിക്കും കെ.എസ്.എഫ്.ഇ. എൻ.ആർ.ഐ. ഓൺലൈൻ ചിട്ടി. പ്രവാസികളായ മലയാളികൾക്ക് ഒരു സമ്പദ് സുരക്ഷിതത്വം ഈ ചിട്ടി നൽകും എന്നത് തീർച്ചയാണ്. ഇപ്രകാരം സുരക്ഷിത സമ്പാദ്യത്തോടൊപ്പം നാടിന്റെ സുപ്രധാന വികസന പ്രോജക്ടുകളിൽ പങ്കാളിയാകുവാൻ ഓരോ വിദേശ മലയാളികൾക്കും കെ.എസ്.എഫ്.ഇ എൻ.ആർ.ഐ. ഓൺലൈൻ ചിട്ടിയിലൂടെ സാധ്യമാകുന്നു.

(ബി) സംസ്ഥാനത്തിന് താരതമ്യേന മത്സരക്ഷമതയുള്ള പുതുവളർച്ചാ മേഖലകളിലെ നിക്ഷേപം ആകർഷകമാക്കുന്നതിനുള്ള അടിസ്ഥാന ഇടപെടലുകൾക്കാണ് ഈ സർക്കാർ തുടക്കംകുറിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ പശ്ചാത്തല സൗകര്യ വികസനത്തിന് ഗണ്യമായ പൊതുമുതൽമുടക്ക് നടത്തി അതുവഴി പുതുവളർച്ചാ മേഖലകളിൽ നിക്ഷേപം ആകർഷിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വ്യവസായ, കാർഷിക വികസന പാർക്കുകളിൽ അടിസ്ഥാന സൗകര്യമൊരുക്കി പ്രവാസി നിക്ഷേപമടക്കം ആകർഷിക്കുവാനുതകുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലുണ്ട്.

പ്രവാസി കേരളീയരുടെ സമ്പാദ്യം പ്രയോജനപ്രദമായ രീതിയിൽ തിരിച്ചുവിടുന്നതിനും സംസ്ഥാനത്ത് പ്രവാസി കേരളീയരുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനും നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ എന്ന പദ്ധതിക്ക് സർക്കാർ ആരംഭം കുറിച്ചിട്ടുണ്ട്. വരുംവർഷങ്ങളിൽ സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായ പാർക്കുകളിലും മറ്റ് നിക്ഷേപ സംരംഭങ്ങളിലും പ്രവാസികൾക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്. അടിസ്ഥാന സൗകര്യ വികസനം, ഉൽപ്പാദനം, ഗതാഗതം എന്നീ മേഖലകളിൽ സാങ്കേതികവിദ്യയുടെ നവീകരണം പുതിയ

തൊഴിൽ സൃഷ്ടി എന്നിവ സാധ്യമാക്കുന്ന ലോകോത്തര നിലവാരമുള്ള വൻ പദ്ധതികൾ നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് നടപ്പിലാക്കുന്ന ഇത്തരം പദ്ധതികളിൽ പ്രവാസികളുടെ പങ്കാളിത്തം ഉറപ്പാക്കി മുന്നോട്ട് പോകുവാനാണ് നിലവിലെ സർക്കാരിന്റെ ലക്ഷ്യം.

(സി) സർക്കാരിന്റെ പണലഭ്യത മെച്ചപ്പെടുത്തുന്നതിനായി ട്രഷറികളിൽ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മിക്ക ധനകാര്യ സ്ഥാപനങ്ങളും നൽകുന്നതിനേക്കാൾ ഉയർന്ന പലിശനിരക്കിൽ ട്രഷറികൾ സ്ഥിര നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതാണ് അതിലൊന്ന്. സീനിയർ സിറ്റിസൺ പ്രായപരിധി 60 വയസ്സ് എന്നത് സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയതിലൂടെ സീനിയർ സിറ്റിസൺ ആയ നിക്ഷേപകർക്ക് ലഭിക്കുന്ന അര ശതമാനം അധിക പലിശ നൽകി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ സ്ഥിര നിക്ഷേപമായി ട്രഷറിയിൽ തന്നെ സ്വീകരിക്കുന്നു. ട്രഷറികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതി നടപ്പിലാക്കുന്നതിനും ട്രഷറികളുടെ പ്രവർത്തനങ്ങൾ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ പരിഷ്കരിക്കുന്നതിനുള്ള സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനവും (Integrated Financial Management System) ട്രഷറികളുടെ ആധുനികവൽക്കരണം ത്വരിതപ്പെടുത്താനായി സ്വീകരിച്ചിട്ടുള്ള നടപടികളാണ്. 2017-18-ലെ ബജറ്റ് പ്രഖ്യാപനപ്രകാരം 21 കോടി രൂപ ട്രഷറികളുടെ നവീകരണത്തിനായി വകയിരുത്തിയിട്ടുണ്ട്. ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ടുവഴി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ട്രഷറി ഇടപാടുകാരുടെ സൗകര്യാർത്ഥം കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൊബൈൽ ബാങ്കിംഗ് ഉൾപ്പെടെയുള്ള ഓൺലൈൻ സേവനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിയും പുരോഗമിക്കുന്നുവെന്നാണ് ലഭ്യമായ വിവരം. ട്രഷറികളെ നിക്ഷേപസൗഹൃദമാക്കുന്നതിന് ഐ.എഫ്.എം.എസ്.-ന്റെ ഭാഗമായി കൂടുതൽ പരിഷ്കാരങ്ങൾ കൊണ്ടുവരുന്നതാണ്.

**ജി.എസ്.ടി. മൂലം ഹൃദ്രോഗ ചികിത്സാ ചെലവിലുണ്ടായ വർദ്ധനവ്**

13 (*343) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നിലവിൽ വന്നതോടുകൂടി, പേസ് മേക്കർ ഉപയോഗിക്കുന്നതുൾപ്പെടെയുള്ള ഹൃദ്രോഗ ചികിത്സാ ചെലവുകൾ കാരുണ്യ ചികിത്സാ പദ്ധതിയുടെ പരിധിയിൽ നിന്നും പുറത്താകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചരക്ക് സേവന നികുതി പ്രകാരം പേസ് മേക്കറിന് എത്ര ശതമാനം നികുതിയാണ് നൽകേണ്ടതെന്നും അത് വിലയിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടാക്കിയെന്നും വ്യക്തമാക്കുമോ;

(സി) ചികിത്സാ ചെലവ് വലിയതോതിൽ വർദ്ധിച്ചതുകാരണം കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തെ സംരക്ഷിക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പേസ് മേക്കറിന് (HSN Code : 9021.50) 12% ആണ് നികുതി. പേസ് മേക്കർ വാറ്റ് നികുതിയിൽനിന്ന് ഒഴിവാക്കപ്പെട്ടിരുന്നുവെങ്കിലും കേന്ദ്ര എക്സൈസ് ഡ്യൂട്ടി വിലയുടെ ഭാഗമായിരുന്നു. ആയതിനാൽ നിലവിൽ ജി.എസ്.ടി. ചുമത്തിയത് വില കൂടുന്നതിന് കാരണമാവുകയില്ല.

(സി) ജീവൻരക്ഷാമരുന്നുകൾക്കും ആയുർവ്വേദ മരുന്നുകൾക്കും നികുതി 12%-ൽ നിന്ന് കുറയ്ക്കണമെന്ന് സംസ്ഥാനം ജി.എസ്.ടി. കൗൺസിലിൽ ആവശ്യപ്പെട്ടിട്ടുണ്ട്. സ്വകാര്യമേഖലയുൾപ്പെടെയുള്ള ആരോഗ്യസേവനം പൂർണ്ണമായും ജി.എസ്.ടി.-യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ഉൾനാടൻ ജലപാതയെ അടിസ്ഥാനമാക്കി വിനോദസഞ്ചാര വികസനം**

14 (*344) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലപാതകൾ വിനോദസഞ്ചാര മേഖലയുടെ വികസനത്തിൽ എത്രത്തോളം പങ്കാളിത്തം വഹിക്കുന്നുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള ഉൾനാടൻ ജലപാത വികസന പദ്ധതി പരിഗണനയിലുള്ള സാഹചര്യത്തിൽ അത് വിനോദസഞ്ചാര വികസനത്തിനുകൂടി പരമാവധി പ്രയോജനപ്പെടുത്താനുള്ള പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഇതുമായി ബന്ധിപ്പിക്കാനാവുമെന്ന് പരിശോധിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) നിലവിൽ ഇതുസംബന്ധിച്ച് പഠനങ്ങളൊന്നും ടൂറിസം വകുപ്പ് നടത്തിയിട്ടില്ല. എന്നാൽ ജലപാത പദ്ധതി ടൂറിസം മേഖലയ്ക്ക് കൂടുതൽ ഗുണകരമാകുമെന്ന് വകുപ്പ് പ്രതീക്ഷിക്കുന്നു. കേരളത്തിലെ വിനോദസഞ്ചാര മേഖലയുടെ വലിയൊരു ഭാഗം കായലുകളുമായി ബന്ധപ്പെട്ടുള്ളതാണ്. ഹൗസ് ബോട്ടുകൾ, ശിങ്കാരി വള്ളങ്ങൾ, സ്പീഡ് ബോട്ടുകൾ, പെഡൽ ബോട്ടുകൾ എന്നിവ ഈ മേഖലയിൽ ഉപയോഗിക്കപ്പെടുന്നു. വിവിധ കായലുകളിൽ നടത്തപ്പെടുന്ന വള്ളംകളി മത്സരങ്ങൾ വിനോദസഞ്ചാരം വിപുലപ്പെടുത്തും, കോവളം മുതൽ കാസർഗോഡ് വരെയുള്ള പശ്ചിമതീരം ജലപാത (വെസ്റ്റ് കോസ്റ്റ് കനാൽ) സംസ്ഥാനത്തെ കായലുകളെ പരസ്പരം ബന്ധിപ്പിച്ച് നിർമ്മിച്ചിട്ടുള്ളതാണ്. ഉൾനാടൻ ജലപാതകൾ കായൽ ടൂറിസത്തെ ചെറിയ കായലുകളിലേയ്ക്കുംകൂടി വിനോദസഞ്ചാരം വ്യാപിപ്പിക്കാൻ സഹായകരമാകും.

(ബി) പശ്ചിമതീരം ജലപാത (വെസ്റ്റ് കോസ്റ്റ് കനാൽ) യുടെ നവീകരണത്തോടൊപ്പം ഓരോ 20 കി.മീ. പരിധിക്കുള്ളിൽ ടൂറിസം അമിനിറ്റി സെന്റർ, ജലകേളീ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കുവാൻ ഉൾനാടൻ ജലഗതാഗത വകുപ്പ് ഉദ്ദേശിച്ചിട്ടുണ്ട്. ഇത് വിനോദസഞ്ചാരത്തിന് പ്രയോജനകരമാകും. ഉൾനാടൻ ജലപാത വികസന പദ്ധതി വിനോദസഞ്ചാര വികസനത്തിന് പ്രയോജനപ്രദമാക്കുന്നതിന് ടൂറിസം വകുപ്പ് മറ്റ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(സി) പശ്ചിമതീരം ജലപാത (വെസ്റ്റ് കോസ്റ്റ് കനാൽ)-യ്ക്കുപുറമെ ഏതാനും ഫീഡർ കനാലുകളും വികസിപ്പിക്കുന്നു. ചരക്ക് ഗതാഗതത്തിന് പുറമെ വിനോദ സഞ്ചാര കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തുവാൻ കഴിയുന്ന ഫീഡർ കനാലുകൾക്ക് മുൻഗണന നൽകും. ഇപ്രകാരം വികസിപ്പിക്കേണ്ട ഫീഡർ കനാലുകളെ സംബന്ധിച്ച പഠനം നാറ്റ്പാക് (NATPAC)വഴി നടപ്പിലാക്കുവാൻ ഉൾനാടൻ ജലഗതാഗത വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

## സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

15 (*345) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ദീഭവിച്ച സംസ്ഥാന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) നികുതി ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തനഫലമായി നികുതി വരുമാനത്തിൽ ഉണ്ടായ മാറ്റം അറിയിക്കാമോ;

(സി) ജി.എസ്.റ്റി. പ്രാവർത്തികമായി ഒരു മാസം പൂർത്തിയായപ്പോൾ സംസ്ഥാന ചരക്കുസേവന നികുതി വരുമാനത്തിൽ ഉണ്ടായ വ്യതിയാനം മുൻ മാസങ്ങളിൽ ലഭിച്ച മൂല്യവർദ്ധിത നികുതി വരുമാനവുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥയിലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്.

1. മൂലധന ചെലവിനായി വിപണിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിനും നിലവിലെ സാമ്പത്തികമാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് നടപ്പിലാക്കുവാനും 2016-17 ബജറ്റിൽ വ്യവസ്ഥചെയ്ത് തുടർനടപടി സ്വീകരിച്ചു.

2. 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ-യും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും സംസ്ഥാനത്തിന്റെ പശ്ചാത്തല വികസന മേഖലയിൽ സ്തംഭനാവസ്ഥയിലായിരുന്നവയടക്കമുള്ള പല പ്രമുഖ പദ്ധതികളും അതിവേഗം പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായി കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി ബോർഡ് (കെ.ഐ.ഐ.എഫ്.ബി.) പന്ത്രണ്ടായിരത്തിലധികം കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം നൽകി.

3. വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പലമടങ്ങ് പണം ബജറ്റിന് പുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽമുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.

4. 2016-17-ൽ 24000 കോടി രൂപയുടെ വാർഷിക പദ്ധതി പ്രവർത്തനങ്ങൾ ഏറ്റെടുത്തപ്പോൾ നടപ്പുവർഷം 26,500 കോടി രൂപയുടെ വാർഷിക പദ്ധതി നടപ്പിലാക്കിവരുന്നു.

5. 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കിവരുന്നു.

7. ഗുണഭോക്താക്കളെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ മുൻസർക്കാർ വരുത്തിയ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുകയെന്ന വാഗ്ദാനം പാലിക്കുവാനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

8. സംസ്ഥാന ട്രഷറിയിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കി. ട്രഷറി സേവിംഗ്സ് ബാങ്കിംഗിനായുള്ള കോർബാങ്കിംഗ് സിസ്റ്റം എല്ലാ ട്രഷറികളിലും പൂർത്തിയാക്കി.

9. തൊഴിൽക്ഷാമം പരിഹരിക്കുവാൻ പ്രതിവർഷം നേരിട്ടും അല്ലാതെയുമുള്ള 1000-ന് മേൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഏറ്റവും കുറഞ്ഞത് 1000 സൂക്ഷ്മ വ്യവസായ സംരംഭങ്ങൾ വർഷംതോറും കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ മുഖേന ആരംഭിക്കുന്നതിന് ഒരു സമഗ്ര പദ്ധതി ആലോചനയിലാണ്.

10. വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ-പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

11. 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണതോതിൽ അനുവദിച്ചു.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നികുതിചോർച്ച തടയുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും കൈക്കൊണ്ട ക്രിയാത്മകമായ നടപടികളുടെ ഫലമായി നോട്ട് നിരോധനം, ചരക്കുസേവന നികുതി നടപ്പിലാക്കൽ തുടങ്ങിയ പ്രതികൂല സാഹചര്യങ്ങൾക്കിടയിലും നികുതി വരുമാനത്തിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ സിംഹഭാഗവും സമാഹരിക്കുന്ന പ്രമുഖ വകുപ്പുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നികുതി പിരിവിൽ കൈവരിച്ചിട്ടുള്ള പുരോഗതി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

<u>രജിസ്ട്രേഷൻ വകുപ്പ്:</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുതല കണക്കുകൾ പ്രകാരം രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ തൊട്ടുമുൻവർഷത്തെ അപേക്ഷിച്ച് 121.83 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ 2017 ജൂലൈ വരെയുള്ള കാലയളവിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ഇതേ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ 39.18 കോടി രൂപയുടെ അധികവരുമാനം ലഭിച്ചിട്ടുണ്ട്.

<u>എക്സൈസ് വകുപ്പ്:</u>

2016 ആഗസ്റ്റ് മാസം മുതൽ 2017 ജൂലൈ മാസം വരെയുള്ള ഒരു വർഷ കാലയളവിൽ എക്സൈസ് വകുപ്പ് മുഖേനയുള്ള ആകെ നികുതി വരുമാനത്തിൽ, വകുപ്പുതല കണക്കുകൾ പ്രകാരം, 1.12% വർദ്ധനവ് ഉണ്ടായിട്ടുള്ളതാണ്. എന്നാൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ/സംസ്ഥാന പാതയോരങ്ങളിലെ മദ്യ വിൽപ്പനശാലകൾക്ക് 31-3-2017-നുശേഷം പ്രവർത്തനാനുമതി നൽകാത്തതിനാൽ മദ്യവിൽപ്പനയിൽ ഗണ്യമായ കുറവ് നേരിട്ടിട്ടുള്ളതും തൽഫലമായി എക്സൈസ് വകുപ്പ് മുഖേനയുള്ള നികുതി വരുമാനത്തിൽ വലിയ തോതിലുള്ള ഇടിവ് നേരിട്ടിട്ടുള്ളതുമാണ്. 2017-18 സാമ്പത്തിക വർഷം ജൂലൈ 31 വരെ മുൻവർഷത്തെ സമാന കാലയളവിനെ അപേക്ഷിച്ച് എക്സൈസ് വകുപ്പ് മുഖേനയുള്ള നികുതി വരുമാനത്തിൽ 3.06% കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്.

<u>മോട്ടോർ വാഹന വകുപ്പ്:</u>

2016-17 സാമ്പത്തിക വർഷത്തിൽ, വകുപ്പുതല കണക്കുകൾ പ്രകാരം നികുതിയിനത്തിൽ മോട്ടോർ വാഹന വകുപ്പ് പിരിച്ചെടുത്ത തുക 2565.51 കോടി രൂപയാണ്. അത് ലക്ഷ്യമിട്ടതിന്റെ 87.76% ആണ്. 2017-18 സാമ്പത്തിക വർഷത്തിൽ ജൂലൈ വരെയുള്ള കാലയളവിൽ 923.12 കോടി രൂപ നികുതിയായി സമാഹരിച്ചിട്ടുണ്ട്.

<u>സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ്:</u>

നികുതി ഭരണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തനഫലമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ 2016-17 സാമ്പത്തിക വർഷം വരുമാനത്തിൽ, വകുപ്പുതല കണക്കുകൾ പ്രകാരം 2886.31 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 1-7-2017 മുതൽ ചരക്കുസേവന നികുതി നടപ്പിലാക്കിയെങ്കിലും 2017 ജൂലൈ മാസത്തിലെ റിട്ടേൺ സമർപ്പിക്കുന്നതിന് ആഗസ്റ്റ് 20 വരെ സമയം അനുവദിച്ചിട്ടുള്ളതിനാൽ അതിനുശേഷം മാത്രമേ 2017 ആഗസ്റ്റ് മാസത്തിലെ ജി.എസ്.ടി. വരുമാനം സംബന്ധിച്ച കണക്കുകൾ ലഭ്യമാകുകയുള്ളൂ. അതുകൊണ്ട് മുൻമാസങ്ങളിൽ ലഭിച്ച മൂല്യവർദ്ധിത നികുതി വരുമാനവുമായി ചരക്ക് സേവന നികുതി താരതമ്യപ്പെടുത്തുക നിലവിൽ സാധ്യമല്ല.

## ബാങ്കുകളുടെ സംയോജനവും കേരള ബാങ്ക് രൂപീകരണവും സംബന്ധിച്ച അനുമതി

16 (*346) ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ സംയോജനവും കേരള ബാങ്ക് രൂപീകരണവും സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെയും റിസർവ് ബാങ്കിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച 5 അംഗ വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശ്രീറാം കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് പൊതുജനാഭിപ്രായം ലഭിച്ചശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതി ആവശ്യമില്ല.

## വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ

17 (*347) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഇതിനായി എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) എന്തെല്ലാം ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളുമാണ് സംരംഭകർക്ക് നൽകാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) സംസ്ഥാനത്ത് പരിസ്ഥിതിക്ക് ഇണങ്ങുന്ന വ്യാവസായിക പുരോഗതി കൈവരുത്തുന്നതിനും അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്ക് അനുസരിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അതിലൂടെ സാമ്പത്തിക വളർച്ചയുമാണ് സർക്കാർ ലക്ഷ്യംവക്കുന്നത്. നിലവിലുള്ള വ്യവസായങ്ങളെ പരിപോഷിപ്പിച്ചും പൊതു-സ്വകാര്യ മേഖലകളിൽ ആധുനിക വ്യവസായ സംരംഭങ്ങൾ ആരംഭിച്ചും കേരളത്തെ സമ്പൂർണ്ണ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റിയെടുക്കാനുള്ള ഫലപ്രദവും ക്രിയാത്മകവുമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. അതിന്റെ ഭാഗമായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതിപ്രകാരം 'കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്റ്റ്' നടപ്പിലാക്കാനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. അതുവഴി സംരംഭങ്ങൾക്ക് ആവശ്യമായ ക്ലിയറൻസ് നടപടിക്രമങ്ങൾ സുതാര്യവും സുഗമമായതും ആകാൻ കഴിയും.

(ബി) വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ് സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, നൈപുണ്യ വികസന പദ്ധതി (Skill Development programme) തുടങ്ങിയ പദ്ധതികൾ നടത്തിവരുന്നു. ബോധവൽക്കരണ/ പരിശീലന ക്ലാസ്സുകൾക്കും സംരംഭകത്വ വികസന പരിശീലന പരിപാടികൾക്കും പുറമെ MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി, എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, ബിസിനസ് റ്റു ബിസിനസ് മീറ്റ് എന്നീ പരിപാടികളും സംഘടിപ്പിച്ചു വരുന്നു.

(സി) സംസ്ഥാനത്തെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, കിൻഫ്ര എന്നിവയുടെകീഴിൽ നിരവധി നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

സംരംഭകത്വ സഹായ പദ്ധതി: -പ്രസ്തുത പദ്ധതിയിലൂടെ വ്യവസായ വകുപ്പ് സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനത്തിന്റെ 15% സഹായമായും നൽകുന്നു. പരമാവധി 20 ലക്ഷം രൂപ വരെ. വനിതാ- യുവസംരംഭകർക്കും പട്ടികജാതി/ പട്ടികവർഗ്ഗ സംരംഭകർക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം തരുന്നു. പരമാവധി 30 ലക്ഷം രൂപ.

ഇ ഡി ക്ലബ്ബ്: യുവതയെ തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളായി വികസിപ്പിക്കുന്നതിനും അവരിൽ വ്യക്തിത്വ വികസന വളർച്ച സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികളിലെ നവ ആശയങ്ങളെ രൂപകൽപ്പന ചെയ്ത് യുവസംരംഭകരാക്കി വളർത്തിയെടുക്കുന്നതിനായി ഇ. ഡി. (എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ്) ക്ലബ്ബുകൾ പ്രവർത്തിച്ചു വരുന്നു.

ഇൻകുബേഷൻ സെന്ററുകൾ: പുതിയ വ്യവസായ ആശയങ്ങളുമായി മുന്നോട്ട് വരുന്ന സംരംഭകരുടെ സ്വപ്നം സാക്ഷാൽക്കരിക്കാനാവശ്യമായ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്നതിനാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നത്.

ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം: ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായസംരംഭങ്ങൾക്ക് സഹായകരമാവുന്ന വിധത്തിൽ കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ MSE-CDP പദ്ധതി നടപ്പിലാക്കിവരുന്നു.

മേൽപ്പറഞ്ഞവ കൂടാതെ ബോധവൽക്കരണ ക്ലാസ്സുകൾ പരിശീലന പരിപാടികൾ, മെഷിനറി എക്സിബിഷൻ തുടങ്ങിയ പദ്ധതികൾ ബ്ലോക്ക് തലം മുതൽ ജില്ലാതലംവരെ നടത്തിവരുന്നു. കേരളത്തിലെ ഭൂമി ദൗർലഭ്യം കണക്കിലെടുത്ത് പശ്ചാത്തല സൗകര്യ വികസനം ഒരുക്കുന്നതിനായി പ്രധാന വ്യവസായ വികസന മേഖലകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് സംരംഭകർക്ക് നൽകുന്ന പദ്ധതി നിലവിലുണ്ട്. അതിന്റെ തുടക്കമായി എറണാകുളം ജില്ലയിൽ എടയാറിൽ ബഹുനില സമുച്ചയം നിർമ്മിച്ച് സംരംഭകർക്ക് അനുവദിച്ചുകഴിഞ്ഞു. തൃശ്ശൂർ ജില്ലയിലെ പുഴക്കൽ പാടത്ത് മറ്റൊരു സമുച്ചയത്തിന്റെ പണി പൂർത്തിയായി. തിരുവനന്തപുരം, ആലപ്പുഴ, പാലക്കാട് എന്നീ ജില്ലകളിലെ സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്.

## വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് പദ്ധതി

18 (*348) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി പ്രസരണരംഗത്തുണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് സ്വീകരിച്ച നടപടികൾ വഴി എത്രത്തോളം പ്രസരണനഷ്ടം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വഴി വൈദ്യുതി പ്രസരണ ശൃംഖലയിലെ പ്രസരണനഷ്ടം 2015-16 അവസാന പാദത്തിലെ 4.52% എന്നതിൽനിന്നും നേരിയതോതിൽ കുറഞ്ഞ് 2017-18 ആദ്യപാദത്തിൽ 4.5% ആയി കുറഞ്ഞിട്ടുണ്ട്.

(ബി) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി, കെ.എസ്.ഇ.ബി.എൽ. ട്രാൻസ് ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് ഏകദേശം 10000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ഇതിൽ 13 ലൈൻ പാക്കേജുകളും 9 സബ് സ്റ്റേഷൻ പാക്കേജുകളും ഉൾപ്പെടുന്നു.

കൂടാതെ, 2017-18 കാലയളവിൽ പൂർത്തീകരിക്കേണ്ട പദ്ധതികളുടെ അനുവൽ പ്ലാനിൽ ഉൾപ്പെടുത്തി 41 സബ് സ്റ്റേഷനുകൾ പുതിയതായി നിർമ്മിക്കുവാനും 10 സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കാനും 16 ലൈൻ പ്രവൃത്തികൾ പൂർത്തിയാക്കുവാനും പദ്ധതിയിട്ടിട്ടുണ്ട്. മാടക്കത്തറ 400 കെ.വി. സബ്സ്റ്റേനുകളിലെയും മറ്റ് പല സബ്സ്റ്റേഷനുകളിലെയും ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുവാനും പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുവാനുമുള്ള പ്രവൃത്തികളും പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## വിനോദസഞ്ചാര നയം പരിഷ്കരിക്കാൻ നടപടി

19 (*349) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. മുകേഷ് :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽപേർക്ക് ആകർഷകമായ തൊഴിൽ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ വിനോദസഞ്ചാരം വികസിപ്പിക്കാൻ ഉതകുന്ന രീതിയിൽ വിനോദസഞ്ചാര നയം പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകൾക്ക് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച വിവിധ പദ്ധതികൾ നിരവധി വർഷങ്ങളായിട്ടും പൂർത്തിയാക്കാൻ സാധിക്കാതെ നിഷ്ഫലമായിരിക്കുന്ന സ്ഥിതി പരിഹരിക്കാൻ നടപടിയെടുക്കുമോ;

(സി) പ്രഖ്യാപിക്കുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട ഇടപെടൽ നടത്തുമോ എന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്. 2012-ൽ ആവിഷ്കരിച്ച നിലവിലെ ടൂറിസം നയത്തിന്മേൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയും പുതുതായി വേണ്ടുന്നത് ഉൾപ്പെടുത്തിയും ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള പുതിയ ടൂറിസം നയം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

ടൂറിസം മേഖലയുടെയും അനുബന്ധ മേഖലകളുടെയും സമഗ്ര വികസനം ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം കൂടുതൽ തൊഴിൽ സാധ്യത, പരിസ്ഥിതി സൗഹൃദ ടൂറിസം വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്വ ടൂറിസം പ്രോത്സാഹിപ്പിക്കുക എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, സാഹസിക വിനോദസഞ്ചാര പദ്ധതികൾ, യുവ സഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ തുടങ്ങിയവയാണ് പുതിയ ടൂറിസം നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തവും നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുന്ന കാര്യവും പരിഗണിക്കുന്നതാണ്.

കേരളത്തിനെ ലോകോത്തര നിലവാരത്തിലുള്ള വിനോദസഞ്ചാര കേന്ദ്രമാക്കുവാനുള്ള നടപടികളുടെ ഭാഗമായി നിലവിലെ പരിസ്ഥിതിക്ക് കോട്ടം വരാതെ ആധുനിക മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ നടപ്പിലാക്കുക,കേരളത്തിന്റെ പൈതൃകമൂല്യം പുനരുജ്ജീവിപ്പിക്കും വിധമുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തുടങ്ങിയ ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയുള്ള താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

1. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കംനൽകി വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
2. വിനോദസഞ്ചാരികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. പാരിസ്ഥിതിക പരിഗണനകൾക്ക് മുൻതൂക്കംനൽകിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻഗണന നൽകുക.
4. പ്രാദേശിക തലത്തിലുള്ള വിനോദസഞ്ചാര വികസന പദ്ധതികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
5. യുവസഞ്ചാരികളെ ആകർഷിക്കുന്നതിനായി സാഹസിക വിനോദ സഞ്ചാരത്തിന് പ്രത്യേക ഊന്നൽ നൽകുക.
6. ലോക വിനോദസഞ്ചാര ഭൂപടത്തിൽ കേരളത്തെ ആഗോള ബ്രാൻഡായി വികസിപ്പിക്കുക.
7. വിപണനത്തിന് ആധുനികവും നൂതനവുമായ മാർഗ്ഗങ്ങളും നൂതന സാങ്കേതികവിദ്യയുടെ പ്രയോജനപ്പെടുത്തലും ഉൾപ്പെടുത്തുക
8. ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും കേരളത്തിന്റെ വിപണി വിഹിതം ഗണ്യമായി വർദ്ധിപ്പിക്കൽ
9. ഉത്തരവാദിത്ത ടൂറിസം മിഷൻ
10. യുവ സംരംഭകർക്ക് പ്രോത്സാഹനം
11. വനിതാ സംരംഭങ്ങൾക്ക് പ്രാതിനിധ്യം

12. നൂതന ടൂറിസം ഉൽപ്പന്നങ്ങൾ
13. ടൂറിസം കേന്ദ്രങ്ങളിൽ ബാല സൗഹൃദ പ്രവർത്തനങ്ങൾ
14. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ
15. ലാന്റ് ബാങ്ക് രൂപീകരണം
16. ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

(ബി) നിലവിൽ പദ്ധതി കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനായി നിയോജക മണ്ഡലം അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇതിന് പുറമെ വകുപ്പുതലത്തിൽ 14 ജില്ലകളിലെയും പ്രോജക്ടുകളുടെ നടത്തിപ്പിനെ കുറിച്ചുള്ള അവലോകന യോഗം 5-6-2017, 11-7-2017 തീയതികളിൽ നടത്തുകയുണ്ടായി.

(സി) സ്ഥലലഭ്യത, വിവിധ ഏജൻസികളിൽനിന്നുള്ള അനുമതികൾ, തീരദേശ പരിപാലന ചട്ടപ്രകാരമുള്ള അനുമതി (CRZ) എന്നിവ ലഭ്യമാക്കുന്നതിലെ പ്രശ്നങ്ങളാണ് ടൂറിസം വകുപ്പിലെ ചില പദ്ധതികൾക്ക് തടസ്സമായിട്ടുണ്ടായിരുന്നത്. നിലവിൽ പദ്ധതി കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനായി നിയോജക മണ്ഡലം അടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

## പരമ്പരാഗത വ്യവസായങ്ങൾക്കുള്ള സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ

20 (*350) ശ്രീ. പി. കെ. ശശി :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങളായ ഖാദി, കൈത്തറി, ഈറ്റ, പനമ്പ് തുടങ്ങിയ മേഖലകളെ, തൊഴിൽ സംരക്ഷിച്ചുകൊണ്ട് നവീകരിക്കാനായി ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) വിപണി വിപുലീകരണത്തിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പുവരുത്തിക്കൊണ്ട് കൈവേലക്കാരുടെ ഉൽപ്പന്നങ്ങൾ വാങ്ങി സംഭരിച്ച് വിപണനം നടത്താൻ പദ്ധതി ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ?

വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചുകൊണ്ട് അവരുടെ അദ്ധ്വാനഭാരം കറയ്ക്കുന്നതിനായി ഉചിതമായ തോതിൽ യന്ത്രവൽക്കരണം നടത്തുന്നതിനും അവരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിനും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനും സാങ്കേതിക സഹായം നൽകുന്നതിനും സർക്കാർ നടപടി സ്വീകരിച്ചു വരുന്നു.

കൈത്തറി മേഖലയിൽ ആധുനികവൽക്കരണത്തിന്റെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിന്റേയും ഭാഗമായി തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതികവിദ്യ ലഭ്യമാക്കൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. പ്രീലും സൗകര്യങ്ങൾ, തറി അനുബന്ധ ഉപകരണങ്ങളായ സ്റ്റീൽ റീഡ്, ഷട്ടിൽ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനായി സഹകരണ സംഘങ്ങളിലെ നെയ്ത്തുകാർക്ക് ധനസഹായം നൽകുന്നു. പ്രാഥമിക സഹകരണ സംഘങ്ങളുടേയും തൊഴിലാളികളുടേയും പണിശാല നവീകരണത്തിന് ധനസഹായം നൽകുന്നു.

ഒരു വീട്ടിൽ ഒരു തറി എന്ന പദ്ധതിയിലൂടെ തറി സ്ഥാപിക്കുവാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും നെയ്ത്ത് ആരംഭിക്കുവാൻ ധനസഹായം നൽകുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്നവിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലൈവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, ഫീഡർ യൂണിറ്റുകൾ പുനഃക്രമീകരിച്ച് ശക്തിപ്പെടുത്തൽ, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു. മുളകൊണ്ടുള്ള വിവിധ കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനായി ബാംബൂ ഇന്നൊവേഷൻ സെന്ററും മുള സംസ്കരിച്ച് ഫർണിച്ചർ നിർമ്മിക്കുന്നതിനായി ഇംപ്രഗ്നേഷൻ യൂണിറ്റും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ തൊഴിലുപകരണങ്ങളുടെ ആധുനികവൽക്കരണത്തിനും സാങ്കേതിക വിദ്യാവികസനത്തിനും ഗുണമേന്മാ വർദ്ധനവിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പരമ്പരാഗതരീതിയിൽ ഊന്നിയുള്ള മാറ്റങ്ങൾ മാത്രമെ ഖാദി മേഖലയിൽ അനുവദനീയമായുള്ളൂ. എന്നതിനാൽ ഈ മേഖലയിൽ മാറ്റം വരുത്തുന്നതിന് പരിമിതികളുണ്ട്. എന്നിരുന്നാലും മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായി കൂടുതൽ ആയാസരഹിതമായ യന്ത്രസാമഗ്രികൾ തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടുകൂടി വർക്ക്ഷെഡ് പദ്ധതി, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, സ്ലീറ്റ് വീവിംഗ്, ഖാദിഗ്രാമം പദ്ധതി, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ, ഖാദിയിലെ വൈവിദ്യവൽക്കരണം തുടങ്ങിയവയ്ക്കായി നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനത്തിനായി ഓണം, ക്രിസ്തുമസ്, വിഷു, റംസാൻ, മറ്റ് പ്രാദേശിക ഉത്സവങ്ങൾ എന്നീ അവസരങ്ങളിൽ കൈത്തറി എക്സ്പോകൾ സംഘടിപ്പിക്കുന്നുണ്ട്. നാഷണൽ ഹാന്റ് ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ തുടങ്ങിയവ സംഘടിപ്പിക്കുന്ന നാഷണൽ, ഇന്റർനാഷണൽ മേളകളിൽ പങ്കെടുക്കുന്നതിന് പ്രാഥമിക കൈത്തറി സഹകരണ നെയ്ത്ത് സംഘം, ഹാന്റെക്സ്, ഹാന്റ് വീവ് എന്നിവർക്ക് ധനസഹായം നൽകിവരുന്നു. കേരളത്തിലെ കൈത്തറി ഉൽപ്പന്നങ്ങൾക്ക് പൊതുവായ ഗുണമേന്മ മാനദണ്ഡം ഉണ്ടാക്കുന്നതിനും അവയെ ഒരു പൊതു ബ്രാന്റിന്റെകീഴിൽ കൊണ്ടുവരുന്നതിനുമായി കേരള ഹാന്റ് ലൂം ഉൽപ്പന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റ് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

വിപണി വിപുലീകരണം ലക്ഷ്യമിട്ട് ഈറ്റ, മുള എന്നിവയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുക എന്ന ഉദ്ദേശ്യത്തോടെ പാലക്കാട് ജില്ലയിലെ തെങ്കുറുശ്ശി ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ബാംബൂ കർട്ടനുകൾ, ടൂത്ത് പിക്ക്, കർട്ടൻ ബ്ലിൻഡ്സ്, ഇൻസെൻസ് സ്റ്റിക്ക്, ബാംബൂ സ്ലിപ്പ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം ആരംഭിക്കുവാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പനമ്പിന്റെയും ബാംബൂ പ്ലൈയുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഡിപ്പോകളിൽ യന്ത്രവൽക്കരണം നടപ്പാക്കിവരുന്നു. ഈറ്റകളിൽനിന്നും അളികീറി ഗുണ നിലവാരമുള്ള പനമ്പ് നെയ്യുന്നതിനായി സ്ലീവറിംഗ് യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. ബാംബൂ

മേഖലയിലെ കരകൗശല തൊഴിലാളികൾക്ക് വിപണിലഭ്യത ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന ബാംബൂ മിഷൻ കേരള ബാംബൂ ഫെസ്റ്റ് എല്ലാ വർഷവും സംഘടിപ്പിച്ചുവരുന്നു. ദേശീയ-അന്തർദേശീയ മേളകളിൽ ബാംബൂ മേഖലയിലെ കരകൗശലക്കാരെ പങ്കെടുപ്പിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും കേരള സംസ്ഥാന ബാംബൂ മിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി ഉൽപ്പന്നങ്ങളുടെ വിപണി വിപുലീകരണത്തിനായി കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് ഉത്സവ കാലത്ത് സംസ്ഥാനത്തുടനീളം വിപണന മേളകൾ സംഘടിപ്പിക്കുകയും സർക്കാർ അർദ്ധസർക്കാർ ജീവനക്കാർക്ക് ക്രെഡിറ്റ് സംവിധാനം, ഉത്സവകാലങ്ങളിൽ സമ്മാന പദ്ധതി എന്നിവ നടപ്പാക്കുകയും ചെയ്യുന്നു. ഖാദി ഉൽപ്പന്നങ്ങൾക്കായി കൂടുതൽ വിൽപ്പനശാലകൾ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) കൈത്തറി മേഖലയിൽ തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് നിലവിലുള്ള വേതനഘടനയിൽനിന്നും മെച്ചപ്പെട്ട സാഹചര്യം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വരുമാനം ഉറപ്പാക്കൽ പദ്ധതി, ഉൽപ്പാദന വർദ്ധനവിനനുസരിച്ച് പ്രൊഡക്ഷൻ ഇൻസെന്റീവ്, ആരോഗ്യകരമായ പ്രശ്നങ്ങൾക്ക് പരിഹാരമായി ഇൻഷ്വറൻസ് പരിരക്ഷ എന്നിവയും തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി വീടിനോട് ചേർന്ന പണിപ്പുര സ്ഥാപിക്കുന്നതിന് ധനസഹായം, തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം എന്നീ പദ്ധതികളും നടപ്പാക്കിവരുന്നു. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നു. ഹാന്റക്സ് പ്രാഥമിക സംഘങ്ങളിൽനിന്നും കൈത്തറി തുണികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു.

ഈറ്റ-പനമ്പ് നെയ്ത്ത് മേഖലയിൽ തൊഴിലാളികൾക്കായി മിനിമം വേജസ് പദ്ധതി നടപ്പാക്കിവരുന്നു. ഈറ്റ വനത്തിൽനിന്നും ശേഖരിച്ച് നെയ്ത്ത് തൊഴിലാളികൾക്ക് നൽകി അവർ ഈറ്റകൊണ്ട് നെയ്ത്ത് തരുന്ന പനമ്പ് വിലയ്ക്ക് വാങ്ങി ശേഖരിച്ച് വിപണനം നടത്തുകയെന്നതാണ് കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ പ്രധാന പ്രവർത്തനം.

ഖാദി മേഖലയിൽ വരുമാന താങ്ങൽ പദ്ധതിയിലൂടെ മിനിമം കൂലി ഉറപ്പാക്കിയിട്ടുണ്ട്. കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിന്റെ കേരളത്തിലുടനീളമുള്ള വിപണന ശൃംഖലകളിലൂടെ ഖാദി ഗ്രാമവ്യവസായ മേഖലയിലെ കൈവേലക്കാരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് ആവശ്യമായ പ്രോസസ്സിംഗ് നടത്തി വിറ്റഴിക്കുന്നു.

## പദ്ധതിപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി

21 (*351) ശ്രീ. കെ. രാജൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പദ്ധതി പ്രവർത്തനങ്ങളുടെ വേഗതയും കാര്യക്ഷമതയും കൂട്ടുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്ന് മാസം സംസ്ഥാന വാർഷിക പദ്ധതിയുടെ എത്ര ശതമാനം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയത്; വ്യക്തമാക്കുമോ;

(സി) നബാർഡിന് സമർപ്പിക്കേണ്ട ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന ഫണ്ട് (RIDF), തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിൽ ആദ്യ മൂന്ന് മാസം കൈവരിച്ച പുരോഗതി വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് വിവിധ തലങ്ങളിൽ നിരീക്ഷണവും അവലോകനവും വിലയിരുത്തലും നടത്തുന്നുണ്ട്. മുഖ്യമന്ത്രി അദ്ധ്യക്ഷനായും ചീഫ് സെക്രട്ടറിയും എല്ലാ വകുപ്പുസെക്രട്ടറിമാരും അംഗങ്ങളായും രൂപീകരിച്ച Plan Expenditure Review Committee ഓരോ ത്രൈമാസത്തിനുശേഷവും തൊട്ടുമുമ്പുള്ള ത്രൈമാസത്തിന്റെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇതുകൂടാതെ മുഖ്യമന്ത്രി തലത്തിൽ പ്രത്യേക പദ്ധതി അവലോകന യോഗങ്ങളും ചേരാറുണ്ട്. എല്ലാ മാസവും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതുകൂടാതെ ഓരോ പദ്ധതിക്കും വകയിരുത്തിയ പദ്ധതി വിഹിതവും അതിന് ചെലവായ തുകയും നിരീക്ഷിക്കുന്നതിന് പ്ലാൻ സ്പേസ് എന്ന മോണിറ്ററിംഗ് സംവിധാനം ആസൂത്രണ ബോർഡിൽ നിലവിലുണ്ട്. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽതന്നെ പദ്ധതി നിർവ്വഹണം ത്വരിതഗതിയിലാക്കുന്നതിന് 2017-18 സാമ്പത്തിക വർഷത്തിൽ 1516.88 കോടി രൂപയുടെ പദ്ധതികളാണ് ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുകൂടാതെ 2017-18 സാമ്പത്തിക വർഷം മുതൽ പ്രാബല്യത്തിൽവന്ന ധന വകുപ്പിന്റെ 30-3-2017 തീയതിയിലെ 20/2017/ ധന. നമ്പർ സർക്കുലർ പ്രകാരം പദ്ധതി ചെലവുകൾ അവസാന മാസത്തിലേയ്ക്ക് മാറ്റി വയ്ക്കുന്നത് ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കുലർ

പ്രകാരം മാർച്ച് മാസത്തിനുമുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളടക്കം എല്ലാ വകുപ്പുകളും 85 ശതമാനം പദ്ധതിച്ചെലവ് നടത്തിയിരിക്കണമെന്നും ബാക്കി 15 ശതമാനം മാർച്ച് മാസത്തിൽ ചെലവ് ചെയ്യാനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഇപ്രകാരം പദ്ധതി വിഹിതം ചെലവഴിക്കുമ്പോൾ അവസാന പാദത്തിലെ ചെലവ് 33 ശതമാനത്തിൽ കൂടരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഏകോപനത്തിനും പദ്ധതി സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനുംവേണ്ടി ഒരു സ്പെഷ്യൽ സെക്രട്ടറിയുടെ കീഴിൽ പ്രത്യേക സെൽ (Co-ordination Cell for Centrally Sponsored Scheme) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെൽ ഡൽഹിയിലെ കേരള ഹൗസിലുള്ള റസിഡന്റ് കമ്മീഷണറുമായും കേന്ദ്ര സർക്കാരിലെ വിവിധ മന്ത്രാലയങ്ങളുമായും ബന്ധപ്പെട്ട് കേന്ദ്ര സഹായം നേടിയെടുക്കുന്നതിന് ശ്രമിക്കുന്നുണ്ട്.

(ബി) 16-3-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽനടന്ന പ്രത്യേക പദ്ധതി അവലോകന യോഗത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ ജൂൺ മാസാവസാനത്തിനുമുമ്പ് 60% പദ്ധതികൾക്കും ഭരണാനുമതി നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിന്റെ ഫലമായി ഈ സാമ്പത്തിക വർഷത്തിന്റെ ആദ്യ മൂന്നുമാസം സംസ്ഥാന വാർഷിക പദ്ധതിയുടെ 63% പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടുണ്ട്.

(സി) നബാർഡിന് സമർപ്പിക്കേണ്ട ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന ഫണ്ട് (RIDF), തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിൽ ആദ്യ മൂന്ന് മാസം കൈവരിച്ച പുരോഗതി യഥാക്രമം 17.51%, 5.58% ആണ്. വിശദാംശങ്ങൾ അനുബന്ധം 1, 2 ആയി ചേർക്കുന്നു.*

## സംസ്ഥാനത്തിന്റെ ആഭ്യന്തര കടം

22 (*352) ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ആഭ്യന്തര കടത്തിൽ 2016 മാർച്ച് 31-ന്ശേഷം എത്ര വർദ്ധനവ് രേഖപ്പെടുത്തി എന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ നികുതി പിരിവിൽ വർദ്ധനവ് വന്നിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ധന ഉത്തരവാദിത്ത നിയമവ്യവസ്ഥകൾ പാലിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതുമൂലം ഉണ്ടാകാവുന്ന ഭവിഷ്യത്തുകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2016 മാർച്ച് 31-ന്ശേഷം 2017 ഫെബ്രുവരി വരെയുള്ള സംസ്ഥാനത്തിന്റെ ആഭ്യന്തര കടത്തിൽ 12797 കോടി (തനി) രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 1-4-2015 മുതൽ 29-2-2016 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 33969.90 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 1-4-2016 മുതൽ 28-2-2017 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 37224.79 കോടി രൂപയാണ്. ഇതുപ്രകാരം കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ കാലയളവിൽ 3254.89 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(സി) 2015-16 മുതൽ 2019-20 വരെയുള്ള കാലയളവിലേയ്ക്ക് സാമ്പത്തിക ദൃഢീകരണത്തിനായി ഒരു പുതുക്കിയ റോഡ് മാപ്പ് 14-ാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. ഇതിൻപ്രകാരം ധനകമ്മി/ജി.എസ്.ഡി.പി., കടം/ജി.എസ്.ഡി.പി. ലക്ഷ്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കേരള ധന ഉത്തരവാദിത്വ നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

**പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ**

23 (*353) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിനും ഇത് സംബന്ധിച്ച് ആവശ്യമായ പ്രചരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) ഈ മേഖലയിൽ അനെർട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര ഊർജ്ജ വകുപ്പിന്റെ എന്തെല്ലാം സഹായങ്ങളാണ് അനെർട്ടിന്റെ വിവിധ പദ്ധതികൾക്ക് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ;

(ഡി) അനർട്ട് നടപ്പാക്കിവരുന്ന ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള ഊർജ്ജ ഉൽപ്പാദനം സാധ്യമാകുന്നതിനായി KSEBL-ൽ ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ് എന്ന വിഭാഗം പ്രവർത്തിച്ചുവരുന്നു. ഈ വിഭാഗത്തിന്റെ രൂപീകരണത്തിനുശേഷം അതിന്റെ പ്രവർത്തനഫലമായി കേരളത്തിലാകെ 79.7 MW സോളാർ പദ്ധതികളും 24.4 MW കാറ്റിൽനിന്നുള്ള പദ്ധതികളും ഗ്രിഡുമായി ബന്ധിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

സൗരോർജ്ജത്തിൽ നിന്നുള്ളവ

| | |
|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് (ഗ്രിഡ് കണക്റ്റഡ്) | 10.399 MW |
| ഉപഭോക്താക്കൾ (ഗ്രിഡ് കണക്റ്റഡ്) | 6.9 MW |
| CIAL | 23.19 MW |
| Hindalco | 1 MW |
| അനെർട്ട് | 2 MW |
| സോളാർ പാർക്ക് | 36 MW |
| ആകെ | 79.7 MW |

കാറ്റിൽ നിന്നുള്ളവ

| | |
|---|---|
| ഇനോക്സ് | 16 MW |
| അഹല്യ | 8.4 MW |
| ആകെ | 24.4 MW |

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വെബ്സൈറ്റിൽ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ പൊതു സമൂഹത്തിന്റെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സൗരോർജ്ജ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി ഗ്രിഡുമായി ബന്ധിപ്പിക്കാത്ത സൗരോർജ്ജ നിലയങ്ങൾക്ക് ജനറേഷൻ ബേസ്ഡ് ഇൻസെന്റീവ് യൂണിറ്റിന് ഒരു രൂപ നിരക്കിൽ നൽകിവരുന്നു. ഗ്രിഡ് ബന്ധിതമായ ബാങ്കിംഗ് സൗകര്യമുള്ള സൗരോർജ്ജ

നിലയങ്ങൾക്ക് അധിക വൈദ്യുതിക്ക് ആവറേജ് പവർ പർച്ചേസ് കോസ്റ്റ് (APPC) നൽകിവരുന്നു. കാറ്റിൽനിന്നും 59.275 MW വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 6.125 MW ശേഷിയുള്ള പദ്ധതികളും സ്വകാര്യ വ്യക്തികൾ 112 MW ശേഷിയുള്ള പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനായി 140 നിയോജകമണ്ഡലങ്ങളിലും അക്ഷയ ഊർജ്ജ സേവന കേന്ദ്രം സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ ANERT ആരംഭിച്ചു. നിലവിലുള്ള അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വിവരശേഖരണത്തിനും പരിപാലനത്തിനുമായി അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ രജിസ്ട്രേഷൻ, അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ്, ജില്ലാതല സംയോജിത അക്ഷയ ഊർജ്ജ കേന്ദ്രങ്ങൾ, ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസ്, പൊതുജന സമ്പർക്ക പരിപാടി, സഞ്ചരിക്കുന്ന പ്രദർശന വാഹനം, തെരഞ്ഞെടുത്ത സ്കൂളുകളിൽ സൗരോർജ്ജ പവർപ്ലാന്റും ബയോഗ്യാസ് പ്ലാന്റും കമ്മ്യൂണിറ്റി അടുപ്പും സ്ഥാപിക്കുന്ന പദ്ധതി, അക്ഷയ ഊർജ്ജ അവാർഡ്, 6 മെഗാവാട്ട് ലക്ഷ്യമിടുന്ന സോളാർ സ്മാർട്ട് ഓഫ് ഗ്രിഡ് പദ്ധതി, നാഷണൽ ബയോഗ്യാസ് &മാനുവർ മാനേജ്മെന്റ് പദ്ധതി, അക്ഷയ ഊർജ്ജ പദ്ധതികളുടെ കൺസൾട്ടൻസി, ഡെപ്പോസിറ്റ് വർക്കുകൾ എന്നിവ നടപ്പിലാക്കാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അക്ഷയ ഊർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അക്ഷയ ഊർജ്ജ പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ട സാങ്കേതിക സഹായങ്ങൾ നൽകുന്നതിനും അനെർട്ട് സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള സൗരോർജ്ജ പവർപ്ലാന്റുകൾ, സൗരോർജ്ജ ഉപകരണങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ, മെച്ചപ്പെട്ട വിറകടുപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള ഏജൻസികൾക്ക് പരിശീലനം നൽകി എംപാനൽ ചെയ്തു നൽകുന്നതിനും നടപടികൾ സ്വീകരിച്ചു. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന 3 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ ഫോട്ടോവോൾട്ടായിക് - സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതിയുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ

നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച നൽകാൻ പദ്ധതിയുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ മികച്ച നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് പുരസ്കാരം നൽകുന്നതിനും പദ്ധതികളുണ്ട്.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ട്. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും കോൾസെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും ടോൾഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശന ശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസി കൂടിയാണ് സംസ്ഥാന ഊർജ്ജ വകുപ്പിനുകീഴിലുള്ള അനെർട്ട്. അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെയും സംവിധാനങ്ങളുടെയും പ്രചരണവും കേന്ദ്ര ഗവൺമെന്റ് സബ്സിഡിയോടുകൂടിയുള്ള നിർമ്മാണ പ്രവർത്തനങ്ങളും അനെർട്ട് മുഖേന നടന്നുവരുന്നു. കൂടാതെ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സാധ്യതയുള്ള പ്രദേശങ്ങളിൽ സംരംഭകർക്ക് സാങ്കേതിക അനുമതിയും അനെർട്ട് മുഖേനയാണ് നൽകിവരുന്നത്. അക്ഷയ ഊർജ്ജ സ്രോതസ്സുകളായ സൗരോർജ്ജം, പവനോർജ്ജം, ജൈവോർജ്ജം എന്നിവ ഉപയോഗപ്പെടുത്തി പ്രവർത്തിക്കുന്ന വിവിധ ഉപകരണങ്ങളും സംവിധാനങ്ങളും സംസ്ഥാനത്ത് വ്യാപകമായി പ്രചരിക്കുന്ന വിവിധ പ്രവർത്തനങ്ങളാണ് അനെർട്ട് മുഖേന നടപ്പിലാക്കുന്നത്.

(സി) അനെർട്ടിന്റെ വിവിധ പദ്ധതികൾക്ക് കേന്ദ്ര ഊർജ്ജ വകുപ്പിൽനിന്നും ലഭിക്കുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു:

(1) <u>ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ (Grid Connected Solar Rooftop Power Plants "Solar Connect"):</u>

ഇത്തരം സൗര വൈദ്യുത നിലയങ്ങളെ നിലവിലുള്ള സംസ്ഥാന വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിലൂടെ അവ സ്ഥാപിക്കുന്ന കെട്ടിടത്തിലെ വൈദ്യുതാവശ്യം നിറവേറ്റുന്നതിനും

അധികമായി ഉൽപ്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി, സംസ്ഥാന വൈദ്യുതി വിതരണ ശൃംഖലയിലേയ്ക്ക് കയറ്റുമതി ചെയ്യുന്നതിനും കഴിയുന്നു. അങ്ങനെ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാന ശൃംഖലയിലേയ്ക്ക് നൽകുന്ന വൈദ്യുതിയുടെ വില ഉപഭോക്താവിന് സ്വന്തം ബില്ലിൽ കുറവ് ചെയ്ത് കിട്ടുകയും ചെയ്യും. ഇത് വ്യക്തിഗത ഉപഭോക്താവിനും സംസ്ഥാനത്തിനും ഒരുപോലെ നേട്ടമുണ്ടാക്കുന്ന പദ്ധതിയാണ്.

2016-17-ൽ 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾക്ക് അനെർട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാക്കി വരുന്നു. സ്ഥാപിക്കുന്ന നിലയത്തിന്റെ ഉപകരണവിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ ധനസഹായവും ഒരു കിലോവാട്ട് ശേഷിക്ക് 7,200 രൂപ വച്ച് സംസ്ഥാന സർക്കാർ ധനസഹായവുമാണ് ലഭിക്കുക. ഈ പദ്ധതിയിലൂടെ ആകെ 5 മെഗാവാട്ട് ശേഷി ആർജ്ജിക്കാനാണ് ലക്ഷ്യം.

(2) ശൃംഖലാബന്ധമില്ലാത്ത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ (Offgrid Solar Rooftop Power Plants " Solar Smart"):

വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധപ്പെടുത്താതെ സ്വന്തം ഉപയോഗത്തിനുള്ള വൈദ്യുതോൽപ്പാദനം മാത്രം ലക്ഷ്യമാക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കും അനുയോജ്യമായ സൗര വൈദ്യുതോൽപ്പാദന നിലയങ്ങളാണ് ഇവ. ഇക്കൊല്ലം 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിതമല്ലാത്ത സൗരമേൽക്കൂര വൈദ്യുത നിലയങ്ങൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായം ലഭ്യമാണ്. നിലയത്തിന്റെ ഉപകരണവിലയുടെ 30 ശതമാനം കേന്ദ്ര സർക്കാർ ധനഹായവും ഒരു കിലോവാട്ട് ശേഷിക്ക് 22500 രൂപ വച്ച് സംസ്ഥാന സർക്കാർ ധനസഹായവുമാണ് ലഭിക്കുക. ഈ പദ്ധതിയിലൂടെ 2016-17-ൽ ആകെ 6.4 മെഗാവാട്ട് ശേഷി ആർജ്ജിക്കാനാണ് ലക്ഷ്യം.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന 3 മെഗാവാട്ട് വരെ ശേഷിയുള്ള സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത

സോളാർ പവർപ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതിയുമുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകാൻ പദ്ധതിയുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ മികച്ച നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് പുരസ്കാരം നൽകുന്നതിനും പദ്ധതികളുണ്ട്.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യത, പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ട്. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും കോൾസെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും ടോൾഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്ക് വേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശന ശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേറ്റഡ് റെന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഇൻസെന്റീവ് സ്കീം (INCENTIVE SCHEME):

കേന്ദ്ര നവീന നവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ ഇൻസെന്റീവ് സ്കീം അനെർട്ട് മുഖേന നടപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. സ്കീമിൽ അനുവദിച്ചുകിട്ടുന്നതിന്റെ 80%പ്രതിഷ്ഠാപന ലക്ഷ്യം കൈവരിച്ചാൽ കേന്ദ്ര-സംസ്ഥാന സ്ഥാപനങ്ങൾക്ക് 16,270 രൂപയും 80%-ത്തിനും 50 % -ത്തിനും ഇടയിൽ പ്രതിഷ്ഠാപന ലക്ഷ്യം കൈവരിച്ചാൽ 9,750 രൂപയും 50%-നും 40% ഇടയിൽ പ്രിതിഷ്ഠാപന ലക്ഷ്യം കൈവരിച്ചാൽ 6500 രൂപയും ഇൻസെന്റീവായി ലഭിക്കുന്നതാണ്.

(ഡി) അനെർട്ട് ഡിസൈൻ അനുസരിച്ചുള്ള ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് താൽപ്പര്യമുള്ളവർക്ക് പരിശീലനം നൽകി എംപാനൽ ചെയ്ത് നൽകുന്നു. ഇവർ അനെർട്ട് നിഷ്കർഷിക്കുന്ന ഗുണനിലവാരത്തോടെ ഗുണഭോക്താക്കൾക്ക് പ്ലാന്റുകൾ സ്ഥാപിച്ച് നൽകുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ അനെർട്ട് സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഷോക്കേറ്റ് മരണമടയുന്ന ജീവനക്കാർ**

24 (*354) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ ലൈനുകളിൽനിന്നും അനുബന്ധ ഉപകരണങ്ങളിൽ നിന്നും ഷോക്കേറ്റ് മരിക്കുന്ന ജീവനക്കാരിൽ ഏറെയും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ അപകടത്തിൽപ്പെടുന്ന സ്ഥിരം ജീവനക്കാരുടെയും കരാർ ജീവനക്കാരുടെയും കുടുംബങ്ങൾക്ക് ലഭിക്കുന്ന സഹായ ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

(സി) അപകടനിരക്ക് പരിമിതമാക്കാൻ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങളെ കുറിച്ച് ഗൗരവപൂർവ്വം ആലോചിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) വൈദ്യുതി വിതരണ ലൈനുകളിൽ പണിയെടുക്കുമ്പോഴും അനുബന്ധ ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾക്കിടയിൽ ഉപയോഗിക്കുമ്പോഴും സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അപകട മരണങ്ങൾ പരിശോധിച്ചതിൽ മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ അപകടമരണം സംഭവിച്ചിട്ടുള്ള കരാർ തൊഴിലാളികളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുള്ളതായും ചില വർഷങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരെക്കാൾ അധികം കരാർ തൊഴിലാളികൾ മരണപ്പെട്ടിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ വൈദ്യുതാഘാതമേറ്റ് കഴിഞ്ഞ 3 വർഷ കാലയളവിൽ മരണപ്പെട്ട ജീവനക്കാരുടെ എണ്ണം ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|
| 2014 | 13 | 14 |
| 2015 | 10 | 14 |
| 2016 | 9 | 11 |
| 2017 | 5 | 4 |

(ബി) മാരകമായ അപകടങ്ങൾക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽനിന്നും അനുവദിക്കുന്ന നഷ്ടപരിഹാരം/ആശ്വാസ ധനസഹായം.

1. ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം:

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെകീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകടത്തിൽപ്പെടുകയോ അപകടമരണം സംഭവിക്കുകയോ ചെയ്യുന്ന ബോർഡ് ജീവനക്കാരായ തൊഴിലാളിക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ചാണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്. കൂടാതെ ദീർഘകാല കരാർ പ്രകാരം സാമ്പത്തിക ആനുകൂല്യങ്ങളും നൽകിവരുന്നു. ഇപ്രകാരം താഴെപ്പറയുന്ന നഷ്ടപരിഹാരത്തിനും സാമ്പത്തിക ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്:

മരണാനന്തര നഷ്ടപരിഹാരം:

- പ്രായത്തിനും മാസ വേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ)
- ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ട്.
- വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.

- അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.
- ശവസംസ്കാര ചെലവിനായി 7,500 രൂപയ്ക്ക് അർഹതയുണ്ട്.
- കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ഓഫീസർ വിഭാഗത്തിൽ വരുന്ന ജീവനക്കാർ 1923-ലെ തൊഴിലാളി നഷ്ട പരിഹാര നിയമത്തിന്റെ പരിധിയിൽ വരുന്നില്ല. എന്നിരുന്നാലും ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന ഓഫീസർ വിഭാഗത്തിൽപ്പെടുന്ന ബോർഡ് ജീവനക്കാർക്കും ബോർഡിന്റെ തീരുമാനങ്ങൾക്ക് വിധേയമായി 1923-ലെ തൊഴിലാളി നഷ്ട പരിഹാര നിയമത്തിന്റെ വ്യവസ്ഥകൾക്കനുസൃതമായി പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായി ആശ്വാസ ധനസഹായവും (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ) പൂർണ്ണമായ ചികിത്സാ ചെലവും നൽകുന്നു. ഇതിലുപരിയായി ജോലിക്കിടെ അപകടമരണം സംഭവിക്കുന്ന തൊഴിലാളികൾക്ക് നൽകുന്ന മുകളിൽപറഞ്ഞ എല്ലാ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങളും ഓഫീസർ വിഭാഗത്തിനും ലഭിക്കുന്നതിന് അർഹതയുണ്ട്.

<u>കരാർ തൊഴിലാളികൾക്ക് നൽകുന്ന നഷ്ടപരിഹാരം:</u>

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെപ്പറയുന്ന ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്.

<u>മരണാനന്തര നഷ്ടപരിഹാരം:</u>

- മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ട പരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ ലഭിക്കുന്നതിന് അർഹതയുണ്ട്.
- ശവസംസ്കാരച്ചെലവിനായി 5,000 രൂപയ്ക്ക് അർഹതയുണ്ട്.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെകീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകട മരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെകീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന കരാറുകാരുടെ കീഴിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് നഷ്ടപരിഹാരം കണക്കാക്കുകയും പ്രസ്തുത തുക ഇൻഷ്വറൻസ് ക്ലെയിമിൽ നിന്നോ കരാറുകാരൻ കെട്ടിവെച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസംമുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്ത രാവകാശികൾക്ക് അർഹതയുണ്ട്.

(സി) അപകടനിരക്ക് കുറയ്ക്കുന്നതിനായി ബോർഡ് ക്രിയാത്മകമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികളിൽ ഏർപ്പെടുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി "Permit to work" (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. കൂടാതെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തന്റേയും മറ്റു ഓഫീസിന്റെയും കീഴിലുള്ള ജോലിസ്ഥലങ്ങളിൽ മിന്നൽപരിശോധനകൾ നടത്തി സുരക്ഷാ സംവിധാനത്തെക്കുറിച്ചുള്ള റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും ആവശ്യംവേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയുടെ പരിപോഷണം

25 (*355) ശ്രീ. കെ. സി. ജോസഫ് :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയുടെ പരിപോഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണാനുമതി നൽകിയ വിവിധ ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) വിനോദസഞ്ചാരികൾക്ക് ലോകനിലവാരത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനും മെച്ചപ്പെട്ടവ ഏർപ്പെടുത്തുന്നതിനും അവ മികച്ച രീതിയിൽ നിലനിർത്തുകയും ചെയ്യുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഭിന്നശേഷിസൗഹൃദ കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഡി.ടി.പി.സി. മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കെ.ടി.ഡി.സി, ബി.ആർ.ഡി.സി. തുടങ്ങിയ ഏജൻസികൾ മുഖേന വിവിധ പ്രോജക്ടുകളും ഹോസ്പിറ്റാലിറ്റി രംഗത്തുള്ള കിറ്റ്സ്, എഫ്.ഡി.ഐ.,സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ സ്ഥാപനങ്ങളുടെ വിപുലീകരണം വിനോദസഞ്ചാര മേഖലയുടെ പരിപോഷണത്തിന് സഹായകരമാകുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നു. കേരളത്തിലേയ്ക്കുള്ള വിദേശ ആഭ്യന്തര സഞ്ചാരികളുടെ വരവ് വർദ്ധിപ്പിക്കുന്നതിനായി കാലാവസ്ഥാ വ്യതിയാനം, ടൂറിസ്റ്റുകൾ കുറവുള്ള മഴക്കാലം എന്നിവയെല്ലാം കണക്കിലെടുത്ത് ഓഫ് സീസൺ ക്യാമ്പയിൻ സംഘടിപ്പിച്ചു വരുന്നു. കൂടാതെ കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു. ഉത്തരവാദിത്വ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ് ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വിർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു. വിനോദസഞ്ചാരികളെയും കലാസ്വാദകരേയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ വിനോദ സഞ്ചാര മേഖലയെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതി മുഖാന്തരം കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിൽ ടൂറിസം കേന്ദ്രങ്ങളുടെ വികസനം ലക്ഷ്യമിടുന്നു. സ്വദേശ വിദേശ ടൂറിസം സംരംഭകരെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചുവരുന്നു.

(ബി) 14 ജില്ലകളിലെയും ഭരണാനുമതി നൽകിയ ടൂറിസം പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചുള്ള അവലോകന യോഗം 5-6-2017, 11-7-2017 എന്നീ തീയതികളിൽ നടത്തുകയുണ്ടായി.

വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എൻജിനീയർമാർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനുംവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്.

പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനായി അസംബ്ലി/ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എം.എൽ.എ. ചെയർമാനായി മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

## വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പുതിയ പദ്ധതികൾ

26 (*356) ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതുതായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മേഖലയിൽ കിൻഫ്രയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് നിലവിലുള്ള വിമാനത്താവളങ്ങളെയും തുറമുഖങ്ങളെയും കേന്ദ്രീകരിച്ച് പുതിയ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ടോ; എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യ ഘട്ടമെന്ന നിലയ്ക്ക് 6 ജില്ലകളിലെ 11 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ ആഭ്യന്തര റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. വ്യവസായ ഭൂമിയുടെ ദൗർലഭ്യതയുള്ളതിനാൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ഉൾക്കൊള്ളുന്നതിനായി 8 ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാൻ പദ്ധതിയായിക്കഴിഞ്ഞു. ഇതിൽ 4 എണ്ണത്തിന് ഭരണാനുമതിയും നല്കിയിട്ടുണ്ട്. ഇവയിൽ എറണാകുളം ജില്ലയിലെ ഇടയാറിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മാണം പൂർത്തിയാക്കി സംരംഭകർക്ക് അനുവദിച്ചു നലകിയിട്ടുമുണ്ട്. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിൽ പുതുതായി ഏറ്റെടുത്ത 20.43 ഏക്കർ ഭൂമിയിൽ രണ്ടാംഘട്ട അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ വിസ്തൃതിയുള്ള വ്യവസായ വികസന ഏരിയയിൽ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. എറണാകുളത്ത് അങ്കമാലിയിൽ സംസ്ഥാന സർക്കാർ നൽകിയ 15 ഏക്കർ സ്ഥലത്ത് കേന്ദ്ര സർക്കാരിന്റെ ടെക്നോളജി സെന്റർ സിസ്റ്റംസ് പ്രോഗ്രാം, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി എന്നീ പദ്ധതികൾ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) കിൻഫ്ര സംസ്ഥാനത്തെ വിവിധ ജില്ലകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിച്ച് വ്യവസായ സംരംഭകർക്ക് നൽകി വ്യവസായ നിക്ഷേപം ആകർഷിക്കുകയും അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുള്ള കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ സ്ഥാപിച്ച് വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നുണ്ട്. വ്യവസായ മേഖലയുടെ അടിസ്ഥാനസൗകര്യമായ ജലത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനായി പാലക്കാട് ഒരു വ്യവസായ ജലവിതരണ പദ്ധതി നടപ്പാക്കാനുള്ള നടപടികൾ കിൻഫ്ര ആരംഭിച്ചുകഴിഞ്ഞു. എറണാകുളത്ത് കിൻഫ്രാ എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെയും ഇൻഫോ പാർക്കിന്റെയും സ്മാർട്ട് സിറ്റിയുടെയും വികസനസാദ്ധ്യതകൾ മുന്നിൽക്കണ്ട് ബൃഹത്തായ വ്യവസായ ജലവിതരണ പദ്ധതി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ കിൻഫ്ര ആരംഭിച്ചുകഴിഞ്ഞു.

(സി) സംസ്ഥാനത്ത് നിലവിലുള്ള വിമാനത്താവളങ്ങളെയും തുറമുഖങ്ങളെയും കേന്ദ്രീകരിച്ച് പുതിയ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ടായിരുന്നെങ്കിലും അനുയോജ്യമായ ഭൂമി കണ്ടെത്താൻ സാധിച്ചിരുന്നില്ല. പക്ഷെ വിവിധോദ്ദേശ ബൃഹത് സോണുകൾ സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് നിലവിൽ പദ്ധതിയുണ്ട്. 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 5 ബൃഹത് സോണുകളിൽ പട്ടന്നൂർ-പനയത്തുംപറമ്പിൽ, തൊടുപുഴ, മങ്കട എന്നീ സ്ഥലങ്ങളിൽ ഭൂമി കണ്ടെത്തിയിരുന്നു. വിഴിഞ്ഞത്തും കാസർഗോഡും ഭൂമി കണ്ടെത്തിയിട്ടില്ല. മങ്കടയിൽ കണ്ടെത്തിയ ഭൂമിയിൽ പ്രസ്തുത പദ്ധതി പ്രായോഗികമല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചു.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ സംരക്ഷിക്കാൻ നടപടി

27 (*357) ശ്രീ. കെ. ബാബു :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പ കൊടുക്കുന്നതിലും തിരിച്ചുപിടിക്കുന്നതിലും ഉണ്ടായിട്ടുള്ള അലംഭാവംമൂലം പ്രതിസന്ധിയിലായിരുന്ന കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ സംരക്ഷിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് കൊടുത്ത നിരവധി വായ്പകൾ, നിഷ്ക്രിയ ആസ്തികളായി മാറിയതായി പറയപ്പെടുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) വിദ്യാസമ്പന്നരായ നവസംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് കെ.എഫ്.സി.-യുടെ ആഭിമുഖ്യത്തിൽ വായ്പ നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ അംഗീകൃത ഓഹരി മൂലധനം (Authorised share capital) 350 കോടി രൂപയാണ്. കോർപ്പറേഷനിൽ ലോൺ അനുവദിക്കുന്നതും തിരിച്ചുപിടിക്കുന്നതും സ്ഥാപനം സ്വന്തംനിലയിലാണ് ചെയ്തുവരുന്നത്. നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന കർശന സന്ദേശം നൽകിയിട്ടുണ്ട്.

(ബി) 2011-12-ൽ 3.6 ശതമാനമായിരുന്ന നിഷ്ക്രിയ ആസ്തി 2015-16 സാമ്പത്തിക വർഷം 10.57 ശതമാനമായി ഉയർന്നു. 2016-17 സാമ്പത്തിക വർഷം നിഷ്ക്രിയ ആസ്തി 8.51 ശതമാനമായി കുറഞ്ഞിട്ടുണ്ട്. കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു:

1. നിഷ്ക്രിയ വായ്പകൾ തിരിച്ചുപിടിക്കുന്നതിനായി പ്രത്യേക റിക്കവറി യജ്ഞം ഉൾപ്പെടെയുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചു.
2. വായ്പ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കർക്കശമാക്കി.
3. ആഡിറ്റിംഗ് സംവിധാനങ്ങൾ ശക്തമാക്കി.

(സി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് വിദ്യാസമ്പന്നരായ നവസംരംഭകർക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശരഹിത വായ്പ നൽകുന്നതിനായി "കേരള സംസ്ഥാന സ്വയംസംരംഭക വികസന പദ്ധതി" നടപ്പിലാക്കിയിരുന്നു. ആയതിന്റെ 5 വർഷക്കാലാവധി പൂർത്തിയായിട്ടുണ്ട്. "യുവജന സംരംഭകത്വ വികസന പദ്ധതി" എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഊർജ്ജ സംരക്ഷണ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ**

28(*358) <u>ശ്രീ. കെ. ദാസൻ</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഊർജ്ജ സംരക്ഷണ രംഗത്ത് നടത്തിയ പ്രവർത്തനങ്ങളും അതിന്റെ ഫലമായുണ്ടായ നേട്ടവും അറിയിക്കാമോ;

(ബി) ബദൽ ഊർജ്ജ സ്രോതസ്സുകൾ വ്യാപിപ്പിക്കുന്നതിനും അതുവഴി പരമ്പരാഗത ഊർജ്ജമേഖലയിലെ ആശ്രിതത്വം കുറയ്ക്കുന്നതിനും അനെർട്ടിന്റെ പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമാകുന്നുണ്ടെന്ന് അറിയിക്കാമോ;

(സി) കടുത്ത വൈദ്യുതിക്ഷാമം നേരിടുന്ന സാഹചര്യത്തിലും ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ബോർഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ഊർജ്ജക്ഷമതയുള്ള വൈദ്യുതോപകരണങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതുവഴിയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത വിവിധ കാംപയിനുകളിൽ കൂടി ജനസമക്ഷം അറിയിക്കുന്നതുവഴിയും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏകദേശം 120 മില്യൺ യൂണിറ്റ് വൈദ്യുതിയുടെ ഉപയോഗം കുറവുവന്നതായി കണക്കാക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഊർജ്ജസംരക്ഷണ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(1) ഊർജ്ജക്ഷമതയുള്ള 70 ലക്ഷം എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്.

(2) ആലപ്പുഴ നഗരസഭയിൽ തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി

(3) പുതുക്കാട് നിയമസഭാമണ്ഡലത്തിൽ മറ്റത്തൂർ ഗ്രാപഞ്ചായത്ത്, നെന്മാണിക്കര ഗ്രാമ പഞ്ചായത്ത്, വല്ലച്ചിറ ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്ന പദ്ധതി.

(4) 2016 ഡിസംബർ 14 ഊർജ്ജ സംരക്ഷണദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു.

ഇതുകൂടാതെ ചുവടെ ചേർത്തിരിക്കുന്ന ഊർജ്ജ സംരക്ഷണ പദ്ധതികൾ നടത്തിവരുന്നു.

(5) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിന് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ 4 ഇടങ്ങളിൽ എനർജി ഓഡിറ്റിംഗ് നടന്നു വരുന്നു.

(6) നാഷണൽ സർവ്വീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡന്റ്സ് അസ്സോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്ന് സംസ്ഥാനത്തുടനീളം നടത്തിയ വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ തുടർപ്രവർത്തനം നടത്തുന്നു.

(7) വൈദ്യുതി ബോർഡിന്റെ കെട്ടിടത്തിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതി.

(8) സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്ന പദ്ധതി.

(9) സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു.

(10) വടക്കാഞ്ചേരി നിയമസഭാമണ്ഡലത്തിൽ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്ന പദ്ധതി.

(11) കാർഷിക മേഖലയിൽ ഊർജ്ജസംരക്ഷണം നടത്തുന്നതിന്റെ ഭാഗമായി പെട്ടിയും പറയും സമ്പ്രദായം മാറ്റി ഊർജ്ജക്ഷമതയുള്ള പമ്പിംഗ് സമ്പ്രദായമാക്കുന്ന പദ്ധതിയുടെ തുടർച്ച.

(12) വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ സംരക്ഷണത്തിനായി പത്തനംതിട്ടയിൽ ഹൈവോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സമ്പ്രദായം (എച്ച്.വി.ഡി.എസ്.) നടപ്പിലാക്കുന്ന പദ്ധതി.

(13) വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ സംരക്ഷണത്തിനായി ഇടുക്കി ജില്ലയിൽ അടിമാലി ഡിവിഷനിൽ വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളെ ഉന്നത സാങ്കേതിക നിലവാരത്തിലെത്തിക്കുന്ന നവീകരണ പദ്ധതി.

(14) സബ്സ്റ്റേഷനിലെ എനർജി ഓഡിറ്റിംഗ്.

(15) പാല മുനിസിപ്പാലിറ്റിയിലും ചുറ്റുപാടിലും തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്ന പദ്ധതി.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) മുഖാന്തരം നടപ്പിലാക്കിയ ഊർജ്ജ സംരക്ഷണ പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>എനർജി ക്ലിനിക്</u>: ഗാർഹിക മേഖലയിൽ വൈദ്യുതി ഉപയോഗം കൂടുതലായതിനാൽ വീട്ടമ്മമാർക്കുവേണ്ടി ഊർജ്ജ ക്ലിനിക് നടത്തിവരുന്നു.

<u>ഊർജ്ജകിരൺ</u> :

പൊതുജന ബോധവൽക്കരണത്തിനായി എൻ.ജി.ഒ.-കൾ, സർവ്വീസ് സൊസൈറ്റികൾ, പൊതുജന വായനശാലകൾ എന്നിവയുമായി ചേർന്ന് ഊർജ്ജ കിരൺ പരിപാടി നടത്തിവരുന്നു.

<u>സ്മാർട്ട് എനർജി പ്രോഗ്രാം</u> :

വിദ്യാഭ്യാസ മേഖലയിൽ നടത്തിവരുന്ന സ്മാർട്ട് എനർജി പ്രോഗ്രാമിലൂടെ വിദ്യാലയങ്ങളിലെയും വീടുകളിലെയും വൈദ്യുതി ലാഭത്തിന് സാധിക്കുന്നുണ്ട്. പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ വീടുകളിൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങളടങ്ങിയ സന്ദേശങ്ങൾ പൊതുജനബോധവൽക്കരണത്തിനായി നൽകിവരുന്നു. 2016-17 വർഷം 12 എക്സിബിഷനുകളിൽ പങ്കെടുക്കുകയുണ്ടായി.

<u>വ്യവസായം</u> :

വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഊർജ്ജ ഉപയോഗം കൂടിയ വ്യവസായങ്ങളിൽ ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഓഡിറ്റ് ഫലപ്രദമായി നടത്തുന്നതിന് ഇ.എം.സി.-യുടെ നേതൃത്വത്തിൽ ഓഡിറ്റ് നടത്തുന്ന വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയെ എംപാനൽ ചെയ്ത ലിസ്റ്റ് ഇ.എം.സി. വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ എംപാനൽ ചെയ്ത 43 ഓഡിറ്റർമാർ മുഖേന 142 വ്യവസായങ്ങളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഇ.എം.സി.-യിൽ നൽകിയിട്ടുണ്ട്. വ്യവസായങ്ങളിൽ പ്രാഥമിക ഓഡിറ്റ് നടത്തുന്നതിന് ഇ.എം.സി. മുഖാന്തരം കുറഞ്ഞതോതിൽ സബ്സിഡി നൽകിവരുന്നുണ്ട്.

<u>കെട്ടിടങ്ങൾ</u> :

കെട്ടിടങ്ങൾ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയും ഊർജ്ജ സംരക്ഷണ നിയമ വകുപ്പനുസരിച്ചും സംസ്ഥാന ഊർജ്ജസംരക്ഷണ ബിൽഡിംഗ് കോഡ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങൾ പണിയുന്നതിനായി ബിൽഡിംഗ് കോഡനുസരിച്ചുള്ള ഡിസൈനുകൾ തയ്യാറാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആയിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന് സിവിൽ സ്റ്റേഷനുകൾ, ഹോസ്പിറ്റലുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ഓഡിറ്റ് നടത്തി റിപ്പോർട്ട് നടപ്പിലാക്കിവരുന്നു. മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ എന്ന ആശയത്തോടുകൂടി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2016-17 ലെ ലഭ്യമായ കണക്കുപ്രകാരം 300 മില്യൻ യൂണിറ്റ് വൈദ്യുതിയും 3129 മെട്രിക്ക് ടൺ ഓയിലും 4100 മെട്രിക്ക് ടൺ കൽക്കരിയും ലാഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്, സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകാൻ പദ്ധതിയുണ്ട്.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർപ്ലാന്റുകൾ (ആകെ ശേഷി 5000 കിലോവാട്ട്) കേന്ദ്ര സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചുനൽകാനുമുള്ള പദ്ധതികൾക്ക് വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. കൂടാതെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിലെ ഒറ്റപ്പെട്ട വിദൂരസ്ഥലങ്ങളായ 2000 വീടുകളിൽ സോളാർ വൈദ്യുതീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

(സി) കാലവർഷത്തിന്റെ കുറവുമൂലം കേരളത്തിന്റെ ആഭ്യന്തര വൈദ്യുതി ഉൽപ്പാദനത്തിൽ കുറവുണ്ടായെങ്കിലും കേന്ദ്രപൂളിൽനിന്നും മറ്റ് ഊർജ്ജ സ്രോതസ്സുകളിൽ നിന്നും വൈദ്യുതി വാങ്ങി സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കിവരുന്നു. ഈ വേളയിലും എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്നതിനായി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് 1,50,807 വീടുകൾക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ വൈദ്യുതി കണക്ഷനുകൾക്കുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്തു. അപേക്ഷാഫോറം ലളിതമാക്കുകയും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നീ രണ്ട് രേഖകളുടെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തീരുമാനം നടപ്പിലാക്കുകയും ചെയ്തു. വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. മതിയായ ഉടമസ്ഥാവകാശ രേഖകൾ

ഹാജരാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് 100 ചതുരശ്ര മീറ്ററോ അതിൽ താഴെയോ വിസ്തൃതിയുള്ള വാസഗൃഹങ്ങൾക്ക് ഉടമസ്ഥാവകാശ രേഖയില്ലെങ്കിലും വൈദ്യുതി കണക്ഷൻ അനുവദിക്കുന്നതിനും 1500 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വ്യക്തിഗത വാസഗൃഹങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് വിവര സാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി. ലിമിറ്റഡ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ് മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തൽസമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

2. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ ദൂത്' പദ്ധതി.

3. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം

4. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

5. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

6. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്നും ഓൺലൈൻ ആയി അപേക്ഷകൾ സ്വീകരിക്കുന്നതിനുള്ള സംവിധാനം.

7. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ്&ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം.

8. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാന മൊട്ടാകെ വ്യാപിപ്പിച്ചു.

9. 24 മണിക്കൂറും വൈദ്യുതി തടസ്സം സംബന്ധിച്ച പരാതികൾ രേഖപ്പെടുത്താനുള്ള "1912" എന്ന കേന്ദ്രീകൃത കാൾസെന്ററിൽ ടോൾഫ്രീ സംവിധാനം.

ഐ.ഐ.എം. കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം.) കൺവീനറായും ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി. ലിമിറ്റഡ് ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കമ്മിറ്റി നിർദ്ദേശിക്കുന്ന കാര്യങ്ങൾ ബോർഡുതലത്തിൽ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

## കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

29 (*359) ശ്രീ. പി. ഉണ്ണി :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിനുവേണ്ട പശ്ചാത്തലം സൃഷ്ടിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) വ്യവസായ പാർക്കുകളുടെയും വ്യവസായശാലകളുടെയും വലിയൊരു കൂട്ടം സൃഷ്ടിക്കുമെന്ന പ്രഖ്യാപനം യാഥാർത്ഥ്യമാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കൊച്ചി-കോയമ്പത്തൂർ ഹൈടെക് വ്യവസായ ഇടനാഴിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) സർക്കാർ പ്രഖ്യാപിച്ച വിവിധോദ്ദേശ്യ വ്യവസായ സോണുകൾ ആരംഭിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

വ്യവസായവും കായികവും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) വ്യവസായ വികസനത്തിനുവേണ്ട പശ്ചാത്തലം സൃഷ്ടിക്കുകയെന്ന ഉദ്ദേശത്തോടുകൂടി കെ.എസ്.ഐ.ഡി.സി. കിൻഫ്ര എന്നിവ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കണ്ണൂർ, കോഴിക്കോട്, ചേർത്തല എന്നിവിടങ്ങളിൽ വ്യവസായ വളർച്ചാകേന്ദ്രങ്ങളും പാലക്കാട് കെ.എസ്.ഐ.ഡി.സി.-യുടെ ഒരു ഇൻവെസ്റ്റ്മെന്റ് സോണും സ്ഥാപിച്ചു. കൂടാതെ കോഴിക്കോട് ജില്ലയിലെ കുറ്റ്യാടിയിൽ നാളികേര വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനും എറണാകുളത്തെ ആമ്പല്ലൂരിൽ ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്ക് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നു. സ്റ്റാർട്ടപ്പ് സംരംഭങ്ങളെ ആകർഷിക്കുന്നതിനുവേണ്ടി കൊച്ചി, ഇൻഫോപാർക്ക്, അങ്കമാലി ഇൻകെൽ, കോഴിക്കോട് യു.എൽ.സി.സി. സൈബർ പാർക്ക് എന്നിവിടങ്ങളിൽ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. വനിതാസംരംഭകരെ ആകർഷിക്കുന്നതിനായി അങ്കമാലി ഇൻകെൽ ടവറിൽ വി-സ്പേയ്സ് എന്ന പേരിൽ എസ്.ഡി.എഫ്. കെട്ടിടവും ഒരുക്കിയിട്ടുണ്ട്.

കേരളത്തിൽ ജൈവശാസ്ത്ര സാങ്കേതിക/ലൈഫ് സയൻസ് മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ ആകർഷിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. തിരുവനന്തപുരത്ത് ഒരു ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള അടിസ്ഥാന സൗകര്യ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. കിൻഫ്രവഴി നടപ്പിലാക്കുന്ന പദ്ധതികൾ

1. കിൻഫ്ര അപ്പാരൽ പാർക്ക്, തിരുവനന്തപുരം
2. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, എറണാകുളം
3. കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം
4. കിൻഫ്ര ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, മലപ്പുറം
5. ഭക്ഷ്യ സംസ്കരണ വ്യവസായ പാർക്ക്, അടൂർ
6. ചെറുകിട വ്യവസായ പാർക്ക്, തിരുവനന്തപുരം
7. ചെറുകിട വ്യവസായ പാർക്ക്, കുന്നന്താനം
8. ചെറുകിട വ്യവസായ പാർക്ക്, അടൂർ
9. ചെറുകിട വ്യവസായ പാർക്ക്, മഴവന്നൂർ
10. ചെറുകിട വ്യവസായ പാർക്ക്, കൊരട്ടി
11. ചെറുകിട വ്യവസായ പാർക്ക്, തലശ്ശേരി
12. ചെറുകിട വ്യവസായ പാർക്ക്, വയനാട്
13. ചെറുകിട വ്യവസായ പാർക്ക്, കാസർഗോഡ്
14. കിൻഫ്ര ഹൈടെക് പാർക്ക്, കളമശ്ശേരി
15. ഇലക്ട്രോണിക്സിനായുള്ള പ്രത്യേക സാമ്പത്തിക മേഖല, കളമശ്ശേരി

16. ടെക്സ്റ്റൈൽ സെന്റർ, കണ്ണൂർ
17. ഇന്റഗ്രേറ്റഡ് ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക്, പാലക്കാട്
18. കിൻഫ്രാ ബയോടെക്നോളജി പാർക്ക്, കളമശ്ശേരി
19. കിൻഫ്ര വ്യവസായ പാർക്ക്, പിറവന്തൂർ
20. വ്യവസായ പാർക്ക്, ഒറ്റപ്പാലം
21. ഭക്ഷ്യ സംസ്കരണത്തിനായി പ്രത്യേക സാമ്പത്തിക മേഖല, മലപ്പുറം
22. ഐ.ടി./ഐ.ടി. അധിഷ്ഠിതമായ പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം
23. മെഗാഫുഡ് പാർക്ക്, പാലക്കാട്
24. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്
25. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം
26. ജെം & ജ്വവലറി പാർക്ക്, പുഴയ്ക്കൽ, തൃശ്ശൂർ
27. വ്യവസായ പാർക്ക്, മട്ടന്നൂർ
28. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ കാക്കനാട്, എറണാകുളം
29. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി
30. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക് രാമനാട്ടുകര, കോഴിക്കോട്
31. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴയ്ക്കൽ, തൃശ്ശൂർ
32. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം
33. ഫാർമ പാർക്ക്, എറണാകുളം
34. പെട്രോ കെമിക്കൽ പാർക്ക്, എറണാകുളം
35. കിൻഫ്രാ പാർക്ക്, കാക്കഞ്ചേരി

(ബി) കൊച്ചി-പാലക്കാട് മേഖലയെ ബാംഗ്ലൂർ വരെ ബന്ധിപ്പിക്കുന്നതിനുള്ള വ്യവസായ ഇടനാഴി രൂപീകരണത്തിനുവേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള National Industrial Corridor Development and Implementation Trust (NICDIT)-ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ച പ്രകാരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധോപദേശക ഏജൻസിയെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കൊച്ചി-ബാംഗ്ലൂർ ഹൈടെക് വ്യവസായ ഇടനാഴി രൂപീകരണവുമായി ബന്ധപ്പെട്ട പദ്ധതിയിൽ വിവിധോദ്ദേശ വ്യവസായ സോണുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കിൻഫ്ര സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ബൃഹത് വിവിധോദ്ദേശ സോണുകളിൽ പട്ടന്നൂർ-പനയത്തുംപറമ്പിലും തൊടുപുഴ എന്നീ സ്ഥലങ്ങളിലും ഭൂമി കണ്ടെത്തിയിട്ടുണ്ട്.

## ഇക്കോ ടൂറിസത്തിന് പ്രോത്സാഹനം

30 (*T360) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഇക്കോ ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദീകരിക്കുമോ;

(സി) ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ&ബി) വനമേഖലയിലെ ഇക്കോ ടൂറിസം പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനും നിലവിൽ ഈ പ്രദേശങ്ങളിൽ സഞ്ചാരികൾക്ക് അടിസ്ഥാന സൗകര്യ വികസനം വനം വകുപ്പിന്റെ സഹകരണത്തോടെ സാധ്യമാക്കുക, ഇക്കോ ടൂറിസം പ്രചാരണം നടത്തുക, വനാശ്രിത സമൂഹങ്ങൾക്ക് പരിശീലനം നൽകുക എന്നീ പദ്ധതികളാണ് ഉള്ളത്.

(സി) വനം വകുപ്പുമായി ചേർന്ന് ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി ആഘാത പഠനവും വാഹകശേഷി നിർണ്ണയിക്കൽ പഠനവും അവയുടെ പ്രായോഗിക തലത്തിലെ നടത്തിപ്പുമാണ് ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതം കുറയ്ക്കുന്നതിന് കൈക്കൊള്ളേണ്ടുന്ന നടപടികൾ.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സഹകരണ ആശുപത്രികളെയും ഉൾപ്പെടുത്തുന്ന നടപടി

1(3621) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുള്ളവർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സഹകരണ ആശുപത്രികളെയും ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഈ നിവേദനത്തിന് തുടർനടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ&ബി) നിവേദനം ലഭിച്ചിട്ടില്ല.

### ജി.എസ്.ടി. പ്രകാരം വില കുറയുന്ന സാധനങ്ങൾ

2(3622) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. പ്രകാരം വില കുറയുന്ന സാധനങ്ങളുടെ പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പട്ടിക പ്രകാരം വില കുറയും എന്ന് പ്രതീക്ഷിച്ച പല സാധനങ്ങളുടെയും വില കുറയാത്തത് ശ്രദ്ധയിൽയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത് നിയന്ത്രിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിയമപ്രകാരം പ്രധാനപ്പെട്ട നൂറ്റിയൊന്ന് ഉപഭോക്തൃ ഉൾപ്പന്നങ്ങൾക്കുണ്ടായ നികുതി കുറവിന്റെ താരതമ്യ പട്ടിക പൊതുജനതാൽപ്പര്യാർത്ഥം പത്രങ്ങളിൽ പരസ്യപ്പെടുത്തിയിരുന്നു. പ്രസ്തുത പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) ജി.എസ്.ടി.-യുടെ പ്രാരംഭഘട്ടത്തിൽ നീക്കിയിരിപ്പ് സാധനങ്ങളുടെ വിലയുമായി ബന്ധപ്പെട്ട് ചില അവ്യക്തതകൾ രാജ്യമൊട്ടുക്കും നിലനിന്നിരുന്നു. ഇതിന്മേൽ നൽകിയ നികുതിയിലും ഇൻപുട്ട് ടാക്സ് ലഭ്യമാകുമെന്നും അതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെക്കുറിച്ചും വ്യാപാരികളെ ഉത്ബുദ്ധരാക്കാനുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടികൾ കേന്ദ്രവും സംസ്ഥാനങ്ങളും നടത്തിവരുന്നു. പ്രാരംഭഘട്ടത്തിലെ അവ്യക്തതകൾ മാറുമ്പോൾ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ പ്രയോജനവും മൊത്തം നികുതി നിരക്കിൽ വന്നിട്ടുള്ള വ്യതിയാനവും കണക്കിലെടുത്ത് മിക്ക അവശ്യ സാധനങ്ങൾക്കും വിലക്കുറവ് ഉണ്ടാകാനാണ് സാധ്യത. ഇത് വരുംമാസങ്ങളിൽ പ്രകടമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇല്ലെങ്കിൽ ഇക്കാര്യത്തിൽ നടപടിയെടുക്കുന്നതിന് Anti-profiteering Authority എത്രയും പെട്ടെന്ന് രൂപീകരിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര ധനകാര്യ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.-യുടെ ആധുനികവൽക്കരണം

3(3623) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.എഫ്.ഇ.-യിൽ പ്രൊഫഷണൽ ബോർഡ് രൂപീകരിച്ചിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത സ്ഥാപനത്തിൽ സമ്പൂർണ്ണ കോർബാങ്കിംഗ് സിസ്റ്റം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കെ.എസ്.എഫ്.ഇ.-യുടെ ആധുനികവൽക്കരണത്തിന് ഈ സംവിധാനങ്ങൾ എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി നിരവധി പദ്ധതികൾ നടപ്പിലാക്കിവരികയാണ്. 33 ലക്ഷത്തോളം ഇടപാടുകാരും 33.225 കോടിയുടെ വാർഷിക വിറ്റുവരവും (2017 ജൂൺ 30-ന്റെ കണക്കനുസരിച്ച്) നിലവിലുണ്ട്. നിലവിൽ 568 ബ്രാഞ്ചുകളാണുള്ളത്. പ്രവാസി ചിട്ടികൾ ആരംഭിക്കുന്നതോടു കൂടി കെ.എസ്.എഫ്.ഇ.-യിൽ സമഗ്രമായ ഒരു വളർച്ചയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ വളർച്ചയെ ഉൾക്കൊള്ളാനാവശ്യമായ ക്രമീകരണങ്ങൾ വരുത്തുന്നത് സംബന്ധിച്ച ആലോചനകൾ നടന്നുവരുന്നു. ഉത്സവകാല ചിട്ടികൾ തിരിച്ചുകൊണ്ടുവന്നു. പൊന്നോണ ചിട്ടികൾ, പുതുവർഷ ചിട്ടികൾ എന്നിങ്ങനെ സമ്മാനത്തോടുകൂടിയ ബ്രാന്റഡ് ചിട്ടികൾ വിജയപ്രദമായി നടപ്പിലാക്കി. കെ.എസ്.എഫ്.ഇ.-യുടെ മുഴുവൻ ശാഖകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന കോർസൊലൂഷൻ സോഫ്റ്റ്‌വെയർ ആയ CASBA (Core

Application Software for Business Accounting) നടപ്പിലാക്കി. സ്ഥാപനത്തിന്റെ ആസ്ഥാന മന്ദിരം മോടിപിടിപ്പിക്കുക, ലോഗോ മാറ്റം, സൈൻ ബോർഡ് തുടങ്ങി എല്ലാത്തരത്തിലുമുള്ള നവീകരണ പ്രവർത്തനങ്ങളും പുതിയ ബിസിനസ്സ് മേഖലകൾ കണ്ടെത്തുവാനുള്ള അന്വേഷണങ്ങളും ആവിഷ്കരിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഇ-യുടെ കാര്യനിർവ്വഹണങ്ങൾക്കായി ഡയറക്ടർ ബോർഡ് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പൊതുജന പ്രവർത്തകർക്കൊപ്പം സാമ്പത്തിക കാര്യമേഖലയിലും പ്രവർത്തിക്കുന്ന പ്രൊഫഷണലുകളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ ബോർഡ് രൂപവൽക്കരിച്ചിട്ടുള്ളത്.

(സി) കോർബാങ്കിങ്ങിന് സമാനമായ CASBA (Core Application Software for Business Accounting) സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ എല്ലാ ശാഖകളും ഈ സംവിധനത്തിൽ കീഴിൽ ആണ് പ്രവർത്തിക്കുന്നത്. അതിനാൽ കെ.എസ്.എഫ്.ഇ.-യിലെ ഏത് ശാഖയിലും മറ്റേത് ശാഖയിലേയ്ക്കുമുള്ള പണം അടയ്ക്കാവുന്നതാണ്.

(ഡി) കെ.എസ്.എഫ്.ഇ.-യുടെ ആധുനികവൽക്കരണത്തിന് ഈ മാറ്റങ്ങൾ ഗണ്യമായതോതിൽ സഹായിച്ചിട്ടുണ്ട്. പുതിയ തലമുറയെ ആകർഷിക്കാൻ തക്കവിധം പൂർണ്ണമായും സാങ്കേതികമായ ഇടപാടുകളിലേയ്ക്കുള്ള പ്രധാനപ്പെട്ട കാൽവെയ്പ്പാണ് ഇപ്പോൾ നടത്തിയിട്ടുള്ളത്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി വഴിയുള്ള നിക്ഷേപം മുഖേന അടിസ്ഥാന സൗകര്യവികസനം

4(3624) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി എന്ന് മുതൽ ആരംഭിക്കാനാണ് തീരുമാനമെടുത്തിരുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ ചിട്ടി വഴിയുള്ള നിക്ഷേപം കിഫ്ബി മുഖേനയുള്ള അടിസ്ഥാന സൗകര്യത്തിന് ഉപയോഗിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നോ; എങ്കിൽ ഇത് ഇനിയും ആരംഭിക്കാത്തത് കിഫ്ബി മുഖേനയുള്ള വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിൽനിന്നും പ്രതീക്ഷിച്ച നിക്ഷേപത്തിലെ കുറവ് ഏത് രീതിയിലാണ് നികത്താൻ കഴിഞ്ഞിട്ടുള്ളത് ?

<u>ഉത്തരം</u>

(എ&ബി) 2017-18-ലെ ബജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിനായി കിഫ്ബി കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് കെ.എസ്.എഫ്.ഇ-എൻ.ആർ.ഐ. ഓൺലൈൻ ചിട്ടി ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. പൂർണ്ണമായും ഓൺലൈൻ

ആയി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. പദ്ധതി രൂപീകരണം പൂർത്തിയായാൽ മാത്രമേ ആരംഭ തീയതി നിശ്ചയിക്കാനാവൂ. കിഫ്ബി മുഖേനയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് പ്രസ്തുത ചിട്ടിവഴിയുള്ള നിക്ഷേപം പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശമുണ്ട്. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ ആദ്യഘട്ട ചെലവുകൾക്കാവശ്യമായി വരുന്ന തുക ഇതിനകം 10% മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം സെസ് എന്നിവ വഴി കിഫ്ബിക്ക് ലഭ്യമായിട്ടുണ്ട്. കൂടാതെ നബാർഡിന്റെ 565 കോടി രൂപയുടെ നിഡ (NIDA) ലോൺ ലഭ്യമാക്കാൻ തീരുമാനമായിട്ടുണ്ട്. മേൽപ്പറഞ്ഞ മാർഗങ്ങളിലൂടെ ഫണ്ട് സ്വരൂപിക്കൽ സാദ്ധ്യമായതിനാൽ കിഫ്ബിയുമായി സഹകരിച്ചുകൊണ്ടുള്ള കെ.എസ്.എഫ്.ഇ.-എൻ.ആർ.ഐ. ചിട്ടി ഇതുവരെ ആരംഭിക്കാത്തത് കിഫ്ബി പദ്ധതികളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. കിഫ്ബി വഴി ഇപ്പോൾ അംഗീകാരം നൽകിയിട്ടുള്ള പ്രവൃത്തികളുടെ ആദ്യഘട്ടം പണം നൽകുന്നതിന് കിഫ്ബി ഇപ്പോൾതന്നെ പ്രാപ്തമാണ്.

**ജി.എസ്.ടി. വന്നശേഷമുള്ള നികുതിയിനത്തിലെ വർദ്ധനവ്**

5(3625) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജി.എസ്.റ്റി. നിലവിൽ വന്നസാഹചര്യത്തിൽ നികുതിയിനത്തിൽ വരുംവർഷങ്ങളിൽ എത്ര തുക അധികം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

ജി.എസ്.ടി. നടപ്പാക്കുകമൂലം സർക്കാരിനുണ്ടാകുന്ന വരുമാന ലാഭനഷ്ടക്കണക്കുകൾ എത്രയെന്ന് ഇപ്പോൾ കൃത്യമായി പറയുക സാധ്യമല്ല. ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വിൽപ്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിച്ചിരുന്നില്ല. ജി.എസ്.ടി.-യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ വരുമാനനഷ്ടം ഉണ്ടാവുകയാണെങ്കിൽ 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്.

## എം.എൽ.എ.-യുടെ സ്പെഷ്യൽ ഡെവലപ്മെന്റ് ഫണ്ട്

6(3626) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ടിൽനിന്നും സർക്കാർ ആശുപത്രികൾക്ക് വീൽ ചെയർ, ട്രോളി എന്നിവ വാങ്ങുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സം ഉണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) തടസ്സമില്ലെങ്കിൽ, രോഗികൾക്കായി മാത്രം ഉപയോഗിക്കുന്ന വീൽചെയർ, ട്രോളി എന്നിവ സർക്കാർ നിയന്ത്രണത്തിലുള്ള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ ലൈഫ് കെയർ എന്നീ സ്ഥാപനങ്ങളിൽനിന്ന് പ്രസ്തുത ഫണ്ടുപയോഗിച്ച് ടെൻഡർ നടപടി ഇല്ലാതെ നേരിട്ട് വാങ്ങുന്നതിന് തടസ്സം ഉണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന മൂലധന സ്വഭാവമുള്ള സ്ഥിരം ആസ്തികൾ സൃഷ്ടിക്കുകയെന്നതാണ് എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ ഉദ്ദേശലക്ഷ്യം. കൂടാതെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഇൻവെന്ററി സ്വഭാവമുള്ള വാങ്ങലുകൾ അനുവദനീയമല്ല. വീൽചെയർ, ട്രോളി എന്നിവ മൂലധനസ്വഭാവമില്ലാത്തതും ദീർഘകാലം നിലനിൽക്കാത്തതുമായതിനാൽ MLA SDF വിനിയോഗിച്ച് ഇവ വാങ്ങുവാൻ സാധിക്കുകയില്ല.

(ബി) ബാധകമല്ല.

## കേരള ബാങ്ക്

7(3627) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് എന്നാണ് സർക്കാരിന് ലഭിച്ചത്;

(ബി) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരള ബാങ്ക് എന്ന പ്രഖ്യാപിത ലക്ഷ്യത്തിൽ നിന്ന് പിന്തിരിയാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) കാലവിളംബംകൂടാതെ കേരള ബാങ്ക് യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് 28-4-2017-ന് സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) കേരള സഹകരണ ബാങ്ക് എന്ന പ്രഖ്യാപിത ലക്ഷ്യത്തിൽനിന്ന് പിന്തിരിയാൻ ഉദ്ദേശിക്കുന്നില്ല.

(സി) കേരള സഹകരണ ബാങ്ക് യാഥാർത്ഥ്യമാക്കുന്നതിന് ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടുണ്ട്.

## ഉദുമ നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

8(3628) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബിയിൽ തുക അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്നും , ഈ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ നടപ്പിലാക്കുന്നത് ഏത് ഏജൻസി മുഖേന യാണെന്നും ഇനം തിരിച്ചും വകുപ്പ് തിരിച്ചും വിശദമാക്കുമോ?

## ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ എല്ലാ പ്രീമെട്രിക് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളും നവീകരിക്കുന്ന പദ്ധതിയുടെ ഭാഗമായി ഉദുമ നിയോജകമണ്ഡലത്തിലെ ബേഡടുക്ക പഞ്ചായത്തിൽ 100 വിദ്യാർത്ഥികൾക്ക് വേണ്ടി പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണ പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പദ്ധതിയുടെ വിശദമായ പ്രോജക്റ്റ് റിപ്പോർട്ട്, ടെക്നിക്കൽ അപ്രൈസൽ റിപ്പോർട്ട് എന്നിവ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും അവ ന്യൂനതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയോട് നിർദ്ദേശിച്ചിട്ടുണ്ട്. ഇതു ലഭ്യമാകുന്നമുറയ്ക്ക് കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

(ബി) മേൽസൂചിപ്പിച്ചിട്ടുള്ള (എ) പിരിവിനുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ഉദുമ നിയോജകമണ്ഡലത്തിലെ മറ്റ് കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങളൊന്നും കിഫ്ബിയിൽ ലഭ്യമായിട്ടില്ല. 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവു പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് കിഫ്ബോർഡിന്റെ അംഗീകാരം/ അനുമതി ലഭ്യമാക്കിയതിനുശേഷമേ ടെണ്ടർ മുതലായ നടപടികളുമായി ബന്ധപ്പെട്ട എസ്.പി.വി.-കൾക്ക് മുന്നോട്ട്പോകാനാകൂ. നിലവിൽ പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ നവീകരിക്കുന്ന പദ്ധതിയുടെ എസ്.പി.വി. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ആണ്.

## തനത് വരുമാന വളർച്ചയ്ക്ക് കർമ്മപദ്ധതികൾ

9(3629) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തനത് വരുമാന വളർച്ച വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതിനായി എന്തെല്ലാം ആസൂത്രണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നോട്ട് നിരോധനത്തിന്റെ മാന്ദ്യത്തിലും തനത് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ&സി) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ (വിഭവം) സെക്രട്ടറി, പ്രധാന വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രതിമാസ അവലോകനയോഗം വിളിച്ചുചേർക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരികയും ചെയ്യുന്നു. പ്രധാന ധനസമാഹരണ വകുപ്പുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

രജിസ്ട്രേഷൻ വകുപ്പ്:

(i) 1-1-1986 മുതൽ 31-3-2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി G.O (P)No.74/2016/TD ഉത്തരവ് പ്രകാരവും ഫ്ലാറ്റുകളുടെ അണ്ടർവാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ G.O. (P) No. 75/2016/TD ഉത്തരവുപ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി.

(ii) ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപ്പത്ര നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.

എക്സൈസ് വകുപ്പ്:

(I) എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെമേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശ മദ്യ വിൽപ്പനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മദ്യവർജ്ജനം വഴി മദ്യത്തിന്റെ ഉപഭോഗം ഘട്ടംഘട്ടമായി കുറച്ചുകൊണ്ട് വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യ വിൽപ്പനയിൽ വർദ്ധനവ് വരുത്തി വരുമാനത്തിന്റെ വളർച്ചാ നിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ ഉദ്ദേശിക്കുന്നില്ല.

വാണിജ്യ നികുതി വകുപ്പ്:

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു

4. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

6. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

7. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

8. 60 ലക്ഷം രൂപയേക്കാൾ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

9. മെറ്റൽ ക്രഷർ യൂണിറ്റുകൾ മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ സ്വീകരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു.

10. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

11. അന്തർ സംസ്ഥാന വിൽപ്പനയുടെ കാര്യത്തിൽ "സി" ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

12. ജി.എസ്.ടി. നികുതി സമ്പ്രദായം നടപ്പിലാകുന്നതിനായുള്ള ഭരണഘടനാഭേദഗതി നടപ്പിലായതിനുശേഷം ജി.എസ്.റ്റി. സംസ്ഥാനത്തിന് അനുഗുണമാക്കി മാറ്റുന്നതിനുള്ള കർശന നിലപാട് കൗൺസിലിൽ സ്വീകരിച്ചു. ചരക്കുസേവന നികുതി സമ്പ്രദായം കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അധികവിഭവ സമാഹരണം ലക്ഷ്യമിട്ടാണ് മേൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

(ഡി) 2016-17 സാമ്പത്തിക വർഷത്തെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർണ്ണമായും പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ പ്രതീക്ഷിത തനത് നികുതി വരുമാന വളർച്ചയെ എത്രത്തോളം ബാധിച്ചുവെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിച്ച 2017 ഫെബ്രുവരി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2016 ഫെബ്രുവരി വരെയുള്ള കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 9.58% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

## ആസ്തിവികസന ഫണ്ട് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ഭരണാനുമതി

10 (3630) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനായി എന്തെല്ലാം സജ്ജീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ) നമ്പർ 86/2017/ധന. തീയതി 4-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതത് ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതാണ്. ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിലേയ്ക്ക് അയക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാതലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. നിലവിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കിവരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗ പ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആസ്തി വികസന പദ്ധതിക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ്‌വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ FO-മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28-7-2017-ന് വിളിച്ചുചേർക്കുകയുണ്ടായി. തുടർ പരിശീലനത്തിന് NIC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്ന പ്രവൃത്തികളുടെ വിശദവിവരം സ.ഉ.(അ) നമ്പർ 86/2017/ധന. തീയതി 4-7-2017 ഉത്തരവിന്റെ അനുബന്ധം 1 ആയി നൽകിയിട്ടുണ്ട്.*

## ആസ്തി വികസന ഫണ്ട് പദ്ധതി പ്രവൃത്തികൾ

11(3631) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പദ്ധതിയുടെ പുതിയ മാർഗ്ഗനിർദ്ദേശപ്രകാരം 2017-18 മുതലുള്ളതും ഒരു കോടി രൂപ ചെലവുള്ള 2017-18 മുതലുള്ളതുമായ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നതിന് എന്ത് സംവിധാനമാണ് കളക്ടേറ്റുകളിൽ ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ട് പദ്ധതികളുടെ നടത്തിപ്പ് നിലവിൽ ജില്ലകളിലെ അസിസ്റ്റന്റ് ഡെവലപ്‌മെന്റ് കമ്മീഷണർ (ജനറൽ) മുഖേനയാണ് നടത്തുന്നത്; ADF പദ്ധതികളുടെ ചുമതലയും പ്രസ്തുത ഓഫീസ് മുഖേന നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷം മുതൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ) നമ്പർ 86/2017/ധന. തീയതി 4-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് 2017-18 സാമ്പത്തിക വർഷത്തേയ്ക്കുള്ള ശിപാർശകൾ എം.എൽ.എ.-മാർ അതത് ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. ശിപാർശ ചെയ്യുന്ന പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയോ അതിൽ കൂടുതലോ ആണെങ്കിൽ ആയതിന് ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള ധനാനുമതി ലഭിക്കുന്നതിനായി ജില്ലാ കളക്ടർമാർ പ്രസ്തുത ശിപാർശ ധനകാര്യ വകുപ്പിലേയ്ക്ക് അയക്കേണ്ടതും അനുമതി തേടിയിരിക്കേണ്ടതുമാണ്. ഒരു പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 1 കോടി രൂപയിൽ താഴെയാണെങ്കിൽ ജില്ലാ തലത്തിൽ ഭരണാനുമതി നൽകാവുന്നതാണ്. നിലവിൽ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി കളക്ടറേറ്റുകളിലൂടെയാണ് നടപ്പാക്കി വരുന്നത്. പ്രസ്തുത സജ്ജീകരണങ്ങൾ ഉപയോഗപ്പെടുത്തിയാണ് ആസ്തി വികസന പദ്ധതിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ആസ്തി വികസന പദ്ധതിക്കായി വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയർ മുഖേനയാണ് ഫയലുകൾ കൈകാര്യം ചെയ്യേണ്ടത്. സോഫ്റ്റ്‌വെയർ പരിശീലനം നൽകുന്നതിന് മുന്നോടിയായി ബന്ധപ്പെട്ട ADC/ ഡെപ്യൂട്ടി കളക്ടർമാരുടെയും കളക്ടറേറ്റുകളിലെ FO-മാരുടെയും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു യോഗം 28-7-2017-ന് വിളിച്ചുചേർക്കുകയുണ്ടായി. തുടർ പരിശീലനത്തിന് NIC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

### ആസ്തി വികസന ഫണ്ട് പ്രവൃത്തികളുടെ മാറ്റം

12(3632) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചശേഷം ഈ പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയാതെപോയ സാഹചര്യത്തിൽ പ്രസ്തുത തുക മറ്റൊരു പ്രവൃത്തിക്കായി മാറ്റുവാൻ സാധിക്കുമോ;

(ബി) 2014-15 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയതും തുടർന്ന് സാങ്കേതികാനുമതി നൽകിയതുമായ ഒരു പ്രവൃത്തിക്കുപകരം അതേ തുകയ്ക്ക് മറ്റൊരു സ്ഥലത്ത് പ്രസ്തുത പ്രവൃത്തി ചെയ്യുന്നതിന് ഭരണാനുമതി നൽകുമോ;

(സി) ഇത്തരത്തിൽ പുതുക്കിയ ഭരണാനുമതി നൽകിയില്ലെങ്കിൽ വകയിരുത്തിയ തുക നഷ്ടപ്പെടുന്ന കാര്യം പരിഗണിച്ച് നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തുമോ?

<u>ഉത്തരം</u>

(എ-സി) 12-4-2016-ലെ സർക്കുലർ നമ്പർ 33/2016/ധന. പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൽകീഴിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 1-4-2016-നുശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾ പുനഃപരിശോധിക്കുന്നത് പരിഗണനയിലില്ല.

**ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

13(3633) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലഘട്ടത്തിൽ നോമിനേറ്റഡ് എം.എൽ.എ. വഴി ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാം; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിജസ്ഥിതി വിശദമാക്കാമോ;

(സി) എറണാകുളം ജില്ലയിലെ ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലെ മാളികപ്പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണത്തിനായി ആസ്തി വികസന പദ്ധതിയിൽനിന്നും 50 ലക്ഷം രൂപയ്ക്ക് 23-7-2016-ൽ ഭരണാനുമതി നൽകിയ വിവരം ബന്ധപ്പെട്ട വകുപ്പുകളെ അറിയിക്കാത്തതുമൂലം സംഭവിച്ചിട്ടുള്ള കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയ എറണാകുളം ജില്ലയിലെ 'ചെല്ലാനം ഗ്രാമപഞ്ചായത്തിലെ 15-ാം വാർഡിലെ മാളികപ്പറമ്പ് കൾവർട്ടിന്റെ പുനരുദ്ധാരണം' എന്ന പ്രവൃത്തി പൂർത്തിയായതായി പൊതുമരാമത്ത് (റോഡ്സ് ഡിവിഷൻ) എറണാകുളം എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. 22-7-2015-ലെ സർക്കുലർ നമ്പർ 67/2015/ധന. പ്രകാരം ആസ്തി വികസന പദ്ധതിയിൻകീഴിൽ ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ കാലവിളംബം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൂടാതെ പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കുവാനായി പ്രസ്തുത പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പിലാക്കണമെന്ന നിയമസഭാ സാമാജികരുടെ ആവശ്യം പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ സ.ഉ.(അ) നമ്പർ 86/2017/ധന തീയതി 4-7-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുസരിച്ച് 2017-18 സാമ്പത്തിക വർഷം മുതൽ ആസ്തി വികസന പദ്ധതി ജില്ലാ കളക്ടറേറ്റുകളിലൂടെ നടപ്പാക്കുന്നതാണ്.

**കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി കർമ്മ പദ്ധതി**

14(3634) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ക്ഷേമത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പരമ്പരാഗത തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയറുല്പന്നങ്ങൾ ശേഖരിക്കാനും അവ വിറ്റഴിക്കുവാനും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതുസംബന്ധിച്ച് മറ്റ് സംസ്ഥാന സർക്കാരുകളുമായി ഉടമ്പടി ഉണ്ടാക്കിയിട്ടുണ്ടോ; ഉടമ്പടി സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി താഴെ പറയുന്ന പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കിവരുന്നു.

1. രണ്ടാം പുനഃസംഘടനാ പദ്ധതി
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുള്ള യന്ത്രവൽക്കരണം.
3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം.
4. കയർ തൊഴിലാളി കുടുംബ പെൻഷൻ 100 രൂപയിൽനിന്നും 1000 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിനായി കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) പദ്ധതി ഭേദഗതി ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

5. വനിതാ കയർ തൊഴിലാളികൾക്കുള്ള പ്രസവാനുകൂല്യം 1,000 രൂപയിൽനിന്നും 15,000 രൂപയാക്കി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

6. കയർ തൊഴിലാളി പെൻഷൻ 600 രൂപയിൽനിന്നും 1,100 രൂപയായി ഉയർത്തി.

7. റിട്ടയർമെന്റ് ബെനിഫിറ്റ് സ്കീം കുടിശ്ശിക വിതരണത്തിന് 10 കോടി രൂപ പ്രത്യേകമായി നൽകി.

8. പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പൂർണ്ണമായും സംഭരിക്കുന്നു.

9. കുറഞ്ഞത് വർഷത്തിൽ 200 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കാനായി ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണവും ഉപയോഗ മേഖലകളുടെ വിപുലീകരണവും നടപ്പിലാക്കും.

(ബി) സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പിലാക്കുമ്പോൾ ഈ നടപടി പരമ്പരാഗതമേഖലയിലെ തൊഴിലാളികളുടെ തൊഴിലിനേയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവനും മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാപദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. കയർ ഉൽപ്പന്നങ്ങൾക്ക് ആഭ്യന്തര വിപണി വികസിപ്പിക്കുന്നതിന് ഈ ഓണക്കാലത്ത് 'കയർ കാർണിവൽ 2017' എന്ന പേരിൽ പ്രത്യേക ഓണക്കാല വിപണന പരിപാടി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ്, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 സ്റ്റാളുകൾ മുഖേന വിൽപ്പന നടത്തുന്നു. 1,000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2,000 രൂപയുടെ കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. കേരള സംസ്ഥാന കയർ കോർപ്പറേഷനുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് യു.പി. സ്റ്റേറ്റ് ഹാന്റ്‌ലൂം കോർപ്പറേഷനുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. മറ്റ് കേന്ദ്ര, സംസ്ഥാന സർക്കാർ ഏജൻസികളിൽനിന്നും കയർ ഉൽപ്പന്നങ്ങൾക്ക് ഓർഡർ ലഭിക്കുന്നതിന് ഊർജ്ജിത ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## കിഫ്ബി ഫണ്ട് ലഭ്യമാക്കി പദ്ധതികൾ

15(3636) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ട് ലഭ്യമാക്കി ഇതിനോടകം ആകെ എത്ര തുകയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കിഫ്ബി ഫണ്ട് മുഖേന വിവിധ വകുപ്പുകളിൽ നടപ്പിലാക്കുന്ന പദ്ധതികൾക്കായി ഓരോ വകുപ്പിനും എത്ര തുകയുടെ വീതം പദ്ധതികൾക്ക് അനുമതി ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ;

(സി) അപ്രകാരം അനുമതി ലഭിച്ച എത്ര തുകയുടെ പദ്ധതികൾ ഓരോ വകുപ്പും ടെൻഡർ ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ഡി) ഓരോ വകുപ്പിലും അനുമതി ലഭിച്ച എത്ര തുകയുടെവീതം പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) നാളിതുവരെ കൂടിയ കിഫ്ബി ബോർഡ് യോഗങ്ങൾ 572.241 കോടി രൂപ മുതൽമുടക്കുള്ള 80 പദ്ധതികൾക്ക് പൂർണ്ണമായ അംഗീകാരവും 6925.97 കോടി രൂപ മുതൽമുടക്കുള്ള 43 പദ്ധതികൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി അംഗികാരവും നൽകിയിട്ടുണ്ട്. അംഗീകാരം ലഭ്യമാക്കിയ പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) നാളിതുവരെ കൂടിയ കിഫ് ബോർഡ് യോഗങ്ങൾ അംഗീകാരം നൽകിയ പദ്ധതികളുടെ വകുപ്പുതിരിച്ചുള്ളതും ടെണ്ടർ നടപടികൾ പൂർത്തിയായതും പ്രവർത്തനം ആരംഭിച്ചതുമായ പദ്ധതി വിശദാംശങ്ങൾ അനുബന്ധത്തിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

## കൊല്ലം ജില്ലയിലെ കാരുണ്യ ചികിത്സാ സഹായ പദ്ധതികൾ

16(3637) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ ഏതെല്ലാം ആശുപത്രികളിലാണ് കാരുണ്യ ചികിത്സാ സഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ജില്ലയിലെ കൂടുതൽ ആശുപത്രികളിലേക്ക് ഈ ചികിത്സാ പദ്ധതി വ്യാപിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ വിശദീകരിക്കുമോ;

(സി) മെച്ചപ്പെട്ട നിലവാരം പുലർത്തുന്ന സ്വകാര്യ ആശുപത്രികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സ ലഭ്യമാണ്. ഇതുകൂടാതെ കാരുണ്യ ചികിത്സാ സഹായ പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളുടെ പേര് ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1. ശ്രീ നാരായണ ട്രസ്റ്റ് മെഡിക്കൽ മിഷൻ, കൊല്ലം.
2. അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, മിയന്നൂർ.
3. ട്രാവൻകൂർ മെഡിക്കൽ കോളേജ്, മൈലാപ്പൂർ
4. ബിഷപ്പ് ബെൻസിഗർ ഹോസ്പിറ്റൽ, കൊല്ലം.
5. സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ, അഞ്ചൽ.
6. പത്മാവതി ഹോസ്പിറ്റൽ, (ഡയാലിസിസ് സെന്റർ ഉൾപ്പെടെ) ശാസ്താംകോട്ട.
7. ശ്രീ സത്യസായി സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, കൊട്ടാരക്കര.
8. പൊയാനിൽ ഹോസ്പിറ്റൽ, പുനലൂർ.
9. കൊല്ലം ഡിസ്ട്രിക്ട് ഹോസ്പിറ്റൽ (എൻ.എസ്.ഹോസ്പിറ്റൽ)

(ബി&സി) പുതിയ ആശുപത്രികളെ അക്രഡിറ്റ് ചെയ്യുന്ന കാര്യം ഇപ്പോൾ ആലോചനയിലില്ല.

## വയനാട് മെഡിക്കൽ കോളേജിന്റെ ആർക്കിടെക്ചറൽ ഡിസൈൻ സംബന്ധിച്ച് ഫിനാൻസ് വകുപ്പിന്റെ സി.റ്റി.ഇ.-ക്ക് പരാതി

17(3638) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മെഡിക്കൽ കോളേജിന്റെ ആർക്കിടെക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഫിനാൻസ് വകുപ്പിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനർ (സി.റ്റി.ഇ.)-ക്ക് പരാതിയോ വിശദീകരണമോ ഏതെങ്കിലും ഏജൻസികളിൽ നിന്നോ വകുപ്പുകളിൽനിന്നോ ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന വിഷയങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പരാതിയുടെ/വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഹരിപ്പാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിന്റെ കൺസൾട്ടൻസി നൽകുന്നതുമായി ബന്ധപ്പെട്ട് Anson Group എന്ന സ്ഥാപനം നൽകിയ പരാതി പരിശോധിച്ച് അഭിപ്രായം രേഖപ്പെടുത്തുന്നതിനുവേണ്ടി ധനകാര്യ (എൻ.സി.) വകുപ്പ് ഫയൽ (നമ്പർ NCA4.17/2016 Fin.) ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കാര്യാലയത്തിന് കൈമാറിയിരുന്നു. ടി പരാതിയിൽ വയനാട് മെഡിക്കൽ കോളേജ് നിർമ്മാണത്തിന്റെ കൺസൾട്ടൻസി നൽകുന്നതിനെപ്പറ്റിയും ആക്ഷേപം ഉന്നയിച്ചിരുന്നു.

(ബി&സി) പരാതിയിൽ ഉന്നയിച്ചിരിക്കുന്ന പ്രധാന വിഷയങ്ങൾ വ്യക്തമാക്കുന്നതിലേയ്ക്കായി പരാതിയുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ഡി) ഉണ്ട്. ഇതുസംബന്ധിച്ചുള്ള അന്വേഷണ റിപ്പോർട്ട് Insp.Tech 3/68/2016/Fin. നമ്പർ ഫയലിൽ 8-7-2016 തീയതിയിൽ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്.

## നികുതി നിർണ്ണയം സംബന്ധിച്ച് ശ്രീ. സി. ജി. വേണുഗോപാൽ സമർപ്പിച്ച പരാതി

18(3639) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി നിർണ്ണയം സംബന്ധിച്ച് ശ്രീ. സി. ജി. വേണുഗോപാൽ സമർപ്പിച്ച പരാതിയിൻമേൽ ബഹു. ധനകാര്യ മന്ത്രിയുടെ 5-4-2017-ലെ 1356515/2017 നമ്പർ നിർദ്ദേശ പ്രകാരം വാണിജ്യ നികുതി വകുപ്പ് കമ്മീഷണർ സ്വീകരിച്ച തുടർനടപടി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പരാതിയിൻമേൽ എറണാകുളം ഡെപ്യൂട്ടി കമ്മീഷണറിൽ (ഇന്റലിജൻസ്) നിന്നും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത പരാതി തീർപ്പാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ&ബി) നികുതി നിർണ്ണയം സംബന്ധിച്ച് ശ്രീ. സി. ജി. വേണുഗോപാൽ സമർപ്പിച്ച പരാതിയിൽ 20-4-2017 തീയതിയിൽ കമ്മീഷണർ റിപ്പോർട്ട് ആവശ്യപ്പെടുകയും 25-4-2017-ൽ എറണാകുളം ഡെപ്യൂട്ടി കമ്മീഷണർ (ഇന്റലിജൻസ്) അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

(സി) മെ.ഒബെറ ഫ്ലെക്സ് പ്രിന്റിംഗ്, പെരുവല്ലൂർ എന്ന സ്ഥാപനത്തിന്റെ പ്രതിനിധി നേരിൽ ഹാജരായി 19,44,869 രൂപ മാത്രമാണ് നികുതി വെട്ടിപ്പ് എന്ന് സമ്മതിച്ചുവെങ്കിലും ഇത് സംബന്ധിച്ച രേഖകൾ ഹാജരാക്കി നിജസ്ഥിതി ബോദ്ധ്യപ്പെടുത്താൻ സ്ഥാപനത്തിന് കഴിഞ്ഞില്ല. ആയതിനാൽ അവർ നൽകിയ മറുപടി നിരസിച്ചുകൊണ്ട് ടി സ്ഥാപനത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം ഫയലിൽ ഇന്റലിജൻസ് ഓഫീസർ, സ്ക്വാഡ്-4, തൃശ്ശൂരിന്റെ 27-6-2017 തീയതിയിലെ ITC/IV/42/15-16 നമ്പർ ഉത്തരവ് പ്രകാരം 64,77,254 രൂപ പിഴ ചുമത്തിക്കൊണ്ട് തീർപ്പാക്കിയിട്ടുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

19(3640) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ചികിത്സാ സൗകര്യം നൽകുന്ന ഇൻഷ്വറൻസ് സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും പട്ടിക സർക്കാർ തയ്യാറാക്കിയിട്ടുണ്ടോ?

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-4-2017-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്ക് ശേഷം ടെണ്ടർ ക്ഷണിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളുടെ പൂർത്തീകരണത്തിനുശേഷം മാത്രമെ, കവറേജ്, ഇൻഷ്വറൻസ് കമ്പനി, എംപാനൽഡ് ആശുപത്രി എന്നീ കാര്യങ്ങളിൽ വ്യക്തത കൈവരികയുള്ളൂ.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

20(*T3641) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുവേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി, ഇൻഷ്വറൻസ് കമ്പനികളെ തെരഞ്ഞെടുക്കുന്നതിനുള്ള എക്സ്പ്രെഷൻ ഓഫ് ഇന്ററസ്റ്റ്(EOI) ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാന/തദ്ദേശസ്വയംഭരണ/അർദ്ധ സർക്കാർ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന രീതി വിശദീകരിക്കാമോ;

(സി) ഇതിനായി ഓരോ ജീവനക്കാരനും പ്രത്യേക ഐ.ഡി. കാർഡ്, പൊതുസോഫ്റ്റ്‌വെയർ സംവിധാനം എന്നിവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) നിലവിൽ സംസ്ഥാന ജീവനക്കാർക്കും സർവ്വീസ് പെൻഷൻകാർക്കും മാത്രമാണ് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇൻഷ്വറൻസ് കമ്പനിയെ നിശ്ചയിച്ചുകഴിഞ്ഞതിനുശേഷം മാത്രമേ ഇതുസംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

21(3642) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് 24-4-2017-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ ഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്കുശേഷം ടെണ്ടർ ക്ഷണിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളുടെ പൂർത്തീകരണത്തിനുശേഷമേ കവറേജ്, ഇൻഷ്വറൻസ് കമ്പനി, എംപാനൽഡ് ആശുപത്രി എന്നീ കാര്യങ്ങളിൽ വ്യക്തത കൈവരികയുള്ളൂ.

## കാരുണ്യ ബെനവലന്റ് പദ്ധതി

22(3643) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിൽനിന്നും പ്രത്യേക അനുമതിക്കായി ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകളിൽ ധനസഹായം അനുവദിച്ചിട്ടുണ്ട്; അപേക്ഷ ലഭിച്ച തീയതി, തുക ഉൾപ്പെടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) കാരുണ്യ ബെനവലന്റ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്:

1. കാരുണ്യ പദ്ധതിയുടെ സോഫ്റ്റ്‌വെയർ നവീകരിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി. നവീകരണം അന്തിമ ഘട്ടത്തിലാണ്.

2. കോൺട്രാക്റ്റ് അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും ഭാഗ്യക്കുറി വകുപ്പിൽനിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പദ്ധതിയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി.

3. വൃക്ക രോഗികളുടെ ചികിത്സാ ധനസഹായം രണ്ട് ലക്ഷത്തിൽ രൂപയിൽ നിന്നും മൂന്ന് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു.

4. കാരുണ്യ ബെനവലന്റ് പദ്ധതിക്കുള്ള ബജറ്റ് വിഹിതമായി കഴിഞ്ഞ സാമ്പത്തിക വർഷം 250 കോടി രൂപയാണ് അനുവദിച്ചത്. ഈ സാമ്പത്തിക വർഷം ഇത് 350 കോടി രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്രത്യേക അനുമതി നൽകുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ ജില്ല അടിസ്ഥാനത്തിലാണ് സൂക്ഷിക്കുന്നത്. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രത്യേക അനുമതി നൽകിയതിൽ ഏറനാട് എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്നവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ശ്രീ. സുരേഷ് കുമാർ 26-12-2016-ലെ അപേക്ഷ 42,000 രൂപ
2. ശ്രീ. മൊയ്ദീൻകുട്ടി 15-10-2016-ലെ അപേക്ഷ 65,000 രൂപ
3. ശ്രീമതി ശ്രീദേവി 21-4-2017-ലെ അപേക്ഷ 65,000 രൂപ
4. ശ്രീ. ഫിറോസ് ബാബു 23-1-2015-ലെ അപേക്ഷ 60,000 രൂപ
5. ശ്രീ. രാജൻ ഒ. കെ. 4-12-2014-ലെ അപേക്ഷ 44,000 രൂപ
6. ശ്രീ. മുഹമ്മദ് കെ. കെ. 5-12-2014-ലെ അപേക്ഷ 65,000 രൂപ
7. ശ്രീ. മുഹമ്മദ് പി. 10-6-2014-ലെ അപേക്ഷ 65,000 രൂപ

## സംസ്ഥാന സർക്കാർ ജീവനക്കാർക്കായി പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

23(3644) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കായി പുതിയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയുടെ പ്രീമിയം തുക എത്രവീതമാണ്; എത്ര തുകയുടെ ഇൻഷ്വറൻസ് പരിരക്ഷവരെയാണ് ഒരു വർഷം ജീവനക്കാർക്ക് ലഭിക്കുക; ജീവനക്കാരുടെ കുടുംബാംഗങ്ങളുടെ ചികിത്സയ്ക്ക് പദ്ധതിയിൽനിന്നും ആനുകൂല്യം ലഭിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ-സ്വകാര്യ ആശുപത്രികളുടെ പട്ടിക ലഭ്യമാക്കുമോ; സ്വകാര്യ ആശുപത്രികളെ തെരഞ്ഞെടുത്തതിന് എന്ത് മാനദണ്ഡമാണ് ഏർപ്പെടുത്തിയത്;

(ഡി) ഓരോ ആശുപത്രിയിലും ഏതുതരം ചികിത്സയാണ് അംഗീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതോ പട്ടികയിലെ ഏതാശുപത്രിയിലും ഏത് ചികിത്സവേണമെങ്കിലും നേടാൻ കഴിയുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 24-4-2017-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭഘട്ടത്തിലുള്ള ചർച്ചകൾ, പഠനം എന്നിവയ്ക്കുശേഷം ടെൻഡർ ക്ഷണിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികളുടെ പൂർത്തീകരണത്തിനു ശേഷമേ കവറേജ്, ഇൻഷ്വറൻസ് കമ്പനി, പ്രീമിയം, എംപാനൽഡ് ആശുപത്രികൾ എന്നിവയെ സംബന്ധിച്ച് വ്യക്തത കൈവരികയുള്ളൂ.

### റബ്ബർ കർഷകർക്ക് വിലസ്ഥിരത ഫണ്ട് കുടിശ്ശിക

24(*T 3645) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കർഷകർക്ക് നൽകുന്നതിനുള്ള വിലസ്ഥിരത ഫണ്ട് സബ്സിഡി അടക്കം 150 രൂപ നിരക്കിൽ സംസ്ഥാനസർക്കാർ എത്ര മാസത്തെ കുടിശ്ശികയാണ് കൊടുത്തുതീർക്കുവാനുള്ളത്;

(ബി) കേരളത്തിൽ എത്ര കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; സബ്സിഡിത്തുക അതത് മാസം തന്നെ കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സബ്സിഡി നൽകുന്ന വിലസ്ഥിരത പദ്ധതിയിൽ എത്ര കോടി രൂപയുടെ കുടിശ്ശികയാണ് ഇപ്പോൾ ഉള്ളത് എന്നറിയിക്കാമോ; ഈ വർഷം ഇതുവരെ ഒരു കർഷകന് പോലും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ല എന്ന പരാതി ഗൗരവമായി പരിശോധിക്കുമോ; ഇതു പരിഹരിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സോഫ്റ്റ്വെയറിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ആയത് പൂർത്തീകരിച്ചിട്ടുണ്ടോ; ഇപ്പോൾ പദ്ധതിക്ക് നേരിടുന്ന കാലതാമസത്തിന് ഫണ്ടിന്റെ അപര്യാപ്തതയുണ്ടോയെന്നറിയിക്കാമോ; ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2017 ജൂലൈ 17-ാം തീയതി വരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച എല്ലാ ബില്ലുകളിന്മേലുമുള്ള സബ്സിഡി തുക റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം പ്രകാരം 2016-17 പദ്ധതി വർഷത്തിലെ സെയിൽസ് ബില്ലുകളിന്മേൽ 277175 റബ്ബർ കർഷകർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. നിലവിൽ റബ്ബർ കർഷകരുടെ ബില്ലുകൾ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിക്കുന്നമുറയ്ക്ക് രണ്ടാഴ്ചയിലൊരിക്കലാണ് സബ്സിഡി തുക കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നത്.

(സി) 2017 ജൂലൈ 17-ാം തീയതിക്കുശേഷം ഇതുവരെ റബ്ബർ ബോർഡ് പരിശോധിച്ച് അംഗീകരിച്ച സെയിൽസ് ബില്ലുകളിന്മേലുള്ള 21.12 കോടി രൂപയാണ് ഇനി വിതരണം ചെയ്യാനുള്ളത്. ഈ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. നടപ്പുകലണ്ടർ വർഷം ഇതുവരെ 856230 സെയിൽസ് ബില്ലുകളിന്മേൽ 164.48 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ഡി) ജി.എസ്.ടി.-യുടെ ഭാഗമായി സോഫ്റ്റ് വെയറിൽ മാറ്റം വരുത്തേണ്ടതില്ല. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ നടത്തിപ്പിനായി 2017-18 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം തടസ്സങ്ങളില്ലാതെ സുഗമമായി നടപ്പിലാക്കി വരികയാണ്.

**തലശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

25(3646) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ 2017-18 വർഷത്തെ കിഫ്ബി ഫണ്ടിൽ ഉൾപ്പെട്ട പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കാമോ;

(ബി) മഞ്ഞോടി-മലബാർ ക്യാൻസർ സെന്റർ-പന്തക്കൽ റോഡ് 2017-18 വർഷത്തെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതി ആണോ; ആണെങ്കിൽ പൊതുമരാമത്ത് വകുപ്പിന് അനുബന്ധ നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് (RCB) കിഫ്ബിയിൽ ഉൾപ്പെട്ട പദ്ധതി ആണോ; ആണെങ്കിൽ ബന്ധപ്പെട്ട വകുപ്പിന് അനുബന്ധ നടപടികൾ സ്വീകരിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) തലശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബി ഫണ്ടിംഗിൽ ഉൾപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017-18-ലെ ബജറ്റിന്മേലുള്ള പൊതുചർച്ചയ്ക്കുള്ള മറുപടി പ്രസംഗത്തിലെ പ്രഖ്യാപനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്ന 1039.15 കോടി രൂപയുടെ പ്രവൃത്തികളുടെ പട്ടികയിൽ 8-ാം ഇനമായി 10 കോടി രൂപയുടെ മഞ്ഞോടി-മലബാർ കാൻസർ സെന്റർ-പന്തക്കൽ റോഡ് ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പ്രവൃത്തികൾ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ വാല്യം-2 ഭാഗം 2-ൽ 20 ശതമാനം തുക വകയിരുത്തി ഉൾക്കൊള്ളിക്കുകയാണ് ചെയ്യുന്നതെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും സർക്കാർ പ്രത്യേകമായി നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ബജറ്റ് വിഹിതമുള്ള പദ്ധതികൾ കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും മഞ്ഞോടി-മലബാർ കാൻസർ സെന്റർ-പന്തക്കൽ റോഡ് പദ്ധതിക്ക് ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതിനാലും ടി പദ്ധതി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി പഞ്ചായത്തിൽ റെഗുലേറ്റർ- കം-ബ്രിഡ്ജ് പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി വാർഷിക ബജറ്റിൽ പ്രഖ്യാപിച്ചിട്ടില്ലാത്തതിനാൽ സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലാത്തതിനാലും ടി പദ്ധതി കിഫ്ബി പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പതിനാലാം ധനകാര്യ കമ്മീഷൻ**

26(3647) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സെൻട്രൽ ടാക്സിന്റെ 42 ശതമാനം 2016-17-ൽ സംസ്ഥാനങ്ങൾക്ക് കൈമാറിയതിൽ കേരളത്തിന് ലഭിച്ച തുക എത്രയാണെന്ന് അറിയിക്കാമോ ; ഇത് എത്ര ഗഡുക്കൾ ആയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ ;

(ബി) 2016-17-ൽ സെൻട്രൽ ടാക്സിന്റെ 42 ശതമാനം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം ഇവ ചേർത്ത് മൊത്തം കേന്ദ്രത്തിൽനിന്ന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

(സി) 2014-15, 2015-16 വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം, സെൻട്രൽ ടാക്സിന്റെ വിഹിതം ഇവ ചേർത്ത് മൊത്തം കേന്ദ്രത്തിൽ നിന്ന് ലഭിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര നികുതി വിഹിതത്തിന്റെ 42 ശതമാനം 2016-17-ൽ സംസ്ഥാനങ്ങൾക്ക് കൈമാറിയതിൽ കേരളത്തിന് ലഭിച്ച തുക 15,225.02 കോടി രൂപയാണ്. 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെ 12 മാസ ഗഡുക്കളായിട്ടാണ് ലഭിച്ചിട്ടുള്ളത്.

(ബി) 2016-17-ൽ കേന്ദ്ര നികുതി വിഹിതമായി 15225.02 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതമായി 5832.60 കോടി രൂപയും (RE പ്രകാരമുള്ള കണക്ക്) ചേർത്ത് ആകെ 21057.62 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) 2014-15, 2015-16 എന്നീ വർഷങ്ങളിലെ കേന്ദ്ര നികുതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

(രൂപ കോടിയിൽ)

| വർഷം | കേന്ദ്ര നികുതി വിഹിതം | കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതം | ആകെ |
|---|---|---|---|
| 2014-15 | 7926.29 | 3916.87 | 11843.16 |
| 2015-16 | 12690.67 | 3558.00 | 16248.67 |

**ഹോട്ടൽ ഭക്ഷണത്തിന് ജി.എസ്.ടി.**

27(*T 3648) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.സി. റസ്റ്റോറന്റുകളിൽ വിളമ്പുന്ന ഭക്ഷണത്തിന് സംസ്ഥാന ബജറ്റിൽ ഏർപ്പെടുത്തിയ നികുതി ജി.എസ്.ടി. ഏർപ്പെടുത്തിയപ്പോൾ ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഹോട്ടൽ ഭക്ഷണത്തിന് പല നിരക്കിൽ ടാക്സ് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഏകീകരിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഹോട്ടൽ ഭക്ഷണത്തിന് കൃത്യമായി നൽകേണ്ട നികുതി എത്രയെന്ന് ജനങ്ങൾക്ക് ബോദ്ധ്യമാകത്തക്കവിധം പ്രദർശിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഒഴിവാക്കിയിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട പരാതികൾ പല ഭാഗത്തുനിന്നും ലഭിച്ചിട്ടുണ്ട്. വാറ്റ് നികുതി നിലവിലുണ്ടായിരുന്ന സമയത്ത് പാകം ചെയ്ത ഭക്ഷണത്തിന് കേരളത്തിൽ അര ശതമാനം കോമ്പൗണ്ടിംഗ് നികുതി മാത്രമേ ഉണ്ടായിരുന്നുള്ളൂ. കൂടാതെ വിറ്റുവരവിന് പരിധിയില്ലായിരുന്നു. എന്നാൽ ജി.എസ്.ടി. നിയമപ്രകാരം 75 ലക്ഷം രൂപ വരെ വിറ്റുവരവ് ഉള്ളവർക്ക് കോമ്പോസിഷൻ നികുതി സംവിധാനത്തിലേയ്ക്ക് മാറുവാനും അടയ്ക്കേണ്ട നികുതി 5% ആയി നിജപ്പെടുത്തുകയുമുണ്ടായി. കോമ്പോസിഷൻ സ്കീം ഓപ്റ്റ് ചെയ്യുന്ന വ്യാപാരികൾക്ക് ഉപഭോക്താക്കളിൽനിന്നും നികുതി ഈടാക്കാൻ അവകാശമുണ്ടായിരിക്കില്ല. കോമ്പോസിഷൻ വ്യവസ്ഥയില്ലാതെ നികുതി അടയ്ക്കുന്നവർക്ക് നോൺ-എസി റസ്റ്റോറന്റുകളിൽ 12%-ഉം എസി റസ്റ്റോറന്റുകളിൽ 18%-ഉം ആണ് നികുതി. ഇതുപ്രകാരമുള്ള ഇൻപുട്ട് ക്രെഡിറ്റ് ലഭ്യത പരിഗണിക്കാതെ വ്യാപാരികൾ മുൻവിലയിൽ ജി.എസ്.ടി. ചുമത്തി അമിതവില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരത്തിലുള്ള ബില്ലുകൾ ശേഖരിക്കുന്നതിനും അമിതമായ നികുതി പിരിവിനെതിരെ നടപടി സ്വീകരിക്കുന്നതിനും വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കോമ്പോസിഷൻ സ്കീം സ്വീകരിച്ചിട്ടുള്ള ഹോട്ടലുകൾക്ക് ജനങ്ങളിൽ നിന്ന് നികുതി പിരിക്കാൻ അവകാശമില്ല. ഇത് അത്തരം ഹോട്ടലുകളുടെ ബില്ലിലും ബോർഡിലും സൂചിപ്പിക്കേണ്ടതുണ്ട്. എന്നാൽ ഹോട്ടലുകളിൽ ഏതെങ്കിലും ഭാഗത്ത് ശീതീകരണ സംവിധാനമുണ്ടെങ്കിൽ മൊത്തത്തിൽ 18% നികുതി അടയ്ക്കേണ്ടതുണ്ട്. ഇതിന്റെ അശാസ്ത്രീയത കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിന്റെ വിനിയോഗം

28(3649) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി ലഭ്യമായതെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭ്യമായ പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികൾ TS നടപടികളും ടെണ്ടർ നടപടികളും പൂർത്തീകരിച്ച് വർക്ക് ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ തുടർനടപടി വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## തലശ്ശേരി മണ്ഡലത്തിലെ മട്ടമ്പ്രം പള്ളി റോഡ് ഇന്റർലോക്ക് പ്രവൃത്തിക്കുള്ള ഭരണാനുമതി

29(3650) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ 3 മാസമായി ധനകാര്യ വകുപ്പിന്റെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ പരിഗണനയിലുള്ള തലശ്ശേരി നിയോജകമണ്ഡലത്തിലെ 'തലശ്ശേരി മുകുന്ദൻ ജംഗ്ഷൻ മട്ടമ്പ്രം പള്ളി റോഡ് ഇന്റർലോക്ക് പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

തലശ്ശേരി നിയോജകമണ്ഡലത്തിലെ 'തലശ്ശേരി മുകുന്ദൻ ജംഗ്ഷൻ മട്ടമ്പ്രം പള്ളിറോഡ് ഇന്റർലോക്ക് എന്ന പ്രവൃത്തിക്ക് ധനകാര്യ വകുപ്പ് ധനാനുമതി നൽകുകയും ഇതുസംബന്ധിച്ച LSGD-DC3/1027/2017-LSGD നമ്പർ ഫയൽ തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് തിരികെ നൽകുകയും ചെയ്തിട്ടുണ്ട്.

## എറണാകുളം മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾ

30(3651) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മെഡിക്കൽ കോളേജിലെ വികസന പ്രവർത്തനങ്ങൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ;എങ്കിൽ എത്ര തുകയുടെ പ്രവൃത്തികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) എറണാകുളം മെഡിക്കൽ കോളേജിന്റെ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 18-1-2017-ലെ സ.ഉ.(ആർറ്റി.) നമ്പർ 139/2017/ ആ.കു.വ. ഉത്തരവുപ്രകാരം ബന്ധപ്പെട്ട ഭരണ വകുപ്പ് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതും ബന്ധപ്പെട്ട പദ്ധതി വിശദാംശങ്ങളോടൊപ്പം കിഫ് ബോർഡിന്റെ അംഗീകാരത്തിനായി

21-3-2017-ൽ കൂടിയ യോഗത്തിൽ ബോർഡിനുമുമ്പാകെ സമർപ്പിച്ചിട്ടുള്ളതുമാണ്. എന്നാൽ പദ്ധതി വിശദാംശങ്ങളിൽ ചില ന്യൂനതകൾ കണ്ടതിനെത്തുടർന്ന് പ്രസ്തുത യോഗം നിബന്ധനകൾക്കുവിധേയമായ അംഗീകാരമാണ് ടി പദ്ധതിക്ക് നൽകിയിട്ടുള്ളത്. ആയതിനാൽ അവ പരിഹരിച്ച് കിഫ്ബിയിൽ പുനർസമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതും ആയതു ലഭ്യമാകുന്നമുറയ്ക്ക് പൂർണ്ണമായ അംഗീകാരത്തിനായി ഈ പദ്ധതി നിർദ്ദേശം ബോർഡിനുമുമ്പാകെ പുനർസമർപ്പിക്കുന്നതുമാണ്.

(ബി) എറണാകുളം മെഡിക്കൽ കോളേജിൽ ഫർണിച്ചർ/ഫർണിഷിങ് ഉപകരണങ്ങൾ ഉൾപ്പെടെയുള്ള പുതിയ ആശുപത്രി ബ്ലോക്ക്, സ്റ്റാഫ് ക്വാർട്ടേഴ്സ്, പി.ജി. ക്വാർട്ടേഴ്സ്, പൊതുജനങ്ങൾക്കുവേണ്ടി ഒരുക്കുന്ന സൗകര്യം, (Common Amenity Centre) ഇൻഡോർ സ്റ്റേഡിയം-കം-ഓഡിറ്റോറിയം, ജിംനേഷ്യം എന്നിവയുൾപ്പെടുന്ന അടിസ്ഥാന സൗകര്യ വികസന പദ്ധതിയാണ് കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ളത്.

## വാറ്റിൽനിന്നും ജി.എസ്.ടി.-യിലേയ്ക്ക് മാറുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ

31 (3652) ശ്രീ. എം. ഉമ്മർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വാറ്റ് നികുതിയും തുടർന്ന് ജി.എസ്.റ്റി.-യും നടപ്പിലാക്കുമ്പോൾ എന്തെല്ലാം പ്രായോഗിക വിഷമതകളാണ് നേരിടുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സ്ഥിതിവിശേഷം സാമ്പത്തിക നിലവാരത്തിൽ ശ്രദ്ധേയമായ മാറ്റം വരുത്തുമെന്ന് സർക്കാർ കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) വാറ്റിൽനിന്നും ജി.എസ്.റ്റി.-യിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ&ബി) സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ 2017-18 സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ വാറ്റ് നികുതിയും തുടർന്ന് ജി.എസ്.ടി.-യും നടപ്പിലാക്കുമ്പോൾ ചില പ്രായോഗിക ബുദ്ധിമുട്ടികൾ ഉണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുവാനുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 1-7-2017 മുതലാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. ജി.എസ്.ടി.-ക്കുമുമ്പുള്ള ഇടപാടുകൾ പഴയ നിയമപ്രകാരവും 1-7-2017-ന് ശേഷമുള്ള ഇടപാടുകൾ ജി.എസ്.ടി. നിയമപ്രകാരവുമാണ് നടത്തേണ്ടത്. വാറ്റ് നികുതി വ്യവസ്ഥയിൽ ഉള്ള നീക്കിയിരിപ്പ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് നിബന്ധനകൾക്ക് വിധേയമായി ജി.എസ്.ടി.-യിൽ അനുവദിച്ചിട്ടുണ്ട്.

ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. കേരളം പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമാണ്. കേരളത്തിനാവശ്യമായ സാധനങ്ങളിൽ ഭൂരിഭാഗവും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നവയാണ്. ആയതിനാൽ ജി.എസ്.ടി. നിയമമനുസരിച്ച് ഇവയുടെ നികുതി കേരളത്തിന് ലഭിക്കും. സേവന മേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്.

(സി) ജി.എസ്.ടി.-യിൽ വ്യാപാരികളുമായി ബന്ധപ്പെട്ട സേവനങ്ങൾ കേന്ദ്ര സംസ്ഥാന സംയുക്ത ഉടമസ്ഥതയിലുള്ള കമ്പനിയായ ജി.എസ്.ടി.എൻ. ആണ് നൽകുന്നത്. ആയതിനാൽ ഓൺലൈൻ സംവിധാനത്തിലെ പ്രശ്നങ്ങൾ എത്രയും വേഗം പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പുതിയ നികുതി സമ്പ്രദായത്തിലേയ്ക്ക് മാറുമ്പോൾ ഉണ്ടാകുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

32(3653) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾക്കാണ് ധനകാര്യ വകുപ്പ് അനുമതി നല്കി ഫണ്ട് അനുവദിച്ചത്; ഓരോ പ്രവൃത്തിയുടേയും വിശദാംശവും അനുവദിച്ച തുകയും പ്രത്യേകം പ്രത്യേകം പറയാമോ?

<u>ഉത്തരം</u>

2016-17 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ധനകാര്യ വകുപ്പ് അനുമതി നല്കിയ ഓരോ പ്രവൃത്തിയുടേയും വിശദാംശവും അനുവദിച്ച തുകയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ ഉപസമിതി

33(3654) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ ഉപസമിതിയെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരിൽനിന്ന് ഈടാക്കുന്ന വിഹിതവും സർക്കാർ വിഹിതവും ട്രഷറിയിൽ നിക്ഷേപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ സർക്കാർ ഉപസമിതിയെ നിയമിച്ചിട്ടില്ല. പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് സർക്കാർ ആലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഗവൺമെന്റ് ഓഫ് ഇന്ത്യ പരാമർശിച്ചിട്ടില്ലാത്ത മറ്റൊരു ഏജൻസിയിലും എൻ.പി.എസ്. വിഹിതം അടവാക്കാൻ നിലവിൽ വ്യവസ്ഥയില്ല. 1956-ലെ (SCRA Securities Contracts (Regulation) Act, 1956) പ്രകാരം ട്രഷറിയിൽ സെക്യൂരിറ്റി ഫണ്ട് തുടങ്ങാനും വ്യവസ്ഥയില്ല. ആയതിനാൽ പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം ജീവനക്കാരിൽനിന്ന് ഈടാക്കുന്ന വിഹിതവും സർക്കാർ വിഹിതവും ട്രഷറിയിൽ നിക്ഷേപിക്കാൻ സാധിക്കില്ല.

## സർവ്വീസ് പെൻഷൻകാർക്കുള്ള ശമ്പളപരിഷ്കരണ കുടിശ്ശിക

34(3656) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1-7-2014 പ്രാബല്യത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ ശമ്പളപരിഷ്കരണ കുടിശ്ശികയുടെ ബാക്കിയുള്ള മൂന്ന് ഗഡുക്കൾ സർവ്വീസ് പെൻഷൻകാർക്ക് ഒരുമിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

## പ്രോവിഡന്റ് ഫണ്ട് പലിശ നിരക്ക്

35(3657) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും മറ്റ് ജീവനക്കാരുടെയും വിവിധ പ്രൊവിഡന്റ് ഫണ്ടുകളിലെ പലിശ നിശ്ചയിക്കുന്നത് ഏത് മാനദണ്ഡപ്രകാരമാണ് ;

(ബി) പ്രൊവിഡന്റ് ഫണ്ടുകളിലെ പലിശ ഈ വർഷം പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന പലിശ നിരക്കാണ് ജി.പി.എഫ്.-നും മറ്റ് സർക്കാർ നിയന്ത്രിത പ്രോവിഡന്റ് ഫണ്ടുകൾക്കും ബാധകമാകുന്നത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 1-4-2017 മുതൽ 30-6-2017 വരെയുള്ള കാലയളവിലേയ്ക്ക് ജി.പി.എഫ്.-നും മറ്റ് സർക്കാർ നിയന്ത്രിത പ്രോവിഡന്റ് ഫണ്ടുകൾക്കും സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 78/2017/ധന തീയതി 19-6-2017 പ്രകാരം 7.9% (ഏഴ് ദശാംശം ഒൻപത് ശതമാനം) ആണ് പലിശനിരക്ക്. എന്നാൽ 1-7-2017 മുതൽ 30-9-2017 വരെയുള്ള കാലയളവിലേയ്ക്ക് കേന്ദ്ര സർക്കാരിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജി.പി.എഫി.-നും മറ്റ് സർക്കാർ നിയന്ത്രിത പ്രോവിഡന്റ് ഫണ്ടുകൾക്കും സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 101/2017/ധന. തീയതി 4-8-2017 പ്രകാരം 7.8% (ഏഴ് ദശാംശം എട്ട് ശതമാനം) ആണ് പലിശനിരക്ക്.

## വിദ്യാഭ്യാസ വായ്പാ തിരിച്ചടവ്

36(3658) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. രാജൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവർക്കുള്ള സംസ്ഥാന സർക്കാരിന്റെ വായ്പാ തിരിച്ചടവ് പദ്ധതി എന്ന് നിലവിൽ വന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പഠനകാലയളവിലോ വായ്പാകാലയളവിലോ അപകടം, അസുഖം എന്നിവമൂലം സ്ഥിരവൈകല്യം വരികയോ മരണം സംഭവിക്കുകയോ ചെയ്താൽ പ്രസ്തുത വായ്പ സർക്കാർ ഏറ്റെടുക്കുമോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വായ്പാ സഹായ പദ്ധതിക്ക് അപേക്ഷിക്കുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ;

(ഡി) വായ്പാ സഹായ പദ്ധതിക്ക് അർഹതയില്ലാത്ത വിഭാഗങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ;

(ഇ) വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ കാലാവധി എത്ര വർഷമാണ് എന്ന് അറിയിക്കുമോ; ഈ കാലയളവിലെ തിരിച്ചടവിന്റെ എത്ര ശതമാനമാണ് സർക്കാർ വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തിഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി 16-5-2017 തീയതിയിലെ സ.ഉ.(പി) 65/2017/ധന. ഉത്തരവ് പ്രകാരം ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) വായ്പയുടെമേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്നപക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80%-മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽതുകയും, തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിനുവേണ്ടി elrs.kerala.gov.in എന്ന വെബ്പോർട്ടലിലൂടെ ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്. 4-8-2017 മുതൽ പ്രസ്തുത വെബ്പോർട്ടലിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 31-10-2017 ആണ്. 2-8-2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

- ഈ ധനസഹായത്തിനുള്ള ആശ്വാസ കാലാവധി, തിരിച്ചടവ് അവധിക്കുശേഷം 1-4-2016 മുതൽ പരമാവധി നാല് വർഷത്തേയ്ക്കായിരിക്കും.

- 1-4-2016-ന് മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

- കേരളത്തിലെ എല്ലാ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

- 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60%-വും 4 ലക്ഷത്തിനുമേൽ 9 ലക്ഷം വരെയുള്ള വായ്പകൾക്ക് കുടിശ്ശിക യായിട്ടുള്ള മുതലിന്റെ 50%-വും (പരമാവധി 2,40,000 രൂപ വരെ) സർക്കാർ സഹായം നൽകുന്നതാണ്.

- വായ്പയുടെമേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്നപക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടംമൂലമോ അസുഖംമൂലമോ ശാരീരികമായോ മാനസികമായോ 80%-മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ, മരണപ്പെട്ടു പോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും, തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

- മാനേജ്മെന്റ്/എൻ.ആർ.ഐ. ക്വോട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല.

- മാനേജ്മെന്റ് ക്വാട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.

- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

- ഈ സ്കീം പ്രകാരം ഇന്ത്യയിലെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ.

വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40%-മോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

**സംസ്ഥാനത്തെ പൊതുകടം**

37(3659) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പൊതുകടം എത്രയെന്ന് വ്യക്തമാക്കാമോ; 2011-12 സാമ്പത്തിക വർഷം മുതൽ 2016 മാർച്ച് 31 വരെയുള്ള പൊതുകടം, വർഷം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

പൊതുകടം സംബന്ധിച്ച് 2017 മാർച്ച് 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ ലഭ്യമായിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 28-2-2017 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ പൊതുകടം (E) 122933.76 കോടി രൂപയാണ്.

2011-12 സാമ്പത്തിക വർഷം മുതൽ 2016 മാർച്ച് 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം (E) ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | പൊതുകടം | വർഷം | പൊതുകടം |
|---|---|---|---|
| 2011-12 | 61793.09 | 2014-2015 | 96132.96 |
| 2012-13 | 72250.19 | 2015-2016 | 109730.97 |
| 2013-14 | 83466.56 | | |

**സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി വഴിയാക്കുന്ന പദ്ധതി**

38(3660) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും പൂർണ്ണമായും ട്രഷറി വഴിയാക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ശമ്പളവും പെൻഷനും സുഗമമായി വിതരണം നടത്തുവാനുള്ള സംവിധാനം ട്രഷറികളിൽ ഒരുക്കിയിട്ടുണ്ടോ;

(ബി) ബാങ്ക് വഴി ശമ്പളവും പെൻഷനും വാങ്ങിക്കൊണ്ടിരുന്നവർക്ക് പുതിയ സംവിധാനത്തിൽ ശമ്പളം/പെൻഷൻ ലഭിക്കുന്നതിന് എന്ത് ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതോടുകൂടി പ്രതിമാസം ശമ്പളം/പെൻഷൻ ഇനത്തിൽ എന്ത് തുക ട്രഷറിയിൽ നീക്കിയിരിപ്പ് ഉണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) സർക്കാർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ പരിഷ്കാരം എത്രമാത്രം സഹായകമാകുമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) എല്ലാ ജീവനക്കാർക്കും റ്റി.എസ്.ബി. എന്ന ആശയത്തിന്റെ ഭാഗമായി ഇ-റ്റി.എസ്.ബി. സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലും ട്രഷറി വകുപ്പിലും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. എല്ലാ സർക്കാർ ജീവനക്കാരുടെയും ശമ്പളം അവരുമായി ബന്ധപ്പെട്ട ട്രഷറികളിൽ ജനറേറ്റ് ചെയ്യപ്പെടുന്ന ഇ-റ്റി.എസ്.ബി. അക്കൗണ്ടുകളിലേയ്ക്ക് ആദ്യം ക്രെഡിറ്റ് ചെയ്യപ്പെടുകയും തുടർന്ന് ജീവനക്കാരുടെ ബന്ധപ്പെട്ട റ്റി.എസ്.ബി./ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആവശ്യാനുസരണം ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തിവരുന്നു. ട്രഷറികളിൽ നിന്നും പെൻഷൻ വാങ്ങുന്ന പെൻഷൻകാർക്ക് പി.റ്റി.എസ്.ബി. സംവിധാനത്തിൽ ഏത് ട്രഷറിയിൽ നിന്നും സുഗമമായി പെൻഷൻ വാങ്ങുന്നതിനുള്ള സൗകര്യവും ട്രഷറി കോർ ബാങ്കിംഗ് സംവിധാനം വഴി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ബാങ്ക് വഴി ശമ്പളം വാങ്ങിവരുന്നവർക്ക് ട്രഷറികളിൽ തുടങ്ങുന്ന തങ്ങളുടെ ഇ-റ്റി.എസ്.ബി. അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന ശമ്പള തുക അവരുടെ റ്റി.എസ്.ബി./ബാങ്ക് അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർക്ക് അവരുടെ റ്റി.എസ്.ബി./ബാങ്ക് അക്കൗണ്ടിൽ നിന്നുതന്നെ ഈ തുക പിൻവലിക്കാവുന്നതാണ്. ബാങ്ക് വഴി പെൻഷൻ സ്വീകരിക്കുന്ന പെൻഷൻകാർക്ക് തങ്ങളുടെ പെൻഷൻ ബന്ധപ്പെട്ട ബാങ്കിൽനിന്നും തുടർന്നും സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

(സി) പരീക്ഷണാടിസ്ഥാനത്തിൽ ഇ-റ്റി.എസ്.ബി. സംവിധാനം ധനകാര്യ വകുപ്പിലും ട്രഷറി വകുപ്പിലും മാത്രമേ നടപ്പിലാക്കിയിട്ടുള്ളു എന്നതിനാൽ ഇതുസംബന്ധിച്ച് മൊത്തത്തിൽ എത്ര തുക നീക്കിയിരുപ്പുണ്ടാകും എന്നത് സംബന്ധിച്ച് ഒരു വിലയിരുത്തൽ നിലവിലെ അവസ്ഥയിൽ സാധിക്കുന്നതല്ല.

(ഡി) നിലവിൽ റ്റി.എസ്.ബി. അക്കൗണ്ടിന് ലഭിക്കുന്ന പലിശ താരതമ്യേന കൂടുതലാണ്. ഉയർന്ന പലിശ ലഭിക്കുന്ന ഇ-റ്റി.എസ്.ബി.-യിൽ ക്രെഡിറ്റ് ചെയ്യപ്പെടുന്ന ശമ്പള തുക അതിൽത്തന്നെ നിലനിർത്തി, ആവശ്യത്തിനുമാത്രമുള്ള തുക പിൻവലിക്കാനോ ബാങ്കിലേയ്ക്ക് മാറ്റുവാനോ മാത്രമേ ജീവനക്കാർ താല്പര്യപ്പെടുകയുള്ളൂ. ആയതിനാൽ ട്രഷറിയിൽ എസ്.ബി. നിക്ഷേപം വർദ്ധിക്കാനുള്ള സാധ്യത സംജാതമാകുന്നതാണ്.

**ചട്ടഞ്ചാൽ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം**

39(3661) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചട്ടഞ്ചാൽ സബ്ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് തെക്കിൽ വില്ലേജിൽ സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സ്ഥലം എന്നാണ് അനുവദിച്ച് നൽകിയിട്ടുള്ളതെന്നും ഇവിടെ കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പ് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ കാസർഗോഡ് താലൂക്കിൽ തെക്കിൽ വില്ലേജിൽ റീ-സർവ്വേ 107/1 A പാർട്ടിൽപ്പെട്ട 10 സെന്റ് പുറമ്പോക്കുഭൂമി ചട്ടഞ്ചാൽ സബ്ട്രഷറി നിർമ്മാണത്തിനായി രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമികൈമാറ്റ വ്യവസ്ഥ പ്രകാരം കൈമാറിയിട്ടുണ്ട്.

(ബി) 23-10-2013-ലെ റവന്യൂ (എൽ) വകുപ്പിന്റെ സ.ഉ. (കൈ) നമ്പർ 463/2013/റ.വ. ഉത്തരവ് പ്രകാരം 2013-ൽ ഭൂമി കൈമാറിയിട്ടുണ്ട്. ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ ചട്ടഞ്ചാൽ സബ്ട്രഷറിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രഷറി ഡയറക്ടറേറ്റിൽനിന്നും പ്രോജക്ട് റിപ്പോർട്ട് അടക്കമുള്ള വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ജീവനക്കാരുടെ പി.എഫ്. പലിശനിരക്ക് പുതുക്കി നിശ്ചയിക്കൽ**

40(3662) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ ജീവനക്കാരുടെ പി.എഫ്. പലിശനിരക്ക് പുതുക്കി നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിലാണോ സംസ്ഥാന സർക്കാർ ജീവനക്കാരുടെയും പി.എഫ്. പലിശനിരക്ക് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പി.എഫ്. പലിശനിരക്ക് 1-4-2016 മുതൽ 30-9-2016 വരെ എത്രയായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) 2016-17 സാമ്പത്തിക വർഷം മുതൽ സംസ്ഥാന സർക്കാർ പി.എഫ്. പലിശനിരക്ക് കുറച്ചത് വഴി ജീവനക്കാർക്ക് പലിശ ഇനത്തിൽ ലഭിക്കേണ്ട തുകയിൽ ഗണ്യമായ കുറവ് വന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ കേന്ദ്ര സർക്കാർ ജീവനക്കാർക്ക് പി.എഫ്. പലിശ 1-10-2016 വരെ പഴയ നിരക്കിൽ നൽകിയതുപോലെ സംസ്ഥാന ജീവനക്കാർക്കും 30-9-2016 വരെ പഴയ നിരക്കിൽ പി.എഫ്. പലിശ നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അതെ.

(ബി) 8.1% (എട്ട് ദശാംശം ഒന്ന് ശതമാനം).

(സി&ഡി) പരിശോധിക്കുന്നതാണ്.

## ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്ന നടപടി

41(3663) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം സേവനങ്ങളാണ് ഈ സിസ്റ്റം വഴി ലഭിക്കുന്നതെന്ന് വിവരിക്കുമോ;

(സി) എത്ര ട്രഷറികളിൽ ഈ സംവിധാനം ഉപയോഗപ്പെടുത്തി വരുന്നുണ്ട്; ഇനി എത്ര ട്രഷറികളിൽ ഈ സംവിധാനം നടപ്പിലാക്കാനുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) സംസ്ഥാനത്തെ മുഴുവൻ ട്രഷറികളിലും ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ ധനകാര്യ ഇടപാടുകൾ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടുകൂടി ആധുനിക വൽക്കരിക്കുന്നതിനുള്ള പദ്ധതിയാണിത്. ധനകാര്യ ഇടപാടുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ധനകാര്യ വകുപ്പ്, ട്രഷറി, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,

അക്കൗണ്ടന്റ് ജനറൽ, മറ്റു വകുപ്പുകൾ എന്നിവരെ എല്ലാം ഉൾപ്പെടുത്തി സംയോജിതമായ രീതിയിൽ ധനകാര്യ ഇടപാടുകൾ നടത്തുന്നതിനുള്ള സംവിധാനമാണിത്. ആധുനിക കാലഘട്ടത്തിന്റെ രീതികൾക്കനുസൃതമായി അക്കൗണ്ടിംഗ് പണകൈമാറ്റ മാർഗ്ഗങ്ങളിലേയ്ക്ക് ധനകാര്യ ഇടപാടുകളെ എത്തിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. പൂർണ്ണമായും വെബ് അധിഷ്ഠിതമായ ഓൺലൈൻ സംവിധാനത്തിലൂടെ സാമ്പത്തിക ഇടപാടുകൾ നടത്തുന്ന IFMS-ന് ഇടപാടുകൾ വേഗത്തിലും സുതാര്യവും കുറ്റമറ്റരീതിയിലും നടത്തുവാൻ സാധിക്കുന്നതാണ്.

(ബി) ജീവനക്കാരുടെ ശമ്പളവും മറ്റ് അലവൻസുകളും സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരുടെ പെൻഷനും മറ്റ് അലവൻസുകളും വെണ്ടർമാരുടെ പേമെന്റ്, കോൺട്രാക്ടർമാരുടെ പേമെന്റ് തുടങ്ങി സർക്കാരിൽനിന്നും നൽകുന്ന എല്ലാത്തരം പേയ്മെന്റുകളും ഈ സംവിധാനത്തിലൂടെയാണ് നൽകുന്നത്. കൂടാതെ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടുന്ന എല്ലാ തുകകളും IFMS സംവിധാനത്തിന്റെ ഭാഗമായാണ് ട്രഷറികളിൽ സ്വീകരിക്കുന്നത്.

ഇതിന്റെ ഭാഗമായി ട്രഷറി സേവിംഗ്സ് ബാങ്ക്, കോർ ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് മാറിക്കഴിഞ്ഞു. ഇതുമൂലം റ്റി.എസ്.ബി. അക്കൗണ്ട് ഉടമകൾക്ക് ഏത് ട്രഷറിയിൽനിന്നും പണമിടപാടുകൾ നടത്തുവാൻ സാധിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന വികസന പദ്ധതികൾ

42(3664) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വികസന പദ്ധതികളാണ് പ്രധാനമായും കിഫ്ബിയിലൂടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ;

(ബി) കിഫ്ബിയിലൂടെ നടപ്പിലാക്കാൻ കഴിയുന്ന വികസന പദ്ധതികൾക്ക് എന്തെല്ലാം മാനദണ്ഡങ്ങളാണ് പ്രധാനമായും പരിഗണിക്കപ്പെടുന്നത്;

(സി) ഇതുവരെ കിഫ്ബിയിലൂടെ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) വാർഷിക ബജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികളും സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികളുമാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ഭേദഗതിചെയ്ത കിഫ് ആക്റ്റ് പ്രകാരം കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ 100 കോടി രൂപയിൽ കൂടുതൽ മൂല്യമുള്ളതായിരിക്കണമെന്നും എന്നാൽ അവയുടെ മൂല്യം നിർണ്ണയിക്കുന്ന ആവശ്യത്തിലേയ്ക്കായി പത്ത് കോടി രൂപയിൽ കുറയാത്ത പ്രോജക്ടുകളെ ട്രാഞ്ചസ് ആയി തരംതിരിക്കാവുന്നതാണെന്നും അവയിലോരോന്നും മൂല്യം സംബന്ധിച്ച് 100 കോടി രൂപയിൽ കവിയുന്ന മൂല്യമുള്ളതായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) കിഫ്ബിയിലൂടെ നടപ്പിലാക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.* കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾക്കുള്ള ഭരണാനുമതി നൽകുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്.

(സി) 8-8-2016-ലെ സ.ഉ.(കൈ) നമ്പർ 315/16/ധന. ഉത്തരവ് പ്രകാരം ബന്ധപ്പെട്ട ഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഭരണാനുമതി ഉൾപ്പെടെയുള്ള പദ്ധതി വിശദാംശങ്ങളാണ് കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നത്. ടി ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടുള്ളതും കിഫ് ബോർഡിന്റെ അംഗീകാരം ലഭ്യമായതുമായ പദ്ധതികളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

## ഡെപ്യൂട്ടേഷൻ നിയമനം നൽകുന്നതിന് നിയന്ത്രണം

43(3665) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന ശമ്പള സ്കെയിൽ ഉള്ളവർക്ക് താഴ്ന്ന തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ജില്ലാ പഞ്ചായത്തുകളിലെ നിലവിലുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികകളിലെ നിയമനം ഡെപ്യൂട്ടേഷൻ വ്യവസ്ഥപ്രകാരമാണ് നടത്തുന്നത് എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സർക്കുലർമൂലം ജില്ല പഞ്ചായത്തുകളിലെ ഗ്രേഡ്II സി.എ തസ്തികകളിലെ ഒഴിവുകളിൽ ആവശ്യമായ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി മേൽപ്പറഞ്ഞ സർക്കുലറിലെ വ്യവസ്ഥകൾ ഇളവു ചെയ്ത് ജില്ല പഞ്ചായത്തുകളിലെ ഗ്രേഡ്II സി.എ. തസ്തികകളിലെ നിയമനത്തിന് ഉയർന്ന ഗ്രേഡിലുള്ള സി.എ.മാർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 28-11-2013-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 580/2013/ധന-യിലെ ഖണ്ഡിക ii (സി) പ്രകാരം ഉയർന്ന ശമ്പളസ്കെയിൽ ഉള്ളവർക്ക് താഴ്ന്ന തസ്തികകളിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുവാനാകില്ല.

(ബി-ഡി) പരിശോധിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ഫണ്ട് കൈമാറ്റം

44(3667) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നതിന് നിലവിലുണ്ടായിരുന്ന നടപടിക്രമങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) നടപടിക്രമങ്ങളിലെ മാറ്റംമൂലം നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് ഫണ്ട് റിലീസ് ചെയ്ത് നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനും കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതം നൽകുന്നതിലുമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു Revised Fund Flow Method 21-2-2017 തീയതിയിലെ 24/2017/ധന. നമ്പർ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് ലഭിച്ചിട്ടുള്ളതും സംസ്ഥാന ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് നിർവ്വഹണ ഏജൻസികൾക്ക് ഭരണ വകുപ്പിനുതന്നെ നേരിട്ട് റിലീസ് ചെയ്ത് നൽകാവുന്നതാണ്. റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ക്രെഡിറ്റ് മെമ്മോ പ്രകാരം സംസ്ഥാനത്തിന്റെ അക്കൗണ്ടിലേയ്ക്ക് കേന്ദ്ര ഫണ്ട് ക്രെഡിറ്റാകുന്നമുറയ്ക്ക് ആയത് ബന്ധപ്പെട്ട സെക്രട്ടറി/വകുപ്പുതലവന്മാരെ അറിയിക്കുന്നതോടൊപ്പം ആയത് നടപ്പാക്കുന്ന ബന്ധപ്പെട്ട ഏജൻസി/വകുപ്പിന് റിലീസ്ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുള്ള നിർദ്ദേശവും ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽനിന്നും നൽകിവരുകയും ചെയ്യുന്നുണ്ട്. കൂടാതെ ധനകാര്യ (പ്ലാനിംഗ്) വകുപ്പിൽനിന്ന് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും സമയബന്ധിതമായി കേന്ദ്ര ഫണ്ട് വിനിയോഗത്തിനുമായി നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഓരോ സാമ്പത്തിക വർഷാവസാനവും പ്രത്യേക സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്. 2016-17 സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ഫണ്ട് വിനിയോഗം ത്വരിതപ്പെടുത്താൻ 12-1-2017-ൽ 02/2017/ധന. നമ്പർ സർക്കുലർ പുറപ്പെടുവിച്ചിരുന്നു.

(ബി) മേൽഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

45(T3668) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനും നിരീക്ഷണത്തിനുമായി പ്രത്യേകം മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഘടന, പ്രവർത്തനം എന്നിവ സംബന്ധിച്ച് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സംവിധാനം പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (പി.എഫ്.എം.എസ്.) എന്ന പേരിൽ സംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരികയാണ്. ഇതിന്റെ ഭാഗമായി ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ പി.എഫ്.എം.എസ്. ഓൺലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഈ സംവിധാനം ഉപയോഗിച്ച് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം യഥാസമയം ലഭിക്കുന്നുണ്ടോയെന്നും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുവാൻ കഴിയും. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും യഥാസമയം കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ ഒരു കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്ര സർക്കാരിൽനിന്ന് കാലതാമസം കൂടാതെ വാങ്ങിച്ചെടുക്കുന്നതിനുമുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തു വരുന്നുണ്ട്.

## കടപ്പത്രത്തിലൂടെ ധനസമാഹരണം

46(3669) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലചെലവുകൾക്കായുള്ള പണം കണ്ടെത്താൻ സർക്കാർ ആറായിരം കോടി രൂപ പൊതുവിപണിയിൽനിന്ന് റിസർവ് ബാങ്ക് വഴി കടപ്പത്രത്തിലൂടെ സമാഹരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഓണത്തിന് ശമ്പളം, പെൻഷൻ, ക്ഷേമപെൻഷൻ, ഉത്സവബത്ത എന്നിവ നൽകാൻ എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

---

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2017 ആഗസ്റ്റ് മാസത്തിൽ 8,500 കോടി രൂപ പൊതുവിപണിയിൽനിന്നും കടപ്പത്രം മുഖാന്തരം സമാഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് നമ്മുടെ വാർഷിക കടമെടുപ്പ് പരിധിക്കുള്ളിലാണ്. ഇങ്ങനെ സമാഹരിക്കുന്ന തുകയിൽനിന്നും ഒരു ഭാഗം ഓണക്കാല ചെലവുകൾക്കുകൂടി വിനിയോഗിക്കേണ്ടി വരും.

(ബി) ഈ ഓണത്തിന് ശമ്പളം, പെൻഷൻ, ക്ഷേമപെൻഷൻ, ബോണസ്, ഉത്സവബത്ത എന്നീ ചെലവുകൾക്ക് മാത്രം 6500 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്.

## ജി.എസ്.ടി.മൂലം ചെക്ക് പോസ്റ്റ്/ഉദ്യോഗസ്ഥ സംവിധാനത്തിൽ വന്ന മാറ്റങ്ങൾ

47(3670) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> :
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യ ചെക്ക് പോസ്ററുകൾ നിർത്തലാക്കിയ സാഹചര്യത്തിൽ മറ്റ് അനധികൃത ഉത്പന്നങ്ങൾ കടത്തുന്നത് തടയാൻ സ്വീകരിച്ച മാർഗങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ;

(ബി) സെയിൽസ് ടാക്സ് വകുപ്പിലെ ഉദ്യോഗസ്ഥരെ ജി.എസ്.ടി. നിലവിൽ വന്ന സാഹചര്യത്തിൽ ഏതു രീതിയിൽ പുനർവിന്യസിക്കാൻ ഉദ്ദേശിക്കുന്നു; ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) ജി.എസ്.ടി. നടപ്പാക്കുന്നതിൽ കേന്ദ്ര സംസ്ഥാന വകുപ്പുകൾ ഏതൊക്കെ കാര്യങ്ങളിലാണ് സംയോജിത പ്രവർത്തനങ്ങൾ നടത്താൻ പോകുന്നത് എന്നും കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും ചുമതലകൾ സംബന്ധിച്ച വിഷയങ്ങളിൽ എന്തൊക്കെ തീരുമാനമെടുത്തു എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉദ്യോഗസ്ഥരുടെ പുനർവിന്യാസ നടപടികൾ ആരംഭഘട്ടത്തിലാണ്.

(സി) ചരക്ക് സേവന നികുതി നടപ്പിലാക്കുന്നതിനുവേണ്ടി പാസ്സാക്കിയ 101-ാം ഭരണഘടനാ ഭേദഗതി നിയമ പ്രകാരം ഇതിനുവേണ്ടിയുള്ള നിയമനിർമ്മാണ ചട്ടങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരമായിരിക്കും. കേന്ദ്ര ധനകാര്യ മന്ത്രി അദ്ധ്യക്ഷനും സംസ്ഥാന-കേന്ദ്ര ഭരണ പ്രദേശ ധന/നികുതി വകുപ്പുമന്ത്രിമാർ ഇതിലെ അംഗങ്ങളുമാണ്. കേന്ദ്രത്തിന് 1/3 വോട്ടിംഗ് വെയിറ്റേജും ബാക്കിയുള്ളവർക്കെല്ലാം കൂടി 2/3 വോട്ടിംഗ് വെയിറ്റേജുമാണ് നിശ്ചയിച്ചിട്ടുള്ളത്. വോട്ടിംഗ് വേണ്ടിവന്നാൽ 3/4 വോട്ടിംഗ് വെയിറ്റേജിലാണ് പ്രൊപ്പോസൽ പാസ്സാക്കുന്നത്. ആയതിനാൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിനും നികുതി നിശ്ചയിക്കാനുള്ള അവകാശം ജി.എസ്.ടി.-യിൽ ഇല്ല.

സംസ്ഥാനങ്ങൾ ഈടാക്കിയിരുന്ന പരോക്ഷ നികുതികളായ മൂല്യവർദ്ധിത നികുതി, വിൽപ്പന നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, എൻട്രി ടാക്സ്, ലോട്ടറികളിന്മേലുള്ള നികുതി, സർച്ചാർജ്ജ്, സെസ്സ്, വിനോദ നികുതി എന്നിവയും കേന്ദ്ര നികുതികളായ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ എക്സൈസ് ഡ്യൂട്ടി, അഡീഷണൽ കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി, സർച്ചാർജ്ജ്, സെസ്സ് എന്നിവയും ജി.എസ്.ടി.-യിൽ ലയിക്കുന്നു. ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനകത്തെ ക്രയവിക്രയത്തിന് കേന്ദ്രത്തിന്റെ സി.ജി.എസ്.ടി. സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി., സംസ്ഥാനാന്തര വ്യാപാരത്തിന്മേൽ ഐ.ജി.എസ്.ടി. എന്നീ നികുതികൾ ഉണ്ടാകും. ഒരേ നികുതിയടിത്തറയിൽ കേന്ദ്രവും സംസ്ഥാനവും നികുതി സമാന്തരമായി ചുമത്തുന്നതാണ് പുതിയ സമ്പ്രദായം. എല്ലാ നിയമങ്ങളും ജി.എസ്.ടി. കൗൺസിൽ ഉണ്ടാക്കുന്ന മാതൃകാ നിയമത്തിന് അനുസൃതമായിരിക്കണം. കേന്ദ്ര ജി.എസ്.ടി.യും സംസ്ഥാന ജി.എസ്.ടി.യും യഥാക്രമം കേന്ദ്രത്തിന്റെയും സംസ്ഥാനത്തിന്റെയും അക്കൗണ്ടുകളിലേയ്ക്കാണ് പോവുക. അതുകൊണ്ട് അവയുടെമേലുള്ള ഇൻപുട്ട് ടാക്സ് ഇളവും പ്രത്യേകമായിരിക്കും.

സി.ജി.എസ്.ടി. നിയമപ്രകാരം കേന്ദ്ര സർക്കാരിനുള്ള അതേ അധികാരങ്ങൾ എസ്.ജി.എസ്.ടി. നിയമപ്രകാരം സംസ്ഥാന സർക്കാരിനുമുണ്ട്. ജി.എസ്.ടി. കൗൺസിലിൽ എടുത്ത തീരുമാന പ്രകാരം ഒന്നരക്കോടി രൂപവരെ വിറ്റുവരവ് കൈകാര്യം ചെയ്യുന്ന ഫയലുകൾ 9:1 എന്ന അനുപാതത്തിൽ സംസ്ഥാന കേന്ദ്ര വകുപ്പുകൾ ഭരണനിർവ്വഹണം നടത്തുകയും അതിനുമുകളിലുള്ളവ 1:1 എന്ന അനുപാതത്തിൽ വീതംവയ്ക്കുകയും ചെയ്യും. കേന്ദ്ര സർക്കാരിന്റെ പരിധിയിലുള്ള ഫയലുകളിൽ കേന്ദ്ര സർക്കാരിനും സംസ്ഥാന സർക്കാരിന്റെ പരിധിയിലുള്ള ഫയലുകളിൽ സംസ്ഥാന സർക്കാരിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

## ജി.എസ്.ടി. മൂലം കരാറുകാർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി

48(3671) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2017-ന് മുൻപ് എഗ്രിമെൻറ്വച്ച പ്രവൃത്തികൾക്ക് 4% വാറ്റ് ഉണ്ടായിരുന്നത് ഇപ്പോൾ 12%-മായി വർദ്ധിച്ചതുമൂലം പാർട്ട് ബിൽ സമർപ്പിക്കുന്ന കരാറുകാർക്കുണ്ടാകുന്ന 8% തുകയുടെ നഷ്ടം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്നുകൂടി വ്യക്തമാക്കാമോ;

(ബി) 1-7-2017-ന് മുൻപ് വാങ്ങിയിരുന്ന ശുദ്ധജല വിതരണപൈപ്പുകൾക്ക് കേന്ദ്ര എക്സൈസ് ഡ്യൂട്ടി ഒഴിവാക്കി സെൻട്രൽ സെയിൽടാക്സ് 2% മാത്രം ഈടാക്കിയിരുന്ന സാഹചര്യത്തിൽ ഇപ്പോൾ 18% ജിഎസ് ടി ഈടാക്കുന്നതു മൂലം സംസ്ഥാനത്തെ ശുദ്ധജല വിതരണ കരാറുപണികൾ മുഴുവനും നിർത്തിവയ്ക്കേണ്ട അവസ്ഥ സംജാതമായിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാറ്റ് നിയമപ്രകാരം 4% വാറ്റ് നികുതി അടച്ചിരുന്നത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ലഭ്യമാകാതെയാണ്. ജി.എസ്.ടി.-യിൽ അന്യസംസ്ഥാനത്തു നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ഉൾപ്പെടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുമെന്നതിനാൽ ഈ പറയുന്ന രീതിയിലുള്ള നഷ്ടം കരാറുകാർക്ക് ഉണ്ടാവുകയില്ല. പ്രശ്ന പരിഹാരത്തിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) ജി.എസ്.ടി. നിലവിൽവന്ന പശ്ചാത്തലത്തിൽ നികുതി വ്യവസ്ഥയിൽ ഉണ്ടായ മാറ്റം കരാറുകാർക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും തന്മൂലം പുതിയ കരാറുകളിൽ ഏർപ്പെടുന്നതിന് വിമുഖത കാണിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ കരാർ വിളിക്കുന്ന സമയത്ത്തന്നെ പ്രസിദ്ധീകരിക്കുന്ന NIT-യിൽ (നോട്ടീസ് ഇൻവൈറ്റിംഗ് ടെണ്ടർ) സർക്കാർ അതത് സമയത്ത് വരുത്തുന്ന നികുതി വ്യത്യാസങ്ങൾ തട്ടികിഴിക്കുന്നതിനുള്ള വ്യവസ്ഥകൾ നൽകിയിട്ടുണ്ട്.

## അയൽ സംസ്ഥാനങ്ങളിൽനിന്നും നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത

49(3672) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ബി. സത്യൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതോടുകൂടി അന്തർ സംസ്ഥാന വ്യാപാര മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്തർ സംസ്ഥാന വ്യാപാരം സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുന്നതോടെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം മന്ദീഭവിക്കാൻ ഇടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യം ദുരുപയോഗം ചെയ്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിലെ എല്ലാ പ്രധാന റോഡുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാകുന്നതോടുകൂടി സംസ്ഥാനാന്തര വ്യാപാരത്തിന്മേലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കംചെയ്യപ്പെടുന്നു. രാജ്യം ഒരു ഏകീകൃത കമ്പോളമാകുന്നു. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി, വാങ്ങിയ വ്യാപാരികൾക്ക് അവർ തുടർ വില്പന നടത്തുമ്പോൾ ഇൻപുട്ട് ക്രെഡിറ്റ് എടുക്കാവുന്നതാണ്. നികുതിക്കുമേൽ നികുതിയെന്നുള്ളത് പൂർണ്ണമായും ഇല്ലാതാകുന്നു. ആയതിനാൽ എല്ലാ സപ്ലൈയിലും നൽകുന്ന നികുതി ഇൻവോയിസിൽനിന്നും വ്യക്തമായി മനസ്സിലാക്കാം. നികുതികൾ അന്തർ സംസ്ഥാന കൈമാറ്റ സമയത്തുതന്നെ സർക്കാരിന് ലഭ്യമാകും. മുൻപുണ്ടായിരുന്നതുപോലെ തുടർ വില്പനവരെ കാത്തിരിക്കേണ്ട കാര്യമില്ല.

(ബി) അന്തർ സംസ്ഥാന വ്യാപാരത്തിലെ അതിർത്തികൾ മാഞ്ഞതോടെ ചെക്ക്പോസ്റ്റുകൾക്ക് പഴയ പ്രസക്തി നിയമപരമായി ഇല്ല. ജി.എസ്.ടി. നിയമപ്രകാരം ചെക്ക്പോസ്റ്റുകൾ facilitation centre മാത്രമാക്കി പരിമിതപ്പെടുത്തിയിട്ടുണ്ട്.

(സി) പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി. എന്നതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിൽനിന്നും നികുതിവെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

(ഡി) പ്രധാന പാതകളിലും ഊടുവഴികളിലും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം

50(*T3673) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (GST) വന്നശേഷം കേരളത്തിലെ ചെക്ക് പോസ്റ്റുകൾ പ്രവർത്തനക്ഷമമല്ലെന്ന പത്രമാധ്യമങ്ങളിലെയും ദൃശ്യമാധ്യമങ്ങളിലെയും വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ബി) ചെക്ക് പോസ്റ്റുകളിലെ വാണിജ്യ നികുതി വകുപ്പ് ജീവനക്കാരെ പുനർവിന്യാസത്തിലൂടെ മറ്റ് ജോലികൾ ഏൽപ്പിച്ചിട്ടുണ്ടോ;

(സി) GST നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തെ റവന്യൂ വരുമാനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) അന്തർ സംസ്ഥാന വ്യാപാരത്തിന്റെ അതിർത്തികൾ മാഞ്ഞതോടെ വാണിജ്യ നികുതി ചെക്ക് പോസ്റ്റുകൾക്ക് നിയമപരമായി പഴയ ധർമ്മമോ ജോലികളോ നിലവിലില്ല. അവ ഇന്ന് ഡാറ്റാ ഫെസിലിറ്റേഷൻ സെന്ററുകളായിട്ടാണ് പ്രവർത്തിക്കുന്നത്.

(ബി) ചെക്ക് പോസ്റ്റുകളിലെ വാണിജ്യ നികുതി വകുപ്പ് ജീവനക്കാരെ പുനർവിന്യസിക്കുന്ന നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(സി) 1-7-2017 മുതൽ ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും 2017 ഓഗസ്റ്റ് 25 മുതൽ മാത്രമേ റിട്ടേൺ ഫയൽ ചെയ്യുകയുള്ളൂ. അതുകൊണ്ട് ജി.എസ്.ടി. വരുമാനം എത്രയാണെന്ന് ഇപ്പോൾ അറിയുവാൻ നിർവ്വാഹമില്ല.

**ഹോട്ടൽ ഭക്ഷണത്തിന് അമിത വില**

51(3674) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. വരുന്നതിനുമുമ്പ് ഹോട്ടൽ ഭക്ഷണത്തിന് ഉണ്ടായിരുന്ന നികുതി ഘടന വിശദമാക്കാമോ;

(ബി) ജി.എസ്.ടി. വന്നതിനുശേഷം ജനങ്ങളിൽനിന്ന് ഈടാക്കുന്ന നികുതി എത്ര വീതമാണ്;

(സി) ജി.എസ്.ടി. ഇനത്തിൽ നൽകേണ്ട മുഴുവൻ നികുതി തുകയും ഉപഭോക്താവ് തന്നെയാണോ നൽകേണ്ടത് എന്നറിയിക്കാമോ?

ഉത്തരം

(എ) 'വാറ്റ് ' നിലവിലുണ്ടായിരുന്ന സമയത്ത് പാകംചെയ്ത ഭക്ഷണത്തിന് വിറ്റുവരവിന്റെ അരശതമാനം കോമ്പൗണ്ടിംഗ് നികുതിയായി അടയ്ക്കണമായിരുന്നു. ഇത്തരക്കാർക്ക് വിറ്റുവരവിന് പരിധിയില്ലായിരുന്നു. ഇവർക്ക് ഭക്ഷണനിർമ്മാണത്തിനാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ നൽകുന്ന നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ലഭിക്കുമായിരുന്നില്ല. കൂടാതെ ശീതീകരിച്ച ഭക്ഷണശാലകളിൽ ഭക്ഷണവിലയുടെ 40%-ന് മേൽ 15% സേവന നികുതി കേന്ദ്ര സർക്കാർ ഈടാക്കിയിരുന്നു. എന്നാൽ കേരളത്തിൽ ഇത് ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാൽ നടപ്പിലായില്ല.

(ബി&സി) 75 ലക്ഷം രൂപ വിറ്റുവരവുള്ള ഹോട്ടലുകൾക്ക് ജി.എസ്.ടി.യിൽ കോമ്പോസിഷൻ സ്കീം സ്വീകരിക്കാവുന്നതും ഇതനുസരിച്ച് വിറ്റുവരവിന്റെ 5% നികുതി (2.5% സി.ജി.എസ്.ടി., 2.5% എസ്.ജി.എസ്.ടി.) അടയ്ക്കേണ്ടതുമാണ്. എന്നാൽ ഇത് ജനങ്ങളിൽനിന്ന് പിരിച്ചെടുക്കാവുന്ന നികുതിയല്ല. കോമ്പോസിഷൻ വ്യവസ്ഥയില്ലാതെ നികുതി അടയ്ക്കുന്നവർക്ക് നോൺ എ.സി. റസ്റ്റോറന്റുകളിൽ 12%-ഉം, എ.സി. റസ്റ്റോറന്റുകളിൽ 18%-ഉം ആണ് നികുതി. ഭക്ഷണം തയ്യാറാക്കുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങുമ്പോൾ നൽകുന്ന നികുതി ഇവർക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ലഭിക്കും. " കോമ്പോസിഷൻ സ്കീം" സ്വീകരിച്ചിട്ടില്ലാത്ത വ്യാപാരികൾക്ക് ഉപഭോക്താവിൽ നിന്ന് നികുതി ഈടാക്കാവുന്നതാണ്.

## കേരളത്തിന്റെ നികുതി വരുമാനം

52(3675) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. കേരളത്തിന്റെ നികുതി വരുമാനത്തെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം തരത്തിലാണ് കേരളത്തിന്റെ നികുതി കൂടുകയും കുറയുകയും ചെയ്യുതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലേക്ക് വരുന്ന ഉൽപ്പന്നങ്ങൾക്കും കേരളത്തിൽനിന്ന് പുറത്തേയ്ക്ക് പോകുന്ന ഉൽപ്പനങ്ങൾക്കും ജി.എസ്.ടി. ബാധകമായതിനെത്തുടർന്ന് കേരളത്തിന്റെ നികുതി വരുമാനം വർദ്ധിയ്ക്കാനോ കുറയാനോ ഇടവരുത്തിയിട്ടുണ്ടോ എന്ന് ഉൽപ്പന്നങ്ങൾ തരംതിരിച്ച് വ്യക്തമാക്കാമോ;

(ഡി) ജി.എസ്.ടി വന്നതിനുശേഷം കേരളത്തിലെ ചെക്ക് പോസ്റ്റുകൾ ഇല്ലാതായിട്ടുണ്ടോ;

(ഇ) എങ്കിൽ അവിടെയുള്ള ജോലിക്കാരെ എവിടെ പുനർവിന്യസിപ്പിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഒരു പുതിയ നികുതി സമ്പ്രദായമായ ജി.എസ്.ടി. 2017 ജൂലൈ 1 മുതലാണ് നടപ്പിലാക്കിയത്. ചരക്കുസേവന നികുതി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമാണ്. ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ഇത് അനുകൂലമാണ്. ഇതിനുപുറമെ സേവനങ്ങൾക്കുമേലുള്ള നികുതിയും സംസ്ഥാനത്തിന് ലഭ്യമാകും. ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ

കേരളത്തിലെ ഉപഭോഗനിരക്ക് രാജ്യത്തെ ഉയർന്ന നിരക്കുകളിൽ ഒന്നാണ്. ആയതിനാൽ സേവനമേഖലയിൽ നികുതി ഈടാക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് ലഭ്യമാകുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ജി.എസ്.ടി. നടപ്പാക്കുമ്പോൾ ഉണ്ടാകാവുന്ന വരുമാന നഷ്ടം 2015-16-ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷംതോറും കണക്കാക്കി ആദ്യ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. ഇതുകൊണ്ട് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ തുടക്കത്തിൽ ജി.എസ്.ടി. പ്രതികൂലമായി ബാധിക്കുകയില്ല. ഇ-കൊമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് വ്യക്തികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവ മുമ്പ് അന്തർസംസ്ഥാന വില്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി ലഭിച്ചിരുന്നില്ല. ജി.എസ്.ടി.യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്.

(സി) കേരളം പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമാണ്. കേരളത്തിനാവശ്യമായ സാധനങ്ങളിൽ ഭൂരിഭാഗവും മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്നവയാണ്. ആയതിനാൽ ജി.എസ്.ടി. നിയമമനുസരിച്ച് ഇവയുടെ നികുതി കേരളത്തിന് ലഭിക്കും. കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപാരം നടത്തുന്നവയിൽ ഉയർന്ന നികുതി നിരക്കുള്ളത് പ്രധാനമായും പ്ലൈവുഡ്, റബ്ബർ എന്നിവയ്ക്കാണ്.

(ഡി&ഇ) ജി.എസ്.ടി. നിയമപ്രകാരം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം facilitation centre മാത്രമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാരുടെ പുനർവിന്യാസ നടപടിക്രമങ്ങൾ ആരംഭഘട്ടത്തിലാണ്. മോട്ടോർ വാഹന വകുപ്പിനുകീഴിലുള്ള ചെക്ക്പോസ്റ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

## ഇ-ട്രഷറി പേമെന്റ്

53(3677) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ആഫീസുകളിൽ വിവിധയിനങ്ങളിൽ അടയ്ക്കപ്പെടുന്ന തുക യഥാസമയം ട്രഷറിയിൽ അടയ്ക്കുന്നതിനായി ഇ-ട്രഷറി പേമെന്റിന് നിർദ്ദേശം നൽകിയിരുന്നോ; വിശദവിവരങ്ങൾ നൽകാമോ;

(ബി) ഇത്തരം പേമെന്റുകൾ സ്വീകരിക്കാൻ എസ്.ബി.ഐ. പോലുള്ള ബാങ്കുകൾ മടികാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരമായി സഹകരണ ബാങ്കുകൾ വഴി ഇ-ട്രഷറി പേമെന്റിന് സംവിധാനമൊരുക്കുവാൻ ആലോചിക്കുമോ?

ഉത്തരം

(എ) 31-1-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 12/2017/ധന. പ്രകാരം സർക്കാർ ഓഫീസുകളിൽ സമാഹരിക്കപ്പെടുന്ന തുക ഇ-ട്രഷറിയിൽ ഉൾപ്പെട്ടിട്ടുള്ള ബാങ്കുകളിലെ എല്ലാ ശാഖകളിലും ഒടുക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സർക്കാർ ഓഫീസുകളിൽ സമാഹരിക്കപ്പെടുന്ന ഖജനാവിലേയ്ക്കുള്ള അടവുകൾ ട്രഷറികളുമായി ചേർന്ന് പ്രവർത്തിക്കുന്ന 3 ഏജൻസി ബാങ്ക് ശാഖകൾ മാത്രംവഴി ചെലാൻ വഴി അടയ്ക്കുവാനായിരുന്നു സംവിധാനം ഉണ്ടായിരുന്നത്. ഇങ്ങനെ സമാഹരിക്കപ്പെടുന്ന തുകകൾ ഖജനാവിലേയ്ക്ക് എത്തുന്നതിന് വളരെയധികം കാലതാമസം എടുക്കുമായിരുന്നു. ഈ സാഹചര്യത്തിൽ ഇ-ട്രഷറി സംവിധാനംവഴി സർക്കാരിലേയ്ക്ക് ദിനംപ്രതിയുള്ള വരവുകൾ അതാത് ദിവസങ്ങളിൽ തന്നെ ഖജനാവിലേയ്ക്ക് എത്തുന്നതിന് സഹായകമാകുന്നതിനുവേണ്ടിയാണ് ഇ-ട്രഷറി സംവിധാനം വഴി ഒടുക്കലുകൾ നടത്തുവാൻ നിർദ്ദേശം നൽകിയത്. ഇതുപ്രകാരം ഇ-ട്രഷറിയിൽ ഉൾപ്പെട്ടിട്ടുള്ള ഏത് ബാങ്ക് ബ്രാഞ്ചിലും തുക ഒടുക്കാവുന്നതാണ്.

(ബി) ഇ-ട്രഷറി പേമെന്റുകൾ സംബന്ധിച്ച് നിരവധി പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള പരാതികൾ പരിഹരിക്കുന്നതിനായി അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലും ധനകാര്യ (വിഭവം) സെക്രട്ടറി തലത്തിലും ബാങ്ക് അധികൃതരുമായി രണ്ടുവട്ടം ചർച്ച നടത്തിയതിന്റെ ഫലമായി ഇ-ട്രഷറി സംബന്ധമായ പേമെന്റുകൾ സ്വീകരിക്കുവാൻ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകാമെന്ന് റിസർവ് ബാങ്ക് അധികൃതർ ഉറപ്പുനൽകുകയും ആയത് ഫലവത്തായി വരുന്നുമുണ്ട്.

(സി) സഹകരണ ബാങ്കുകൾക്ക് റിസർവ് ബാങ്കുമായി ഫണ്ട് സെറ്റിൽമെന്റ് നിലവിൽ വരികയാണെങ്കിൽ സഹകരണ ബാങ്കുകളെ ഇ-ട്രഷറിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കാവുന്നതാണ്.

## സബ് ട്രഷറികളിൽ കോർബാങ്കിംഗ് സംവിധാനം

54(3678) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സബ്‌ട്രഷറികളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ സബ്‌ട്രഷറികളടക്കമുള്ള വിവിധതലത്തിലുള്ള ട്രഷറികളെ സംയോജിപ്പിച്ചുകൊണ്ട് കോർബാങ്കിംഗ് സംവിധാനം പൂർണ്ണമായും നിലവിൽ വന്നുകഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ;

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഹോൾഡർമാർക്ക് തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് മണി ട്രാൻസ്ഫർ നടത്തുന്നതിനുള്ള സംവിധാനം എല്ലാ ട്രഷറികളിലും നടപ്പിലാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആകെ 200 സബ് ട്രഷറികളാണുള്ളത്.

(ബി) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും കോർബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിക്കഴിഞ്ഞു. ഇതിന്റെ പൂർത്തീകരണ പ്രഖ്യാപനം 23-2-2017-ൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിച്ചു.

(സി) ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഹോൾഡർമാർക്ക് തങ്ങളുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രഷറി ചെക്ക് മുഖേന പണം ട്രാൻസ്ഫർ നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്.

**കോങ്ങാട് മണ്ഡലത്തിൽ സബ്ട്രഷറി**

55(3679) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ ഒരു സബ് ട്രഷറി അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിലവിലുള്ള ഫയലിലെ പുരോഗതി അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കോങ്ങാട് മണ്ഡലത്തിൽ സബ് ട്രഷറി അനുവദിക്കുന്ന കാര്യം സർക്കാർ മുമ്പ് പരിശോധിച്ച് നിരസിച്ചിരുന്നു. ട്രഷറികളിൽ ആധുനികവത്കരണത്തിന്റെയും കമ്പ്യൂട്ടർവത്കരണത്തിന്റെയും ഭാഗമായി GRAS, കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്ടിവിറ്റി എന്നിവ പൂർത്തിയാക്കി നിലവിലെ ട്രഷറികളിലെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം മാത്രമേ പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയുള്ളൂ.

(ബി) ട്രഷറികളിൽ ആധുനികവത്കരണത്തിന്റെയും കമ്പ്യൂട്ടർവത്കരണത്തിന്റെയും ഭാഗമായി GRAS, കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്ടിവിറ്റി എന്നിവ പൂർത്തിയാക്കി നിലവിലെ ട്രഷറികളിലെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം മാത്രമേ പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുകയുള്ളൂ. ആയതിനാൽ ഇതുസംബന്ധിച്ച് ധനകാര്യ വകുപ്പിൽ നിലവിലുള്ള ഫയൽ തീർപ്പാക്കിയിരിക്കുകയാണ്.

## ട്രഷറികളിൽ നിക്ഷേപക സൗഹൃദ അന്തരീക്ഷത്തിന് നടപടി

56(3680) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികൾ പരിഷ്കരിച്ച് എ.ടി.എം. സൗകര്യമടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ട്രഷറികളിൽ നിക്ഷേപക സൗഹൃദ അന്തരീക്ഷം ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 14-12-2012-ലെ G.O.(Rt.) No. 10460/12/Fin. പ്രകാരം സംസ്ഥാനത്തെ 4 ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തീരുമാനംവഴി നടപ്പിലാക്കുന്ന Stand alone ATM-കൾ ഇടപാടുകാർക്ക് ഏറെ ഗുണപ്രദമാകില്ല എന്ന കാരണത്താൽ സംസ്ഥാനത്തെ ട്രഷറികളിൽ എ.ടി.എം. സംവിധാനം ഏർപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. എന്നാൽ ട്രഷറി അക്കൗണ്ടുകളിലുള്ള പണം, അക്കൗണ്ട് ഉടമകൾക്ക് യഥേഷ്ടം ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതിനും അതുവഴി ബാങ്ക് എ.ടി.എം.-ലൂടെ തുക പിൻവലിക്കുന്നതിനുള്ള സൗകര്യം നടപ്പിലാക്കാനുമുള്ള നിർദ്ദേശം ഈ സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നതിനും നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനായി ഇതര ധനകാര്യ സ്ഥാപനങ്ങൾ നൽകുന്നതിനേക്കാൾ ഉയർന്ന പലിശ നിരക്കാണ് ട്രഷറി സ്ഥിരനിക്ഷേപങ്ങൾക്ക് നൽകിവരുന്നത്. സീനിയർ സിറ്റിസൺസ് പ്രായപരിധി സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായമായ 56 വയസ്സാക്കി നിജപ്പെടുത്തിയതിലൂടെ 0.5% അധിക നിരക്ക് നൽകി റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ട്രഷറികളിൽ സ്ഥിരനിക്ഷേപമായി നിലനിർത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ട്രഷറി നിക്ഷേപങ്ങൾ ആകർഷകമാക്കുന്നു. കാലാവധി പൂർത്തിയായശേഷവും സ്ഥിരനിക്ഷേപങ്ങൾ നിക്ഷേപകന് പലിശനഷ്ടം കൂടാതെ പുതുക്കി നൽകാനുള്ള സംവിധാനവും ഇതിന്റെ ഭാഗമാണ്. സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനത്തിന്റെ ഭാഗമായി ട്രഷറികളിൽ കോർബാങ്കിംഗ് സമ്പ്രദായം ആരംഭിച്ചിട്ടുള്ളതും സ്ഥിരനിക്ഷേപങ്ങളുടെ പ്രതിമാസ പലിശ ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് വഴിയാക്കിയതും ട്രഷറി നിക്ഷേപങ്ങളെ കൂടുതൽ ആകർഷകമാക്കുന്നു. നിക്ഷേപങ്ങളുടെ പലിശ റ്റി.എസ്.ബി. അക്കൗണ്ടിൽ എല്ലാ

മാസവും ആദ്യദിനം വരവ് വയ്ക്കപ്പെടുന്നുവെന്നതും നിക്ഷേപകർക്ക് കോർബാങ്കിംഗ് സമ്പ്രദായത്തിൽ ഏത് ട്രഷറിയിൽനിന്നും പലിശ കൈപ്പറ്റാൻ സാധിക്കുമെന്നതും ട്രഷറി നിക്ഷേപങ്ങളെ ആകർഷകമാക്കുന്നു. റ്റി.എസ്.ബി. അക്കൗണ്ടിൽ നിലനിൽക്കുന്ന തുകയ്ക്ക് സേവിങ്സ് ബാങ്കിലെ നിരക്കിലെ പലിശ പ്രതിമാസം നൽകാൻ തീരുമാനിച്ചിട്ടുള്ളതും ട്രഷറി നിക്ഷേപങ്ങളെ ഇതര ധനകാര്യ സ്ഥാപനങ്ങളിലേക്കാൾ ആകർഷകമാക്കുന്നു.

(സി) ട്രഷറികളിൽ എത്തുന്ന നിക്ഷേപകരോട് സൗഹാർദ്ദപരമായി ഇടപെടുന്നതിനും നിക്ഷേപ സൗഹൃദമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ആവശ്യമായ പരിശീലനം കാലാകാലങ്ങളിൽ ജീവനക്കാർക്ക് നൽകിവരുന്നുണ്ട്. കൂടാതെ ട്രഷറികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തി നിക്ഷേപ സൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ചാത്തന്നൂരിൽ സബ്ട്രഷറിക്കായി കെട്ടിടം

57(3681) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂരിൽ സബ്ട്രഷറി നിർമ്മിക്കുന്നതിന് സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സൗജന്യമായി ഭൂമി ലഭ്യമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമിയിൽ സബ്ട്രഷറിക്കായി കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഭൂമി സംബന്ധിച്ച് എന്തെങ്കിലും നിയമപ്രശ്നങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) നാഷണൽ ഹൈവേ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് നിലവിലെ ട്രഷറി കെട്ടിടം പൊളിക്കുന്ന സാഹചര്യമുള്ളതിനാൽ, സബ്ട്രഷറിക്കായുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ഭരണാനുമതി ലഭ്യമാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ ചാത്തന്നൂർ സബ്ട്രഷറിയെയും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാം ഘട്ടത്തിലെ ട്രഷറികളുടെ പ്രോജക്ട് റിപ്പോർട്ട് ഉൾപ്പെടെയുള്ള ശിപാർശ ട്രഷറി ഡയറക്ടറേറ്റിൽനിന്നും ലഭിക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് ചാത്തന്നൂർ സബ്ട്രഷറി നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സ്വീകരിക്കും.

## ലോട്ടറി വില്പന വഴിയുള്ള വരുമാനം

58(3682) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി വകുപ്പ് ഏതെല്ലാം പുതിയ ലോട്ടറികളാണ് ആരംഭിച്ചിട്ടുള്ളതെന്നും ഇതിന്റെ വില്പന വഴിയുള്ള വരുമാനം ഏതെല്ലാം ഉദ്ദേശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും വെളിപ്പെടുത്തുമോ;

(ബി) ലോട്ടറികളുടെ സമ്മാന ഘടനയിലും വില്പനയിലും എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഭാഗ്യക്കുറി വകുപ്പ് നിലവിൽ പുതിയ ലോട്ടറികളൊന്നും ആരംഭിച്ചിട്ടില്ല. പൗർണ്ണമി, വിൻവിൻ, സ്ത്രീശക്തി, അക്ഷയ, കാരുണ്യപ്ലസ്, നിർമ്മൽ, കാരുണ്യ എന്നീ പ്രതിവാര ഭാഗ്യക്കുറികളും തിരുവോണം ബമ്പർ, പൂജാ ബമ്പർ, ക്രിസ്തുമസ്-ന്യൂ ഇയർ ബമ്പർ, മൺസൂൺ ബമ്പർ, സമ്മർ ബമ്പർ, വിഷു ബമ്പർ എന്നീ 6 ബമ്പർ ഭാഗ്യക്കുറികളുമാണ് വകുപ്പ് നടത്തിവരുന്നത്. വെള്ളിയാഴ്ചകളിൽ നറുക്കെടുത്തിരുന്ന ഭാഗ്യനിധി ഭാഗ്യക്കുറി റദ്ദാക്കി പകരം നിർമ്മൽ ബൈ വീക്കിലി ഭാഗ്യക്കുറിയെ പ്രതിവാര ഭാഗ്യക്കുറിയാക്കി മാറ്റി വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തിവരുന്നു.

കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളിൽ നിന്നുള്ള അറ്റാദായം ചികിത്സാ ധനസഹായം നൽകുന്നതിനായുള്ള കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പ്രവർത്തനത്തിനാണ് വിനിയോഗിക്കുന്നത്. സ്ത്രീശക്തി ഭാഗ്യക്കുറിയിൽ നിന്നുള്ള അറ്റാദായം സ്ത്രീകളുടെ സർവ്വതോന്മുഖമായ വികസനത്തിനും ക്ഷേമപ്രവർത്തനങ്ങൾക്കുമായുള്ള 'സ്ത്രീശക്തി' പദ്ധതിയുടെ നടത്തിപ്പിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

മറ്റ് പ്രതിവാര ഭാഗ്യക്കുറികളിൽനിന്നും ബമ്പർ ഭാഗ്യക്കുറികളിൽ നിന്നുമുള്ള വരുമാനം ട്രഷറി മുഖേന സർക്കാർ ഖജനാവിലേയ്ക്ക് ഒടുക്കുന്നു.

(ബി) 50 രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ മുഖവില കൂടി 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30 രൂപയാക്കി ഏകീകരിക്കുകയും, പ്രൈസിൽ 5% കൂടി വർദ്ധനവ് വരുത്തിക്കൊണ്ടും ചെറിയ സമ്മാനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് വരുത്തിയും 2017 ജൂൺ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാന ഘടനകൾ പരിഷ്കരിച്ചിരുന്നു. 1-7-2017 മുതൽ കേരള സംസ്ഥാന

ഭാഗ്യക്കുറിയിന്മേൽ 12% ജി.എസ്.ടി. നിലവിൽ വന്നതിനെത്തുടർന്ന് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.80 രൂപയായും ജി.എസ്.ടി. തുകകൂടി ചേർത്ത് പരമാവധി വില്പന വില 30 രൂപയായി നിജപ്പെടുത്തിക്കൊണ്ടും 50%-ത്തിനു മുകളിൽ സമ്മാനത്തുക അനുവദിച്ചുകൊണ്ടും 15-7-2017-ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാന ഘടനകൾ വീണ്ടും പരിഷ്കരിച്ചിട്ടുണ്ട്. 12 പരമ്പരകളായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലും 10,000 രൂപയുടെ സമാശ്വാസ സമ്മാനം ഒഴിവാക്കിയുമാണ് സമ്മാനഘടന ആവിഷ്കരിച്ചിരിക്കുന്നത്.

പൗർണ്ണമി, വിൻവിൻ എന്നീ ഭാഗ്യക്കുറികളുടെ 1-ാം സമ്മാനം 65 ലക്ഷം രൂപയാക്കി നിലനിർത്തിയിട്ടുണ്ട്. സ്ത്രീശക്തി ഭാഗ്യക്കുറിയുടെ ഒന്നാം സമ്മാനത്തുക 60 ലക്ഷം രൂപയായും അക്ഷയ, കാരുണ്യപ്ലസ് എന്നീ ഭാഗ്യക്കുറികളുടെ 1-ാം സമ്മാനം 50 ലക്ഷം രൂപയായും നിർമ്മൽ ഭാഗ്യക്കുറിയുടെ 1-ാം സമ്മാനം 70 ലക്ഷം രൂപയായും കാരുണ്യ ഭാഗ്യക്കുറിയുടെ 1-ാം സമ്മാനം 75 ലക്ഷം രൂപയായും കുറച്ചിട്ടുണ്ട്. എന്നാൽ സമ്മാനങ്ങളുടെ ആകെ എണ്ണത്തിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ജില്ലാ ഭാഗ്യക്കുറി ഓഫീസുകൾക്കുപുറമേ ഭാഗ്യക്കുറി സബ് ഓഫീസ് മുഖേനയും നിലവിൽ ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പന നടത്തിവരുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട് അനുവദിക്കുന്ന സ്വകാര്യ ആശുപത്രികൾ

59(3683) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ധനസഹായം അനുവദിക്കുന്ന ആശുപത്രികളുടെ പട്ടികയിൽ പുതിയതായി സ്വകാര്യ ആശുപത്രികൾ ഉൾപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ആശുപത്രികളാണ് പുതിയതായി ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

## ലോട്ടറി ടിക്കറ്റുകളുടെ പരിഷ്കരണം

60(3684) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ടിക്കറ്റുകളുടെ പരിഷ്കരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ടിക്കറ്റ് വില, കമ്മീഷൻ, സമ്മാനത്തുക എന്നിവയുടെ പരിഷ്കരണത്തിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സമ്മാനത്തുക കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും പുതിയതായി ഭാഗ്യക്കുറി ഏജൻസി അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50 രൂപ മുഖവിലയുള്ള സ്ത്രീശക്തി, നിർമ്മൽ, കാരുണ്യ, കാരുണ്യപ്ലസ് എന്നീ പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 30 രൂപയായി ഏകീകരിക്കുകയും അറ്റാദായത്തിൽനിന്നും 5% കുറവ് വരുത്തി പ്രസ്തുത തുകകൂടി സമ്മാനയിനത്തിൽ നൽകുന്നതിന് തീരുമാനിച്ചുകൊണ്ടും 30 രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ നിലവിലുള്ള ഡിസ്കൗണ്ട് നിലനിർത്തിയും സമ്മാനങ്ങളുടെ എണ്ണത്തിൽ വൻവർദ്ധനവ് വരുത്തിക്കൊണ്ടും 2017 ജൂൺ 1-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും സമ്മാന ഘടനകൾ ആകർഷകമാക്കി പരിഷ്കരിച്ചിരുന്നു.

കേന്ദ്ര സർക്കാർ ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 2017 ജൂലൈ 1 മുതൽ 12% ചരക്കുസേവന നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെത്തുടർന്ന് പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തിയും 12% ചരക്കുസേവന നികുതി കൂടി ചേർത്ത് പരമാവധി വില്പനവില 30 രൂപയാക്കി നിലനിർത്തിക്കൊണ്ടും 50%-ന് മുകളിൽ സമ്മാനത്തുക അനുവദിച്ചുകൊണ്ടും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടന പരിഷ്കരിച്ചിട്ടുണ്ട്. 12 സീരീസുകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാനഘടനകൾ ആവിഷ്കരിച്ചിരിക്കുന്നത്.

പ്രതിവാര ഭാഗ്യക്കുറികളുടെ ഡിസ്കൗണ്ട് നിരക്ക്, 2000 ടിക്കറ്റുകൾ വരെ 24%, 2001 മുതൽ 10,000 ടിക്കറ്റുകൾ വരെ 24.5%, 10000 ടിക്കറ്റിന് മുകളിൽ 25.25% എന്നിങ്ങനെ ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) സമ്മാനത്തുക ലഭ്യമാക്കുന്നതിന്, ലോട്ടറി നിയമം അനുശാസിക്കുന്ന ആവശ്യമായ രേഖകൾസഹിതം സമർപ്പിക്കുന്ന സമ്മാനടിക്കറ്റുകൾക്ക് താമസം കൂടാതെതന്നെ സമ്മാനവിതരണം നടത്തി വരുന്നുണ്ട്. സമ്മാനവിതരണ നടപടികൾ വേഗത്തിലാക്കുന്നതിനുവേണ്ടി പുതുതായി ഒരു അപേക്ഷ ഫോറവും തയ്യാറാക്കി നൽകിയിട്ടുണ്ട്. ഭാഗ്യക്കുറി ഏജൻസി അനുവദിക്കുന്നതിൽ നിലവിൽ നിയന്ത്രണങ്ങളൊന്നുമില്ല. 18 വയസ് പൂർത്തിയാക്കിയ ഏതൊരാൾക്കും 300 രൂപ രജിസ്ട്രേഷൻ ഫീസൊടുക്കി, തിരിച്ചറിയൽ കാർഡ്, പാൻ കാർഡ് എന്നിവയുടെ പകർപ്പും, രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോയും ഹാജരാക്കി ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽനിന്നും ഏജൻസി എടുക്കാവുന്നതാണ്.

## ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടം

61(3685) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടം ഉത്തരവാദപ്പെട്ടവരിൽനിന്നും ഈടാക്കിയതിൽ ചാർജ്, സർചാർജ് ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈടാക്കിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

(ബി) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലോട്ടറി വകുപ്പിന്റെ ആഭ്യന്തര പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകി ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016 മേയ് മുതൽ 2017 ജൂലൈ വരെ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ് ഇനത്തിൽ 97,094 രൂപയും സർചാർജ് ഇനത്തിൽ 15,53,789 രൂപയും സംസ്ഥാന ഓഡിറ്റ് വകുപ്പ് ഈടാക്കി.

(ബി) പത്താം ശമ്പള കമ്മീഷൻ റിപ്പോർട്ടിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ലോട്ടറി വകുപ്പിന്റെ ആഭ്യന്തര പരിശോധന കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് നൽകി ഉത്തരവായിട്ടില്ല. ഇത് പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ നിയമനങ്ങൾ

62(3686) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിലെ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത ഒഴിവുകൾ നിലവിൽവന്ന തീയതി വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം കോർപ്പറേഷനിലെ ഏതെല്ലാം തസ്തികകളിൽ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കുമോ;

(സി) താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ ഏതൊക്കെ തസ്തികകളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ആശ്രിത നിയമന വ്യവസ്ഥയിൽ 2014 ഏപ്രിൽ ഒന്ന് മുതൽ നിയമനം നേടിയവരുടെ കണക്ക് തസ്തികതിരിച്ച് ലഭ്യമാക്കുമോ; എത്ര ശതമാനം ഒഴിവുകളാണ് ഇത്തരത്തിൽ നികത്തപ്പെടുന്നതിന് വ്യവസ്ഥയുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികയിലും, വിരമിച്ചതോ പിരിഞ്ഞുപോയതോ ആയ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികയിലും പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1-ൽ കണ്ടാലും *

(ബി)

| | തസ്തിക | എണ്ണം |
|---|---|---|
| i | ലീഗൽ ഓഫീസർ | 3 |
| ii | അസിസ്റ്റന്റ് മാനേജർ | 4 |
| iii | അസിസ്റ്റന്റ് | 1 |
| iv | പ്യൂൺ | 1 |

(സി) താൽക്കാലിക ജീവനക്കാരെ ആവശ്യമുള്ളപ്പോൾ മാത്രമാണ് ജോലിക്ക് എടുക്കാറുള്ളത്. കോർപ്പറേഷന്റെ 16 ബ്രാഞ്ച് ഓഫീസുകളിലെയും മുഖ്യകാര്യാലയത്തിലെയും താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു:

| തസ്തിക | എണ്ണം |
|---|---|
| (1) | (2) |
| ഡ്രൈവർ | 12 |
| ടൈപ്പിസ്റ്റ് | 14 |
| പ്യൂൺ | 7 |
| ജൂനിയർ ടെക്നിക്കൽ ഓഫീസർ | 3 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| (1) | (2) |
|---|---|
| സീനിയർ പ്രോഗ്രാമർ | 2 |
| അസിസ്റ്റന്റ് | 2 |
| പാർട്ട്ടൈം സ്വീപ്പർ | 3 |
| സെക്യൂരിറ്റി ഗാർഡ് | 4 |
| ഇലക്ട്രീഷ്യൻ | 1 |
| വില്ലേജ് അസിസ്റ്റന്റ് | 2 |
| ആകെ | 50 |

(ഡി)

| തസ്തിക | എണ്ണം |
|---|---|
| ജൂനിയർ ടെക്നിക്കൽ ഓഫീസർ | 1 |
| അസിസ്റ്റന്റ് | 1 |

കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ ആശ്രിത നിയമനത്തിനുവേണ്ടി ഒഴിവുകൾ സംവരണംചെയ്ത് നീക്കിവച്ചിട്ടില്ല.

(ഇ) അനുബന്ധം 2-ൽ കണ്ടാലും*

(എഫ്)

| തസ്തിക | എണ്ണം |
|---|---|
| അസിസ്റ്റന്റ് മാനേജർ | 4 |
| ജൂനിയർ ടെക്നിക്കൽ ഓഫീസർ | 1 |
| ലീഗൽ ഓഫീസർ | 3 |
| പ്യൂൺ | 3 |

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടികൾ

63(3687) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ-യ്ക്ക് പ്രവാസിചിട്ടി നടത്തുന്നതിന് അനുമതി നൽകി ഉത്തരവായത് എന്നാണെന്ന് വ്യക്തമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്രകാരം ഒരു ചിട്ടി വിഭാവനം ചെയ്തതിന് പിന്നിലുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; വ്യക്തമാക്കുമോ;

(സി) പ്രവാസി ചിട്ടി നടത്തുന്നതിനായി കെ.എസ്.എഫ്.ഇ.-യ്ക്ക്. റിസർവ് ബാങ്ക് അനുമതി നൽകിയത്എന്നാണെന്നറിയിക്കുമോ;

(ഡി) പ്രവാസി ചിട്ടി സമയബന്ധിതമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 29-7-2015-ലെ G.O.(Ms)No.136/2015/TD ഉത്തരവ് പ്രകാരമാണ് കെ.എസ്.എഫ്.ഇ.-യ്ക്ക് പ്രവാസി ചിട്ടി നടത്തുന്നതിന് അനുമതി നൽകിയത്.

(ബി) വിദേശരാജ്യങ്ങളിലെ മലയാളികൾക്ക് അവിടെ നിന്നുകൊണ്ടുതന്നെ കേരളത്തിന്റെ തനത് സമ്പാദ്യ മാർഗ്ഗമായ ചിട്ടിയിൽ അംഗമാകാനുള്ള അവസരം ഒരുക്കുക എന്നതാണ് ഇതിന് പിന്നിലെ പ്രധാനപ്പെട്ട ഉദ്ദേശ്യം. കൂടാതെ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയുള്ള ധനസമാഹരണവും ലക്ഷ്യമാണ്.

(സി) 2015 മാർച്ച് 2-ാം തീയതിയിലെ നോട്ടിഫിക്കേഷൻ പ്രകാരം ഇന്ത്യയിൽ നടത്തുന്ന ചിട്ടികളിൽ വരിക്കാരാകുന്നതിനും അതിലേയ്ക്കുള്ള പണം ബാങ്കുകൾവഴി അടയ്ക്കുന്നതിനും വിദേശ ഇന്ത്യാക്കാർക്ക് സാധ്യമാകുന്നവിധത്തിൽ ഫോറിൻ എക്സ്ചേഞ്ച് മാനേജ്മെന്റ് ആക്റ്റിൽ (FEMA) റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഭേദഗതി വരുത്തുകയുണ്ടായി. അതിൻപ്രകാരം വിദേശ ഇന്ത്യാക്കാരിൽ നിന്നും ചിട്ടി വരിസംഖ്യ സ്വീകരിക്കാൻ കെ.എസ്.എഫ്.ഇ.-യ്ക്ക് സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

(ഡി) പ്രവാസി ചിട്ടി സമയബന്ധിതമായി നടപ്പാക്കാനുള്ള നടപടികൾ ഇതിനകംതന്നെ സ്വീകരിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ. യിൽ ഈടായി വയ്ക്കുന്ന വസ്തുവിന്റെ മൂല്യനിർണ്ണയം

64(3688) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിൽ ഈടുവെക്കുന്ന വസ്തുവിന് മൂല്യനിർണ്ണയം നടത്തുന്ന കാലയളവിലെ സാഹചര്യങ്ങൾ കണക്കിലെടുത്ത് നിശ്ചയിക്കുന്ന വില, പരിസ്ഥിതി സംബന്ധമായി സർക്കാർ ഭാഗത്തുനിന്നുണ്ടാവുന്ന നയംമാറ്റം കാരണം പിന്നീട് വ്യത്യാസപ്പെടുന്നതിന് ഉദ്യോഗസ്ഥർ ഉത്തരവാദികളാവുമോയെന്ന് പരിശോധിക്കുമോ;

(ബി) കെ.എസ്.എഫ്.ഇ. ഈങ്ങാപ്പുഴ ബ്രാഞ്ചിൽനിന്ന് റിട്ടയർചെയ്ത സീനിയർ മാനേജർ സി. ശ്രീധരന്റെ ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള റിട്ടയർമെന്റ് ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) അദ്ദേഹം വില നിശ്ചയിച്ച വസ്തുവിന്, റവന്യൂ അധികാരികൾ നൽകിയ രേഖയിൽ വസ്തുവിലേക്കുള്ള റോഡ് അടയാളപ്പെടുത്തിയിട്ടുണ്ടോ;

(ഡി) അദ്ദേഹത്തിന്റെ സഹകരണത്തോടെ, ഈ വസ്തു വിൽപ്പന നടത്തി വൺ ടൈം സെറ്റിൽമെന്റ് പദ്ധതി പ്രകാരമുള്ള ഇളവുകളോടെ, കെ.എസ്.എഫ്.ഇ.-ക്ക് ലഭിക്കാനുള്ള തുക ഈടാക്കുന്നതിനെക്കുറിച്ച് തീരുമാനിക്കുമോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ ഹെഡ്സ് ഓഫീസ് തലത്തിൽ അദ്ദേഹത്തെ വിളിച്ചുവരുത്തി തീരുമാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ കേസിന്റെയും എല്ലാ ഘടകങ്ങളും പ്രദേശത്തിന്റെയും വസ്തുവിന്റെയും സവിശേഷതകളും വിശകലനംചെയ്ത് മാത്രമേ ഇക്കാര്യം പരിശോധിക്കാൻ കഴിയുകയുള്ളൂ.

(ബി) ഗ്രാറ്റുവിറ്റി മാത്രം അനുവദിച്ചിട്ടുണ്ട്. ശ്രീ. ശ്രീധരൻ സി., കെ.എസ്.എഫ്.ഇ.യുടെ തിരുവമ്പാടി ബ്രാഞ്ചിൽ മാനേജരായി ജോലി ചെയ്തിരുന്ന അവസരത്തിൽ വഴിയില്ലാത്ത വസ്തു ഈടായി സ്വീകരിച്ച് ചിട്ടി/ലോൺ തുക വിതരണം ചെയ്യുകയും വസ്തു ഈടായി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുകയും ചെയ്തു. പ്രസ്തുത അക്കൗണ്ട് കുടിശ്ശികയായതിനെ തുടർന്ന് റവന്യൂ റിക്കവറി നടത്തുന്നതിന് കമ്പനി ശ്രമിച്ചെങ്കിലും ഈടായി സ്വീകരിച്ച വസ്തുവിലേയ്ക്ക് വഴിയില്ലാത്തതിനാൽ നടപടികൾ സ്വീകരിക്കാൻ സാധിക്കാതെ വരികയും കമ്പനിക്ക് ഭീമമായ നഷ്ടം വരികയും ചെയ്തു. കൃത്യനിർവ്വഹണവുമായി ബന്ധപ്പെട്ട് ജീവനക്കാർ വരുത്തുന്ന വീഴ്ചകൾമൂലം കമ്പനിക്ക് ഉണ്ടാകുന്ന ഇത്തരത്തിലുള്ള നഷ്ടം നികത്തുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമെ വിരമിക്കൽ ആനുകൂല്യങ്ങൾ നൽകാറുള്ളൂ. ഇടപാടുകാർ ഈ ബാധ്യത തീർക്കുമ്പോൾ അല്ലെങ്കിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ കമ്പനി തുക വസൂലാക്കുമ്പോൾ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതാണ്.

(സി) കോഴിക്കോട് സ്പെഷ്യൽ ഡെപ്യൂട്ടി തഹസീൽദാരുടെ (റവന്യൂ റിക്കവറി) 2-5-2017-ലെ റിപ്പോർട്ട് പ്രകാരം പ്രസ്തുത വസ്തുവിലേയ്ക്ക് വഴി ഇല്ല.

(ഡി&ഇ) ഇക്കാര്യത്തിൽ നിലവിലുള്ള വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## നെയ്യാറ്റിൻകരയിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ

65(3689) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പെരുമ്പഴുതൂർ, പ്ലാമൂട്ടുക്കട എന്നീ സ്ഥലങ്ങളിൽ കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഈ സ്ഥലങ്ങളിലെ ബിസിനസ് സാധ്യതകളെക്കുറിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, കെ.എസ്.എഫ്.ഇ.-യുടെ പ്രസ്തുത പുതിയ ശാഖകൾ 2017-18 സാമ്പത്തിക വർഷത്തിൽത്തന്നെ ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ശാഖകൾ തുടങ്ങുന്നതിന് കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ പെരുമ്പഴുതൂർ എന്ന സ്ഥലത്ത് കെ.എസ്.എഫ്.ഇ.-യുടെ പുതിയ ബ്രാഞ്ച് ആരംഭിക്കുന്നത് സംബന്ധിച്ച് തിരുവനന്തപുരം റീജിയണിന്റെ അസിസ്റ്റന്റ് ജനറൽ മാനേജർ നൽകിയ റിപ്പോർട്ട് പ്രകാരം പെരുമ്പഴുതൂരിൽ പുതിയ കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നത് തൊട്ടടുത്ത പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന മറ്റ് ശാഖകളുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിക്കുമെന്ന് കണ്ടെത്തിയതിനാൽ പെരുമ്പഴുതൂരിൽ പുതിയ ശാഖ ഉടനെ തുടങ്ങേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. പ്ലാമൂട്ടുക്കട എന്ന സ്ഥലത്ത് കെ.എസ്.എഫ്.ഇ. ശാഖ ആരംഭിക്കുന്നത് സംബന്ധിച്ച് ബിസിനസ്സ് സാധ്യതാപഠനം നടത്തിയിട്ടില്ല.

## കയറുൽപ്പന്നങ്ങളുടെ സംഭരണം

66(3690) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട കയർ ഉൽപ്പാദകരും കയർ സഹകരണ സംഘങ്ങളും ഉത്പാദിപ്പിക്കുന്ന കയറും കയറുൽപ്പന്നങ്ങളും ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളാണ് സംഭരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഓരോ പൊതുമേഖലാ സ്ഥാപനവും ശേഖരിച്ച കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും അളവ് വ്യക്തമാക്കുമോ; വിശദീകരിക്കുമോ;

(സി) സംസ്ഥാനത്ത് കയർ ഉത്പാദനമേഖലയിൽ ചകിരിക്ഷാമം നിലനിൽക്കുന്നുണ്ടോയെന്ന് വിശദീകരിക്കുമോ; അന്യസംസ്ഥാനങ്ങളിൽനിന്ന് ചകിരി ഇറക്കുമതി ചെയ്യുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചെറുകിട കയർ ഉൽപ്പാദകരും കയർ സഹകരണ സംഘങ്ങളും ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ സംഭരിക്കുന്നുണ്ട്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഓരോ പൊതുമേഖലാ സ്ഥാപനവും ശേഖരിച്ച കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും അളവ് താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | സ്ഥാപനം | കയർ | | കയർ ഉൽപ്പന്നങ്ങൾ |
|---|---|---|---|---|
| | | തൂക്കം | വില | |
| 1 | കയർഫെഡ് | 99793.850 ക്വിന്റൽ | 50,09,34,036 രൂപ | 4,95,88,320 രൂപയുടെ ഉൽപ്പന്നങ്ങൾ |
| 2 | കയർ കോർപ്പറേഷൻ | | | 98.2 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ |
| 3 | ഫോമിൽ | 89284 കി.ഗ്രാം | 66.96 ലക്ഷം രൂപ | 94.30 ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ |

(സി) സംസ്ഥാനത്ത് കയർ ഉൽപ്പാദന മേഖലയിൽ ചകിരിക്ഷാമം നിലനിൽക്കുന്നുണ്ട്. ഇതുമൂലം കിലോയ്ക്ക് 3.00 രൂപയുടെവരെ വില വർദ്ധന ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നീ സംസ്ഥാനങ്ങളിൽനിന്നും ചകിരി കേരളത്തിൽ എത്തുന്നുണ്ട്.

## കയർ ജിയോ ടെക്സ്റ്റ് സംവിധാനം

67(3691) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ ജിയോ ടെക്സ്റ്റ് സംവിധാനം പ്രചരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം കാര്യങ്ങൾക്കാണ് ഈ സംവിധാനം പ്രയോജനപ്പെടുത്തുന്നതെന്ന് വിവരിക്കാമോ;

(സി) ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്നും പ്രചരണത്തിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ണ്-ജല സംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനം അതിരൂക്ഷമായ ജലക്ഷാമം നേരിടുകയാണ്. ഈ സാഹചര്യത്തിൽ ജലസ്രോതസ്സുകൾ ചെലവുകുറഞ്ഞ രീതിയിൽ സംരക്ഷിക്കുന്നതിന് കുളങ്ങൾ, തോടുകൾ, നദികൾ ഇവയുടെയെല്ലാം തിട്ട സംരക്ഷണത്തിനായി കയർ ഭൂവസ്ത്രം ഉപയോഗിക്കാനാകും. ആ നിലയിലുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ റോഡ് നിർമ്മാണം, മണ്ണൊലിപ്പ് തടയൽ എന്നിവയ്ക്കും കയർ ഭൂവസ്ത്രം വിതാനിക്കുന്നത് ഗുണകരമാണ്. ഹരിതകേരളം മിഷൻ പദ്ധതിയുടെ ഭാഗമായും MGNREGS പദ്ധതിയുടെ ഭാഗമായും കയർ ഭൂവസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൃഷി, മണ്ണ് സംരക്ഷണം, റോഡ് നിർമ്മാണം, കടൽത്തീര സംരക്ഷണം, ജലസംരക്ഷണം എന്നീ രംഗങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ചുവരുന്നു.

**കയർ വ്യവസായ രംഗത്തെ സഹകരണ സംഘങ്ങൾ**

68(3692) ശ്രീ. എ. എം. ആരിഫ് :
ശ്രീ. വി. ജോയി :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ രംഗത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ പുനഃസംഘടനയ്ക്കും ആധുനീകരണത്തിനുമായി സമഗ്ര പദ്ധതി തയ്യാറാക്കി എൻ.സി.ഡി.സി.-യിൽ വായ്പയ്ക്കായി സമർപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതുസംബന്ധിച്ച പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(ഡി) കയർ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി, പ്രവർത്തന മൂലധന സഹായം എന്നിവ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയർ വ്യവസായ രംഗത്തെ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രോജക്ടുതലത്തിലും ഡയറക്ടറേറ്റുതലത്തിലും അവലോകനംചെയ്ത് പ്രവർത്തനങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(ബി&സി) ഉണ്ട്. കയർ സഹകരണ സംഘങ്ങളുടെ വികസനത്തിനായി 13-ാം പഞ്ചവത്സരപദ്ധതി കാലയളവിലേക്ക് എൻ.സി.ഡി.സി.-യിൽ നിന്നും 200 കോടി രൂപയുടെ സാമ്പത്തിക സഹായം തേടുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) കയർ സഹകരണ സംഘങ്ങൾക്കുള്ള മാനേജീരിയൽ സബ്സിഡി, പ്രവർത്തനമൂലധനം എന്നിവ യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. മാനേജീരിയൽ സബ്സിഡിയായി 412 കയർ സഹകരണ സംഘങ്ങൾക്ക് 1-6-2016 മുതൽ 31-3-2017 വരെയുള്ള 10 മാസക്കാലത്തേയ്ക്കായി 2,07,15,000 രൂപ പ്രവർത്തന മൂലധനമായി നൽകിയിട്ടുണ്ട്. കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം പ്രകാരം 12 കോടി രൂപ കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ മുൻകാലങ്ങളിൽ വിവിധ സ്കീമുകളിൽ അനുവദിച്ചിട്ടുള്ളതിൽ മിച്ചമുള്ള തുക പ്രവർത്തനമൂലധനമായി വിനിയോഗിക്കുവാൻ അനുമതിയും നൽകിയിട്ടുണ്ട്.

## ചകിരി സംസ്കരണ യൂണിറ്റുകൾ

69(3693) <u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയിലൂടെ തൊഴിലാളികൾക്ക് എത്ര രൂപയാണ് കുറഞ്ഞ വേതനമായി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) തൊണ്ടുതല്ല് രംഗത്ത് സ്ത്രീത്തൊഴിലാളികളെ തിരികെ എത്തിക്കുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പാക്കുന്നതിനും ഈ സംരംഭം എപ്രകാരമാണ് സഹായകരമാകുകയെന്ന് വിശദമാക്കുമോ?

### <u>ഉത്തരം</u>

(എ) കയർ വകുപ്പിന്റെയും കുടുംബശ്രീയുടെയും ആഭിമുഖ്യത്തിൽ ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡീഫൈബറിംഗ് മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇവിടെ തൊണ്ട് സംഭരണം മുതൽ ചകിരി ഉൽപ്പാദനംവരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകളായിരിക്കും സ്ഥാപിക്കുക. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ലക്ഷ്യം വയ്ക്കുന്നു. വരുന്ന 5 വർഷംകൊണ്ട് ഇത്തരം 1000 മില്ലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

(ബി) പ്രോജക്ട് ഓഫീസറും സംഘടനാ പ്രതിനിധികളും ഉൾപ്പെടുന്ന കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് ഇത്തരം യൂണിറ്റുകളിലെ തൊഴിലാളികളുടെ ജോലിഭാരവും കുറഞ്ഞ കൂലിയും തീരുമാനിക്കുന്നത്. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കുറഞ്ഞ കൂലിയായി 300 രൂപ നല്കിവരുന്നു.

(സി) പരമ്പരാഗത കയർ വ്യവസായ രംഗത്തേയ്ക്ക് സ്ത്രീ തൊഴിലാളികളെ തിരികെ എത്തിക്കുന്നതിനും മെച്ചപ്പെട്ട കൂലി ഉറപ്പാക്കുന്നതിനും ഈ സംരംഭം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**കയർ മേഖലയിൽ മാലിന്യപ്രശ്നങ്ങൾ**

70(3694) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചകിരി വ്യവസായവുമായി ബന്ധപ്പെട്ട് ചകിരിച്ചോർ കുന്നുകൂടി മാലിന്യ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കയർ നിർമ്മാണത്തിനുശേഷം ഉണ്ടാകുന്ന ചകിരിച്ചോർ മറ്റേതെങ്കിലും ഉൽപ്പന്നത്തിന്റെ അസംസ്കൃത വസ്തുവായി ഉപയോഗിക്കത്തക്കവിധം പദ്ധതികൾ നിലവിലുണ്ടോ;

(സി) ഹരിത കേരളം പദ്ധതി പ്രകാരം ഈ ചകിരിച്ചോർ പുനരുപയോഗിക്കാനുള്ള പദ്ധതിക്ക് രൂപംനൽകുമോ;

(ഡി) റോഡ് നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുവായി ചകിരിച്ചോർ ഉപയോഗിക്കുന്ന സാങ്കേതികവിദ്യ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചകിരി വ്യവസായവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചകിരിച്ചോറ് സംസ്കരിച്ച് അത് കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിച്ചുവരുന്നു. മുൻകാലങ്ങളിൽ തൊണ്ട് അഴുക്കിയാണ് ചകിരി ഉൽപ്പാദിപ്പിച്ചിരുന്നത്. അതിൽനിന്ന് ലഭിക്കുന്ന ചകരിച്ചോർ ഉപ്പിന്റെ അംശം കൂടുതലായതിനാൽ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ സാധ്യമല്ലായിരുന്നു. ഇപ്പോൾ അഴുകിയ തൊണ്ടിൽ നിന്നുള്ള ചകിരിക്കുപകരം അഴുകാത്ത തൊണ്ടിൽ നിന്നുമാണ് ചകിരി ഉൽപ്പാദിപ്പിക്കുന്നത്. ഇതിൽനിന്നുള്ള ചകരിച്ചോർ തൽസമയംതന്നെ സംസ്കരിച്ച് കൃഷി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. അഴുകിയ തൊണ്ടിൽ നിന്ന് ലഭിക്കുന്ന ചകിരിച്ചോർ സംസ്കരിക്കുന്നതിനുള്ള സാങ്കേതികവിദ്യ വികസിപ്പി ച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പച്ചത്തൊണ്ടിൽ നിന്നുള്ള പിത്ത് ഒരു ഗ്രോ മീഡിയമായിട്ടാണ് പ്രധാനമായും ഉപയോഗിക്കുന്നത്. നമ്മുടെ ചകിരിച്ചോറിന്റെ ഈർപ്പവും ഉപ്പുരസവും വെല്ലുവിളികളാണ്.

(സി) ചില മേഖലയിൽ ചകിരിച്ചോറിൽ ഉപ്പിന്റെ അംശം കൂടുതലുള്ളതിനാൽ വ്യാപകമായി ഇവ കാർഷികാവശ്യത്തിനായി ഉപയോഗിക്കാൻ സാധ്യമല്ല. എന്നാൽ ഈ ചകിരിച്ചോർ കമ്പോസ്റ്റിംഗ് നടത്തി കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. ചകിരിച്ചോറ് കമ്പോസ്റ്റിംഗ് ചെയ്യുന്നതിനുവേണ്ടിയുള്ള ഗവേഷണ പദ്ധതികൾ എൻ.സി.ആർ.എം.ഐ. നടത്തിവരികയാണ്.

(ഡി) റോഡ് നിർമ്മാണത്തിന്റെ അസംസ്കൃത വസ്തുവായി ചകിരിച്ചോറ് ഉപയോഗിച്ചുകൊണ്ടുള്ള സാങ്കേതിക വിദ്യ വികസിപ്പിച്ചിട്ടില്ല.

## പെരുമൺ കയർ പാർക്കിന്റെ പ്രവർത്തനം

71(3695) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മണ്ഡലത്തിൽ പനയം പഞ്ചായത്തിലെ പെരുമണിൽ എൻ.സി.ആർ.എം.ഐ.-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിച്ച കയർ പാർക്കിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പാർക്കിന്റെ പ്രവർത്തനം നിലയ്ക്കാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ;

(ബി) കയർ പാർക്കിൽ സ്ഥാപിച്ചിട്ടുള്ള യന്ത്രസാമഗ്രികളും മറ്റും നശിക്കുന്ന സാഹചര്യത്തിൽ കയർപാർക്കിന്റെ നവീകരണത്തിനോ അല്ലെങ്കിൽ കയർ മേഖലയുടെ വികസനത്തിന് സഹായകരമാകുന്ന മറ്റേതെങ്കിലും സംരംഭങ്ങൾ ആരംഭിക്കുന്നതിനോ ഉള്ള പദ്ധതി പരിഗണനയിലുണ്ടോ;

(സി) ഇല്ലെങ്കിൽ അപ്രകാരം പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കയർ പരിശീലനങ്ങൾക്കുവേണ്ടിയാണ് പനയം പഞ്ചായത്തിലെ പെരുമണിൽ കയർ പാർക്കിന്റെ പ്രവർത്തനം ആരംഭിച്ചത്. എന്നാൽ ഭൂരിഭാഗം കയർ സൊസൈറ്റികളും പെരുമണിലുള്ള ട്രെയിനിംഗ്സെന്ററിൽ പരിശീലനത്തിനായി വരുവാൻ വിമുഖത കാട്ടുകയായിരുന്നു. ട്രെയിനിംഗ് സെന്റർ ഉൾനാടൻ പ്രദേശത്തായതിനാൽ ട്രെയിനികൾക്ക് എത്താനും താമസിക്കുന്നതിനുമുള്ള സൗകര്യം കുറവായതിനാലായിരുന്നു ഇത്. എൻ.സി.ആർ.എം.ഐ.-യുടെ പരിശീലനങ്ങളെല്ലാം അതത് സൊസൈറ്റികളിൽ തന്നെ നടത്തുകയായിരുന്നു. ആയതിനാൽ പെരുമൺ കയർ പാർക്കിൽ വളരെ വിരളമായേ ട്രെയിനിംഗ് നടത്തിയിട്ടുള്ളൂ.

(ബി) പെരുമണിലെ കയർ പാർക്ക് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡിന്റെ ഒരു ടഫ്റ്റിംഗ് പ്ലാന്റ് തുടങ്ങുന്നതിലേക്കായി ഈ സ്ഥലം പരിശോധിക്കുകയുണ്ടായി. എന്നാൽ ഇവിടേക്കുള്ള വഴി റെയിൽവേയുടെ ഉടമസ്ഥതയിലുള്ളതാണ്. ഇവിടെ റെയിൽവേയുടെ മേൽപ്പാലം ഉള്ളതുകൊണ്ടും ഇവിടേക്ക് കണ്ടെയിനർ ലോറി വന്നുചേരാൻ കഴിയാത്തതുകൊണ്ടും ഈ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

(സി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള 30.93 ഏക്കർ ഭൂമിയിൽ 25 ഏക്കർ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷനും (കേപ്പ്) 5.93 ഏക്കർ എൻ.സി.ആർ.എം.ഐ.-ക്കും നിലവിലുള്ളതും ഭാവിയിൽ ഉണ്ടാകുന്നതുമായ എല്ലാ ബാധ്യതകളും രണ്ട് സ്ഥാപനങ്ങളും തുല്യമായി വഹിക്കണമെന്ന നിബന്ധനയോടെ അനുവദിച്ച് നൽകി. കൊല്ലം സ്പെഷ്യൽ തഹസിൽദാരുടെ റിപ്പോർട്ട്പ്രകാരം എൻ.സി.ആർ.എം.ഐ.-ക്ക് 50 ലക്ഷം രൂപയുടെ നഷ്ടപരിഹാര ബാധ്യതയുണ്ട്. എൻ.സി.ആർ.എം.ഐ. ഒരു ഗവേഷണ സ്ഥാപനമായതിനാൽ ഇത്രയും തുക നൽകാനുള്ള സാമ്പത്തികശേഷിയില്ലായെന്ന കാരണം ബോധിപ്പിച്ച് പ്രസ്തുത ഭൂമി തിരികെയെടുക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

**കയർ മേഖലയെ പുനരുദ്ധരിക്കുന്നതിനായി നൂതന പദ്ധതികൾ**

72(3696) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എം. മുകേഷ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖലയെ പുനരുദ്ധരിക്കുന്നതിനായി നടപ്പിലാക്കിയ നൂതന പദ്ധതികൾ വ്യക്തമാക്കുമോ;

(ബി) കയർ ഉൽപ്പന്നങ്ങൾക്ക് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുന്നതിനും അവയുടെ ആഭ്യന്തര മാർക്കറ്റ് വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്;

(സി) കയർ ഭൂവസ്ത്രങ്ങളുടെ ഉപയോഗം ഏതെല്ലാം മേഖലകളിൽ വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) കയർ ഭൂവസ്ത്ര നിർമ്മാണത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) പരമ്പരാഗത തൊഴിൽ മേഖലയിൽപ്പെട്ട കയർ വ്യവസായത്തെ സംരക്ഷിക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. രണ്ടാം പുനഃസംഘടനാ പദ്ധതി
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം.
3. ഡി.എഫ് മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകരി ഉൽപ്പാദനം വർദ്ധിപ്പിക്കുക.
4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
5. പ്രാഥമിക കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ചു.
6. കയർ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനായി 12 കോടി രൂപ പ്രവർത്തന മൂലധനം അനുവദിച്ചുകൊണ്ട് കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം എന്ന പദ്ധതി നടപ്പിലാക്കുന്നു.
7. മുൻകാലങ്ങളിൽ അനുവദിച്ചതിൽ മിച്ചമുള്ള തുക സംഘങ്ങൾക്ക് പ്രവർത്തനമൂലധനമായി ഉപയോഗിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്.
8. നിയന്ത്രിത യന്ത്രവൽക്കരണം എന്ന പദ്ധതിയിൽനിന്നും സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്.

   MGNREGS പ്രവൃത്തികളിൽ വ്യാപകമായി കയർ ജിയോ ടെക്സ്റ്റൈൽസ് ഉപയോഗിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ജിയോ ടെക്സ്റ്റൈൽസിന്റെ വിനിയോഗം വർദ്ധിക്കുന്നത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിക്കും. തൊഴിൽശക്തി കേന്ദ്രീകൃതമായ കയർമേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിൽ പ്രദർശനങ്ങളിൽ പങ്കെടുക്കുകയും പുതിയ ഷോറൂകൾ വിവിധ സംസ്ഥാനങ്ങളിൽ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. 2017 ഒക്ടോബർ മാസം ആലപ്പുഴയിൽവച്ച് കയർ കേരള രാജ്യാന്തരമേള നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഉത്സവകാലങ്ങളിൽ റിബേറ്റ് നൽകി കയർ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചു വരുന്നു.

കൂടാതെ ഇതര സംസ്ഥാന മാർക്കറ്റിംഗ് ഫെഡറേഷനുകളുമായി ചേർന്ന് വിപണി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഈ ഓണക്കാലത്ത് ആഭ്യന്തര വിപണനം വർദ്ധിപ്പിക്കുന്നതിനായി കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 സ്റ്റാളുകൾ ആരംഭിച്ചിട്ടുണ്ട്. 1,000 രൂപയുടെ കൂപ്പൺ വാങ്ങുന്നവർക്ക് 2000 രൂപയുടെ തെരഞ്ഞെടുക്കപ്പെട്ട കയർ ഉൽപ്പന്നങ്ങളും കൂപ്പൺ നറുക്കെടുപ്പ് നടത്തി സമ്മാനങ്ങൾ നൽകുന്ന പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കാൻ മേൽവിവരിച്ച പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) കയർ ഭൂവസ്ത്രം, കയർ കോമ്പോസിറ്റ് ബോർഡ്, ലാറ്റക്സ് പാക്ക്ഡ് പനാമാ ബാഗുകൾ ഉപയോഗിച്ചുള്ള കടലെടുപ്പ് പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയിലൂടെ കയറിന് പുതിയ ഉപയോഗസാധ്യതകൾ കണ്ടെത്തുകയാണ്. ക്രയവില സ്ഥിരതാ പദ്ധതി വഴി കയർ കോർപ്പറേഷൻ സംഭരിച്ച ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും അതുവഴി കയർ ഉൽപ്പന്നങ്ങൾ ഉപഭോക്താക്കളിൽ എത്തിക്കുന്നതിനുമായി കയർഫെഡ്/ഫോമിൽ/കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി കയർ കാർണിവൽ 2017 എന്ന പേരിൽ സംസ്ഥാനത്ത് 118 താൽക്കാലിക വിപണന കേന്ദ്രങ്ങൾ ഓണക്കാലത്ത് ആഗസ്റ്റ് 2 മുതൽ സെപ്റ്റംബർ 3 വരെ ആരംഭിച്ചിട്ടുണ്ട്. രാജ്യത്തെ പ്രധാന കേന്ദ്രങ്ങളിൽ ഫ്രാഞ്ചൈസി അടിസ്ഥാനത്തിൽ വിൽപ്പന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഈ സ്റ്റാളുകളിൽ 50% കിഴിവിൽ കയർ ഉൽപ്പന്നങ്ങൾ (നിശ്ചിത തരം) ലഭ്യമാണ്. കൂടാതെ 1,000 രൂപയുടെ കൂപ്പൺവഴി 2,000 രൂപയുടെ കയർ ഉൽപ്പന്നങ്ങൽ ലഭ്യമാകുന്ന പദ്ധതിയും സർക്കാർ ജീവനക്കാർക്ക് 15,000 രൂപവരെയുള്ള ഉൽപ്പന്നങ്ങൾ തവണ വ്യവസ്ഥയിൽ നൽകുന്ന പദ്ധതിയും നടപ്പിലായിട്ടുണ്ട്.

(സി) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ഹരിത കേരളം മിഷൻ എന്നീ പദ്ധതികളുടെ ഭാഗമായി മണ്ണ്-ജല സംരക്ഷണത്തിനും റോഡ് നിർമ്മാണത്തിനും കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നു. കടലാക്രമണം തടയുന്നതിന് ലാറ്റക്സ് പാക്ക്ഡ് പനാമാ ബാഗുകൾ ഉപയോഗിക്കുന്ന പദ്ധതി ആലപ്പുഴയിൽ പരീക്ഷണാർത്ഥം നടപ്പിലാക്കി വരുന്നു.

(ഡി) ഉണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കുന്ന നിർമ്മാണ പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം ഉപയോഗപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതുസംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പും കയർ വികസന വകുപ്പും സംയുക്തമായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## സെറിഫെഡ്

73(3697) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ സെറിഫെഡ് പ്രവർത്തനക്ഷമമാണോ; വിശദാംശം നൽകുമോ ;

(ബി) പ്രവർത്തനക്ഷമമല്ലെങ്കിൽ അടച്ചുപൂട്ടുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) സെറിഫെഡിന്റെ ബാദ്ധ്യതകൾ കൊടുത്തുതീർക്കുവാനുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സെറിഫെഡിന്റെ തിരുവനന്തപുരത്തെ ഹെഡ്ഡ് ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്നു മുതലാണ് അടച്ചുപൂട്ടിയത്;വ്യക്തമാക്കാമോ ;

(ഇ) ഹെഡ് ഓഫീസ് പ്രവർത്തിച്ച കെട്ടിടത്തിന്റെ വാടക എന്നു മുതലാണ് കുടിശ്ശികയുള്ളത് ; എത്ര രൂപയാണ് കുടിശ്ശികയുള്ളത്; ഇത് എന്ന് കൊടുക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 13-3-2010-ലെ സ.ഉ(എംഎസ്.)നമ്പർ 58/2010/വ്യവ പ്രകാരം സെറിഫെഡ് ലിക്വിഡേറ്റ് ചെയ്യുവാൻ തീരുമാനിച്ചിരുന്നു. എന്നാൽ പിന്നീട് 5-8-2015-ലെ സ.ഉ.109/2015/വ്യവ. പ്രകാരം സെറിഫെഡിന്റെ പോസ്റ്റ് കൊക്കൂൺ പ്രവർത്തനങ്ങൾ റിവൈവ് ചെയ്യുവാൻ തീരുമാനിച്ചു. എന്നിരുന്നാലും പട്ടുനൂൽ വസ്ത്ര നെയ്ത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കേ കേരളത്തിൽ സാദ്ധ്യതയുള്ളൂ എന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അതിന്റെ പ്രായോഗികതകൾ പരിശോധിച്ച് സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ചുമാത്രമേ സെറിഫെഡ് പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(സി) സെറിഫെഡിന്.

(ഡി) വാടക കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന തിരുവനന്തപുരത്തെ ഹെഡ്ഡ് ഓഫീസ് 6 മാസമായി ഭാഗികമായേ പ്രവർത്തിക്കുന്നുള്ളൂ.

(ഇ) വാടക കുടിശ്ശിക ഏകദേശം 5 ലക്ഷം രൂപയാണ്. സെറിഫെഡിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് വാടക കുടിശ്ശിക നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാവുന്നതാണ്.

## വിദ്യാർത്ഥികൾ കൈവരിച്ച സംരംഭകത്വശേഷി

74(3698) ശ്രീ. വി. ടി. ബൽറാം :

ശ്രീ. റോജി എം. ജോൺ :

ശ്രീ. അനിൽ അക്കര :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് വ്യവസായ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഇതിനായി എന്തെല്ലാം സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തിട്ടുണ്ട്; വിശദമാക്കുമോ;

(സി) ഇതിലൂടെ വിദ്യാർത്ഥികൾ കൈവരിച്ച സംരംഭകത്വശേഷിയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

### ഉത്തരം

(എ) വിദ്യാർത്ഥികളിൽ സംരംഭകത്വം വളർത്തുന്നതിന് താഴെപ്പറയുന്ന പദ്ധതികളാണ് പ്രധാനമായും വ്യവസായ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്:

- ഇ.ജി. ക്ലബ്ബുകൾ (സംരംഭകത്വ വികസന ക്ലബ്ബുകൾ)
- സംരംഭകത്വ ബോധവൽക്കരണ പരിപാടി (ഇ.എ.പി)
- ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് സ്കീം.

(ബി&സി) വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ് കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തി വരുന്നു. ഓരോ ജില്ലയിലും മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇ.ഡി. ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ഇ.എ.പി. പദ്ധതി പ്രകാരം 378 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഒരു പരിപാടിക്ക് 6,000 രൂപ മുതൽ 7000 രൂപ വരെ ചെലവഴിക്കുന്നതിന് സർക്കാർ സഹായം നൽകുന്നു.

സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾ വ്യവസായ സംരംഭകർക്ക് സഹായകരമാംവിധത്തിൽ നടപ്പാക്കുന്നതിന് സർക്കാർ ധനസഹായം നൽകുന്ന തരത്തിൽ ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി ആവിഷ്കരിക്കുന്നു.

മേൽ വിവരിച്ച പദ്ധതികളിലൂടെ വിദ്യാർത്ഥികൾ കൈവരിച്ച സംരംഭകത്വ ശേഷിയെ കുറിച്ച് അവലോകനം നടത്തിയിട്ടില്ല. എങ്കിലും വിദ്യാഭ്യാസത്തിനു ശേഷം വ്യവസായ മേഖലയിലേക്ക് കുന്നുവരാനുള്ള അവസരം മുന്നിലുണ്ടെന്ന് അവരെ ബോധ്യപ്പെടുത്തി അതിനാവശ്യമായ വിവിധ ആശയങ്ങൾ പകർന്ന് നൽകുന്നതുവഴി വ്യവസായ വകുപ്പ് വിദ്യാഭ്യാസ മേഖലയിൽ നടത്തുന്ന ഇടപെടലുകളുടെ ഫലമായി അവരിൽ ആത്മവിശ്വാസം വളർത്തിയെടുക്കാൻ കഴിയുന്നു. നല്ലൊരു വിഭാഗം വിദ്യാർത്ഥികൾക്ക് തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളായി സ്വയംപരിവർത്തനം ചെയ്യാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷ.

## കെ.എം.എം. ലിമിറ്റഡിലെ ഒഴിവുകൾ

75(3699) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എം. ലിമിറ്റഡിലെ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വിശദമാക്കുമോ; ഒഴിവുകൾ നിലവിൽവന്ന തീയതി വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഇവിടെ ഏതെല്ലാം തസ്തികകളിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് പട്ടികതിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽ താൽകാലിക അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും ഏതൊക്ക തസ്തികകളിൽ എത്രപേർ ജോലിചെയ്യുന്നുണ്ടെന്ന് പട്ടികതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇവിടെ ആശ്രിത നിയമന വ്യവസ്ഥയിൽ 2014 ഏപ്രിൽ ഒന്ന് മുതൽ നിയമനം നേടിയവരുടെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; എത്ര ശതമാനം ഒഴിവുകളാണ് ഇത്തരത്തിൽ നികത്തപ്പെടുന്നതിന് വ്യവസ്ഥയുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത സ്ഥാപനത്തിൽ 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും വിരമിച്ച അഥവാ പിരിഞ്ഞുപോയ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) ഇവിടെ 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധം 1-ആയി* ചേർക്കുന്നു. ഒഴിവുകൾ നിലവിൽവന്ന തീയതി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി)

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ജൂനിയർ ഓഫീസ് അറ്റൻഡന്റ് | 2 |
| 2 | സെക്യൂരിറ്റി ഗാർഡ് ഗ്രേഡ്-II | 1 |
| 3 | ജൂനിയർ ടെക്നീഷ്യൻ (വെൽഡർ) ട്രെയിനി | 1 |
| 4 | ജൂനിയർ കോസ്റ്റിംഗ് അസിസ്റ്റന്റ് | 1 |
| 5 | ജൂനിയർ ടെക്നീഷ്യൻ (ഇൻസ്ട്രുമെന്റേഷൻ) ട്രെയിനി | 1 |
| 6 | ജൂനിയർ സൂപ്പർവൈസർ കാന്റീൻ | 1 |
| 7 | മെയ്റ്റ് (മൈൻസ്) | 1 |
| 8 | ജൂനിയർ അസിസ്റ്റന്റ് | 1 |

(സി) അനുബന്ധം 2 ആയി* ചേർക്കുന്നു.

(ഡി)

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ജൂനിയർ ഓഫീസ് അറ്റൻഡന്റ് | 5 |
| 2 | ജൂനിയർ അസിസ്റ്റന്റ് | 2 |
| 3 | ജൂനിയർ അക്കൗണ്ടന്റ് | 1 |
| 4 | ജൂനിയർ വർക്കർ | 11 |
| 5 | ജൂനിയർ ടെക് ഫിറ്റർ | 1 |
| 6 | ജൂനിയർ ടെക് ഇലക്ട്രീഷ്യൻ | 1 |
| 7 | ജൂനിയർ ടെക്നീഷ്യൻ (ഇൻസ്ട്രുമെന്റേഷൻ) ട്രെയിനി | 1 |

ആശ്രിത നിയമന വ്യവസ്ഥ നിലവിലുണ്ടെങ്കിലും ഇതിലേയ്ക്കായി ഒഴിവുകൾ സംവരണം ചെയ്തിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) അനുബന്ധം 3 ആയി* ചേർത്തിരിക്കുന്നു.

(എഫ്)

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | ജൂനിയർ ടൈം കീപ്പർ | 5 |
| 2 | ജൂനിയർ ഡ്രസ്സർ-കം-കമ്പൗണ്ടർ | 1 |
| 3 | ഫയർമാൻ ഗ്രേഡ്-II | 3 |
| 4 | ജൂനിയർ ഡോക്യുമെന്റേഷൻ അസിസ്റ്റന്റ് | 1 |
| 5 | സെക്യൂരിറ്റി ഗാർഡ് ഗ്രേഡ്-II | 2 |
| 6 | ജൂനിയർ അസിസ്റ്റന്റ് | 15 |
| 7 | ജൂനിയർ കോസ്റ്റിംഗ് അസിസ്റ്റന്റ് | 1 |
| 8 | ജൂനിയർ മെയിൽ നഴ്സ് | 1 |
| 9 | ജൂനിയർ അനലിസ്റ്റ് | 3 |
| 10 | മെയ്റ്റ് (മൈൻ) | 1 |

## കെ.എസ്.ഐ.ഡി.സി.-യുടെ ഭൂമി മലപ്പുറം സർക്കാർ വനിതാ കോളേജിന് വിട്ടുനൽകുവാൻ നടപടി

76(3700) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം സർക്കാർ വനിതാ കോളേജ് സ്ഥാപിക്കുന്നതിന് പാണക്കാട് വില്ലേജിലെ കെ.എസ്.ഐ.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള അഞ്ച് ഏക്കർ ഭൂമി സറണ്ടർ ചെയ്യുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) കെ.എസ്.ഐ.ഡി.സി.-യും INKID-ഉം ചേർന്നുള്ള പാട്ടക്കരാർ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കെ.എസ്.ഐ.ഡി.സി. പാട്ടക്കരാർ പുതുക്കാൻ വൈകുന്നപക്ഷം ഭൂമിയുടെ കൈവശാവകാശം നൽകി കോളേജിന് സ്ഥലം വിട്ടുനൽകുവാൻ സാങ്കേതിക തടസ്സങ്ങളുണ്ടോ;

(ഡി) ഇല്ലെങ്കിൽ കോളേജ് സ്ഥാപിക്കുവാൻ എത്രയുംവേഗം സ്ഥലം വിട്ട് നൽകുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-ഡി) മലപ്പുറം സർക്കാർ വനിതാകോളേജിന് 5 ഏക്കർ സ്ഥലവും മലബാർ ക്യാൻസർ സെന്റർ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് 25 ഏക്കർ സ്ഥലവും ചേർത്ത് 30 ഏക്കർ സ്ഥലം INKEL-KSIDC സംയുക്ത സംരംഭമായ INKID-ന് അനുവദിച്ച 243 ഏക്കർ ഭൂമിയിൽനിന്ന് തിരിച്ചെടുക്കുന്നതിനും റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കുന്നതിനുംവേണ്ടി 3-2-2016-ൽ ജി.ഒ. (ആർ.ടി)നമ്പർ 132/2016/ ഐഡി പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.-യും ഇൻകെലും തമ്മിലുള്ള സംയുക്തസംരംഭമായ ഇൻകിഡ് രൂപീകരിച്ചതും തുടർന്ന് മലപ്പുറത്ത് 243 ഏക്കർ ഭൂമി ഇൻകിഡിന് പാട്ടവ്യവസ്ഥയിൽ നൽകിയതും 26-7-2008-ലെ ജി.ഒ.(ആർ.ടി)നമ്പർ 836/2008/വ്യവ. ഉത്തരവ് പ്രകാരമാണ്. എന്നാൽ 2-3-2016-ലെ റവന്യൂ വകുപ്പിന്റെ ജി.ഒ.(എം.എസ്)നമ്പർ 224/2016/ആർഡി. ഉത്തരവ് പ്രകാരം 26-7-2008-ന് മേൽസർക്കാർ ഉത്തരവ് റദ്ദ് ചെയ്യപ്പെടുകയുണ്ടായി. ഇതിൽ ചില ന്യൂനതകൾ ശ്രദ്ധയിൽപ്പെട്ടതിനാൽ വ്യക്തത വരുത്തിയതിനുശേഷം മാത്രമേ പാട്ടക്കരാർ പുതുക്കാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തിൽ കാലതാമസം നേരിട്ടാലും ജില്ലാ കളക്ടർക്ക് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ വിട്ടുനൽകിയിട്ടുള്ള ഭൂമിയിൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടനടി തുടങ്ങാവുന്നതാണ്.

## കെ.എസ്.ഡി.പി.-യുടെ പ്രവർത്തനം

77(T* 3701) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതുമേഖലാ മരുന്നുനിർമ്മാണ സ്ഥാപനമായ കെ.എസ്.ഡി.പി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ജനറിക് മരുന്നുകൾക്ക് പുറമേ ബ്രാൻഡഡ് മരുന്നും വിപണിയിലെത്തിക്കാനും എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകൾക്ക് ബ്രാൻഡ് നാമം ലഭിക്കാനായി കേന്ദ്രസർക്കാരിനെ സമീപിച്ചുവോ; എങ്കിൽ നാളിതുവരെ ഇത് നേടിയെടുക്കാൻ വേണ്ടിചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ കമ്പനികൾ വൻലാഭം കൊയ്യുന്ന ക്യാൻസർ ചികിത്സാ മരുന്നുകളും പ്രമേഹരോഗികൾക്കുള്ള ഇൻസുലിനും കെ.എസ്.ഡി.പി. വഴി നിർമ്മാണം നടത്തി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള തീരുമാനത്തിന്മേൽ എന്ത് നടപടികൾ നാളിതുവരെ സ്വീകരിച്ചു ;

(ഡി) രോഗികൾക്ക് കൈത്താങ്ങാകുന്ന പ്രസ്തുത തീരുമാനപ്രകാരം കെ.എസ്.ഡി.പി. വഴി എന്നത്തേക്ക് പ്രസ്തുത മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ കഴിയും; വ്യക്തമാക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ലാഭകരമായ പ്രവർത്തനത്തിനുവേണ്ടി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽനിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. നിലവിലുള്ള ഉൽപ്പാദനശേഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 475 ലക്ഷം രൂപയുടെ പ്രത്യേക ധനസഹായം കമ്പനിയ്ക്ക് സർക്കാർ നൽകിയിട്ടുണ്ട്. കേരളത്തിനാവശ്യമായ നോൺ ബീറ്റാലാക്ടം മരുന്നുകൾ, ഇഞ്ചക്റ്റിബിൾസ്, ഹോസ്പിറ്റൽ ഡിസ്പോസബിൾസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതിയ്ക്കായി 2017-18-ൽ 28.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സഞ്ചിതനഷ്ടം എഴുതിത്തള്ളുന്നതിനും സർക്കാർ വായ്പയും അതിന്മേലുള്ള പലിശയുമായുള്ള 106 കോടി രൂപ മൂലധനമായി മാറ്റുവാനും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകളിലൂടെ സ്ഥാപനത്തിന്റെ ലാഭകരമായ നടത്തിപ്പാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ബീറ്റാലാക്ടം, നോൺ ബീറ്റാലാക്ടം എന്നിങ്ങനെ രണ്ട് വിഭാഗം മരുന്നുകളാണ് കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകുന്നത്. ഇപ്പോൾ ബീറ്റാലാക്ടം ഇഞ്ചക്ഷൻ പ്ലാന്റിനോട് അനുബന്ധമായി വിഭാവന ചെയ്ത ഡ്രൈ പൗഡർ ഇഞ്ചക്ഷൻ യൂണിറ്റ് ഉൽപ്പാദനം സജ്ജമായിക്കഴിഞ്ഞു. കമ്പനിയുടെ ആധുനിക ലബോറട്ടറിയ്ക്ക് NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.

ബ്രാൻഡഡ് മരുന്നുകളുടെ വിപണി ലഭ്യമാക്കാനായി കേന്ദ്ര സർക്കാരിന്റെ Controller General of Patent, Design and trademark-ൽ രജിസ്റ്റർ ചെയ്യുകയും ട്രേഡ് മാർക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയുമാണ്.

(സി&ഡി) കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ നിലവിലുള്ള നിർമ്മാണശാലകളിൽ ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ നിർമ്മിക്കുവാൻ സാധ്യമല്ല. ഇതിനുവേണ്ടി ഉന്നത സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള നൂതന നിർമ്മാണശാല സ്ഥാപിക്കേണ്ടതുണ്ട്. ക്യാൻസറിനുള്ള മരുന്നുകൾ നിർമ്മിക്കുന്നതിനു വേണ്ട സാങ്കേതിക സഹായത്തിനുവേണ്ടി കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡി.ആർ.ഐ. ലക്നൗ-വുമായി ഒരു കരാറിൽ ഒപ്പുവച്ചിട്ടുണ്ട്. ഇൻസുലിൻ ഉൽപ്പാദനത്തിനായി സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി ശ്രമം നടത്തിവരുന്നുണ്ട്.

## പൊതുമേഖലാ സ്ഥാപനങ്ങൾ സംബന്ധിച്ച പഠനം

78(3702) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. നൗഷാദ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിറ്റുവരവ് വർദ്ധിപ്പിക്കാൻ എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത് ;

(ബി) ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച് വിശദമായ പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ പഠനം ആധാരമാക്കി ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, ഉത്പന്നങ്ങളുടെ വൈവിധ്യവത്ക്കരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, പൊതുമേഖലാ സ്ഥാപനങ്ങളും വിവിധ വകുപ്പുകളും തമ്മിലുള്ള ഏകോപനം എന്നിവയ്ക്കായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിറ്റുവരവ് വർദ്ധിപ്പിച്ച് കൂടുതൽ ലാഭകരമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾക്ക് പ്രാമുഖ്യം നൽകി വരുന്നു. വിപണിയിൽനിന്ന് നേരിടുന്ന കടുത്ത മത്സരത്തെ അതിജീവിച്ച് വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള വിപണന സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ഉൽപ്പാദനശേഷി പൂർണ്ണതോതിൽ കൈവരിക്കുന്നതിനായി ഉൽപ്പാദന സൗകര്യങ്ങൾ വിപുലപ്പെടുത്തുവാനുള്ള പദ്ധതികളും വിവിധ വകുപ്പുകളുടെയും പൊതുമേഖലയുൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളുടെയും പരസ്പര സഹകരണത്തോടെ കൂടുതൽ വിറ്റുവരവ് നേടുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സങ്കേതികവിദ്യയുടെയും കാലാനുസൃതമായ

നവീകരണം, വിപണനസാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിൽ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻസാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു.

കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രത്യേക നവീകരണ വിപുലീകരണ പദ്ധതികൾ കമ്പനികൾ ആവിഷ്കരിച്ചുവരികയാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**കേരള സോപ്സിനെ സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനുള്ള പദ്ധതി**

79(3703) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സോപ്പ് എന്ന സ്ഥാപനം കെ.എസ്.ഐ.ഇ.-ക്ക് (കേരള സ്റ്റേററ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ്) കീഴിലാണോ പ്രവർത്തിക്കുന്നത് എന്നറിയിക്കാമോ;

(ബി) കേരള സോപ്സിനെ കെ.എസ്.ഐ.ഇ.-യിൽനിന്നും വേർപെടുത്തി സ്വതന്ത്ര സ്ഥാപനമാക്കി മാറ്റാൻ പദ്ധതിയുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നുണ്ടെങ്കിൽ ഏതെങ്കിലും പഠനത്തിന്റെയോ, ശിപാർശകളുടെയോ അടിസ്ഥാനത്തിലാണോ എന്നറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കേരള സോപ്സിന്റെ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലെ അറ്റാദായം വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ) അതെ.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) കേരള സോപ്പിന്റെ കഴിഞ്ഞ 5 സാമ്പത്തിക വർഷങ്ങളിലെ അറ്റാദായം (നികുതിക്ക് മുൻപുള്ള പ്രൊവിഷണൽ കണക്ക്) വർഷംതിരിച്ച് ചുവടെ ചേർക്കുന്നു:

| സാമ്പത്തിക വർഷം | അറ്റാദായം (നഷ്ടം) (തുക ലക്ഷത്തിൽ) |
|---|---|
| 2012-13 | 84.90 |
| 2013-14 | 15.20 |
| 2014-15 | -130.33 |
| 2015-16 | -164.92 |
| 2016-17 | -80.61 |

**കേരള ആട്ടോമൊബൈൽസിന്റെ പ്രതിസന്ധി**

80(3704) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽസ് കടുത്ത പ്രതിസന്ധിയിലാണെന്നും, ജീവനക്കാർക്ക് നാല് മാസത്തെ ശമ്പളം കുടിശ്ശികയാണെന്നതും വസ്തുതയാണോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പ്രതിസന്ധിക്കുള്ള കാരണങ്ങൾ എന്തൊക്കെയാണ്; അവ പരിഹരിക്കുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുക എന്നറിയിക്കുമോ?

ഉത്തരം

(എ) കേരള ആട്ടോമൊബൈൽസിലെ ജീവനക്കാർക്ക് മുൻമാസങ്ങളിലെ ശമ്പളം കൃത്യമായ സമയങ്ങളിൽ ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ശമ്പളം നൽകിവരികയും ചെയ്യുന്നുണ്ട്.

(ബി) നോട്ട് അസാധുവാക്കൽ, കമ്പനിയുടെ ഉത്തരേന്ത്യൻ വിപണികളിൽ ഡീസൽ വാഹനങ്ങളുടെ നിരോധനം, BS III മാനദണ്ഡത്തിന് പകരം BSIV മാനദണ്ഡത്തിനുള്ള വാഹനങ്ങൾക്കു മാത്രമേ ARAI-യുടെ അംഗീകാരം നൽകുകയുള്ളൂ എന്ന നിയമം, GST എന്ന പുതിയ ടാക്സ് ഘടനയുടെ നടപ്പാക്കൽ എന്നിവ കമ്പനിയുടെ പ്രതിസന്ധിക്ക് കാരണമായി. കമ്പനിയുടെ അത്യാവശ്യമുള്ള പ്രവർത്തന മൂലധനസഹായത്തിനായി 2016-17-ലെ ബജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി പ്രത്യേകം വകയിരുത്തിയിട്ടുള്ള 100 കോടി

രൂപയിൽനിന്നും 200 ലക്ഷം രൂപ നൽകിയിട്ടുണ്ട്. 2017-18-ൽ 2.90 ലക്ഷം രൂപ പ്രവർത്തന മൂലധനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. നിലവിൽ ഐ.എസ്.ആർ.ഒ.-ക്കുവേണ്ടി സി.എൻ.സി. മെഷീനുകൾ ഉപയോഗിച്ച് ചെയ്യുന്ന കരാർ ജോലികൾ വിപുലപ്പെടുത്താൻ വേണ്ട ആധുനിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും ജോലികൾ ചെയ്യുന്നതിന് പ്രത്യേക വിഭാഗം ആസൂത്രണം ചെയ്യുവാനും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള പരിശീലന പദ്ധതി (KAL Skill Development & Research Centre) കൂടുതൽ വിപുലീകരിക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

## ലൈഫ് സയൻസസ് പാർക്കിനുവേണ്ടി ഏറ്റെടുത്ത ഭൂമി

81(3705) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് സയൻസസ് പാർക്കിനുവേണ്ടി തോന്നയ്ക്കലിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത്; എന്നാണ് പ്രസ്തുത ഭൂമി ഏറ്റെടുത്തത്;

(ബി) പ്രസ്തുത ഭൂമി വിട്ടുനൽകിയ ഭൂഉടമകളിൽ ഇനിയും എത്ര പേർക്ക് ഭൂമിയുടെ വില നൽകുവാനുണ്ട്;

(സി) ഭൂമി വിട്ടുനൽകിയവർക്ക് അടിയന്തരമായി ഭൂമിയുടെ വില നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 28-2-2011 മുതൽ 9-6-2017 വരെ വിവിധ ഘട്ടങ്ങളിലായി 69.75 ഏക്കർ ഭൂമിയാണ് ഏറ്റെടുത്തത്.

(ബി&സി) ഭൂമി വിട്ടുനൽകിയവരിൽ ആർക്കും നഷ്ടപരിഹാരത്തുക നൽകാൻ ബാക്കിയില്ല. ഇനി ഏറ്റെടുക്കേണ്ട ഭൂമിയുടെ അവാർഡ് പാസ്സാക്കുന്നതിനും നഷ്ട പരിഹാരത്തുക നൽകുന്നതിനുമുള്ള നടപടി പുരോഗമിക്കുകയാണ്.

## കൊല്ലം ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ

82(3706) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ ഏതൊക്കെയാണ് വിശദമാക്കുമോ;

(ബി) പൂട്ടിക്കിടക്കുന്ന ഈ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുവാൻ എത്ര രൂപയുടെ സാമ്പത്തിക ബാധ്യത ഉണ്ടാകും എന്നറിയിക്കുമോ;

(സി) ആയതിൽ ഏതെല്ലാം സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലയിൽ ചുവടെ ചേർക്കുന്ന 38 വ്യവസായ സ്ഥാപനങ്ങളാണ് അടച്ചുപൂട്ടിയിട്ടുള്ളത്.

1. ഹാർഡി ടബ്ലേഴ്സ്, ഐ.ഇ, ഉമയനല്ലൂർ
2. മാവേലിൽ ഇൻഡസ്ട്രീസ്, മയ്യനാട്
3. യൂണിറ്റി ഓഫ് സെറ്റ് പ്രിന്റേഴ്സ്, ഡി.പി. കൊല്ലം
4. ശരവണ മീറ്റ് പ്രോഡക്ട്, ഡി.പി. കൊല്ലം
5. വി.റ്റി. ഇംപെക്സ്, ഡി.പി.കൊല്ലം
6. മോഹൻ ഹോളോബ്രിക്സ്, പാമ്പുറം
7. എസ്.വി. പാക്കേജേഴ്സ്, അയത്തിൽ
8. ശാന്ത ഇൻഡസ്ട്രീസ്, തേവള്ളി
9. PKS CFLS, III/219, വെട്ടിക്കവല
10. പി.വി.എസ്സ്. ഹോളോബ്രിക്സ്, സദാനന്ദപുരം
11. അനിന കാൻഡിൽസ്, പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര
12. ഹെലൻ പേപ്പർ ബാഗ്സ്, കൊട്ടാരക്കര
13. റീൽ നൈസ് ഫുഡ്, തൃക്കണ്ണമംഗൽ, കൊട്ടാരക്കര
14. മലബാർ ചിപ്സ്&ബേക്കറി, കൊട്ടാരക്കര
15. വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, പുത്തൂർ, കൊട്ടാരക്കര
16. കസ്തൂരി ഗാർമെന്റ്സ്, കൊട്ടാരക്കര
17. എം.സി.എസ്. പ്രൊഡക്ട്സ്, നീലേശ്വരം, നെടുവത്തൂർ, കൊട്ടാരക്കര
18. എ.വൺ ഗാർമെന്റ്സ്, മാർക്കറ്റ് ജംഗ്ഷൻ, കൊട്ടാരക്കര
19. മെ. ചിത്തിര ബ്രിക്സ്, പൂവറ്റൂർ ഈസ്റ്റ്
20. വിഘ്നേശ്വരാ ഇൻഡസ്ട്രീസ്, ഉമ്മന്നൂർ
21. രവി മംഗലത്ത് പ്രിന്റേഴ്സ്, കരുനാഗപ്പള്ളി
22. ഡയമണ്ട് ഫുഡ് പ്രോഡക്ട്സ്, കരുനാഗപ്പള്ളി

23. രാജമ്മ അലുമിനിയം ഇൻഡസ്ട്രീസ്, ചവറ
24. ആർ.എസ്സ്.ഡി. ഓയിൽ മിൽസ്, കുതിരപന്തി
25. പാറയിൽ ബ്രിക്സ്, കരുനാഗപ്പള്ളി
26. രുക്ക ഗാർമെന്റ്സ്, കെ.എസ്.പുരം
27. അഴകത്ത് ബ്രിക്സ്, ശൂരനാട് സൗത്ത്
28. ഗോകുലം വയർക്കട്ട് ബ്രിക്സ്, ശാസ്താംകോട്ട
29. ശംഭു ബ്രിക്സ്, പതാരം
30. സൃഷ്ടി ഫ്ലക്സ് പ്രിന്റിംഗ്, കരുനാഗപ്പള്ളി
31. അൽമനാ ഐസ് പ്ലാന്റ്, കുറ്റിവട്ടം
32. ട്രാവൻകൂർ പ്ലൈവുഡ് ഫാക്ടറി, പുനലൂർ
33. ശ്രുപം ഡൈസ്, എം.ഐ.ഇ, തലവൂർ
34. ജ്യോതിസ് ഇൻഡസ്ട്രി, പിറവന്തൂർ
35. സയന്റിഫിക് എക്യുപ്മെന്റ്സ്, പിറവന്തൂർ
36. പി.ജെ. പ്ലാസ്റ്റിക്സ്, പിരവന്തൂർ
37. കാസ് സിപ് അപ്പ്, പുനലൂർ
38. ആർ.എം. ബ്രിക്സ്, പിടവൂർ.

(ബി&സി) പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിക്കുന്നതിനും ഇതിനുവേണ്ടിവരുന്ന ബാധ്യത കണക്കാക്കുന്നതിനും ജില്ലാ വ്യവസായ കേന്ദ്രം നടപടികൾ സ്വീകരിച്ചുവരുന്നു.

## സിഡ്കോ ബോർഡ്ഓഫ് ഡയറക്ടേഴ്സിന്റെ അധികാരങ്ങൾ

83(3707) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ നാളിതുവരെ ലഭ്യമായ രേഖകൾ പ്രകാരം സിഡ്കോയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അധികാരങ്ങൾ എന്തെല്ലാമാണ്;

(ബി) എത്ര രൂപ വരെയുള്ള പദ്ധതികൾക്ക്/പ്രോജക്ടുകൾക്ക് ഉള്ള സാമ്പത്തിക അധികാരങ്ങൾ സിഡ്കോ ഡയറക്ടേഴ്സിന് നിർവഹിക്കാമെന്ന് വ്യക്തമാക്കുമോ;

(സി) സ്വന്തമായി പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനും ബോർഡ് ഓഫ് ഡയറക്ടേഴ്സിന് അധികാരം ഉണ്ടോ;

(ഡി) ഇക്കാര്യത്തിൽ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള വ്യത്യാസം എന്തെല്ലാമാണ്;

(ഇ) കിഫ്ബി മുഖേനയുള്ള ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ/പ്രവൃത്തികൾ സിഡ്കോ വഴി നടപ്പാക്കുന്നതിന് സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സിഡ്കോയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അധികാരങ്ങൾ സിഡ്കോ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ വ്യക്തമാക്കിയിരിക്കുന്ന ആർട്ടിക്കിൾ നമ്പർ 94 പ്രകാരമാകുന്നു. പ്രസ്തുത ആർട്ടിക്കിൾ 94-ന്റെ പകർപ്പ് അനുബന്ധം (1)* ആയി ചേർത്തിട്ടുണ്ട്.

(ബി) സിഡ്കോയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ മൂലധന ചെലവുകൾക്കുള്ള സാമ്പത്തിക അധികാരങ്ങൾ സിഡ്കോ ആർട്ടിക്കിൾസ് ഓഫ് അസോസിയേഷനിൽ പ്രതിപാദിച്ചിരിക്കുന്ന ആർട്ടിക്കിൾ നമ്പർ 93-ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ആർട്ടിക്കിൾ 93-ന്റെ പകർപ്പ് അനുബന്ധം (2)* ആയി ചേർത്തിട്ടുണ്ട്.

(സി) സ്വന്തമായി പദ്ധതികൾ ആവിഷ്കരിച്ച് അവ സർക്കാരിന്റെ അനുമതിയോടെ മാത്രം നടപ്പിലാക്കാൻ ബോർഡ് ഓഫ് ഡയറക്ടേഴ്സിന് അധികാരമുണ്ട്.

(ഡി) സർക്കാർ വകുപ്പുകൾക്ക് സ്വന്തമായി പദ്ധതികൾ ആവിഷ്കരിക്കാനും നടപ്പിലാക്കാനും അധികാരമുണ്ട്. എന്നാൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പദ്ധതികൾ ആവിഷ്കരിച്ച് സർക്കാർ അനുമതിയോടുകൂടി മാത്രമേ നടപ്പിലാക്കാൻ കഴിയൂ.

(ഇ) പരിശോധിക്കാവുന്നതാണ്.

**ഗെയിൽ വാതക പൈപ്പ് ലൈൻ**

84(3708) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സ്ഥലം ഏറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏറ്റെടുത്ത സ്ഥലങ്ങളിൽ ഭൂഉടമകൾക്ക് എന്തടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകിയിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇനിയും പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിന് ബാക്കിയുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്; ജില്ലതിരിച്ച് വിശദാംശം നൽകുമോ;

(ഡി) ജനങ്ങൾക്ക് ഇക്കാര്യത്തിലുള്ള ആശങ്ക പൂർണ്ണമായും ദൂരീകരിക്കുന്നതിനും, കഴിയുന്നതും ജനവാസ മേഖലകൾ ഒഴിവാക്കുന്നതിനും സ്ഥലമുടമകൾക്ക് അവരുടെ നഷ്ടത്തിന്റെ വ്യാപ്തി അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും അന്തിമഘട്ടത്തിലാണ്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിന്റെ പ്രാരംഭ സർവ്വേ നടപടികളും 6(1) ഗസറ്റ് വിജ്ഞാപനവും ഗെയിൽ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചനാമ (മഹസർ) തയ്യാറാക്കുന്ന നടപടികളും പൂർത്തീകരിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിനുവേണ്ടി കേരളത്തിൽ 4 ഐ.പി. സ്റ്റേഷനുകൾക്കും 21 എസ്.വി. സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടിയും അന്തിമഘട്ടത്തിലാണ്.

(ബി) ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. നഷ്ടപരിഹാരം രണ്ട് തരത്തിലാണ് നൽകുന്നത്.

1. വിളകളുടെ നഷ്ടപരിഹാരം
2. സ്ഥലത്തിന്റെ നഷ്ടപരിഹാരം

വിളകൾക്ക് competent authority നിശ്ചയിക്കുന്ന വിലയും ഭൂമിയുടെ ഉപയോഗാവകാശത്തിനായി സ്ഥലത്തിന് ന്യായവിലയുടെ 50% നഷ്ടപരിഹാരമായി നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്.

(സി) കേരളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ മുഴവൻ ഭൂമിയുടെയും ഉപയോഗാവകാശം കേന്ദ്രസർക്കാർ ഏറ്റെടുത്തുകഴിഞ്ഞു.

(ഡി) ജനവാസമേഖലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് യാതൊരു ആശങ്കക്കും അടിസ്ഥാനമില്ല. ജനസാന്ദ്രത ക്ലാസിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകൽപ്പന ചെയ്തിട്ടുള്ള പൈപ്പുകളാണ് ഉപയോഗിക്കുന്നത്. ജനവാസ മേഖലയെ പരമാവധി ഒഴിവാക്കിക്കൊണ്ട് നിലവിൽ സാധ്യമായതും ഏറ്റവും അനുയോജ്യമായതുമായ അലൈൻമെന്റാണ് നിലവിലുള്ളത്. വീടുകളേയും മറ്റ് കെട്ടിടങ്ങളേയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. ഈ പദ്ധതിക്കുവേണ്ടിയുള്ള പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഒരു വീടുപോലും പൊളിച്ചുമാറ്റേണ്ട ആവശ്യമില്ല. ഇതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പഞ്ചായത്തുകൾതോറും ശാസ്ത്രീയ കാരണം വിശദീകരിച്ചുകൊണ്ട് ബോധവൽക്കരണം നടത്തിക്കഴിഞ്ഞു. സംസ്ഥാനത്തിന് നേട്ടമുണ്ടാകുന്ന ഈ പദ്ധതിയുടെ ആവശ്യകതയും ജനങ്ങളോട് വിശദീകരിച്ചിട്ടുണ്ട്. സ്ഥലമുടമയ്ക്ക് നഷ്ടത്തിന്റെ വ്യാപ്തി അനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി competent authority-യെ നിയോഗിച്ചിട്ടുണ്ട്. അപ്രകാരം നിശ്ചയിക്കുന്ന നഷ്ടപരിഹാരത്തുക താമസംവിനാ വിതരണം ചെയ്യുമെന്ന് 'ഗെയിൽ' ലിമിറ്റഡ് അറിയിച്ചിട്ടുണ്ട്.

## വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി

85(3709) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ബോർഡ്/കമ്പനി/ കോർപ്പറേഷനുകളിൽ നാളിതുവരെ നിലവിലുള്ള എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ ഒഴിവുകൾ നിലവിലുണ്ടായിട്ടും റിപ്പോർട്ട് ചെയ്യാത്തതിന്റെ പേരിൽ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇതുവരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ബോർഡ്/കമ്പനി/കോർപ്പറേഷനിൽ നിയമനത്തിനായി നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ കാലാവധി അവസാനിക്കാറായ സാഹചര്യത്തിൽ എല്ലാ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്ത് പരമാവധി പേർക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈനിന് ഏറ്റെടുക്കുന്ന ഭൂമിയ്ക്ക് നഷ്ടപരിഹാരം

86(*T3710) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യ പ്രകൃതിവാതക പൈപ്പ് ലൈൻ സ്ഥാപിക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവർക്ക് നേരത്തെ നിശ്ചയിച്ചിരുന്നതിനേക്കാൾ 25 ശതമാനം അധികം നഷ്ടപരിഹാരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏറ്റെടുക്കുന്ന ഭൂമിക്ക് ഏത് വർഷത്തെ ന്യായവില അടിസ്ഥാനമാക്കിയാണ് നഷ്ടപരിഹാരം നൽകുന്നത്; നിലവിൽ നഷ്ടപരിഹാരം ലഭിച്ചവർക്ക് മുൻകാലപ്രാബല്യത്തോടെ നിരക്ക് പുതുക്കി നൽകുമോ;

(സി) ഏറ്റെടുക്കുന്ന സ്ഥലത്തുള്ള കാർഷിക വിളകൾക്ക് നഷ്ടപരിഹാരം ഏത് നിരക്കിലാണ് നൽകുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ പദ്ധതിക്കു വേണ്ടി ഭൂമിയുടെ ഉപയോഗാവകാശം മാത്രമാണ് ഏറ്റെടുക്കുന്നത്. 1962-ലെ P&MP Act അനുസരിച്ച് ഉപയോഗാവകാശം (RoU) മാർക്കറ്റ് വിലയുടെ 10% ആണ് നഷ്ടപരിഹാരമായി ഭൂവുടമയ്ക്ക് നൽകേണ്ടത്. എന്നാൽ ഇത് താരതമ്യേന തുച്ഛമായതിനാൽ ന്യായവിലയുടെ 50% നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ജി. ഒ. (എംഎസ്.)നമ്പർ 45/2017/ആർ.ഡി. തീയതി. 6-2-2017 പ്രകാരമാണ് നഷ്ട പരിഹാരം നൽകിവരുന്നത്.

(സി) P&MP Act & Rule 4 പ്രകാരം കോമ്പീറ്റന്റ് അതോറിറ്റി കാർഷികവിള ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽനിന്നും വിലവിവരപ്പട്ടിക സ്വീകരിച്ച് നിരക്ക് നിർണ്ണയിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന നഷ്ടപരിഹാരമാണ് കർഷകർക്ക് നൽകിവരുന്നത്.

## ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

87(3711) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും കൂടുതൽ പ്രോത്സാഹനങ്ങൾ നൽകുന്നതിലേക്കായി ഇനി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുമെന്നും അറിയിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

<u>ഉത്തരം</u>

സംസ്ഥാനത്തെ ചെറുകിട വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. <u>സംരംഭകത്വ സഹായ പദ്ധതി:</u>

- പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. വനിതാ സംരംഭങ്ങൾക്കും പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു.
- മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.
- ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.
- കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും.

2. <u>ഇ.ഡി. ക്ലബ്ബ്:</u>

വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുക, വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി യുവസംരംഭകത്വം വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു.

3. <u>ഇൻകുബേഷൻ സെന്ററുകൾ:</u>

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക്

അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിന് സഹായിക്കുകയാണ് ഇൻകുബേഷൻ സെന്ററുകളുടെ ലക്ഷ്യം. ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, ദേശീയ അന്തർദ്ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ, തുടങ്ങിയ പരിപാടകൾ സംഘടിപ്പിച്ചു വരുന്നു.

ഈ സാമ്പത്തിക വർഷം മുതൽ സംസ്ഥാന തലത്തിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങളുടെ പ്രദർശന-വിൽപ്പന മേള 'മാമാങ്കം' എന്ന പേരിൽ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ സാങ്കേതികവിദ്യ പ്രദാനം ചെയ്യുന്നതിനും ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും കലാലയങ്ങളെയും ഗവേഷണ സ്ഥാപനങ്ങളേയും സജ്ജമാക്കുന്നതിനായി Industry-Varsity Linkage പദ്ധതി നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ട്. കൂടാതെ വിടുകളോടനുബന്ധിച്ച് 5 എച്ച്.പി. വരെ വൈദ്യുതി ഉപയോഗിക്കുന്ന ചെറുസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'നാനോ ഗാർഹിക വ്യവസായ പദ്ധതി' നടപ്പിലാക്കുന്നതിനും വിഭാവനം ചെയ്യുന്നു.

### വ്യവസായ വികസനത്തിനുള്ള നടപടികൾ

88(3712) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പശ്ചാത്തല വികസനത്തിനും ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിനായും നടത്താനുദ്ദേശിക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം നൽകുമോ;

(ബി) സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനായുള്ള സംരംഭക സഹായക പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമെന്ന നിലയ്ക്ക് 6 ജില്ലകളിലെ 11 വ്യവസായ വികസന ഏരിയ/പ്ലോട്ടുകളിൽ ആഭ്യന്തര റോഡിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി ഫണ്ട് അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. വ്യവസായ ഭൂമിയുടെ ദൗർലഭ്യമുള്ളതിനാൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ഉൾക്കൊള്ളുന്നതിനായി 8 ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാൻ പദ്ധതിയായിക്കഴിഞ്ഞു. ഇതിൽ 4 എണ്ണത്തിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇവയിൽ എറണാകുളം ജില്ലയിലെ ഇടയാറിൽ ബഹുനില വ്യവസായ സമുച്ചയം നിർമ്മാണം പൂർത്തിയാക്കി സംരംഭകർക്ക് അനുവദിച്ച് നൽകിയിട്ടുമുണ്ട്. കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിൽ പുതുതായി ഏറ്റെടുത്ത 20.43 എക്കർ ഭൂമിയിൽ രണ്ടാംഘട്ട അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ വിസ്തൃതിയുള്ള വ്യവസായ വികസന ഏരിയായിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പാർക്കുകളിൽ ഭൂമി സംരംഭകർക്ക് അനുയോജ്യമായ രീതിയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കണ്ണൂർ, കോഴിക്കോട്, ചേർത്തല, പാലക്കാട് എന്നിവിടങ്ങളിലെ പാർക്കുകളിൽ സംരംഭക നിക്ഷേപത്തിന് അവസരമുണ്ട്. കണ്ണൂർ, കോഴിക്കോട്, പാലക്കാട് എന്നിവിടങ്ങളിലെ പാർക്കുകളിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടുംകൂടി ബഹുനില വ്യവസായസമുച്ചയങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ചേർത്തല, കോഴിക്കോട് എന്നിവിടങ്ങളിലെ വ്യവസായ പാർക്കുകളിൽ ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലുമാണ്.

വ്യവസായ പശ്ചാത്തല വികസനത്തിനും ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണത്തിലും കിൻഫ്ര നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ താഴെ പറയുന്നു.

കോഴിക്കോട് രാമനാട്ടുകരയിലെ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി 100000 ചതുരശ്രയടി വിസ്തീർണമുള്ള ഒരു ബഹുനില സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തൃശ്ശൂർ, പുഴയ്ക്കൽ അഡ്വാൻസ്ഡ് ടെക്നോളജി പാർക്കിന്റെ വികസനവുമായി ബന്ധപ്പെട്ട് 100000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കാൻ പദ്ധതിയുണ്ട്.

കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിനായി 70000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു ബഹുനില വ്യവസായ സമുച്ചയം നിർമ്മിക്കാൻ പദ്ധതിയുണ്ട്.

തിരുവനന്തപുരം കിൻഫ്ര ഫിലിം & വീഡിയോ പാർക്കിന്റെ രണ്ടാംഘട്ട വികസനവുമായി ബന്ധപ്പെട്ട 230000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. മലപ്പുറം, കാക്കഞ്ചേരിയിലെ കിൻഫ്ര പാർക്കിന്റെ രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായ 100000 ചതുരശ്രയടി വിസ്തീർണ്ണമുള്ള ഒരു ബഹുനില സമുച്ചയം നിർമ്മിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) 2017-18 ൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനായുള്ള സംരംഭക സഹായക പദ്ധതിയ്ക്കായി 51 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിൽ നാളിതുവരെ 11,01,75,000 രൂപ ചെലവഴിച്ചു. 247 യൂണിറ്റുകൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. വനിതാ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാ സംരംഭകത്വ മിഷൻ (വി മിഷൻ) എന്ന നൂതന പദ്ധതി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി നിർമ്മാണ മേഖലയിലേർപ്പെട്ടിരിക്കുന്ന സ്ത്രീ സംരംഭകരുടെ സംരംഭങ്ങളെ അടുത്ത ഘട്ടത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഒരു ഹ്രസ്വകാല വായ്പ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. നിലവിൽ 7.5% പലിശനിരക്കിൽ 25 ലക്ഷം രൂപ വരെ 5 മുതൽ 6 വർഷ തിരിച്ചടവ് കാലാവധിയിൽ വായ്പ അനുവദിക്കുന്നു. യുവ സംരംഭകരുടെ നൂതനവും വ്യത്യസ്തവുമായ ആശയങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടാണ് സംരംഭകത്വ സഹായ പദ്ധതി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്നത്. ഇതിനായി എറണാകുളം ജില്ലയിൽ കാക്കനാട്ട് ജിയോ ഇൻഫോ പാർക്കിലും, അങ്കമാലി ഇൻകെൽ ടവർ സ്റ്റാർട്ട് അപ്പ് സോണിലും കോഴിക്കോട് ജില്ലയിൽ യു.എൽ. സൈബർ പാർക്കിലും ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സെന്ററുകളിൽ പ്ലഗ്& പ്ലേ സൗകര്യം, ശീതീകരിച്ച വർക്ക് സ്റ്റേഷനുകൾ, ബിസിനസ് മീറ്റിങ്ങിനായി കോൺഫറൻസ് റൂം, ഡിസ്കഷൻ റൂം, വൈ ഫൈയോടുകൂടിയ ഹൈ സ്പീഡ് ഇന്റർനെറ്റ് കണക്ഷൻ, സർവൈലൻസ് സിസ്റ്റം, എൻട്രി അക്സസ് കൺട്രോൾ സിസ്റ്റം, തടസ്സമില്ലാത്ത വൈദ്യുതി വിതരണം, ഫുഡ് കോർട്ട് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പുതിയ സംരംഭങ്ങൾക്കായി 30 ലക്ഷം രൂപയുടെ സാമ്പത്തിക സഹായം നൽകുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ജില്ലാ വ്യവസായ കേന്ദ്രങ്ങളിലാണ് ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്. ഒരു സംരംഭകനെ എല്ലാ തരത്തിലുമുള്ള സേവനങ്ങളും നൽകി ശരിയായി കൈകാര്യം ചെയ്യപ്പെടുന്ന ബിസിനസുകൾ സൃഷ്ടിക്കുവാൻ സഹായിക്കുക എന്നതാണ് ബിസിനസ് ഇൻകുബേഷൻ സെന്റർ ചെയ്യുന്നത്. ഭരണപരമായ സേവനങ്ങൾ, ബിസിനസ് ഉപദേശങ്ങൾ (പരിശീലനം, കൗൺസിലിംഗ് തുടങ്ങിയവ) സാങ്കേതിക സേവനങ്ങൾ, സാമ്പത്തിക സഹായങ്ങൾ, നെറ്റ്‌വർക്കിങ് അവസരങ്ങൾ (സംരംഭകർ

തമ്മിലും വിശാലമായ ബിസിനസ് സമൂഹങ്ങൾ തമ്മിലും) തുടങ്ങിയവയാണ് ബിസിനസ് ഇൻകുബേഷൻ സെന്റർ നൽകുന്ന സേവനങ്ങൾ. ബിസിനസ് നടത്തിപ്പിന്റെ ഭാഗമായി ഉയർന്നുവരുന്ന പ്രത്യേക പ്രശ്നങ്ങളെ അതിജീവിക്കുന്നതിന് ബിസിനസ് ഇൻകബേഷൻ സെന്റർ സംരംഭകരെ സഹായിക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സാങ്കേതിക കലാലയങ്ങൾ എന്നീ ഏജൻസികളാണ് പ്രധാനമായും ബിസിനസ് ഇൻകുബേഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുന്നത്. എറണാകുളം ജില്ലിൽ കാക്കനാട്ട് ജിയോ ഇൻഫോ പാർക്കിലും, അങ്കമാലി ഇൻകെൽ ടവർ സ്റ്റാർട്ട് അപ്പ് സോണിലും കോഴിക്കോട് ജില്ലയിൽ യു.എൽ. സൈബർ പാർക്കിലും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ബിസിനസ് ഇൻകുബേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററുകൾ നടത്തിയ പ്രവർത്തനങ്ങൾ താഴെ സൂചിപ്പിക്കുന്നു:

ജൂലൈ 7-ാം തീയതി സ്റ്റാർട്ട് അപ്പ് കോഴിക്കോട് എന്ന പേരിൽ കോഴിക്കോട് ഗേറ്റ് വേ ഹോട്ടലിൽ വച്ച് ഒരു മാർഗ്ഗ നിർദ്ദേശ സെമിനാർ.

ആഗസ്റ്റ് 8-ാം തീയതി കോൺഫഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രിയുമായി സഹകരിച്ച് 'എന്റർപ്രണർഷിപ്പ് കോൺക്ലേവ്' എന്ന പരിപാടി. യുവസംരംഭകർക്ക് കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകൾ.

യുവ സംരംഭകർക്ക് ബൗദ്ധിക സ്വത്തവകാശങ്ങളെക്കുറിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി കൊച്ചിൻ സർവ്വകലാശാലയുമായി ധാരണപത്രത്തിൽ 2017 ജനുവരി 10-ന് ഒപ്പുവച്ചു.

## സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

89(3713) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അധികാരത്തിൽ വന്നശേഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാരിൻെറ കാലത്ത് പുതുതായി എത്ര സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സംരംഭകരുടെ ഉല്പന്നങ്ങൾക്ക് ദേശീയ-അന്തർദ്ദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ നല്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സൂക്ഷമ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. <u>സംരംഭകത്വ സഹായ പദ്ധതി:</u>

   പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

2. <u>ഇ.ഡി. ക്ലബ്ബ്:</u>

   യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു. ഓരോ ജില്ലയിലും മികച്ചനിലയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ്&സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി

കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മുഖേനയാണ് ഇ.ഡി. ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ഇ.ഡി. ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

വ്യക്തിത്വ വികസനം.

വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കൽ

സ്വയം തൊഴിലിന്റെ മഹത്വം പകർന്ന് നൽകൽ.

നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തൽ.

വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകർപ്പന ചെയ്യൽ.

അധ്വാനത്തിന്റെ മഹത്വം വിളംബരം ചെയ്യൽ.

വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കൽ.

3. ഇൻകുബേഷൻ സെന്ററുകൾ:

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

4. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം:

ഒരേ തരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ MSE-CDP പദ്ധതി പ്രകാരം കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

5. മറ്റ് പദ്ധതികൾ:

ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ് സംസ്ഥാന തലത്തിൽ മെഷീനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള

വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്.

കെ.ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ, ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) 1929.02 കോടി രൂപ മൂലധന നിക്ഷേപമുള്ളതും 75503 പേർക്ക് ജോലി പ്രദാനം ചെയ്യുന്നതുമായ 18786 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾ ദേശീയ-അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. <u>ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ:</u>

   കേരളത്തിന്റെ ഉൽപ്പന്നങ്ങൾ അന്തർദേശീയ തലത്തിൽ പരിചയപ്പെടുത്തുന്നതിനായി 2017 വർഷത്തിൽ എറണാകുളത്ത് ബോൾഗാട്ടി പാലസിൽ 'വ്യാപർ 2017' നടത്തുകയുണ്ടായി.

2. <u>അഗ്രോ ഫുഡ് പ്രോ:</u>

   കേരളത്തിന്റെ കാർഷിക ഉൽപ്പന്നങ്ങളിൽനിന്നും നിർമ്മിക്കുന്ന മൂല്യവർദ്ധിത ഉൽന്നങ്ങളുടെ പ്രദർശ വിൽപ്പനമേള 'അഗ്രോ ഫുഡ് പ്രോ' എന്ന പേരിൽ നടത്തുന്നു.

3. <u>ഐ.ഐ.റ്റി.എഫ്:</u>

   ഡൽഹിയിൽവച്ച് എല്ലാ വർഷവും നവംബർ മാസത്തിൽ നടത്തുന്ന ഐ.ഐ.റ്റി.എഫ്.-ൽ കേരളത്തിൽനിന്നും വ്യവസായ സംരംഭങ്ങളെ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

4. <u>നാഷണൽ ആന്റ് ഇന്റർനാഷണൽ ഇവന്റ്സ്:</u>

   ദേശീയ തലത്തിലും അന്താരാഷ്ട്ര തലത്തിലും നടക്കുന്ന വിവിധ എക്സിബിഷനുകളിൽ കേരളത്തിൽ നിന്നുള്ള സൂക്ഷമ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പങ്കെടുപ്പിക്കുന്നതിനുള്ള പദ്ധതികൾ കെ.ബിപ്പ് വഴി നടപ്പിലാക്കുന്നു.

5. എം.എസ്.എം.ഇ. എക്സിബിഷൻ:

എല്ലാ ജില്ലകളിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ ഉൽപ്പന്നങ്ങളുടെ പ്രദർശന വിൽപ്പന മേള നടത്തുന്നു.

6. മലബാർ ക്രാഫ്റ്റ് മേള:

കെ-ബിപ്പിന്റെ ആഭിമുഖ്യത്തിൽ കേരളത്തിന്റെ കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശന വിൽപ്പനമേള 'മലബാർ ക്രാഫ്റ്റ് മേള' എന്ന പേരിൽ നടത്തുന്നു.

7. മാമാങ്കം:

ഗവർണറുടെ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച പ്രകാരം ഈ വർഷം മുതൽ സംസ്ഥാനാടിസ്ഥാനത്തിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി മാമാങ്കം എന്ന പേരിൽ സംസ്ഥാനാടിസ്ഥാനത്തിൽ പ്രദർശന വിൽപ്പന മേള നടത്തുന്നു.

**പൊതുമേഖല ശാക്തീകരണ നടപടികൾ**

90(3714) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലയെ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് കൊക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് ഇതിനായി ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും ഉല്പാദന വൈവിദ്ധ്യവല്ക്കരണത്തിനും എന്തെല്ലാം നടപടികളാണ് കൊക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) മുഖേന നടത്തിയിട്ടുണ്ട്.

ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണനസാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾക്ക് പ്രാമുഖ്യം നൽകി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനായി മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ പദ്ധതി വിഹിതം അനുവദിച്ച് നൽകിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻ സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരികയും ചെയ്യുന്നു.

കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രത്യേക നവീകരണ വിപുലീകരണ പദ്ധതികൾ കമ്പനികൾ ആവിഷകരിച്ച് വരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണന വിപുലീകരണത്തിന്റെ ഭാഗമായി സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര സഹകരണം മെച്ചപ്പെടുത്തി വിറ്റുവരവ് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു.

(സി) ഓരോ സ്ഥാപനങ്ങളുടെയും അവസ്ഥ വിശകലനം ചെയ്യും. നിലവിലുള്ള ഉൽപ്പന്നങ്ങളുടെ വിപണിയിലെ ആവശ്യകത കണക്കിലെടുത്തുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഉൽപ്പാദന സൗകര്യങ്ങൾ വിപുലപ്പെടുത്തുവാനുള്ള

വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. കൂടാതെ സ്ഥാപനങ്ങളിൽ നിലവിലെ ഉൽപ്പാദനശേഷി പൂർണ്ണതോതിൽ കൈവരിക്കുന്നതിനും ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നവീകരണ ആധുനികവത്കരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടുതൽ വിപണനസാധ്യതയുള്ള പുതിയ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള വൈവിധ്യവത്കരണ പദ്ധതികളും സ്ഥാപനങ്ങൾ ആവിഷ്കരിച്ചു വരുന്നു.

മേൽപ്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചു വരികയും ചെയ്യുന്നു. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി പ്രത്യേക നവീകരണ വിപുലീകരണ പദ്ധതികൾ കമ്പനികൾ ആവിഷ്കരിച്ചുവരികയാണ്.

**കോങ്ങാട് കിൻഫ്ര പാർക്ക്**

91(3715) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഒരു കിൻഫ്ര പാർക്ക് ആരംഭിയ്ക്കുന്നതിന് നടപടി സ്വീകരിയ്ക്കുമോ;

(ബി) ഇക്കാര്യത്തിൽ വ്യവസായ വകുപ്പിലെ ബന്ധപ്പെട്ട ഫയലിന്റെ പുരോഗതി വിവരം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) കോങ്ങാട് ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട സാധ്യതകൾ കിൻഫ്ര പരിശോധിച്ചുവരുന്നു.

**കാംകോയിലെ ഒഴിവുകൾ**

92(3716) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാംകോയിൽ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുവെന്ന് വിശദമാക്കുമോ; ഒഴിവുകൾ നിലവിൽവന്ന തീയതി വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രസ്തുത സ്ഥാപനത്തിൽ ഏതെല്ലാം തസ്തികകളിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് പട്ടികതിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) ഇവിടെ താൽക്കാലിക അടിസ്ഥാനത്തിലും കരാർ അടിസ്ഥാനത്തിലും എതൊക്കെ തസ്തികകളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് പട്ടികതിരിച്ച് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ ആശ്രിത നിയമന വ്യവസ്ഥയിൽ 2014 ഏപ്രിൽ ഒന്ന് മുതൽ നിയമനം നേടിയവരുടെ കണക്ക് തസ്തിക തിരിച്ച് ലഭ്യമാക്കുമോ; എത്ര ശതമാനം ഒഴിവുകളാണ് ഇത്തരത്തിൽ നികത്തപ്പെടുന്നതിന് വ്യവസ്ഥയുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇവിടെ 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും വിരമിച്ച അഥവാ പിരിഞ്ഞുപോയ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സ്ഥാപനത്തിൽ 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാംകോയിൽ നിലവിൽ ഒഴിവുള്ള തസ്തികകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവുവന്ന തീയതി |
|---|---|---|
| 1 | ഡ്രൈവർ-3 | 14-3-2016 |
| 2 | അക്കൗണ്ടന്റ്-2 | 14-3-2016 |
| 3 | വർക്ക് അസിസ്റ്റന്റ്-60 | 30-6-2014, 25-7-2016, 2-12-2016 |

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാംകോയിൽ നടത്തിയ നിയമനങ്ങളുടെ വിവരങ്ങൾ താഴെപ്പറയുന്നു:

| ക്രമ നമ്പർ | തസ്തിക | നിയമനം നടത്തിയ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | സൂപ്രണ്ട് (എച്ച്.ആർ) | 1 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 12 |
| 3 | അസിസ്റ്റന്റ് | 3 |
| 4 | ടെക്നിക്കൽ അസിസ്റ്റന്റ് | 3 |
| 5 | ഓവർസിയർ സിവിൽ | 1 |

| (1) | (2) | (3) |
|---|---|---|
| 6 | ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) | 3 |
| 7 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 1 |
| 8 | മെക്കാനിക് | 89 |
| 9 | പെയിന്റർ | 15 |
| 10 | ഇലക്ട്രീഷ്യൻ | 4 |
| 11 | വർക്ക് അസിസ്റ്റന്റ് | 13 |

(സി) കാംകോയിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് താഴെ നൽകുന്നു:

| ക്രമ നമ്പർ | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അക്കൗണ്ടന്റ് | 3 |
| 2 | ടൈപ്പിസ്റ്റ് ക്ലർക്ക് | 3 |
| 3 | ഡ്രൈവർ | 3 |
| 4 | ഡ്രാഫ്റ്റ്സ്മാൻ (സിവിൽ) | 1 |
| 5 | മെക്കാനിക് | 48 |
| 6 | ഓപ്പറേറ്റർ (എം.എച്ച്.ഇ) | 1 |
| 7 | ഇലക്ട്രീഷ്യൻ | 2 |
| 8 | വർക്ക് അസിസ്റ്റന്റ് | 69 |
| 9 | ജനറൽ വർക്കർ | 9 |

(ഡി) ആശ്രിത നിയമന വ്യവസ്ഥയിൽ 2014 ഏപ്രിൽ ഒന്ന് മുതൽ നിയമനം നേടിയവർ അസിസ്റ്റന്റ് -1, മെക്കാനിക്-1 ആണ്.

(ഇ) കാംകോയിൽ 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ വിവിധ തസ്തികകളിൽനിന്നും വിരമിച്ച/പിരിഞ്ഞുപോയ ജീവനക്കാരുടെ എണ്ണം താഴെ നൽകുന്നു:

| ക്രമ നമ്പർ | തസ്തിക | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഡെപ്യൂട്ടി മാനേജർ | 1 |
| 2 | അസിസ്റ്റന്റ് മാനേജർ | 10 |
| 3 | അസിസ്റ്റന്റ് എഞ്ചിനീയർ | 8 |
| 4 | സൂപ്രണ്ട് | 5 |
| 5 | ചീഫ് മെക്കാനിക് | 13 |
| 6 | ചാർജ് ഹാൻഡ് | 5 |
| 7 | മെക്കാനിക് | 3 |
| 8 | ഓപ്പറേറ്റർ | 4 |
| 9 | ടെക്നിക്കൽ അസിസ്റ്റന്റ് | 1 |
| 10 | ഡ്രൈവർ | 1 |
| 11 | പ്യൂൺ | 2 |
| 12 | വർക്ക് അസിസ്റ്റന്റ് | 14 |
| 13 | സ്വീപ്പർ- കം- ക്ലീനർ | 1 |
| 14 | ജനറൽ വർക്കർ | 3 |

(എഫ്) കാംകോയിൽ 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ പി.എസ്.സി. മുഖേന നിയമനം ലഭിച്ചവരുടെ എണ്ണം തസ്തിക തിരിച്ച് താഴെ നൽകുന്നു:

| ക്രമ നമ്പർ | തസ്തിക | നിയമനം നടത്തിയ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | സൂപ്രണ്ട് (എച്ച്.ആർ) | 1 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | 12 |
| 3 | അസിസ്റ്റന്റ് | 12 |
| 4 | അക്കൗണ്ടന്റ് | 1 |

| (1) | (2) | (3) |
|---|---|---|
| 5 | ടെക്നിക്കൽ അസിസ്റ്റന്റ് | 16 |
| 6 | ഓവർസിയർ സിവിൽ | 1 |
| 7 | ഡ്രാഫ്റ്റ്സ്മാൻ (മെക്കാനിക്കൽ) | 4 |
| 8 | ഡ്രാഫ്റ്റ്സ്മാൻ(സിവിൽ) | 1 |
| 9 | മെക്കാനിക് | 71 |
| 10 | പെയിന്റർ | 15 |
| 11 | ഇലക്ട്രീഷ്യൻ | 4 |
| 12 | സെക്യൂറിറ്റി അസിസ്റ്റന്റ് | 16 |
| 13 | പ്യൂൺ | 5 |

## കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

93(3717) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ മുൻസർക്കാർ കാലയളവിൽ എത്ര ജീവനക്കാരെ നിയമിച്ചു; അതിൽ പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ, നേരിട്ടുള്ള നിയമനം,എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തിയ നിയമനങ്ങൾ, ദിവസവേതന നിയമനങ്ങൾ എന്നിവ എത്ര വീതമെന്ന വിശദാംശം ലഭ്യമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ നേരിട്ടുള്ള നിയമനത്തിന് കഴിഞ്ഞ സർക്കാർ പൊതുവെ അവലംബിച്ചിരുന്ന മാനദണ്ഡങ്ങൾ/നിയമനടപടികൾ എന്തെല്ലാം; ദിവസവേതനക്കാരെ എന്ത് മാനദണ്ഡപ്രകാരമാണ് നിയമിച്ചത്; വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാർ നേരിട്ടുള്ള നിയമനം നടത്തിയത് ഏതെല്ലാം തസ്തികകളിലാണ് എന്നും ഇവരിൽ എത്രപേരെ പ്രസ്തുത കാലയളവിൽ സ്ഥിരപ്പെടുത്തി എന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ നാളിതുവരെ വിവിധ ഇനങ്ങളിലായി എത്ര പേർക്ക് നിയമനം നൽകി ; ഇനംതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്

94(3718) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ്- പാലക്കാടിനെ സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികളെക്കുറിച്ചുള്ള വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

കേന്ദ്രം സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ച ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ തീരുമാനിക്കുകയും അതിനുള്ള തുടർനടപടിയായി കേന്ദ്രസർക്കാരിന്റെ പ്രതിനിധികളുമായി സംസ്ഥാന ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള ഉന്നതതല സമിതി ചർച്ചകൾ നടത്തുകയുമുണ്ടായി. അതിന്റെ തുടർനടപടിയായി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാടിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## ലാഭത്തിലായ വ്യവസായ സ്ഥാപനങ്ങൾ

95(3719) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലായിയെന്ന് വ്യക്തമാക്കുമോ;

(ബി) അവ ഏതെല്ലാം സ്ഥാപനങ്ങളാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2015-16 വർഷത്തിൽ നഷ്ടത്തിൽ ആയിരുന്നതും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-17 കാലയളവിലെ ആഡിറ്റിന് മുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം 5 വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ട്.

(ബി) 1. ട്രാവൻകൂർ റ്റൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്

2. ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്

3. സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിങ്സ് ലിമിറ്റഡ്

4. ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്

5. ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്.

**കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

96(3720) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെ; വിശദമാക്കാമോ?

ഉത്തരം

വ്യവസായ വകുപ്പിനുകീഴിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

**കഞ്ചിക്കോട് കോച്ച് ഫാക്ടറി**

97(T 3721) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് കഞ്ചിക്കോട്ട് ആരംഭിക്കുമെന്ന് 2008-ലെ കേന്ദ്ര റെയിൽ ബജറ്റിൽ പ്രഖ്യാപിച്ച കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പദ്ധതിയുടെ രൂപരേഖയിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് പൊതുമേഖലാ സ്ഥാപനത്തിന്റെ സഹായത്തോടെയാണ് പദ്ധതി പ്രാവർത്തികമാക്കുന്നത്;

(സി) ഹരിയാനയിലെ സോനിപത്തിൽ സ്ഥാപിക്കുന്ന കോച്ച് ഫാക്ടറി കഞ്ചിക്കോട്ട് പ്രഖ്യാപിച്ച കോച്ച് ഫാക്ടറിക്ക് ഭീഷണിയാകുമെന്ന് കരുതുന്നുണ്ടോ;

(ഡി) പ്രധാനമന്ത്രിക്ക് 17-5-2017-ൽ നൽകിയ മെമ്മോറാണ്ടത്തിൽ കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) പാലക്കാട് റെയിൽ കോച്ച് ഫാക്ടറിയുടെ പദ്ധതി റെയിൽവേ 2008-09-ലെ ബജറ്റിൽ പ്രഖ്യാപിച്ചതാണ്. ഏകദേശം 1215 കോടി രൂപ ചെലവിൽ പാലക്കാട് ജില്ലയിൽ 430.59 ഏക്കർ സ്ഥലത്ത് പദ്ധതി തുടങ്ങാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേക്ക് കൈമാറാൻ 28-1-2012-ലെ ജി.ഒ.(എം എസ്.) നമ്പർ 35/2012/റവ. നമ്പർ പ്രകാരം ഉത്തരവായിരുന്നു. ഇതുകൂടാതെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ആദ്യഘട്ടത്തിൽ 94.85 ഏക്കർ കൂടി പദ്ധതിക്ക് ആവശ്യമാണെന്ന് റെയിൽവേ അറിയിച്ചിരുന്നു. പ്രസ്തുത 94.85 ഏക്കർ ഭൂമിയിൽ 92.75 ഏക്കർ വനഭൂമിയും 1.47 ഏക്കർ സ്വകാര്യ ഭൂമിയും 0.63 ഏക്കർ പഞ്ചായത്തുവക ഭൂമിയും ആയിരുന്നു. പ്രസ്തുത ഭൂമികൂടി കൈമാറാനുള്ള നടപടികൾ സ്വീകരിച്ചുവരുമ്പോൾ 230.10 ഏക്കർ ഭൂമി മാത്രമേ Phase I-ൽ ആവശ്യമുള്ളൂവെന്ന് റെയിൽവേ ബോർഡ് തീരുമാനിച്ചതായി പിന്നീട് സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിച്ചു. ആയതിൻ പ്രകാരം തുടർന്നുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർത്തിവയ്ക്കുകയുണ്ടായി. പിന്നീട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടന്ന മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ റെയിൽവേ അധികാരികൾ താഴെപ്പറയുന്ന വിവരങ്ങൾ അറിയിക്കുകയുണ്ടായി.

പുതുക്കിയ ബിസിനസ് പ്ലാൻ പ്രകാരം വർഷം 400 കോച്ചുകൾ എന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ 4000-ത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നത്. എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ (സെയിൽ) അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് താൽപ്പര്യം പ്രകടിപ്പിച്ചില്ലെന്നും തുടക്കത്തിലെ പ്രൊപ്പോസലിൽ ഉണ്ടായിരുന്നതും റെയിൽവേ ബോർഡ് പരിഗണിക്കാതിരുന്നതുമായ സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രൊപ്പോസലിനാണ് സെയിൽ താൽപ്പര്യപ്പെടുന്നതെന്നും അറിയിച്ചിരുന്നു. നാഷണൽ അലുമിനിയം കമ്പനി (NALCO) യോട് ചേർന്ന് 23% ഓഹരി പങ്കാളിത്ത പദ്ധതിക്കുവേണ്ടിയുള്ള സാധ്യതകൾ പരിശോധിച്ചുവരികയാണെന്നും പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തവും ഉണ്ടാകണമെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. PPP മോഡൽ വഴിയായി 26% ഓഹരി പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് ക്യാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്ന് റെയിൽവേ അധികാരികൾ അറിയിച്ചു. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അലുമിനിയം കോച്ചുകൾ തന്നെ നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് കൊണ്ടിരിക്കുകയാണെന്നും റെയിൽവേ അധികാരികൾ അറിയിച്ചിട്ടുണ്ട്.

പാലക്കാട് കോച്ച് ഫാക്ടറിയോടൊപ്പം പ്രഖ്യാപിച്ച മറ്റ് ഫാക്ടറികൾ പ്രവർത്തിച്ച് തുടങ്ങിയ സാഹചര്യത്തിലും ഹരിയാനയിലെ 161.48 ഏക്കർ സ്ഥലത്തേക്ക് പ്രസ്തുത ഫാക്ടറി മാറ്റാൻ പോകുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നും കഞ്ചിക്കോടിലെ റെയിൽവേയ്ക്ക് കൈമാറിയ സ്ഥലത്തെപ്പറ്റിയുള്ള അവ്യക്തതകൾ നീക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്ത് അയയ്ക്കുകയുണ്ടായി. കൂടാതെ എം.പി.-മാർ വഴിയും ഉദ്യോഗസ്ഥ തലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തുവരുന്നു. കേന്ദ്ര ബജറ്റിന് മുന്നോടിയായി കേരളത്തിന്റെ റെയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്രത്തിൽ സമർപ്പിച്ച മെമ്മോറാണ്ടത്തിൽ പാലക്കാട് കോച്ച് ഫാക്ടറിയുടെ കാര്യം ഉൾപ്പെടുത്തിയിരുന്നു.

## സിഡ്കോയിൽ സ്റ്റാഫ് പാറ്റേൺ

98(3722) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കേരള സിഡ്കോയിൽ 2015-ൽ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ അംഗീകരിച്ച് മാനേജ്മെന്റ് സർക്കാരിലേക്ക് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരം ഇപ്പോൾ ഏതെല്ലാം തസ്തികയിൽ എത്ര ഒഴിവുകൾവീതം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഒഴിവുള്ള തസ്തികകളിലെ നിയമനം എപ്രകാരം നടത്താനാണ് സിഡ്കോ തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (1)* ആയി ചേർക്കുന്നു.

(ബി) പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധം (2)* ആയി ചേർക്കുന്നു.

(സി) പ്രസ്തുത സ്റ്റാഫ് പാറ്റേൺ പ്രകാരം വിവിധ തസ്തികകളിൽ നിലവിലുള്ള ഒഴിവുകളുടെ എണ്ണം അനുബന്ധം (3)* ആയി ചേർക്കുന്നു. പ്രസ്തുത സ്റ്റാഫ് പാറ്റേണിൽ പല തസ്തികകളിലും അപാകതകൾ കണ്ടെത്തിയതിനെത്തുടർന്ന് ആയത് പരിഹരിക്കുന്നതിനായി സിഡ്കോ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

(ഡി) സിഡ്കോയുടെ സ്റ്റാഫ് റെഗുലേഷൻ പ്രകാരം 19,240 രൂപ വരെ അടിസ്ഥാന ശമ്പളമുള്ള തസ്തികകൾ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയും അതിന് മുകളിലുള്ളവ നേരിട്ടുള്ള നിയമനം വഴിയുമാണ് നടത്താറുള്ളത്.

## ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക്

99(3723) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആമ്പല്ലൂർ ഇലക്ട്രോണിക് ഹാർഡ്വെയർ പാർക്ക് നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; ഇനി പൂർത്തീകരിക്കേണ്ടതായിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര ഏക്കർ സ്ഥലമാണ് ഇതിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന് സ്ഥലം വാങ്ങുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഈ തുക എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ പദ്ധതിക്കുവേണ്ടി 100 ഏക്കർ സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയിൽ ഏറ്റെടുക്കുവാൻ ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട് നെഗോഷ്യേറ്റഡ് പർച്ചേസ് വ്യവസ്ഥയൽ ഭൂമി ഏറ്റെടുക്കുവാൻ ജില്ലാ കളക്ടർ ഡി.എൽ.പി.സി. യോഗങ്ങൾ നടത്തുകയും ഭൂമിയുടെ നഷ്ടപരിഹാര വില നിശ്ചയിക്കുകയും ചെയ്തു. അന്തിമ വിലയുടെ അടിസ്ഥാനത്തിൽ 15 ഭൂവുടമകളിൽനിന്നും 15.25 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കരാറുണ്ടാക്കുകയും, ഭൂമി വിലയുടെ 50% തുകയായ 8.26 കോടി രൂപ ഭൂവുടമകൾക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഡി.എൽ.പി.സി. മുന്നോട്ടുവച്ച ഭൂമി നിരക്കിനെ എസ്.എൽ.ഇ.സി. അംഗീകരിച്ചു. ഇവ കൂടാതെ മൂന്ന് വിഭാഗങ്ങളിലുള്ള ഭൂമിയുടെ നിരക്കുകൾ ഡി.എൽ.പിസി. അന്തിമമായി തീരുമാനിക്കുകയും, എസ്.എൽ.ഇ.സി.-യിൽ നിന്നും അംഗീകാരം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(ബി) 117 ഏക്കർ സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

(സി) ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കിന്റെ ഭൂമി ഏറ്റെടുക്കുന്നത് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് നാളിതുവരെ 106 കോടി രൂപ സർക്കാർ കെ.എസ്.ഐ.ഡി.സി.-ക്ക് നൽകിയിട്ടുണ്ട്.

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

100(3724) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെകാലത്ത് സംസ്ഥാനത്തെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2015-16 സാമ്പത്തിക വർഷത്തിൽ) സംസ്ഥാനത്തെ 30 പൊതുമേഖലാ സ്ഥാപനങ്ങളാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നത്. അവയുടെ വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

101(3725) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിച്ച് വരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; അവയുടെ സഞ്ചിതനഷ്ടം എത്ര രൂപയാണ്;

(ബി) നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ അടിസ്ഥാനത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2016-17 കാലയളവിലെ ആഡിറ്റിനുമുമ്പുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം വ്യവസായ വകുപ്പിനുകീഴിലുള്ള 27 പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളുടെ സഞ്ചിതനഷ്ടത്തിന്റെ വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) ടെക്സ്റ്റൈൽ മേഖലയിലും സഹകരണ മേഖലയിലുമുള്ള പ്രവർത്തനം നിലച്ചുകിടന്ന സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന് 15 കോടി രൂപയുടെ അധിക ധനസഹായം നൽകി. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇന്റേണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കിയതിലൂടെ 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 25 സ്ഥാപനങ്ങളും 2015-16 വരെയുള്ള സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷാവസാനം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു. 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന TTP, TCC, TELK, TRACO, SIFL എന്നീ സ്ഥാപനങ്ങൾ 2016-17-ൽ ലാഭകരമാക്കുവാൻ സാധിച്ചു. 2015-16 സാമ്പത്തിക വർഷത്തെ മൊത്തം നഷ്ടമായ 131.87 കോടി രൂപയിൽനിന്നും 2016-17-ൽ മൊത്തം നഷ്ടം 80.67 കോടി രൂപയായി കുറയ്ക്കുവാനും സാധിച്ചു.

## കെൽട്രോണിലെ പി.എസ്.സി. വഴിയുള്ള നിയമനം

102(3726) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ അംഗീകൃത സ്ഥാപനമായ കെൽട്രോണിൽ പി.എസ്.സി. വഴിയുള്ള നിയമനത്തിനായി അംഗീകരിച്ച ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ/അസിസ്റ്റന്റ് ഗ്രേഡ് 2/ക്ലാർക് ഗ്രേഡ് 1/ടൈം കീപ്പർ ഗ്രേഡ് 2/സീനിയർ അസിസ്റ്റന്റ്/ അസിസ്റ്റന്റ് /ജൂനിയർ ക്ലാർക്ക് തസ്തികകൾ എത്രയാണ് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ ഈ തസ്തികകളിൽ എത്രപേർ സ്ഥിര നിയമനത്തിൽ ജോലി ചെയ്തുവരുന്നു;

(സി) നിലവിൽ അംഗീകരിച്ച സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ അംഗീകൃത സ്ഥാപനമായ കെൽട്രോണിൽ പി.എസ്.സി. വഴിയുള്ള നിയമനത്തിനായി അംഗീകരിച്ചിരിക്കുന്നത് അസിസ്റ്റന്റ് ഗ്രേഡ് I തസ്തികയാണ്. നിലവിൽ ഇത് 87 എണ്ണമുണ്ട്.

(ബി) 24 പേർ.

(സി) 87 എണ്ണം.

## കെൽട്രോൺ വേതന പരിഷ്കരണം

103(3727) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-7-2017-ന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ബോർഡ്, കെൽട്രോൺ വേജ് റിവിഷൻ സംബന്ധിച്ച് മീറ്റിംഗ് കൂടിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) 1-4-2012 മുതൽ നിലവിൽ വരേണ്ടിയിരുന്ന പരിഷ്കരണം കഴിഞ്ഞ സർക്കാർ അംഗീകാരം നൽകിയിരുന്നോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; വേജ് റിവിഷനുള്ള 5 വർഷ കാലാവധി പൂർത്തിയായ സാഹചര്യത്തിൽ ഇടക്കാലാശ്വാസം 2,100 രൂപയിൽ നിന്ന് വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കെൽട്രോൺ സ്ഥാപനങ്ങളിൽ രണ്ട്തരം ഡി.എ. സമ്പ്രദായം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് വിശദീകരിക്കുമോ; ഡി.എ. ഏകീകരിക്കുന്നതിനും, വേജ് റിവിഷൻ നടപ്പിലാക്കുന്നതിനും എന്തെങ്കിലും തടസങ്ങളുണ്ടോ; വിശദമാക്കുമോ;

(ഇ) വേജ് റിവിഷനും, ഡി.എ. ഏകീകരണവും അടിയന്തിരമായ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) അംഗീകാരം നൽകിയിരുന്നില്ല. കഴിഞ്ഞ സർക്കാരിന്റെകാലത്ത് ഔട്ട് ഓഫ് അജണ്ടയിൽവച്ച് ശമ്പള പരിഷ്കരണം അംഗീകരിക്കുകയും കരട് ഉത്തരവ് ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്ക് നൽകുകയും ടി വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കുവാൻ മാനേജിംഗ് ഡയറക്ടർ, കെൽട്രോണിനോട് ആവശ്യപ്പെടുകയും ചെയ്തു.

(സി) മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ സമർപ്പിച്ച പുതുക്കിയ ശമ്പള പരിഷ്കരണ നിർദ്ദേശം ധനകാര്യ വകുപ്പിന്റെ സൂക്ഷ്മപരിശോധനയ്ക്കുശേഷം ലഭ്യമാക്കിയ അഭിപ്രായം ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന് കൈമാറുകയും 8-8-2017-ന് ചേർന്ന പബ്ലിക് എന്റർപ്രൈസസ് ബോർഡ് യോഗം പ്രസ്തുത വിഷയം പരിഗണിക്കുകയും തുടർനടപടികൾ നടന്നുകൊണ്ടിരിക്കുകയുമാണ്. ഇടക്കാലാശ്വാസം 2,100 രൂപയിൽ നിന്ന് വർദ്ധിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലില്ല.

(ഡി) ഉണ്ട്. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ 15-7-1995-ലെ G.O. (Ms).12/95/Plg. ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് രണ്ടുതരം ഡി.എ. നൽകുന്നത്. വേജ് റിവിഷൻ നടപടികൾ അവസാനഘട്ടത്തിലാണ്.

(ഇ) വേജ് റിവിഷൻ നടപടികൾ അവസാനഘട്ടത്തിലാണ്.

## ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിലെ ഒഴിവുകൾ

104(3728) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നിലവിലുണ്ടെന്ന് വിശദമാക്കുമോ; പ്രസ്തുത ഒഴിവുകൾ നിലവിൽവന്ന തീയതി വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഏതെല്ലാം തസ്തികകളിൽ എത്ര നിയമനം നടത്തിയിട്ടുണ്ട്;പട്ടികതിരിച്ച് കണക്ക് ലഭ്യമാക്കുമോ;

(സി) താൽകാലിക/കരാർ അടിസ്ഥാനത്തിൽ ഏതൊക്കെ തസ്തികകളിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് പട്ടികതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ആശ്രിത നിയമന വ്യവസ്ഥയിൽ 2014 ഏപ്രിൽ ഒന്ന് മുതൽ നിയമനം നേടിയവരുടെ കണക്ക് തസ്തികതിരിച്ച് ലഭ്യമാക്കുമോ; എത്ര ശതമാനം ഒഴിവുകളാണ് ഇത്തരത്തിൽ നികത്തപ്പെടുന്നതിന് വ്യവസ്ഥയുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ഇ) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും വിരമിച്ച/പിരിഞ്ഞുപോയ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കുമോ;

(എഫ്) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ ഓരോ തസ്തികകളിലും പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം ലഭിച്ചവരുടെ എണ്ണം തസ്തികതിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം I ആയി* ചേർക്കുന്നു.

(ബി)

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | കമ്പനി സെക്രട്ടറി | 1 |
| 2 | പ്രൊസസ് ഓപ്പറേറ്റർ ട്രെയിനി | 18 |

(സി)

| നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1 | വിജിലൻസ് ആന്റ് സെക്യൂരിറ്റി സൂപ്രണ്ട് | 1 |
| 2 | ചീഫ് മെഡിക്കൽ ഓഫീസർ | 1 |

(ഡി) വർക്ക് അസിസ്റ്റന്റ് (പ്രൊഡക്ഷൻ) തസ്തികയിൽ 2-പേർ നിയമനം നേടിയിട്ടുണ്ട്. ആശ്രിത നിയമനങ്ങൾ ശതമാന കണക്കിൽ നികത്തണമെന്ന് വ്യവസ്ഥയില്ലാത്തതാകുന്നു.

(ഇ) അനുബന്ധം 2* ആയി ചേർക്കുന്നു.

(എഫ്) 2014 ഏപ്രിൽ മുതൽ 2017 ജൂൺ 30 വരെ പി.എസ്.സി. ലിസ്റ്റിൽനിന്നും നഴ്സിംഗ് അസിസ്റ്റന്റ് (മെയിൽ) തസ്തികയിൽ 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

## കോട്ടയ്ക്കൽ കേന്ദ്രമാക്കി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരണം

105(3729) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ കേന്ദ്രമാക്കി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് രൂപീകരിക്കുവാൻ എന്തെങ്കിലും നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇവിടത്തെ വ്യവസായ വികസനവുമായി ബന്ധപ്പെട്ട് ജില്ലാ വ്യവസായ കേന്ദ്രം എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കോട്ടയ്ക്കൽ നഗരസഭ ചെയർമാൻ എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) വ്യവസായ വികസനത്തിനുവേണ്ടി സമഗ്രമായ പദ്ധതി തയ്യാറാക്കുവാൻ വകുപ്പിന് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇല്ല. വ്യവസായ വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ ജില്ലയിൽ എല്ലായിടത്തും ഒരുപോലെ നടപ്പിലാക്കിവരുന്നു.

(സി) ഉണ്ടായിരുന്നു. കോട്ടയ്ക്കൽ നഗരസഭയുടെ 74 സെന്റ് സ്ഥലത്ത് എക്സിബിഷൻ-കം-കൺവെൻഷൻ സെന്റർ സ്ഥാപിക്കുന്നതിന് ഒരു പ്രൊപ്പോസൽ നഗരസഭ 2013-ൽ നൽകിയിരുന്നു. പിന്നീട് ഇവിടെ ഒരു ബഹുനില സമുച്ചയം പണിയുന്നതിന് തീരുമാനമെടുത്തു. എന്നാൽ നഗരസഭ ഈ പദ്ധതികൾ ഉപേക്ഷിക്കുകയാണുണ്ടായത്.

(ഡി) പരിഗണിക്കാവുന്നതാണ്.

**കമ്പനിപ്പറമ്പിൽ വികസന പ്രവർത്തനങ്ങൾ**

106(3730) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള കമ്പനിപ്പറമ്പ് എന്ന സ്ഥലത്തിന്റെ വിസ്തൃതി വ്യക്തമാക്കാമോ; പ്രസ്തുത സ്ഥലത്ത് പുതുതായി കയ്യേറ്റം നടന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഭൂമി മറ്റു വികസന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി മണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിലുള്ള കമ്പനിപ്പറമ്പ് എന്ന സ്ഥലത്തിന്റെ വിസ്തൃതി 9.53 ഏക്കർ ആണ്. ഇതിൽ 6.53 ഏക്കർ ഭൂമിയിൽ 1961 മുതൽ കയ്യേറ്റം ആരംഭിച്ചിട്ടുള്ളതാണ്. തുടക്കത്തിൽ 20 കുടുംബങ്ങൾ ഉണ്ടായിരുന്നത് ഇപ്പോൾ 54 കുടുംബങ്ങളായിട്ടുണ്ട്.

(ബി) ഈ സ്ഥലം വ്യവസായ മേഖലയായതിനാൽ വ്യാവസായികാവശ്യങ്ങൾക്ക് മാത്രമേ അനുവാദം നൽകാൻ കഴിയുകയുള്ളൂ.

## കെൽട്രോണിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ

107(3731) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെൽട്രോണിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് എന്തെങ്കിലും പദ്ധതികൾ സർക്കാർ നടപ്പിലാക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) കൂടുതൽ മേഖലകളിലേക്ക് കെൽട്രോണിന്റെ തനത് പ്രവർത്തനം വ്യാപിപ്പിച്ചുകൊണ്ട് സ്ഥാപനത്തിന്റെ വളർച്ച കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെൽട്രോൺ പുനരുദ്ധരിച്ച് വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കെൽട്രോണിനെ നമ്മുടെ രാജ്യത്തെ പ്രമുഖ ഇലക്ട്രോണിക് ഹാർഡ്‌വെയർ ഉൽപ്പാദന കേന്ദ്രമാക്കി മാറ്റുക എന്നതാണ് ഈ സർക്കാർ വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. സോളാർ എനർജിമീറ്ററുകൾ, ഡിഫൻസ് എക്യുപ്മെന്റ് എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ പദ്ധതികളാണ് ആദ്യഘട്ടത്തിൽ സ്ഥാപിക്കുക. കമ്പനിയുടെ വിവിധ യൂണിറ്റുകളിൽ നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്തുക. ഏകദേശം 100 കോടി രൂപ മുതൽമുടക്കിൽ 2 വർഷത്തിനകം പൂർണ്ണമായതോതിൽ ഉൽപ്പാദനക്ഷമമാകുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ബാക്കി 10 കോടി രൂപ കെൽട്രോണിന്റെ ഉപകമ്പനിയായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ നിലവിലുള്ള കപ്പാസിറ്റർ പ്ലാന്റിന്റെ നവീകരണത്തിനും എം.പി.പി. റെക്റ്റാങ്കുലർ കപ്പാസിറ്ററിന്റെ നിർമ്മാണ സൗകര്യങ്ങൾക്കും, ടൂൾ റൂം നവീകരണത്തിനും ഇലക്ട്രോണിക്സ് മേഖലയിലെ ഗവേഷണത്തിനും വികസനത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് നീക്കിവച്ചിരിക്കുന്നത്.

(സി) സാധ്യമായ മേഖലകളിൽ കെൽട്രോണിന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും കമ്പനിയിൽ നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിച്ചും ആവശ്യമുള്ളവയുടെ നവീകരണം സാധ്യമാക്കിയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വ്യവസായ വകുപ്പിലെയും പൊതുമേഖലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ എണ്ണം

108(3732) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ വ്യവസായ വകുപ്പിന്റെ കീഴിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലിചെയ്തിരുന്ന ജീവനക്കാരുടെ എണ്ണം എത്രയായിരുന്നു എന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) നിലവിൽ ജീവനക്കാരുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിൽ അതിന് കാരണം പുതിയ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങിയതാണോയെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ പുതുതായി തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ഏതൊക്കെയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ജീവനക്കാരുടെ എണ്ണം കുറഞ്ഞിട്ടുണ്ടെങ്കിൽ എത്ര കുറവാണ് ഉണ്ടായിട്ടുള്ളതെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ; ജീവനക്കാർ കുറഞ്ഞിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

## അന്യസംസ്ഥാനങ്ങളിൽനിന്നുള്ള മണൽ വിതരണം

109(3733) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിൽനിന്നും മണൽ കൊണ്ടുവന്ന് ഡീലർമാർ വഴി കേരളത്തിൽ വിതരണം ചെയ്യുന്നതിനായി സിഡ്കോ ആവിഷ്കരിച്ച പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം എറണാകുളം കുന്നത്ത്നാട് താലൂക്കിലെ മണൽ വിതരണത്തിനുള്ള ഡീലർഷിപ്പ് നൽകിയ സജീദ് പി.എ, രണ്ട് വർഷമായിട്ടും സിഡ്കോ മണൽ ലഭ്യമാക്കാത്തതിനാൽ അഡ്വാൻസ് തുകയായി 18-4-2014-ൽ നൽകിയ പത്തു ലക്ഷം രൂപ പലിശസഹിതം (ബാങ്ക് നിരക്കിലുള്ള) തിരിച്ചു നൽകണമെന്നാവശ്യപ്പെട്ട് 10-4-2016, 29-10-2016 എന്നീ തീയതികളിൽ നൽകിയ നിവേദനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ടിയാൻ അഡ്വാൻസായി നൽകിയ പത്തു ലക്ഷം രൂപ തിരിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതി നിലവിൽ നിർത്തിവച്ചിരിക്കുകയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിവേദനങ്ങൾ നടപടിക്കായി സിഡ്കോ മാനേജിംഗ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ അഭാവംമൂലം സിഡ്കോയ്ക്ക് തുക തിരികെ നൽകാൻ സാധിച്ചിട്ടില്ല. സിഡ്കോയിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തുക തിരിച്ചുനൽകുന്നതാണ്.

**പുതുസംരംഭകർക്കായി പദ്ധതികൾ**

110(3734) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുതുസംരംഭകർക്കായി വ്യവസായ വകുപ്പുമുഖേന എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിവരുന്നു എന്ന് അറിയിക്കുമോ;

(ബി) കൂടുതൽ പുതുസംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) സംരംഭകത്വ സഹായ പദ്ധതി:

1. പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ വനിതാ സംരംഭങ്ങൾക്കും പട്ടികജാതി-പട്ടികവർഗ്ഗ സംരംഭകർക്കും യുവസംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു.

4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽനിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

(2) ഇ.ഡി. ക്ലബ്ബ്:

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു. ഓരോ ജില്ലയിലും മികച്ച നിലയിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ, പ്രൊഫഷണൽ കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജുകൾ എന്നിവ കണ്ടെത്തി കലാലയ മേധാവിയുടെ മേൽനോട്ടത്തിൽ വ്യവസായ വികസന ഓഫീസർ മേഖേനയാണ് ഇ.ഡി. ക്ലബ്ബുകൾ രൂപീകരിക്കുന്നത്. ഇ.ഡി.ക്ലബ്ബിന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്:

- വ്യക്തിത്വ വികസനം.
- വിദ്യാർത്ഥികളിൽ സംരംഭകത്വ മനോഭാവം വളർത്തിയെടുക്കൽ
- സ്വയം തൊഴിലിന്റെ മഹത്വം പകർന്ന് നൽകൽ.
- നൂതന വ്യവസായ മേഖലകൾ പരിചയപ്പെടുത്തൽ.
- വ്യവസായ രംഗത്ത് നവീന ആശയങ്ങൾ രൂപകൽപ്പന ചെയ്യൽ.
- അധ്വാനത്തിന്റെ മഹത്വം വിളംബരം ചെയ്യൽ.
- വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കൽ

(3) <u>ഇൻകുബേഷൻ സെന്ററുകൾ:</u>

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കു ന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർ ത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

(4) <u>ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം:</u>

ഒരേ തലത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ MSE-CDP പദ്ധതി പ്രകാരം കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

(5) <u>ആഷ പദ്ധതി:</u>

പരമ്പരാഗത കരകൗശല മേഖലയിലെ ആർട്ടിസാൻമാർക്ക് പുതുസംരംഭങ്ങളാരംഭിക്കുന്നതിന് മൂലധന സബ്സിഡി നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം കരകൗശല മേഖലയിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക സഹായം നൽകി കരകൗശല തൊഴിലാളികളെ സ്വയം പര്യാപ്തമാക്കുവാൻ ലക്ഷ്യമിടുന്നു.

- ഈ പദ്ധതി സംസ്ഥാനത്തെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന നടപ്പിലാക്കുന്നു.
- കരകൗശല സംരംഭം ആരംഭിക്കുന്നതിനുവേണ്ടിവരുന്ന സ്ഥിര നിക്ഷേപത്തിന്റെ 40% (പരമാവധി രണ്ട് ലക്ഷം രൂപ വരെ) ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.
- വനിതകൾ, പട്ടികജാതി/വർഗ്ഗ സംരംഭകർ, യുവാക്കൾ എന്നീ പ്രത്യേക വിഭാഗങ്ങൾ ആരംഭിക്കുന്ന കരകൗശല സംരംഭങ്ങളുടെ സ്ഥിര നിക്ഷേപത്തിന്റെ 50% (പരമാവധി മൂന്ന് ലക്ഷം രൂപ വരെ)ഒറ്റത്തവണ ഗ്രാന്റായി നൽകുന്നു.

- വർക്ക് ഷെഡ്ഡുകൾ നിർമ്മിക്കുക, ആധുനിക മെഷിനറികളും ഉപകരണങ്ങളും വാങ്ങുക, ടെക്നോളജി, ഡിസൈൻ എന്നിവ സ്വായത്തമാക്കുക തുടങ്ങി ആവശ്യങ്ങൾക്ക് സംരംഭകർ നടത്തുന്ന നിക്ഷേപം ഗ്രാന്റ് അനുവദിക്കുന്നതിന് പരിഗണിക്കുന്നു.
- ഈ സാമ്പത്തിക വർഷം 'ആഷ' പദ്ധതിക്കായി 30 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(6) <u>മറ്റ് പദ്ധതികൾ:</u>

ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീല പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തി വരുന്നു. കൂടാതെ ബിസിനസ് ടു ബിസിനസ് മീറ്റ്, സംസ്ഥാന തലത്തിൽ മെഷീനിറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്തുന്നതിനും സാധിച്ചിട്ടുണ്ട്.

കെ.ബിപ്പ് വഴി കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായികളുടെ വിപണി ലഭ്യമാക്കുന്നതിനായി കേരള ബിസിനസ്സ് ടു ബിസിനസ്സ് മീറ്റുകൾ ദേശീയ അന്തർദ്ദേശീയ മേളകളിൽ പങ്കെടുപ്പിക്കൽ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

ഈ സാമ്പത്തിക വർഷം മുതൽ സംസ്ഥാനതലത്തിൽ കേരളത്തിന്റെ തനത് ഉൽപ്പന്നങ്ങളുടെ പ്രദർശന-വിൽപ്പന മേള 'മാമാങ്കം' എന്ന പേരിൽ നടത്താൻ ഉദ്ദേശിക്കുന്നു. കൂടാതെ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ തരത്തിൽ സാങ്കേതികവിദ്യയും മറ്റും പ്രധാനം ചെയ്യുന്നതിന് കലാലയങ്ങളെയും ഗവേഷണ സ്ഥാപന ങ്ങളെയും സജ്ജമാക്കുന്നതിനായി Industry Varsity Linkage പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. അതിനുപുറമെ വീടുകളോ ടനുബന്ധിച്ച് 5 എച്ച്.പി. വരെ വൈദ്യുതി ഉപയോഗിക്കുന്ന ചെറു സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നാനോ ഗാർഹിക വ്യവസായ പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു.

(ബി) കൂടുതൽ പുതുസംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുമായി എല്ലാ ജില്ലകളിലും സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം ബോധവൽക്കരണ ക്ലാസ്സുകൾ തുടങ്ങിയ പരിപാടികൾ സംഘടിപ്പിക്കുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ യുവ സംരംഭകർക്ക് സംരംഭകത്വത്തെപ്പറ്റി അറിവ് നൽകുന്നതിനായി ഇ.ഡി. ക്ലബ്ബുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു.

വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന ഇൻകുബേഷൻ സെന്ററിന്റെ സഹായം പുതുസംരംഭകർക്ക് തേടാവുന്നതാണ്.

## യുവസംരംഭകർക്കായുള്ള സ്റ്റാർട്ട്-അപ്പ് പദ്ധതി

111(3735) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവസംരംഭകർക്കായി സംസ്ഥാനത്ത് ആരംഭിച്ച സ്റ്റാർട്ട്-അപ്പ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യുവസംരംഭകരെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) യുവജനങ്ങളുടെ സംരംഭങ്ങൾക്ക് അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക സഹായങ്ങളും നൽകുന്നതിനാരംഭിച്ച സ്റ്റാർട്ട്-അപ്പ് പദ്ധതി കെ.എസ്.ഐ.ഡി.സി. വഴി സംരംഭകത്വ വികസനത്തിന് യുവതയെ സജ്ജമാക്കുക എന്നാതാണ് ഈ പദ്ധതിയുടെ മുഖ്യഉദ്ദേശ്യം. കൊച്ചി കാക്കനാട് ജിയോ ഇൻഫോപാർക്കിലും, അങ്കമാലിയിൽ ഇൻകെൽ ടവറിൽ സ്റ്റാർട്ട്-അപ്പ് സോണിലും, കോഴിക്കോട് യു.എൽ. സൈബർ പാർക്കിലും ബിസിനസ് ഇൻക്യൂബേറ്ററുകൾ ഇതിനായി ആരംഭിച്ചിട്ടുണ്ട്. യുവജനങ്ങൾക്ക് എല്ലാ വിധമായ ബോധവൽക്കരണത്തിനും അതിനുള്ള സാങ്കേതിക സഹായം ലഭ്യാക്കുന്നതിനുമായി കൊച്ചി ശാസ്ത്ര സാങ്കതിക സർവ്വകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ കേന്ദ്രവുമായി ഒരു ധാരണാ പത്രം കെ.എസ്.ഐ.ഡി.സി. ഒപ്പ് വച്ചിട്ടുണ്ട്.

യുവ തൊഴിൽ സംരംഭകരുടെ നവീന ആശയങ്ങൾ/സ്റ്റാർട്ട് അപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി. മൂലധന സഹായം (സീഡ് ഫണ്ട് സഹായം) എന്ന ധനസഹായ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം ലഭിയ്ക്കാവുന്ന പരമാവധി ധനസഹായം മൊത്ത നിക്ഷേപത്തിന്റെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ഇവയിൽ ഏതാണോ കുറവ് അതായിരിക്കും.

(ബി) വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു. യുവസംരംഭകർക്കായി സംസ്ഥാനത്തെ വിവിധ റിസർച്ച് സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ വ്യവസായിക മേഖലയിലെ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും നൂതനമായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായിട്ടും 'Industy varsity linkage scheme' എന്ന പദ്ധതി വ്യവസായ വകുപ്പ് ആവിഷ്കരിക്കുന്നു. പ്രസ്തുത സ്കീം വഴി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും അതുവഴി നൂതനമായ ആശയങ്ങൾ സൃഷ്ടിക്കുകയും വ്യവസായിക മേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് ഗവേഷണ പഠനങ്ങൾ നടത്തി പരിഹാരങ്ങൾ കണ്ടെത്തുകയും ചെയ്യുക എന്നതാണ് പ്രധാനമായും ഉദ്ദേശിച്ചിട്ടുള്ളത്. ഇ.എ.പി. പദ്ധതി പ്രകാരം 378 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നു. ഒരു പരിപാടിക്ക് 6,000 രൂപ മുതൽ 7,000 രൂപവരെ ചെലവഴിക്കുന്നതിന് സർക്കാർ സഹായം നൽകുന്നു. എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്ന ഇൻവെസ്റ്റേഴ്സ്മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ തുടങ്ങിയവ യുവസംരംഭകർക്ക് വളരെ പ്രയോജനകരമാണ്.

### ഭെൽ (BHEL) പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

112(3736) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :
<u>ശ്രീ. ആർ. രാമചന്ദ്രൻ</u> :
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസനത്തിന് ഏറെ പ്രതീക്ഷ നൽകി ആരംഭിച്ച കാസർഗോഡ് BHEL ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ്, സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനമായിരുന്ന കെൽ ഏറ്റെടുത്ത്, BHEL ഇലക്ട്രിക്കൽ മെഷീൻസ് ലിമിറ്റഡ് എന്ന സംയുക്ത സംരംഭമായതോടെ വികസനത്തിന്റെ പുതുയുഗം പ്രതീക്ഷിച്ച സ്ഥാനത്ത്, BHEL ഇ.എം.എൽ. നഷ്ടത്തിലാണെന്ന് പറയുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഈ സ്ഥാപനം പുനരുജ്ജീവിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 12-6-2017-ൽ ഈ സ്ഥാപനത്തെ സംസ്ഥാനം ഏറ്റെടുക്കാനുള്ള തീരുമാനത്തിന്മേൽ സംസ്ഥാന സർക്കാരിന് പരസ്പര സമ്മതപ്രകാരമുള്ള വിലയ്ക്ക് ഓഹരികൾ വിൽക്കാൻ കേന്ദ്രസർക്കാരിലെ ഖനവ്യവസായ പബ്ലിക് എന്റർപ്രൈസസ് മന്ത്രാലയം തീരുമാനിച്ചതായി കേന്ദ്രസർക്കാർ 26-7-2017-ലെ കത്ത് മുഖാന്തരം BHEL-നെ അറിയിച്ചിട്ടുണ്ട്.

(ബി) BHEL സംസ്ഥാന വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനം അല്ലാത്തതിനാൽ ഈ യൂണിറ്റിന്റെ അവലോകനം ചെയ്തിട്ടില്ല. അവരുടെ റിപ്പോർട്ടനുസരിച്ച് ഉൽപ്പന്നങ്ങൾ വിപണിയിൽ സമയോചിതമായി എത്തിക്കുന്നതിന് കമ്പനിയ്ക്ക് കഴിഞ്ഞിട്ടില്ല. കമ്പനിയുടെ മുഖ്യമാർക്കറ്റ് ഇന്ത്യൻ റെയിൽവേയാണ്. മലിനീകരണ നിബന്ധനകൾ 2014-15 കമ്പനിയുടെ മാർക്കറ്റിനെ വളരെ ഗുരുതരമായി ബാധിച്ചു.

(സി) സംസ്ഥാനത്തെ വ്യവസായ താൽപ്പര്യവും തൊഴിലാളികളുടെ താൽപ്പര്യവും മുന്നിൽകണ്ട് ഈ സ്ഥാപനത്തെ ഏറ്റെടുക്കുവാൻ 12-6-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

**ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന ക്വാറികൾ**

113(3737) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികളിൽ ഭൂരിപക്ഷവും ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്നവയാണെന്ന് സി.എ.ജി. കണ്ടെത്തിയിട്ടുണ്ടോ;

(ബി) ക്വാറികൾ ഖനനശേഷം പൂർവ്വസ്ഥിതിയിലാക്കണമെന്ന വ്യവസ്ഥ നടപ്പാക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(സി) പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ക്വാറികൾക്കുള്ള അനുമതി അടിയന്തരമായി റദ്ദു ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ കരിങ്കൽ ക്വാറികൾക്ക് ഖനനാനുമതി നൽകുന്നതും ഖനനം സംബന്ധിച്ച പരിശോധന നടത്തുന്നതിനെയും കുറിച്ച് സി.എ.ജി. നടത്തിയ ആഡിറ്റിങ്ങിൽ കേരളത്തിലെ അഞ്ച് ജില്ലകൾ തെരഞ്ഞെടുക്കുകയും അതിൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നുള്ള

ഖനനാനുമതിയോടെ പ്രവർത്തിച്ചുവന്നിരുന്ന 27 കരിങ്കൽ ക്വാറികൾ സന്ദർശിക്കുകയുമുണ്ടായി. സന്ദർശനം നടത്തിയ 27 ക്വാറികളിൽ 21 എണ്ണത്തിൽ ക്വാറികളിൽ സുരക്ഷിതത്വക്കുറവ്, എക്സ്പ്ലോസീവ് ലൈസൻസുകളുടെ ദുരുപയോഗം, ക്വാറികളുടെ അതിർത്തികൾ വേർതിരിക്കാത്തത്, ഖനനാനുമതികളുടെ കാലാവധി അവസാനിച്ചതിനു ശേഷവും ഖനന പ്രവർത്തനത്തിൽ ഏർപ്പെടൽ എന്നിങ്ങനെയുള്ള ലംഘനങ്ങളും ക്വാറികളിൽ കണ്ടെത്തുകയുണ്ടായി. ക്വാറികളിൽ ബെഞ്ചുകൾ രൂപപ്പെടുത്തി ഖനനം നടത്തണമെന്നും ശാസ്ത്രീയമായി തയ്യാറാക്കിയ മൈനിംഗ് പ്ലാൻ അനുസരിച്ച് ഖനനം ചെയ്യണമെന്നുമുള്ള നിബന്ധന 2015-ലെ കെ.എം.എം.സി. ചട്ടങ്ങളിൽ മാത്രമാണ് ഉൾക്കൊള്ളിച്ചത്. സി.എ.ജി. സന്ദർശനം നടത്തിയ ക്വാറികൾ 2015-ന് മുമ്പേ പ്രവർത്തനം തുടങ്ങിയവയായിരുന്നതിനാൽ ശാസ്ത്രീയമായ ഖനനം നടത്തുവാൻ ക്വാറി ഉടമകൾക്ക് ഒരുപരിധിവരെ സാധിച്ചില്ലായെന്നതും വസ്തുതയാണ്. പുതിയ ചട്ടങ്ങൾ രൂപപ്പെടുത്തിയതിനുശേഷം ശാസ്ത്രീയമായ ഖനനം നടത്തുന്നതിലേയ്ക്ക് ബോധവൽക്കരണ പരിപാടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 12 വർഷം വരെയുള്ള ദീർഘകാലത്തേയ്ക്ക് ക്വാറിയിംഗ് ലീസ് അനുവദിച്ച് പ്രവർത്തിക്കുന്ന ക്വാറികൾ ഖനനം പൂർത്തിയാക്കിയശേഷം ഖനനം നടത്തുമ്പോൾ ലഭിക്കുന്ന മേൽമണ്ണ്/മട്ടിക്കല്ല് എന്നിവ ഉപയോഗിച്ച് ഖനന സ്ഥലം കൃഷി യോഗ്യമാക്കണമെന്ന് നിഷ്കർഷിക്കാറുണ്ട്. വളരെ വർഷങ്ങളായി പ്രവർത്തിച്ചുവന്നിരുന്ന ക്വാറികളിൽ ബെഞ്ചിംഗ് സംവിധാനം അനുവർത്തിയ്ക്കാതിരുന്നതിനാൽ ഈ വ്യവസ്ഥ പൂർണ്ണമായ അർത്ഥത്തിൽ പാലിക്കുവാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. നിലവിൽ ഖനനം ശാസ്ത്രീയമായി തയ്യാറാക്കിയ മൈനിംഗ് പ്ലാനിന് അനുസൃതമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ ഖനനം പൂർത്തിയാക്കുന്നതിന് ഒരു വർഷംമുൻപ് മൈൻ ക്ലോഷർ പ്ലാൻ സമർപ്പിക്കേണ്ടതും ആയത് പ്രകാരം മൈൻ ക്ലോസ് ചെയ്യേണ്ടതുമാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവുപ്രകാരം 2-12-2016 മുതൽ ക്വാറി പ്രവർത്തനത്തിന് പാരിസ്ഥിതികാനുമതി നിർബന്ധമായ സാഹചര്യത്തിൽ പാരിസ്ഥിതികാനുമതി ലഭ്യമാക്കി മാത്രമേ ക്വാറികൾക്ക് പ്രവർത്തിക്കാൻ സാധിക്കൂ. എങ്കിലും ഇത്തരത്തിലുള്ള ക്ലാറികളിൽ ചിലത് പാരിസ്ഥിതികാനുമതി കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്നത് കണ്ടെത്തിയതിനെത്തുടർന്ന് അവ നിർത്തവയ്പി ക്കുന്നതിനുള്ള നപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കൈത്തറിമേഖലയ്ക്ക് പ്രോത്സാഹനം

114(3738) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് വേതന വർദ്ധന ലഭിക്കുന്നതിനും കൈത്തറി ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കൈത്തറി മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനായി 2017-18 വർഷത്തിൽ ചുവടെ ചേർക്കുന്ന പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു:

1. 2017-18 വർഷത്തിൽ ഒരു വീട്ടിൽ ഒരു തറി പദ്ധതി നടപ്പിലാക്കുന്നു. പദ്ധതിയിലൂടെ തറി സ്ഥാപിക്കാൻ കഴിവില്ലാത്തതും എന്നാൽ ഒരു അംഗത്തിനെങ്കിലും നെയ്ത്ത് അറിയാവുന്നതുമായ ഓരോ വീട്ടിലും തറി സ്ഥാപിക്കാൻ ചെലവിന്റെ 75% ഗവൺമെന്റ് സഹായം നൽകും. ഇതുവഴി കൈത്തറി മേഖലയിൽ കൂടുതൽപേരെ ആകർഷിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും.

2. അടുത്ത അദ്ധ്യയനവർഷം 1 മുതൽ 7 വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് സൗജന്യ യൂണിഫോം നൽകുന്നതിലേയ്ക്കായി ഏകദേശം 24 ലക്ഷം മീറ്റർ തുണി ഉൽപ്പാദിപ്പിക്കുന്നതിലേയ്ക്കായി കുറഞ്ഞത് 4000 നെയ്ത്തുകാരും 8000 അനുബന്ധ തൊഴിലാളികളും ആവശ്യമായി വരും. അവർക്ക് മെച്ചപ്പെട്ട വേതനവും അർഹമായ ആനുകൂല്യങ്ങളും ഉറപ്പുവരുത്തും.

3. കേരള ഹാന്റലൂം ഉൽപ്പന്നങ്ങൾ എന്ന പേരിൽ പ്രത്യേക ബ്രാന്റോടു കൂടിയ നിലവാരത്തിലുള്ള കൈത്തറി ഉൽപ്പന്നങ്ങൾക്കുള്ള ധനസഹായം നൽകുന്നു.

4. നെയ്ത്ത് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഐ.ഐ.എച്ച്.റ്റി) മുഖേന ആവശ്യമനുസരിച്ച് പരിജ്ഞാനം ലഭിച്ച ഡിസൈനർമാരെ ഉൾപ്പെടുത്തി നെയ്ത്തുകാരെ സഹായിക്കുന്നതിനായി പരീക്ഷണാടി സ്ഥാനത്തിൽ ഒരു വർഷത്തേയ്ക്ക് ഒരു പ്രദേശത്ത് ഒരു ഡിസൈനറെ ഉൾപ്പെടുത്തുവാനാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഇതിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. കൈത്തറി ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി കൈത്തറി സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങൾക്ക് വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി വഴി സഹായം നൽകുന്നു.

6. പ്രീലൂം സൗകര്യങ്ങൾ, തറി അനുബന്ധ ഉപകരണങ്ങൾ, സ്റ്റീൽ റീഡ്, ഷട്ടിൽ എന്നിവ മാറ്റി സ്ഥാപിക്കുന്നതിനായി സഹകരണ സംഘങ്ങളിലെ നെയ്ത്തുകാരെ സഹായിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു. തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുതിയ സാങ്കേതികവിദ്യ ലഭ്യമാക്കൽ, നിലവാരം മെച്ചപ്പെടുത്തൽ, നെയ്ത്തിന്റെ നിലവാരം ഉയർത്തൽ, പ്രവർത്തനങ്ങളുടെ ആധുനിക വൽക്കരണം, പുതിയ ഡിസൈൻ/പുതിയ സാമഗ്രികൾ എന്നി ഉപയോഗിച്ച് മൂല്യവർദ്ധിത കൈത്തറി ഉൽപ്പന്നങ്ങളുടെ വികസനവും, പ്രാഥമിക സഹകരണ സംഘങ്ങളുടെയും തൊഴിലാളികളുടെയും പണിശാല നവീകരണത്തിനും ധനസഹായം നൽകുന്നു.

## ആലപ്പുഴ ജില്ലയിൽ പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം സബ്സിഡി

115(3739) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പി.എം.ഇ.ജി.പി. പദ്ധതിപ്രകാരം എത്ര രൂപയുടെ സബ്സിഡിയാണ് വിതരണം ചെയ്യാനുള്ളത്;

(ബി) ഈ സബ്സിഡിത്തുക വിതരണം ചെയ്യുന്നതിനുള്ള കാലതാമസത്തിന്റെ കാരണം എന്താണ്; ഉദ്യോഗസ്ഥതലത്തിൽ എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുള്ളതായി കരുതുന്നുണ്ടോ;

(സി) പ്രസ്തുത സബ്സിഡിത്തുക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിൽ പി.എം.ഇ.ജി.പി. പദ്ധതി പ്രകാരം 2017-18-ൽ മുപ്പത് പ്രോജക്ടുകൾക്കായി 59.51 ലക്ഷം രൂപ സബ്സിഡിയായി അനുവദിച്ച് നൽകുന്നതിനുള്ള ടാർജറ്റ് നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ജില്ലാതല ടാസ്ക്ഫോഴ്സ് കമ്മിറ്റി ശിപാർശചെയ്ത 89 പി.എം.ഇ.ജി.പി. അപേക്ഷകൾ ജില്ലാ വ്യവസായ കേന്ദ്രം വഴി ബാങ്കുകൾക്ക് നൽകുകയും പ്രസ്തുത അപേക്ഷകൾ ബാങ്കുകൾ പാസ്സാക്കുന്നമുറയ്ക്ക് സബ്സിഡി ക്ലെയിം അനുവദിച്ച് നൽകുന്നതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥ തലത്തിൽ വീഴ്ചകൾ സംഭവിച്ചിട്ടില്ല.

(സി) ബാങ്കിലേക്ക് ശിപാർശചെയ്ത അപേക്ഷകളിന്മേൽ പരമാവധി വായ്പ അനുവദിപ്പിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനും ഫീൽഡ്തല ഉദ്യോഗസ്ഥരായ വ്യവസായ വികസന ആഫീസർമാരെയും ഉപജില്ലാ വ്യവസായ ആഫീസർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പള്ളിച്ചൽ പഞ്ചായത്തിൽ ഖാദിഗ്രാമവ്യവസായ വകുപ്പിന്റെ ഭൂമി

116(3740) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിൽ റീസർവ്വേ നമ്പർ 151/2 (പഴയ സർവ്വേ നമ്പർ 191/312, 313, ബ്ളോക്ക് നമ്പർ പട്ടയം നമ്പർ 1204-17.20 ആർ)- ന്റെ ഉടമസ്ഥാവകാശം ഖാദി ഗ്രാമവ്യവസായ വകുപ്പിനാണോ; പ്രസ്തുത ഭൂമിയിൽ ഏതെങ്കിലും തരത്തിലുള്ള കയ്യേറ്റങ്ങൾ നിലവിലുണ്ടോ; എങ്കിൽ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിൽ റീസർവ്വേ നമ്പർ 151/2 (പഴയ സർവ്വേ നമ്പർ 191/312, 313,ബ്ലോക്ക് നമ്പർ പട്ടയം നമ്പർ 1204-17.20 ആർ) -ന്റെ ഉടമസ്ഥാവകാശം ഖാദി ഗ്രാമവ്യവസായ ബോർഡിനാണ്. ടി ഭൂമിയിൽ ചില ആളുകൾ അനധികൃതമായി കയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് സ്വീകരിച്ചുവരുന്നു.

## കളിസ്ഥലങ്ങളുടെ വികസനത്തിന് ധനസഹായം

117(3741) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കളിസ്ഥലങ്ങളുടെ വികസനത്തിനും കായിക പരിശീലന ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്ന ഏതെങ്കിലും പദ്ധതികൾ കായിക വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഒരു അദ്ധ്യയനവർഷത്തിൽ എത്ര രൂപവരെ ധനസഹായം അനുവദിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും കളിസ്ഥലങ്ങളുടെ വികസനത്തിനായി ധനസഹായം അനുവദിക്കുന്ന പദ്ധതി നിലവിലില്ല. അതേസമയം അംഗീകൃത സ്പോർട്സ് ക്ലബ്ബുകൾ, സ്പോർട്സ് അസോസിയേഷനുകൾ, സർക്കാർ/എയ്ഡഡ് സ്കൂളുകൾ എന്നിവയ്ക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്.

(ബി) 15-6-2013-ലെ സ.ഉ (കൈ) നമ്പർ 09/13.കാ.യു.വ. പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും അനുവദിക്കുന്ന തുക സംബന്ധിച്ചും തീരുമാനിക്കുന്നത്.

## പി.യു. ചിത്രയ്ക്ക് ലോക അത്‍ലറ്റിക് ചാമ്പൻഷിപ്പിൽ അവസരം നിഷേധിച്ച സംഭവം

118(3742) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അഭിമാനമായ പി. യു. ചിത്രയ്ക്ക് ലണ്ടനിൽ നടക്കുന്ന ലോക അത്‍ലറ്റിക് ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കാൻ അവസരം നിഷേധിച്ച സാഹചര്യത്തിൽ വൈൽഡ് കാർഡ് എൻട്രി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നോ;

(ബി) 1500 മീറ്റർ ഓട്ടത്തിൽ ഏഷ്യൻ ചാമ്പ്യനായ പി. യു. ചിത്രയെ സെലക്ഷൻ കമ്മിറ്റി ഒഴിവാക്കിയതിലുള്ള അതൃപ്തി അത്‍ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയെ അറിയിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പി.യു. ചിത്രയെ ലോക ചാമ്പ്യൻഷിപ്പിനുള്ള ടീമിൽ ഉൾപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

(ബി) കേന്ദ്ര കായിക മന്ത്രിക്കും, അത്‍ലറ്റിക് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡന്റിനും സംസ്ഥാന സർക്കാർ അയച്ച കത്തിൽ പി.യു. ചിത്രയെ സെലക്ഷൻ കമ്മിറ്റി ഒഴിവാക്കിയതിലുള്ള അതൃപ്തി അറിയിച്ചിരുന്നു. ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിന് ദേശീയ ഫെഡറേഷനുകൾക്ക് നിർദ്ദേശം നൽകണമെന്ന് കാണിച്ച് കേന്ദ്ര യുവജനകാര്യ കായിക സെക്രട്ടറിക്ക് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും കത്ത് നൽകുന്നതാണ്.

## ലോക അത്‍ലറ്റിക് മീറ്റിന് കേരള താരങ്ങളുടെ സാന്നിദ്ധ്യം

119(3743) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ നിന്നുള്ള കായിക താരങ്ങൾ ലോക അത്‍ലറ്റിക് മീറ്റിനുള്ള ഇന്ത്യൻ ടീമിൽ ഉൾപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ലോക അത്‍ലറ്റിക് മീറ്റിനുള്ള ഇന്ത്യൻ ടീമിലേക്കുള്ള കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത് ബന്ധപ്പെട്ട ദേശീയ കായിക ഫെഡറേഷനാണ്.

## പറളി സ്റ്റേഡിയം

120(3744) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള പറളി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം തന്നെ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2017-18-ലെ ബജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി പറളിയിൽ മിനി സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പറളി സ്റ്റേഡിയം നിർമ്മിക്കുന്നതിനായി ഉദ്ദേശിച്ചിട്ടുള്ള സ്ഥലം, കായിക എഞ്ചിനീയറിംഗ് വിഭാഗം ചീഫ് എഞ്ചിനീയർ, കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയുടെ പ്രതിനിധികൾ എന്നിവർ ചേർന്ന് സന്ദർശിക്കുകയും പറളി സ്റ്റേഡിയം നിർമ്മാണത്തിന്റെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിറ്റ്കോയ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കിറ്റ്കോ, കൺസപ്റ്റ് നോട്ട് തയ്യാറാക്കി, ഭരണാനുമതി നൽകിയശേഷം ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി അംഗീകാരം ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിക്കുകയും ചെയ്യുന്നതാണ്.

## ദേശീയ സ്കൂൾ കായികമേളയിലെ ജേതാക്കൾക്കുള്ള പാരിതോഷികം

121(3745) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ കായികമേളയിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടുന്ന സംസ്ഥാന ജേതാക്കൾക്ക് കായിക വകുപ്പ് പാരിതോഷികം പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് തുകയാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) മുൻവർഷങ്ങളിൽ നടന്ന ദേശീയ സ്കൂൾ കായിക മത്സരങ്ങളിലെ വിജയികൾക്ക് പ്രഖ്യാപിച്ച തുക പൂർണ്ണമായും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കായികവകുപ്പ് പാരിതോഷികം പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ദേശീയ സ്കൂൾ കായിക മേളയിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകൾ നേടുന്ന സംസ്ഥാന ജേതാക്കൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് ക്യാഷ് അവാർഡ് നൽകിവരുന്നു. സ്വർണ്ണ മെഡൽ ലഭിക്കുന്നവർക്ക് 25,000 രൂപയും വെള്ളി മെഡൽ ലഭിക്കുന്നവർക്ക് 20,000 രൂപയും വെങ്കല മെഡൽ ലഭിക്കുന്നവർക്ക് 15,000 രൂപയുമാണ് നൽകുന്നത്.

(ബി) 2012-13 മുതൽ 2016-17 വർഷം വരെയുള്ള ദേശീയ സ്കൂൾ കായിക മത്സരങ്ങളിലെ വിജയികൾക്ക് കുടിശ്ശിക നൽകാനുണ്ട്. ഇത് നൽകുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

## സ്മൈൽ പദ്ധതി

122(3746) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കായികരംഗത്ത് സ്മൈൽ (SMILE) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിരുന്നോ;

(ബി) പ്രസ്തുത പദ്ധതി എത്രമാത്രം പ്രാവർത്തികമായിരുന്നു എന്ന് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) പദ്ധതി ഇപ്പോഴും നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം വിവിധ ജില്ലകളിലായി മൾട്ടി പർപ്പസ് കോർട്ടുകളും സ്വിമ്മിംഗ് പൂളുകളും മറ്റും നിർമ്മിച്ച് നൽകിയിട്ടുണ്ട്. ഇവ ലഭിച്ച സ്ഥാപനങ്ങൾ/ സ്കൂളുകൾ ഇപ്പോഴും കോർട്ടുകൾ പരിശീലനത്തിനായും മറ്റും നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ചുരുക്കം ചില സ്ഥലങ്ങളിൽ പൊതുജനങ്ങൾ ഉപയോഗപ്പെടുത്താത്തതുമൂലം പരിശീലന സൗകര്യങ്ങൾ വേണ്ടത്ര പ്രയോജനകരമായിട്ടില്ല.

(സി) നിലവിലുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്പോർട്സ് കോംപ്ലക്സ്

123(3747) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ചേലാട് സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം നിലച്ചുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനം തടസ്സപ്പെട്ടിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) തടസ്സങ്ങൾ ഒഴിവാക്കി പ്രസ്തുത കോംപ്ലക്സ് നിർമ്മാണം ആരംഭിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത കോംപ്ലക്സ് നിർമ്മാണം ഉടൻ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) 2016-17-ലെ ബജറ്റ് പ്രസംഗത്തിൽ 60 കോടി രൂപ ചെലവിൽ 6 സ്റ്റേഡിയങ്ങൾ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത 6 സ്റ്റേഡിയങ്ങളിൽ കോതമംഗലം ചേലാട് സ്റ്റേഡിയം ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതിക്കുള്ള കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതികളുടെ എസ്.പി.വി.-യായ കിറ്റ്കോ എന്ന സ്ഥാപനത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിലെ മാതിരപ്പിള്ളി വി.എച്ച്.എസ്. സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ

124(3748) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ, സംസ്ഥാന കായിക മേളകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന സർക്കാർ വിദ്യാലയമായ കോതമംഗലം മാതിരപ്പിള്ളി വി. എച്ച്. എസ്. സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) കോതമംഗലം മാതിരപ്പിള്ളി വി.എച്ച്.എസ്. സ്കൂളിൽ സ്പോർട്സ് ഹോസ്റ്റൽ ആരംഭിക്കുന്നത് സംബന്ധിച്ച് ശിപാർശകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. സ്പോർട്സ് ഹോസ്റ്റൽ അനുവദിക്കുന്നതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനകൾ നടത്തി സ്പോർട്സ് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കോതമംഗലം മണ്ഡലത്തിൽ കായികമേഖലയിലെ പുതിയ പദ്ധതികൾ

125(3749) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ, കായികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ;

(സി) ഇല്ലെങ്കിൽ ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) 60 കോടി രൂപ ചെലവിൽ 6 സ്റ്റേഡിയങ്ങൾ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതാണെന്ന് 2016-17 സാമ്പത്തിക വർഷം ബജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രസ്തുത 6 സ്റ്റേഡിയങ്ങളിലൊന്ന് കോതമംഗലം ചേലാട് സ്റ്റേഡിയമാണ്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭരണാനുമതിക്കുള്ള കൺസെപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പുമായി ബന്ധപ്പെട്ട കിഫ്ബി പദ്ധതികളുടെ എസ്.പി.വി.-യായ കിറ്റ്കോ എന്ന സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## കൊല്ലത്തെ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയം

126(3750) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലത്തെ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല ആർക്കാണ്; സ്റ്റേഡിയം നിർമ്മാണത്തിന് ചെലവായ തുക എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ പരിപാലനത്തിന് ആവശ്യമായ വെള്ളം ലഭ്യമാകാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊല്ലത്തെ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയത്തിന്റെ പരിപാലന ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനാണ്. നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റാണ് ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയം നിർമ്മിച്ചത്. സ്റ്റേഡിയം നിർമ്മാണത്തിന് 16,58,67,399 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദമായ ചെലവ് കണക്കുകൾ അനുബന്ധം I* ആയി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹോക്കി സ്റ്റേഡിയത്തിലെ ആസ്ട്രോ ടർഫ് പരിപാലനത്തിനായുള്ള വെള്ളം ലഭ്യമാക്കുന്നതിലേക്കായി കൊല്ലം ജില്ലാ ഭൂജല വകുപ്പ് കുഴൽക്കിണർ നിർമ്മിച്ചിരുന്നെങ്കിലും ടി കുഴൽക്കിണറുകളിൽനിന്നും ആവശ്യമായ വെള്ളം ലഭിക്കാത്തതുകാരണം ഡി.ടി.പി.സി.-യുടെ അധീനതയിലുള്ള ചിൽഡ്രൻസ് പാർക്കിൽനിന്നും വെള്ളം ലഭ്യമാക്കി ടർഫ് സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സ്പോർട്സ് ക്വാട്ട നിയമനം

127(3751) ശ്രീ. രാജു എബ്രഹാം :
ശ്രീ. പി. ഉണ്ണി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിനുവേണ്ടി അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് സ്പോർട്സ് ക്വാട്ടയിൽ നിയമനം നടത്തുന്നതിലുണ്ടായ അനാസ്ഥമൂലം 2009-നുശേഷം ദേശീയ-അന്തർദേശീയ മേഖലയിൽ വിജയികളായ കായികതാരങ്ങളുടെ നിയമനം ഇതുവരെ നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2015 ഡിസംബറിൽ സീനിയർ നാഷണൽ-ഇന്റർനാഷണൽ താരങ്ങളുടെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ട് നിയമനം വൈകുന്നതുമൂലം കായിക താരങ്ങൾ വകുപ്പുമന്ത്രിക്ക് നൽകിയ അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) സ്പോർട്സ് ക്വാട്ട നിയമനം അടിയന്തരമായി നടത്തുന്നതിന് നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) സംസ്ഥാനത്തിനുവേണ്ടി അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച കായികതാരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരെ സംരക്ഷിക്കുന്നതിന്റെയും ഭാഗമായി വിദേശ പരിശീലനത്തിനായി ധനസഹായം അനുവദിച്ചുവരുന്നുണ്ട്. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മെഡൽ കരസ്ഥമാക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകിവരുന്നുണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരമോന്നത ബഹുമതിയായ ജി.വി. രാജ അവാർഡ് എല്ലാ വർഷവും ഒരു പുരുഷ കായിക താരത്തിനും വനിതാ കായിക താരത്തിനും നൽകിവരുന്നുണ്ട്.

35-ാം ദേശീയ ഗെയിംസിൽ മെഡൽ നേടിയ ശ്രീ. സജൻ പ്രകാശിനും കുമാരി എലിസബത്ത് സൂസൻ കോശിക്കും പോലീസ് വകുപ്പിൽ ആംഡ് പോലീസ് ഇൻസ്പെക്ടർ തസ്തികയിലും കുമാരി അനു രാഘവൻ, ശ്രീമതി അനിൽഡ തോമസ് എന്നിവർക്ക് വനം വന്യജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിലും നിയമനം നൽകുകയുണ്ടായി. 35-ാം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡൽ നേടിയ കായിക താരങ്ങൾക്കും ടീം ഇനത്തിൽ സ്വർണ്ണ മെഡൽ നേടിയ കായിക താരങ്ങൾക്കും സർക്കാർ സർവ്വീസിൽ ജോലി നൽകുന്നതിന് സർക്കാർ ഉത്തരവാകുകയും ഇത്തരത്തിലുള്ള 68 കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് പ്രതിമാസം 10,000 രൂപവീതം നൽകുന്ന ഡോ. എ.പി.ജെ. അബ്ദുൽകലാം സ്കോളർഷിപ്പ് സ്കീം എന്ന നൂതന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. സ്പോർട്സ് ഗെയിംസ് ഇനങ്ങളിൽ നിശ്ചിത കായിക നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനായി പ്രതിവർഷം 50 ഒഴിവുവീതം നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിൽ 2 ഒഴിവുവീതം ഭിന്നശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവുവീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് 3 വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്, ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായി കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുണ്ട്. കൂടാതെ അന്തർദേശീയ തലത്തിൽ മെഡൽ കരസ്ഥമാക്കുന്ന കായിക താരങ്ങൾക്ക് കാലാകാലങ്ങളിൽ ക്യാഷ് അവാർഡുകളും നൽകിവരുന്നുണ്ട്.

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വീഴ്ച പരിഹരിക്കുന്നതിനായി സ്പോർട്സ് ക്വാട്ട നിയമനം സമയബന്ധിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അപേക്ഷ ക്ഷണിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് കരട് സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു സെൽ രൂപീകരിക്കുകയും പ്രസ്തുത സെല്ലിന്റെ പ്രവർത്തനം പുരോഗമിച്ചുവരികയും ചെയ്യുന്നു. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണ്.

## കുട്ടികളിലെ കായികക്ഷമത വളർത്താനുതകുന്ന തരത്തിലുള്ള നയപരിപാടികൾ

128(3752) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികളിലെ കായികക്ഷമത കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, എൽ.പി., യു.പി. ക്ലാസ്സുകളിൽനിന്ന് കായികക്ഷമതയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് ആവശ്യമായ പരിശീലനം നൽകി രാജ്യാന്തര മത്സരങ്ങളിൽ പങ്കെടുക്കാൻവിധം ദീർഘവീക്ഷണത്തോടെയുള്ള നയപരിപാടികൾ കായിക വകുപ്പിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

പരിഗണനയിലുണ്ട്. പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയെയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽത്തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ സ്കൂൾ കുട്ടികളെ കായികക്ഷമതയുള്ളവരാക്കാനും സ്കൂളുകളെ അടിസ്ഥാന കായിക പരിശീലന കളരികളാക്കാനും ലക്ഷ്യമാക്കി പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ കേരളത്തിലെ എൽ.പി., യു.പി. ക്ലാസ്സുകളിലെ കുട്ടികൾ ഉൾപ്പെടെയുള്ള വിദ്യാർത്ഥികളിൽ കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വിദ്യാഭ്യാസ, തദ്ദേശ സ്വയംഭരണ, ആരോഗ്യവകുപ്പുകളുടെ സഹകരണത്തോടുകൂടി കായികക്ഷമതാ മിഷൻ എന്ന പദ്ധതിയും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കായികരംഗത്തെ വികസനത്തിന് നടപടി**

129(3753) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കായികരംഗത്തെ വികസനത്തിനായി ജില്ലാ ആസ്ഥാനങ്ങളിലും പഞ്ചായത്തുകളിലും എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ജില്ലാ ആസ്ഥാനങ്ങളിലും പഞ്ചായത്തുകളിലും നടക്കുന്ന സ്റ്റേഡിയം നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 7 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിക്കുകയും 6 പ്രോജക്ടുകളുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ളവയുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം

പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്നനിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ മിനി സ്റ്റേഡിയങ്ങളുടെ ലിസ്റ്റിൽ പറളി, മേപ്പയ്യൂർ, ഫറോഖ്, ഗണപതി സ്കൂളുകളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, തിരൂർ ഫുട്ബോൾ സ്റ്റേഡിയം, തൃശ്ശൂർ അക്വാറ്റിക് കോംപ്ലക്സ്, വടകര ഇൻഡോർ സ്റ്റേഡിയം, ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം, പയ്യന്നൂർ, പുനലൂർ നഗരസഭാ സ്റ്റേഡിയങ്ങൾ എന്നിവയെയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽസൂചിപ്പിച്ച സ്റ്റേഡിയങ്ങളുടെ കൺസപ്റ്റ് നോട്ട് തയ്യാറാക്കുന്നതിന് കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ജില്ലാ ആസ്ഥാനങ്ങളിലും പഞ്ചായത്തുകളിലുമുള്ള സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ കിഫ്ബി അംഗീകാരം ലഭ്യമായാലുടൻ ആരംഭിക്കുന്നതാണ്.

## പൊതുകളിക്കളം ഇല്ലാത്ത പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും

130(3754) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ചുരുങ്ങിയത് ഒരു പൊതുകളിക്കളം എങ്കിലും ഉണ്ടാക്കുക എന്നത് സർക്കാരിന്റെ നയമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പൊതുകളിക്കളം ഇല്ലാത്ത പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലയിൽ പൊതുകളിക്കളം ഇല്ലാത്ത പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏതെല്ലാമെന്ന് അറിയിക്കാമോ;

(ഡി) പൊതുകളിക്കളം നിലവിലില്ലാത്ത സ്ഥലങ്ങളിൽ അതുണ്ടാക്കുന്നതിന് സ്വീകരിച്ചതോ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതോ ആയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ഒരു കളിക്കളം എന്നത് സർക്കാരിന്റെ നയമാണ്. ഇതിന്റെ തുടക്കമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷം പ്രഖ്യാപിച്ച 'പഞ്ചായത്തിൽ ഒരു സ്റ്റേഡിയം' എന്ന പദ്ധതി പ്രകാരം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള തുടക്കമെന്നനിലയിൽ 25 കേന്ദ്രങ്ങളിൽ മിനി സ്റ്റേഡിയം നിർമ്മാണം പ്രഖ്യാപിച്ചിരുന്നു. ഇവയിൽ 19 പ്രോജക്ടുകൾക്ക് ഭരണാനുമതി നൽകുകയും 14 പ്രോജക്ടുകളുടെ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(ബി) ഇല്ല.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 'എ' പിരിവ് ചോദ്യത്തിന്റെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്.

**കായികതാരങ്ങളുടെ സെലക്ഷൻ മാനദണ്ഡങ്ങൾ**

131(3755) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായികതാരങ്ങൾക്ക് ജില്ലകളെയും സംസ്ഥാനത്തെയും പ്രതിനിധീകരിച്ച് വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് സെലക്ഷൻ ലഭിക്കാൻ നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(ബി) സെലക്ഷൻ സമിതികളിലെ അംഗങ്ങളുടെ താൽപ്പര്യക്കുറവ് കാരണം കായികതാരങ്ങൾ സെലക്ഷനിൽ അവഗണിക്കപ്പെടുന്നതായ വാർത്തകളുടെ അടിസ്ഥാനത്തിൽ, ഇത്തരം സംഭവങ്ങൾ സംസ്ഥാനതലത്തിൽ ഉണ്ടാകാതിരിക്കാൻ സ്വീകരിച്ചുവരുന്ന മുൻകരുതലുകൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഓരോ കായിക ഇനത്തിലും അതത് ദേശീയ കായിക ഫെഡറേഷന്റെയും സംസ്ഥാന അസോസിയേഷന്റെയും നിയമമനുസരിച്ചാണ് വിവിധ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്.

(ബി) എല്ലാ സംസ്ഥാന അസോസിയേഷനുകളും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിർദ്ദേശിച്ച പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ സെലക്ഷൻ കമ്മിറ്റിയിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നിർദ്ദേശിക്കുന്ന നിരീക്ഷകൻ ഒരു അംഗമാണ്. പ്രസ്തുത കമ്മിറ്റിയാണ് സംസ്ഥാന ടീമിനെ തെരഞ്ഞെടുക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്പോർട്സിലൂടെ ആരോഗ്യം

132(3756) ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. എം. സ്വരാജ് :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും സ്പോർട്സിലൂടെ ആരോഗ്യം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിന്റെ വിജയകരമായ നടത്തിപ്പിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

### ഉത്തരം

(എ) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നഴ്സറിതലം മുതൽ നാലാം ക്ലാസ് വരെയും അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയും പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജനവിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ വേർതിരിച്ച് വ്യത്യസ്തമായ പരിപാടികളോടെ കായികപരിശീലനവും ആരോഗ്യശീലങ്ങളും ആരോഗ്യത്തെ ക്കുറിച്ചുള്ള പൊതുബോധവും ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും ലക്ഷ്യമാക്കി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമത മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. പദ്ധതി സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി&സി) കായിക, വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. എല്ലാ ജനവിഭാഗങ്ങളെയും ലക്ഷ്യമാക്കിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.

## സ്റ്റേഡിയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ

133(3757) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റേഡിയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) സ്റ്റേഡിയങ്ങൾ നല്ലരീതിയിൽ സംരക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റേഡിയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ താഴെപ്പറയും പ്രകാരം സ്വീകരിച്ചുവരുന്നുണ്ട്:

പനമ്പിള്ളി നഗർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം:

ഭാരതത്തിൽ ആദ്യമായി നടക്കുന്ന ഫിഫ അണ്ടർ-17 ലോകകപ്പ് ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ക്വാർട്ടർ, പ്രീക്വാർട്ടർ ഉൾപ്പെടെ 8 മത്സരങ്ങൾക്ക് കേരളം ആതിഥ്യം വഹിക്കുകയാണ്. ആയതിലേയ്ക്കായുള്ള പരിശീലന വേദികളിൽ ഒന്നായി തെരഞ്ഞെടുത്ത പനമ്പിള്ളി നഗർ സ്പോർട്സ് സ്കൂൾ ഗ്രൗണ്ടിൽ ഫിഫയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി അന്തർദേശീയ നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മേൽപ്രവൃത്തികളുടെ കൺസൾട്ടന്റായി കെ.എസ്.ഇ.ബി. ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം:

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്കും നാച്വറൽ ഫുട്ബോൾ ടർഫും നിർമ്മിക്കുന്നതിനായി 6 കോടി 55 ലക്ഷം രൂപയുടെയും പാലക്കാട് മെഡിക്കൽ കോളേജ് ഫുട്ബോൾ ഗ്രൗണ്ടിൽ ഫെൻസിംഗ് & ടർഫിംഗ് നിർമ്മിക്കുന്നതിനുള്ള ഭരണാനുമതിയും നൽകിയിട്ടുണ്ട്. ആയത് പ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്റ്റേഡിയങ്ങൾ നല്ലരീതിയിൽ സംരക്ഷിച്ച് വരുന്നുണ്ട്. കൂടാതെ 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായുള്ള സ്റ്റേഡിങ്ങൾ ലെഗസി പ്ലാൻ മുഖാന്തരം സംരക്ഷിച്ച് വരുന്നുണ്ട്.

## കായിക വികസനത്തിന് സ്പോർട്സ് കിറ്റ്

134(3758) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനുകീഴിലുള്ള സ്കൂളുകൾക്കും കായികവികസനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സ്കൂളുകൾക്കും മാത്രമേ കായിക ഉപകരണങ്ങൾ ഉൾപ്പെട്ട സ്പോർട്ട്സ് കിറ്റ് ലഭിക്കുന്നുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ ഇതര പൊതുവിദ്യാലയങ്ങളിൽ കായികരംഗത്തെ അഭിവൃദ്ധിപ്പെടുത്തുന്നതിനും വിദ്യാർത്ഥികളിൽ കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനുമുള്ള കായികവകുപ്പിന്റെ പ്രവർത്തനം എന്തൊക്കെയാണ്; ഇത്തരം സ്കൂളുകളിൽ ഈ വകുപ്പ് കായികവികസനത്തിന് മതിയായ പരിഗണന നൽകുന്നില്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിൽ കായികവകുപ്പിന് നടപ്പിലാക്കാൻ കഴിയുന്ന എന്തെങ്കിലും പദ്ധതിയുടെ നിർദ്ദേശം വിദ്യാഭ്യാസ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിൽ കായികരംഗത്തെക്കൂടി അഭിവൃദ്ധിപ്പെടുത്തുന്ന പദ്ധതികൾ, വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച്, ഉൾക്കൊള്ളിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കുന്നതിനുവേണ്ടി കേരള സാക്ഷരത മിഷൻ ആരംഭിച്ചതുപോലെ വിദ്യാർത്ഥികളിൽ കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടുകൂടി കേരള കായിക ക്ഷമതാ മിഷൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## നെയ്യാറ്റിൻകരയിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണം

135(3759) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊഴിയൂർ, നെയ്യാറ്റിൻകര നഗരസഭ എന്നീ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഡി.പി.ആർ. തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ടോ;

(സി) പൊഴിയൂർ സ്റ്റേഡിയം, നെയ്യാറ്റിൻകര നഗരസഭ സ്റ്റേഡിയം എന്നിവയുടെ ഡി.പി.ആർ. ലഭിച്ചിട്ടില്ലെങ്കിൽ ആയത് അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. സ്കൈൽ പദ്ധതി പ്രകാരം വിവിധ എം.എൽ.എ.-മാരിൽനിന്നും പഞ്ചായത്തുകളിൽനിന്നും നിരവധി പ്രൊപ്പോസലുകൾ ഉൾപ്പെടുന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

**യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾ**

136(3760) ശ്രീ. കെ. മുരളീധരൻ :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗത്തിനെതിരെയും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും യുവജന കമ്മീഷൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(സി) യുവജന കമ്മീഷന്റെ ഇതിനായുള്ള ബോധവൽക്കരണ പരിപാടികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) യുവാക്കളിൽ വർദ്ധിച്ചുവരുന്ന മദ്യം-മയക്കമരുന്ന് ദുരുപയോഗം, സൈബർ കുറ്റകൃത്യങ്ങൾ, കോളേജിലെ റാഗിംഗ് എന്നിവയ്ക്കെതിരെയും റോഡ് സുരക്ഷ, മാനസികാരോഗ്യം എന്നിവ സംബന്ധിച്ചും പ്രചരണ പരിപാടികൾ നടപ്പിലാക്കുന്നതിനുദ്ദേശിച്ച് സംസ്ഥാനത്തെ കോളേജുകളിലും യുവാക്കളുടെ പ്രാതിനിധ്യമുള്ള മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ എന്നിവിടങ്ങളിലും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. യുവാക്കളായ സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ദ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകി യൂത്ത് ഡിഫൻസ് ഫോഴ്സ് എന്ന പേരിൽ സന്നദ്ധ സേവകരുടെ ഒരു കൂട്ടായ്മ ഉണ്ടാക്കി ബോധവത്കരണ പ്രവർത്തനങ്ങളും മറ്റ് പരിപാടികളും നടത്തുന്നതിന് നിയോഗിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ ഏറ്റവും ദുർബല വിഭാഗത്തിൽപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പരിതാപകരമായ അവസ്ഥ കണക്കിലെടുത്ത് പ്രസ്തുത വിഭാഗക്കാരുടെ അവകാശങ്ങൾ, അവർക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, അവർക്ക് ബാധകമായിട്ടുള്ള നിയമങ്ങൾ തുടങ്ങിയ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ബോധവത്കരണ പരിപാടികൾ പട്ടികജാതി ആദിവാസി മേഖലകളിലും മറ്റ് പിന്നോക്ക വിഭാഗങ്ങൾ അധിവസിക്കുന്ന പ്രദേശങ്ങളിലും നടത്തിവരുന്നു.

മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ, റാഗിംഗ് എന്നിവയ്ക്കെതിരെ ശക്തമായ സന്ദേശം സംസ്ഥാനത്തെ വലിയൊരു വിഭാഗം യുവാക്കളിൽ എത്തിക്കുന്നതിന് മേൽപ്രകാരമുള്ള ബോധവത്കരണ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുള്ളതായി വിലയിരുത്തുന്നു.

**നാഷണൽ അഡ്വഞ്ചർ അക്കാഡമിയിലെ ക്രമക്കേടുകൾ**

137 (3761) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന നാഷണൽ അഡ്വഞ്ചർ അക്കാഡമിയിൽ വ്യാപക ക്രമക്കേടുകൾ നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, ഇതിനെതിരെ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇക്കാര്യം പരിശോധിച്ച് ക്രമക്കേടുകളുണ്ടെങ്കിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**യുവജനക്ഷേമ ബോർഡ് മുഖേനയുള്ള പദ്ധതികൾ**

138 (3762) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് എല്ലാ ഗ്രാമ പഞ്ചായത്തുകളിലുമായോ നിയോജകമണ്ഡല അടിസ്ഥാനത്തിലോ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; ഇതിന്റെ മാനദണ്ഡങ്ങളും മറ്റ് വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) ബോർഡിന്റെ നേതൃത്വത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; ഈ വർഷം ഇവിടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റ് പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ കേരളോത്സവം, ലഹരിവിരുദ്ധ ക്യാമ്പയിൻ, പരിസ്ഥിതി ദിനാചരണം, ജലസംരക്ഷണം തുടങ്ങിയ പദ്ധതികൾ എല്ലാ ഗ്രാമപഞ്ചായത്തുകളുമായോ നിയോജകമണ്ഡല അടിസ്ഥാനത്തിലോ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങളും വിശദാംശങ്ങളും താഴെ ചേർക്കുന്നു:

കേരളോത്സവം:

നഗരവാസികൾക്കൊപ്പംതന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാകായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവസരമൊരുക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് കേരളോത്സവം സംഘടിപ്പിക്കുന്നു. കേരളോത്സവം പ്രാഥമികതല മത്സരങ്ങൾ ഗ്രാമ/മുനിസിപ്പൽ/കോർപ്പറേഷൻ തലത്തിലും രണ്ടാംഘട്ടം ബ്ലോക്ക് തലത്തിലും മൂന്നാംഘട്ടം ജില്ലാതലത്തിലും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർ സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു. 2007 മുതൽ കേരളോത്സവത്തോടനുബന്ധിച്ച് കാർഷിക കലാമേളയും സംഘടിപ്പിച്ചു വരുന്നു. കേരളോത്സവത്തിൽ 57-ഇനം കലാമത്സരങ്ങളും 36-ഇനം കായിക മത്സരങ്ങളും 4-ഇനം കാർഷിക മത്സരങ്ങളും 7-ഇനം കളരിമത്സരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കലാമത്സരങ്ങളിലെ 18-ഇനങ്ങൾ മാത്രമാണ് ദേശീയ യുവജനോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളോത്സവ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, പ്രൈസ് മണി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കേരളോത്സവം സംഘടിപ്പിക്കുന്നതിന് ഗ്രാന്റും അനുവദിച്ചുവരുന്നു.

ഈ വർഷത്തെ കേരളോത്സവത്തോടനുബന്ധിച്ച് ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, സംസ്ഥാനം എന്നീ തലങ്ങളിൽ കലാ-കായിക മത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന ഓരോ ക്ലബ്ബിനും 5,000 രൂപ യുവജനക്ഷേമ ബോർഡ് ക്യാഷ് അവാർഡ് നൽകുന്നു. ജില്ലാതലത്തിൽ ഒന്നാം സ്ഥാനം, രണ്ടാം സ്ഥാനം യഥാക്രമം 5,000 രൂപ, 3,000 രൂപ വീതവും സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം ഒരു ലക്ഷം രൂപയും രണ്ടാം സ്ഥാനം 50,000 രൂപയും മൂന്നാം സ്ഥാനം 25,000 രൂപയും ക്ലബ്ബുകൾക്ക് നൽകുന്നു.

<u>ലഹരിവിരുദ്ധ ക്യാമ്പയിൻ:</u>

യുവതലമുറയെ ഗ്രസിച്ചിരിക്കുന്ന ലഹരി മരുന്നുകളുടെ ഉപയോഗത്തിൽനിന്നും ഘട്ടം ഘട്ടമായി മോചിപ്പിക്കുക, യുവാക്കളുടെ കർമ്മശേഷി നാടിന്റെ വികസന പ്രക്രിയകളിൽ വിനിയോഗിക്കുക എന്നീ ലക്ഷ്യം മുൻനിർത്തി 'യുവത്വകേരളം ലഹരി മുക്തം' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പുസാമ്പത്തിക വർഷത്തെ വജ്രയുവത്വം പദ്ധതിയിൻ കീഴിൽ 'യൂത്ത് കേരള എക്സ്പ്രസ്സ്' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി എക്സൈസ് വകുപ്പിന്റെ 'വിമുക്തി പദ്ധതി', ബിവറേജസ് കോർപ്പറേഷൻ പോലുള്ള മറ്റ് വിവിധ ഏജൻസികൾ എന്നിവരുടെകൂടി പങ്കാളിത്തത്തോടെയും ധനസഹായത്തോടെയും സംസ്ഥാനത്തുടനീളം വിപുലമായ ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിലെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നിയമിച്ചിട്ടുള്ള യൂത്ത് കോ-ഓർഡിനേറ്റർമാർ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽവരുന്ന യൂത്ത് ക്ലബ്ബുകളുമായി സഹകരിച്ച് ഓരോ പ്രദേശത്തെയും യുവാക്കളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് അതത് പ്രദേശത്ത് ഉതകുന്ന തരത്തിൽ ലഹരിവിരുദ്ധ പദ്ധതികൾ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ക്യാമ്പയിൻ സംഘടിപ്പിക്കുവാനുമാണ് തീരുമാനിച്ചിട്ടുള്ളത്. നിലവിൽ യൂത്ത് കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ സംസ്ഥാനത്തുടനീളം സർവ്വേകൾ നടന്നുവരുന്നു. ഇതോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ, ലഘുലേഖ വിതരണം, ഷോർട്ട്ഫിലിം ഡോക്യുമെന്ററി പ്രദർശനങ്ങൾ, ബൈക്ക്-സൈക്കിൾ റാലികൾ തുടങ്ങി യുവാക്കൾ ആകർഷിക്കുന്ന തരത്തിൽ ആകർഷകവും നൂതനങ്ങളുമായ പരിപാടികൾ ആവിഷ്കരിച്ച് സംസ്ഥാനത്തുടനീളം ലഹരിവിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതാണ്. കൂടാതെ, സംസ്ഥാനത്താകെ ഇപ്രകാരം മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന ക്ലബ്ബുകളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് അവാർഡുകളും ധനസഹായവും നൽകുന്നതിനും ദൃശ്യമാധ്യമത്തിലൂടെ യൂത്ത് കേരള എക്സ്പ്രസ്സ് എന്ന പേരിൽ ഒരു റിയാലിറ്റി ഷോ സംഘടിപ്പിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

<u>ജലസംരക്ഷണം:</u>

ജലസംരക്ഷണ പദ്ധതിക്ക് ജില്ലാ യുവജനകേന്ദ്രം മുഖേന താൽപ്പര്യമുള്ളതും അടിസ്ഥാന സൗകര്യങ്ങളുള്ളതുമായ ക്ലബ്ബുകളെയാണ് തിരഞ്ഞെടുക്കുന്നത്. ക്ലബ്ബുകൾ മുഖേന ജലസംരക്ഷണത്തിന്റെയും മഴവെള്ള സംഭരണത്തിന്റെയും പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, ജലഗുണനിലവാരം, കിണർ റീ ചാർജ്ജിംഗ് എന്നീ ആശയങ്ങൾ ബോധവൽക്കരണ പ്രവർത്തനങ്ങളിൽക്കൂടി പ്രചരിപ്പിക്കുന്നതാണ്. എല്ലാ ബ്ലോക്ക് പഞ്ചായത്തിലുമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. ബ്ലോക്കിനു കീഴിലുള്ള പഞ്ചായത്ത് യൂത്ത് സെന്ററുകൾ ഒരു ക്ലബ്ബിനെ ശിപാർശ ചെയ്യുന്നു. ക്ലാസ്സുകൾ നടത്തുവാൻ സൗകര്യമുള്ളതും പ്രവർത്തന പരിചയമുള്ള ക്ലബ്ബുകളെ തെരഞ്ഞെടുക്കുന്നു. അങ്ങനെ 152 ബ്ലോക്കുകളിലെ യൂത്ത് ക്ലബ്ബുകളെയാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുക്കുന്നത്. മാതൃകാ പദ്ധതി നടപ്പിലാക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ 12 ബ്ലോക്കുകളിലെ 50 ക്ലബ്ബുകളെയാണ് തെരഞ്ഞെടുക്കുന്നത്.

<u>ലോക പരിസ്ഥിതി ദിനം:</u>

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2017 ജൂൺ 5 മുതൽ 10 വരെ ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് സംസ്ഥാന വ്യാപകമായി വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. വൃക്ഷത്തൈനടൽ, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ, മഴക്കുഴിനിർമ്മാണം, പരിസ്ഥിതി ബോധവൽക്കരണ സെമിനാറുകൾ, ആശുപത്രികളുടെയും സ്കൂളുകളുടെയും ശുചീകരണം, പരിസ്ഥിതി സംരക്ഷണം മുൻനിർത്തിയുള്ള മറ്റ് വിവിധ പരിപാടികൾ എന്നിവ ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേനയും ക്ലബ്ബുകൾ മുഖേനയും സംഘടിപ്പിച്ചു.

2017 ജൂൺ 5-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ ഭാഗമായുള്ള സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഗവൺമെന്റ് ആർട്സ് കോളേജിൽ നടത്തി. സംസ്ഥാനതല പരിപാടിയുടെ ഭാഗമായി തിരുവനന്തപുരം തൈക്കാട് വാർഡിലെ 1000 വീടുകളിൽ

വെള്ളായണി കാർഷിക കോളേജിലെ വിദ്യാർത്ഥികൾ സർവ്വേ നടത്തുകയും ഓരോ വീടിനും ആവശ്യമായ ഫലവൃക്ഷതൈ സൗജന്യമായി വച്ചുപിടിപ്പിക്കുകയും ചെയ്തു. 3 വർഷക്കാലം ഈ വൃക്ഷത്തൈകളുടെ പരിപാലന കാർഷിക കോളേജ് വിദ്യാർത്ഥികൾ നിർവ്വഹിക്കുന്നതാണ്.

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഒരു യുവ അതിഥി മന്ദിരം നിർമ്മിക്കുന്നുണ്ട്.

## കേരളോത്സവത്തിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക പങ്കാളിത്തം

139(3763) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളോത്സവത്തിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക പങ്കാളിത്തം നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭിന്നശേഷിക്കാരുടെ വിവിധ സംഘടനകളുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരും യുവജനക്ഷേമ ബോർഡും ഇക്കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കലാ-കായിക രംഗങ്ങളിൽ മികവ് പുലർത്തുന്ന ഭിന്നശേഷിക്കാരെ കൂടി കേരളോത്സവത്തിൽ പങ്കെടുപ്പിക്കുവാൻ അനുകൂല നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) ഉണ്ട്. 2017-ലെ കേരളോത്സവവുമായി ബന്ധപ്പെട്ട നടപടികൾ ഇക്കഴിഞ്ഞ ഫെബ്രുവരി മാസം മുതൽ ആരംഭിച്ചുകഴിഞ്ഞ സാഹചര്യത്തിലും കേരളോത്സവം മാന്വൽ 2017-ന് അംഗീകാരം നൽകികഴിഞ്ഞ സാഹചര്യത്തിലും ഈ വർഷത്തെ കോരളോത്സവത്തിൽ ഭിന്നശേഷിക്കാരെ പ്രത്യേകമായി ഉൾപ്പെടുത്തുന്നതിന് പ്രായോഗിക വൈഷമ്യങ്ങളുണ്ട്. തുടർന്ന് വരുന്ന കേരളോത്സവ മത്സരങ്ങളിൽ ഭിന്നശേഷിക്കാർക്ക് അവസരം നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

## യുവജനങ്ങൾക്കായി മത്സരപരീക്ഷാ പരിശീലനം

140(3764) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

യുവജനങ്ങൾക്കായി ജില്ലകൾതോറും വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്ന പദ്ധതികൾ പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

കേരളത്തിലെ യുവജനങ്ങൾക്ക് സർക്കാർ ഉദ്യോഗം ലഭിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനായി കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എല്ലാ ജില്ലകളിലും പ്രീ-എക്സാമിനേഷൻ പി.എസ്.സി. പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. അടിസ്ഥാന സൗകര്യങ്ങളുള്ള യൂത്ത് ക്ലബ്ബുകൾ മുഖേനയാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നത്. എല്ലാ ജില്ലകളിലും 2 കേന്ദ്രം വീതം ആരംഭിക്കുന്നതാണ്. പദ്ധതി സംഘടിപ്പിക്കുന്നതിന് ഗ്രാമപ്രദേശങ്ങൾക്ക് ഊന്നൽ നൽകുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ 12 ബ്ലോക്കുകളിൽ സമീപമുള്ള രണ്ട് ബ്ലോക്കുകൾ സംയോജിപ്പിച്ച് 6 കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം മറ്റ് ജില്ലകളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

## സംസ്ഥാനത്തെ വൈദ്യുതോൽപ്പാദനം

141(3765) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പദ്ധതികളിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉല്പാദന ചെലവ് ഒരു യൂണിറ്റിന് നിലവിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുന്ന വൈദ്യുതിയുടെ എത്ര ശതമാനമാണ് പുറത്തു നിന്നും വാങ്ങുന്നത്; അത്തരത്തിൽ ഒരു യൂണിറ്റ് വൈദ്യുതിക്ക് എത്ര രൂപയാണ് നൽകുന്നത്എന്ന് വ്യക്തമാക്കാമോ;

(ഡി) കുറഞ്ഞ ചെലവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 ജൂലൈ മാസത്തിലേയും ആഗസ്റ്റ് മാസം 15-ാം തീയതി വരെയുള്ള സംസ്ഥാനത്തെ ഓരോ പദ്ധതിയിൽ നിന്നുമുള്ള പ്രതിദിന ശരാശരി ഉൽപ്പാദനത്തിന്റെ കണക്ക് വിവരങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു*.

(ബി) 2016-17 സാമ്പത്തിക വർഷത്തെ താൽക്കാലിക കണക്ക് പ്രകാരം പ്രസ്തുത വർഷത്തിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് ഒരു യൂണിറ്റിന് 87 പൈസയാണ്.

---

* ലൈബ്രറികൾ വച്ചിട്ടുണ്ട്.

(സി) 2017 ജൂലൈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ 76.97 ശതമാനം പുറത്തുനിന്ന് വാങ്ങിയിട്ടുണ്ട്. 2017 ആഗസ്റ്റ് 15 വരെയുള്ള കണക്ക് പ്രകാരം 72.85% വൈദ്യുതി പുറത്തുനിന്നും വാങ്ങുന്നുണ്ട്.

2017 ജൂലൈ മാസത്തിൽ പവർ എക്സ്ചേഞ്ചിൽനിന്നും 94.20 ദശലക്ഷം യൂണിറ്റ് വൈദ്യുതി ശരാശരി 3.51 രൂപനിരക്കിൽ വാങ്ങിയിട്ടുണ്ട്. 2017 ആഗസ്റ്റ് 15-ാം തീയതി വരെയുള്ള കണക്ക് പ്രകാരം 75.51 ദശലക്ഷം യൂണിറ്റ് വൈദ്യുതി 3.41 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്.

(ഡി) ജലവൈദ്യുത പദ്ധതികൾക്ക് മുൻഗണന നൽകി നടപ്പിലാക്കുവാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ നിർമ്മാണം പുരോഗമിക്കുന്ന 9 പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നത് വഴി 165 മെഗാവാട്ടും പുതിയ 16 പദ്ധതികൾ വഴി 156.5 മെഗാവാട്ടിന്റെ സ്ഥാപിതശേഷി വർദ്ധനവും പ്രതീക്ഷിക്കുന്നു. വിശദവിവരം അനുബന്ധം 2, 3 ആയി ചേർത്തിരിക്കുന്നു*.

പാരമ്പര്യേതര വൈദ്യുത പദ്ധതികൾ മത്സരാധിഷ്ഠിത ദർഘാസ് വഴി ചെലവ് കുറച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു.

## കെ.എസ്.ഇ.ബി. മീറ്റർ റീഡർ തസ്തിക

142(3766) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-യിൽ മീറ്റർ റീഡർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെങ്കിൽ ആയതിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള ആധുനികവത്കരണ നടപടികളുടെ ഭാഗമായി മീറ്റർ റീഡർ അടക്കമുള്ള ജീവനക്കാരുടെ ജോലിഭാരത്തിൽ വലിയ വ്യത്യാസം വന്നിട്ടുണ്ട്. ബില്ലിംഗിനായി പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് (PDA) നടപ്പാക്കിയതും സ്മാർട്ട് മീറ്റർ വിന്യസിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതും ജോലിഭാരത്തിൽ വരുത്തിയിട്ടുള്ള വ്യത്യാസം പരിശോധിച്ച് ബോർഡിൽ എത്ര മീറ്റർ റീഡർമാർ ആവശ്യമുണ്ടാകുമെന്നത് തിട്ടപ്പെടുത്തി വരികയാണ്. ഇക്കാര്യങ്ങൾകൂടി പരിഗണിച്ചശേഷം മാത്രമേ കൃത്യമായി എത്ര ഒഴിവുകൾ മീറ്റർ റീഡർ തസ്തികയിലുണ്ടെന്ന് ബോർഡ് തീരുമാനമാകുകയുള്ളൂ. ഇത്തരത്തിൽ ഒഴിവുകളുണ്ടെന്ന് കണ്ടെത്തുന്ന മുറയ്ക്ക് അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതാണ്.

---

* ലൈബ്രറികൾ വച്ചിട്ടുണ്ട്.

## പമ്പാവാലിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസർ

143(3767) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുനാട് പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ പമ്പാവാലിയും, എരുമേലി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ മുക്കൂട്ടുതറ, മുട്ടപ്പലം, എയ്ഞ്ചൽ വാലി പ്രദേശങ്ങളുമുൾപ്പെടുത്തി ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ;

(ബി) എരുമേലി ഇലക്ട്രിക്കൽ സെക്ഷൻ പരിധി വളരെ വിശാലമായത് കാരണവും ജീവനക്കാരുടെ അപര്യാപ്തതമൂലവും മലയോര മേഖലയിലെ ജനങ്ങൾക്ക് വൈദ്യുതി മുടക്കം അടക്കമുള്ള വിഷയങ്ങൾ സമയബന്ധിതമായി പരിഹരിച്ചുകിട്ടുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രശ്നങ്ങൾക്ക് പരിഹാരമാകുംവിധം പമ്പാവാലി കേന്ദ്രീകരിച്ച് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള എരുമേലി ഇലക്ട്രിക്കൽ സെക്ഷൻ വിഭജിച്ച് എരുമേലി സെക്ഷന്റെ കിഴക്കൻ മേഖലയിലെ പ്രദേശങ്ങൾ ഉൾപ്പെടുത്തി കണമല/മുക്കൂട്ടുത്തറ കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. പമ്പാവാലി കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസലൊന്നും നിലവിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോ മീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ ഓഫീസുകൾ അനുവദിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ കണമല/ മുക്കൂട്ടുത്തറ/പമ്പാവാലി കേന്ദ്രീകരിച്ച് പുതിയ സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കി വരുന്നു.

## വിദ്യുച്ഛക്തി സ്വയംപര്യാപ്തത

144(3768) ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മൊത്തം വിദ്യുച്ഛക്തി ആവശ്യകത എത്രയാണ്; ഇതിൽ എത്രയാണ് സംസ്ഥാനം സ്വന്തമായി ഉത്പാദിപ്പിക്കുന്നത്; എത്രയാണ് മറ്റു സംസ്ഥാനങ്ങളിൽനിന്നും വാങ്ങുന്നത്;

(ബി) സംസ്ഥാനത്തിന്റെ വിദ്യുച്ഛക്തി സ്വയംപര്യാപ്തത സംബന്ധിച്ച് എന്തൊക്കെ കാര്യങ്ങളാണ് സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(സി) പരമ്പരാഗത ഊർജ്ജസ്രോതസുകളിൽനിന്ന് എത്ര വിദ്യുച്ഛക്തി ലഭ്യമാക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്?

### ഉത്തരം

(എ) 2017 ആഗസ്റ്റ് മാസത്തെ (ആഗസ്റ്റ് 15 തീയതി വരെയുള്ള കണക്ക് അനുസരിച്ച്) പ്രതിദിന ശരാശരി ഉപഭോഗം/ആവശ്യകത 64.8244 ദശലക്ഷം യൂണിറ്റാണ്. ഇതിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പ്രതിദിന ശരാശരി വൈദ്യുതി 17.5432 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്ത് പുറത്തുനിന്ന് കേന്ദ്രവിഹിതം ഉൾപ്പെടെ പ്രതിദിന ശരാശരി 47.2812 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നുണ്ട്. (കേന്ദ്ര വിഹിതം 23.833 ദശലക്ഷം യൂണിറ്റ്).

(ബി) വൈദ്യുതി സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നിലവിൽ നിർമ്മാണം നടന്നുവരുന്ന '9' ജലവൈദ്യുത പദ്ധതികൾ (ആകെ 165 MW) സമയബന്ധിതമായി പൂർത്തിയാക്കുകയും കൂടാതെ 16 പുതിയ ജലവൈദ്യുത പദ്ധതികൾ (ആകെ 156.5 MW) നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉൽപ്പാദനം ലക്ഷ്യമിട്ട് സംസ്ഥാനത്താകെ സൗരോർജ്ജത്തിൽനിന്നും 90 MW കാറ്റിൽ നിന്നും 59.275 MW ഉം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ പദ്ധതി പ്രകാരം 2022 ഓടുകൂടി 1000 MW-ന്റെ സോളാർ പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. വിഭാവനം ചെയ്ത സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| കാസർഗോഡ് സോളാർ പാർക്ക് (36 MW ചാർജ്ജ് ചെയ്തു.) | 164 MW |
| ചീമേനി സോളാർ പാർക്ക് | 200 MW |
| NTPC | 175 MW |
| മറ്റ് ഉപഭോക്താക്കൾ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, കൊച്ചി മെട്രോ റെയിൽ | 371 MW |
| പൂർത്തീകരിച്ചത് | 90 MW |
| ആകെ | 1000 MW |

കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 6.125 MW-ന്റെ പദ്ധതികളും സ്വകാര്യ വ്യക്തികൾ 112 MW-ന്റെ പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

കേരള ചെറുകിട ജലവൈദ്യുതി പദ്ധതി നയപ്രകാരം സ്വകാര്യ മേഖലയിലൂടെ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുതി പദ്ധതികൾ അനുവദിച്ച് 'BOOT' അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നുണ്ട്. സ്വന്തം സ്ഥലത്തിലേയ്ക്ക് പദ്ധതിയാണെങ്കിൽ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട കുറഞ്ഞ പ്രീമിയം അടച്ച് (₹ 15 lakh/MW) സർക്കാർ നിബന്ധനകളോടെ ചെറുകിട ജലവൈദ്യുതി പദ്ധതികൾ നടപ്പിലാക്കുവാൻ പ്രോത്സാഹനം നൽകുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക് സോളാർവിന്റ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകാൻ പദ്ധതിയുണ്ട്.

(സി) പരമ്പരാഗത ഊർജ്ജസ്രോതസ്സുകളിൽനിന്നും ലക്ഷ്യമിടുന്ന പദ്ധതികളുടെ വിവരം അനുബന്ധം I&II ആയി ചേർക്കുന്നു*. ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ സ്വകാര്യ മേഖലയുടെ സഹകരണത്തോടുകൂടി ഈ വർഷത്തോടുകൂടി ആകെ 295 MW സ്ഥാപിതശേഷി ചെറുകിട ജലവൈദ്യുത മേഖലകളിൽ കൈവരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇപ്പോൾ ഏകദേശം 200 MW-ന്റെ പദ്ധതികൾ ചെറുകിട ജലവൈദ്യുത മേഖലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

* ലൈബ്രറികൾ വച്ചിട്ടുണ്ട്.

## ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികകളിലെ ഒഴിവുകൾ

145(3769) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ തിരുവനന്തപുരം ജില്ലയിൽ ഇലക്ട്രിസിറ്റി വർക്കർ/മസ്ദൂർ തസ്തികയിലേക്ക് പി.എസ്.സി. എത്ര പേർക്കാണ് അഡ്വൈസ് മെമ്മോ നൽകിയത്, വിശദമാക്കുമോ;

(ബി) അഡ്വൈസ്ചെയ്ത എല്ലാവരെയും നിയമിക്കാൻ താമസിക്കുന്നതിന്റെ കാരണം എന്താണ്; നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ,വിശദാംശങ്ങൾ എന്തെല്ലാം;

(സി) അഡ്വൈസ് നൽകിയതിൽ എത്രപേരെ നിയമിച്ചിട്ടുണ്ട്; ബാക്കിയുള്ള മുഴുവൻപേർക്കും നിയമനം നൽകാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 24-10-2013 മുതൽ നാളിതുവരെയായിട്ട് 450 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്. ഇതിൽ 50 പേർക്ക് 2017-ലാണ് അഡ്വൈസ് നൽകിയിട്ടുള്ളത്.

(ബി) ഏറ്റവും ഒടുവിൽ 5-1-2017-ൽ അഡ്വൈസ് മെമ്മോ ലഭിച്ച 50 പേരിൽ ഒരാൾക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ 4 പേരുടെ നിയമന ഉത്തരവ് നൽകുന്ന നടപടികൾ പൂർത്തിയായി വരുന്നു. ഭാവിയിൽ ഉണ്ടാകുന്ന പ്രൊമോഷൻ, വിരമിക്കൽ, മറ്റ് കാരണങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കിയാണ് ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തത്. പൂർണ്ണമായും പ്രസ്തുത തസ്തികയിൽ ഒഴിവുകൾ ഉണ്ടാകാത്തതിനാൽ മുഴുവൻ ഉദ്യോഗാർത്ഥികൾക്കും നിയമനം നൽകാൻ കഴിഞ്ഞിട്ടില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്. മറ്റ് തടസ്സങ്ങളൊന്നും തന്നെയില്ല.

(സി) 2013 മുതൽ നാളിതുവരെയായിട്ട് 401 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 4 പേരുടെ നിയമന ഉത്തരവ് നൽകുന്ന നടപടികൾ പൂർത്തിയായി വരുന്നു. മറ്റുള്ള ഉദ്യോഗാർത്ഥികൾക്ക് ഒഴിവുകളുണ്ടാകുന്നമുറയ്ക്ക് നിയമനം നൽകുന്നതാണ്.

## കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകൾ

146(3770) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പൊതുഉത്തരവുണ്ടായിട്ടും കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവൽക്കരണ നടപടിയുടെയും PDA (Personal Digital Assistant) അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലിഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ കാഷർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകു എന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മേൽനടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ നികത്തുന്നതിനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുള്ളത്.

## കെ.എസ്.ഇ.ബി. ജീവനക്കാരുടെ തെറ്റായ നടപടികൾ

147(3771) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും പ്രദേശത്ത് വൈദ്യുതിബന്ധം നിലയ്ക്കുന്ന സാഹചര്യത്തിൽ പ്രത്യേകിച്ചും രാത്രികാലങ്ങളിൽ ബന്ധപ്പെട്ട കെ.എസ്.ഇ.ബി. ഓഫീസുകളിലെ ഫോൺ വിച്ഛേദിക്കുകയോ എൻഗേജ്ഡ് ആക്കി വയ്ക്കുകയോ ചെയ്യുന്ന ജീവനക്കാരുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ട്രാൻസ്ഫോമറിന്റെ ഫ്യൂസ് പോകുകയോ 11 കെ.വി. ഫീഡർ ഫാൾട്ട് ആകുകയോ ചെയ്യുമ്പോൾ വൈദ്യുതിതടസ്സം കൂടുതൽ ഉപഭോക്താക്കളെ ബാധിക്കുന്നതാണ്. ഈ സാഹചര്യത്തിൽ പല ഉണഭോക്താക്കളിൽനിന്ന് ഓഫീസ് ഫോണിലേയ്ക്ക് ഒരേസമയം കോളുകൾ വരുന്നതുമൂലം ഫോൺ എൻഗേജ്ഡ് ആകുന്നുണ്ട്. ഈ അവസരങ്ങളിൽ സെക്ഷൻ ഓഫീസിൽ ഫോൺ വിളിച്ചാൽ കിട്ടാത്ത സാഹചര്യങ്ങൾ ഉപഭോക്താവിന് ഉണ്ടാകാൻ സാധ്യതയുണ്ട്. ഇത്തരം സാഹര്യത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ 'Customer Care Centre' നമ്പറായ 1912-ൽ ബന്ധപ്പെടാവുന്നതാണ്.

മനഃപൂർവ്വം ഫോൺ മാറ്റിവച്ചിരിക്കുന്നതായുള്ള പരാതികൾ ലഭിക്കാറുണ്ട്. ഇതിന്മേൽ അന്വേഷണം നടത്തുകയും വസ്തുതകളുള്ള പരാതികളിൽ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

## കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനം

148(3772) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിനുകീഴിലുള്ള ഇ.എച്ച്.റ്റി. സബ് സ്റ്റേഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ (ഷിഫ്റ്റ് ഓപ്പറേറ്റർ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നൽകി വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത നിയമനങ്ങളുടെ നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനങ്ങൾ/വർക്ക് കോൺട്രാക്ട് നൽകാറുണ്ടോ; ഇങ്ങനെ വർക്ക് കോൺട്രാക്ട് കൊടുക്കുന്നത് നിലവിൽ പ്രാബല്യത്തിൽ ഉള്ള ഏതെങ്കിലും നിയമം/ബോർഡ് ഓർഡർ വഴി ആണോ; എങ്കിൽ ആ നിയമം/ബോർഡ് ഓർഡറിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) എത്ര ഇ.എച്ച്.റ്റി. സബ് സ്റ്റേഷനുകളിലാണ് പ്രസ്തുത തസ്തികയിൽ താൽക്കാലിക നിയമനങ്ങൾ/വർക്ക് കോൺട്രാക്ട് നൽകാറുള്ളത്; 400 K.V. , മേജർ 220 K.V., മൈനർ 220 K.V., 110 K.V., 66 K.V., എന്നിങ്ങനെ തരംതിരിച്ചുള്ള എണ്ണം നൽകാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രവൃത്തികളാണ് കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകാറുള്ളത്. താൽക്കാലിക നിയമനങ്ങൾ നൽകാറില്ല.

(സി) സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ മാത്രമേ പ്രവൃത്തികൾ ആവശ്യാനുസരണം കോൺട്രാക്ട് നൽകാറുള്ളൂ.

## കെ.എസ്.ഇ.ബി.-യിലെ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ ഒഴിവുകൾ

149(3773) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ;

(ബി) പ്രസ്തുത ഒഴിവുകളിൽ വകുപ്പിലെ താഴ്ന്ന തസ്തികയിലുള്ള ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ ഏതൊക്കെ തസ്തികളിൽ നിന്നാണ് നിയോഗിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) വൈദ്യുതി ബോർഡിൽ നടപ്പാക്കിയിട്ടുള്ള കമ്പ്യൂട്ടർ അധിഷ്ഠിത ബില്ലിംഗ് അടക്കമുള്ള ആധുനികവൽക്കരണ നടപടിയുടെയും പി.ഡി.എ. അടക്കമുള്ള ബില്ലിംഗ് സംവിധാനങ്ങളുടെയും ഭാഗമായി ജീവനക്കാരുടെ ജോലിഭാരത്തിൽ വലിയ വ്യത്യാസമുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് വിവിധ വിഭാഗം ജീവനക്കാരുടെ സേവനം ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ നടക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ക്യാഷർ/ജൂനിയർ അസിസ്റ്റന്റ് തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ടാകുമെന്നത് തിട്ടപ്പെടുത്താൻ കഴിയൂ. ഇങ്ങനെ തിട്ടപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുന്ന ഒഴിവുകൾ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയൂ. ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് സർക്കാരിൽനിന്നും നിർദ്ദേശം ലഭിച്ചിട്ടുണ്ട്. മേൽ നടപടികളുടെ ഭാഗമായി കണ്ടെത്തുന്ന ഒഴിവുകൾ നികത്തുന്നതിനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്. താൽക്കാലികമായും ട്രെയിനിമാരായും മറ്റ് തസ്തികയിൽ നിയമിച്ചിട്ടുള്ളവരുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

താൽക്കാലികം:

| | | |
|---|---|---|
| ലൈൻമാൻ ഗ്രേഡ് II | - | 1 |
| ലൈൻമാൻ ഗ്രേഡ് I | - | 1 |
| മീറ്റർ റീഡർ | - | 7 |
| ഓവർസിയർ | - | 14 |
| സൂപ്രണ്ട് | - | 7 |

ട്രെയിനി:

| | | |
|---|---|---|
| ലൈൻമാൻ ഗ്രേഡ് II | - | 112 |
| ലൈൻമാൻ ഗ്രേഡ് I | - | 258 |
| മസ്ദൂർ | - | 65 |
| ഓഫീസ് അറ്റൻഡന്റ് ഗ്രഡ് II | - | 52 |
| ഓഫീസ് അറ്റൻഡന്റ് ഗ്രഡ് I | - | 37 |
| സീനിയർ ഓഫീസ് അറ്റൻഡന്റ് | - | 27 |

## കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾ

150(3774) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിലെ വിവിധ പ്രൊമോഷൻ തസ്തികകളിലേതടക്കമുള്ള ഒഴിവുകൾ റെഗുലറൈസ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ബി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ എത്ര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകൾ റെഗുലറൈസ് ചെയ്യുവാനുണ്ട് എന്നും ഇതിനുള്ള കാലതാമസത്തിന് കാരണവും വിശദമാക്കുമോ;

(സി) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികകളിൽ ഇപ്പോൾ ഒഴിവുകൾ നിലവിലുണ്ടോ; വിശദ വിവരം നൽകുമോ;

(ഡി) കെ.എസ്.ഇ.ബി ലിമിറ്റഡിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനുള്ള എത്ര അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) ഒഴിവുകൾ ഉണ്ട്; ഇത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദ വിവരം നൽകുമോ?

### ഉത്തരം

(എ) വിവിധ പ്രൊമോഷൻ തസ്തികകളിലേതടക്കം നിലവിൽവരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പ്രൊമോഷൻ നൽകേണ്ട ഒഴിവുകൾ പ്രൊമോഷൻ നൽകിയുമാണ് ഒഴിവുകൾ റെഗുലറൈസ് ചെയ്യുന്നത്. കോടതി ഉത്തരവുകളും ഗവൺമെന്റ് ഉത്തരവുകളും നിലനിൽക്കുന്നതിനാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ പ്രൊമോഷൻ നൽകുന്നതിന് താമസം നേരിട്ടിട്ടുണ്ട്.

(ബി) 124 എണ്ണം തസ്തികകൾ റെഗുലറൈസ് ചെയ്യാനുണ്ട്. ഇതുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെന്ന് ഓഫീസർ സംഘടനകൾ ആവശ്യപ്പെട്ടതിനാൽ അതുമായി ബന്ധപ്പെട്ട ചർച്ചകൾ പൂർത്തിയായിട്ടില്ല. ഇതുകാരണം തസ്തികകൾ റെഗുലറൈസ് ചെയ്യാൻ കാലതാമസം വന്നിട്ടുണ്ട്.

(സി) നിലവിൽ ഒഴിവുകളില്ല.

(ഡി) 40 ശതമാനം പി.എസ്.സി. ക്വാട്ടയിൽ 14-ഉം 10 ശതമാനം ട്രാൻസ്ഫർ അപ്പോയ്മെന്റുകൾ വഴിയുള്ള ക്വാട്ടയിൽ 2-ഉം ഒഴിവുകളുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

151(3775) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ പുതിയതായി ആരംഭിച്ച വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഏതെല്ലാം; വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിൽ കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള ശിപാർശ വൈദ്യുതി ബോർഡിന്റെ പരിഗണനയിൽ ഉണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി സെക്ഷൻ ഓഫീസുകളൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെകാലത്ത് അനുവദിച്ച 31 ഇലക്ട്രിക്കൽ സെക്ഷനുകളിൽ 14 സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്താണ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. 8 സെക്ഷൻ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കാൻ ബാക്കിയുണ്ട്.

(ബി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോ മീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പെരുമ്പുഴ, എഴുകോൺ എന്നീ സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളെ ഉൾപ്പെടുത്തി നിലവിലുള്ള കുഴിമതിക്കാട് സബ് എഞ്ചിനീയർ ഓഫീസ് സെക്ഷൻ ഓഫീസറായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ ഓഫീസുകൾ അനുവദിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽ കുഴിമതിക്കാട് കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നത് നിലവിൽ പരിഗണനയിലില്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കസ്റ്റമർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിനും നിലവിലുള്ള സെക്ഷൻ ഓഫീസുകൾ പുനഃക്രമീകരിച്ച് സേവനം മെച്ചപ്പെടുത്തുന്നതിനുമാണ് ബോർഡ് മുൻഗണന നൽകുന്നത്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കിവരുന്നു.

## കേടായ ഇലക്ട്രിക് മീറ്ററുകൾ

152(3776) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇലക്ട്രിക് മീറ്റർ ശരിയായി പ്രവർത്തിക്കാത്തതുമൂലം റീഡിംഗ് കൃത്യമായി രേഖപ്പെടുത്താതിനാൽ KSEB-ക്ക് സാമ്പത്തികനഷ്ടം ഉണ്ടാകുന്ന സാഹചര്യത്തിൽ ഇത്തരം മീറ്ററുകൾക്ക് പകരം ഗുണമേന്മയുള്ള മീറ്ററുകൾ വില ഈടാക്കിക്കൊണ്ട് കെ.എസ്.ഇ.ബി. തന്നെ മാറ്റിക്കൊടുക്കുന്ന രീതി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സപ്ലൈ കോഡ് 2014 പ്രകാരം മീറ്റർ നിലച്ച് പോവുകയോ കൃത്യമായ ഉപഭോഗം രേഖപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ മീറ്റർ കേടാകുന്നതിന് തൊട്ടുമുമ്പുള്ള മൂന്ന് ബില്ലിംഗ് സൈക്കിളിലെ ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്ത് ഉപഭോക്താക്കളിൽനിന്നും വൈദ്യുതി ചാർജ്ജ് ഈടാക്കി വരുന്നു. മുൻ ശരാശരി കണക്കാക്കാൻ കഴിയാതെ വരുമ്പോൾ മീറ്റർ മാറ്റി വച്ചശേഷം തുടർന്നുള്ള മൂന്ന് ബില്ലിംഗ് സൈക്കിളിലെ ഉപഭോഗം കണക്കിലെടുത്ത് ബിൽ നൽകി ഉപഭോക്താക്കളിൽനിന്നും തുക ഈടാക്കുന്നു. മീറ്റർ കേടായ സാഹചര്യങ്ങളിൽ ഇപ്രകാരം ശരാശരി ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ ബിൽ ചെയ്യുന്നതിനാൽ ബോർഡിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്നതായി കണക്കാക്കുന്നില്ല. എന്നിരുന്നാലും കേടായ മീറ്ററുകൾക്ക് പകരം ഗുണമേന്മയുള്ള മീറ്ററുകൾ സ്ഥാപിക്കാനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു. 15.56 ലക്ഷം സിംഗിൾ ഫേസ് എനർജി മീറ്ററുകളും 70000 ത്രീ ഫേസ് മീറ്ററുകളും ബോർഡ് വാങ്ങുന്നതിനും കേടായ മീറ്ററുകൾ ഉടൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഫീൽഡ് ഓഫീസുകളിലേയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്.

## കക്കയം-ബാണാസുരസാഗർ-പെരുവണ്ണാമൂഴി ഹൈഡൽ ടൂറിസം പദ്ധതി

153(3777) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം-ബാണാസുരസാഗർ-പെരുവണ്ണാമൂഴി ഹൈഡൽ ടൂറിസം വികസനത്തിന് 300 കോടി രൂപ ധനമന്ത്രി പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചില സാങ്കേതിക കാരണങ്ങളാൽ താമസം നേരിട്ടിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് ഒരു ഏജൻസിയെയും ചുമതലപ്പെടുത്തിയിട്ടില്ല.

**ഹൈഡൽ ടൂറിസം**

154(3778) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനായി നടപ്പിലാക്കിയിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഹൈഡൽ ടൂറിസം സെന്ററുകളെ വൈദ്യുതി ബോർഡിന്റെ ഒരു സബ്സിഡിയറി കമ്പനിയായി പുനഃസംഘടിപ്പിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) കുളമാവ്, ഇടമലയാർ, ഷോളയാർ, ബാരാപ്പോൾ തുടങ്ങിയ ടൂറിസം കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

**ഊർജ്ജ സംരക്ഷണം**

155(3779) ശ്രീ. പി. കെ. ശശി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. പി. വി. അൻവർ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ഉപഭോഗം പരമാവധി കുറച്ചുകൊണ്ടുള്ള ഊർജ്ജ സംരക്ഷണത്തിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) ഉപഭോക്താക്കൾക്ക് കാര്യക്ഷമതയുള്ള വൈദ്യുതോപകരണങ്ങൾ, എൽ.ഇ.ഡി.-ബൾബുകൾ എന്നിവ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ) വൈദ്യുതി പ്രതിസന്ധി രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഊർജ്ജ സംരക്ഷണത്തിനായി കെ.എസ്.ഇ.ബി. താഴെപ്പറയുന്ന നൂതന പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു:

1. സി.എഫ്.എൽ./സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽയഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിയും ആലോചനയിലാണ്.

2. വൈദ്യുതി ബോർഡിന്റെ കെട്ടിടങ്ങളിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിക്കുന്നു.

3. കുടിവെള്ള പദ്ധതികളിലെ പഴയതും ഊർജ്ജ ക്ഷമതയില്ലാത്തതുമായ പമ്പിംഗ് സംവിധാനം മാറ്റി ഊർജ്ജക്ഷമതയുള്ള സംവിധാനം സ്ഥാപിക്കുന്ന പദ്ധതി.

4. സംസ്ഥാനത്ത് സൗരോർജ്ജം ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ ആവശ്യങ്ങൾക്കായി ജലം ചൂടാക്കുന്നതിന് വൈദ്യുതി, ഫോസിൽ, ഇന്ധനങ്ങൾ മുതലായവ ഒഴിവാക്കി പരിസ്ഥിതി സൗഹൃദപരമായ സൗരോർജ്ജം ഉപയോഗപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഇ.ബി.എൽ.-ന്റെ 41 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലെയും ഇലക്ട്രിക് ഗീസറുകൾ മാറ്റി സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ഒന്നാം ഘട്ടമായി 24 ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ സോളാർ വാട്ടർ ഹീറ്റർ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

   കൂടാതെ കെട്ടിടങ്ങൾ ഊർജ്ജകാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെയും ഊർജ്ജസംരക്ഷണ നിയമവകുപ്പനുസരിച്ചും സംസ്ഥാന ഊർജ്ജ സംരക്ഷണ ബിൽഡിംഗ് കോഡ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

   ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങൾ പണിയുന്നതിനായി ബിൽഡിംഗ് കോഡനുസരിച്ചുള്ള പ്രാഥമിക നടപടികൾ എനർജി മാനേജ്മെന്റ് സെന്റർ പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് സ്വീകരിച്ചിട്ടുണ്ട്. സർക്കാർ കെട്ടിടങ്ങൾ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിന് സിവിൽ സ്റ്റേഷനുകൾ, ഹോസ്പിറ്റലുകൾ, മറ്റ് കെട്ടിടങ്ങൾ എന്നിവിടങ്ങൾ മുഖേന ഓഡിറ്റ് നടത്തി റിപ്പോർട്ട് നടപ്പിലാക്കിവരുന്നു.

   മാതൃകാ ഊർജ്ജകാര്യക്ഷമ പഞ്ചായത്തുകൾ എന്ന ആശയത്തോടുകൂടി തെരഞ്ഞെടുത്ത പഞ്ചായത്തുകൾ ഊർജ്ജ കാര്യക്ഷമമാക്കുന്നതിന് ഇ.എം.സി. (എനർജി മാനേജ്മെന്റ് സെന്റർ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ ഒരു കോടിയിലേറെ ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കിയുള്ള ബൾബുകളുടെ വിതരണത്തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സോളാർ വാട്ടർ ഹീറ്ററുകൾ വ്യാപകമാക്കാൻ നടപടി

156(3780) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനെർട്ട് മുഖേന സബ്സിഡിയോടുകൂടി സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിച്ചു നൽകുന്ന പദ്ധതി ഏത് ഘട്ടം വരെയായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നിലവിൽ വന്നതെന്നാണ് എന്നറിയിക്കുമോ; ഇത് ഫലപ്രദമായി പ്രാവർത്തികമാക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലൂടെ വൈദ്യുതി ഉപഭോഗത്തിൽ ഏകദേശം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഈ പദ്ധതി നടപ്പിലാക്കിയ ഇടങ്ങളിൽ വൈദ്യുതി ഉപഭോഗത്തിൽ കുറവുണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സർക്കാർ അതിഥി മന്ദിരങ്ങളിലും സ്വകാര്യ പാർപ്പിട സമുച്ചയങ്ങളിലും ഹോട്ടലുകളിലും സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രോത്സാഹനം ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് അനെർട്ട് മുഖേന 2011-12 വർഷം മുതൽ 2016-17 വർഷം വരെ തുടർച്ചയായി സോളാർ വാട്ടർ ഹീറ്ററുകൾ സ്ഥാപിക്കുന്ന ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകി വരുന്നുണ്ടായിരുന്നു. അനെർട്ടിൽ രജിസ്റ്റർ ചെയ്ത് നിലവിലെ മാനദണ്ഡപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ സ്ഥാപിക്കുന്ന സോളാർ

വാട്ടർ ഹീറ്ററുകൾക്കാണ് സബ്സിഡി അനുവദിച്ചിരുന്നത്. ഒരു ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള സോളാർ കളക്ടറിന് 2,000 രൂപ എന്ന നിരക്കിലാണ് സബ്സിഡി അനുവദിച്ചിരുന്നത്. സബ്സിഡി ആനുകൂല്യം നൽകാതെതന്നെ ആവശ്യമുള്ള വ്യക്തികളും സ്ഥാപനങ്ങളും സോളാർ വാട്ടർ ഹീറ്ററുകൾ വ്യാപകമായി സ്ഥാപിച്ച് തുടങ്ങിയ ശേഷം 2017-18 മുതൽ സോളാർ വാട്ടർ ഹീറ്ററുകളുടെ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുന്ന പദ്ധതി അവസാനിപ്പിച്ചു.

എന്നാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സോളാർ വാട്ടർ ഹീറ്ററിന്റെ അടിസ്ഥാന വിലയുടെ 15 ശതമാനം എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും സബ്സിഡിയായി ആവശ്യാനുസരണം അനുവദിക്കാൻ തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 2-6-2017-ലെ ഡി.എ. 1/244/2017 ത.സ്വ.ഭ.വ. നമ്പർ സർക്കുലർ മുഖേന മാർഗ്ഗനിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സോളാർ വാട്ടർ ഹീറ്ററുകൾക്ക് 2011-12 വർഷം മുതലാണ് തുടർച്ചയായി സംസ്ഥാന സർക്കാർ സബ്സിഡി നൽകാൻ തുടങ്ങിയത്. കേന്ദ്ര നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള ചാനൽ പാർട്ട്ണർമാർ വഴി സ്ഥാപിച്ച് നൽകുന്ന സോളാർ വാട്ടർ ഹീറ്ററുകൾക്കായിരുന്നു സബ്സിഡി നൽകിയിരുന്നത്. ഈ പദ്ധതി വളരെ ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞതിനെ തുടർന്ന് സോളാർ വാട്ടർ ഹീറ്ററിന്റെ ഉപയോഗം സംസ്ഥാനത്ത് വ്യാപകമാകുകയുണ്ടായി. പ്രസരണ വൈദ്യുതി ഗണ്യമായി ലാഭിക്കാൻ കഴിയുന്നതും താരതമ്യേന പരിപാലന ചെലവ് കുറവായതും സോളാർ വാട്ടർ ഹീറ്ററുകൾ സബ്സിഡിയില്ലാതെതന്നെ പൊതുജനങ്ങൾ സ്വീകരിക്കുന്ന നിലയിലേയ്ക്ക് എത്തിക്കഴിഞ്ഞു.

2015-16 സാമ്പത്തിക വർഷം $9064m^2$ സോളാർ കളക്ടർ വിസ്തൃതിയുള്ള പ്രതിദിനം 6.04 ലക്ഷം ലിറ്റർ ചൂടുവെള്ളം ലഭ്യമാക്കാൻ കഴിയുന്ന സോളാർ വാട്ടർ ഹീറ്ററുകൾ സബ്സിഡിയോടെ സ്ഥാപിച്ചുനൽകി. 2016-17-ൽ $9353m^2$ സോളാർ കളക്ടർ വിസ്തൃതിയുള്ള 6.24 ലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള സോളാർ വാട്ടർ ഹീറ്ററുകളാണ് സ്ഥാപിച്ച് നൽകിയത്.

(സി) 2016-17 വർഷം സ്ഥാപിച്ച 6.24 ലക്ഷം ലിറ്റർ ശേഷിയുള്ള സോളാർ വാട്ടർ ഹീറ്ററുകൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയാൽ മാത്രം പ്രതിവർഷം 70 ലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ കഴിയുന്നതാണ്. ഇതുസംബന്ധമായി കൃത്യമായൊരു കണക്കെടുപ്പ് നടത്തിയിട്ടില്ല. എന്നാൽ നടപ്പുസാമ്പത്തിക വർഷം CMD (Centre for Management Development) മുഖേന സംസ്ഥാന ആസൂത്രണ ബോർഡ് അനെർട്ടിന്റെ പ്രതിഷ്ഠാപനങ്ങളെ സംബന്ധിച്ച് നടത്തുന്ന പഠനത്തിൽ ഇവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തരം സബ്സിഡിയോടെ സോളാർ വാട്ടർ ഹീറ്റർ പ്രോൽസാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## വൈദ്യുതി ബോർഡിൽ മസ്ദൂർ തസ്തികയിലെ നിയമനം

157(3781) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിലെ മസ്ദൂർ തസ്തികയിലെ നിയമനത്തിനായി നിലവിൽ റാങ്ക് ലിസ്റ്റ് ഉണ്ടോ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; എത്രപേർക്കാണ് അവസാനമായി നിയമന ശിപാർശ നല്കിയിട്ടുള്ളതെന്നും എന്നാണ് നൽകിയിട്ടുള്ളതെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും അവസാനം നിയമന ശിപാർശ നൽകിയിട്ടുള്ളവർക്ക് ഇതുവരെയും നിയമനം ലഭിച്ചിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ചതിനുശേഷം എത്ര സമയപരിധിക്കുള്ളിൽ നിയമനം നൽകണമെന്നുള്ളതാണ് നിയമം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) 12-11-1982-ലെ ഗവൺമെന്റ് സർക്കുലർ നമ്പർ 109117/SD4/82-GAD പ്രകാരം നിയമനം നൽകുന്നതിനുള്ള കാലതാമസം മൂന്ന് മാസത്തിൽ അധികരിക്കാൻ പാടില്ലെന്നാണ്.

## സോളാർ എനർജിയുടെ സാധ്യതകൾ

158(3782) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ എനർജി ഉപയോഗിച്ച് ലാഭകരമായി പ്രവർത്തിക്കുന്ന ഏതെങ്കിലും സംരംഭം കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ;

(ബി) ബയോവേസ്റ്റ് ഉപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന എന്തെങ്കിലും സംരംഭം കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ; അതിന്റെ സാധ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സൗരോർജ്ജ പദ്ധതികൾക്ക് മറ്റിതര പദ്ധതികളേക്കാൾ മൂലധന ചെലവ് കൂടുതലാണ്. ആയതിനാൽ ഇവയെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നികുതി ഇളവുകളും മറ്റിതര ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. എന്നാൽ ഇപ്പോൾ സൗരോർജ്ജ പദ്ധതികളുടെ മൂലധന ചെലവ് കുറഞ്ഞുവരുന്നതായി കാണപ്പെടുന്നു.

(ബി) ജൈവമാലിന്യത്തിൽനിന്നും ബയോഗ്യാസ് ഉൽപ്പാദിപ്പിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട്. ആവശ്യത്തിന് ജൈമാലിന്യം/ ജൈവദ്രവ്യം ലഭ്യമായ സ്ഥലങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

**സംയോജിത ഊർജ്ജവികസന പദ്ധതി**

159(3783) <u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ വൈദ്യുതി വിതരണ സൗകര്യം മെച്ചപ്പെടുത്തുന്നതിന് സംയോജിത ഊർജ്ജവികസന പദ്ധതി (ഐ.പി.ഡി.എസ്.) നടപ്പിലാക്കിവരുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 66/11, 33/11 കെ.വി. പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, ട്രാൻസ്ഫോമറുകൾ പുതിയവ സ്ഥാപിക്കൽ, പഴയ ട്രാൻസ്ഫോമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ എച്ച്.റ്റി. - എൽ.റ്റി. ലൈനുകൾ/കേബിളുകൾ സ്ഥാപിക്കൽ, പഴയ ലൈനുകൾ മാറ്റി മികവുറ്റ പുതിയ ലൈനുകൾ സ്ഥാപിക്കൽ, കെ.എസ്.ഇ.ബി. കെട്ടിടങ്ങളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, സർക്കാർ കെട്ടിടങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഇതിൽ ഉൾപ്പെടുന്നു.

(സി) ഈ പദ്ധതിക്കായി 592.07 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിൽ 60 ശതമാനം കേന്ദ്ര സർക്കാർ ഗ്രാന്റായി ലഭിക്കും. 30 ശതമാനം ലോൺ വഴിയും 10 ശതമാനം സംസ്ഥാന സർക്കാർ വിഹിതമായും കണ്ടെത്തേണ്ടതായുണ്ട്.

## വൈദ്യുതി ഉപയോഗം

160(3784) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിന വൈദ്യുതി ഉപയോഗം എത്രയാണ്;

(ബി) സംസ്ഥാനത്തുനിന്നും പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്;

(സി) വോൾട്ടേജ് കുറഞ്ഞ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് ഏതെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2017 ആഗസ്റ്റ് മാസം 15-ാം തീയതിവരെയുള്ള കണക്ക് പ്രകാരം ആഗസ്റ്റ് മാസത്തിലെ പ്രതിദിന ശരാശരി ഉപഭോഗം 64.8244 ദശലക്ഷം യൂണിറ്റാണ്.

(ബി) 2017 ആഗസ്റ്റ് മാസം 15-ാം തീയതിവരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് പ്രതിദിനം ശരാശരി 17.5432 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു.

(സി) ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വിതരണ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ ചെയ്തുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതിപ്രകാരം വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവൃത്തികളിലായി 1265 ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ RAPDRP (പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ പരിഷ്കരണ പദ്ധതി) പ്രകാരം 2935 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചു. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY ദീൻ ദയാൻ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി)-യിൽ ഉൾപ്പെടുത്തി 525 ട്രാൻസ്ഫോമറുകളും (ഗ്രാമ പ്രദേശങ്ങളിൽ) PDS (സംയോജിത ഊർജ്ജ വികസന പദ്ധതി) പ്രകാരം 800 ട്രാൻസ്ഫോമറുകളും (നഗരങ്ങളിലും പ്രാന്തപ്രദേശങ്ങളിലും) സ്ഥാപിക്കുന്നതുവഴി വോൾട്ടേജ് കുറഞ്ഞ പ്രദേശങ്ങളിലെ വോൾട്ടേജ് മെച്ചപ്പെടുത്തിയെടുക്കാൻ സാധിക്കും.

## വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

161(3785) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

വൈദ്യുതി ചാർജ് ഇനത്തിൽ ലഭിക്കാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി സപ്ലൈ കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയപരിധി അനുസരിച്ച് കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കളുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചുമാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. അതിനുശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽനിന്നും കുടിശ്ശിക വകയിരുത്താറുണ്ട്. ഇതിൽനിന്നും വകയിരുത്താൻ കഴിയാത്ത തുക റവന്യൂ റിക്കവറി നടപടികൾക്കായി നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽനിന്നും 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' വഴി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടിയും ആവിഷ്കരിക്കാറുണ്ട്. ഏറ്റവും ഒടുവിലായി 2017 മാർച്ച് മാസത്തിൽ അവസാനിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വളരെ വിജയകരമായി പൂർത്തിയാക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിന് സാധിച്ചിട്ടുണ്ട്.

എന്നാൽ കോടതി വ്യവഹാരങ്ങളിൽപ്പെട്ട് കിടക്കുന്ന തുകയുടെ പിരിച്ചെടുക്കൽ കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ സാധിക്കുകയുള്ളൂ. ആയതിലേയ്ക്കായി നിലവിലുള്ള സ്റ്റേകൾ പിൻവലിക്കാനും സമയബന്ധിതമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി കോടതി നടപടികൾ ത്വരിതപ്പെടുത്തുവാനുമുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്.

## വൈദ്യുതി കാറുകൾ

162(3786) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കാറുകൾ വാടകയ്ക്ക് നൽകുന്നതിനും പൊതുജനങ്ങളുടെ വൈദ്യുതി കാറുകൾ ചാർജ്ജ് ചെയ്യുന്നതിനുമുള്ള പദ്ധതി വൈദ്യുതി ബോർഡ് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ എന്ത് ധനസഹായം ലഭിക്കും; ഈ പദ്ധതിക്കായി താല്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരത്ത് പട്ടം വൈദ്യുതി ഭവനം വളപ്പിലും എറണാകുളത്തെ മറൈൻ ഡ്രൈവിലുള്ള ജി.ഐ.എസ്. സബ് സ്റ്റേഷനിലും തിരുവനന്തപുരം ടെക്നോപാർക്കിലും 2016-17-ലെ ഇന്നവേഷൻ ഫണ്ടും കോഴിക്കോട് വൈദ്യുതി ഭവനം വളപ്പിൽ 2017-18-ലെ ഇന്നവേഷൻ ഫണ്ടും ഉപയോഗിച്ചാണ് ടി പദ്ധതികൾ നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതികൾക്കായി 171.5 ലക്ഷം രൂപയാണ് സംസ്ഥാന സർക്കാർ ചെലവഴിക്കുന്നത്. ഈ പദ്ധതിക്കായി കെ.എസ്.ഇ.ബി. താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്. താൽപ്പര്യപത്ര ഫോറത്തിന്റെ വിതരണം 15-7-2017-ൽ ആരംഭിച്ച് 2-8-2017-ൽ അവസാനിച്ചു. ഇത് സ്വീകരിക്കുന്ന അവസാന തീയതി 22-8-2017-നും ഇത് വിലയിരുത്തുന്ന സാങ്കേതിക കമ്മിറ്റി ചേരുന്നത് 23-8-2017-ലുമാണ്.

## വൈദ്യുതി ബോർഡിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ

163(3787) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിൽ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ ഒഴിവുകൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) അസിസ്റ്റന്റ് എഞ്ചിനീയറുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു എന്ന് വിശദീകരിക്കുമോ;

(സി) അസിസ്റ്റന്റ് എഞ്ചിനീയർ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുംമുമ്പ് പരമാവധി ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം ലഭിക്കുവാനുള്ള നടപടി സ്വീകരിക്കാമോ എന്നറിയിക്കുമോ ?

ഉത്തരം

(എ) 40 ശതമാനം പി.എസ്.സി. ക്വാട്ട വഴി നിയമിക്കേണ്ട 14 ഒഴിവുകൾ, 10 ശതമാനം ബൈ ട്രാൻസ്ഫർ ആപ്പോയിന്റ്മെന്റ് വഴി നിയമിക്കേണ്ട ക്വാട്ടയിൽ 2 ഒഴിവുകളും, 20 ശതമാനം (ഐ.ടി.ഐ. ക്വാട്ട) പ്രൊമോഷൻ വഴി നികത്തേണ്ട ക്വാട്ടയിൽ 153 ഒഴിവും 30 ശതമാനം (ഡിപ്ലോമ ക്വാട്ട) പ്രൊമോഷൻ വഴി നികത്തേണ്ട ക്വാട്ടയിൽ 53 ഒഴിവുകളുമുണ്ട്.

(ബി&സി) 20-6-2016-ലാണ് പി.എസ്.സി.-യിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പി.എസ്.സി. വഴി നിയമിക്കേണ്ട 40 ശതാമനം ക്വാട്ടയിലെ 14 ഒഴിവുകളും 10 ശതമാനം ബൈ ട്രാൻസ്ഫർ അപ്പോയ്മെന്റ് വഴി നിയമിക്കേണ്ട ക്വാട്ടയിൽ 2 ഒഴിവുകളും റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വൈദ്യുതി ബോർഡിലെ പൊതുസ്ഥലംമാറ്റം

164(3788) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിലെ ഈ വർഷത്തെ പൊതുസ്ഥലംമാറ്റത്തിന് ഓഫീസർ കാറ്റഗറിയിലെ ഉദ്യോഗസ്ഥ വിഭാഗത്തിന് ബാധകമായ വ്യവസ്ഥകൾ മറ്റ് ജീവനക്കാരുടേതിൽ നിന്ന് വ്യത്യസ്തമാണ് എന്ന പരാതി പരിശോധിക്കുമോ;

(ബി) വിവിധ ഓഫീസുകളിലെ തസ്തികകൾ പോസ്റ്റിംഗ് സ്ട്രെങ്ത് എന്ന പേരിൽ വെട്ടിക്കുറയ്ക്കുന്നത് വ്യാപകമായ ഉദ്യോഗസ്ഥ സ്ഥലംമാറ്റത്തിന് കാരണമാകും എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം വെട്ടിക്കുറയ്ക്കലുകൾ നടത്തുന്നത് മികച്ച സേവനം സ്ഥാപനത്തിന് ലഭിക്കുന്നതിന് വിഘാതം സൃഷ്ടിക്കും എന്നതിനാൽ അനുവദനീയ തസ്തികകളിൽ മുഴുവൻ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ അധികാരികൾക്ക് നിർദ്ദേശം നൽകുമോ;

(സി) നിലനിന്നിരുന്ന വ്യവസ്ഥകൾ അട്ടിമറിച്ച് പുതിയതായി ഒരു സൂത്രവാക്യം ഇതിനായി സൃഷ്ടിച്ചത് ഉദ്യോഗസ്ഥ വിഭാഗം ജീവനക്കാരിൽ വലിയ അളവിൽ പരിഭ്രാന്തിയും അസ്വസ്ഥതയും ഉണ്ടാക്കിയിട്ടുണ്ട് എന്ന പരാതി പരിശോധിക്കുമോ;

(ഡി) സ്ഥിര അംഗവൈകല്യം ബാധിച്ചവർ, വിധവകൾ തുടങ്ങിയ പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ലഭിച്ചിരുന്ന സ്ഥലം മാറ്റത്തിൽ നിന്നുമുള്ള സംരക്ഷണം അതേപടി തുടരുവാനുള്ള നിർദ്ദേശങ്ങൾ ബോർഡ് അധികാരികൾക്ക് നൽകുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വൈദ്യുതി ബോർഡിലെ ഓഫീസർമാർക്കും മറ്റ് ജീവനക്കാർക്കും നിലവിലുണ്ടായിരുന്ന പൊതുസ്ഥലംമാറ്റം സംബന്ധിച്ച ഉത്തരവുകൾ വ്യത്യസ്തമാണ്. പുതിയ ഉത്തരവുകൾ പ്രകാരവും ഇരുവിഭാഗത്തിനും ബാധകമായ വ്യവസ്ഥകൾ വ്യത്യസ്തമാണ്.

(ബി) ഒരു ഓഫീസിലെയും തസ്തികകൾ വെട്ടിക്കുറയ്ക്കാൻ ബോർഡ് ആലോചിച്ചിട്ടില്ല. വിവിധ ജില്ലകളിൽ ഒഴിവുള്ള തസ്തികകൾ ഏകദേശം ഒരേ അനുപാതത്തിലാക്കുകയും കമ്പ്യൂട്ടർ അധിഷ്ഠിതമായി സ്ഥലംമാറ്റ ഉത്തരവ് ഇറക്കാനുമാണ് പോസ്റ്റിംഗ് സ്യൈങ്തിലൂടെ ഇപ്പോൾ ശ്രമിക്കുന്നത്. ഒഴിവുവരുന്ന തസ്തികകൾ പ്രൊമോഷൻ വഴിയോ നിയമനം വഴിയോ പുനരേകീകരണം വഴിയോ നികത്തപ്പെടുന്നതാണ്.

(സി) വൈദ്യുതി ബോർഡിലെ ഓഫീസർമാരുടെ സംഘടനകളുമായി ചർച്ച ചെയ്താണ് പൊതുസ്ഥലംമാറ്റ ഉത്തരവ് ബോർഡ് പുറത്തിറക്കുന്നത്. പരാതികൾ ലഭ്യമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതിന് ബോർഡ് തലത്തിൽ റിഡ്രസ്സൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി) സ്ഥിര അംഗവൈകല്യം ബാധിച്ചവർ, വിധവകൾ തുടങ്ങിയ പരിഗണന അർഹിക്കുന്ന വിഭാഗങ്ങളിൽപ്പെടുന്നവർക്ക് സ്ഥലംമാറ്റത്തിൽ നിന്ന് സംരക്ഷണം നൽകാൻ പുതിയ ഉത്തരവിലും വ്യവസ്ഥയുണ്ട്. കൂടാതെ അതത് ജില്ലകളിൽ ഇത്തരത്തിലുള്ള സംരക്ഷണം നൽകുന്നത് നിരീക്ഷിക്കാൻ സമിതിയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വൈദ്യുതി അപകടങ്ങൾ

165(3789) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ വൈദ്യുതി അപകടങ്ങൾമൂലം മരണമടഞ്ഞവരുടെ കണക്ക് പൊതുജനങ്ങൾ, വൈദ്യുതിബോർഡ് ജീവനക്കാർ, കരാറുകാർ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ മരണമടയുന്ന ഓരോത്തർക്കും എന്തെല്ലാം സഹായങ്ങളാണ് ബോർഡ് നൽകിവരുന്നത്;

(സി) ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണമടയുന്ന കരാർ ജീവനക്കാരുടെ ബന്ധുക്കൾക്ക് അർഹമായ സഹായം പലപ്പോഴും ലഭിക്കുന്നില്ലെന്നകാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ മരണമടയുന്നവർക്ക് നൽകിവരുന്ന സഹായങ്ങൾ വർദ്ധിപ്പിക്കുമോ; വ്യക്തമാക്കുമോ ;

(ഡി) വർദ്ധിച്ചുവരുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ പൊതുജനങ്ങളായ 58 പേർക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണം സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിനുവേണ്ടി ജോലി നോക്കുന്നതിനിടയിൽ സ്ഥിരം ജീവനക്കാരായ 6 പേർക്കും കരാർ തൊഴിലാളികളായ 12 പേർക്കും ജീവഹാനി സംഭവിച്ചിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകളെടുക്കുന്നതിൽ വിമുഖത കാണിക്കുക എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതിപ്രകാരം ഒരു ലക്ഷം രൂപയും കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾ മൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽനിന്നും വൈദ്യതാഘാതമേൽക്കുന്നത് മൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നൽകിവരുന്നു.

ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന സ്ഥിരം ജീവനക്കാരുടെയും കരാർ തൊഴിലാളികളുടെയും അനന്തരാവകാശികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാരം, ശവസംസ്കാര ചെലവ് എന്നിവ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകിവരുന്നു.

കൂടാതെ, സ്ഥിരം ജീവനക്കാരുടെ അനന്തരാവകാശികൾക്ക് കെ.എസ്.ഇ.ബി. തൊഴിലാളി ക്ഷേമ നിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാർക്ക് 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നതാണ്. കൂടാതെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനത്തിനും അർഹതയുണ്ട്.

(സി) ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന കരാർ ജീവനക്കാരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതിന് അർഹതയുണ്ടോയെന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിന് താമസം വരുത്തുന്നതിനാലും അനധികൃതമായി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അറിവോ സമ്മതമോ കൂടാതെ പ്രതിഷ്ഠാപനങ്ങളിൽ പണിയെടുക്കുമ്പോൾ അപകടം സംഭവിച്ച് മരണപ്പെടുന്ന സാഹചര്യങ്ങളിലും നഷ്ടപരിഹാര അർഹത ചോദ്യംചെയ്ത് അനന്തരാവകാശികൾ വിവിധ കോടതികളിൽ കേസ്സുകൾ ഫയൽ ചെയ്യുകയും ചെയ്യുന്ന സാഹചര്യങ്ങളിലും നഷ്ടപരിഹാരം കൈപ്പറ്റുന്നതിന് ലേബർ കമ്മീഷണറുടെ ഓഫീസിൽ പൂർത്തീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ സംബന്ധിച്ചുള്ള അജ്ഞതമൂലവും നഷ്ടപരിഹാരം അനന്തരാവകാശികളിൽ എത്തുന്നതിന് കാലതാമസത്തിന് കാരണമാകുന്നുണ്ട്. 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിൽ നഷ്ട പരിഹാര വർദ്ധന, ഭേദഗതികൾ പ്രകാരം ആയതിനാൽ സ്വമേധയാ വർദ്ധന വരുത്തുവാൻ നിയമപ്രകാരം പരിമിതികളുണ്ട്.

(ഡി) വർദ്ധിച്ചുവരുന്ന വൈദ്യുതി അപകടങ്ങൾ കുറയ്ക്കുന്നതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം ചുവടെ ചേർക്കുന്നു:

എല്ലാ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തുകയും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജോലി സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തുകയും വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. പൊതുജനങ്ങളുടെയും കുട്ടികളുടെയും സുരക്ഷാവബോധം ഉയർത്തുന്നതിനായി ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്ര മാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം മുതലായ വിവിധ പരിപാടികൾ നടത്തിവരുന്നു.

## വൈദ്യുതി കമ്പിയിൽതട്ടി മരണമടഞ്ഞയാൾക്ക് സാമ്പത്തിക സഹായം

166(3790) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ പൈസക്കരിയിൽ സതീശ് കുമാർ എന്നയാൾ ബൈക്കിൽ യാത്ര ചെയ്യവെ, പൊട്ടിവീണുകിടന്ന വൈദ്യുതി കമ്പിയിൽ തട്ടി മരണമടഞ്ഞ സാഹചര്യത്തിൽ സതീശ് കുമാറിന്റെ നിരാലംബമായ കുടുംബത്തിന് സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

കണ്ണൂർ ജില്ലയിലെ പയ്യാവൂർ പഞ്ചായത്തിലെ പൈസക്കരിയിൽ സതീഷ് കുമാർ എന്നയാൾ ബൈക്കിൽ യാത്ര ചെയ്യവേ, പൊട്ടി വീണുകിടന്ന വൈദ്യുതി കമ്പിയിൽ തട്ടി മരണമടഞ്ഞതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ 6-6-2017-ന് പയ്യാവൂർ ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ നടന്ന അപകടത്തിൽ ശ്രീ. തോമസ്

എന്നയാൾ അപകടത്തിൽ മരണപ്പെട്ടതായും ടിയാനോടൊപ്പം ബൈക്ക് ഓടിച്ചിരുന്ന ശ്രീ. സതീഷ് കുമാറിന് പരിക്ക് പറ്റിയതായും റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. മരണപ്പെട്ട തോമസിന്റെ അനന്തരാവകാശികൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് അർഹത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം അനുവദിക്കുന്നതിന് പരിഗണിക്കുന്നതാണ്. ശ്രീ. സതീഷ് കുമാറിന് പ്രസ്തുത അപകടംമൂലം സാരമായ പരിക്കേറ്റതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

## വൈദ്യുതി ബോർഡിൽ തസ്തികകൾ വെട്ടിക്കുറയ്ക്കാൻ നീക്കം

167(3791) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ തസ്തികകൾ വെട്ടിക്കുറയ്ക്കാൻ നീക്കം നടക്കുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ ആവശ്യങ്ങൾ അംഗീകരിച്ച് സ്ഥലംമാറ്റം നടത്താൻ വൈദ്യുതി വകുപ്പുമന്ത്രി നിർദ്ദേശിച്ചിട്ടും മാനേജ്മെന്റിലെ ചിലരുടെ നിക്ഷിപ്തതാല്പര്യം കാരണം ഇത് അട്ടിമറിക്കുന്നതായിട്ടുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇതിനെതിരെ സി.ഐ.ടി.യു, എ.ഐ.ടി.യു.സി. സംഘടനകൾ സമരം നടത്താൻ പോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## വൈദ്യുതി ലഭ്യമാകാത്ത വീടുകൾ

168(3792) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലഭ്യമാകാത്ത എത്ര വീടുകൾ ഇനിയും സംസ്ഥാനത്ത് ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം ലക്ഷ്യപ്രാപ്തിയിൽ എത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്ത് ഇനിയും വൈദ്യുതി ലഭ്യമാകാത്ത വീടുകളിലേക്ക് ചട്ടങ്ങളിൽ ഇളവുനൽകി വൈദ്യുതി എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 16-8-2017-ലെ കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 31-3-2017 വരെ 150427 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ അപേക്ഷിച്ചവരിൽ കോടതി, വനം/റവന്യൂ വകുപ്പുകളുടെ അനുമതി ലഭിക്കാനുള്ള ഏതാനും ഉപഭോക്താക്കളും മറ്റ് നിയമതടസ്സമുള്ളവരും ഒഴിച്ച് കേരള സംസ്ഥാനത്തെ വീടുകൾ 100 ശതമാനവും വൈദ്യുതീകൃതമായെന്നാണ് കണക്കാക്കുന്നത്. ഇപ്രകാരം എല്ലാവർക്കും വൈദ്യുതി എത്തിച്ച് പദ്ധതി പൂർത്തീകരിച്ച് 2017 മേയ് 29-ന് കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. 31-3-2017-നുശേഷം പൂർത്തിയാക്കിയ വീടുകളിലേയ്ക്ക് വൈദ്യുത കണക്ഷന് അപേക്ഷ സമർപ്പിക്കുമ്പോൾ മാത്രമേ ഇതുസംബന്ധിച്ച വിവരം കെ.എസ്.ഇ.ബി.-ക്ക് ലഭിക്കുകയുള്ളൂ എന്നതിനാൽ വൈദ്യുതീകരിക്കാത്ത വീടുകളുടെ സ്ഥിതിവിവരക്കണക്ക് ലഭ്യമല്ല എന്നിരുന്നാലും അവർക്കും കെ.എസ്.ഇ.ആർ.സി. അനുശാസിക്കുന്ന സമയക്രമത്തിനുള്ളിൽ വൈദ്യുതി കണക്ഷൻ നൽകാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി കേരളത്തിലെ വൈദ്യുതി എത്താത്ത മേഖലകളിൽ സോളാർ പാനൽ ഉപയോഗിച്ച് ഗ്രിഡ് ബന്ധിതമല്ലാത്ത സൗരോർജ്ജ നിലയം സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ. നടപടികളെടുത്തിട്ടുണ്ട്. വൈദ്യുതി എത്തിയിട്ടില്ലാത്ത ഉൾനാടൻ ഗ്രാമങ്ങൾ, വനാന്തരമേഖലകൾ, ഒറ്റപ്പെട്ട മേഖലകളിൽ വസിക്കുന്ന ജനവിഭാഗങ്ങൾ എന്നിവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതി പ്രകാരം പരിമിത ഗാർഹിക ഉപഭോഗം നിജപ്പെടുത്തിയതിൽ ജനങ്ങൾ എതിർപ്പ് രേഖപ്പെടുത്തിയതിനാൽ പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. നൂതന ഗാർഹിക ഉപകരണങ്ങൾ പ്രവർത്തിക്കാൻ കഴിയുന്ന വൈദ്യുതി ശൃംഖലയാണ് ഇവർ പ്രതീക്ഷിക്കുന്നത്. ആയതിനാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്.

(സി) 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും വൈദ്യുത കണക്ഷൻ നൽകാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്. പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കാൻ ഉപഭോക്താക്കൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയിൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകാൻ വേണ്ട വിധത്തിൽ ചട്ടങ്ങളിൽ മാറ്റം വരുത്തുകയും പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തിട്ടുണ്ട്.

## വൈദ്യുതി ബോർഡിന്റെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്താൻ കർമ്മ പദ്ധതികൾ

169(3793) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത് ;

(ബി) ഇതിനായി എന്തെല്ലാം സേവന-സർവ്വീസുകളാണ് നടപ്പാക്കിയതെന്ന് വിശദീകരിക്കുമോ;

(സി) ഏതെല്ലാം പദ്ധതികളാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്തിയതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് ഉപഭോക്താക്കൾക്കുണ്ടാകുന്ന വൈഷമ്യങ്ങൾ പരിഹരിക്കുവാനായി നടപടിക്രമങ്ങൾ ലഘൂകരിക്കുവാനും വെറും രണ്ട് രേഖകൾ (തിരിച്ചറിയിൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം മതിയാകുമെന്ന വിധത്തിൽ ചട്ടങ്ങൾ ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ലഘൂകരണത്തോടൊപ്പംതന്നെ അപേക്ഷ ഫോറം കൂടുതൽ ലഘൂകരിക്കുകയും ചെയ്തു.

100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് കെട്ടിട നമ്പറോ കൈവശാവകാശ സർട്ടിഫിക്കറ്റോ ഇല്ലെങ്കിലും ഗുണഭോക്താവിൽനിന്ന് ഒരു സത്യവാങ്മൂലം വാങ്ങിയതിനു ശേഷം വൈദ്യുതി കണക്ഷൻ നൽകാൻ ഊർജ്ജ വകുപ്പ് തീരുമാനിക്കുകയും കെ.എസ്.ഇ.ബി.എൽ. അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുത കണക്ഷൻ നൽകാൻ ഉത്തരവായിട്ടുണ്ട്.

വൈദ്യുതി ബോർഡിന്റെ ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിന് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് താഴെപ്പറയുന്ന സേവന സർവ്വീസുകൾ നടപ്പിലാക്കിയിട്ടുണ്ട്.

1. എല്ലാ എൽ.ടി. വൈദ്യുതി ഉപഭോക്താക്കൾക്കും ഏതൊരു സെക്ഷൻ ഓഫീസിൽനിന്നും ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം, ഇന്റർനെറ്റ് വഴി വൈദ്യുതി ബിൽ തുക അടയ്ക്കുന്നതിനുള്ള സൗകര്യം മുതലായവ ലഭ്യമാക്കി.

2. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കെ.എസ്.ഇ. ബി.എൽ.-ന്റെ ഔദ്യോഗിക വെബ്സൈറ്റ് ആയ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ്ബാങ്കിംഗിലൂടെയും വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി വൈദ്യുതി ചാർജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

3. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ് സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

4. വൈദ്യുതിതടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി നടപ്പിലാക്കി.

5. വൈദ്യുതിബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി നടപ്പിലാക്കി.

6. ഉപഭോക്താക്കൾക്ക് സംശയനിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള സേവനം, വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃസേവനകേന്ദ്രം വഴി നൽകിവരുന്നു. ടോൾഫ്രീ നമ്പരായ 1912 അല്ലെങ്കിൽ 0471 2555544 എന്ന ടെലിഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും.

7. പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാ ഫീസ് ഓൺലൈനിൽ അടയ്ക്കാനുമുള്ള സംവിധാനമേർപ്പെടുത്തി.

8. പേ-റ്റി.എം. (പേ ത്രൂ മൊബൈൽ), എം പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം നടപ്പിലാക്കി.

9. അപ്പാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതിബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം നടപ്പിലാക്കി.

10. Whatsapp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പറിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

(സി) പുനഃസംഘടിപ്പിച്ച ത്വരിത ഊർജ്ജിത ഊർജ്ജ വികസന നവീകരണ പദ്ധതിയുടെ (ആർ.എ.പി.ഡി.ആർ.പി.) പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ മുഖേന കേന്ദ്രീകൃത ഉപഭോക്തൃ സേവന കേന്ദ്രം ഏർപ്പെടുത്തി. ഇത് കൂടാതെയുള്ള പദ്ധതികൾ വൈദ്യുതി ബോർഡിന്റെ വിവിധ വിവരസാങ്കേതിക വിദ്യ പദ്ധതികളുടെ ഭാഗമായിട്ടാണ് നടപ്പാക്കിയത്.

## വൈദ്യുതി വാങ്ങുന്നതിന് ദീർഘകാല കരാർ

170(3794) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിന് എന്തെങ്കിലും ദീർഘകാല കാരാറിൽ ഏർപ്പെട്ടിരുന്നോ എന്നറിയിക്കാമോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിലാണ് ഏർപ്പെട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഒരു യൂണിറ്റിന് എന്ത് നിരക്കിൽ വൈദ്യുതി വാങ്ങുന്നതിനാണ് ടെൻഡറിലൂടെ കരാർ ഉണ്ടായിരുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് ഡി.ബി.എഫ്.ഒ.ഒ. (design built finance own operate) അടിസ്ഥാനത്തിൽ മത്സരാധിഷ്ഠിത ടെണ്ടർ വിളിക്കുകയും 1-12-2016 മുതൽ 315 മെഗാവാട്ട് വൈദ്യുതിയും 1-10-2017 മുതൽ 550 മെഗാവാട്ട് വൈദ്യുതിയും 25 വർഷക്കാലയളവിലേയ്ക്ക് വാങ്ങുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള സ്വകാര്യ സംരംഭകരുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരത്തിൽ വാങ്ങുന്ന വൈദ്യുതിക്ക് ടെണ്ടർ തീയതിയിൽ വെയിറ്റഡ് ആവറേജ് നിരക്കായി 4.11 രൂപയാണ് യൂണിറ്റൊന്നിന് കണക്കാക്കിയിട്ടുള്ളത്.

## വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾ

171(3795) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. കെ. രാജൻ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിനായി ദീർഘകാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള കരാറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേരളത്തിനുള്ളിൽ നിന്നുമുള്ള വൈദ്യുതി വാങ്ങൽ കരാറുകളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) കായംകുളം താപനിലയത്തിൽ നിന്ന് വൈദ്യുതി വാങ്ങുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി കമ്പോളത്തിൽ വിലകുറയുന്ന സമയങ്ങളിൽ വൈദ്യുതി വാങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നറിയിക്കാമോ?

### ഉത്തരം

(എ) കേരളത്തിന് പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിനായി ദീർഘകാല അടിസ്ഥാനത്തിൽ ഏർപ്പെട്ടിട്ടുള്ള കരാറുകളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു*.

(ബി) കേരളത്തിനുള്ളിൽ നിന്നുള്ള വൈദ്യുതി വാങ്ങൽ കരാറുകളുടെ വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*.

(സി) കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന ഇന്ധനമായ നാഫ്തയുടെ വില വളരെ കൂടുതലായതുകൊണ്ട് ടി നിലയത്തിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില സംസ്ഥാനത്തിന് പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ വിലയേക്കാളും വളരെ കൂടുതലാണ്. ആയതുകൊണ്ട് ടി നിലയത്തിൽനിന്നും ഇപ്പോൾ വൈദ്യുതി വാങ്ങുന്നില്ല. വളരെ അടിയന്തര ഘട്ടത്തിൽ ടി നിലയത്തിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നുണ്ട്.

പുറമേനിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകാത്ത സമയങ്ങളിൽ മാത്രമേ കായംകുളം നിലയത്തിൽനിന്നും വൈദ്യുതി വാങ്ങാറുള്ളൂ. 2017 ആഗസ്റ്റ് മാസം 12, 13 തീയതികളിൽ വൈദ്യുതി ലഭ്യത കുറവായതിനാൽ കായംകുളം നിലയത്തിൽ നിന്നും വൈദ്യുതി വാങ്ങിയിരുന്നു.

(ഡി) പവർ എക്സ്ചേഞ്ചിൽ Day ahead Market, Continuous Trading, Contingency Market എന്നീ പ്ലാറ്റ്ഫോമുകളിലൂടെയാണ് കമ്പോളത്തിൽ വില കുറയുമ്പോൾ വൈദ്യുതി വാങ്ങുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദനം

172(3796) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ടോ ; എങ്കിൽ എത്ര മെഗാവാട്ട് ഉൽപ്പാദിപ്പിക്കുന്നുണ്ട് ;

(ബി) അപ്രകാരം വൈദ്യുതി ഉല്പാദിപ്പിക്കുവാൻശേഷിയുള്ള കേന്ദ്രങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം;

(സി) തമിഴ്നാട് അത്തരം സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതുപോലെ കേരളത്തിലും സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. നിലവിലെ കണക്കനുസരിച്ച് സംസ്ഥാനത്തെ കെ.എസ്.ഇ.ബി.എൽ. മുഖാന്തരം നടപ്പിലാക്കുന്ന കാറ്റാടിപ്പാടങ്ങളുടെ സ്ഥാപിതശേഷി 59.275 മെഗാവാട്ടാണ്. ഇതിൽനിന്നും 2017 ആഗസ്റ്റ് 15-ാം തീയതി വരെയുള്ള കണക്കനുസരിച്ച് പ്രതിദിനം ശരാശരി 0.3376 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു.

അനെർട്ട് മുഖാന്തരം കാറ്റിൽ നിന്നും 43.275 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. കൂടാതെ പാലക്കാട് ജില്ലയിൽ മലയാള മനോരമയ്ക്ക് 10 മെഗാവാട്ട്, Inbox Renewable-ന് 22 മെഗാവാട്ട്, ഇടുക്കി ജില്ലയിൽ കൊശമറ്റം ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡിന് ഒരു മെഗാവാട്ട്, രാമക്കൽമേട് പവർ പ്രൈവറ്റ് ലിമിറ്റഡിന് രണ്ട് മെഗാവാട്ട് എന്നിങ്ങനെ ആകെ 35 മെഗാവാട്ടിന് അനെർട്ട് സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കേരളത്തിലെ ഇടുക്കി ജില്ലയിലെ 11 സ്ഥലങ്ങളും പാലക്കാട് ജില്ലയിലെ 5 സ്ഥലങ്ങളും തിരുവനന്തപുരം ജില്ലയിലെ ഒരു സ്ഥലത്തും കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടപടി സ്വീകരിച്ചുവരുന്നു.

## കൂടംകുളം പവർഹൈവേ വൈദ്യുതിലൈൻ ടവർ നിർമ്മാണം

173(3797) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് അവഗണിച്ച് കൂടങ്കുളം പവർഹൈവെ വൈദ്യുതിലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ടവർ നിർമ്മാണം തുടരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ വൈദ്യുതിലൈൻ വലിക്കുന്നത് ജനവാസകേന്ദ്രത്തിലൂടെ ആയതിനാൽ ഒട്ടും ജനവാസമില്ലാത്ത സമാന്തര കേന്ദ്രത്തിലൂടെ ലൈൻ വലിക്കാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഹൈക്കോടതി കളക്ടറെ ചുമതലപ്പെടുത്തിയിരുന്നോ;

(സി) അതുവരെ 400 കെ.വി. പവർലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ നിർത്തിവയ്ക്കാൻ കോടതി നിർദ്ദേശമുണ്ടോ;

(ഡി) എങ്കിൽ ഇപ്പോൾ നടത്തുന്ന പ്രവൃത്തി കോടതിയലക്ഷ്യ നടപടിയായി കാണേണ്ടിവരുമോ; അല്ലെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി-ഡി) ഒട്ടും ജനവാസമില്ലാത്ത സമാന്തരകേന്ദ്രത്തിലൂടെ ലൈൻ വലിക്കാനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ഹൈക്കോടതി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടില്ല. എന്നാൽ കോടതിയിൽ കേസ് നിലനിൽക്കുന്ന സ്ഥലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്.

## പാലക്കാട് ജില്ലയിലെ വെണ്ണക്കരയിൽ ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ

174(3798) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ വെണ്ണക്കരയിൽ നിലവിലുള്ള 110 കെവി. സബ്സ്റ്റേഷനു പകരം 110 കെവി. ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

പാലക്കാട് വെണ്ണക്കരയിൽ ജി.ഐ.എസ്. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം വൈദ്യുതി ബോർഡുതലത്തിൽ പരിശോധിച്ചുവരുന്നു.

## വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്താൻ കർമ്മ പദ്ധതികൾ

175(3799) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഈ രംഗത്ത് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും അവയ്ക്ക് റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ;

(സി) ഈ പദ്ധതികൾക്കുള്ള ധനസമാഹരണം എങ്ങനെയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) വൈദ്യുതി വിതരണരംഗം ശക്തിപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി.-യുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (conductor), പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവർഷൻ, മരച്ചില്ലകൾക്കിടയിലൂടെ കടന്ന് പോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളത്. വാർഷിക പദ്ധതിക്കായുള്ള തുക കെ.എസ്.ഇ.ബി.-യുടെ തനത് ഫണ്ടിൽനിന്നും വിവിധ കേന്ദ്രസംസ്ഥാന പദ്ധതികളിൽനിന്നും ഉപഭോക്താക്കളിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്. വാർഷിക പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച വിവരം കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനെ അറിയിക്കാറുണ്ട്. 2017-18-ൽ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ സംക്ഷിപ്തം അനുബന്ധമായി ചേർത്തിരിക്കുന്നു*.

സംസ്ഥാനത്തെ വൈദ്യുതി വിതരണ രംഗം ശക്തിപ്പെടുത്താൻ കേന്ദ്രാവിഷ്കൃത പദ്ധതികളായ 1. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ ജ്യോതി പദ്ധതി പ്രകാരം ഗ്രാമപ്രദേശങ്ങളിലെ വൈദ്യുതി വിതരണവും 2. സംയോജിത ഊർജ്ജ വികസന പദ്ധതി പ്രകാരം നഗരങ്ങളിലെയും പ്രാന്തപ്രദേങ്ങളിലെയും വൈദ്യുതി വിതരണവും ശക്തിപ്പെടുത്തുവാൻ സാധിക്കും.

33 കെ.വി., 66 കെ.വി. സബ് സ്റ്റേഷനുകളുടെ നിർമ്മാണം, പുതിയ ഫീഡർ ലൈൻ/കേബിളുകൾ സ്ഥാപിക്കൽ/ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക/ശേഷി വർദ്ധിപ്പിക്കൽ, പുതിയ സർവ്വീസ് കണക്ഷനുകൾ (BPL)-DDUGJY കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ (DDUGJY&IPDS), IPDS-ൽപ്പെടുത്തി കെ.എസ്.ഇ.ബി. കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, സർക്കാർ സ്ഥാപനങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ തുടങ്ങിയ പണികൾ ഉൾപ്പെടുന്നു.

പ്രസ്തുത പദ്ധതികളെക്കുറിച്ച് റെഗുലേറ്ററി കമ്മീഷനെ രേഖാമൂലം അറിയിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്ര ഗ്രാന്റായി 60 ശതമാനം തുകയും 30 ശതമാനം തുക വായ്പയായും 10 ശതമാനം തുക സംസ്ഥാന വിഹിതമായും കണ്ടെത്തേണ്ടതുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ലൈനുകളിൽനിന്നും അപകടത്തിൽപ്പെട്ടുള്ള മരണം

176(3800) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ വൈദ്യുതി ലൈനുകളിൽനിന്നും വൈദ്യുതാഘാതമേറ്റും വീടുകളിൽവച്ച് വൈദ്യുതാഘാതമേറ്റും എത്ര പേർ അപകടത്തിൽപ്പെട്ടു എന്നും മരണപ്പെട്ടുവെന്നും വ്യക്തമാക്കാമോ;

(ബി) ഇവരിൽ എത്ര പേർക്ക്/ആശ്രിതർക്ക്കഴിഞ്ഞ സർക്കാർ "സർക്കാർ സഹായം," "ബോർഡിന്റെ കീഴിൽ തൊഴിൽ" എന്നിവ നൽകി എന്നും വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതാഘാതമേറ്റ് അപകടങ്ങൾക്കിരയായവരുടെ കണക്ക് ലഭ്യമാക്കുമോ; അവർക്ക് എന്തെല്ലാം സഹായങ്ങൾ നൽകി എന്നും എത്ര പേർക്ക് തൊഴിൽ നൽകി എന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര പേർ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടു; മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകി; എത്ര ആശ്രിതർക്ക് തൊഴിൽ നൽകി എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) കഴിഞ്ഞ സർക്കാർ കാലയളവിൽ വൈദ്യുതി അപകടം സംഭവിച്ച പൊതുജനങ്ങൾ, സ്ഥിരം ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

I. പൊതുജനങ്ങൾ

| | |
|---|---|
| i. മാരകമായ അപകടം: | 848 |
| (a) ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽനിന്നും | 344 |
| (b) ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും അനധികൃത പ്രവൃത്തികൊണ്ട് സംഭവിച്ച അപകടങ്ങൾ | 504 |
| **ആകെ** | **848** |
| ii. മാരകമല്ലാത്ത അപകടങ്ങൾ: | 285 |
| (a) ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽനിന്നും | 254 |
| (b) ഉപഭോക്താവിന്റെ ഉപകരണങ്ങളിൽനിന്നും അനധികൃത പ്രവൃത്തികൊണ്ട് സംഭവിച്ച അപകടങ്ങൾ | 31 |
| **ആകെ** | **285** |

2. <u>സ്ഥിരം ജീവനക്കാർ (കെ.എസ്.ഇ.ബി. എൽ.):</u>

| | |
|---|---|
| മാരകമായ അപകടം | 57 |
| മാരകമല്ലാത്ത അപകടം | 545 |

3. <u>കരാർ തൊഴിലാളികൾ:</u>

| | |
|---|---|
| മാരകമായ അപകടം | 71 |
| മാരകമല്ലാത്ത അപകടം | 174 |

(ബി) വൈദ്യുതാഘാതമേറ്റുള്ള മരണം സംഭവിച്ചിട്ടുള്ള ജീവനക്കാരുടെ ആശ്രിതരായ 38 പേർക്ക് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ നിയമനം നൽകിയിട്ടുണ്ട്.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പൊതുജനങ്ങൾ, സ്ഥിരം ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്കുണ്ടായ അപകടത്തിന്റെയും അനുവദിക്കുന്ന ധനസഹായത്തിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പൊതുജനങ്ങൾ

| | |
|---|---|
| <u>മാരകമായ അപകടം:</u> | 151 |
| (a) ബോർഡിന്റെ പ്രതിഷ്ഠാപനത്തിൽനിന്നും | 59 |
| (b) ഉപഭോക്താവിന്റെ ഉപകരണങ്ങളിൽനിന്നും അനധികൃത പ്രവൃത്തികൊണ്ട് സംഭവിച്ച അപകടങ്ങൾ | 92 |
| ആകെ | 151 |

അശ്രദ്ധ, സൂക്ഷമതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകളെടുക്കുന്നതിൽ വിമുഖത കാണിക്കുക എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിഷ്ഠാ പനങ്ങളിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം ഒരു ലക്ഷം രൂപയും കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾമൂലവും പൊട്ടിവീണ വൈദ്യുതികമ്പിയിൽനിന്നും വൈദ്യുതാഘാതമേൽക്കുന്നതുമൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നൽകി വരുന്നു.

2. സ്ഥിരം ജീവനക്കാർ

| | |
|---|---|
| മാരകമായ അപകടം | 6 |
| മാരകമല്ലാത്ത അപകടം | 68 |

ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന ജീവനക്കാരുടെ അനന്തരാവകാശികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുശാസിക്കുന്ന വിധത്തിലുള്ള നഷ്ടപരിഹാരം, ശവസംസ്കാര ചെലവ് എന്നിവ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകിവരുന്നു. കൂടാതെ മരണമടയുന്ന ജീവനക്കാരുടെ അനന്തരാവകാശികൾക്ക് കെ.എസ്.ഇ.ബി. തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപയും സംസ്ഥാന സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായിട്ടുള്ള ജീവനക്കാർക്ക് 10 ലക്ഷം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നുണ്ട്. കൂടാതെ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമനത്തിനും മറ്റ് സർവ്വീസ് ആനുകൂല്യത്തിനും അർഹതയുണ്ട്. നിയമപരമായി നൽകേണ്ട സാമ്പത്തിക ആനുകൂല്യങ്ങൾക്ക് പുറമേ വൈദ്യുതാഘാതമേറ്റ് മരണമടഞ്ഞവരുടെ ആശ്രിതരായ 12 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ജോലിക്കിടയിൽ മരാകമല്ലാത്ത അപകടം സംഭവിക്കുന്ന ജീവനക്കാർക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുശാസിക്കുന്നവിധത്തിലുള്ള നഷ്ടപരിഹാരത്തിനും പ്രത്യേക അവശതാ അവധിക്കും മുഴുവൻ ചികിത്സാ ചെലവും ലഭിക്കുന്നതിനും അർഹതയുണ്ട്.

3. കരാർ തൊഴിലാളികൾ

| | |
|---|---|
| മാരകമായ അപകടം | 8 |
| മാരകമല്ലാത്ത അപകടം | 14 |

ജോലിക്കിടയിൽ വൈദ്യുതാഘാതമേറ്റ് മരണപ്പെടുന്ന കരാർ തൊഴിലാളികളുടെ അനന്തരാവകാശികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുശാസിക്കുന്ന വിധത്തിലുള്ള നഷ്ടപരിഹാരം, ശവസംസ്കാര ചെലവ് എന്നിവ വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് നൽകിവരുന്നു.

ജോലിക്കിടയിൽ മാരകമല്ലാത്ത അപകടം സംഭവിക്കുന്ന തൊഴിലാളികൾക്കും 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം ബാധകമാണ്. എന്നാൽ മരണമടയുന്ന കരാർ തൊഴിലാളികളുടെ ആശ്രിതർക്ക് നിലവിലുള്ള നിയമ പ്രകാരം ആശ്രിത നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

## ഡാമുകളിലെ ജലദൗർലഭ്യം

177(3801) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാലവർഷക്കുറവും ഡാമുകളിലെ ജലദൗർലഭ്യവും നടപ്പുവർഷത്തെ വൈദ്യുതി ഉത്പാദനത്തെ ഏതുരീതിയിൽ ബാധിക്കും എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തെ ഡാമുകളിൽ എത്ര ദിവസത്തേക്കുള്ള വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ ജലം ശേഷിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ഒരു ദിവസം ആവശ്യമായി വരുന്ന ശരാശരി വൈദ്യുതി എത്ര യൂണിറ്റെന്നും, ആയതിൽ എത്ര യൂണിറ്റ് സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുവെന്നും ശേഷിക്കുന്നത് ഏതെല്ലാം സ്രോതസ്സുകളിൽനിന്ന് സംഭരിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽനിന്നും എത്ര ദിവസത്തെ വൈദ്യുതി (എത്ര യൂണിറ്റ്) ഉത്പാദിപ്പിക്കാൻ കഴിയുമെന്നും കാലവർഷക്കുറവുമൂലമുണ്ടായ നിലവിലെ അവസ്ഥ തരണംചെയ്യാനും പവർകട്ട് ഒഴിവാക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. മഴ കുറഞ്ഞതിനാൽ ജലാശയത്തിലേയ്ക്കുള്ള നീരൊഴുക്കിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 2017 ജൂൺ-ജൂലൈ മാസങ്ങളിൽ ലഭിക്കേണ്ടിയിരുന്ന നീരൊഴുക്കിന്റെ (10 വർഷ ശരാശരി) 48.19 ശതമാനം മാത്രമാണ് ലഭിച്ചിട്ടുള്ളത്. ഏകദേശം 1200 ദശലക്ഷം യൂണിറ്റിന്റെ കുറവ് വന്നിട്ടുണ്ട്. ആഗസ്റ്റ് മാസം ഇതുവരെയുള്ള നീരൊഴുക്കും ആശാവഹമല്ല. ഇപ്രകാരമുണ്ടായിട്ടുള്ള കുറവ് പരിഗണിച്ച് കൂടുതൽ വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികളെടുത്തിട്ടുണ്ട്. ഇപ്രകാരം പവർ എക്സ്ചേഞ്ച് മുഖാന്തരം വൈദ്യുതി വാങ്ങുന്നുണ്ട്.

(ബി) 16-8-2017-ലെ കണക്കനുസരിച്ച് 1392 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള വെള്ളമുണ്ട്. ലഭ്യമായ സംഭരണവും ഇനി വരാൻസാധ്യതയുള്ള നീരൊഴുക്കും കണക്കിലെടുത്ത് ഈ ജലവർഷം (ജൂൺ മുതൽ മെയ് വരെ) ഉൽപ്പാദനം നടത്തത്തക്കവിധമാണ് ശരാശരി ദൈനംദിന ഉൽപ്പാദനം ക്രമീകരിക്കുന്നത്.

(സി) 2017 ആഗസ്റ്റിലെ കണക്കനുസരിച്ച് (15-ാം തീയതി വരെയുള്ള കണക്ക് പ്രകാരം) പ്രതിദിനം ശരാശരി 64.8244 ദശലക്ഷം യൂണിറ്റ് വൈദ്യുതിയുടെ ആവശ്യകതയുണ്ട്. ഇതിൽ 17.5432 ദശലക്ഷം യൂണിറ്റ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നു. ശേഷിക്കുന്നത് സംസ്ഥാനത്ത് പുറമേ നിന്നുകൊണ്ടുവരുന്നു. ഇതിൽ കേന്ദ്ര വിഹിതം-23.8303 ദശലക്ഷം യൂണിറ്റ്, ദീർഘ/മധ്യകാല കരാറുകൾ വഴി- 19.5804 ദശലക്ഷം യൂണിറ്റ്, ഉപഭോക്താക്കൾ പുറമേനിന്ന് വാങ്ങുന്നത് -0.7536 ദശലക്ഷം യൂണിറ്റ്, അധിക വൈദ്യുതി പ്രകാരം (UI&URS)- 3.1171 ദശലക്ഷം യൂണിറ്റ്.

(ഡി) നിലവിൽ സംസ്ഥാനത്തെ ജലസ്രോതസ്സുകളിൽനിന്നും (ചെറുകിട പദ്ധതികൾ കൂടാതെ) 16-8-2017-ലെ കണക്ക് പ്രകാരം 1392 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനാവശ്യമായ വെള്ളം ജലസംഭരണികളിലുണ്ട്. നീരൊഴുക്കിൽ ഏകദേശം 1200 ദശലക്ഷം യൂണിറ്റിന്റെ കുറവ് ജൂൺ-ജൂലൈ മാസങ്ങളിൽ ഉണ്ടായിട്ടുണ്ട്. നിലവിലുള്ള ജലം പരമാവധി സംഭരിക്കാനായി പവർ എക്സ്ചേഞ്ചിൽനിന്നും കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന സമയങ്ങളിൽ വൈദ്യുതി വാങ്ങുകയും മറ്റ് സംസ്ഥാനങ്ങൾ കേന്ദ്ര നിലയങ്ങളിൽനിന്നും വേണ്ടെന്നുവയ്ക്കുന്ന കുറഞ്ഞ നിരക്കിലുള്ള വൈദ്യുതി ലഭ്യമായ സമയങ്ങളിലെടുത്തും ജലവൈദ്യുതി വേനൽമാസങ്ങൾ വരെ ഉൽപ്പാദനം നടത്തത്തക്കവിധം ക്രമീകരിച്ചിരിക്കുന്നു. കൂടാതെ പുറമെനിന്ന് കൂടുതൽ വൈദ്യുതി കൊണ്ടുവരുന്നതിനുള്ള നടപടികൾ എടുത്തും പവർകട്ടും ലോഡ് ഷെഡ്ഡിംഗും ഒഴിവാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പട്ടാമ്പി മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസും സബ്സ്റ്റേഷനും**

178(3802) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വിളയൂർ സെക്ഷൻ ഓഫീസ്, വല്ലപ്പുഴ സബ് സ്റ്റേഷൻ, എന്നിവയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; ഇവ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്നമുറയ്ക്ക് മാത്രമേ പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകൾ പ്രവർത്തനം ആരംഭിക്കേണ്ടതുള്ളൂവെന്ന് തീരുമാനിച്ചിരുന്നു. മേൽപ്രകാരം സ്ഥലമോ കെട്ടിടമോ ലഭ്യമല്ലാത്തതിനാൽ വിളയൂർ സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാൻ സാധിച്ചിട്ടില്ല.

പട്ടാമ്പി മണ്ഡലത്തിൽ വല്ലപ്പുഴ എന്ന സ്ഥലത്ത് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ വല്ലപ്പുഴയിൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് പ്രാദേശികമായി തടസ്സം നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ പട്ടാമ്പിയിൽത്തന്നെ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തോപ്പുംപടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

179(3803) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-12-2015-ൽ 80 ലക്ഷം രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കായി ഭരണാനുമതി ലഭിച്ച കൊച്ചി മണ്ഡലത്തിലെ തോപ്പുംപടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച തുക കെ.എസ്.ഇ.ബി.-ക്ക് ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2017 ഒക്ടോബർ മാസം അവസാനത്തോടെ പണി ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഭരണാനുമതി ലഭിച്ച തുകയുടെ 20 ശതമാനം കെ.എസ്.ഇ.ബി.-ക്ക് ലഭ്യമായിട്ടുണ്ട്.

(സി) സ്ഥലത്തിന്റെ സോയിൽ ഇൻവെസ്റ്റിഗേഷൻ ജോലികൾ പൂർത്തിയാക്കി ഫൗണ്ടേഷനുവേണ്ട ശിപാർശ ലഭ്യമായിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഉടനെ ടെണ്ടർ ചെയ്യുന്നതാണ്.

## കാട്ടാക്കട മിനി വൈദ്യുതി ഭവൻ

180(3804) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിലെ കാട്ടാക്കട പഞ്ചായത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നിടത്ത് മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തായെന്ന് വിശദീകരിക്കുമോ?

ഉത്തരം

കാട്ടാക്കടയിൽ മിനി വൈദ്യുതി ഭവനം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ.-ൽ ലഭിച്ചിട്ടുണ്ട്. ബോർഡിലെ സാമ്പത്തിക വിഭാഗം ഉപദേശകന്റെ നിർദ്ദേശ പ്രകാരം ചില കാര്യങ്ങളിൽ സ്പഷ്ടീകരണം ദക്ഷിണ മേഖല വിതരണ വിഭാഗ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ലഭിക്കുന്ന മുറയ്ക്ക് ടി പ്രൊപ്പോസൽ ഭരണാനുമതിക്കായി ബോർഡിന്റെ പരിഗണനയിൽ കൊണ്ടു വരുന്നതാണ്.

## ജലവൈദ്യുത പദ്ധതികൾ

181(3805) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തുവൽ, പനങ്കയം, പെരുന്തേനരുവി ജലവൈദ്യുത പദ്ധതികൾ എന്നാണ് കമ്മീഷൻ ചെയ്തത്; ഓരോ പദ്ധതിയുടെയും പ്രവർത്തനം ആരംഭിച്ചതെന്നാണ്;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിലൂടെയും എത്ര മെഗാവാട്ട് വൈദ്യുതി ആണ് ഉല്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വെള്ളത്തുവൽ, പെരുന്തേനരുവി, പതംകയം ജലവൈദ്യുത പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി | സ്ഥാപിത ശേഷി | പ്രവർത്തനം ആരംഭിച്ച തീയതി | കമ്മീഷൻ ചെയ്ത തീയതി |
|---|---|---|---|
| വെള്ളത്തുവൽ | 3.6 മെ.വാട്ട് | 29-12-2011 | 8-9-2016 |
| പെരുന്തേനരുവി | 6 മെ. വാട്ട് | 2-3-2012 | ജൂൺ 2017 നിർമ്മാണം പൂർത്തിയാക്കി വൈദ്യുതോൽപ്പാദനം ആരംഭിച്ചു. പദ്ധതി ഉടനെ കമ്മീഷൻ ചെയ്യുന്നതാണ്. |
| പതംകയം | 8 മെ. വാട്ട് | 14-8-2017-ൽ കോമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിച്ചു. | പതംകയം പദ്ധതി 2017 ജനവരിയിൽ ഉദ്ഘാടനം നടത്തി. |

## പൈറോലിസിസ് സംവിധാനത്തിലുള്ള പ്ലാന്റുകൾ

182(3806) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യ സംസ്കരണത്തിനും വൈദ്യുതി ഉല്പാദനത്തിനുമായി പൈറോലിസിസ് സംവിധാനത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ കമ്പനികളുമായിട്ടാണ് ധാരണാപത്രം ഒപ്പിട്ടിരിക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ധാരണാപത്രത്തിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) പൈറോലിസിസ് സാങ്കേതികവിദ്യ ഉപയോഗംമൂലമുണ്ടാകുന്ന വിഷവാതകം നിമിത്തം അപകടം ഉണ്ടാകാതിരിക്കാൻ എന്തെല്ലാം മുൻകരുതൽ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ-സി) വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ പൈറോലിസിസ് സംവിധാനത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## സ്മാർട്ട് മീറ്റർ

183(3807) <u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാസം അഞ്ഞൂറ് യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ നടപ്പിലാക്കണമെന്ന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ശിപാർശ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ ശിപാർശ നടപ്പിലാക്കുന്നതിലേയ്ക്കായി സ്മാർട്ട് മീറ്റർ സംവിധാനം സ്ഥാപിക്കുന്നതിൽ താൽപ്പര്യമുള്ള കോൺട്രാക്ടർമാരോട് മാതൃകാ പ്രതിഷ്ഠാപനത്തിനായുള്ള (pilot implementation) 'താൽപ്പര്യ പ്രകടന അപേക്ഷ' (Expression of Interest) സമർപ്പിക്കുന്നതിനായി 9-8-2017-ന് പൊതുവിജ്ഞാപനം വഴി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുണ്ട്. 30-8-2017 വരെ മേൽപ്പറഞ്ഞ അപേക്ഷ സ്വീകരിക്കുന്നതാണ്.

(സി) ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപയോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാകുന്നു. റ്റി.ഒ.ഡി. താരിഫ് ഉള്ള ഉപഭോക്താക്കൾക്ക് പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച് വൈദ്യുതി ബില്ലിൽ കുറവ് വരുത്താവുന്നതാണ്. വൈദ്യുതി തടസ്സങ്ങൾ തൽസമയംതന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട് വൈദ്യുതി പുനഃസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഉദ്യോഗസ്ഥർക്ക് കഴിയും. ഇപ്രകാരം 500 യൂണിറ്റിലധികം വൈദ്യുത ഉപഭോഗമുള്ള ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതുവഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും ലക്ഷ്യമിടുന്നു.

## കാസർഗോഡ് ജില്ലയിലെ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

184(3808) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര വൈദ്യുതി സെക്ഷൻ ഓഫീസുകൾ ഉണ്ട്;

(ബി) ഈ ഓഫീസുകളിൽ അനുവദിച്ച തസ്തികകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ തസ്തികകളിൽ ഒഴിഞ്ഞുകിടക്കുന്നവ ഏതാണെന്നും എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു എന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ 30 ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുണ്ട്.

(ബി&സി) ഈ ഓഫീസുകളിലെ തസ്തികകളുടെ എണ്ണവും ഒഴിവുകളും അനുബന്ധമായി ചേർത്തിരിക്കുന്നു*. ഈ ഒഴിവുകൾ ഒരു വർഷത്തോളമായി ഒഴിഞ്ഞുകിടക്കുന്നവയാണ്.

(ഡി) ഒഴിവുകൾ ബോർഡ് അനുമതിക്ക് വിധേയമായി പി.എസ്.സി. നിയമനം വഴിയും ഉദ്യോഗക്കയറ്റം നൽകിയും കൂടാതെ സ്ഥലം മാറ്റത്തിലൂടെയും നികത്തുന്നതാണ്.

---

* ലൈബ്രറികൾ വച്ചിട്ടുണ്ട്.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

185(3809) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദീകരിക്കുമോ;

(ബി) ഓരോ മണ്ഡലങ്ങളിലും ഇത്തരത്തിൽ നടത്തുന്ന പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും മറ്റും എം.എൽ.എ.-മാരെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി വൈദ്യുത വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിനായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗപ്പെടുത്തി എച്ച്.റ്റി., എൽ.റ്റി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് കൺവർഷൻ തുടങ്ങിയ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്.

(ബി&സി) സ്വീകരിക്കുന്നതാണ്. എം.എൽ.എ.-മാരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് വിനിയോഗപ്പെടുത്തി നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുന്ന 'Utilization Certificate' തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതാണ്.

## സമ്പൂർണ്ണ വൈദ്യുതീകരണം

186(3810) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി എം.എൽ.എ. ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഭരണാനുമതി ലഭിച്ച പദ്ധതികളിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കാമോ;

(സി) എം.എൽ.എ. ഫണ്ട് ലഭ്യമായവയിൽ സമ്പൂർണ്ണ വൈദ്യുതീകരണം എപ്പോൾ പൂർത്തിയാകും; വിശദമാക്കാമോ?

## ഉത്തരം

(എ) 2017 മാർച്ച് മാസത്തോടുകൂടി കേരളത്തിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യം നടപ്പിലാക്കാനായി ഗുണഭോക്താക്കളെ കണ്ടെത്തുക, ധനസ്രോതസ്സുകൾ കണ്ടെത്തുക, വിതരണ ശൃംഖല വിപുലീകരിക്കാൻ സാധ്യമായ സ്ഥലങ്ങളിലെല്ലാം ആ വിധത്തിലും ആയത് സാധ്യമാകാത്ത സ്ഥലങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതി ഉൽപ്പാദനവും വിതരണവും വഴിയും വൈദ്യുതി എത്തിക്കുക, വയറിംഗ് പൂർത്തിയാക്കാൻ പണം കണ്ടെത്താനാകാത്ത ഗുണഭോക്താക്കൾക്ക് ആയതിനുള്ള ധനസ്രോതസ്സ് കണ്ടെത്തി വയറിംഗ് നടത്തുക, വയറിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുക എന്നിങ്ങനെ സാമൂഹിക ഉന്നമനത്തിനായി ഒരു ബൃഹത് പദ്ധതിയാണ് സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ നടപ്പിലാക്കുന്നത്.

സമ്പൂർണ്ണ വൈദ്യുതീകരണ യജ്ഞത്തിന്റെ ഭാഗമായി വൈദ്യുതി ലൈൻ എത്തിപ്പെട്ടിട്ടില്ലാത്ത ഒറ്റപ്പെട്ട, ഉൾനാടൻ പ്രദേശങ്ങളിൽ സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതീകരിക്കുന്ന പദ്ധതിയാണ് കെ.എസ്.ഇ.ബി. നടപ്പിലാക്കിയിട്ടുള്ളത്. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽനിന്നും ഗുണഭോക്താക്കളായ 257 കുടുംബങ്ങളെ കണ്ടെത്തുകയും അവിടേയ്ക്ക് മേൽപ്രകാരം സൗരനിലയം സ്ഥാപിക്കാനുള്ള കരാറിലേർപ്പെടുകയും ചെയ്തു. ഈ പദ്ധതി പ്രകാരം പരിമിത ഗാർഹിക ഉപഭോഗം നിജപ്പെടുത്തിയതിനാൽ ജനങ്ങൾ എതിർപ്പ് രേഖപ്പെടുത്തുകയും തന്മൂലം പദ്ധതി സമ്പൂർണ്ണമായി നടപ്പിലാക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്. നൂതന ഗാർഹിക ഉപകരണങ്ങൾ പ്രവർത്തിക്കാൻ കഴിയുന്ന ശൃംഖലയാണ് ഇവർ പ്രതീക്ഷിക്കുന്നത്. ആയതിനാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കെ.എസ്.ഇ.ബി.-ക്ക് ബുദ്ധിമുട്ടുകളുണ്ടായിട്ടുണ്ട്.

(ബി&സി) 16-8-2017-ലെ കണക്കുകൾ പ്രകാരം 127 എം.എൽ.എ.-മാരിൽ നിന്നായി 36.98 കോടി രൂപ (28.34 കോടി രൂപ ആസ്തിവികസന ഫണ്ടിൽ നിന്നും 8.64 കോടി രൂപ പ്രത്യേക വികസന ഫണ്ടിൽനിന്നും) ലഭ്യമാക്കുന്നതിന് നിയമസഭാ സാമാജികരുടെ ഉറപ്പ് ലഭിച്ചിട്ടുണ്ട്. ഇതിൽ 75 എം.എൽ.എ.-മാരുടെ ആസ്തിവികസന ഫണ്ടിനായുള്ള എസ്റ്റിമേറ്റ് ലഭ്യമായതിൽ 68 എണ്ണത്തിനുള്ള ഭരണാനുമതി (23.84 കോടി രൂപ) നൽകിയിട്ടുണ്ട്. 51 എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ട് ലഭ്യമാക്കുന്നതിനുള്ള ഉറപ്പ് ലഭിച്ചതിൽ ഇതുവരെ 8.54 കോടി രൂപ ലഭിച്ചിട്ടുണ്ട്. Suplementary Demand For Grants 2016-17 പ്രകാരം 20 കോടി രൂപ ആസ്തിവികസന ഫണ്ടിൽനിന്നും സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി വകയിരുത്തിയിരുന്നു. ഇതിൽ 15 കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് അനുവദിച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് വൈദ്യുത കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി വൈദ്യുതി വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിനായി എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് വിനിയോഗപ്പെടുത്തി എച്ച്.റ്റി., എൽ.റ്റി. ലൈൻ നിർമ്മാണം, ട്രാൻസ്ഫോമർ സ്ഥാപിക്കൽ, സിംഗിൾ ഫേസ് റ്റു ത്രീ ഫേസ് കൺവർഷൻ തുടങ്ങിയ പ്രവൃത്തികളാണ് പ്രധാനമായും നടപ്പിലാക്കിയത്. റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതും വനം വകുപ്പിന്റെ അനുമതി ലഭിക്കാനുള്ളതുമായ ഏതാനും ഗുണഭോക്താക്കളും ഇ.എച്ച്.ടി. ടവർ സ്ഥാപിച്ച് കായലിനുകുറകെ 320 മീറ്റർ എൽ.റ്റി. ലൈൻ വലിച്ച് വൈദ്യുതി കണക്ഷൻ നൽകേണ്ട മാട്ടേൽ തുരുത്തിലെ പത്ത് കണക്ഷനുകളും ഒഴിച്ച് എല്ലാ പ്രവൃത്തികളും പൂർത്തിയാക്കിയിട്ടുണ്ട്. ഇവയും ഉടൻ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ വൈദ്യുത പദ്ധതികൾ

187(3811) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതികളിൽനിന്ന് പ്രതീക്ഷിക്കുന്നതെന്നും പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കി കമ്മീഷൻ ചെയ്യുവാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) മുൻസർക്കാരിന്റെകാലത്ത് ഏതെല്ലാം ജലവൈദ്യുത പദ്ധതികളുടെ പണി പൂർത്തിയാക്കിയെന്നും എത്ര മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണം പുനരാരംഭിച്ചു. തോട്ടിയാർ പദ്ധതിയുടെ ബാക്കി ജോലികൾക്കുള്ള ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി)

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി | പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി |
|---|---|---|---|
| 1 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW | 12/2020 |
| 2 | തോട്ടിയാർ | 40 MW | 2/2020 |

(സി) മുൻസർക്കാരിന്റെകാലത്ത് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി 33.761 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | സ്ഥാപിത ശേഷി |
|---|---|---|
| 1 | റാന്നി പെരുനാട് | 4 MW |
| 2 | പീച്ചി | 1.25 MW |
| 3 | വിലങ്ങാട് | 7.5 MW |
| 4 | ബാരാപ്പോൾ | 15 MW |
| 5 | ചിമ്മിണി | 2.5 MW |
| 6 | ആഢ്യൻപാറ | 3.5 MW |
| 7 | പൊരിങ്ങൽകുത്ത് മൈക്രോ സ്കീം | 0.011 MW |
| | | 33.761 MW |

മുൻസർക്കാരിന്റെകാലത്ത് സ്വകാര്യ മേഖലയിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ താഴെപ്പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ പണി പൂർത്തിയാക്കിയിട്ടുണ്ട്:

- കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഒന്നാംഘട്ടം-10.5 MW
- ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ ഇരുട്ടുകാനം രണ്ടാം ഘട്ടം-1.5 MW
- മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി-3 MW

മൊത്തം 66 KW വരുന്ന 64 പീക്കോ ജലവൈദ്യുത പദ്ധതികൾ (1 മുതൽ 3 KW വരെയുള്ളവ) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

**അതിരപ്പിള്ളി പദ്ധതി**

188(3812) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരിപ്പിള്ളി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കെതിരെ പ്രചരണം നടത്തുന്ന സംഘടനകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(സി) പരിസ്ഥിതി വിഷയം അജണ്ടയാക്കി പ്രവർത്തിക്കുന്ന ചില സംഘടനകൾക്ക് ലഭിക്കുന്ന ഫണ്ടിംഗിനെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. പദ്ധതിക്കെതിരായി ഏതാനും പരിസ്ഥിതി സംഘടനകളും രാഷ്ട്രീയ പാർട്ടികളും ചില ആശങ്കകൾ ഉയർത്തിയിട്ടുണ്ട്. ഇത്തരം ആശങ്കകൾ അകറ്റി സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി&സി) ശ്രദ്ധയിൽപ്പട്ടിട്ടില്ല.

## അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി

189(3813) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വിയർ, ടണൽ, പവർഹൗസ് തുടങ്ങിയ പദ്ധതിയുടെ പ്രധാനഘടകങ്ങളുടെ നിർമ്മാണങ്ങൾ തുടങ്ങിയിട്ടില്ല. ടെണ്ടർ വിളിച്ചിട്ടില്ല. പ്രാരംഭ പ്രവർത്തനങ്ങളിൽ ചിലത് മുൻപേതന്നെ ആരംഭിച്ചിട്ടുണ്ട്.

## വൈദ്യുതിലൈൻ അപകടങ്ങൾ ഒഴിവാക്കാൻ നടപടി

190(3814) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ വൈദ്യുതിലൈൻ അപകടങ്ങളിൽപ്പെട്ട് ഷോക്കേറ്റ് മരിച്ച ആളുകളുടെ എണ്ണം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വൈദ്യുതിലൈൻ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങളിൽനിന്നും രക്ഷനേടാൻ ഇവ പൊട്ടിവീണാലുടൻതന്നെ വൈദ്യുതി നിലയ്ക്കുന്ന എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുവാൻ നടപടിയുണ്ടോ;

(സി) വൈദ്യുതാഘാതം വഴിയുള്ള മരണങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികൾ വൈദ്യുതി ബോർഡിന് സ്വീകരിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി കമ്പിയുമായി സമ്പർക്കത്തിൽപ്പെട്ട് വൈദ്യുതാഘാതമേറ്റും വൈദ്യുതി ലൈൻ അപകടങ്ങളിൽപ്പെട്ടും 59 പൊതുജനങ്ങളും 6 ബോർഡുജീവനക്കാരും 8 കരാർ തൊഴിലാളികളും മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | മരണപ്പെട്ട പൊതുജനങ്ങൾ | ബോർഡ് ജീവനക്കാർ | കരാർ തൊഴിലാളികൾ |
|---|---|---|---|
| 2016 | 35 | 1 | 5 |
| 2017 | 24 | 5 | 3 |

(ബി) 11 കെ.വി.-യോ അതിനുമുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതിബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം എല്ലാ സബ്സ്റ്റേഷനുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ സംവിധാനം നിശ്ചിത ഇടവേളകളിൽ പരിശോധിച്ച് കുറ്റമറ്റതാക്കുന്നുണ്ട്.

(സി) വൈദ്യുതാഘാതംവഴിയുള്ള മരണങ്ങൾ ഒഴിവാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വൈദ്യുതി ലൈനുകളിലെ അറ്റകുറ്റപ്പണികളിലേർപ്പെടുന്ന ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി Permit to Work (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, Safety Shoes, Earthing/ Discharge Rod, Earthing Chain, First Aid Kit, Rain Coat, Ladder etc.) ലഭ്യമാക്കിയിട്ടുണ്ട്. വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും ആവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. സുരക്ഷാപാലനം ഉറപ്പുവരുത്തുന്നതിനായി സബ് എഞ്ചിനീയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തിയും ജോലിസ്ഥലങ്ങളിൽ കൊണ്ടുപോയി പരിശീലനം നടത്തിയും സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തുന്നുണ്ട്. ബോർഡ് ജീവനക്കാർക്ക് ഡോക്ടർ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി പ്രഥമ ശുശ്രൂഷാപരിശീലനം നൽകുന്നുണ്ട്.

പൊതുജനങ്ങളുടെയും കുട്ടികളുടെയും സുരക്ഷാബോധം ഉയർത്തുന്നതിനായി ഡോക്യുമെന്ററികൾ, ന്യൂസ് ക്ലിപ്പിംഗ്സ്, സുരക്ഷാവബോധ പരസ്യങ്ങൾ, ദൃശ്യ/ശ്രവ്യ/പത്രമാധ്യമങ്ങൾ വഴിയുള്ള ബോധവൽക്കരണം മുതലായ വിവിധ പരിപാടികൾ നടത്തിവരുന്നു. കൂടാതെ കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള AAC (All Aluminium Conductor) കോപ്പർ തുടങ്ങിയ കമ്പികൾ മാറ്റി ACSR (Aluminium Conductor Steel Reinforced) കമ്പികൾ ഉപയോഗിക്കുക. സ്വയം വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയവ എല്ലാ വർഷവും ചെയ്തുവരുന്നു. LT, HT വിതരണ ലൈനുകളിൽ ഇപ്പോൾ തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്. കമ്പി പൊട്ടി വീഴുക മുതലായ അത്യാവശ്യഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് 9496061061 എന്ന നമ്പറിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഏത് പരാതിയും നേരിട്ട് അറിയിക്കുന്നതിന് 1912 എന്ന കേന്ദ്രീകൃത ഉപഭോക്തൃസേവന കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നുണ്ട്. വൈദ്യുതി അപകടങ്ങളും മറ്റുള്ള ഏത് പരാതിയും ഇപ്പോൾ 9496001912 എന്ന വാട്ട്സാപ്പ് നമ്പറിലും അറിയിക്കാവുന്നതാണ്. കൂടാതെ കെ.എസ്.ഇ.ബി.എൽ. നേരിട്ടും മൈക്ക് ഓപ്പറേറ്റർ മുഖേനയും പൊതുസ്ഥലങ്ങളിലും ജനങ്ങൾ തിങ്ങിക്കൂടുന്ന മറ്റിടങ്ങളിലും വൈദ്യുതി സുരക്ഷാ സന്ദേശങ്ങൾ മൈക്കിലൂടെ കേൾപ്പിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് വൈദ്യുതി സുരക്ഷയെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി സംസ്ഥാനത്തെ പ്രധാനപ്പെട്ട പ്രാദേശിക ഉത്സവ സമയങ്ങളിലും മറ്റ് പ്രധാന പരിപാടികളോടനുബന്ധിച്ചും സുരക്ഷാബോധവൽക്കരണ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്.

## സൗരവൈദ്യുതിയുടെ വ്യാപനം

191(3815) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൗരവൈദ്യുതിയുടെ വ്യാപനം സംബന്ധിച്ച് പഠനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ സംസ്ഥാനത്ത് സൗരോർജ്ജം ഉല്പാദിപ്പിക്കുന്ന സ്രോതസ്സുകളും അവയുടെ ഉപഭോക്താക്കളും ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) സൗരവൈദ്യുതിയുടെ വ്യാപനം സംബന്ധിച്ച് വൈദ്യുതി ബോർഡ് സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വൈദ്യുതി ഗ്രിഡിന്റെ സ്ഥിരത ഉറപ്പാക്കാനായി റെഗുലേഷൻ അനുസരിച്ച് വിതരണ ട്രാൻസ്ഫോമറിന്റെ 15 ശതമാനം അല്ലെങ്കിൽ ശരാശരി ലോഡിന്റെ (ഏഴ് ദിവസം 8.00 a.m. മുതൽ 4.00 p.m. വരെയുള്ള) 80 ശതമാനം വരെ മാത്രമേ അനുവദിക്കാൻ കഴിയുകയുള്ളൂ. ഈ നിലയിൽ സോളാർ കണക്ടിവിറ്റി നൽകുന്നതിന് മുമ്പ് ഇത് പരിശോധിച്ച് ഉറപ്പാക്കുന്നുണ്ട്. അതുപോലെ ഉയർന്ന ശേഷിയുള്ള പദ്ധതികളുടെ കണക്ടിവിറ്റി നൽകുന്നതിന് മുമ്പ് ലോഡ് ഫ്ലോ സ്റ്റഡി നടത്താറുണ്ട്.

സൗരവൈദ്യുതി ഗ്രിഡുമായി ബന്ധിപ്പിക്കുമ്പോൾ ഗ്രിഡിന്റെ സ്ഥിരത പഠിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു പൈലറ്റ് പദ്ധതി സർക്കാർ സഹായത്തോടു കൂടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അഞ്ച് കോടിയോളം രൂപ മുടക്കി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി) സൗരോർജ്ജം മുഖ്യസ്രോതസ്സായുള്ള ഫോട്ടോവോൾട്ടായിക് പദ്ധതികൾ തറനിരപ്പിലും കെട്ടിടങ്ങളുടെ മേൽക്കൂരയിലും ഡാമിന്റെ നടപ്പാതയിലും കനാലിന്റെ മുകളിലും ജലോപരിതലത്തിൽ പൊങ്ങിക്കിടക്കുന്നതുമായ പദ്ധതികൾ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ ഗ്രിഡ്ബന്ധിതമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.*

സ്വകാര്യ/സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിക്കുന്ന ഗ്രിഡ്ബന്ധിത സൗരോർജ്ജ നിലയങ്ങളുടെ മുഖ്യഗുണഭോക്താക്കൾ അതാത് ഉപഭോക്താക്കളാണ്. ഇതുകൂടാതെ സിയാൽ 23.19 മെഗാവാട്ടും ഹിൻഡാൽകോ 1 മെഗാവാട്ടും സോളാർ പാർക്ക് 36 മെഗാവാട്ട്, അനെർട്ട് (ഗ്രിഡ് ബന്ധിതം) 2 മെഗാവാട്ട്, ഉപഭോക്താക്കൾ (മേൽക്കൂരയിൽ) 6.88 മെഗാവാട്ട്, കെ.എസ്.ഇ.ബി. ലിമിറ്റഡ് 10.399 മെഗാവാട്ടും ഗ്രിഡ് ബന്ധിത പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. അതത് ഉപഭോക്താക്കൾ ഗുണഭോക്താക്കളായിട്ടുള്ള 10.3 മെഗാവാട്ടിന്റെ ഓഫ് ഗ്രിഡ് പദ്ധതികൾ അനെർട്ട് നടപ്പിലാക്കിയിട്ടുണ്ട്.

പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന്റെ ഉടമസ്ഥതയിൽ 2 മെഗാവാട്ടിന്റെ സോളാർ പ്ലാന്റ് വൈദ്യുതി ഉത്പാദിപ്പിച്ച് കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക് നൽകി വരുന്നുണ്ട്. നിലവിൽ അനെർട്ടിന്റെ ഡെമോൺസ്ട്രേഷൻ സ്കീമിൽ ഉൾപ്പെടുത്തി 7 ഉപഭോക്താക്കൾക്ക് (സർക്കാർ കെട്ടിടങ്ങൾ)110kWp ഉം ഡെപ്പോസിറ്റ് വർക്ക് സ്കീമിൽ ഉൾപ്പെടുത്തി 25 ഉപഭോക്താക്കൾക്ക്(സർക്കാർ കെട്ടിടങ്ങൾ) 2kWp ടെക്നിക്കൽ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെടുത്തി, 4 ഉപഭോക്താക്കൾക്ക് (3 സർക്കാർ കെട്ടിടങ്ങളും 1 പ്രൈവറ്റ് കോളേജും) 2100kWp ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ അനെർട്ട് നടപ്പിലാക്കിയിട്ടുണ്ട്. വിശദമായ ലിസ്റ്റ് അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനെർട്ട് നടപ്പിലാക്കുന്ന റൂഫ് ടോപ്പ് സോളാർ പദ്ധതി പ്രകാരം പതിനായിരത്തിലധികം മേൽക്കൂരകളിൽ സൗരോർജ്ജ പാനൽ ഘടിപ്പിച്ച് ഗാർഹിക, വ്യവസായ ഉപഭോക്താക്കൾ വൈദ്യുതി ഉത്പാദിപ്പിക്കുന്നത്. ഇതിൽ സ്വന്തം ഉപഭോഗം കഴിഞ്ഞ് ബാക്കിയുള്ളത് വൈദ്യുതി വിതരണ കമ്പനികളുടെ ശൃംഖലയിലേക്ക് നൽകുന്നതാണ്.

(സി) ഉണ്ട്. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്ത സ്ഥലത്തും കെട്ടിടങ്ങളുടെ മേൽക്കൂരകളിലുമായി 10.399 മെഗാവാട്ട് സ്ഥാപിച്ചിട്ടുണ്ട്. 8.515 മെഗാവാട്ട് പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 4.4175 മെഗാവാട്ട് പദ്ധതികളുടെ ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് സർക്കാർ കെട്ടിടങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും മേൽക്കൂരയിൽ 1.22 മെഗാവാട്ടിന്റെ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. ഫണ്ടിന്റെ ലഭ്യതകൂടി കണക്കാക്കി സർവ്വേ ക്രമപ്പെടുത്തിയിട്ടുണ്ട്.

## വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം

192(3816) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഇ.ഡി ബൾബുകളുടെ ഉപയോഗത്തിൽ ഉണ്ടായ വൻവർദ്ധനവ് വൈദ്യുതി ഉപഭോഗം കുറയ്ക്കുവാൻ കാരണമായിട്ടുണ്ടോ;

(ബി) ഇക്കഴിഞ്ഞ വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം കഴിഞ്ഞ വർഷവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവായിരുന്നുവെന്ന റിപ്പോർട്ടുകൾ വസ്തുതാപരമാണോ;

(സി) എങ്കിൽ വൈദ്യുതി ഉപഭോഗത്തിൽ വന്ന കുറവ് എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കഴിഞ്ഞ വേനൽക്കാലത്തെ വൈദ്യുതി ഉപഭോഗം കഴിഞ്ഞ വർഷത്തെ ഉപഭോഗവുമായി താരതമ്യം ചെയ്യുമ്പോൾ ഫെബ്രുവരി മുതൽ ഏപ്രിൽ വരെ കുറവായിരുന്നുവെന്നത് ശരിയാണ്. എന്നാൽ മേയ് മാസം 2017-ലെ ഉപഭോഗം 2016-നെക്കാൾ കൂടുതലായിരുന്നു.

(സി) വൈദ്യുതി ഉപഭോഗത്തിൽ വന്ന കുറവ് ചുവടെ ചേർക്കുന്നു:

| മാസം | 2016 ദശലക്ഷം യൂണിറ്റ് | 2017 ദശലക്ഷം യൂണിറ്റ് | അന്തരം ദശലക്ഷം യൂണിറ്റ് |
|---|---|---|---|
| ഫെബ്രുവരി | 1926 | 1876 | 50 |
| മാർച്ച് | 2259 | 2179 | 80 |
| ഏപ്രിൽ | 2285 | 2217 | 68 |
| മേയ് | 2127 | 2170 | -43 |

## വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ

193(3817) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിരിക്കുന്ന മാർഗ്ഗങ്ങളുടെയും പദ്ധതികളുടെയും വിശദാംശങ്ങൾ നൽകുമോ;

(ബി) വൈദ്യുതി പ്രസരണ നഷ്ടം കുറക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഭാവിയിലെ ഊർജ്ജസ്രോതസ്സ് എന്ന നിലയിൽ സൗരോർജ്ജത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് കെ.എസ്.ഇ.ബി നടപ്പാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനായി നിലവിൽ നിർമ്മാണം നടന്നുവരുന്ന 9 ജലവൈദ്യുത പദ്ധതികൾ (ആകെ 165MW) സമയബന്ധിതമായി പൂർത്തിയാക്കുവാനും കൂടാതെ പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആകെ 156.5 MW സ്ഥാപിതശേഷി ലഭിക്കുന്ന 16 പുതിയ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. മേൽപ്പറഞ്ഞ പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം 1 & 2 ആയി ചേർത്തിരിക്കുന്നു.* പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ ഉത്പാദനം ലക്ഷ്യമിട്ട് സംസ്ഥാനത്താകെ സൗരോർജ്ജത്തിൽനിന്നും 90 MW-ഉം കാറ്റിൽ നിന്നും 59.275 MW-ഉം വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. സർക്കാരിന്റെ പദ്ധതി പ്രകാരം 2022-ഓടുകൂടി 1000 MW-ന്റെ സോളാർ പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. വിഭാവന ചെയ്ത പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| കാസർഗോഡ് സോളാർ പാർക്ക് (36 MW ചാർജ്ജ് ചെയ്തു) | 164 MW |
| ചീമേനി സോളാർ പാർക്ക് | 200 MW |
| NTPC | 175 MW |
| മറ്റ് ഉപഭോക്താക്കൾ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, കൊച്ചി മെട്രോ റെയിൽ | 371 MW |
| പൂർത്തീകരിച്ചത് | 90 MW |
| ആകെ | 1000 MW |

പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| KSEBL | 10.399 MW |
| ഉപഭോക്താക്കൾ (ഗ്രിഡ് നിർബന്ധം) | 6.881 MW |
| സോളാർ പാർക്ക് | 36 MW |
| ബിയാൽ | 23.19 MW |
| ഹിൻഡാൽകോ | 1 MW |
| അനെർട്ട് | 2 MW |
| എഞ്ചിനീയറിംഗ് കോളേജ് | 135 MW |
| കാര്യവട്ടം ക്യാമ്പസ് | 100 KW |
| അനെർട്ട് (ഓഫ് ഗ്രിഡ്) | 10.3 KW |
| ആകെ | 90 MW |

കൂടാതെ കാറ്റിൽനിന്നും 59.275 MW ഉല്പാദിപ്പിക്കുന്നുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് 6.125 MW ശേഷിയുള്ള പദ്ധതികളും സ്വകാര്യ വ്യക്തികൾ 112 MW-ന്റെ പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്.

കേരള ചെറുകിട ജലവൈദ്യുത പദ്ധതി നയ പ്രകാരം സ്വകാര്യ മേഖലയുടെ സഹകരണത്തോടെ മത്സരദർഘാസിലൂടെ 25 MW വരെയുള്ള ചെറുകിട ജലവൈദ്യുത പദ്ധതികൾ - ക്യാപ്റ്റീവ്, സ്വതന്ത്ര-വിഭാഗങ്ങളിൽ -30 വർഷത്തേയ്ക്ക് BOOT അടിസ്ഥാനത്തിൽ അനുവദിച്ചുവരുന്നു. BOOT കാലാവധിക്കുശേഷം ഈ പദ്ധതികൾ സർക്കാരിലേയ്ക്ക് യാതൊരു ഉപാധികളുമില്ലാതെ തിരിച്ചുനൽകേണ്ടതാണ്. ഇത്തരത്തിൽ (i) 7 MW-ന്റെ അള്ളുങ്കൽ (ii) 10 MW-ന്റെ കാരിക്കയം ഒന്നാംഘട്ടം (iii)3 MW-ന്റെ ഇരുട്ടുകാനം ഒന്നാംഘട്ടം (iv) 1.5 MW-ന്റെ ഇരുട്ടുക്കാനം രണ്ടാംഘട്ടം v) 5 MW-ന്റെ കാരിക്കയം രണ്ടാംഘട്ടം (vi) 8 MW-ന്റെ പാതംകയം എന്നീ പദ്ധതികൾ ഇതുവരെ കമ്മീഷൻ ചെയ്തു.

ഇങ്ങനെ അനുവദിച്ച 8 MW-ന്റെ ആനക്കാംപോയിൽ, 4.5 MW അരിപ്പാറ എന്നീ പദ്ധതികളുടെ പണികൾ ഒരു വർഷത്തിനകം തീർക്കുന്ന വിധത്തിൽ നടന്നുകൊണ്ടിരിക്കുന്നു.

21 MW-ന്റെ കക്കടാംപോയിൽ, 16 MW-ന്റെ പോരു, 20 MW-ന്റെ കീഴാർകുത്ത് എന്നീ പദ്ധതികളുടെ വനം, MO&EF അനുവാദം കിട്ടുന്നതിനായിട്ടുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നു. ഏകദേശം 45 MW സ്ഥാപിതശേഷി വരുന്ന 20 പദ്ധതികൾ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. ഇതുകൂടാതെ സ്വന്തമായുള്ള സ്ഥലത്ത് ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനും പോളിസി വിഭാവനം ചെയ്തിരിക്കുന്നു. ഇത്തരത്തിലുള്ള പല പദ്ധതികളുടെയും അനുമതിയ്ക്കായുള്ള അപേക്ഷകളും ലഭിച്ചുകൊണ്ടിരിക്കുന്നു.

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് സോളാർവിന്റ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനും 10.50 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായതോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ച് നൽകാൻ പദ്ധതിയുണ്ട്.

(ബി) വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി സാങ്കേതിക പഠനത്തെ ആധാരമാക്കി പുതിയ സബ്സ്റ്റേഷനുകൾ നിർമ്മിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളെ ഉയർന്ന വോൾട്ടേജിലേയ്ക്ക് ഉയർത്തുക, വൈദ്യുത കമ്പികൾ ഉയർന്ന ശേഷിയുള്ളവയാക്കി മാറ്റുക, പുതിയ ലൈനുകൾ നിർമ്മിക്കുക, നിലവിലുള്ള ലൈനുകളെ ഉയർന്ന വോൾട്ടേജ് ലൈനുകളാക്കി മാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി അഞ്ച് വർഷം കൊണ്ടാണ് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ ആനുവൽ പ്ലാനുകളിൽ ഉൾപ്പെടുത്തിയും മേൽപ്രവൃത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പൂർത്തീകരിച്ചതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും വിഭാവനം ചെയ്തിട്ടുള്ളതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതി വിഹിതം

194(3818) ശ്രീ. പാറക്കൽ അബ്ദുല്ല :
ഡോ. എം. കെ. മുനീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത വൈദ്യുതിപ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുമ്പോൾ കായംകുളം താപനിലയം അടഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കായംകുളം നിലയത്തിന്റെ ഉൽപ്പാദനശേഷി എത്ര മെഗാവാട്ടാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്പോൾ സംസ്ഥാനത്തിനുള്ള കേന്ദ്ര വൈദ്യുതി വിഹിതത്തിൽ എത്ര മെഗാവാട്ടിന്റെ കുറവുണ്ട്;

(സി) കായംകുളം താപനിലയത്തിൽ നിന്ന് വൈദ്യുതി വാങ്ങുന്നത് ഏത് സാഹചര്യത്തിലാണ് കെ.എസ്.ഇ.ബി. നിർത്തലാക്കിയതെന്ന് വെളിപ്പെടുത്തുമോ;

(ഡി) നാഫ്തയാണോ കായംകുളത്ത് ഇന്ധനമായി ഉപയോഗിക്കുന്നത്; സമീപകാലത്തെ ഏറ്റവും കുറഞ്ഞ വിലയ്ക്കാണ് ഇപ്പോൾ നാഫ്ത ലഭിക്കുന്നതെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ സാഹചര്യത്തിൽ കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിക്ക് വില കുറയില്ലേ ; എങ്കിൽ കായംകുളം നിലയത്തിൽനിന്ന് വൈദ്യുതി വാങ്ങുന്ന കാര്യം വൈദ്യുതി ബോർഡ് പുനഃപരിശോധിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് വിലകുറഞ്ഞ വൈദ്യുതി ലഭ്യമാകുന്നതു കൊണ്ട് സംസ്ഥാനം കടുത്ത വൈദ്യുതി പ്രതിസന്ധി നേരിടുന്നില്ല. കായംകുളം താപനിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില 7 രൂപയിൽ കൂടുതലായതു കൊണ്ട് ഇപ്പോൾ അവിടെനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നില്ല. എന്നാൽ വളരെ അടിയന്തര സാഹചര്യത്തിൽ വൈദ്യുതി ഉല്പാദിപ്പാക്കാറുണ്ട്. കായംകുളം താപനിലയത്തിന്റെ ഉല്പാദനശേഷി 359.58 മെഗാവാട്ടാണ്.

(ബി) ആഗസ്റ്റ് മാസം 16-ാം തീയതിയിലെ കണക്കനുസരിച്ച് കേന്ദ്ര വിഹിതത്തിൽ ഇപ്പോൾ ഏകദേശം 589 മെഗാവാട്ടിന്റെ കുറവുണ്ട്.

(സി) കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന നാഫ്ത എന്ന ഇന്ധനത്തിന്റെ വില വളരെ കൂടിവന്ന സാഹചര്യത്തിൽ ടി നിലയത്തിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെയും വില കൂടുതലാവുകയും സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ വിലയ്ക്ക് വൈദ്യുതി ലഭ്യമാകുകയും ചെയ്ത സാഹചര്യത്തിലാണ് ടി നിലയത്തിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം നിർത്തലാക്കിയത്.

(ഡി) നാഫ്ത്തയാണ് കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന ഇന്ധനം. 1-7-2017-ലെ കണക്കനുസരിച്ച് നാഫ്ത്തയുടെ വില ഒരു മെട്രിക് ടണ്ണിന് 32833.36 രൂപയാണ്. നാഫ്ത്തയുടെ വില 1-7-2017-ലെ കണക്കനുസരിച്ച് മെട്രിക് ടണ്ണിന് 32833.36 രൂപയും അതുപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില യൂണിറ്റിന് 5.96 രൂപയാണെങ്കിലും ഇപ്പോൾ വൈദ്യുതി ഉല്പാദിപ്പിക്കുന്നത് മുമ്പ് വാങ്ങിസൂക്ഷിച്ചിരിക്കുന്ന വില കൂടിയ നാഫ്ത്ത ഉപയോഗിച്ചാണ്. ആയതുകൊണ്ട് ഇവിടെ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില ഇപ്പോഴും കൂടുതലാണ്. അതായത് യൂണിറ്റിന് 7.27 രൂപ.

(ഇ) ഇപ്പോഴത്തെ നാഫ്ത്തയുടെ വില പരിഗണിച്ചാലും സംസ്ഥാനത്തിന് പുറത്തുനിന്ന് ലഭിക്കുന്ന വൈദ്യുതിയുടെ വിലയെക്കാൾ കൂടുതലാണ് കായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയുടെ വില. ആയതുകൊണ്ട് ടി നിലയത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന കാര്യം പുനഃപരിശോധിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. അടിയന്തര സാഹചര്യങ്ങളിൽ മാത്രം ഇവിടെ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കും.

## വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട വന്യമൃഗങ്ങൾ

195(3819) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷക്കാലയവിൽ സംസ്ഥാനത്തെ വനമേഖലയിലും പരിസരപ്രദേശങ്ങളിലുമായി ആനകൾ ഉൾപ്പെടെ എത്ര മൃഗങ്ങൾ വൈദ്യുതാഘാതമേറ്റ് മരണപ്പെടുകയുണ്ടായി;

(ബി) അപകടമുണ്ടായാൽ ഉടനെതന്നെ വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടുന്ന സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ്;

(സി) വൈദ്യുതി ബോർഡ് വൈദ്യുതി വിതരണമേഖലയിൽ നടത്തിയിട്ടുള്ള സുരക്ഷാ സംവിധാനങ്ങൾ എന്തെല്ലാമാണ്; ഈ സംവിധാനങ്ങൾ പ്രവർത്തനക്ഷമമാണോ എന്ന് യഥാസമയം പരിശോധിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ഡി) നിലവിലെ സംവിധാനം സുരക്ഷയ്ക്ക് പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; അല്ലെങ്കിൽ ഇത്തരം അപകടങ്ങൾ കുറയ്ക്കാൻ പര്യാപ്തമായ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) വൈദ്യുതിവിതരണത്തിനുപയോഗിക്കുന്ന വൈദ്യുത കമ്പികളിൽ ഗുണമേന്മ ഇല്ലാത്തതും കാലപ്പഴക്കംവന്നവയും മാറ്റിസ്ഥാപിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനമേഖലയിലും പരിസര പ്രദേശങ്ങളിലുമായി 10 വർഷത്തിനുള്ളിൽ മരിച്ച വന്യമൃഗങ്ങളുടെ കണക്കുകൾ ലഭ്യമല്ല. എന്നാൽ 2014 ജനുവരി മുതൽ 2017 ജൂൺ വരെ വന്യമൃഗങ്ങളുൾപ്പെടെ 143 മൃഗങ്ങൾ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടിട്ടുണ്ട്. (വന്യമൃഗങ്ങളുടെ കണക്ക് പ്രത്യേകം ലഭ്യമല്ല.)

(ബി) 11 കെ.വി.-യോ അതിനുമുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതിബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം എല്ലാ സബ്സ്റ്റേഷനുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിതരണ മേഖലയിൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറിൽ ഫ്യൂസുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 11 കെ.വി. ലൈനുകളിൽ നിന്നുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനായി സബ്സ്റ്റേഷനുകളിൽ സർക്യൂട്ട് ബ്രേക്കറുകൾ സ്ഥാപിച്ചിട്ടുണ്ട്. മാസത്തിലൊരിക്കൽ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകളിലെ ഫ്യൂസ് വയറുകൾ ശരിയായി ഉറപ്പിച്ചിട്ടുണ്ടോയെന്നും കത്തിപ്പോയിട്ടുണ്ടോ എന്നും ശരിയായ കപ്പാസിറ്റിയുള്ള ഫ്യൂസ് വയറുകളാണ് ഉപയോഗിച്ചിട്ടുള്ളതെന്നും പരിശോധിച്ച് ഉറപ്പുവരുത്തുന്നുണ്ട്. സബ്സ്റ്റേഷനുകളിലെ റിലേ സംവിധാനവും സർക്യൂട്ട് ബ്രേക്കറുകളും എല്ലാ വർഷവും പരിശോധിച്ച് അവയുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നുണ്ട്.

(ഡി) നിലവിലെ സംവിധാനം പരിശോധിക്കുകയും അവ സുരക്ഷയ്ക്ക് പര്യാപ്തമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ഇ) വൈദ്യുത വിതരണത്തിന് ഉപയോഗിക്കുന്ന ബലവും ചാലകശേഷിയും കുറഞ്ഞതും കാലപ്പഴക്കംചെന്നതുമായ എ.എ.സി. (അലുമിനിയം) കമ്പികൾ മാറ്റി സ്റ്റീൽ പിൻബലമുള്ള ACSR കമ്പികൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർഷാവർഷം ഇതിനു വേണ്ടി തുക വകയിരുത്തുകയും പദ്ധതിയിൽ ഉൾപ്പെടുത്തിയ പണികൾ നടപ്പിലാക്കുകയും ചെയ്തുവരുന്നു. 2017-18-ലെ വാർഷിക പദ്ധതിയിൽ 1005 കി.മീ. എച്ച്.റ്റി. റീ-കണ്ടക്ടറിംഗ് 7519 കി.മീ. എൽ.റ്റി. റീ-കണ്ടക്ടറിംഗ് പ്രവൃത്തികൾ നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

## പട്ടാമ്പിയിൽ 110 കെ.വി. സബ് സ്റ്റേഷൻ

196(3820) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ 110 കെ.വി. സബ് സ്റ്റേഷൻ വളരെ അത്യാവശ്യമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും ഭരണാനുമതിക്കുള്ള നടപടികൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

(ബി) ഇല്ല.

## കുളത്തൂർ 66 കെ.വി. സബ് സ്റ്റേഷൻ

197(3821) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിൽ 66 കെ.വി. സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏത് വർഷത്തിലാണ് പ്രസ്തുത സബ് സ്റ്റേഷൻ ആരംഭിക്കുന്നതിന് തുടക്കംകുറിച്ചത്;

(സി) കുളത്തൂർ സബ് സ്റ്റേഷൻ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ഇ) 2017-18 സാമ്പത്തിക വർഷത്തിൽ കുളത്തൂർ സബ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയുമോ എന്നറിയിക്കാമോ ?

ഉത്തരം

(എ-ഇ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കുളത്തൂർ പഞ്ചായത്തിൽ 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം നിലവിൽ പരിഗണനയിലില്ല.

## വായ്പാ കുടിശ്ശിക അടച്ചുതീർത്തയാൾക്ക് ഡോക്യുമെന്റുകൾ തിരിച്ച് കൊടുക്കുന്നതിന് നടപടി

198(3822) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ചെറുതുരുത്തി ശാഖയിൽനിന്നും വായ്പ നമ്പർ 10700827452 പ്രകാരം ഉള്ള ശ്രീ. മുഹമ്മദ് ഷെറീഫിന്റെ വായ്പ കുടിശ്ശിക തുകയ്ക്ക് അദാലത്ത് തീരുമാന പ്രകാരം ഇളവ് അനുവദിച്ചിരുന്നുവോ; എങ്കിൽ എത്ര രൂപയാണ് ഇളവ് അനുവദിച്ചത്;

(ബി) ടിയാന്റെ വായ്പ കുടിശ്ശിക ഏത്ര രൂപയായിരുന്നുവെന്നും അദാലത്തിലെ തീരുമാന പ്രകാരം ഉള്ള തുക ടിയാൻ അടച്ചുതീർത്തുവോയെന്നും വ്യക്തമാക്കുമോ;

(സി) എങ്കിൽ ടിയാന്റെ ആധാരം അടക്കമുള്ള ഡോക്യുമെന്റുകൾ ടിയാന് തിരിച്ചുകൊടുക്കുന്നതിന് എന്താണ് നിയമ തടസ്സമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കിന്റെ ചെറുതുരുത്തി ശാഖയിൽനിന്നും വായ്പ നമ്പർ 10700827452 പ്രകാരമുള്ള ശ്രീ. മുഹമ്മദ് ഷെറീഫിന്റെ വായ്പ കുടിശ്ശിക തുകയ്ക്ക് അദാലത്ത് തീരുമാന പ്രകാരം ഇളവ് അനുവദിച്ചിരുന്നു. 2,71,972 രൂപയാണ് ഇളവ് അനുവദിച്ചത്.

(ബി) ടിയാന്റെ വായ്പയിൽ മുതലിനത്തിൽ 2,14,569 രൂപയും പലിശയിനത്തിൽ 57,403 രൂപയും ഉൾപ്പെടെ 2,71,972 രൂപയാണ് ഇളവ് അനുവദിച്ചത്. അദാലത്ത് തീരുമാനപ്രകാരമുള്ള ബാക്കി തുകയായ 88,000 രൂപ ടിയാൻ 22-3-2017-ന് ബാങ്കിൽ അടച്ച് വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടുള്ളതാണ്.

(സി) ടിയാന് വായ്പ ഇളവ് അനുവദിച്ച തീരുമാനം 14-7-2017-ന് ചേർന്ന സ്റ്റിയറിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. മേൽസാഹചര്യത്തിൽ ടിയാന്റെ ആധാരം തിരികെ കൊടുക്കുന്നതിന് നിയമസടസ്സമൊന്നുമില്ല.

## ക്ഷേമവികസന പദ്ധതികളിൽ അംഗമാകാത്ത സഹകരണ സംഘങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ

199(3823) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ എല്ലാ സഹകരണ സംഘങ്ങളും ക്ഷേമവികസന പദ്ധതിയിൽ അംഗങ്ങളാകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ പുറപ്പെടുവിച്ച 12/2009, 1/2012 എന്നീ നമ്പർ സർക്കുലറുകളിലെ നിർദ്ദേശം പാലിക്കാത്ത സംഘങ്ങളുടെ പേരിൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കേരള സഹകരണ വികസന ക്ഷേമ പദ്ധതിയിൽ അംഗങ്ങളാകാത്ത സഹകരണ സംഘങ്ങളുടെ ആഡിറ്റ് നടത്തുമ്പോൾ അംഗത്വം എടുക്കാത്തത് സംബന്ധിച്ച് ആഡിറ്റ് ന്യൂനത സംഗ്രഹത്തിൽ പരാമർശം നടത്തുന്നുണ്ട്.

## കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ

200(3824) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന്റെ (കേപ്പ്) പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കേപ്പിനുകീഴിൽ നിലവിൽ എത്ര സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്;

(സി) കേപ്പിനുകീഴിൽ വരുന്ന സ്ഥാപനങ്ങളുടെ ഫീസ് ഘടന നിശ്ചയിക്കുന്നത് എങ്ങനെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് മറ്റ് സ്ഥാപനങ്ങളിൽ ചേരുന്നതിനായി സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ എൻ.ഒ.സി. നൽകുന്നതിന് നിലവിൽ നിയന്ത്രണങ്ങളുണ്ടോ?

ഉത്തരം

(എ) വിവിധ സാങ്കേതിക വിഭാഗങ്ങളിലെ വിദ്യാഭ്യാസവും പരിശീലനവും ഗവേഷണവും വികസനവും കൺസൾട്ടൻസിയും അനുബന്ധ സേവനവും പ്രദാനം ചെയ്യുക എന്നതാണ് കേപ്പിന്റെ പ്രവർത്തനങ്ങൾ. ഇതിനായി സഹകരണ മേഖലയിൽ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുകയെന്ന ഉദ്ദേശ്യത്തോടെ 1955-ലെ 12-ാമത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് പ്രകാരം കേപ്പ് രൂപീകൃതമായി.

(ബി) കേപ്പിനുകീഴിൽ 9 എഞ്ചിനീയറിംഗ് കോളേജുകളും ഒരു എം.ബി.എ. കോളേജും ഒരു ഫിനിഷിംഗ് സ്കൂളും ഒരു ആശുപത്രിയും പ്രവർത്തിക്കുന്നുണ്ട്.

(സി) സർക്കാർ നിശ്ചയിക്കുന്ന ഫീസ് കേപ്പ് ഭരണസമിതി അംഗീകരിച്ച് നടപ്പാക്കുകയാണ് ചെയ്യുന്നത്.

(ഡി) അവസാനവട്ട അലോട്ട്മെന്റിനുശേഷം സ്വകാര്യ സ്വാശ്രയ കോളേജുകളിൽ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുന്നതിനായി എൻ.ഒ.സി. നൽകുന്നതിന് നിയന്ത്രണമുണ്ട്.

## കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ്

201(3825) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57 എ പ്രകാരം രജിസ്റ്റർചെയ്ത് പ്രവർത്തിക്കുന്ന കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ ക്ഷേമ വികസന പദ്ധതിയിൽ സംസ്ഥാനത്തെ എത്ര സംഘങ്ങൾ അംഗത്വം എടുത്തിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

കേരള സഹകരണ ക്ഷേമ വികസന പദ്ധതിയിൽ അംഗമായിട്ടുള്ള സഹകരണ സംഘങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 242 |
| 2 | കൊല്ലം | 162 |
| 3 | പത്തനംതിട്ട | 94 |
| 4 | ആലപ്പുഴ | 165 |
| 5 | കോട്ടയം | 222 |
| 6 | ഇടുക്കി | 128 |
| 7 | എറണാകുളം | 372 |
| 8 | തൃശ്ശൂർ | 337 |
| 9 | പാലക്കാട് | 224 |
| 10 | മലപ്പുറം | 222 |
| 11 | കോഴിക്കോട് | 240 |
| 12 | വയനാട് | 510 |
| 13 | കണ്ണൂർ | 83 |
| 14 | കാസർഗോഡ് | 195 |
| 15 | സംസ്ഥാന തലത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ | |
| | (എ) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 1 |
| | (ബി) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ | 1 |
| | ആകെ | 3198 |

## സഹകരണ വകുപ്പ് മുഖേന സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം

202(3826) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പ് മുഖേന സംസ്ഥാനത്തെ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം, ഊർജ്ജക്ഷമതയുള്ള അടുപ്പുകൾ എന്നിവ നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇതുപ്രകാരം മങ്കട മണ്ഡലത്തിൽനിന്നും ശിപാർശചെയ്ത സ്കൂളുകളിൽ പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ശിപാർശചെയ്ത സ്കൂളുകളിൽ പ്രസ്തുത പദ്ധതികൾ എപ്പോൾ നടപ്പിലാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സഹകരണ വകുപ്പ് മുഖേന സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം, ഊർജ്ജക്ഷമതയുള്ള അടുപ്പുകൾ എന്നിവ നിർമ്മിച്ചു നൽകുന്ന പദ്ധതിക്കായി രൂപരേഖ തയ്യാറാക്കിവരികയാണ്. ഇതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാരോട് അതത് മണ്ഡലങ്ങളിൽ നിന്നും പദ്ധതി നടപ്പിലാക്കേണ്ട 7 സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയ ശേഷം മാത്രമേ മറ്റ് വിശദാംശങ്ങൾ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ.

**സഹകരണ മേഖലയിലെ തൊഴിൽ വികസന പദ്ധതി**

203(3827) ശ്രീ. പി. ടി. തോമസ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സഹകരണ മേഖലയിൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനായി വികസന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം മേഖലകളാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്;വിവരിക്കുമോ;

(ബി) വർഷത്തിൽ എത്ര തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതികൾ നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പ്രാദേശിക വിഭവ ലഭ്യതയ്ക്കനുസരിച്ച് കാർഷിക ഉല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാണ് പ്രാധാന്യം നൽകുന്നത്.

സംഘങ്ങൾ മുഖേന വിപണന സൗകര്യം ഏർപ്പെടുത്തുന്നതുവഴി പ്രത്യക്ഷമായും പരോക്ഷമായും സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ

സൃഷ്ടിക്കുവാൻ കഴിയും. ഇതിനായി 14 ജില്ലകളിൽനിന്നും മികവുറ്റ 100 പ്രാഥമിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുകയും ഓരോ സംഘങ്ങളിലും 200 വ്യക്തികൾ/ കുടുംബങ്ങൾ ഉൾപ്പെടുന്ന 10 വീതമുള്ള ചെറുകിട ഉൽപ്പാദന ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ചെയ്യും. പ്രസ്തുത ക്ലസ്റ്ററുകൾ മുഖേന കാർഷിക ഉല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുകയും ആയതിന് സംഘം മുഖേന വിപണന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യും.

(ബി) കേരളത്തിൽ സഹകരണ മേഖലയിൽ പ്രതിവർഷം 20000 തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) 14 ജില്ലകളിൽ നിന്നും മുകവുറ്റ 100 പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ തെരഞ്ഞെടുക്കുകയും ഓരോ സംഘങ്ങളിലും 100 വ്യക്തികൾ/ കുടുംബങ്ങൾ ഉൾപ്പെടുന്ന 10 വീതമുള്ള ചെറുകിട ഉൽപ്പാദന ക്ലസ്റ്ററുകൾ രൂപീകരിച്ച് ടി സംഘങ്ങൾ സമർപ്പിക്കുന്ന വിശദമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഓരോ സംരംഭങ്ങളുടെയും മൂലധന ചെലവ്, തൊഴിൽ സൃഷ്ടിക്കുവാനുള്ള ശേഷി എന്നിവ പരിശോധിച്ച് സർക്കാരിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതുമാണ്. ഈ പദ്ധതിയിന്മേൽ സംഘങ്ങൾ സ്ഥാപിക്കുന്ന സംസ്കരണ/വിപണന യൂണിറ്റുകളുള്ള മൂലധന ചെലവിന്റെ 50%, പരമാവധി ഒരു കോടി രൂപ സർക്കാർ സാമ്പത്തിക സഹായമായി നൽകുന്നതിനും ഓരോ ക്ലസ്റ്ററിനും ഒരു ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതി സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയിലാണ്.

## സഹകരണ മേഖലയിലെ ആശുപത്രികൾ

204(3828) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ എത്ര ആശുപത്രികൾ പ്രവർത്തിച്ചുവരുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇവയുടെ ജില്ലതിരിച്ചുള്ള എണ്ണവും സ്ഥാപനങ്ങളുടെ പേരും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സഹകരണ മേഖലയിൽ 92 ആശുപത്രികൾ പ്രവർത്തിച്ചുവരുന്നു.

(ബി) ആശുപത്രി സഹകരണ സംഘങ്ങളുടെ ജില്ലതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. പേര് വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 6 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | - |
| കോട്ടയം | 3 |
| ഇടുക്കി | 2 |
| എറണാകുളം | 4 |
| തൃശ്ശൂർ | 6 |
| പാലക്കാട് | 6 |
| മലപ്പുറം | 10 |
| കോഴിക്കോട് | 20 |
| വയനാട് | - |
| കണ്ണൂർ | 22 |
| കാസർഗോഡ് | 8 |
| ആകെ | 92 |

**അക്ഷയ ഊർജ്ജവികസന സഹകരണ സംഘങ്ങൾ**

205(3829) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അക്ഷയ ഊർജ്ജവികസന സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിവരിക്കുമോ;

(സി) പരിസ്ഥിതി സംരക്ഷിക്കുന്നതിനും തൊഴിൽ സൃഷ്ടിക്കുന്നതിനുമായി എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) ഒരു ജില്ലയിൽ ഒന്നുവീതം 14 ജില്ലാതല അക്ഷയ ഊർജ്ജ സഹകരണ സംഘങ്ങൾ 2017-18 വർഷം രൂപീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) സൗരോർജ്ജ ഉപകരണങ്ങൾ, ബയോഗ്യാസ് പ്ലാന്റുകൾ മുതലായ അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം പലമടങ്ങ് വർദ്ധിപ്പിച്ച്, പരമ്പരാഗത സ്രോതസ്സുകളിൽനിന്ന് ഉല്പാദിപ്പിക്കുന്ന ഊർജ്ജത്തിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള യത്നങ്ങൾ ഊർജ്ജിതമാക്കുന്നതിനാണ് ഇത് ലക്ഷ്യമിടുന്നത്.

(സി) പരിസ്ഥിതി സൗഹൃദ ഊർജ്ജ സ്രോതസ്സുകൾ എന്ന നിലയിൽ അക്ഷയ ഊർജ്ജ സംവിധാനങ്ങൾ പരിസ്ഥിതിനാശം കൂടാതെയുള്ള വികസനത്തിന് പ്രധാനമാണ്. പുതിയതായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളെക്കുറിച്ചും പരിസ്ഥിതി സംരക്ഷണം സംബന്ധിച്ചുമുള്ള ആവശ്യമായ നടപടികൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.

(ഡി) പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിവരികയാണ്.

## ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്-കാഷ്യർ തസ്തികയിലെ നിയമനം

206(3830) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്-കാഷ്യർ തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരള ബാങ്ക് രൂപീകരണത്തോടെ ഈ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ നിയമനസാധ്യത അനിശ്ചിതത്വത്തിലാകുമോ;

(സി) കേരള ബാങ്ക് രൂപീകരണത്തോടെ പുറത്തുപോകുന്ന നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്-കാഷ്യർ തസ്തികയിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും ചുവടെ

ചേർത്തിട്ടുള്ള പ്രകാരം നിയമനം നടത്തിയിട്ടുണ്ട്:

| ജില്ല | നിയമനം നൽകിയവരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | ... |
| കൊല്ലം | 1 |
| പത്തനംതിട്ട | 8 |
| ആലപ്പുഴ | ... |
| കോട്ടയം | 10 |
| ഇടുക്കി | 6 |
| എറണാകുളം | 6 |
| തൃശ്ശൂർ | ... |
| പാലക്കാട് | 32 |
| മലപ്പുറം | 28 |
| കോഴിക്കോട് | ... |
| വയനാട് | 14 |
| കണ്ണൂർ | ... |
| കാസർഗോഡ് | 14 |

(ബി) നിലവിൽ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേനയുള്ള നിയമനം നടത്തുന്നതിന് യാതൊരു തടസ്സവും നിലവിലില്ല.

(സി) 'കേരളാ ബാങ്ക് രൂപീകരണം' സർക്കാർ പരിശോധിച്ച് നടപ്പിലാക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കൊല്ലം ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്-കം-കാഷ്യർ നിയമനം

207(3831) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ സഹകരണബാങ്കിലെ ക്ലാർക്ക്-കം-ക്യാഷ്യർ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി; ഇതുവരെ നിയമനം നൽകിയില്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും അടിയന്തരമായി നിയമനം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കൊല്ലം ജില്ലാ സഹകരണ ബാങ്കിൽ ക്ലാർക്ക്-കം-കാഷ്യർ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ ഒരാൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും അടിയന്തരമായി നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്റ്റാംപ് ഡ്യൂട്ടി എക്സംപ്ഷൻ ബാധകമാക്കുന്നതിന് നടപടി

208(3832) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സ്റ്റാംപ് ഡ്യൂട്ടി എക്സംപ്ഷൻ നിലവിലുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) സഹകരണ നിയമത്തിൽ ഇക്കാര്യത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ;

(സി) എല്ലാ ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും എക്സംപ്ഷൻ ഇല്ലാതായിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(ഡി) ഏതെങ്കിലും ഹൗസിംഗ് സഹകരണ സംഘങ്ങൾക്ക് ഇപ്പോഴും സ്റ്റാംപ് ഡ്യൂട്ടി എക്സംപ്ഷനുണ്ടോ; വിശദ വിവരം നൽകുമോ;

(ഇ) എല്ലാ ഹൗസിംഗ് സഹകരണ സംഘങ്ങൾക്കും സ്റ്റാംപ് ഡ്യൂട്ടി എക്സംപ്ഷൻ ബാധകമാക്കുന്നതിന് നികുതി വകുപ്പുമായി ആലോചിച്ച് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കേരള സഹകരണ നിയമം, 1969-ലെ വകുപ്പ് 40 അനുസരിച്ചും 8-10-1960-ലെ ജി.ഒ.(എം.എസ്.)795/1960/അഗ്രി. നമ്പർ ഉത്തരവ് അനുസരിച്ചും സർക്കാർ ജീവനക്കാരുടെ ഹൗസിംഗ് സംഘങ്ങൾ ഉൾപ്പെടെയുള്ള സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ WA 1216/17-ൽ 18-12-2014-ന് ബഹു. ഹൈക്കോടതിയുടെ ഫുൾ ബഞ്ച് വിധിന്യായ പ്രകാരം Transfer of Property Act-ന്റെ വ്യവസ്ഥകൾ പ്രകാരം സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സംഘം പ്രമാണം ചെയ്യുന്ന ആധാരങ്ങളിന്മേൽ മാത്രമേ ലഭിക്കുകയുള്ളൂവെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ഭേദഗതി പരിഗണനയിലാണ്.

(സി) മേൽവിവരിച്ച സാഹചര്യത്തിൽ ഹൗസിംഗ് സംഘങ്ങൾക്കും എക്സംപ്ഷൻ ലഭിക്കുന്നില്ല.

(ഡി) ഇല്ല.

(ഇ) പരിഗണനയിലാണ്.

## അടാട്ട് സർവ്വീസ് സഹകരണ ബാങ്കിലെ താല്ക്കാലിക/കരാർ നിയമനങ്ങൾ

209(3833) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2017 ഏപ്രിൽ 12-ന് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം താൽക്കാലിക/ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതു മാനദണ്ഡങ്ങൾ പ്രകാരമാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയിട്ടുള്ളതെന്നും പ്രസ്തുത നിയമനങ്ങൾക്ക് സഹകരണ ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരമുണ്ടോയെന്നും അറിയിക്കുമോ;

(സി) നിയമനങ്ങൾ നടത്തിയിട്ടുണ്ടെങ്കിൽ അത് ഏതൊക്കെ തസ്തികയിലെന്നും അപ്രകാരം നിയമനം ലഭിച്ചവരുടെ പേരും വിലാസവും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാർക്ക് നാളിതുവരെയായി നൽകിയിട്ടുള്ള വേതനം സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2017 ഏപ്രിൽ 12-ന് ബാങ്കിന്റെ രണ്ട് സൂപ്പർ മാർക്കറ്റ്, നീതി സ്റ്റോറുകൾ, നീതി മെഡിക്കൽ സ്റ്റോറുകൾ, റൈസ് മിൽ, അടയ്ക്ക മാർക്കറ്റ്, കൊപ്ര സംഭരണം എന്നീ മേഖലകളിൽ 91 പേർ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്നു. ഇതിൽ 18 പേർ ഇപ്പോൾ വിവിധ കാരണങ്ങളാൽ സ്വയം ജോലി ഉപേക്ഷിച്ച് പോയിട്ടുണ്ട്. ഇവർ ഒഴിഞ്ഞുപോയപ്പോൾ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കാതിരിക്കാൻ അതത് മാനേജർമാർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ദിവസക്കൂലി കണക്കിൽ ഉൾപ്പെടുത്തി 4 പേരുടെ സേവനം

ലഭ്യമാക്കിയിട്ടുണ്ട്. ബാങ്കിൽ താല്ക്കാലികമായുണ്ടായ സുരക്ഷാ പ്രശ്നങ്ങളും മറ്റും മുൻനിർത്തി സെക്യൂരിറ്റി സേവനത്തിനായി എക്സ് സർവ്വീസ്മെൻ ഏജൻസി മുഖാന്തരം 3 പേരെ നിയോഗിച്ചിട്ടുണ്ട്. താല്ക്കാലികമായി ഏർപ്പെടുത്തിയ ക്രമീകരണമാണ്. ആയതിന് ജോയിന്റ് രജിസ്ട്രാറുടെ അംഗീകാരം വാങ്ങിയിട്ടില്ല.

(സി)

| ക്രമ നമ്പർ | പേര് | തസ്തിക | തീയതി |
|---|---|---|---|
| 1 | ലിയോൺസ് സി. സെബാസ്റ്റ്യൻ, ചിറ്റിലപ്പിള്ളി വീട്, അമല. | ഹെൽപ്പർ | 3-5-2017 |
| 2 | ജിന്റേ സി.വി., ചാലക്കൽ വീട്, പുറനാട്ടുകര. | ഹെൽപ്പർ | 12-6-2017 |
| 3 | സിജി സി.ജെ., തെക്കേക്കര വീട്, ചിറ്റിലപ്പിള്ളി. | ഡി.റ്റി.പി. ഓപ്പറേറ്റർ | 16-6-2017 |
| 4 | ഷെറിൻ ഇ. എസ്., എടകളത്തൂർ വീട്, അമല നഗർ | ഡ്രൈവർ | 1-8-2017 |

(ഡി) മുകളിൽ (സി) ഉത്തരത്തിലെ ക്രമ നമ്പർ (1) മുതൽ (3) വരെയുള്ളവർക്ക് മൊത്തം 57800 രൂപയും സെക്യൂരിറ്റിയെ ഏർപ്പെടുത്തിയ ഇനത്തിൽ 13-4-2017 മുതൽ 9-8-2017 വരെ 4,988,25 രൂപയും ചെലവായിട്ടുണ്ട്. ഡ്രൈവർ തസ്തികയിൽ (ക്രമനമ്പർ 4) 1-8-2017-ൽ നിയമിച്ചതിനാൽ ശമ്പളം നൽകിയിട്ടില്ല.

## അടാട്ട് സർവ്വീസ് സഹകരണ ബാങ്കിലെ വോട്ടവകാശമുള്ള ഓഹരി ഉടമകൾ

210(3834) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2017 ഏപ്രിൽ 12 വരെയുള്ള വോട്ടവകാശമുള്ള ഓഹരി ഉടമകളുടെ ആകെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഹരി ഉടമകളുടെ ഷെയർ സർട്ടിഫിക്കറ്റ് ക്രമനമ്പർ സഹിതമുള്ള പേരും വിലാസവും വിശദമാക്കുമോ;

(സി) 2017 ഏപ്രിൽ 12 മുതൽ പുതുതായി വോട്ടവകാശമുള്ള ഓഹരി എടുത്തിട്ടുള്ളവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഓഹരി ഉടമകളുടെ ഷെയർ നമ്പർ സഹിതമുള്ള പേരും വിലാസവും വിശദമാക്കുമോ?

ഉത്തരം

(എ-ബി) 1-10-2014 മുതൽ ബാങ്കിന്റെ അതുവരെ ഉപയോഗിച്ചുവന്നിരുന്ന സോഫ്റ്റ്‌വെയറിൽ മാറ്റംവരുത്തി പുതിയ സോഫ്റ്റ്‌വെയറിലേക്ക് മാറ്റുകയുണ്ടായി. ഇങ്ങനെ മാറ്റിയപ്പോൾ ശരിയായ രീതിയിലുള്ള മൈഗ്രേഷൻ നടപടികൾ പൂർത്തിയാക്കിയിരുന്നില്ല. 30-9-2014 വരെയുണ്ടായിരുന്ന ബാങ്കിന്റെ പ്രവർത്തനങ്ങൾ പഴയ സോഫ്റ്റ്‌വെയറിൽ നിലനിർത്തിയെങ്കിലും പിന്നീട് നടന്ന പരിശോധനയിൽ ഈ സോഫ്റ്റ്‌വെയർ സംവിധാനത്തിൽനിന്ന് യാതൊരു കണക്കുകളും ലഭ്യമല്ലാത്തതിനാൽ ആയത് വീണ്ടെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 30-9-2014-ന് മുമ്പുള്ള വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ സംഘം പ്രവർത്തനമാരംഭിച്ചത് മുതൽക്കുള്ള അംഗങ്ങളുടെ രേഖകളും ലിസ്റ്റും തയ്യാറാക്കാൻ കഴിയുകയുള്ളൂ. ഇത് സംബന്ധിച്ച് വകുപ്പ് തലത്തിലുള്ള അന്വേഷണവും വിജിലൻസ് അന്വേഷണവും നടന്നുവരികയാണ്.

(സി&ഡി) 2017 ഏപ്രിൽ 12-നുശേഷം പുതിയ അംഗങ്ങളെ ചേർത്തിട്ടില്ല.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി

211(3835) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂരിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് ബാങ്കിൽ നിന്നും ചെലവഴിച്ച തുകയുടെ കണക്ക് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മിറ്റി കേസ് നടത്തിപ്പിനായി സ്വകാര്യ അഭിഭാഷകനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ കേസ് സംബന്ധിച്ച് അഭിഭാഷകന് ഫീസ് ഇനത്തിൽ നൽകിയ തുകയുടെ കണക്ക് വ്യക്തമാക്കുമോ;

(സി) സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായിട്ടാണോ അഭിഭാഷകന് ഫീസ് തുക നൽകിയിട്ടുള്ളത്;

(ഡി) പ്രസ്തുത കമ്മിറ്റി നിലവിൽ വന്നതിനുശേഷം പരസ്യം, സംഭാവന തുടങ്ങിയ ഇനങ്ങളിൽ പണം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് പ്രത്യേകിച്ച് ചെലവുകളൊന്നുംതന്നെ ഉണ്ടായിട്ടില്ല.

(ബി) ബാങ്കിന്റെ സ്റ്റാന്റിംഗ് കൗൺസിലായി അഡ്വ. പി. സി. ശശിധരനെ നിയോഗിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയിലെ WP(C) 14016/17 നമ്പർ കേസുമായി ബന്ധപ്പെട്ട് 35,000 രൂപയും WP(C) 38905/16 നമ്പർ കേസിൽ 40,000 രൂപയും ചെലവായിട്ടുണ്ട്. ലീഗൽ അഡ്വൈസറായ അഡ്വ. ഉണ്ണികൃഷ്ണന് ലീഗൽ ഫീസായി 20,000 രൂപയും വിജയകുമാർ എന്ന ജീവനക്കാരനെ സസ്പെന്റ് ചെയ്തത് സംബന്ധിച്ച് ഗാർഹികാന്വേഷണം നടത്തുന്നവകയിൽ അഡ്വ. കെ. ജി. ബാലന് 19,000 രൂപയും നൽകിയിട്ടുണ്ട്. ലോകായുക്തയിൽ 723/17 എ, 722/17 എ, 721/17 എ എന്നീ പരാതികളിൽ ബാങ്കിനുവേണ്ടി ഹാജരായവകയിൽ അഡ്വ. രവിശങ്കറിന് 22,500 രൂപയും നൽകിയിട്ടുണ്ട്.

(സി) അഭിഭാഷകർക്ക് പ്രതിഫലം നൽകുന്നത് സംബന്ധിച്ച് സഹകരണ സംഘങ്ങൾക്ക് ബാധകമായ സർക്കാർ മാനദണ്ഡങ്ങൾ നിലവിലില്ലെങ്കിലും സംഘം നിയമാനുസൃതം വൗച്ചറുകളും രസീതുകളും സൂക്ഷിച്ചിട്ടുണ്ട്.

(ഡി) പരസ്യം, സംഭാവന എന്നീ ഇനത്തിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ**

212(3836) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ തസ്തികയിലേക്കുള്ള പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്രപേർക്ക് നിയമനം നല്കിയിട്ടുണ്ട്; എത്ര ഒഴിവുകൾ നിലവിലുണ്ട്;

(ബി) ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ, സീനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ റഗുലർ (യൂണിറ്റ്) വിഭാഗത്തിൽ 30-6-2017 വരെ എത്രപേർ ജോലി ചെയ്തിട്ടുണ്ട്; ജില്ലതിരിച്ച് വിശദമാക്കാമോ;

(സി) സഹകരണ വകുപ്പിൽ 2015 ജൂൺ മുതൽ 2016 ഒക്ടോബർ മാസം വരെയുള്ള കാലയളവിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ പുതുതായി അനുവദിച്ച തസ്തികകൾ എത്രയാണ്; വിശദമാക്കാമോ;

(ഡി) നിലവിൽ സഹകരണ വകുപ്പിൽ തസ്തികമാറ്റം വഴി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ നിയമനത്തിന് യോഗ്യരായ യു.ഡി. ക്ലാർക്ക്/ യു.ഡി.ടൈപ്പിസ്റ്റുമാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 570 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. 65 ഒഴിവുകൾ നിലവിലുണ്ട്.

(ബി) 603 പേർ ജോലി ചെയ്യുന്നു. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധം 1-ൽ ചേർത്തിട്ടുണ്ട്.*

(സി) ഈ തസ്തികയിൽ കെ.എസ്.ആർ. 156, കെ.എസ്.ആർ. 144 പ്രകാരം പുതുതായി 53 തസ്തികകൾ അനുവദിച്ച് നൽകിയിട്ടുണ്ട്. അതിൽ 25 ജൂനിയർ ആഡിറ്റർ തസ്തിക, 25 സ്പെഷ്യൽ സെയിൽ ആഫീസർ തസ്തിക, 3 സെക്രട്ടറി തസ്തിക.

(ഡി) സഹകരണ വകുപ്പിൽ തസ്തികമാറ്റം വഴി ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലേക്ക് യോഗ്യത നേടിയ യു.ഡി. ക്ലാർക്ക്/യു.ഡി. ടൈപ്പിസ്റ്റുമാരുടെ എണ്ണം 43 ആണ്.

**പ്രാഥമിക സഹകരണ ബാങ്കുകളുടെ ആധുനികവൽക്കരണത്തിന് നടപടി**

213(3837) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശസാൽകൃത ബാങ്കുകൾ സർവ്വീസ് ചാർജ്ജുകൾ കൂട്ടിയത് ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സാഹചര്യത്തിൽ പ്രാഥമിക സഹകരണ ബാങ്കുകളെ ആധുനികവൽക്കരിച്ച് എ.ടി.എം, നെഫ്റ്റ്, ആർ.ടി.ജി.എസ്, ഓൺലൈൻ ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ് തുടങ്ങിയ പുത്തൻ തലമുറ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കി മത്സരാധിഷ്ഠിതമാക്കുന്നതിനും ജനങ്ങളെ കൂടുതൽ ആകർഷിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) യഥാസമയം നടപടി സ്വീകരിക്കുന്നതാണ്.

(ബി) പദ്ധതികൾ യഥാസമയം ആവിഷ്കരിക്കുന്നതാണ്.

**പ്രാഥമിക സഹകരണ സ്ഥാപനങ്ങൾ**

214(3838) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സ്ഥാപനങ്ങളുടെ ലാഭവിഹിതത്തിൽനിന്നും നിശ്ചിത ശതമാനം തുക നിർബ്ബന്ധമായും ജീവകാരുണ്യ/പൊതുജനസേവന പ്രവർത്തനങ്ങൾക്ക് വേണ്ടി നീക്കിവയ്ക്കേണ്ടതുണ്ടോ എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രാഥമിക സഹകരണ സംഘം/ബാങ്കുകൾക്ക് ഭരണ സമിതി യോഗ തീരുമാന പ്രകാരം ഏതെല്ലാം കാര്യങ്ങൾക്കാണ് ഫണ്ട് അനുവദിക്കാൻ സാധിക്കുകയെന്ന് അറിയിക്കാമോ;

(ഡി) ഇത്തരം സ്ഥാപനങ്ങളിൽ ഭരണസമിതി യോഗ തീരുമാനമില്ലാതെ, പ്രസിഡന്റിനോ സെക്രട്ടറിക്കോ ഫണ്ട് അനുവദിക്കാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പ്രാഥമിക സഹകരണ സംഘങ്ങളുടെ ലാഭവിഹിതത്തിൽനിന്നും നിശ്ചിത ശതമാനം തുക ജീവകാരുണ്യ/പൊതുജന സേവന പ്രവർത്തനങ്ങൾക്കു വേണ്ടി നിർബന്ധമായും നീക്കിവയ്ക്കണമെന്ന വ്യവസ്ഥ 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ പ്രതിപാദിക്കുന്നില്ല.

(സി) 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 56 ഉപ വകുപ്പ് (2) ക്ലോസ് (ഡി) പ്രകാരം അതത് സംഘങ്ങളുടെ നിയമാവലി വ്യവസ്ഥയ്ക്ക് അനുസൃതമായി പൊതു നന്മ ഫണ്ട് സ്വരൂപിക്കാവുന്നതാണ്. സഹകരണ സംഘങ്ങളുടെ നിയമാവലിയിൽ പരാമർശിക്കുന്ന കാര്യങ്ങൾക്കും പൊതുനന്മ ഫണ്ട് വിനിയോഗം സംബന്ധിച്ച് ജോയിന്റ് രജിസ്ട്രാർ (ജനറൽ) അംഗീകരിച്ച് നൽകുന്ന സബ്റൂളിൽ പരാമർശിക്കുന്ന കാര്യങ്ങൾക്കും ഈ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

(ഡി) നിയമാവലി വ്യവസ്ഥാ പ്രകാരവും ഇക്കാര്യത്തിൽ ജോയിന്റ് രജിസ്ട്രാർ (ജനറൽ) അംഗീകരിച്ച് നൽകുന്ന സബ് റൂൾ വ്യവസ്ഥ പ്രകാരവും ഫണ്ട് അനുവദിക്കാവുന്നതാണ്.

## ഹരിപ്പാട് നിയോജകമണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിന് നടപടി

215(*T3839) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹരിപ്പാട് നിയോജകമണ്ഡലത്തിൽ സഹകരണ വകുപ്പ് മുഖേന സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; ഇതിന് ആവശ്യമായ പ്രൊജക്ട് റിപ്പോർട്ട് തയ്യാറായിട്ടുണ്ടോ എന്നറിയിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

സഹകരണ വകുപ്പ് മുഖേന സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരികയാണ്. ഇതിനായി എല്ലാ നിയോജകമണ്ഡലങ്ങളിലെയും എം.എൽ.എ.-മാരോട് അതത് മണ്ഡലങ്ങളിലെ 7 സ്കൂളുകളുടെ പേരുവിവരങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. പദ്ധതിയുടെ അന്തിമ രൂപരേഖ തയ്യാറാക്കിയശേഷം മാത്രമേ ഹരിപ്പാട് നിയോജക മണ്ഡലത്തിൽനിന്നും ലഭ്യമായ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാകുകയുള്ളൂ.

## തലപ്പിള്ളി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കിലെ വായ്പാ കുടിശ്ശിക

216(3840) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, വടക്കാഞ്ചേരി ഏതെല്ലാം ആവശ്യങ്ങൾക്കാണ് അംഗങ്ങൾക്ക് വായ്പ നൽകുന്നത്;

(ബി) 2011-12, 2012-13, 2013-14, 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ബാങ്ക് എത്ര കോടി രൂപ വായ്പ നൽകിയിട്ടുണ്ട്;

(സി) ഇതിൽ എത്ര കോടി രൂപ വായ്പ കുടിശ്ശികയായിട്ടുണ്ട്; ഓരോ വർഷത്തെയും കുടിശ്ശികത്തുക പ്രത്യേകം വ്യക്തമാക്കാമോ;

(ഡി) മതിയായ സെക്യൂരിറ്റിയും തിരിച്ചടവ് ശേഷിയും ഇല്ലാതെയാണ് പലർക്കും ബാങ്ക് വായ്പ നൽകിയിട്ടുള്ളത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്;

(ഇ) ബാങ്കിൽ അവസാനമായി ഓഡിറ്റിംഗ് നടന്നത് എന്നാണ്; ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) കാർഷിക വായ്പ, കാർഷികേതര വായ്പ, ഭവന നിർമ്മാണ വായ്പ, ഭവനം വാങ്ങുന്നതിന് വായ്പ, ഭവന പുനരുദ്ധാരണ വായ്പ, വാഹന വായ്പ, ഗൃഹോപകരണ വായ്പ, ക്യാഷ് ക്രെഡിറ്റ് വായ്പ എന്നിവ സംഘം നൽകുന്നുണ്ട്.

(ബി) ഗവൺമെന്റ് ഓർഡിനൻസ് പ്രകാരം കൊച്ചിൻ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് വിഭജിച്ച് താലൂക്കിൽ ഒരു ബാങ്ക് എന്നത് പ്രകാരം 15-2-2012-ൽ തലപ്പിള്ളി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് പ്രവർത്തനമാരംഭിച്ചു. 1-11-2012 മുതൽ 31-3-2012 വരെ നൽകിയ വായ്പയുടെ കണക്കാണ് 2011-12-ൽ കാണിച്ചിട്ടുള്ളത്.

| | (രൂപ) |
|---|---|
| 2011-12 | 12,67,55,501.20 |
| 2012-13 | 31,31,61,250.00 |
| 2013-14 | 55,01,88,300.00 |
| 2014-15 | 55,09,43,050.00 |
| 2015-16 | 57,61,80,900.00 |

(സി) വായ്പ കുടിശ്ശിക (മാർച്ച് 31)

| | (രൂപ) |
|---|---|
| 2011-12 | 2,00,20,136.26 |
| 2012-13 | 2,81,51,942.24 |
| 2013-14 | 4,04,23,713.24 |
| 2014-15 | 5,64,90,365.32 |
| 2015-16 | 8,90,80,124.32 |

(ഡി) ഇല്ല.

(ഇ) 2015-16-ലാണ് അവസാനമായി ആഡിറ്റിംഗ് നടന്നത്. ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മട്ടാഞ്ചേരി പട്ടികജാതി-പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം

217(3841) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്ന പദ്ധതി സർക്കാർ നിർത്തലാക്കിയ വിവരം അറിയാതെ , മട്ടാഞ്ചേരി പട്ടികജാതി-പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം R-131, ഇതിനായുള്ള പ്രൊപ്പോസൽ പരിശോധിച്ച് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ സംഘത്തിന്റെ പേരിൽ 8,78,587 രൂപ കുടിശ്ശികയായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സാധാരണക്കാർമാത്രം അംഗങ്ങളായിട്ടുള്ള പ്രസ്തുത സംഘത്തിൽ തങ്ങളുടേതല്ലാത്ത കാരണത്താൽ ഉണ്ടായിട്ടുള്ള പ്രസ്തുത കുടിശ്ശിക തുക അനുവദിച്ച് നല്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) മട്ടാഞ്ചേരി പട്ടികജാതി/പട്ടികവർഗ്ഗ സർവ്വീസ് സഹകരണ സംഘം ക്ലിപ്തം ആർ.131-ന് 2000 മുതൽ 2002 വരെയുള്ള കാലയളവിൽ 10 വായ്പകളിലായി മൊത്തം 8,78,587 രൂപ പലിശ സബ്സിഡി ലഭിക്കാനുണ്ട്. പട്ടികജാതി/ പട്ടികവർഗ്ഗ സംഘങ്ങൾക്ക് പലിശ സബ്സിഡി അനുവദിച്ച് 29-10-1980-ലെ ജി.ഒ.(എം.എസ്.)408/80/എ.ഡി. ആയി പദ്ധതി ഉണ്ടായിരുന്നു. ഇത് 10-ാം പഞ്ചവത്സര പദ്ധതിയിൽ നിർത്തലാക്കി.

(ബി) മേൽപലിശ സബ്സിഡി അനുവദിച്ചുനൽകുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ട്.

## ഓണക്കാലത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനുള്ള നടപടികൾ

218(3842) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓണക്കാലത്ത് നിത്യോപയോഗസാധനങ്ങളുടെ വില വർദ്ധനവ് തടയുന്നതിനു വേണ്ടി സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങൾ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) എല്ലാ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളോടും അനുബന്ധിച്ച് ഓണച്ചന്തകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) സഹകരണ സ്ഥാപനങ്ങൾക്ക് ആഭ്യന്തര വിപണിയിൽ ഇടപെടുന്നതിനുവേണ്ടി സർക്കാർ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) കൺസ്യൂമർഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ കൂട്ടായ്മയിൽ ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3500 ഔട്ട്‌ലെറ്റുകളിലൂടെ ഓണവിപണി സംഘടിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ട്. ഓണ വിപണിയിലൂടെ സബ്സിഡി നിരക്കിൽ 13 ഇനങ്ങളും പൊതു വിപണി വിലയെക്കാൾ കുറഞ്ഞ നിരക്കിൽ 25 ഇനങ്ങളും വിൽപ്പന നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ജില്ലാ ജോയിന്റ് രജിസ്ട്രാർമാർ തെരഞ്ഞെടുത്ത് നൽകിയ പ്രൈമറി സഹകരണ ബാങ്കുകൾ, വനിതാ സഹകരണ സംഘങ്ങൾ, എസ്.സി./എസ്.ടി. സംഘങ്ങൾ, എംപ്ലോയീസ് സഹകരണ സംഘങ്ങൾ, ഫിഷർമാൻ സംഘങ്ങൾ, കാർഷിക സഹകരണ സംഘങ്ങൾ, ഇതര സംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ 3266 ഓണച്ചന്തകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഉത്സവ വിപണിയിൽ ഇടപെടുന്നതിന് 60 കോടി രൂപ 2017-18 ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി തുകയിൽനിന്നും 2017-ൽ ഓണച്ചന്തകൾ സംഘടിപ്പിക്കുന്നതിനായി സബ്സിഡിയിനത്തിൽ 40 കോടി രൂപ മുൻകൂറായി കൺസ്യൂമർ ഫെഡറേഷന് നൽകിയിട്ടുണ്ട്.

## ചാലക്കുടിയിൽ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതിന് നടപടി

219(3843) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടിയിൽ താലൂക്ക് ഓഫീസ് അനുവദിച്ച് പ്രവർത്തനം ആരംഭിച്ച് രണ്ട് വർഷം പിന്നിട്ട സാഹചര്യത്തിൽ, സഹകരണ വകുപ്പിന് കീഴിലുള്ള അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതുതായി രൂപീകരിച്ച ചാലക്കുടി താലൂക്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ് ആരംഭിക്കുന്ന വിഷയം സർക്കാർ അടിയന്തിരമായി പരിശോധിക്കുന്നതാണ്.

## ബി.ആർ.ഡി.സി.-യുടെ നേതൃത്വത്തിൽ നടത്തിയ ശില്പശാല

220(3844) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ഡിസംബർ 15, 16 തീയതികളിൽ ബേക്കൽ ക്ലബ്ബ് നീലേശ്വരത്ത് വെച്ച് ബി.ആർ.ഡി.സി.-യുടെ (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ) നേതൃത്വത്തിൽ നടത്തിയ ശില്പശാലയിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(ബി) ശില്പശാലയിൽ ചെലവഴിച്ച തുക സംബന്ധിച്ച് വന്നിട്ടുള്ള പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിൽ ഫിനാൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഈ അന്വേഷണ വിഭാഗം എന്തൊക്കെ ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ) 2016 ഡിസംബർ 15, 16 തീയതികളിൽ ബേക്കൽ ക്ലബ്ബ് നീലേശ്വരത്തുവച്ച് നടത്തിയ ശില്പശാലയ്ക്ക് 4,95,329 രൂപ ചെലവഴിച്ചിട്ടുണ്ട്. ശില്പശാലയിൽ ക്ലാസെടുത്തവർക്കും പങ്കെടുത്തവർക്കും താമസം, ഭക്ഷണം (2 ദിവസത്തേയ്ക്ക്) എന്നിവയ്ക്ക് 1,88,348 രൂപയും ശില്പശാലയിൽ ക്ലാസെടുത്തവർക്ക് യാത്ര ചെലവുകൾക്ക് 30,547 രൂപയും വേദി സജ്ജീകരിക്കൽ, മറ്റ് കാര്യങ്ങൾക്കും (ലൈറ്റ്, സൗണ്ട്, പ്രോജക്ടർ, സൈനേജ് മുതലായവ) 1,58,020 രൂപയ്ക്ക് ഫോട്ടോ&വീഡിയോഗ്രാഫി എന്നിവയ്ക്കായി 47,000 രൂപയും ഓണറേറിയം (ശില്പശാലയിൽ ക്ലാസ് എടുത്തവർക്കും മറ്റും) 51,000 രൂപയും അനുബന്ധ ചെലവുകൾക്കായി 20,414 രൂപയും ആയിട്ടുണ്ട്. കൂടാതെ സംരംഭകത്വ വികസന പരിപാടികൾക്ക് ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പ്രോമോ മൂവി 7,36,000 രൂപ ചെലവിൽ പ്രസ്തുത ശില്പശാലയുടെ ഭാഗമായി നിർമ്മിച്ചിട്ടുണ്ട്.

(ബി&സി) ടൂറിസം വകുപ്പിൽ ഫിനാൻസ് വിഭാഗം മുഖാന്തരം അന്വേഷണം നടത്തിയിട്ടുണ്ട്. ഫിനാൻസ് വിഭാഗം സമർപ്പിച്ച അന്വേഷണ റിപ്പോർട്ട് ടൂറിസം ഡയറക്ടറുടെ പരിശോധനയിലാണ്.

## നിള ടൂറിസം ഹെറിറ്റേജ് പ്രോജക്ടിന്റെ ഒരു ഭാഗം ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കാൻ നടപടി

221(3845) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടൂറിസം വകുപ്പിനുകീഴിലുള്ള നിള ടൂറിസം ഹെറിറ്റേജ് പ്രോജക്ടിന്റെ ഭാഗമായ, ചെറുതുരുത്തി കെട്ടിടം സംരക്ഷണവും പരിപാലനവും വള്ളത്തോൾ നഗർ ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനത്തിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

ഈ വിഷയം സംബന്ധിച്ച് വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച നിവേദനം ടൂറിസം ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

## ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കാനുള്ള നടപടികൾ

222(3846) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇല്ലാത്ത ജില്ലകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഈ ജില്ലകളിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളിലെ അധ്യാപക തസ്തികകളുടെ യോഗ്യതകൾ നിർണ്ണയിക്കാനുള്ള അധികാരം ആർക്കാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ ഇൻസ്റ്റിറ്റ്യൂട്ടുകളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) വയനാട്, പത്തനംതിട്ട, പാലക്കാട്.

(ബി) പത്തനംതിട്ട ജില്ലയിൽ പ്രാഥമിക നടപടികൾ ആരംഭിച്ചു. മറ്റ് ജില്ലകളിലെ സാധ്യത പരിശോധിച്ചുവരുന്നു.

(സി) ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഗവേണിംഗ് ബോഡിയുടെ തീരുമാനം സ്റ്റാഫ് റൂൾസിന്റെയും നിലവിലുള്ള മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ സർക്കാരിന്റെ അനുമതിയോടുകൂടി നടപ്പിൽവരുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

## വയനാട് ജില്ലയിലെ ടൂറിസം പദ്ധതികൾ

223(3847) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെകാലത്ത് വയനാട് ജില്ലയിലെ വിവിധ ടൂറിസം പദ്ധതികൾക്കായി എത്ര തുക അനുവദിച്ചു എന്നതിന്റെ പട്ടിക നൽകാമോ;

(ബി) വയനാട് ജില്ലയിലെ വിവിധ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളത്;

(സി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളുടെ കിഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ടൂറിസം പദ്ധതികളെ സംയോജിപ്പിച്ച് ടൂറിസം വികസിപ്പിക്കുന്നതിനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്ന കാര്യം ആലോചിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 1. കാരാപ്പുഴ മെഗാ ടൂറിസം പദ്ധതിയുടെ തുടർ വികസന പ്രവർത്തനങ്ങൾ.

2. പഴശ്ശി പാർക്ക്, മാനന്തവാടി നവീകരണ പ്രവർത്തനങ്ങൾ

3. കുറുവാ ദ്വീപ് - ചാലിഗദ പുഴയോര സൗന്ദര്യവത്ക്കരണം

4. കുറുമ്പലക്കോട്ട സാഹസിക ടൂറിസ വികസനം

5. ചീങ്ങേരിമല സാഹസിക ടൂറിസ വികസനം രണ്ടാംഘട്ടം

6. കർലാട് സാഹസിക ടൂറിസ വികസനം തുടർ വികസന പ്രവർത്തനങ്ങൾ

(സി) പദ്ധതികൾ യഥാസമയം പൂർത്തീകരിക്കുന്നതിനായി അസംബ്ലി നിയോജക മണ്ഡലം അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എം.എൽ.എ. ചെയർമാനായി മോണിറ്ററിംഗ് കമ്മിറ്റി 16-5-2017-ലെ ജി.ഒ.(ആർ.റ്റി.)നമ്പർ 232/2017/ടിഎസ്എം ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കാൻ പദ്ധതി

224(3848) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ടി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം; വിവരിക്കുമോ;

(സി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഇതനുസരിച്ച് ടൂറിസം കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ളത്; വിവരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് എന്ന പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതുൾപ്പെടെ ഭിന്നശേഷി സൗഹൃദസംരംഭംകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കമുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമമുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ എന്നിവ ഒരുക്കുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. ഇതിനായി ഓരോ ടൂറിസം കേന്ദ്രങ്ങളുടെയും ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ടതായ മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച് വിശദമായ പരിശോധന ആരംഭിച്ചിട്ടുണ്ട്.

(സി&ഡി) തിരുവനന്തപുരം ജില്ലയിൽ ആക്കുളം, പൊന്മുടി ലോവർ സാനിറ്റോറിയം, വേളി എന്നീ ടൂറിസം കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്കായുള്ള നടപ്പാത, റാമ്പ്, ടോയ്‌ലെറ്റ് എന്നിവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. കൊല്ലം ജില്ലയിൽ ആശ്രാമം അഡ്വഞ്ചർ പാർക്ക്, തെന്മല ഇക്കോ ടൂറിസം പ്രോജക്ടിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാർക്കുള്ള നടപ്പാത, റാമ്പ്, ടോയ്‌ലെറ്റ് എന്നിവയുടെ പ്രവൃത്തികൾ നടന്നുവരുന്നു. കോട്ടയം ജില്ലയില കവണാറ്റിൻകര, കുമരകം എന്നിവിടങ്ങളിൽ നടപ്പാത, ടോയ്‌ലെറ്റ് എന്നിവയുടെ പ്രവൃത്തികൾ നടന്നുവരുന്നു.

എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചിയിൽ റാമ്പ്, പാത്ത്‌വേ എന്നിവ നിലവിലുണ്ട്. ആലപ്പുഴ ജില്ലയിലെ പുന്നമടക്കായൽ ഫിനിഷിംഗ് പോയിന്റ് ടെർമിനൽ, വട്ടക്കായൽ എന്നീ സ്ഥലങ്ങളിലും നടപ്പാത, റാമ്പ്, ടോയ്‌ലറ്റ് എന്നിവയുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു. കായംകുളം മെഗാ ടൂറിസം പദ്ധതിയുടെ ഭാഗമായി നടപ്പാത, റാമ്പ്, ടോയ്‌ലറ്റ് എന്നിവയുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു.

വയനാട്ടിൽ കർലാട് ലേക്ക്, കാന്തൻപാറ, പൂക്കോട് തടാകം എന്നിവിടങ്ങളിൽ ഭിന്നശേഷി സൗഹൃദ ടോയ്‌ലറ്റിന്റെ പണി പൂർത്തീകരിച്ചു കഴിഞ്ഞു.

തൃശ്ശൂർ ജില്ലയിൽ വിലങ്ങൻകുന്ന്, വാഴാനി ഡാം, പീച്ചി ഡാം, പൂമല ഡാം എന്നിവിടങ്ങളിൽ വീൽ ചെയർ റാമ്പ്, ടോയ്‌ലറ്റ് എന്നിവയുടെ പ്രവർത്തികൾ നടന്നുവരുന്നു.

പാലക്കാട് ജില്ലയിൽ കാഞ്ഞിരപ്പുഴ ഡാം, വാടിക ഗാർഡൻ, തിരുവേഗപ്പുറ ഫോക്‌ലോർ പാർക്ക് എന്നിവിടങ്ങളിൽ റാമ്പ്, ടോയ്‌ലറ്റ് എന്നിവയുടെ പണി പൂർത്തീകരിച്ചുകഴിഞ്ഞു.

കാസർഗോഡ് ജില്ലയിലെ ബേക്കൽ പാർക്കില ടോയ്‌ലറ്റ്, റാമ്പ് പണി പൂർത്തീകരിച്ചു.

കൂടാതെ വകുപ്പ് നടപ്പിലാക്കി വരുന്ന നിലവിലുള്ള എല്ലാ ടൂറിസം പദ്ധതികളിലും ഭിന്നശേഷിക്കാർക്കായുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## ആലപ്പുഴ മെഗാ ടൂറിസം പദ്ധതി

225(3849) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഏതെല്ലാം പ്രദേശങ്ങളിലെ പ്രവർത്തനങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ടി.എസ്.കനാലിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയിൽ അഡ്വഞ്ചർ ടൂറിസം ഉൾപ്പെടുന്നുണ്ടോ ; വിശദീകരിക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ 9 നിയമസഭാ മണ്ഡലങ്ങളെയും ആലപ്പുഴ മെഗാ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അരൂക്കുറ്റി, തണ്ണീർമുക്കം, നെടുമുടി, പള്ളാത്തുരുത്തി, കഞ്ഞിപ്പാടം, തോട്ടപ്പള്ളി, കായംകുളം, കരുമാടി, വിളക്കുമരം, വട്ടക്കായൽ, കതിവട്ടംചിറ, വയ്യാങ്കരച്ചിറ, പാണ്ടി, തഴപ്പ്, അർത്തുങ്കൽ, ആലപ്പുഴ നഗരം എന്നീ സ്ഥലങ്ങളാണ് ഈ പദ്ധതിയിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി) ഉണ്ട്. അരൂക്കുറ്റി ബോട്ട് ടെർമിനൽ, തഴപ്പ് മൈക്രോ ഡെസ്റ്റിനേഷൻ എന്നിവ പൂർത്തിയായിട്ടുണ്ട്. തണ്ണീർമുക്കം, പള്ളാത്തുരുത്തി, കഞ്ഞിപ്പാടം എന്നീ ബോട്ട് ടെർമിനലുകളും കരുവാടി, വിളക്കുമരം, വട്ടക്കായൽ എന്നീ നൈറ്റ്ഹാൾട്ട് ടെർമിനലുകളും ഏകദേശം പൂർത്തിയായിട്ടുണ്ട്. അർത്തുങ്കൽ, തോട്ടപ്പള്ളി എന്നീ ബീച്ച് ഡെവലപ്മെന്റ് വർക്കുകൾ പൂർത്തീകരിച്ചിട്ടുണ്ട്. വട്ടക്കായലിലെ എസ്.റ്റി.പി. പ്ലാന്റ് നിർമ്മാണം നടന്നുവരികയാണ്.

(സി&ഡി) ഇല്ല.

**മലബാർ ടൂറിസം വികസനത്തിനായി പദ്ധതികൾ**

226(3850) ശ്രീ. എം. ഉമ്മർ :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിനായി അറുന്നൂറ് കോടി രൂപ മുതൽമുടക്കി നടപ്പിലാക്കുന്ന പദ്ധതിക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ആയതിന്റെ വിശദാംശം എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മലബാർ ടൂറിസം വികസനത്തിനായി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്:

1. വിനോദസഞ്ചാര രംഗത്ത് മലബാർ മേഖലയുടെ സാധ്യത വിപുലപ്പെടുത്തുന്നതിനായി മലബാർ ടൂറിസം ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടത്തിവരുന്നു.

2. മലബാർ ടൂറിസം വികസനത്തിന്റെ ഭാഗമായി കാസർഗോഡ് - കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിയുള്ള ഒരു പദ്ധതിയായ മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് എന്ന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്.

3. കിഫ്ബിയിൽ സമർപ്പിച്ച പദ്ധതികൾ

(എ) മുഴിപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ട് നിർമ്മാണം

(ബി) വടകര പയ്യോളിയിലെ സർഗാലയ കേന്ദ്രം ആധാരമാക്കി ക്കൊണ്ടുള്ള ഇന്റഗ്രേറ്റഡ് ടൂറിസം പദ്ധതി

(സി) ധർമ്മടം, ധർമ്മടം-ദ്വീപ് മുഴപ്പിലങ്ങാട് ബീച്ച് കോർത്തിണക്കി റോപ്‌വേയുടെ നിർമ്മാണം

4. തലശ്ശേരി ഹെറിറ്റേജ് സർക്യൂട്ട് പദ്ധതിയുടെ രണ്ടാംഘട്ടം

5. കണ്ണൂരിലെ പുതിയ വിമാനത്താവളം കേന്ദ്രീകരിച്ച് ടൂറിസം വികസന പദ്ധതികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് M/s KTIL-നെ ഏൽപ്പിക്കുകയും പ്രാരംഭ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

6. ധർമ്മടം തുരുത്തുമായി ബന്ധപ്പെട്ട് മറൈൻ മ്യൂസിയം, ലോക നിലവാരത്തിലുള്ള മ്യൂസിയം, റിസർച്ച് സ്റ്റേഷൻ എന്നീ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കുന്നതിന് M/s KTIL-നെ ഏൽപ്പിക്കുകയും പ്രാരംഭ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

7. മലബാർ മേഖലയിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ വിപുലപ്പെടുത്തുന്നതിനും സമഗ്ര വികസനത്തിനുമായി ഡി.റ്റി.പി.സി. മുഖേനയും അല്ലാതെയും വിവിധ പദ്ധതികളും വകുപ്പ് ആവിഷ്കരിച്ചുവരുന്നു.

(ബി&സി) നിലവിൽ രൂപരേഖ തയ്യാറാക്കിയിട്ടില്ല.

## സംസ്ഥാന വികസനത്തിൽ വിനോദസഞ്ചാര മേഖലയുടെ സംഭാവന

227(3851) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. ദാസൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച അഭിവൃദ്ധിപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും വിദേശനാണ്യം നേടിത്തരുന്നതിനും

പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വിനോദസഞ്ചാരമേഖല എപ്രകാരമെല്ലാം സഹായകമാകുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിനോദസഞ്ചാരമേഖലയിൽ നിന്നുള്ള മൊത്തം വരുമാനത്തിൽ കഴിഞ്ഞ വർഷത്തേക്കാൾ വർദ്ധന ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) നടപ്പ് സാമ്പത്തിക വർഷം കേന്ദ്രസർക്കാർ സംസ്ഥാനത്തെ വിനോദസഞ്ചാര സർക്യൂട്ടുകളുടെ പശ്ചാത്തല സൗകര്യവികസനത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം പദ്ധതികളുടെ വികസനത്തിനായാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ടൂറിസം രംഗവുമായി പ്രത്യക്ഷമായും പരോക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ ക്ഷേമം, കൂടുതൽ തൊഴിൽസാധ്യത, പരിസ്ഥിതി സൗഹൃദ വികസനം, ഹോസ്പിറ്റാലിറ്റി, ഉത്തരവാദിത്വ ടൂറിസം എന്നിവയും ആധുനികവും നൂതനവുമായ മാർഗ്ഗങ്ങൾ ഉപയോഗപ്രദമാക്കിയുള്ള വിപണനം, പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തൽ, നിലവിലുള്ളവയുടെ വികസനം, സാഹസിക വിനോദ സഞ്ചാര പദ്ധതികൾ, പൈതൃക മേഖലയുടെ സംരക്ഷണം, യുവസഞ്ചാരികളെ ആകർഷിക്കാനുള്ള പദ്ധതികൾ, സാഹസിക വിനോദസഞ്ചാര മേഖല പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവ വിനോദ സഞ്ചാരമേഖലയുടെയും അനുബന്ധ മേഖലകളുടെയും വികസനത്തിന് സഹായകരമാകുന്നു. ടൂറിസം കേന്ദ്രങ്ങൾ ഭിന്നശേഷി സൗഹൃദമാക്കൽ, പൊതുസ്വകാര്യ പങ്കാളിത്തവും നിക്ഷേപവും പരമാവധി പ്രയോജനപ്പെടുത്തുക, ടൂറിസം കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം എന്നിവയിലൂടെ അടുത്ത 5 വർഷംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ഇരട്ടിയാക്കുന്നതിനും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം 50 ശതമാനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇതിലൂടെ അടുത്ത 5 വർഷത്തിനിടെ 4 ലക്ഷം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. ഇപ്രകാരം ഈ മേഖലയിൽ നിന്നുള്ള വരുമാനം ഗണ്യമായി വർദ്ധിക്കുമെന്ന് കണക്കാക്കുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതി പ്രാദേശിക തലത്തിൽ തൊഴിൽ ലഭ്യമാക്കുന്നതിനുള്ള ലക്ഷ്യത്തോടു കൂടിയുള്ളതാണ്. ഇതിനുപുറമേ ക്ലീൻ ഡെസ്റ്റിനേഷൻ ക്യാംപെയിൻ എന്ന പദ്ധതിയിലും വിവിധ ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ മേഖലയിലും വിപുലീകരണം നടത്തി ഈ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്& ടാക്സേഷൻ മുഖേന നടത്തിയ പഠനത്തിന്റെ ഡ്രാഫ്റ്റ് റിപ്പോർട്ടനുസരിച്ച് കൃഷി, കച്ചവടം, പ്രോസസ്സ്ചെയ്ത ആഹാര പദാർത്ഥങ്ങൾ, റെഡിമെയ്ഡ് വസ്തുങ്ങൾ, അച്ചടിയും പ്രസിദ്ധീകരണവും, കര-ജല-വ്യോമ സഞ്ചാര മേഖലകൾ, ഹോട്ടലുകൾ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ ടൂറിസവുമായി ബന്ധപ്പെട്ട തൊഴിലുകൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. മുൻവർഷത്തെക്കാൾ 11.12% വളർച്ചാനിരക്ക് 2016-ൽ ഉണ്ടായിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(സി) നടപ്പ് സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ സംസ്ഥാനത്തെ വിനോദസഞ്ചാര സർക്യൂട്ടുകളുടെ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി പുതിയ പദ്ധതികൾക്ക് തുകകൾ അനുവദിച്ചിട്ടില്ല. എന്നാൽ 2015-16 സാമ്പത്തിക വർഷം അനുവദിച്ചിരുന്ന സ്വദേശ് ദർശൻ സ്കീമിലെ ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-വാഗമൺ-ഗവി-തേക്കടി വികസന പദ്ധതിയുടെ രണ്ടാം ഗഡു തുകയായി 2639.20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ സാമ്പത്തിക വർഷം പ്രസാദ് പദ്ധതിയിലുൾപ്പെടുത്തി ഗുരുവായൂരിലെ അടിസ്ഥാനസൗകര്യ വികസനത്തിന് 46.14 കോടി രൂപയും പത്മനാഭസ്വാമി-ആറന്മുള ക്ഷേത്ര വികസനത്തിന് പിൽഗ്രിം ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തി 9244.26 ലക്ഷം രൂപയും പമ്പ-സന്നിധാനം-എരുമേലി വികസനത്തിന് 9999.92 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

## നെന്മാറ നിയോജകമണ്ഡലത്തിൽ ഇക്കോ ടൂറിസം പദ്ധതി

228(*T3852) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഇക്കോ-ടൂറിസം പദ്ധതി നടപ്പിലാക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണെന്നും എത്ര കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ പദ്ധതി തയ്യാറാക്കിയിട്ടില്ല.

## കണ്ണൂർ ജില്ല ടൂറിസം പദ്ധതി

229(3853) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് കണ്ണൂർ ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിലെ ഏതെല്ലാം പദ്ധതികൾക്ക്, എത്ര തുകയുടെ വീതം ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി നൽകിയ ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## മലപ്പുറം ജില്ലയിലെ കടലുണ്ടി നഗരം പ്രദേശത്തെ ടൂറിസം സാധ്യതകൾ

230(3854) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശാടനപ്പക്ഷികളുടെ സ്ഥിരം സങ്കേതമായ കടലുണ്ടി നഗരം(മലപ്പുറം ജില്ല) പ്രദേശത്തെ ടൂറിസം സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തെ ഒരു ടൂറിസ്റ്റ് സെന്ററാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ടൂറിസം വകുപ്പ് നിലവിൽ ഇതുസംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല.

## തുഷാരഗിരി ടൂറിസം വികസന പദ്ധതി

231(3855) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രത്തിൽ കിഫ്ബി വഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രവുമായി ബന്ധപ്പെട്ട് കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പദ്ധതി പ്രൊപ്പോസലുകൾ നിലവിൽ സമർപ്പിച്ചിട്ടില്ല.

(ബി&സി) 5-10-2016-ലെ ഉന്നതതല യോഗത്തിന്റെ നിർദ്ദേശപ്രകാരം ഈ കേന്ദ്രത്തിന്റെ സാധ്യത പരിശോധിച്ച് വിലയിരുത്തുന്നതിനുള്ള ഒരു രൂപരേഖ തയ്യാറാക്കാൻ M/s. P.C. റഷീദ് & അസോസിയേറ്റ്സിനോട് ആവശ്യപ്പെട്ടിരുന്നു. ആയത് ലഭിച്ചതിനുശേഷം ഇത് സംബന്ധിച്ച് തീരുമാനമെടുക്കുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ പഞ്ചായത്തിലെ പാറന്നൂർ ചിറയുടെ വികസനം

232(3856) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരവധി സഞ്ചാരികളെ ആകർഷിക്കുന്ന തൃശ്ശൂർ ജില്ലയിലെ ചൂണ്ടൽ പഞ്ചായത്തിലെ പാറന്നൂർ ചിറയുടെ സൗന്ദര്യവൽക്കരണത്തിനും വികസനത്തിനും എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ വികസനത്തിന് ആവശ്യമായ ഭൂമി സ്വകാര്യ വ്യക്തി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ഉടുമ്പുപാറ ടൂറിസം ഡെസ്റ്റിനേഷൻ

233(3857) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ മേടപ്പാറ, ഉടുമ്പുപാറ പ്രദേശങ്ങളിലെ വിനോദസഞ്ചാര സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കുന്നതിന് പ്രത്യേക മിഷൻ

234(3858) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനുവേണ്ടി ഒരു പ്രത്യേക മിഷൻ രൂപീകരിക്കുന്നുണ്ടോ; വിവരിക്കുമോ;

(സി) പ്രസ്തുത മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) മിഷന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി 23-6-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 12/2017/ടൂറിസം പ്രകാരം ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഇപ്പോൾ തെരഞ്ഞെടുക്കപ്പെട്ട ഏഴ് ടൂറിസം കേന്ദ്രങ്ങളിൽ മാത്രമായി നടന്നുവരുന്ന പ്രസ്തുത പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) താഴെപ്പറയുന്നവയാണ് ഉത്തരവാദിത്വ ടൂറിസം മിഷന്റെ പ്രവർത്തനങ്ങൾ:

1. പ്രാദേശിക തലത്തിൽ ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുക.
2. ടൂറിസം വ്യവസായം സമൂഹവുമായി മെച്ചപ്പെട്ട ബന്ധം സൃഷ്ടിക്കുക.
3. ഉത്തരവാദിത്ത ടൂറിസം ആശയങ്ങളും പ്രയോഗ മാതൃകകളും സ്വീകരിക്കാനും നടപ്പാക്കാനും ടൂറിസം വ്യവസായത്തിനെയും ഇതര സ്റ്റേക്ക് ഹോൾഡർമാരെയും പ്രേരിപ്പിക്കുക.
4. ഉത്തരവാദിത്ത ടൂറിസം വർഗ്ഗീകരണം ടൂറിസം മേഖലയിലും സ്ഥാപനങ്ങളിലും നടപ്പാക്കുക.
5. സാമൂഹിക പ്രസക്തിയുള്ളതും പരിസ്ഥിതി സൗഹൃദ പൂർണ്ണമായ പ്രവർത്തനങ്ങൾ നടപ്പാക്കാൻ ടൂറിസം യൂണിറ്റുകളെയും ടൂറിസ്റ്റുകളെയും പ്രോൽസാഹിപ്പിക്കുക.
6. ടൂറിസത്തിൽ നിന്നുള്ള ഗുണഫലങ്ങൾ ലഭ്യമാക്കാൻ കഴിയും വിധം പ്രാദേശിക സമൂഹത്തിന്റെ കഴിവ് വർദ്ധിപ്പിക്കുക.
7. പ്രാദേശിക തൊഴിൽ ലഭ്യത, പ്രാദേശിക ഉല്പന്നങ്ങളുടെ സംഭരണം (വിലയ്ക്ക് വാങ്ങൽ) എന്നിവയ്ക്ക് ടൂറിസം മേഖലയെ പ്രേരിപ്പിക്കുക, ടൂറിസം മേഖലയിൽ മൂല്യാധിഷ്ഠിത വിപണനം ഉറപ്പാക്കുകയും പ്രേരിപ്പിക്കുകയും ചെയ്യുക.

8. പരിശീലനങ്ങൾ, ഗവേഷണം, പഠനങ്ങൾ എന്നിവ ടൂറിസം മേഖലയിലും ഉത്തരവാദിത്വ ടൂറിസം മേഖലയിലും നടത്തുക.

9. ഹരിത തത്വങ്ങൾ, ഹരിത നിർമ്മാണ രീതികൾ എന്നിവ ടൂറിസം മേഖലയിലും നടത്തുക.

10. ഹരിത തത്വങ്ങൾ, ഹരിത നിർമ്മാണ രീതികൾ എന്നിവ ടൂറിസം കേന്ദ്രങ്ങളിലെ വിവിധ നിർമ്മിതികളിൽ പ്രയോഗ വത്ക്കരിക്കാൻ പ്രേരിപ്പിക്കുക, മാലിന്യ സംസ്കരണത്തിൽ ഹരിത നിയന്ത്രണങ്ങൾ നടപ്പിൽ വരുത്തുവാനും ജൈവകാർഷിക വൃത്തി പ്രോത്സാഹിപ്പിക്കുവാനും നേതൃത്വം കൊടുക്കുക.

11. കൃഷിയുടെ പ്രോത്സാഹനവും സംരക്ഷണവും ടൂറിസം മേഖലയുടെ സഹായത്തോടെ നടപ്പിൽ വരുത്തുക, സ്ത്രീ ശാക്തീകരണം, പാർശ്വവത്കൃത സമൂഹത്തിന്റെ ശാക്തീകരണം എന്നിവ സാധ്യമാക്കുക, പ്രാദേശിക ടൂറിസം സംരംഭകത്വം പ്രോത്സാ ഹിപ്പിക്കുക.

12. പ്രാദേശിക കല, സംസ്കാരം, പരമ്പരാഗത തൊഴിൽ എന്നിവയെ ടൂറിസത്തിലൂടെ സംരക്ഷിക്കുവാനും പ്രോത്സാഹിപ്പിക്കുവാനും വേണ്ട പ്രവർത്തനങ്ങൾ നടത്തുക.

(ഡി) 23-6-2017-ലെ സ.ഉ.(എംഎസ്.) നമ്പർ 12/2017/ടൂറിസം പ്രകാരം ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ടൂറിസം ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള വ്യവസ്ഥാപിതമായ പ്രവർത്തന സ്വാതന്ത്ര്യമുള്ള സംവിധാനമായാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ പ്രവർത്തിക്കുക. മിഷന്റെ പ്രവർത്തനത്തിനായി സ്റ്റേറ്റ് ആർ.റ്റി. മിഷൻ കോ-ഓർഡിനേറ്ററിനെയും അഞ്ച് ഡെസ്റ്റിനേഷൻ കോ-ഓർഡിനേറ്റർമാരെയും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

## ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ സമഗ്ര വികസനം

235(3859) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ സമഗ്ര വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പാർക്കിന്റെ സർവ്വതോന്മുഖമായ വികസനത്തിനായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്തെ ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നവീകരണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 3 കോടി രൂപ ടൂറിസം വകുപ്പും 2 കോടി രൂപ ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നുമാണ്. ഇതിൽ ഗാന്ധി പ്രതിമ, ആംഫി തീയേറ്റർ, നടപ്പാത, ലാന്റ് സ്കേപ്പിംഗ്, ഇരിപ്പിടത്തോടു കൂടിയ കളിസ്ഥലം, റയിൻ പവലിയൻ ഷോപ്പുകൾ, വ്യൂ ടവർ, മൾട്ടി പർപ്പസ് ഹാൾ, മ്യൂറർ ഹാൾ, കളിയുപകരണങ്ങൾ, ഹോം തീയേറ്റർ, 16-ഡി തീയറ്റർ, ടോയ്‌ലറ്റ് ബ്ലോക്ക്, ടിക്കറ്റ് കൗണ്ടർ, ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് & സാനിറ്ററി ഫിറ്റിംഗ്സ്, ഫൗണ്ടൻ & വാട്ടർ ടാങ്ക് മുതലായവ ഉൾപ്പെടുത്തിയിട്ടുണ്ട്.

## തിരുവനന്തപുരം നഗരത്തിലെ ചുമർചിത്രങ്ങൾ

236(3860) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡിപ്പാർട്ട്മെന്റ് തിരുവനന്തപുരം ഡി.റ്റി.പി.സി. മുഖേന തിരുവനന്തപുരം നഗരത്തിന്റെ പ്രധാന വീഥികളിൽ വരച്ചിരിക്കുന്ന ചുമർചിത്രങ്ങൾ (ആർട്ട് ഏര്യ) ജില്ലയിലെ മറ്റ് സ്ഥലങ്ങളിലും വ്യാപിപ്പിക്കുവാൻ കഴിയുമോ;

(ബി) തിരുവനന്തപുരം ഡി.റ്റി.പി.സി.-ക്ക് അപേക്ഷ നൽകിയാൽ ചുമർ ചിത്രങ്ങൾ നെയ്യാറ്റിൻകര നഗരത്തിലെ പ്രധാന വീഥികളിൽ വരയ്ക്കുന്നത് പരിഗണിക്കാൻ കഴിയുമോ?

ഉത്തരം

(എ) പരിശോധിക്കാവുന്നതാണ്.

(ബി) ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിലേയ്ക്ക് ടൂറിസം ഡയറക്ടർക്കാണ് അപേക്ഷ നൽകേണ്ടത്.

## കോട്ടയ്ക്കൽ കേന്ദ്രമാക്കി വിനോദ സഞ്ചാര പദ്ധതികൾ

237(3861) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാരത്തിനുവേണ്ടിയുള്ള സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ബന്ധപ്പെട്ട ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കോട്ടയ്ക്കൽ കേന്ദ്രമാക്കി വിനോദസഞ്ചാരത്തിനുവേണ്ടി സമഗ്രമായ ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ സ്ഥലങ്ങളൊന്നുംതന്നെ കണ്ടെത്തിയിട്ടില്ല.

(ബി) ഇല്ല.

(സി) ടൂറിസം സാധ്യത പരിശോധിക്കാവുന്നതാണ്.

**പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര പദ്ധതികൾ**

238(3862) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടന്നു വരുന്ന പ്രവൃത്തികളും പദ്ധതികളും എതൊക്കെയാണ്;അവയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി പരിഗണനയിലുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(സി) ഈ മണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ ഏറെ സാധ്യതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ടൂറിസം ഏരിയ ഡെവലപ്മെന്റ് അറ്റ് കൊടികുത്തിമല, മലപ്പുറം എന്ന പ്രവർത്തി നടന്നുവരുന്നു. ടി പദ്ധതിയുടെ 50% പ്രവർത്തികൾ പൂർത്തീകരിച്ചു കഴിഞ്ഞു. താഴെപ്പറയുന്ന പദ്ധതി ഘടകങ്ങളാണ് പൂർത്തീകരിച്ചുകഴിഞ്ഞത്:

1. കൺസ്ട്രക്ഷൻ ഓഫ് ചെക്ക് ഡാം സ്കീം 1&2
2. കൺസ്ട്രക്ഷൻ ഓഫ് ഫോറസ്റ്റ് ഔട്ട് പോസ്റ്റ് ബിൽഡിംഗ്
3. റെനൊവേഷൻ ഓഫ് എക്സിസ്റ്റിംഗ് വാച്ച് ടവർ
4. അമിനിറ്റി സെന്റർ എൻട്രൻസ് ആർച്ച്

(ബി) പെരിന്തൽമണ്ണയിൽ പൂപ്പലത്തുള്ള ഡെവലപ്മെന്റ് ഓഫ് പീക്കോക്ക് വാലി എന്ന പദ്ധതി പരിശോധനയിലാണ്.

(സി) ഈ രീതിയിലുള്ള ഒരു പഠനം നടത്തിയിട്ടില്ല.

## ശബരിമല മണ്ഡല മകരവിളക്ക് ഉത്സവ മുന്നൊരുക്കങ്ങൾ

239(3863) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല മകരവിളക്ക് ഉത്സവത്തോടനുബന്ധിച്ച് നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങൾ വ്യക്തമാക്കുമോ;

(ബി) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്; ഇവയുടെ പുരോഗതി വ്യക്തമാക്കുമോ;

(സി) മതിയായ ടോയ്‌ലെറ്റ് സൗകര്യങ്ങൾ പമ്പയിലും സന്നിധാനത്തും ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ഡി) മഴ കുറഞ്ഞ സാഹചര്യത്തിൽ മുഴുവൻ സമയവും ശുദ്ധജലം എത്തിക്കുന്നതിനും ടോയ്‌ലെറ്റ് മാലിന്യങ്ങൾ ഞുണങ്ങാർ വഴി പമ്പയിൽ എത്തുന്നത് തടയുന്നതിനും എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഇ) സന്നിധാനത്തെ മാലിന്യ പ്ലാന്റിന്റെ പ്രവർത്തനം പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ;

(എഫ്) ആരോഗ്യ സംവിധാനങ്ങളുടെയും കിടത്തി ചികിത്സ ഉൾപ്പടെയുള്ളവയുടെയും കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല ദേവസ്വത്തിലേയ്ക്ക് പ്രസാദ നിർമ്മാണത്തിനാവശ്യമായ അപ്പം, അരവണ, ശർക്കര, ഉണക്കലരി, ഉണക്കമുന്തിരി, ഏലയ്ക്ക, കൽക്കണ്ടം, പായ്ക്കിംഗിനാവശ്യമായ കാൻ, ബട്ടർപേപ്പർ ബാഗ് എന്നിവയുടെയും ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ കടകൾ, ഹോട്ടലുകൾ അനുവദിച്ച് നൽകുന്നതുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പമ്പാ മണൽപ്പുറത്ത് 344, ഹിൽടോപ്പിൽ 78, നീലിമല അപ്പാച്ചിമേടിൽ 56, പോലീസ് ബാരക്കിന് സമീപം 26 ടോയ്‌ലെറ്റുകളും ചരൽമേട് ഭാഗത്ത് 10 യൂറിനലുകളും പ്രവർത്തനസജ്ജമാണ്. കൂടാതെ പമ്പ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന് മുൻവശത്തായി 10 ബയോ ടോയ്‌ലെറ്റുകൾ സജ്ജമാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കുന്നാറിൽനിന്നും ശബരിമലയിലേയ്ക്ക് ശുദ്ധജലം എത്തിക്കുന്നുണ്ട്. പമ്പ, ശബരിമല, നിലയ്ക്കൽ എന്നിവിടങ്ങളിൽ കേരള വാട്ടർ അതോറിറ്റി ശുദ്ധജലം ലഭ്യമാക്കുന്നു. മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനത്തോടൊപ്പം ഞുണങ്ങാറിൽ മൂന്നിടങ്ങളിലായി എർത്ത് ബാഗ് ബണ്ടുകൾ സ്ഥാപിക്കുന്നതാണ്.

(ഇ) സന്നിധാനത്ത് മാലിന്യ സംസ്കരണ പ്ലാന്റ് പ്രവർത്തനക്ഷമമാണ്. ഏതാനും പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കേണ്ടതായും പ്ലാന്റിലെ ചില യൂണിറ്റുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതായുമുണ്ട്. ആയത് എത്രയുംപെട്ടെന്ന് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) കിടത്തി ചികിത്സ ഉൾപ്പെടെ ആരോഗ്യ സംവിധാനമൊരുക്കുന്നതിന്റെ ഭാഗമായി ആശുപത്രിയുടെ സ്ട്രക്ചറൽ വർക്ക് പൂർത്തിയായിട്ടുണ്ട്.

**ദേവസ്വംഭൂമി തിരിച്ചുപിടിക്കാൻ നടപടി**

240(3864) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യാധീനപ്പെട്ട ദേവസ്വം ഭൂമി തിരിച്ചുപിടിക്കാൻ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ടോ; വിവരിക്കുമോ;

(സി) ട്രൈബൂണൽ രൂപീകരണവുമായി ബന്ധപ്പെട്ട നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണ്; വെളിപ്പെടുത്തുമോ?

**ഉത്തരം**

(എ-സി) അന്യാധീനപ്പെട്ട ദേവസ്വംഭൂമി തിരിച്ചുപിടിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു ദേവസ്വം ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷേത്ര നിയമനങ്ങളിലെ ജാതി വിവേചനം**

241(3865) ശ്രീ. ആർ. രാജേഷ് :
ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് മാവേലിക്കര സബ് ഗ്രൂപ്പിന് കീഴിലുള്ള ചെട്ടിക്കുളങ്ങര ക്ഷേത്രത്തിൽ ജാതി വിവേചനംമൂലം ശ്രുതികുമാർ എന്നയാൾക്ക് ക്ഷേത്ര ജീവനക്കാരനായി നിയമനം നിഷേധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നോ;

(ബി) ക്ഷേത്ര നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന സുപ്രീം കോടതിവിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത സംഭവത്തിൽ ദേവസ്വം ഭാരവാഹികൾക്കെതിരെ നിയമനടപടി സ്വീകരിക്കാൻ തയ്യാറാകുമോ;

(സി) വിവിധ ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള ക്ഷേത്രങ്ങളിൽ ആചാരമെന്ന വ്യാജേന നടത്തുന്ന അയിത്താചരണം കർശനമായി അവസാനിപ്പിച്ച്, ക്ഷേത്ര ജീവനക്കാരുടെ നിയമനത്തിലും ദേവസ്വം ബോർഡുകളുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ തസ്തികകളിലും പിന്നോക്ക ജാതിക്കാർക്ക് അവസരസമത്വം ഉറപ്പാക്കാൻ നടപടിയുണ്ടാകുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സുപ്രീം കോടതിവിധിക്കെതിരായ നടപടി കൈക്കൊണ്ടവർക്കെതിരെ നിയമ നടപടി കൈക്കൊള്ളുന്ന കാര്യം പരിശോധിച്ചു വരുന്നു.

(സി) സംവരണ തത്വം പാലിച്ചുകൊണ്ട് കേരളത്തിലെ എല്ലാ ദേവസ്വം ബോർഡുകളുടെയും പാരമ്പര്യേതര തസ്തികകളിൽ നിയമനം നടത്തുന്നതിനായി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡിന്റെ സ്ഥലത്തെ ഫയർ സ്റ്റേഷൻ**

242(3866) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മണ്ഡല-മകരവിളക്ക് കാലത്തും മറ്റും എരുമേലിയിൽ ദേവസ്വം ബോർഡിന്റെ സ്ഥലത്ത് താൽക്കാലികമായി ഫയർസ്റ്റേഷൻ പ്രവർത്തിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും എരുമേലിയിൽ പുതിയ ഫയർസ്റ്റേഷൻ പണിയുന്നതിനായി 40 ലക്ഷം രൂപ അനുവദിക്കാൻ ധനകാര്യ വകുപ്പിന് പൂഞ്ഞാർ എം.എൽ.എ. കത്ത് നൽകിയ പ്രകാരം, സ്ഥിരമായ ഫയർസ്റ്റേഷൻ നിർമ്മിക്കുന്നതിനായി പ്രസ്തുത സ്ഥലം വിട്ടുനൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മലബാർ ദേവസ്വത്തിനുകീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്കരണം

243(3867) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പളപരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്;

(ബി) മലബാർ ദേവസ്വം ബോർഡ് ഭരണവിഭാഗം ജീവനക്കാർക്കും ഇതര ദേവസ്വം ജീവനക്കാർക്കും രണ്ടാം ശമ്പള പരിഷ്കരണത്തിന്റെ ആനുകൂല്യം ലഭ്യമാക്കിയപ്പോൾ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം മലബാർ ക്ഷേത്ര ജീവനക്കാർക്ക് മുഴുവൻ ശമ്പളവും മലബാർ ദേവസ്വം ബോർഡ് ഫണ്ടിൽ നിന്നും നൽകണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഭരണവിഭാഗം ജീവനക്കാർക്ക് നൽകിയ ശാസ്ത്രീയമായ ശമ്പളപരിഷ്കരണം മലബാർ ദേവസ്വത്തിനുകീഴിലുള്ള ക്ഷേത്ര ജീവനക്കാർക്കും നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 1-3-2009-ലാണ് മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത്. മലബാർ ദേവസ്വം ബോർഡ് ഭരണവിഭാഗം ജീവനക്കാർ നിർത്തലാക്കപ്പെട്ട ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പിലെ സർക്കാർ ജീവനക്കാരനായതിനാൽ സർക്കാർ ജീവനക്കാർക്ക് കാലാകാലങ്ങളിൽ നടപ്പിലാക്കിവരുന്ന ശമ്പള പരിഷ്കരണം പ്രസ്തുത ജീവനക്കാർക്കും ബാധകമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള വരുമാനം കൂടുതലുള്ള 9 സ്പെഷ്യൽ ഗ്രേഡ് ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് അതത് ക്ഷേത്രങ്ങളുടെ ഫണ്ടിൽനിന്നും സർക്കാർ ജീവനക്കാരുടെ നിരക്കിലുള്ള ശമ്പള പരിഷ്കരണം അനുവദിച്ചിട്ടുണ്ട്.

(സി&ഡി) വാർഷിക വരുമാനം 5 ലക്ഷത്തിൽ കുറവുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ മുഴുവൻ ശമ്പളവും വാർഷിക വരുമാനം 5 ലക്ഷത്തിനും 15 ലക്ഷത്തിനും ഇടയ്ക്കുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ചെലവിൽ ക്ഷേത്ര വരുമാനത്തിന്റെ 30 ശതമാനം കിഴിച്ചുള്ള തുകയും വാർഷിക വരുമാനം 15 ലക്ഷത്തിനും 25 ലക്ഷത്തിനും ഇടയ്ക്കുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പള ചെലവിൽ ക്ഷേത്ര വരുമാനത്തിന്റെ 50 ശതമാനം കിഴിച്ചുള്ള തുകയും മലബാർ ദേവസ്വം ബോർഡിൽനിന്നും ഗ്രാന്റായി നൽകണമെന്നും ശ്രീ. കെ. ജയകുമാറിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരികയാണ്.

## വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രക്കുളത്തിന്റെ നവീകരണം

244(3868) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രക്കുളത്തിന്റെ നവീകരണത്തിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേത്രക്കുളം നവീകരണ പ്രവൃത്തി പൂർത്തിയാക്കുന്നതിന് ഇനിയും എത്ര തുകകൂടി വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇതിന് ആവശ്യമായ ഫണ്ട് അനുവദിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1,46,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 1,50,00,000 രൂപകൂടി വേണമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ശബരിമലയിലെ സ്വർണ്ണക്കൊടിമരത്തിന്റെ പഞ്ചവർഗ്ഗത്തറ വികൃതമാക്കിയ സംഭവം

245(3869) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ പുതിയ സ്വർണ്ണക്കൊടിമരത്തിന്റെ പഞ്ചവർഗ്ഗത്തറയിൽ മെർക്കുറി ഒഴിച്ച് വികൃതമാക്കിയ കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) സംഭവത്തിൽ ദുരൂഹതയില്ലെന്നും ആന്ധ്രയിലെ ആചാരമനുസരിച്ച് ചെയ്തതാണെന്നുമുള്ള നിഗമനത്തിൽ എത്തിച്ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ സാഹചര്യമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സന്നിധാനത്തെ സുരക്ഷാ ക്രമീകരണങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇതുസംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർചെയ്ത് അന്വേഷിച്ച് വരുന്നു. സുരക്ഷാ ക്രമീകരണങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

**കോഴിക്കോട്, താമരശ്ശേരി താലൂക്കുകളിലെ ക്ഷേത്രങ്ങൾക്കുള്ള സഹായം**

246(3870) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ വർഷം കോഴിക്കോട്, താമരശ്ശേരി താലൂക്കുകളിലെ ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡിൽനിന്നും നൽകിയിരുന്ന സഹായത്തിന്റെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

കോഴിക്കോട്, താമരശ്ശേരി താലൂക്കുകളിലെ 29 ക്ഷേത്രങ്ങൾക്കായി ശമ്പള കുടിശ്ശിക, ഉത്സവബത്ത ഇനങ്ങളിലായി ആകെ 47,89,339 രൂപയും ക്ഷേത്ര ജീർണ്ണോദ്ധാരണത്തിനുള്ള ഗ്രാന്റിന്റെ കുടിശ്ശികയിനത്തിൽ 5,63,500 രൂപയും മലബാർ ദേവസ്വം ബോർഡിൽനിന്നും അനുവദിച്ചിട്ടുണ്ട്.

**കൊട്ടാരക്കര ശ്രീ മഹാഗണപതി ക്ഷേത്രം**

247(3871) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര പി.ഡി. മണികണ്ഠേശ്വരം (ശ്രീ മഹാഗണപതി ക്ഷേത്രം) ദേവസ്വം ക്ഷേത്രത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് ദേവസ്വം ബോർഡ് ആലോചിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ക്ഷേത്രക്കുളം നവീകരണം, പിൽഗ്രിം സെന്ററിന്റെയും താമസ സൗകര്യങ്ങൾക്കുള്ള മുറികളുടെയും കടമുറികളുടെയും നിർമ്മാണം, ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള പ്ലാന്റിന്റെ നിർമ്മാണം തുടങ്ങിയവ.

(ബി) ക്ഷേത്ര വികസന പ്രവർത്തനങ്ങൾക്കായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുവാദം തേടിയിട്ടുണ്ട്. ക്ഷേത്രക്കുള നവീകരണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുമുണ്ട്.

**മാടായിക്കാവ് ക്ഷേത്രകലാ അക്കാദമി**

248(3872) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ ഏതൊക്കെ കോഴ്സുകൾ ആരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്; കോഴ്സുകൾ എപ്പോൾ ആരംഭിക്കുവാൻ കഴിയും;

(ബി) ക്ഷേത്രകലാ അക്കാദമിക്ക് ഫണ്ട് ലഭ്യമാക്കുന്നതിനും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) മാടായിക്കാവിലെ ക്ഷേത്ര കലാ അക്കാദമിയിൽ ചെണ്ട, ചാക്യാർകൂത്ത്, ഓട്ടൻതുള്ളൽ, മുഖമെഴുത്ത് എന്നീ കോഴ്സുകൾ എത്രയുംവേഗം ആരംഭിക്കുവാൻ സാധിക്കത്തവിധം പ്രവർത്തനങ്ങൾ നടന്നുവരുന്നു. ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്ക് ഇതുവരെയായി ദേവസ്വം വകുപ്പിൽനിന്നും 5 ലക്ഷം രൂപയും സാംസ്കാരിക വകുപ്പിൽനിന്നും 50 ലക്ഷം രൂപയുടെ ഗ്രാന്റും ലഭ്യമായിട്ടുണ്ട്. അക്കാദമിക്ക് സ്വന്തമായി ഭൂമി, കെട്ടിടം തുടങ്ങിയ കാര്യങ്ങളിൽ ഭരണ സമിതിയിൽ നിന്നും ശിപാർശകൾ ലഭ്യമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

## വാടാനപ്പള്ളി പഞ്ചായത്തിലെ തൃത്തല്ലൂരിൽ ഇടത്താവളം

249(3873) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തൃത്തല്ലൂരിൽ ഭക്തജനങ്ങൾക്കായി അനുവദിച്ച ഇടത്താവളത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

മലബാർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തൃത്തല്ലൂരിൽ വിപുലമായ സൗകര്യങ്ങളോടെ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം നിർമ്മിക്കുന്നതിന് വിശദമായ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ആശ്രിത നിയമനം

250(3874) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ക്ലാർക്ക്/സബ് ഗ്രൂപ്പ് ആഫീസർ ആശ്രിത നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഈ ലിസ്റ്റിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) സീനിയോറിറ്റി മറികടന്ന് പ്രസ്തുത ലിസ്റ്റിൽനിന്നും ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 53 പേർ ഉൾപ്പെട്ടിട്ടുള്ള ലിസ്റ്റിൽ നിന്നും 16-പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും സീനിയോറിറ്റി മറികടന്ന് ആർക്കും നിയമനം നൽകിയിട്ടില്ലെന്നും തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

**ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണങ്ങൾക്കുമുള്ള നടപടികൾ**

251(3875) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ദേവസ്വം ബോർഡിനുകീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും കഴിഞ്ഞ സർക്കാർ എത്ര തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ജില്ലയിലെ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി എത്ര തുക വിനിയോഗിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ ദേവസ്വം വകുപ്പിൽ രജിസ്റ്റർ ചെയ്തതും അല്ലാത്തതുമായ ക്ഷേത്രങ്ങൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിലെ ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിനും നവീകരണങ്ങൾക്കും കൂടുതൽ ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) കേരളത്തിലെ എല്ലാ ക്ഷേത്രങ്ങൾക്കും സർക്കാർ ഫണ്ട് അനുവദിക്കാറുണ്ടോ; വരുമാനമില്ലാത്ത ക്ഷേത്രങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 99 ക്ഷേത്രങ്ങളുണ്ട്.

(ബി) ഈ ക്ഷേത്രങ്ങളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 1,36,25,000 രൂപ അനുവദിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെയായി മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള കാസർഗോഡ് ജില്ലയിലെ വിവിധ ക്ഷേത്രങ്ങൾക്കായി 26,44,500 രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കാസർഗോഡ് ജില്ലയിൽ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ കൃത്യമായ എണ്ണം മാത്രമാണ് ലഭ്യമായിട്ടുള്ളത്. മറ്റ് ക്ഷേത്രങ്ങളുടെ കണക്കുകൾ ദേവസ്വം ബോർഡിന്റെ പക്കലില്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

## ക്ഷേത്ര സ്ഥാനികരുടെ വേതനം

252(3876) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ക്ഷേത്രസ്ഥാനികരുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാനികർക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) എത്രകാലമായിട്ടാണ് ഇതേ വേതനം നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ വേതനം സ്ഥാനികരുടെ നിത്യച്ചെലവിനുപോലും മതിയാകില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ വേതനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) ക്ഷേത്രസ്ഥാനികരായി അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ നൽകിയ എത്ര പേരുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ജി) ഈ അപേക്ഷകളിന്മേൽ എപ്പോൾ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിനുകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ക്ഷേത്ര സ്ഥാനികരുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പ്രതിമാസ ധനസഹായം കൈപ്പറ്റുന്ന ആചാര സ്ഥാനികരുടെ എണ്ണം |
|---|---|---|
| 1 | കോഴിക്കോട് | 83 |
| 2 | വയനാട് | 2 |
| 3 | കണ്ണൂർ | 1069 |
| 4 | കാസർഗോഡ് | 716 |
| | ആകെ | 1870 |

(ബി) ആചാര സ്ഥാനീയർക്ക് നിലവിൽ നൽകിവരുന്ന പ്രതിമാസ ധനസഹായം 800 രൂപ വീതമാണ്.

(സി) പ്രതിമാസ ധനസഹായ പദ്ധതി ആരംഭിച്ച 2010 ആഗസ്റ്റ് മുതൽ ഇതേ നിരക്കിലാണ് ധനസഹായം നൽകിവരുന്നത്.

(ഡി) ഇതുസംബന്ധിച്ച് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഇ) നിലവിലുള്ള തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയില്ല.

(എഫ്&ജി) ക്ഷേത്ര സ്ഥാനീയരായി മലബാർ ദേവസ്വം ബോർഡിൽ നിന്നുള്ള പ്രതിമാസ ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അപേക്ഷ സമർപ്പിച്ച ആചാര സ്ഥാനികരുടെ എണ്ണം |
|---|---|---|
| 1 | കോഴിക്കോട് | 167 |
| 2 | വയനാട് | ... |
| 3 | കണ്ണൂർ | 805 |
| 4 | കാസർഗോഡ് | 685 |
| | ആകെ | 1657 |

മേൽ പറഞ്ഞ അപേക്ഷകൾ മലബാർ ദേവസ്വം ബോർഡ് പരിശോധിച്ചു വരുന്നു.

**ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് പദ്ധതി**

253(3877) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും പുനരുദ്ധാരണത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇതുസംബന്ധിച്ചുള്ള നിബന്ധനകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(നക്ഷത്രചിഹ്നമിടാത്ത 3635, 3655, 3666, 3676 എന്നീ നമ്പർ ചോദ്യങ്ങൾക്കുള്ള മറുപടി എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9.30 AM]

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് സംസാരിക്കണമെങ്കിൽ നിങ്ങൾ ദയവായി സീറ്റിലേയ്ക്ക് പോകണം. പ്ലീസ്..... പ്ലീസ്..... നിങ്ങൾ സീറ്റിലേയ്ക്ക് പോകൂ.

(സ്പീക്കറുടെ ഡയസിനുമുന്നിൽ നിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ അഭ്യർത്ഥന പ്രകാരം അവരവരുടെ സീറ്റുകളിലേയ്ക്ക് മടങ്ങിപ്പോയി.)

മി. സ്പീക്കർ: നിങ്ങൾ ബഹളമുണ്ടാക്കേണ്ട. മൈക്ക് കൊടുക്കും. നിങ്ങൾ സീറ്റിലിരുന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് മൈക്ക് കിട്ടും (ബഹളം).... പ്ലീസ്....പ്ലീസ്... ബഹളം വയ്ക്കേണ്ട.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള ചരിത്രത്തിലുണ്ടാകാത്ത സംഭവമാണ് ഇവിടെയുണ്ടായിരിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി അതിനിശിതമായിട്ടാണ് ഗവൺമെന്റിനെയും ആരോഗ്യ വകുപ്പുമന്ത്രിയെയും വിമർശിച്ചിരിക്കുന്നത്. ഇത് ആരുടെ സർക്കാരാണെന്ന് ചോദിച്ചത് ചീഫ് ജസ്റ്റിസ് ഓഫ് കേരളയാണ്. ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് ഫ്യൂഡൽ നിലയിലാണോ പ്രവർത്തിക്കുന്നതെന്ന് ചോദിച്ചത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. ഹൈക്കോടതി നിരന്തരമായി പരാമർശങ്ങൾ നടത്തിയാലും ജഡ്ജ്മെന്റിലൂടെ കുറ്റപ്പെടുത്തിയാലും ധാർമ്മികത ഉയർത്തിപ്പിടിച്ചുകൊണ്ട് അധികാരത്തിൽനിന്നും വിട്ടൊഴിയുക എന്നത് കേരള ചരിത്രത്തിലുണ്ടായ സംഭവമാണ്......(ബഹളം)..... ഇതൊന്നും വകവയ്ക്കാതെ അധികാരത്തിൽ കടിച്ചുതൂങ്ങുന്ന മന്ത്രിയുടെയും സർക്കാരിന്റെയും നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിക്കുന്നു.

(തുടർന്ന് യു.ഡി.എഫ്. അംഗങ്ങൾ മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭ ബഹിഷ്ക്കരിച്ച് പുറത്തുപോയി.)

## II അടിയന്തരപ്രമേയം

### കാർഷിക മേഖലയുടെ തകർച്ച

മി. സ്പീക്കർ: റബ്ബർ, നെല്ല്, കുരുമുളക് തുടങ്ങിയ കാർഷികോല്പന്നങ്ങളുടെ വിലയിടിവിനാലും ഭാരിച്ച കാർഷിക കടവും നിമിത്തം കാർഷിക മേഖലയ്ക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന തകർച്ചയും കർഷകർ അനുഭവിക്കുന്ന ദുരിതങ്ങളും സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ കെ. എം. മാണി റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, കാർഷിക മേഖലയിലെ ഉല്പന്നങ്ങൾക്ക് പ്രത്യേകിച്ച് നാണ്യവിളകൾക്ക് വിലയിടിവ് നേരിട്ടുകൊണ്ടിരിക്കുന്നു എന്നുള്ളത് സർക്കാർ ഗൗരവമായി കാണുകയാണ്. ഏറ്റവും കൂടുതൽ വിലയിടിവ് നേരിടുന്നത് സ്വാഭാവിക റബ്ബറിനാണ്. 5-4-2011-ൽ സ്വാഭാവിക റബ്ബറിന് ആർ.എസ്.എസ്. ഗ്രേഡ് കിലോയ്ക്ക് 243 രൂപ നിലവിലിരുന്ന സ്ഥാനത്ത് ഇപ്പോൾ കിലോയ്ക്ക് 130 രൂപ 50 പൈസയായി കുറഞ്ഞിരിക്കുകയാണ്. സ്വാഭാവിക റബ്ബറിന്റെ വില അന്താരാഷ്ട്ര വിലയെ ആശ്രയിച്ചും അതൊരു വ്യാവസായിക പ്രാധാന്യമുള്ള ഉല്പന്നമാകയാൽ വ്യവസായത്തിന്റെ ആവശ്യകതയനുസരിച്ചുമാണ് വില നിശ്ചയിക്കപ്പെടുന്നത്. ഈ നയം രൂപീകരിക്കുന്നതും തീരുമാനിക്കുന്നതും കേന്ദ്ര ഗവൺമെന്റാണ്.

സ്വാഭാവിക റബ്ബറിന്റെ പകരക്കാരനായി ചില ഉല്പന്നങ്ങളുണ്ടാക്കാൻ പെട്രോളിയം പ്രോഡക്ടായ സിന്തറ്റിക് റബ്ബറും ഉപയോഗിക്കപ്പെടുന്നു. ആയതിനാൽ പെട്രോളിയം വിലയനുസരിച്ച് സ്വാഭാവിക റബ്ബറിന്റെ വിലയിലും വ്യത്യാസം വരുന്നത് സ്ഥിര പ്രതിഭാസമായി മാറിയിരിക്കുകയാണ്. ഇതിനെല്ലാം ഉപരിയായി കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയങ്ങളാണ് റബ്ബർ കൃഷി ഉൾപ്പെടെയുള്ള ഉല്പന്നങ്ങളുടെ വിലയിടിവിന് പ്രധാന കാരണം. റബ്ബറിന്റെ വില താഴ്ന്ന സാഹചര്യത്തിൽ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനുമായി കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് റബ്ബർ കർഷകർക്ക് നേരിട്ട് സാമ്പത്തിക സഹായം ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി വരികയാണ്. റബ്ബർ പ്രൊഡക്ഷൻ പദ്ധതിയുടെ രണ്ടാം ഘട്ടം 2017 ജൂണിൽ അവസാനിച്ചു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ മൂന്നാം ഘട്ടം 2017 ജൂലൈയിൽ ആരംഭിച്ച് 2018 ജൂണിൽ അവസാനിക്കുന്ന തരത്തിൽ നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിയനുസരിച്ച് 2017 ജൂൺ 15-ാം തീയതി വരെയുള്ള ബില്ലുകളിന്മേൽ 395.55 കോടി രൂപ സബ്സിഡിയായി കർഷകർക്ക് വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷവും ഈ സാമ്പത്തിക വർഷവും സർക്കാർ ഒരു പൈസപോലും കർഷകർക്ക് നൽകിയില്ലെന്ന കാര്യം വസ്തുതാവിരുദ്ധമാണ്.

റബ്ബർ ബോർഡിന്റെ കെടുകാര്യസ്ഥത സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്നതല്ലെന്ന് പ്രമേയ കർത്താവിന് അറിയാവുന്ന കാര്യമാണ്. അത് പരിഹരിക്കേണ്ടത് കേന്ദ്ര ഗവൺമെന്റാണ്. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് നിരന്തരമായി കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്. റബ്ബർ ബോർഡ് ഉൾപ്പെടെയുള്ള ബോർഡുകളുടെ വിപുലീകരണം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട കാര്യമാണ്.

നാളികേരത്തിന്റെ വിസ്തൃതി കുറഞ്ഞിരുന്നത് ഈ സർക്കാർ വന്നതിനുശേഷം വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത ചൂണ്ടിക്കാണിക്കുകയാണ്. അതുപോലെ നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കേരഗ്രാമം പദ്ധതി ഉൾപ്പെടെ വിവിധ പദ്ധതികൾ സംസ്ഥാന ഗവൺമെന്റ് നടപ്പിലാക്കിവരികയാണ്. 1193 ചിങ്ങം 1-ാം തീയതി മുതൽ അടുത്ത ചിങ്ങം 1-ാം തീയതിവരെ കേരവർഷമായി

ആചരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയാണ്. നാളികേരത്തിന്റെ സംഭരണം ഇതുവരെയും നിർത്തിവച്ചിട്ടില്ല. ഇപ്പോൾ പച്ച നാളികേരത്തിന് കിലോയ്ക്ക് 30 രൂപ ലഭിക്കുന്നതിനാൽ തൽക്കാലം സംഭരണം നടത്തുന്നില്ല. എന്നാൽ വിലയിടിവുണ്ടാകുന്ന ഏത് സാഹചര്യത്തിലും ഉടൻതന്നെ സംഭരണം പുനരാരംഭിക്കുന്നതിന് കേരഫെഡും കൃഷി വകുപ്പും സഹകരണ വകുപ്പും ചേർന്നുകൊണ്ട് എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്.

നെല്ല് സംഭരണം പൂർവ്വാധികം ശക്തിയായിട്ടാണ് ഇപ്പോൾ സർക്കാർ നടപ്പിലാക്കിവരുന്നത്. കഴിഞ്ഞ സീസണിലെ നെല്ല് പൂർണ്ണമായും സംഭരിക്കുകയുണ്ടായി. സംഭരണവില കൊടുക്കുന്നതിൽ കാലതാമസം സംഭവിച്ചു എന്നത് സത്യമായിരുന്നെങ്കിലും അതിപ്പോൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. നെല്ലിന്റെ സംഭരണവുമായി ബന്ധപ്പെട്ടുണ്ടായിട്ടുള്ള എല്ലാ പ്രതിസന്ധികളും ശാശ്വതമായി പരിഹരിച്ചുകൊണ്ട് നെല്ല് സംഭരിച്ചാൽ മൂന്ന് ദിവസത്തിനകം കർഷകരുടെ അക്കൗണ്ടുകളിലേയ്ക്ക് പണം ലഭ്യമാകുന്നവിധത്തിൽ വിവിധ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കുകളുമായി സംസ്ഥാന സിവിൽ സപ്ലൈസ്, കൃഷി, ധനകാര്യം എന്നീ വകുപ്പുകളുടെ നേതൃത്വത്തിൽ ചേർന്ന യോഗത്തിനുശേഷമുള്ള തീരുമാനമനുസരിച്ച് സർക്കാർ ഉത്തരവായി. അത് പ്രകാരമുള്ള കാര്യങ്ങൾ നടന്നുവരികയാണ്.

കാപ്പി, തേയില ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവിന്റെ പ്രധാനപ്പെട്ട കാരണം കേന്ദ്ര സർക്കാരിന്റെ നയം തന്നെയാണ്. കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയം പുനഃപരിശോധിക്കപ്പെടണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കൃഷി വകുപ്പുമന്ത്രിയുടെയും നിരവധി കത്തുകൾ കേന്ദ്ര വാണിജ്യ വകുപ്പുമന്ത്രിക്കും പ്രധാനമന്ത്രിക്കും നൽകുകയുണ്ടായി. ഇതിനുപുറമേ ബഹുമാനപ്പെട്ട പ്രധാനമന്ത്രി കേരളം സന്ദർശിച്ചവേളയിൽ ഇക്കാര്യം ചൂണ്ടിക്കാണിക്കുകയും ചെയ്തതാണ്.

നെൽകൃഷി പുനരുജ്ജീവിപ്പിക്കുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി 2016-17 വർഷത്തിൽ നെൽവർഷമായി ആചരിച്ചതിനെത്തുടർന്ന് 15000 ഏക്കർ സ്ഥലത്ത് പുതിയതായി നെൽക്കൃഷി ആരംഭിക്കാൻ കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് തരിശ് നിലങ്ങളിൽ വ്യാപകമായി കൃഷി ആരംഭിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ലഭ്യമായിരിക്കുന്ന പഠന റിപ്പോർട്ട് പ്രകാരം കുട്ടനാട് മേഖലയിൽ നെൽക്കൃഷിയുടെ സാന്ദ്രത 135 ശതമാനമായി ഉയർന്നിരിക്കുകയാണ്. ഒരുപ്പൂ കൃഷിയുണ്ടായിരുന്ന സ്ഥലത്ത് ഇരിപ്പൂ കൃഷിയിലേയ്ക്ക് കൂടുതൽ ആളുകളും മാറിയതിനാൽ 35 ശതമാനം വർദ്ധനവാണ് ഇപ്പോൾ ഉണ്ടായതെന്നാണ് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നെല്ലിന്റെ വിലയിൽ നേരിയ വർദ്ധനവ് വരുത്തിയതിനെത്തുടർന്ന് ഇപ്പോൾ 22 രൂപ 50 പൈസയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഈ വരുന്ന സീസൺ മുതൽ സംസ്ഥാന ഗവൺമെന്റ് അത് കിലോയ്ക്ക് 23 രൂപ 30 പൈസയായി വർദ്ധിപ്പിക്കാനും അതിനനുസരിച്ച് സംഭരണം നടത്താനും ആവശ്യമായ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

കുരുമുളകിന്റെ വിലയിടിയുന്നതിനുള്ള പ്രധാന കാരണം കേന്ദ്ര ഗവൺമെന്റിന്റെ നയമാണെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ ഒരു അഭിപ്രായവും ആരായാതെ ശ്രീലങ്ക വഴി വിയറ്റ്നാമിൽനിന്ന് കുരുമുളക് കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുകയാണ്. അങ്ങനെ ഇറക്കുമതി ചെയ്യുന്നതുമൂലം കേരളത്തിലെ കുരുമുളക് കർഷകരെയാണ് ഇത് ഏറ്റവും ഗുരുതരമായി ബാധിച്ചിരിക്കുന്നത്. കുരുമുളകിന്റെ വില 705 രൂപയിൽനിന്ന് 556 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഇതിന് പ്രധാന കാരണം കേന്ദ്ര ഗവൺമെന്റ് അനുവർത്തിച്ചുവരുന്ന നയമാണ്.

നെല്ലിന്റെ വിലയിടിവുമായി ബന്ധപ്പെട്ട കാര്യം അങ്ങ് നോട്ടീസിൽ സൂചിപ്പിക്കുകയുണ്ടായി. വെച്ചൂർ മേഖലയിൽ ജൂൺ 19, 20, 21 തീയതികളിൽ വെള്ളപ്പൊക്കത്തെത്തുടർന്ന് 5000 ഹെക്ടറിലധികം കൃഷി നശിച്ചുവെന്നാണ് അങ്ങ് സൂചിപ്പിച്ചിരിക്കുന്നത്. അത് വസ്തുതാ വിരുദ്ധമായ കാര്യമാണ്. ജൂൺ 19, 20, 21 തീയതികളിലായി വെള്ളപ്പൊക്കത്തെത്തുടർന്ന് വെച്ചൂർ, തലയാഴം പഞ്ചായത്തിലെ പത്ത് പാടശേഖരങ്ങളിലായി 228.05 ഏക്കർ സ്ഥലത്ത് നാശനഷ്ടമുണ്ടായി. വിത കഴിഞ്ഞ് 10-ാം ദിവസമാണ് ഈ മേഖലയിൽ മഴമൂലം വെള്ളപ്പൊക്കമുണ്ടാകുകയും കൃഷി നശിക്കുകയും ചെയ്തത്. ഇക്കാര്യത്തിൽ ഉടൻതന്നെ കൃഷിവകുപ്പ് ഇടപെടുകയും കൃഷിക്കാർക്ക് സൗജന്യമായി 7312 കിലോ വിത്ത് വിതരണം ചെയ്യുകയും അവിടെ വീണ്ടും വിത നടത്തുകയും കൃഷി പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷിക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളുടെ കാര്യം അങ്ങ് പറയുന്നുണ്ട്. അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന കാലത്ത് (2012 മുതൽ 2016 വരെ) പ്രകൃതിക്ഷോഭംമൂലം കൃഷിക്കാർക്ക് ലഭ്യമാക്കേണ്ടിയിരുന്ന 196 കോടി രൂപ കുടിശ്ശികയായിരുന്നുവെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ആ കുടിശ്ശികയെല്ലാം കൊടുത്തുതീർത്തുകൊണ്ടിരിക്കുകയാണ്. മാത്രമല്ല ഈ സർക്കാർ അധികാരം ഏറ്റെടുക്കുമ്പോൾ 2015 മാർച്ച് വരെയുള്ള 14 മാസത്തെ പെൻഷൻ അടക്കം 191 കോടി രൂപയാണ് കുടിശ്ശികയുണ്ടായിരുന്നത്. എന്നാൽ ഈ വർഷത്തെ ബജറ്റിലുണ്ടായിരുന്ന 124 കോടി രൂപ ഇതിനകം വിതരണം ചെയ്തുകഴിഞ്ഞു.

ഇപ്പോൾ സംസ്ഥാന ഗവൺമെന്റ് അഡീഷണൽ ഓതറൈസേഷൻ വഴി G.O.(Rt) No.6386/2017 പ്രകാരം 241.2 കോടി രൂപ ഓണത്തിനു മുമ്പായി എല്ലാ ജില്ലകളിലേയ്ക്കും വിതരണം ചെയ്തുകഴിഞ്ഞു. അതുപ്രകാരം ആഗസ്റ്റ് മാസം വരെയുള്ള പെൻഷൻ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യാനാവശ്യമായ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം, രാജ്യവ്യാപകമായി കേന്ദ്ര ഗവൺമെന്റിന്റെ കർഷക വിരുദ്ധ നയംമൂലം ആയിരക്കണക്കിന് കൃഷിക്കാരാണ് കൂട്ട ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുന്നത്. ഇത് അങ്ങേയ്ക്കറിയാവുന്ന കാര്യമാണ്. അങ്ങയുടെ നോട്ടീസിന്റെ ഒരു ഭാഗത്തും കേന്ദ്ര സർക്കാരിനെപ്പറ്റി

ഒരക്ഷരംപോലും പ്രതിപാദിച്ചുകണ്ടില്ല. കേന്ദ്ര സർക്കാരിന്റെ കർഷകവിരുദ്ധ നയത്തിന്റെ ഭാഗമായുണ്ടായിക്കൊണ്ടിരിക്കുന്ന കർഷക ആത്മഹത്യകൾ കേരളത്തിൽ സംഭവിക്കാതിരിക്കാൻ കർശനമായ നടപടികളാണ് ഈ ഗവൺമെന്റ് ചെയ്തു കൊണ്ടിരിക്കുന്നത്. 1995-ൽ കർഷകർക്ക് നൽകിക്കൊണ്ടിരുന്ന ഇൻഷ്വറൻസ് സ്കീമിന്റെ നഷ്ടപരിഹാരത്തുകയിൽ ഒരു വർദ്ധനവും ഒരു ഗവൺമെന്റും വരുത്തിയിരുന്നില്ല. 21 വർഷത്തിനുശേഷം അതിൽ വർദ്ധനവ് വരുത്തിയെന്നുമാത്രമല്ല, രണ്ടിരട്ടി മുതൽ പതിമൂന്ന് ഇരട്ടി വരെ വർദ്ധിപ്പിക്കുകയുമുണ്ടായി. തെങ്ങ്, റബ്ബർ, തേയില, ഗ്രാമ്പൂ, കുരുമുളക്, നെല്ല് ഉൾപ്പെടെയുള്ള എല്ലാ കാർഷികവിളകളുടെയും വിള ഇൻഷ്വറൻസ് സ്കീമിൽ വർദ്ധനവുണ്ടായി. ഉദാഹരണമായി നെല്ലിന്റെ വിലയിൽ നഷ്ടമുണ്ടാകുമ്പോൾ നമുക്ക് ലഭ്യമായിരുന്നത് 13,500 രൂപയാണ്. ഇപ്പോൾ പുതിയ ഗവൺമെന്റിന്റെ തീരുമാനപ്രകാരം പുതുക്കിയ നഷ്ടപരിഹാരത്തുക 35,000 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിരിക്കുന്നത്. എന്നുമാത്രമല്ല, കഴിഞ്ഞ കുറേക്കാലമായി അവകാശലാഭം എന്നൊരു ആശയത്തെപ്പറ്റി പറയുന്നുണ്ടെങ്കിലും ആ ആശയം നടപ്പാക്കുന്നതിന് ഈ ഗവൺമെന്റ് നയപരമായ തീരുമാനമെടുക്കുകയുണ്ടായി. കാർഷിക മേഖലയെ പൂർണ്ണമായ തോതിൽ സംരക്ഷിച്ചുനിർത്താനാവശ്യമായ നടപടികളാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ അനുവർത്തിച്ചുകൊണ്ടിരിക്കുന്ന നയപരിപാടികൾ RKVY-യുമായി ബന്ധപ്പെട്ടു കൊണ്ടുള്ള പുതിയ മാനദണ്ഡമാണ്. ആ മാനദണ്ഡമനുസരിച്ച് ഉല്പാദന മേഖലയുമായി ഉല്പാദന സംവിധാനത്തിന് ഒരു കാരണവശാലും കർഷകർക്ക് സബ്സിഡി കൊടുക്കാൻ പാടില്ലായെന്ന് വ്യവസ്ഥ ചെയ്തിരിക്കുകയാണ്. ഇതുമൂലം ഈ വരുന്ന വർഷം നെൽക്കർഷകർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന തുക കൊടുക്കാൻ പറ്റാത്ത സാഹചര്യം ഇപ്പോൾ കേന്ദ്രഗവൺമെന്റ് ഉണ്ടാക്കിയിരിക്കുകയാണ്. അത് പരിഹരിക്കാനാവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് ഇപ്പോൾത്തന്നെ എടുത്തു കഴിഞ്ഞിരിക്കുകയാണ്. രണ്ടുതവണ കേന്ദ്ര ഗവൺമെന്റ് നേരിട്ട് ഇവരെ അറിയിക്കുകയും ഇതിൽ മാറ്റമുണ്ടാക്കണമെന്ന് പറയുകയും ചെയ്തിരിക്കുകയാണ്. കേന്ദ്രഗവൺമെന്റ് അനുവർത്തിച്ചുകൊണ്ടിരിക്കുന്ന കാർഷിക നയത്തിന്റെ ദുരന്തങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന കൃഷിക്കാർക്കുവേണ്ടി ഏറ്റവും ശക്തമായി ഇടപെട്ടുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ്. അതുകൊണ്ട് ഇവിടെ ചൂണ്ടിക്കാണിച്ച വിഷയത്തിൽ വസ്തുതകളുണ്ടെങ്കിലും പരിഹരിക്കപ്പെടേണ്ട പല കാര്യങ്ങളും കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി. ഗവൺമെന്റിന്റെ നയംമൂലം ഉണ്ടായിരിക്കുന്ന കാര്യങ്ങളാണ്. കർഷകരുടെ കുടിശ്ശിക എഴുതിത്തള്ളണമെന്ന കാര്യം അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചു. കേന്ദ്ര ഗവൺമെന്റിന്റെ നയംമൂലമുണ്ടായിരിക്കുന്ന കാർഷിക കടങ്ങൾ എഴുതിത്തള്ളണമെന്ന ആവശ്യം നമ്മൾ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടേണ്ടതാണ്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഒരു കാരണവശാലും

കർഷകരുടെ കടം എഴുതിത്തള്ളാൻ കഴിയില്ലെന്ന നിലപാട് സ്വീകരിക്കുകയാണെങ്കിൽ അതിനെതിരെ ഒറ്റക്കെട്ടായി ഒരു പ്രമേയം പാസ്സാക്കാൻ ഈ ഗവൺമെന്റ് ഒരുക്കമാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിമിതമായ സാമ്പത്തികസഹായം വച്ചുകൊണ്ട് ഇപ്പോൾ അത് പരിഹരിക്കാൻ കഴിയുന്ന കാര്യമല്ല. കേന്ദ്ര ഗവൺമെന്റ് അതിന് ബാദ്ധ്യസ്ഥമാണ്. കേന്ദ്ര ഇറക്കുമതി നയത്തിന്റെ ഭാഗമായി ദുരന്തം അനുഭവിച്ചുകൊണ്ടിരിക്കുന്ന കൃഷിക്കാർ നേരിടുന്ന വെല്ലുവിളികളെ അതിജീവിക്കാൻ വേണ്ടി കേന്ദ്രഗവൺമെന്റാണ് പരിഹാരമുണ്ടാക്കേണ്ടത്. ആ നിലയിൽ ഒറ്റക്കെട്ടായി ആവശ്യപ്പെടേണ്ട ഒരു വിഷയമാണ് കടം എഴുതിത്തള്ളുകയെന്ന കാര്യം. അതുൾപ്പെടെയുള്ള വിഷയങ്ങൾ ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുകയും പരിഹരിക്കാൻവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് എനിക്ക് തോന്നുന്നില്ല.

<u>ശ്രീ. കെ. എം. മാണി:</u> സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ടാൽ എല്ലാം ഭദ്രം; ഒരു പ്രശ്നവുമില്ല; ഗവൺമെന്റ് എല്ലാം കൊടുത്തിട്ടുണ്ടെന്നാണ് തോന്നുന്നത്. പമ്പിംഗ് സബ്സിഡിയിൽ മൂന്നുവർഷത്തെ കുടിശ്ശിക കിടക്കുകയാണ്; ഉത്തരം പറയാനുണ്ടോ? യു.ഡി.എഫ്.ന്റെ പീരീഡിലുള്ളതും അതിൽ ഉണ്ടാകും; എല്ലാ കാലങ്ങളിലും ഒരു ഗവൺമെന്റ് മാറി വേറൊരു ഗവൺമെന്റ് വരുമ്പോൾ പഴയ കുടിശ്ശികകൾ കുറേ കാണും; അത് സ്വാഭാവികമാണ്. എല്ലാം കൊടുത്തു കഴിഞ്ഞിരിക്കുന്നുവെന്നുപറഞ്ഞ് ഇങ്ങനെ അഹങ്കരിക്കരുത്. മൂന്നുവർഷത്തെ പമ്പിംഗ് സബ്സിഡി പോലും കുടിശ്ശികയായി കിടക്കുന്നത് വളരെ സങ്കടകരമായ കാര്യമാണ്. റബ്ബറിന്റെ വില 240 രൂപയിൽ നിന്ന് 130 രൂപയായി RSS-5-ന് താഴ്ന്നു. സാധാരണക്കാർ ഉല്പാദിപ്പിക്കുന്ന റബ്ബറിന് 125 രൂപയാണ്. ഉല്പാദനച്ചെലവ്, കൂലിച്ചെലവ് എന്നിവ വർദ്ധിച്ചു. റബ്ബർ കൃഷിക്കാരന് മുതലാവുകയില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, അങ്ങേയ്ക്കറിയാമല്ലോ, 85 രൂപയായി റബ്ബർ വില ഇടിഞ്ഞപ്പോൾ ഞാൻ ധനകാര്യ മന്ത്രിയായിരിക്കെ ഓരോ കിലോഗ്രാമിനും 65 രൂപയുടെ നഷ്ടം സഹിച്ചുകൊണ്ട് 180 രൂപ മിനിമം വില പ്രഖ്യാപിച്ചുകൊണ്ട് റബ്ബർ സംഭരിച്ചു. ഞങ്ങൾ 65 രൂപയുടെ നഷ്ടം സഹിച്ചു. നിങ്ങൾക്ക് 70 രൂപ നഷ്ടം സഹിച്ച് 130 രൂപയിൽനിന്ന് 200 രൂപ മിനിമം വില പ്രഖ്യാപിച്ചുകൊണ്ട് റബ്ബർ എടുക്കുന്നതിന് എന്തുകൊണ്ട് കഴിയില്ല? യു.ഡി.എഫ്. ഗവൺമെന്റിന് ചെയ്യാമായിരുന്നുവെങ്കിൽ ഈ ഗവൺമെന്റിന് ചെയ്യാൻ പാടില്ലേ? ഈ ഗവൺമെന്റ് ചെയ്യണം. കേന്ദ്രത്തെ പറഞ്ഞതുകൊണ്ട് മാത്രമായില്ല. കേന്ദ്രം ചെയ്യേണ്ട കാര്യങ്ങൾക്കായി നമുക്ക് ഒരുമിച്ച് നിൽക്കാം. ഒരുമിച്ച് നിന്നുകൊണ്ട് കേന്ദ്രത്തോട് ആവശ്യപ്പെടാം; സർവ്വകക്ഷി സംഘം പോകാം; പോകണമെന്ന് പറഞ്ഞിട്ട് കാലമെത്രയായി; ഇതുവരെ പോയോ; നടപടി സ്വീകരിച്ചോ; എത്രയോ വിഷയങ്ങൾ കേരളത്തെ സംബന്ധിച്ചിടത്തോളമുണ്ട്; എത്രയോ അവഗണന കേരളത്തിനുണ്ടായിട്ടുണ്ട്;

കേന്ദ്ര ഗവൺമെന്റ് ശ്രദ്ധിക്കേണ്ട എത്രയോ കാര്യങ്ങൾ ഉണ്ടായി; എന്നിട്ടും ഇതുവരെ സർവ്വകക്ഷിസംഘം പോയിട്ടില്ല. അതുകൊണ്ട് കേന്ദ്ര സർക്കാരിനെ കുറ്റം പറഞ്ഞതുകൊണ്ട് മാത്രമായില്ല. കേന്ദ്ര സർക്കാർ ചെയ്യുന്നില്ലെങ്കിൽ നമുക്കും ഒന്നും ചെയ്യേണ്ട എന്നുള്ള നിലപാട് എടുക്കാൻ പറ്റുമോ? പാവപ്പെട്ട ജനങ്ങൾ എന്തു ചെയ്യും? സംസ്ഥാന ഗവൺമെന്റ് അവരെ എങ്ങനെയെങ്കിലും സഹായിക്കണം. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യം ചെയ്യുന്നില്ല; അതുകൊണ്ട് ഞങ്ങളെക്കൊണ്ടും കഴിയില്ല എന്നുള്ള നിലപാടാണെങ്കിൽ എന്തിനാണ് സംസ്ഥാന ഗവൺമെന്റ്? അതുകൊണ്ട് ഈ നിലാപട് ശരിയല്ല. ഈ നിലപാട് തിരുത്തണമെന്നാണ് എനിക്ക് വളരെ വിനയപൂർവ്വം പറയാനുള്ളത്. യു.ഡി.എഫ്. സർക്കാർ 2015-16-ൽ 300 കോടി രൂപ മാറ്റിവച്ചു. 2016-17-ൽ 500 കോടി രൂപ മാറ്റിവച്ചു. റബ്ബർ സബ്സിഡി 2017-18-ൽ 500 കോടി രൂപ ഡിസ്ബേഴ്സ് ചെയ്തു. അതുപോലെതന്നെ 2015-16-ലും 300 കോടി രൂപ കൊടുത്തു. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം യാതൊന്നും ഈ ഇനത്തിൽ പ്രൊവൈഡ് ചെയ്തിട്ടില്ല. ഇതൊക്കെ വളരെ സങ്കടകരമായിട്ടുള്ള കാര്യമാണ്.

കുരുമുളകിന് കഴിഞ്ഞ ഒരാഴ്ചയായി കിലോഗ്രാമിന് 490 രൂപയാണ് കർഷകർക്ക് ലഭിക്കുന്നത്. ഈ സീസണിൽ 700 രൂപവരെ എത്തിയ കുരുമുളക് വിലയാണ് 480 രൂപയിലേയ്ക്ക് ഇടിഞ്ഞിരിക്കുന്നത്. ഏലത്തിന്റെ വില കഴിഞ്ഞ സീസണിൽ കിലോയ്ക്ക് 1500 രൂപ വരെ ഉയർന്നു. ഈ സീസൺ ആരംഭിച്ചതോടെ 700 രൂപ വരെയായി താഴ്ന്നിരിക്കുന്നു. ഇപ്പോൾ കിലോയ്ക്ക് 900 രൂപയിലെത്തിയെങ്കിലും ഒരു കിലോ ഏലയ്ക്കാ ഉല്പാദിപ്പിക്കുന്നതിന് കുറഞ്ഞത് 750 രൂപ വരെ ചെലവ് വരുമെന്ന് കർഷകർ പറയുന്നു. ഗ്രാമ്പുവിന് രണ്ടുമാസം മുമ്പുവരെ കിലോയ്ക്ക് 800 രൂപവരെ വിലയുണ്ടായിരുന്നു. ഇപ്പോൾ 610 രൂപയായി കുറഞ്ഞു. അടയ്ക്കാ കിലോയ്ക്ക് 200 രൂപയായിരുന്നു. ഇപ്പോൾ 140 രൂപയായി കുറഞ്ഞു. മഞ്ഞൾ, കാപ്പിക്കുരു, കൊക്കോ എന്നിവയുടെ വിലയും വളരെയധികം കുറഞ്ഞു. നിത്യോപയോഗസാധനങ്ങളുടെ വിലയാണെങ്കിൽ നേരെ വിപരീതമായി കുതിച്ചുകയറുകയാണ്. ഈ ദുഃസ്ഥിതി എത്രയോ വിഷമകരമായിട്ടുള്ള കാര്യമാണ്. അതുകൊണ്ട് ചെറുകിട കർഷകരെ സഹായിക്കാൻ ജപ്തിനടപടികൾ നിർത്തിവയ്ക്കണം. ചെറുകിട കർഷകരുടെ കടങ്ങൾ എഴുതിത്തള്ളണം. അത് കേന്ദ്രഗവൺമെന്റ് അല്ല ചെയ്യേണ്ടത്. കേന്ദ്രഗവൺമെന്റ് സഹായിക്കുന്നില്ലെങ്കിൽ സംസ്ഥാന ഗവൺമെന്റ് നടപടിയെടുക്കണം. എവിടെനിന്നെങ്കിലും പണമുണ്ടാക്കണം. അതിനെപ്പറ്റി നമുക്ക് ആലോചിക്കണം. ചെറുകിട കർഷകരുടെ കടങ്ങൾ എഴുതിത്തള്ളണം. ജപ്തിനടപടികൾ നിർത്തിവയ്ക്കണം. അതാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കാർഷിക കടങ്ങൾമൂലം കടുത്ത പ്രതിസന്ധി നേരിടുന്ന ഈ സന്ദർഭത്തിൽ കർഷകരെ സഹായിക്കുവാനുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്രമേയം അവതരിപ്പിച്ചപ്പോൾ അങ്ങ് കാര്യമായി ഒന്നും പറഞ്ഞതായി തോന്നുന്നില്ല. അങ്ങയുടെ ഈ പ്രമേയത്തിന്റെ എല്ലാ വാക്കുകളും പരിശോധിക്കുകയായിരുന്നു. എവിടെയെങ്കിലും ഒരു സ്ഥലത്ത് പരിണിതപ്രജ്ഞനായ ബഹുമാന്യനായ കെ. എം. മാണി അവർകൾ 'കേന്ദ്ര സർക്കാർ' എന്ന ഒരു വാക്കുപോലും ഇതിനകത്ത് പറയാതെ പോയത് എന്തുകൊണ്ടെന്നുള്ളത് എന്നെ അത്ഭുതപ്പെടുത്തിയ ഒരു കാര്യമാണ്.

ശ്രീ. കെ. എം. മാണി: സർ, അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകുമ്പോൾ ഗവൺമെന്റ് ചെയ്യേണ്ട കാര്യത്തിന് കേന്ദ്രം...കേന്ദ്രം...എന്ന് പറയാൻ കഴിയുമോ? അത് കേന്ദ്രമാണ് ചെയ്യേണ്ടതെന്ന് പറയാനാകുമോ? ഈ ഗവൺമെന്റ് ചെയ്യേണ്ട ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്........(മൈക്ക് ഓഫ്)........

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അടിയന്തരപ്രമേയത്തിന്റെ ഒരു നിയമത്തിലും കേന്ദ്രഗവൺമെന്റിനെക്കുറിച്ച് പറയാൻ പാടില്ലെന്ന നിയമമുള്ളതായി എനിക്ക് അറിയില്ല. അങ്ങ് ഇത് മനഃപൂർവ്വം ഒഴിവാക്കിയതാണെന്നാണ് ഞാൻ കരുതുന്നത്. കാരണം പിന്നീട് അങ്ങ് കേന്ദ്രഗവൺമെന്റിനെ ന്യായീകരിക്കുന്ന സമീപനം സ്വീകരിച്ചു. കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കാർഷിക വിളകളെപ്പറ്റിയാണ് അങ്ങ് പറഞ്ഞത്. റബ്ബറിന്റെ കാര്യത്തിൽ അങ്ങ് പറഞ്ഞ കണക്കുകൾ ശരിയല്ല. അങ്ങ് കഴിഞ്ഞ അഞ്ച് വർഷം ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കൊടുത്ത തുകയേക്കാൾ ഇരട്ടിത്തുകയാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് ഒരു വർഷത്തിനകത്ത് റബ്ബർ കൃഷിക്കാർക്ക് കൊടുത്തിരിക്കുന്നത്. അങ്ങ് പമ്പിംഗ് സബ്സിഡിയുടെ കാര്യം പറഞ്ഞു. മൂന്ന് കൊല്ലത്തെ പമ്പിംഗ് സബ്സിഡിയുടെ കണക്ക് പറഞ്ഞു. മൂന്ന് കൊല്ലം ഈ ഗവൺമെന്റായിരുന്നോ ഭരിച്ചിരുന്നത്? ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു വർഷവും രണ്ടു മാസമേ ആയിട്ടുള്ളൂ. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നതിനേക്കാൾ ഇരട്ടിയിലധികം സമയം അധികാരത്തിൽ ഇരുന്ന ധനകാര്യ വകുപ്പുമന്ത്രിയാണ് ഇപ്പോൾ എന്നോട് എന്തുകൊണ്ട് കൊടുത്തില്ലെന്ന് ചോദിക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കുടിശ്ശിക ഒന്നൊന്നായി ഈ ഗവൺമെന്റ് കൊടുത്തുകൊണ്ടിരിക്കുകയാണ്. 2012 മുതൽ 2016 വരെ പാവപ്പെട്ട കൃഷിക്കാരുടെ നെല്ല് ഉണങ്ങിപ്പോയി, വെള്ളപ്പൊക്കംമൂലം നശിച്ചു പോയി. അവർക്ക് തുകയൊന്നും അങ്ങ് ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന സമയത്ത് കൊടുത്തിട്ടില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് അത് പൂർണ്ണമായി കൊടുത്ത് തീർത്തുകൊണ്ടിരിക്കുന്നത്. ഞാൻ കണക്കുകളുടെ അടിസ്ഥാനത്തിൽ പറയുകയാണ്, പെൻഷൻതുക 14 മാസമായി കുടിശ്ശികയുണ്ടായിരുന്നു. ഈ പതിനാല് മാസത്തെ കുടിശ്ശിക പൂർണ്ണമായും കൊടുത്തുതീർത്തത് ഈ ഗവൺമെന്റാണ്.

പെൻഷനുമായി ബന്ധപ്പെട്ട് കാലതാമസം ഉണ്ടായി. ഞാൻ അത് നിയമസഭയിൽ തന്നെ പറഞ്ഞതാണ്. പെൻഷനുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് ഒരു ക്രൈറ്റീരിയ നിശ്ചയിക്കുന്നതിൽ കാലതാമസം നേരിടുകയുണ്ടായി. അതിനെത്തുടർന്ന് പെൻഷൻ വിതരണത്തിൽ ഒരു ഗ്യാപ്പ് ഉണ്ടായി. പക്ഷെ ഗവൺമെന്റ് ഇടപെട്ട്, ഓണവുമായി ബന്ധപ്പെട്ട് ആ തുക പൂർണ്ണമായും അനുവദിച്ചുകഴിഞ്ഞു. വീണ്ടും അങ്ങ് പെൻഷൻ കൊടുത്തില്ലെന്ന് പറയുകയാണ്. പെൻഷൻ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ കുരുമുളകിന്റെ കാര്യം വീണ്ടും ആവർത്തിക്കുകയാണ്. കുരുമുളകിന് ഇത്രയധികം വിലയിടിയാൻ കാരണമെന്താണ്? വിയറ്റ്നാമിൽനിന്നുള്ള കുരുമുളക് ഇങ്ങോട്ട് വന്നുകൊണ്ടിരിക്കുകയാണ്. ആസിയാൻ കരാർ ഉൾപ്പെടെയുള്ള കരാറുകൾ... വിയറ്റ്നാമിൽ നിന്നും കുരുമുളക് സിലോണിൽ കൊണ്ടുവന്നിട്ട് ഇങ്ങോട്ട് കൊണ്ടുവരികയാണ്.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, മുൻ കേന്ദ്രഗവൺമെന്റല്ലേ ആസിയാൻ കരാറിൽ ഒപ്പിട്ടത്; ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റാണോ? ഓരോ ഗവൺമെന്റും മാറുന്നതനുസരിച്ച് ഇന്റർനാഷണൽ കരാർ മാറ്റാൻ പറ്റുമോ?

<u>ശ്രീ. കെ. എം. മാണി</u>: സർ, കുരുമുളകിന്റെ വില ഇടിഞ്ഞത് സംസ്ഥാന ഗവൺമെന്റിന്റെ കുറ്റം കൊണ്ടാണെന്ന് പറയുന്നില്ല. എന്തുകാരണം കൊണ്ടാണ് കുരുമുളകിന്റെ വിലയിടിഞ്ഞത് എന്നതല്ല ഇവിടത്തെ ചർച്ച. കുരുമുളകിന്റെ വില ഇടിഞ്ഞു. കർഷകരെ സഹായിക്കണം.

<u>ശ്രീ. കെ കൃഷ്ണൻകുട്ടി</u>: സർ, ആസിയാൻ കരാർ 4 വർഷം കഴിഞ്ഞാൽ പുനരവലോകനം നടത്താനും നിർദ്ദേശങ്ങൾ വയ്ക്കാനുമുള്ള അധികാരമുണ്ട്. അതുകൂടാതെ ആർ.സി.പി. കരാർ അടുത്ത മാസം ഒപ്പിടാൻ പോകുകയാണ്. അത് കേരളത്തിന്റെ കാർഷിക മേഖലയെയാകെ തകർക്കുകയാണ്. ശ്രീ. കെ. എം. മാണി സാറിനെപോലുള്ളവർ അക്കാര്യത്തെക്കുറിച്ച് ഒരു വാക്കുപോലും പറയാത്തതിൽ സങ്കടമുണ്ട്.

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, കേന്ദ്ര ഗവൺമെന്റ് ആസിയാൻ കരാർ കൊണ്ടുവന്നപ്പോൾ എതിർത്തത് ഇടതുപക്ഷ പ്രസ്ഥാനങ്ങൾ മാത്രമാണ്. അന്ന് കോൺഗ്രസിന്റെ കൂടെ കൈപൊക്കിക്കൊടുത്തവരാണ് ബി.ജെ.പി. എന്ന് ഓർക്കണം. നിങ്ങളാണ് ആസിയാൻ കരാറിന് കോൺഗ്രസിന് പിന്തുണ കൊടുത്തത്. ആസിയാൻ കരാറിനുശേഷം ആർ.സി.പി. കരാർ വരികയാണ്. അതുസംബന്ധിച്ച് മന്ത്രിതലചർച്ച നടത്തിക്കഴിഞ്ഞു. കുരുമുളക്, റബ്ബർ, തേയില, പാൽലുൽപ്പന്നങ്ങൾ, സമുദ്രോൽപ്പന്നങ്ങൾ ഉൾപ്പെടെയുള്ള ഉൽപ്പന്നങ്ങളുടെ വില ഇടിയുന്നതിനുവേണ്ടി യാതൊരു ചുങ്കവും ഇല്ലാതെ യഥേഷ്ടം ഏത് ഉൽപ്പന്നവും ഇറക്കുമതി ചെയ്യുവാൻ നരേന്ദ്ര മോദി ഗവൺമെന്റ് പ്രത്യേകമായി തീരുമാനമെടുത്തിരിക്കുകയാണ്. അങ്ങേയ്ക്ക് അതിനെപ്പറ്റി മറുപടി പറയാനുണ്ടോ? കേന്ദ്ര ഗവൺമെന്റിന്റെ നയത്തിന്റെ

ഭാഗമായി മഹാരാഷ്ട്രയിൽ പതിനായിരക്കണക്കിന് ആളുകൾ ആത്മഹത്യ ചെയ്തു കൊണ്ടിരിക്കുകയാണ്. യു.പി., ബീഹാർ എല്ലായിടത്തും കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയല്ലേ; ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്ര കൃഷിക്കാർ ആത്മഹത്യ ചെയ്തു; അങ്ങനെ ആത്മഹത്യ ചെയ്യാൻ കാരണമെന്താണ്? കേന്ദ്ര ഗവൺമെന്റ് നയത്തിന്റെ ഭാഗമായുണ്ടായ തകർച്ചയാണ് കൃഷിക്കാരെ ആത്മഹത്യയിലേയ്ക്ക് നയിച്ചിരിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറയുന്നതു പോലെ ഈ ഗവൺമെന്റ് കൃഷിക്കാരെ സംരക്ഷിക്കാതെയിരിക്കുകയില്ല. കൃഷിക്കാരുടെ കൂടെ ഗവൺമെന്റ് ഉണ്ടെന്ന് വെറുതെ പരസ്യവാചകം പറയുകയല്ല. ഈ ഗവൺമെന്റ് കൃഷിക്കാരുടെ കൂടെയുണ്ട്. അവിടെ പ്രതിസന്ധി ഉണ്ടാകുമ്പോൾ ഈ ഗവൺമെന്റുണ്ടാകും. അതുകൊണ്ടാണ് വിലത്തകർച്ച ഉണ്ടാകുമ്പോൾ താങ്ങുവില കൊടുക്കുന്നത്. അങ്ങ് പറയുന്നതുപോലെയല്ല. കുരുമുളകിന്റെയും റബ്ബറിന്റെയും കാര്യത്തിലാണെങ്കിലും നാണ്യവിളകൾക്കുണ്ടാകുന്ന വിലത്തകർച്ച മനസ്സിലാക്കിക്കൊണ്ടാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റിന് കഴിയാവുന്ന കാര്യങ്ങൾ ചെയ്യുന്നത്. റബ്ബർ ബോർഡ് ചെയ്യുന്ന കാര്യങ്ങളെപ്പറ്റി പറഞ്ഞു. റബ്ബർ ബോർഡുമായി ബന്ധപ്പെട്ട കാര്യങ്ങൾ തീരുമാനിക്കുന്നത് കേന്ദ്രഗവൺമെന്റാണ്. റബ്ബർ കൃഷിയിൽ ഇപ്പോഴു ണ്ടായിരിക്കുന്ന ഗുരുതരമായ പ്രതിസന്ധി പരിഹരിക്കുന്നതിന് 5 കോടി 96 ലക്ഷം രൂപയുടെ ഒരു പദ്ധതി പ്രത്യേകമായി ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. റബ്ബർ കൃഷിയുടെ ഇടവിളയായി ഇടവിള കൃഷി ചെയ്തുകൊണ്ട് വരുമാനമുണ്ടാക്കാനുള്ള പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അവർക്കുവേണ്ടി റബ്ബർ ബോർഡുമായി ചേർന്നുകൊണ്ട് പ്രത്യേകം പദ്ധതി തയ്യാറാക്കിക്കൊടുത്തിരിക്കുകയാണ്. അവരുടെ ആർ.പി.എസ്.; 911-ഓളം വരുന്ന സംഘടനകൾ സഹകരിച്ചുകൊണ്ട് സംസ്ഥാന കൃഷി വകുപ്പ് ആദ്യമായിട്ടാണ് അങ്ങനെയൊരു പദ്ധതി നടപ്പാക്കുന്നത്. തെങ്ങിന്റെ കാര്യത്തിൽ, ഈ വർഷം നാളികേര വർഷമായി വെറുതെ പ്രഖ്യാപിച്ചതല്ല. കേര ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ, ഇന്ന് ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 20 ശതമാനമെങ്കിലും മൂല്യവർദ്ധിത മേഖലയിലേയ്ക്ക് മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയാണ്. അങ്ങനെ സുസ്ഥിരമായൊരു വില ഇവിടെ ഉണ്ടാകുന്നതിനു വേണ്ടിയുള്ള നടപടിയാണ് സ്വീകരിക്കുന്നത്. അതിന്റെ പശ്ചാത്തലത്തിലാണ് 14 ജില്ലകളിലും ഓരോ വിളകളെയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള അഗ്രോ പാർക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചത്. റബ്ബറുമായി ബന്ധപ്പെട്ടുകൊണ്ടുള്ള അഗ്രോ പാർക്ക്....., അങ്ങ് റബ്ബർ കർഷകരുടെ ഏറ്റവും വലിയ സ്നേഹിതനാണെന്ന് അവകാശപ്പെടുന്ന ആളാണ്. ഞാൻ ചോദിക്കട്ടെ, റബ്ബർ അധിഷ്ഠിതമായ ഏതെങ്കിലും വ്യവസായം അങ്ങയുടെ കാലത്ത് കേരളത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; ഈ ഗവൺമെന്റ് അതിനുവേണ്ട നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്, സ്ഥലം കണ്ടെത്തിയിരിക്കുകയാണ്.

വ്യവസായ വകുപ്പും കൃഷി വകുപ്പും കൂടി ചേർന്നുകൊണ്ട് റബ്ബറധിഷ്ഠിത വ്യവസായം ഇവിടെ സ്ഥാപിക്കുന്നതിനുവേണ്ടി നടപടി സ്വീകരിക്കുകയാണ്. ഇന്ത്യയിൽ 90 ശതമാനം റബ്ബർ ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രഗവൺമെന്റിന്റെ നയത്തിന്റെ ഭാഗമായി കേരളത്തിൽ ഒരു വ്യവസായം തുടർന്നുവരാൻ കഴിയാത്തതുകൊണ്ടുമാത്രമാണ് റബ്ബർ കർഷകർ ഈ ദുരന്തം അനുഭവിക്കുന്നത്. അതുകൊണ്ട് റബ്ബർ കർഷകരെ സംരക്ഷിക്കാൻ വേണ്ടിയിട്ടുള്ള ബൃഹത്തായ പരിപാടികളാണ് ഈ ഗവൺമെന്റ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ പോകുന്നത്. അങ്ങ് പറയുന്നതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ നയത്തെ നോക്കിയിരിക്കുന്നവരല്ല ഞങ്ങൾ. ആ നയത്തിനെതിരെ രാഷ്ട്രീയമായി നേരിടും. അതോടൊപ്പം സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന കാര്യമെന്താണോ അത് ചെയ്യാൻ ഒരു മടിയുമില്ലാതെ ഗവൺമെന്റ് ചെയ്യും. അങ്ങ് പറയുന്നതുപോലെ കർഷകരെ ദ്രോഹിക്കുന്ന നയം സംസ്ഥാന ഗവൺമെന്റ് നടപ്പാക്കുന്നില്ല. കർഷകരെ സഹായിക്കുന്ന നയമാണ് ഇവിടെ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കേന്ദ്ര നയത്തിനെതിരായി കേരളം ഒറ്റക്കെട്ടായി മുന്നോട്ടുപോകേണ്ട സാഹചര്യമാണ് ഇവിടെയുള്ളത്. അതിനുവേണ്ടി നമുക്ക് ഒറ്റക്കെട്ടായി മുന്നോട്ടുപോകാം. അതല്ലാതെ അങ്ങ് പറയുന്നതുപോലെ സംസ്ഥാന ഗവൺമെന്റിനെ പ്രതിക്കൂട്ടിൽ നിർത്തിക്കൊണ്ട് ഈ പ്രശ്നം ചർച്ച ചെയ്യപ്പെടേണ്ട ഒരു സാഹചര്യം ഇവിടെ ഇല്ലാത്തതുകൊണ്ട് ഈ വിഷയം ചർച്ച ചെയ്യേണ്ട കാര്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കേന്ദ്ര ഗവൺമെന്റ് പഴയതായാലും പുതിയതായാലും കേരളത്തിലെ കർഷകരെ ദ്രോഹിക്കുന്ന സമീപനത്തിന് ഒരു മാറ്റവുമില്ലാതെ തുടരുകയാണ്. ബഹുമാന്യനായ ഒ. രാജഗോപാൽ ചൂണ്ടിക്കാണിച്ചതു പോലെ ആസിയാൻ കരാർ ഇപ്പോഴത്തെ ഗവൺമെന്റിന് മുന്നിലുള്ള ഗവൺമെന്റ് സംഭാവന നൽകിയതാണ്. ഇപ്പോഴുള്ള ഗവൺമെന്റാണെങ്കിൽ അതിൽനിന്നും ഒരു പാഠവും പഠിക്കാതെതന്നെ നമ്മുടെ സംസ്ഥാനത്തെ കർഷകർക്ക് എല്ലാ മേഖലയിലും ദ്രോഹം ചെയ്യത്തക്ക രീതിയിലുള്ള കരാറിലേയ്ക്കാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. ഇത്തരം കാര്യങ്ങളിൽ കേരളത്തിന്റെ പൊതുവായ താൽപ്പര്യം പരിഗണിച്ചുകൊണ്ട് ഒന്നിച്ചുനിൽക്കുകയെന്നുള്ളതാണ് ഏറ്റവും ആവശ്യമായിട്ടുള്ളത്. ഇവിടെ ഒരു അടിസ്ഥാനപ്രശ്നം നിലനിൽക്കുന്നുണ്ട്. അത് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതു കൊണ്ടുമാത്രം മാറിയെന്ന് അഹങ്കരിക്കുന്നതല്ല. കർഷകൻ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നത്തിന് ന്യായമായ വില ലഭ്യമാകണം. ആ വില ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണം. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ വിഭവശേഷി ഒരു പ്രശ്നമാണ്. എങ്കിലും ആ രംഗത്തേയ്ക്ക് നമുക്ക് കടക്കേണ്ടതായിവരും. അതായത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നത്തിന് ന്യായവിലയുണ്ടെന്ന് കർഷകന് അനുഭവപ്പെടണം. അത് അനുഭവപ്പെടണമെങ്കിൽ ആ വിലയ്ക്ക് കൃത്യമായ ന്യായവിലയ്ക്ക്

വാങ്ങാനുള്ള നടപടികൾ ഉണ്ടാകണം. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിന്റെയും സഹായം നമുക്ക് ആവശ്യമാണ്. ഏതായാലും സംസ്ഥാന ഗവൺമെന്റ് ആ രീതിയിലുള്ള നടപടികൾ സ്വീകരിക്കേണ്ടതായിവരും. അത്തരം ആലോചനകൾ സംസ്ഥാന ഗവൺമെന്റ് നടത്തുകതന്നെ ചെയ്യും. കേന്ദ്രത്തിനുമുന്നിൽ സർവ്വകക്ഷി സംഘം പോകേണ്ടതിനെക്കുറിച്ച് പറഞ്ഞു. ഒരു സർവ്വകക്ഷി സംഘം വളരെ പ്രധാനപ്പെട്ടൊരു കാര്യത്തിന് പോകാൻ ശ്രമിച്ചിട്ട് അനുമതി കിട്ടാത്ത കാര്യം നമുക്കെല്ലാവർക്കും ഓർമ്മയുള്ളതാണ്. അതിനുശേഷം നമ്മൾ അധികം ചോദിച്ചിട്ടില്ല. ഇത്തരം ആവശ്യങ്ങൾക്ക് പോകുന്നതിന് ഒരു തടസ്സവുമില്ല. ആവശ്യമായ ഘട്ടത്തിൽ പോകാൻ തയ്യാറാകുക തന്നെ ചെയ്യും.

മി. സ്പീക്കർ: ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ശ്രീ. കെ. എം. മാണി: സർ, അടിയന്തരപ്രമേയത്തിനുള്ള അനുമതി നിഷേധിച്ചതു കൊണ്ടുള്ളതാണ് ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ നിഷേധാത്മകമായിട്ടുള്ള നിലപാട്. മഹാരാഷ്ട്രയിൽ കടങ്ങളൊക്കെ എഴുതിത്തള്ളുന്നു, ആത്മഹത്യ നടക്കുന്ന പല സംസ്ഥാനങ്ങളിലും കടങ്ങൾ എഴുതിത്തള്ളുന്നുണ്ട്. ഇവിടത്തെ ചെറുകിട കർഷകരുടെ കടങ്ങളെല്ലാം എഴുതിത്തള്ളണമെന്നുപറഞ്ഞാൽ എല്ലാം കേന്ദ്രം ചെയ്യണം... കേന്ദ്രം ചെയ്യണമെന്നുമാത്രം പറഞ്ഞതുകൊണ്ട് തൃപ്തിയാകുമോ? കേന്ദ്ര ഗവൺമെന്റ് പല കാര്യങ്ങളും ചെയ്യണം. കേന്ദ്ര ഗവൺമെന്റിന്റെ അവഗണനയുണ്ടെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിനെതിരെ ഒറ്റക്കെട്ടായി നിന്ന് നമുക്ക് പൊരുതണം. പക്ഷെ ഈ ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ ചെയ്യണം. അത് ചെയ്യാതിരിക്കുന്നു. കർഷകരോട് സൗഹാർദ്ദപരവും അനുകമ്പാപൂർവ്വമായൊരു നിലപാട് ഈ സർക്കാർ എടുത്തിട്ടില്ല.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, അങ്ങ് ഇറങ്ങിപ്പോകുന്നതുകൊണ്ട് ഒരു വിവരം അറിയിക്കാമെന്ന് വച്ചിട്ടാണ്. അഞ്ച് വർഷം യു.ഡി.എഫ്. ഭരിച്ചിട്ട് 300 കോടി രൂപയാണ് റബ്ബർ കൃഷിക്കാർക്ക് കൊടുത്തത്. അങ്ങയുടെ കാലത്ത് 65 രൂപവച്ച് കൊടുത്തുകാണും. ഇപ്പോൾ കുറഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് കഴിഞ്ഞ വർഷം 389 കോടി രൂപയാണ് വകയിരുത്തിയത്. ഈ വർഷം 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതാണ് യാഥാർത്ഥ്യം. നമ്മൾ പറയുമ്പോൾ മൊത്തത്തിൽ മനസ്സിലാക്കി പോകുന്നത് നല്ലതാണ്.

ശ്രീ. കെ. എം. മാണി: സർ, വകയിരുത്തലൊക്കെ പറഞ്ഞിട്ട് കാര്യമുണ്ടോ; അനുഭവമാണ് പറയേണ്ടത്. എല്ലാം വകയിരുത്തൽ, വകയിരുത്തൽ....., എല്ലാം വകയിരുത്തിയിട്ട് കൊടുത്തില്ലെങ്കിൽ വിശേഷം വല്ലതുമുണ്ടോ? അതുകൊണ്ട് മുൻ ധനകാര്യ വകുപ്പുമന്ത്രിയെ അത് പഠിപ്പിക്കേണ്ട. വകയിരുത്തലുകൾ ധാരാളം ഉണ്ടാകും. പാവപ്പെട്ട കൃഷിക്കാരന്റെ കയ്യിൽ അത് വരുന്നുണ്ടോ? സഹായമില്ല. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനു ശേഷം തിരിച്ചുവരികയും ചെയ്തു.)

10.00 AM]

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

## III ശ്രദ്ധ ക്ഷണിക്കൽ

### പെൻഷൻ പരിഷ്കരണം

ശ്രീ. ഇ. കെ. വിജയൻ: സർ, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളിലെയും മുനിസിപ്പൽ കോർപ്പറേഷനുകളിലെയും ശുചീകരണ തൊഴിലാളികളുടെ പെൻഷൻ പരിഷ്കരിക്കുന്നതിനും അവരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും വേണ്ടിയാണ് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിലേയ്ക്ക് ഞാൻ ഈ വിഷയം കൊണ്ടുവരുന്നത്. നഗരസഭകളിലെ ശുചീകരണ ജോലികളിൽ ഏർപ്പെട്ടിരുന്ന കണ്ടിജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ചും നിലവിലുള്ള കണ്ടിജന്റ് ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ചും പലവട്ടം അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണെങ്കിൽപ്പോലും ഇതുവരെ അതിന് പരിഹാരമുണ്ടായിട്ടില്ല. 2014 ജൂലൈ 1 മുതൽ മുൻകാല പ്രാബല്യത്തോടെ പരിഷ്കരിച്ച് ഉത്തരവിറങ്ങേണ്ടിയിരുന്ന കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം മൂന്ന് വർഷം പിന്നിട്ടിട്ടും നടപ്പിലാക്കാതെ മുന്നോട്ടുപോകുകയാണ്. സർക്കാർ ഈ മേഖലയോട് നല്ല സമീപനമല്ല കാണിക്കുന്നത്. ശുചീകരണത്തൊഴിലാളികളുടെ ശമ്പളപരിഷ്കരണത്തോടൊപ്പം പെൻഷനും പരിഷ്കരിക്കുകയാണ് സാധാരണ ഗതിയിൽ ചെയ്യാറുള്ളത്. ശമ്പള പരിഷ്കരണ ഉത്തരവിൽ പെൻഷൻഉടൻ പരിഷ്കരിച്ച് ഉത്തരവ് ഇറങ്ങുന്നതാണെന്ന് പ്രത്യേകം എടുത്തുപറയുന്നുണ്ട്. എന്നാൽ ഒരു വർഷം കടന്നുപോയിട്ടും പെൻഷൻ പരിഷ്കരണം നടന്നിട്ടില്ല. സ്വന്തം ആരോഗ്യം വിസ്മരിച്ച് സമൂഹത്തിന്റെ ആരോഗ്യം സംരക്ഷിക്കാൻ ഒരു ജീവിതകാലം മുഴുവൻ ജോലി ചെയ്ത് ജീവിതം നഷ്ടപ്പെട്ട്,

അവശത അനുഭവിക്കുന്ന നഗരശുചീകരണ തൊഴിലാളികളോട് അധികൃതർ കാണിക്കുന്നത് യഥാർത്ഥത്തിൽ ക്രൂരതയാണ്. മേൽ ആവശ്യങ്ങൾ ഉന്നയിച്ച നിവേദനങ്ങൾക്കൊപ്പം നഗരസഭാ ഓഫീസുകൾക്കുമുന്നിൽ ധർണ്ണയും സെക്രട്ടേറിയറ്റിനുമുന്നിൽ 36 മണിക്കൂർ സമരവും ഇതിനകം നടത്തിയിട്ടുണ്ട്. അനിശ്ചിതകാല സമരത്തിലേയ്ക്ക് തൊഴിലാളികൾ പോകാൻ ആലോചിക്കുകയാണ്. മുനിസിപ്പൽ തൊഴിലാളികളെ സംബന്ധിച്ച് ഒരു വലിയ ചരിത്ര പാരമ്പര്യമുണ്ട്. നേരത്തെ ഇവർ മലം ചുമന്ന തൊഴിലാളികളായിരുന്നു. ഇത്തരം തൊഴിലാളികളെ സംഘടിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിനെ തുടർന്നാണ് അവിഭക്ത കമ്മ്യൂണിസ്റ്റ് പാർട്ടി അന്ന് സഖാവ് കൃഷ്ണപിള്ള നിർദ്ദേശിച്ചതനുസരിച്ച്, പ്രത്യേകിച്ച് കോഴിക്കോട് നഗരത്തിൽ സഖാവ് മഞ്ജുനാഥറാവുവിനെ പോലുള്ള നേതാക്കന്മാർ ഇതിന്റെ ചുമതല ഏറ്റെടുത്തത്. സഖാവ് മഞ്ജുനാഥറാവു കോഴിക്കോട് നഗരത്തിന്റെ പ്രഥമ മേയറാണ്. അദ്ദേഹം കോഴിക്കോട് നഗരം വിലയ്ക്കുവാങ്ങാൻ കഴിവുള്ള ഒരു കുടുംബത്തിൽ പിറന്ന ആളാണെങ്കിലും തോട്ടി തൊഴിലാളികളെ സംഘടിപ്പിക്കാൻ അദ്ദേഹം മുന്നോട്ടുവന്നു. ഇന്ന് മാറ്റങ്ങൾ വന്നെങ്കിൽ പോലും അവരിൽ പലരും പെൻഷനായി. അവരുടെ പ്രശ്നം പരിഹരിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണെന്ന് സൂചിപ്പിച്ചുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (<u>ഡോ. കെ. ടി. ജലീൽ</u>): സർ, സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 17-8-2016-ൽ പുതുക്കിയ ശമ്പളനിരക്കുകൾ പ്രഖ്യാപിച്ചുകൊണ്ട് ഉത്തരവ് പുറത്തുവന്നത്. ഈ വിഭാഗം ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച് പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്ന് അതേ ഉത്തരവിൽ വ്യക്തമാക്കുകയും ചെയ്തിരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതിനായി വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു. ഉടൻതന്നെ പെൻഷൻ പരിഷ്കരണം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. അതോടൊപ്പം, താൽക്കാലികമായ കണ്ടിജന്റ് ജീവനക്കാരുടെ ശമ്പളം ഇക്കാലമത്രയും മുന്നൂറും മുന്നൂറ്റിയമ്പതും രൂപയായിരുന്നത് അറുന്നൂറ് രൂപയാക്കി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഉയർത്തിയ കാര്യവും ഞാൻ ഈ സന്ദർഭത്തിൽ അനുസ്മരിക്കുകയാണ്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ശമ്പള പരിഷ്കരണത്തിലെ അപാകതകൾ കൂടി പരിഹരിക്കണമെന്ന ആവശ്യം അവർ ഉന്നയിച്ചിട്ടുണ്ട്. അതുകൂടി പരിഹരിക്കാനാകുമോ?

<u>ഡോ. കെ. ടി. ജലീൽ</u> : അക്കാര്യം പരിശോധിക്കാവുന്നതാണ്.

(ശ്രീ. സണ്ണി ജോസഫ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## IV സബ്മിഷൻ

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. രാജു എബ്രഹാം സബ്മിഷനായി ഉന്നയിച്ച് ഈ വിഷയത്തിൽ ശ്രീ. കെ.സി. ജോസഫും ശ്രീ. കെ. വി. അബ്ദുൾ ഖാദറും നോട്ടീസ് നൽകിയിട്ടുണ്ട്. അവർക്കുകൂടി ഈ വിഷയം സംബന്ധിച്ച് സംസാരിക്കാവുന്നതാണ്.

### (1) വിമാന യാത്രാക്കൂലി

ശ്രീ. രാജു എബ്രഹാം: സർ, ഗൾഫിലേയ്ക്ക് മടങ്ങാനൊരുങ്ങുന്ന പ്രവാസികൾക്ക് തിരിച്ചടിയായി വിമാനക്കമ്പനികളുടെ വൻകൊള്ളയാണ് നടന്നുകൊണ്ടിരിക്കുന്നത്. കേരളത്തിൽ നിന്നും സെപ്റ്റംബർ മാസം മടങ്ങാൻ തീരുമാനിച്ചിരിക്കുന്നവർക്ക് ഒരു ലക്ഷത്തി ആറായിരം രൂപവരെയാണ് ഇപ്പോൾ ടിക്കറ്റ് നിരക്ക്. 10,000 രൂപ മുതൽ 12,000 രൂപയ്ക്കുള്ളിൽ പോകേണ്ട സ്ഥാനത്ത് പത്തിരട്ടിവരെ യാത്രാക്കൂലിയാണ് ഈടാക്കുന്നത്. ഈ നിലയിലാണ് വിമാന ടിക്കറ്റ് നിരക്കിൽ ഇപ്പോൾ കൊള്ള നടക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിക്ക് നേരത്തെ കത്തെഴുതുകയും ഓണവും അവധിക്കാലവും മുൻനിർത്തി ഈ പ്രശ്നത്തിൽ ഇടപെടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. പക്ഷേ കേന്ദ്ര ഗവൺമെന്റ് ഇക്കാര്യത്തിൽ ഇടപെടുകയോ വിമാനക്കമ്പനികളുമായി ചർച്ചചെയ്യുകയോ അധിക സീറ്റ് കണ്ടെത്താനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ഇതുമൂലം നിശ്ചിത വരുമാനക്കാരായ പ്രവാസികൾ, പ്രത്യേകിച്ച് തൊഴിലാളികളിൽ പലർക്കും മടങ്ങി പോകാൻ കഴിയാത്ത സ്ഥിതിയിലാണ്. ഇത് അതിഗുരുതരമായ ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുകയാണ്. ഇതിനുമുമ്പും പല പ്രാവശ്യം ഇതുപോലെയുള്ള വിഷയം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് മുന്നിൽ കൊണ്ടുവന്നിട്ടുണ്ട്. പക്ഷേ കേന്ദ്രസർക്കാർ വളരെ നിരുത്തരവാദപരമായ പെരുമാറ്റമാണ് സ്വീകരിച്ചിട്ടുള്ളത്. കേരളത്തിലെ പ്രവാസികളെ, പ്രത്യേകിച്ച് ഗൾഫിൽ ജോലി ചെയ്യുന്നവരെ കൊള്ളയടിക്കുന്ന സമീപനം മറ്റ് സംസ്ഥാനങ്ങളിലൊന്നുമില്ല. കേരളത്തിലെ പ്രവാസികളെ മാത്രമാണ് ഇത് പ്രധാനമായി ബാധിക്കുന്നത്. വിമാനക്കമ്പനികളും കേരളത്തെയാണ് ലക്ഷ്യമിടുന്നത്. ഈ കൊള്ള അവസാനിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര സർക്കാരുമായി ഇടപെട്ട് സത്വര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : സർ, ഈ വിഷയം സംബന്ധിച്ച് ഞാനും നോട്ടീസ് നൽകിയിരുന്നതാണ്. ശ്രീ. രാജു എബ്രഹാം പറഞ്ഞതിനോട് കുറച്ച് കാര്യങ്ങൾ കൂടി കൂട്ടിച്ചേർക്കാനുണ്ട്. നമ്മുടെ വിമാനത്താവളങ്ങൾ ഇന്റർനാഷണൽ ഗേറ്റ്‌വേ പോയിന്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നമ്മൾ നേരത്തെ ഉന്നയിച്ചിരുന്നു. കേന്ദ്ര ഗവൺമെന്റ് അത് അംഗീകരിച്ചിട്ടില്ല. യാത്രാക്കൂലി യഥേഷ്ടം വർദ്ധിപ്പിക്കാൻ അനുമതി നൽകിയ ഈ അവസ്ഥ പ്രവാസികളെ സംബന്ധിച്ചിടത്തോളം വളരെ

പ്രയാസമുണ്ടാക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്മേൽ ശക്തമായ സമ്മർദ്ദം ചെലുത്താൻ നമുക്ക് കഴിയണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. കൂടാതെ, സെപ്റ്റംബർ 3-ന് സൗദി അറേബ്യയിൽ നിതാഖത്തിന്റെ മൂന്നാംഘട്ടം ആരംഭിക്കുകയാണ്. അവിടെനിന്നും ധാരാളം ആളുകൾ തിരിച്ചുവരാൻ പോകുകയാണ്. അങ്ങനെ തിരിച്ചുവരുന്ന പ്രവാസികളുടെ പുനരധി വാസത്തിനായി ഗവൺമെന്റ് പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. മുൻ ഗവൺമെന്റിൽ നിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് വളരെ താൽപ്പര്യപൂർവ്വം ഇക്കാര്യത്തിൽ ഇടപെടുന്നുണ്ട്. അവരുടെ പുനരധിവാസ പദ്ധതികൾ വിപുലീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) : സർ, അവധിക്കാലങ്ങളിലും മറ്റ് വിശേഷാവസരങ്ങളിലും വിമാനക്കമ്പനികൾ പ്രവാസികളിൽനിന്നും ഉയർന്ന യാത്രാ നിരക്ക് ഈടാക്കുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെടണമെന്നും ഓണം, ഈദ് സീസണിൽ കൂടുതൽ വിമാന യാത്രാസൗകര്യം ഏർപ്പെടുത്തണമെന്നും യാത്രാനിരക്ക് വർദ്ധിപ്പിക്കരുതെന്നും കേന്ദ്ര വ്യോമയാന മന്ത്രാലയത്തിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് കേന്ദ്ര വ്യോമയാന സെക്രട്ടറി ഇക്കാര്യം പരിഗണിക്കാമെന്ന് അറിയിക്കുകയും ചെയ്തിരുന്നു. കേന്ദ്ര വ്യോമയാന സെക്രട്ടറി ഇക്കാര്യം വാഗ്ദാനം ചെയ്തെങ്കിലും നടപടിയൊന്നും സ്വീകരിച്ചില്ലെന്നുള്ളതാണ് വാസ്തവം. ആഗസ്റ്റ് 27 മുതൽ സെപ്റ്റംബർ 10 വരെയുള്ള കാലയളവിൽ ഷാർജയിൽനിന്നും കേരളത്തിലേയ്ക്ക് 18 വിമാനങ്ങൾ എയർ ഇന്ത്യ എക്സ്പ്രസ്സിന് ഓപ്പറേറ്റ് ചെയ്യാനുള്ള അനുമതി ഷാർജ അധികൃതർ നൽകി. അതിന്റെ ഭാഗമായി ടിക്കറ്റ് ബുക്കിംഗ് ആരംഭിക്കുകയും ചെയ്തു. എന്നാൽ ഇതിനുപകരമായി എയർ അറേബ്യയ്ക്ക് വിമാന സർവ്വീസ് നടത്തുന്നതിന് അനുമതി നൽകണമെന്നാവശ്യപ്പെട്ട് ഇന്ത്യ ഗവൺമെന്റ് കത്ത് നൽകിയിരുന്നു. അതിന്മേൽ തീരുമാനമായിട്ടില്ല. കേന്ദ്ര സർക്കാർ ഇപ്പോൾ സ്വീകരിക്കുന്ന നയം എയർ അറേബ്യയ്ക്ക് അനുമതി നൽകുന്നതിന് തടസ്സമാണ്. ആ നയം മാറ്റാൻ സർക്കാർ കത്തയച്ചിട്ടുണ്ട്. ഓണവും പെരുന്നാളും അടുത്തതിനാൽ അടിയന്തരനടപടി സ്വീകരിക്കണമെന്ന് വീണ്ടും വ്യോമയാന വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു കാര്യം, വിദേശ രാജ്യങ്ങളിലെ സ്വദേശിവൽക്കരണം, ആഗോള സാമ്പത്തികമാന്ദ്യം തുടങ്ങിയ പ്രശ്നങ്ങൾമൂലം തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനും സുസ്ഥിരവരുമാനത്തിനുമായി സർക്കാർ വിഭാവന ചെയ്തിട്ടുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്. ഇതിലൂടെ 15 ശതമാനം മൂലധന സബ്സിഡിയും മൂന്ന് ശതമാനം പലിശ സബ്സിഡിയും നൽകി സ്വയം തൊഴിൽ സംരംഭങ്ങൾ കണ്ടെത്താൻ നോർക്ക വകുപ്പ് ബാങ്കുകൾ മുഖേന വായ്പ ലഭ്യമാക്കുന്നുണ്ട്. സൗദി അറേബ്യയിൽ നിതാഖത്ത് ഏർപ്പെടുത്തുന്നതിലൂടെ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾക്കും ഈ പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താവുന്നതാണ്.

## (2) കീഴ്ശാന്തി നിയമനം

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ചെട്ടിക്കുളങ്ങര ദേവീക്ഷേത്രം ഒരുപക്ഷേ ലോകപൈതൃക ഭൂപടത്തിൽപോലും സ്ഥാനമുള്ള ഓണാട്ടുകരയിലെ പ്രശസ്തമായ ക്ഷേത്രമാണ്. ആ ദേവീക്ഷേത്രത്തിൽ അബ്രാഹ്മണനായ കീഴ്ശാന്തിയെ നിയമിക്കില്ലെന്ന് ആർ.എസ്.എസ്.ന്റെ നേതൃത്വത്തിലുള്ള ഭരണസമിതിയായ ശ്രീദേവി വിലാസം ഹിന്ദുമത കൺവെൻഷൻ നിലപാടെടുത്തിരിക്കുന്നു. സാംസ്കാരിക കേരളത്തിന് അപമാനമായ നിലപാടാണിത്. ശാന്തിലാവണത്തിൽ ജോലിനോക്കുന്ന ജീവനക്കാരുടെ 2017-ലെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ ഭാഗമായി പുതിയിടം കീഴ്ശാന്തി അനുഷ്ഠിച്ചിരുന്ന ശ്രീ. എസ്. സുധികുമാർ എന്ന വ്യക്തിയെ ചെട്ടിക്കുളങ്ങര ക്ഷേത്രത്തിലെ കീഴ്ശാന്തിയായി നിയമനം കൊടുത്തുകൊണ്ട് ഒരുത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ നായാടി മുതൽ നമ്പൂതിരിവരെയുള്ള 108 ജാതി വിഭാഗങ്ങളെ കോർത്തിണക്കിക്കൊണ്ട് ഞങ്ങൾ മുന്നേറുന്നുവെന്നുപറഞ്ഞ് തെരഞ്ഞെടുപ്പുകാലത്ത് വീമ്പ് പറഞ്ഞവരുടെ യഥാർത്ഥ ഹിന്ദുത്വ ഫാസിസ്റ്റ് മുഖമാണ് പുറത്തുവന്നിരിക്കുന്നത്. അബ്രാഹ്മണനായ കീഴ്ശാന്തിയെ ഇവിടെ നിയമിക്കാൻ കഴിയില്ലെന്ന് ഏകപക്ഷീയമായി, ശ്രീദേവി വിലാസം ഹിന്ദുമത കൺവെൻഷന്റെ പ്രമേയത്തിലൂടെ രണ്ടാമത് ഒരുത്തരവ് പുറപ്പെടുവിക്കാനായി കമ്മീഷണർ നിർബന്ധിതനായിരിക്കുന്നു. അതിലൂടെ വീണ്ടും അദ്ദേഹം 14-8-2017-ൽ ശാന്തിക്കാരുടെ പൊതു സ്ഥലംമാറ്റം സംബന്ധിച്ച് മറ്റൊരുത്തരവ് പുറപ്പെടുവിച്ചിരിക്കുകയാണ്. അതുപ്രകാരം ശ്രീ. എസ്. സുധികുമാർ എന്ന ശാന്തിയുടെ ഭരണഘടനാപരമായിട്ടുള്ള അവകാശത്തിന്മേലുള്ള ലംഘനമാണ് വന്നിട്ടുള്ളത്. സുപ്രീം കോടതിയുടെ വളരെ വ്യക്തമായ വിധിയുണ്ട്. ജാതിയുടെയും മതത്തിന്റെയും പേരിൽ താന്ത്രികവിദ്യയിൽ നിന്നും ആരെയും മാറ്റിനിർത്താൻ പാടില്ലെന്ന ഏറ്റവും പ്രസക്തമായ 2002-ലെ ആദിത്യൻ കേസ്സിലെ വിധിയുള്ളപ്പോൾ തന്നെയാണ് ചെട്ടിക്കുളങ്ങര ക്ഷേത്രോപദേശക സമിതിയുടെ ഭാഗത്തുനിന്ന് ഈ രൂപത്തിലുള്ള ഒരു ഇടപെടൽ വന്നിരിക്കുന്നത്. ഇത് അനുവദിക്കാൻ കഴിയുന്നതല്ല. ജാതിയും കുലവും പറഞ്ഞ് ഒരു മനുഷ്യന്റെ അവകാശത്തിന്മേലുള്ള ലംഘനമാണ് ചെട്ടിക്കുളങ്ങര ക്ഷേത്ര ഭരണസമിതി നടത്തിയിരിക്കുന്നത്. അബ്രാഹ്മണനായ ശാന്തി ചെട്ടിക്കുളങ്ങര ക്ഷേത്രത്തിൽ വേണ്ടെന്നാണ് അവർ പറഞ്ഞിരിക്കുന്നത്. അങ്ങനെയൊരു കാര്യം ഒരിടത്തും പറയുന്നില്ല. ഇതിനുമുമ്പ് ചെട്ടിക്കുളങ്ങര ക്ഷേത്രത്തിലെ തന്നെ ഉദാഹരണങ്ങൾ എടുത്താൽ, മലയാള ബ്രാഹ്മണന് മാത്രമേ ചെട്ടിക്കുളങ്ങരയിൽ പൂജ നടത്താനായി അവകാശമുള്ളൂവെന്ന് അവർ പറയുമ്പോൾ ആർ. ദേവരാജൻ പോറ്റി എന്ന തുളു ബ്രാഹ്മണനായ ആൾ അവിടെ പൂജ നടത്തിയിരുന്നതായി, മേൽശാന്തിയായി സേവനമനുഷ്ഠിച്ചതായി ചരിത്രം പറയുന്നുണ്ട്. ദേവസ്വം ബോർഡിന്റെ ജാതിപരമായ ഈ

അജണ്ടയ്ക്ക് പ്രബുദ്ധമായ സാംസ്കാരിക കേരള സമൂഹത്തിൽ നമുക്ക് കീഴടങ്ങാൻ കഴിയില്ല. തെരഞ്ഞെടുപ്പ് കാലഘട്ടത്തിൽ മാത്രം പിന്നോക്ക സമുദായത്തെ കൂടെ നിർത്താൻ വേണ്ടി നടത്തുന്ന രാഷ്ട്രീയതന്ത്രം നമ്മൾ മനസ്സിലാക്കേണ്ടതാണ്. സെക്രട്ടേറിയറ്റിനുമുമ്പിൽ കേരളത്തിലെ ഒരു എം.പി. പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമത്തിനെതിരെ സമരം നടത്തുന്നു. അദ്ദേഹം കൂടി പ്രതിനിധീകരിക്കുന്ന മണ്ഡലമാണ്. ഇക്കാര്യത്തിൽ ഒരക്ഷരംപോലും പറയാൻ അദ്ദേഹം തയ്യാറായിട്ടില്ലെന്നു കൂടി ഈയവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഇപ്പോൾ നൽകിയിരിക്കുന്ന ഈ ഉത്തരവ് അടിയന്തരമായി പിൻവലിക്കുന്നതിനും കൃത്യമായ നീതി ലഭിക്കുന്നതിനും ജാതിയുടെയും മതത്തിന്റെയും അടിസ്ഥാനത്തിൽ താൻ ചെയ്യുന്ന ജോലിയിൽനിന്നും മാറ്റിനിർത്തപ്പെട്ട ശ്രീ. എസ്. സുധികുമാർ എന്ന കീഴ്ശാന്തിക്ക് ചെട്ടികുളങ്ങര ക്ഷേത്രത്തിൽതന്നെ കീഴ്ശാന്തിയായി നിയമനം നൽകുന്നതിനുംവേണ്ടിയുള്ള ശക്തമായ ഇടപെടൽ മതേതരത്വ നിലപാടിന് മുൻഗണന നൽകുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭാഗമായിട്ടുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മാവേലിക്കര ഗ്രൂപ്പിലെ ശാന്തിക്കാരുടെ 2017-ലെ സ്ഥലംമാറ്റങ്ങൾ സംബന്ധിച്ച് മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവനുസരിച്ച് മാവേലിക്കര ഗ്രൂപ്പിലെ പുതിയിടം ദേവസ്വം കീഴ്ശാന്തിയായ ശ്രീ. എസ്. സുധികുമാറിനെ ചെട്ടികുളങ്ങര ദേവസ്വം കീഴ്ശാന്തിയായി സ്ഥലം മാറ്റിയിരുന്നു. പ്രസ്തുത സ്ഥലംമാറ്റം ക്ഷേത്രാചാരങ്ങൾക്ക് വിരുദ്ധമാണെന്ന് കാണിച്ചു കൊണ്ട് ക്ഷേത്രതന്ത്രി ചെട്ടികുളങ്ങര ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ആഫീസർക്ക് ഒരു കത്ത് നൽകുകയുണ്ടായി.

ഇതുസംബന്ധിച്ച് ശ്രീദേവി വിലാസം ഹിന്ദുമത കൺവെൻഷൻ എന്ന സംഘടന ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഡബ്ല്യു.പി.(സി) 22574/2017 നമ്പർ കേസ്സിലെ വിധിന്യായത്തിൽ ബന്ധപ്പെട്ടവരെ ദേവസ്വം കമ്മീഷണർ നേരിൽ കേട്ട് തീർപ്പ് കൽപ്പിക്കാൻ ഉത്തരവായിരുന്നു.

ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ചടങ്ങുകൾ നിർവ്വഹിക്കുന്നത് ഷോഡശ സംസ്കാരത്തിൽ സമാവർത്തനംവരെ കഴിഞ്ഞ മലയാള ബ്രാഹ്മണർ രക്തവസ്ത്രോത്തരീയം ധരിച്ചു കൊണ്ടായിരിക്കണമെന്നും ഇത്തരം കീഴ്വഴക്കങ്ങൾ ലംഘിച്ചാൽ ഗൗരവമായ ഈശ്വരകോപത്തിന് ഇടയാക്കുമെന്നും ക്ഷേത്രതന്ത്രി അഭിപ്രായപ്പെട്ടതിനാലും

ശ്രീ. എസ്. സുധികുമാറിന്റെ നിയമനവുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ നിന്നും ധാരാളം വിവാദങ്ങൾ ഉയർന്നതിനാലും പുതിയിടം ശാന്തിയായ ശ്രീ. എസ്. സുധികുമാറിനെ ശാന്തിയായി സ്ഥലംമാറ്റിയ മാവേലിക്കര അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ ഉത്തരവ് നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിച്ചുകൊണ്ടും തിരുവിതാംകൂർ ദേവസ്വം കമ്മീഷണർ ഉത്തരവായെന്നാണ് അവർ അറിയിച്ചിട്ടുള്ളത്.

പൂജാരി ഉൾപ്പെടെയുള്ള ദേവസ്വം ബോർഡ് നിയമനങ്ങളിൽ ജാതി പരിഗണന പാടില്ലെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് എതിർകക്ഷിയായ സിവിൽ അപ്പീൽ നമ്പർ 6965/96 കേസ്സിൽ 3-10-2012-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രസ്താവിച്ചിട്ടുള്ളതാണ്. ആയതിനാൽ ശാന്തി മുതലായ തസ്തികകളിലെ നിയമനം ജാതി പരിഗണന കൂടാതെ നടപ്പിലാക്കുന്നതിന് എല്ലാ ദേവസ്വം ബോർഡുകൾക്കും സർക്കാർ നിർദ്ദേശം നൽകുകയുണ്ടായി. ഈ നിർദ്ദേശത്തിന് വിരുദ്ധമായാണ് ഇപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുള്ളത്.

കേരള സമൂഹത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്ത അയിത്താചരണം ക്ഷേത്രാചാരങ്ങളുടെ മറവിൽ പുനഃസ്ഥാപിക്കുന്ന രീതിയിലുള്ള ഇത്തരമൊരു നടപടി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നുണ്ടായത് കേരളത്തിനാകെ അപമാനകരമാണ്. ഇത്തരം പ്രതിലോമകരമായ നടപടികൾ സർക്കാർ അതീവ ഗൗരവത്തോടെയാണ് കാണുന്നത്. സുപ്രീംകോടതി വിധിപോലും മാനിക്കാതെ ദേവസ്വം കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവ് തികഞ്ഞ നിയമലംഘനമാണെന്ന് സർക്കാർ കാണുന്നു. ശക്തമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകും.

## (3) ഗ്രേസ് മാർക്ക്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംഘടിപ്പിക്കുന്ന കലാകായിക മത്സരമാണ് ബൃഹത്തായ കേരളോത്സവം. യുവജനങ്ങളിലെ കായികവും കലാപരവും സാംസ്കാരികവുമായ വികസനം ലക്ഷ്യമാക്കി കേരളോത്സവം സംഘടിപ്പിക്കുന്നു. അവരുടെ കലാകായിക മികവ് തെളിയിക്കാനുള്ള ഏകവേദിയാണ് കേരളോത്സവം. കേരളോത്സവത്തിൽ പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ, ബ്ലോക്ക് തലങ്ങളിൽ നിന്നും പ്രാഥമിക തലത്തിൽ വിജയിച്ച് ജില്ലാ-സംസ്ഥാനതലത്തിൽ വിജയിച്ച വരികയെന്നത് വലിയ കാര്യമാണ്. കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമായി ഏകദേശം നാലായിരത്തോളം പേരാണ് സംസ്ഥാന കേരളോത്സവത്തിൽ തങ്ങളുടെ പ്രതിഭ മാറ്റുരയ്ക്കാനായി പങ്കെടുക്കുന്നത്. നിരന്തരമായ പരിശീലനവും മികച്ച ലെവലിലേയ്ക്ക് വരാനുള്ള സമയം കണ്ടെത്തലുമെല്ലാം അവസാന സർട്ടിഫിക്കറ്റിലും ചെറിയ സമ്മാനങ്ങളിലുമായി

ഒതുങ്ങിപ്പോകുന്ന കാഴ്ചയാണ് ഇപ്പോൾ സംജാതമായിരിക്കുന്നത്. ഇപ്പോൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ blind, deaf, dumb തുടങ്ങിയ ചില വിഭാഗങ്ങൾക്കും ശാരീരികക്ഷമത കുറഞ്ഞവർക്കുമെല്ലാം ഗ്രേസ് മാർക്ക് നൽകിവരുന്നുണ്ട്. ഇതേ സ്വഭാവമില്ലാത്തതാണെങ്കിൽപോലും കേരളോത്സവ വിജയികൾ ഇതർഹിക്കുന്നവരെന്നുള്ളത് നിസ്തർക്കമാണ്. ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിക്കുന്നതിനും നമ്മുടെ സംസ്ഥാനത്തിന്റെ യശ്ശസ് ഉയർത്തുന്നതിനും യുവതീയുവാക്കളെ, പ്രത്യേകിച്ച് സർഗ്ഗശേഷിയുള്ളവരെ വളർത്തി കൊണ്ടുവരുന്നതിനും കേരളോത്സവ മത്സരത്തിന്റെ മാറ്റുകൂട്ടുന്നതിനും കൂടുതൽ പങ്കാളിത്തമുറപ്പാക്കുന്നതിനുംവേണ്ടി സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനത്തിന് അർഹരായവർക്ക് പി.എസ്.സി. ഗ്രേസ് മാർക്ക് കൊടുക്കണമെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, യുവജനങ്ങളുടെ കലാപരവും സാംസ്കാരികവും കായികവുമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് അവസരമൊരുക്കുക, അവരിൽ സാഹോദര്യവും സഹകരണബോധവും സഹവർത്തിത്വവും വളർത്തുക, ഒരു പൊതു സംഗമവേദിയിൽ ഒരുമിച്ചുകൂട്ടുന്നതിന് അവസരമൊരുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിവിധ വകുപ്പുകളുടെയും സഹകരണത്തോടെയാണ് കേരളോത്സവം സംഘടിപ്പിക്കുന്നത്. നഗര വാസികൾക്കൊപ്പംതന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്കും തങ്ങളുടെ കലാ-കായിക കഴിവുകൾ പ്രകടിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും കേരളോത്സവം അവസരമൊരുക്കുന്നുണ്ട്. ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാത്തവരും മുഖ്യധാരാ കലോത്സവങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തവരുമായ സാധാരണക്കാരായ യുവ കലാ-കായിക പ്രതിഭകളാണ് കേരളോത്സവത്തിൽ മാറ്റുരയ്ക്കുന്ന ഭൂരിപക്ഷം മത്സരാർത്ഥികളും. കേരളോത്സവത്തിന്റെ പ്രാഥമിക മത്സരങ്ങൾ ഗ്രാമ-മുനിസിപ്പൽ-കോർപ്പറേഷൻ തലങ്ങളിലും രണ്ടാംഘട്ട മത്സരങ്ങൾ ബ്ലോക്കുതലത്തിലും മൂന്നാംഘട്ട മത്സരങ്ങൾ ജില്ലാതലത്തിലും സംഘടിപ്പിക്കുന്നു. ജില്ലാതല മത്സരങ്ങളിൽ വിജയിച്ചവർ സംസ്ഥാനതല കേരളോത്സവത്തിൽ പങ്കെടുക്കുന്നു. കേരളോത്സവത്തിൽ 59 ഇനം കലാ മത്സരങ്ങളും 36 ഇനം കായിക മത്സരങ്ങളും 4 ഇനം കാർഷിക മത്സരങ്ങളും 7 ഇനം കളരി മത്സരങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കലാ മത്സരങ്ങളിലെ 18 ഇനങ്ങൾ മാത്രമാണ് ദേശീയ യുവജനോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കേരളോത്സവ വിജയികൾക്ക് ട്രോഫി, സർട്ടിഫിക്കറ്റ്, പ്രൈസ് മണി എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കേരളോത്സവത്തിലെ വിജയികൾക്ക് ഉന്നതപഠനത്തിനായി കേരള യൂണിവേഴ്സിറ്റി ഗ്രേസ് മാർക്ക് അനുവദിക്കുന്നുമുണ്ട്. ബഹുമാനപ്പെട്ട ഇ. ടി. ടൈസൺ മാസ്റ്റർ വളരെ ഗൗരവപൂർവ്വമായാണ് ഈ വിഷയം ഉന്നയിച്ചത്. പക്ഷെ, കേരളോത്സവ വിജയികൾക്ക് നിയമന മത്സരപരീക്ഷകളിൽ ഗ്രേസ് മാർക്ക് അനുവദിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## (4) സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം

ശ്രീ. കെ. ദാസൻ: സർ, ഭിന്നശേഷിക്കാരായ കുട്ടികളുടെ ഉന്നമനത്തിനും വിദ്യാഭ്യാസത്തിനും കേരള സർക്കാർ നൽകുന്ന പിന്തുണ വളരെ പ്രധാനപ്പെട്ടതാണ്. ഭിന്നശേഷിക്കാരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ നൽകി മുന്നേറുന്ന സർക്കാരിനെ, പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഈ അവസരം ഉപയോഗിക്കുകയാണ്. സുപ്രധാനമായ മൂന്ന് കാര്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. വിവിധ കാരണങ്ങളാൽ കിടപ്പിലായ ഭിന്നശേഷിക്കാരായ കുട്ടികളുടെ കാര്യം അതിദയനീയമാണ്. പഠിക്കണമെന്നും തങ്ങളാൽ കഴിയുന്ന തൊഴിലെടുത്ത് ആത്മാഭിമാനത്തോടെ ജീവിക്കണമെന്നും അവർക്കാഗ്രഹമുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പന്തലായനി BRC പരിധിയിൽ മാത്രം ഇത്തരത്തിലുള്ള 14 കുട്ടികളുണ്ട്. ഞാൻ അവരെയെല്ലാം വീടുകളിൽ പോയി കണ്ടിട്ടുണ്ട്. പഠിക്കണം, ഞങ്ങൾക്ക് പറ്റാവുന്ന ജോലി നേടണമെന്ന ഒരു കാര്യം മാത്രമേ എല്ലാവർക്കും പറയാനുണ്ടായിരുന്നുള്ളൂ. പക്ഷെ, ഈ സ്വപ്നം യാഥാർത്ഥ്യമാകാൻ വഴികളൊന്നും മുന്നിലില്ല. എട്ടാം ക്ലാസ്സ് വരെ ചില ചെറിയ സഹായങ്ങൾ കിട്ടിയിരുന്നു. തുടർന്ന് യാതൊരുവിധ സഹായമോ പിന്തുണയോ ഇല്ല. അതിനാൽ പഠനം പാതിവഴിയിൽ ഉപേക്ഷിക്കേണ്ടി വന്നു. സ്വയംതൊഴിൽ നേടാൻ എന്താണ് മാർഗ്ഗമെന്ന് അറിയില്ല. കിടക്കപ്പായയിൽ കിടന്ന് എന്ത് തൊഴിലെടുക്കാനാകുമെന്ന് അറിയില്ല. അവരിൽ ശ്രീ. ഷാമിൽ എന്ന ഇരുപതുകാരൻ കാൽപാദം ഉപയോഗിച്ച് കമ്പ്യൂട്ടറും മൊബൈൽ ഫോണും പ്രവർത്തിപ്പിക്കുന്നത് വിസ്മയത്തോടെയാണ് ഞാൻ നോക്കിക്കണ്ടത്. എട്ടാം ക്ലാസ്സിനുശേഷം തുടർപഠനത്തിന് പദ്ധതികളുണ്ടാകുമോ; ഇവർക്കെല്ലാവർക്കും ചില കഴിവുകളുണ്ട്. ചിലർ പാട്ടും കഥയും ആസ്വദിക്കുന്നു, ചിലർ ചിത്രങ്ങൾക്ക് നിറം നൽകുന്നു, മറ്റു ചിലർ കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കുന്നു. കഴിവും അഭിരുചിയും തിരിച്ചറിഞ്ഞ് ആർ.എം.എസ്.എ.-യുടെ പുതിയ വാർഷിക പദ്ധതിയിൽ ഇവരുടെ തുടർപഠന സാധ്യതകളും തൊഴിൽ പരിശീലനവും ഉൾപ്പെടുത്തുമ്പോൾ ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ തമ്മിൽ ഏകോപനമില്ലാത്തത് ചെയ്യുന്ന പ്രവർത്തനങ്ങളെല്ലാം അസ്ഥാനത്താക്കുന്നുമുണ്ട്. ഇതുവഴി സർക്കാരിന് വലിയ പാഴ്ചെലവാണ് ഉണ്ടാകുന്നത്. മികച്ച ഏകോപനത്തിലൂടെ ഇത് ഒഴിവാക്കാനും ആവർത്തനമില്ലാതെ പദ്ധതികൾ ക്രമീകരിക്കാനും നടപടികളുണ്ടാകുമോ; അമിതാവേശവും ശ്രദ്ധക്കുറവുമുള്ള കുട്ടികളുടെ പ്രശ്നമാണ് രണ്ടാമത്തേത്. ബഹുമുഖമായ പ്രശ്നങ്ങളാണ് ഇവർ അഭിമുഖീകരിക്കുന്നത്. പക്ഷെ, യാതൊരുവിധ പരിഗണനയും നാളിതുവരെ ഇവർക്ക് ലഭിച്ചിട്ടില്ല. എന്റെ മണ്ഡലത്തിലുൾപ്പെടെ മിക്കയിടങ്ങളിലുമുള്ള 5 മുതൽ 10 ശതമാനം വരെ ഭിന്നശേഷിക്കാർ A.D.H.D. (Attention Deficit Hyperactivity Disorder) വിഭാഗത്തിലുള്ളവരാണെന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്.

ശ്രദ്ധക്കുറവ്, അമിതാവേശം, എടുത്തുചാട്ടം എന്നിവയാണ് ഇവരുടെ പ്രധാന സവിശേഷതകൾ. ഇത് മനസ്സിലാക്കി അനുഭാവപൂർവ്വമായ ഇടപെടലുകൾ ഉണ്ടാകുന്നില്ല. അദ്ധ്യാപകർ ശല്യക്കാരായി കാണുന്ന ഇവരിൽ മിക്കവരും സാമൂഹ്യവിരുദ്ധരായി മാറുന്ന അവസ്ഥയുണ്ട്. ഇക്കാര്യങ്ങൾ പരിഗണിച്ച് പഠന പിന്തുണയ്ക്കും സാമൂഹ്യ വൽക്കരണത്തിനും നടപടികൾ വേണം. എൻ.സി.സി., എൻ.എസ്.എസ്., സ്കൗട്ട്സ് & ഗൈഡ്സ്, എസ്.പി.സി. എന്നിവയിൽ പ്രവർത്തിക്കാൻ അവസരം നൽകണം. പരീക്ഷയ്ക്ക് അധികസമയം അനുവദിച്ചും ആനുകൂല്യങ്ങൾ നൽകിയും സഹായിക്കേണ്ടതുണ്ട്. മെച്ചപ്പെട്ട പരിഗണന ലഭിച്ചാൽ ആൽബർട്ട് ഐൻസ്റ്റീനെപ്പോലുള്ള ശാസ്ത്രജ്ഞന്മാരെയോ, ബിഥോവനെപ്പോലെയുള്ള സംഗീതജ്ഞൻമാരെയോ സൃഷ്ടിക്കാൻ കഴിഞ്ഞേയ്ക്കും. വിദേശ രാജ്യങ്ങളിൽ ഗിഫ്റ്റഡ് ചിൽഡ്രൻസായി ഇവരെ പരിഗണിക്കുന്ന അവസ്ഥയുണ്ട്. ഇത്തരം കുട്ടികളുടെ സവിശേഷതകൾ മനസ്സിലാക്കി കേന്ദ്ര നിയമത്തിനനുസൃതമായി മാറ്റങ്ങൾ വരുത്താൻ തയ്യാറാകുമോ; സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ നിയമന കാര്യമാണ് മൂന്നാമത്തേത്. സർവ്വശിക്ഷ അഭിയാനും രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാനും നിലവിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം നടത്തുന്നുണ്ട്. ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസ ലഭ്യതയുടെ സേവനം അത്യന്താപേക്ഷിത മാണെങ്കിലും എല്ലാ വിദ്യാലയങ്ങളിലും ഇവരുടെ സേവനം ലഭ്യമാകുന്നില്ല. 1:5 എന്ന അനുപാതത്തിൽ നിയമിക്കണമെന്നാണ് കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് നിർദ്ദേശിക്കുന്നതെങ്കിലും 1:20 എന്ന അനുപാതത്തിൽപ്പോലും ഇപ്പോൾ അവരുടെ സേവനം ലഭ്യമല്ല. 9 മുതൽ 12 വരെയുള്ള ക്ലാസ്സുകൾക്ക് 865 അദ്ധ്യാപകരുടെ സേവനം മാത്രമേ ലഭ്യമാകുന്നുള്ളൂവെന്നാണ് അറിവ്. എന്റെ നിയോജകമണ്ഡലത്തിലെ 6 സ്കൂളുകളിൽ മാത്രമേ അദ്ധ്യാപക നിയമനം നടന്നിട്ടുള്ളൂ. ചുരുങ്ങിയത് 5000 അദ്ധ്യാപകരെങ്കിലും ഉണ്ടെങ്കിലേ കേന്ദ്ര മാനദണ്ഡം പാലിക്കാനാകൂ. ഇത് ഇപ്പോൾ പ്രാവർത്തികമായില്ലെങ്കിൽ 500 പുതിയ അദ്ധ്യാപകരെയെങ്കിലും സംസ്ഥാന സർക്കാർ നിയമിച്ച് ഓരോ അദ്ധ്യാപകർക്കും രണ്ട് വീതം സ്കൂളുകളുടെ ചുമതല നൽകിയാൽ ഇപ്പോഴുള്ള ബുദ്ധിമുട്ട് ലഘൂകരിക്കാൻ കഴിയും. ഭിന്നശേഷിക്കാരുടെ ഉന്നമനത്തിന് വിവിധ ഏജൻസികളുടെ പ്രവർത്തന രൂപരേഖ തയ്യാറാക്കണമെന്നും ഞാൻ സർക്കാരിനോട് അപേക്ഷിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിവിധതരം വൈഷമ്യങ്ങൾ അനുഭവിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പഠന പിന്തുണ ഉറപ്പാക്കുന്നതിനും അവരെ സഹായിക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 1 മുതൽ 12-ാം ക്ലാസ്സ് വരെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന വിവിധതരം വൈകല്യങ്ങളുള്ള കുട്ടികൾക്ക് പഠനത്തിൽ പിന്തുണ സഹായം നൽകുന്നതിന് രണ്ടുതരം സംവിധാനങ്ങളാണുള്ളത് (Inclusive Education for

the Disabled (IED), Inclusive Education for the Disabled at Secondary Stage (IEDSS). കേന്ദ്ര മാനവ വിഭവശേഷി വികസന വകുപ്പ് പുറപ്പെടുവിച്ച IEDSS മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:5 ആണ്. IEDSS പദ്ധതിയിൻകീഴിൽ 865 റിസോഴ്സ് അദ്ധ്യാപകരെ മാത്രമാണ് MHRD സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതിൽ 707 അദ്ധ്യാപകർ മാത്രമാണ് നിലവിലുള്ളത്. ബാക്കി 158 പേരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഈ സാഹചര്യത്തിൽ IEDSS പദ്ധതിയിൽ ഇപ്പോൾ 1:5 എന്ന അനുപാതം പിന്തുടരുക പ്രായോഗികമല്ല. പ്രൈമറി മേഖലയിൽ ഒരു BRC-യിൽ 5 റിസോഴ്സ് അദ്ധ്യാപകർ വീതം 159 BRC-കളിൽ 795 റിസോഴ്സ് അദ്ധ്യാപകരെയാണ് MHRD സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. ഇതുകൂടാതെ സംസ്ഥാന സർക്കാർ പദ്ധതികളിലുൾപ്പെടുത്തി 408 റിസോഴ്സ് അദ്ധ്യാപകരെയും അധികമായി വിവിധ BRC-കളിൽ നിയമിച്ചിട്ടുണ്ട്. കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ 6 ഹൈസ്കൂളുകളിൽ IEDSS പദ്ധതിക്കനുസരിച്ച് റിസോഴ്സ് അദ്ധ്യാപകരെ 2017-18 വർഷം നിയമിച്ചിട്ടുണ്ട്. എട്ടാം ക്ലാസ്സുവരെയുള്ള കുട്ടികളെ സഹായിക്കുന്നതിന് പന്തലായനി, മേലടി BRC-കളിലായി 13 റിസോഴ്സ് അദ്ധ്യാപകരെയും SSA വഴി നിയമിച്ചിട്ടുണ്ട്. ജി.വി.എച്ച്.എസ്.എസ്. പയ്യോളി, എച്ച്.എസ്. കോട്ടയ്ക്കൽ എന്നീ വിദ്യാലയങ്ങളിൽ ഫിസിയോ, സ്പീച്ച് തെറാപ്പി യൂണിറ്റുകൾ വിദ്യാഭ്യാസ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. SSA-യുടെ ഭാഗമായി പന്തലായനി BRC-യുടെ കീഴിൽ BRC-യോടനുബന്ധിച്ച് ഒരു ഫിസിയോതെറാപ്പി യൂണിറ്റും മൂടാടി പഞ്ചായത്തിനോടനുബന്ധിച്ച് ഒരു സ്പീച്ച് തെറാപ്പി യൂണിറ്റും പ്രവർത്തിക്കുന്നു. കൂടാതെ മേലടി BRC-യുടെ കീഴിൽ കീഴൂർ ജി.യു.പി.എസ്.-നോടനുബന്ധിച്ച് ഒരു ഫിസിയോതെറാപ്പി സെന്ററും പ്രവർത്തിക്കുന്നുണ്ട്. അദ്ധ്യാപകരുടെ സേവനം പരമാവധി കുട്ടികൾക്ക് ലഭ്യമാക്കുകയെന്ന നിലപാടാണ് സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ നിയമനത്തിൽ അവലംബിച്ചിട്ടുള്ളത്. കൂടുതൽ കുട്ടികളുള്ളതും കൂടുതൽ അവശതയനുഭവിക്കുന്നവരും ഉൾപ്പെടുന്ന വിദ്യാലയങ്ങൾക്ക് പ്രാധാന്യം നൽകി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ലഭ്യമാക്കാൻ കഴിവതും ശ്രമിച്ചിട്ടുണ്ട്. കൂടാതെ കുട്ടികൾ കുറഞ്ഞ സ്കൂളുകൾ ക്ലബ്ബ്ചെയ്ത് റിസോഴ്സ് അദ്ധ്യാപകരുടെ സേവനം കൂടുതൽ സ്കൂളുകളിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരികയാണ്. കിടപ്പിലായ രോഗികൾക്ക് പ്രൈമറിക്കുശേഷമുള്ള തുടർ പഠനത്തിന് ആവശ്യമായ പിന്തുണ ഉറപ്പാക്കാൻ നിലവിലുള്ള സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സേവനം ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഉറപ്പാക്കാൻ ശ്രമിക്കും. A.D.H.D. ഉൾപ്പെടെ നിലവിൽ പരിഗണന ലഭിക്കാത്ത വിഭാഗങ്ങളെ ഉൾക്കൊള്ളിക്കുന്ന കാര്യവും പരിശോധിച്ചുവരികയാണ്.

## (5) തൊഴിൽ സുരക്ഷ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കേരളത്തിലെ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ കഴിഞ്ഞ 20 വർഷമായി സേവനമനുഷ്ഠിക്കുന്ന വിദ്യാ വോളന്റിയർമാരുടെ ജോലി സുരക്ഷ ഉറപ്പുവരുത്തുക ആ സമൂഹത്തോട് ചെയ്യുന്ന നീതിപൂർവ്വമായ ഒരു പ്രവൃത്തിയാണ്. വനാന്തരങ്ങളിലെ ആദിവാസി ഊരുകൾ, അവികസിത മേഖലകൾ എന്നിവിടങ്ങളിൽ നിന്ന് സ്കൂളിൽപോയി പഠിക്കാൻ മടികാണിക്കുന്ന കുട്ടികളെ

സ്കൂളിലെത്തിച്ച് പഠിപ്പിക്കാൻ അവർ കാണിച്ച ത്യാഗ മനോഭാവത്തെ അംഗീകരിക്കണം. 20 വർഷങ്ങൾക്കപ്പുറത്ത് 1,500 രൂപയും പിന്നീട് 3,000 രൂപയുമൊക്കെയായിരുന്നു അവർക്ക് ലഭിച്ചിരുന്ന വേതനം. ആ കാലയളവിനുള്ളിൽത്തന്നെ വനാന്തരങ്ങളോടടുത്ത് ഇത്തരം സ്കൂളിൽ പോയി പഠിപ്പിച്ചിരുന്നവരിൽ പലരും വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽപ്പെട്ട് മരണമടഞ്ഞ സംഭവവും ഉണ്ടായിട്ടുണ്ട്. വർഷങ്ങളായി കുറഞ്ഞ വേതനം ലഭിച്ചിരുന്ന ഇവർക്ക് കഴിഞ്ഞ ഗവൺമെന്റ് 10,000 രൂപയായി വേതന വർദ്ധനവ് നടത്തിയിരുന്നു. ഫിനാൻസ് വകുപ്പ് പുറത്തിറക്കിയ ഉത്തരവു പ്രകാരം ദിവസ വേതനക്കാർക്കും ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗ്രാന്റ്-ഇൻ-എയ്ഡ് ഇൻസ്റ്റിറ്റ്യൂഷനിലും ജോലി ചെയ്യുന്നവർക്കും 1-4-2016 മുതൽ പ്രാബല്യം വരത്തക്കവിധത്തിൽ വേതന വർദ്ധനവ് വരുത്താൻ ഉത്തരവായിരുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

10. 30 AM]

കൂടാതെ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷവും ഇക്കാര്യത്തിൽ വളരെ അനുകൂലമായ തീരുമാനമെടുക്കുകയും തുക വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ 16-6-2017-ലെ ഉത്തരവുപ്രകാരം ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി കാറ്റഗറി 1-ന് ബാധകമായ വേതനം ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാർക്ക് പരിഷ്കരിച്ച് നൽകാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും മേൽ ഉത്തരവുകളുടെയോ നിർദ്ദേശങ്ങളുടെയോ അടിസ്ഥാനത്തിൽ ഇവർക്ക് തുക വർദ്ധിപ്പിച്ച് നൽകിയിട്ടില്ല. ടി വോളന്റിയർമാർക്ക് വേതനം വർദ്ധിപ്പിച്ച് നൽകുന്നതിനും ഇവരുടെ തൊഴിൽസുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഭൗതിക സാഹചര്യങ്ങളും പഠിക്കാൻ കുട്ടികളുമുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങളെ എൽ.പി. സ്കൂളുകളാക്കുന്നതിനും ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ സേവനമനുഷ്ഠിക്കുന്നവരിൽ യോഗ്യതയുള്ളവരെ അദ്ധ്യാപകരായി അംഗീകരിക്കുന്നതിനും അവശേഷിക്കുന്നവരെ ദീർഘകാലമായ അവരുടെ സർവ്വീസ് പരിഗണിച്ച് Thrass course നടത്തി അദ്ധ്യാപക തസ്തികയിൽ നിയമിക്കുന്നതിന് പരിഗണിക്കേണ്ടതും കുട്ടികൾ ഇല്ലാതാകുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാരെ ഇതര ഏകാദ്ധ്യാപക വിദ്യാലയങ്ങളിലോ എൽ.പി. സ്കൂളുകളിലേയ്ക്കോ മാറ്റിനിയമിക്കുന്നതിനും സർക്കാർ തസ്തികകളിൽ നിയമനത്തിന് പ്രായപരിധി തടസ്സമുള്ളവർക്ക് വിദ്യാഭ്യാസ വകുപ്പിലോ ഇതര വകുപ്പിലോ അറ്റൻഡർ, ലാസ്റ്റ് ഗ്രേഡ് തസ്തികകളിൽ നിയമനം നടത്തുന്നതിന് അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്നതാണ് എന്റെ സബ്മിഷൻ.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) : സർ, സംസ്ഥാനത്ത് പതിനൊന്ന് ജില്ലകളിലായി പ്രവർത്തിച്ചുവരുന്ന 285 ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ എം.ജി.എൽ.സി. അദ്ധ്യാപകരായ വിദ്യാ വോളന്റിയർമാരെ കരാർ അടിസ്ഥാനത്തിലാണ് നിയമിച്ചുവരുന്നത്. ഇവർക്ക് നിലവിൽ പതിനായിരം രൂപ ഓണറേറിയവും

അതിനുപുറമെ ഉത്സവ ബത്ത, ഹിൽട്രാക്ക് അലവൻസ്, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. ടി അദ്ധ്യാപകരുടെ ഓണറേറിയം ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 17,325 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തീയതി മുതൽ വർദ്ധിപ്പിച്ച ഓണറേറിയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖേനയായതിനാൽ വിദ്യാ വോളന്റിയർമാരെ പി.എസ്.സി.-യുടെ അനുമതിയില്ലാതെ സ്കൂളുകളിൽ നിയമിക്കുവാൻ സാധിക്കുകയില്ല. നിലവിലുള്ളവരിൽ പലരും അദ്ധ്യാപകരാകാൻ നിശ്ചിത യോഗ്യത നേടിയവരുമല്ല. നിലവിലുള്ള എം.ജി.എൽ.സി.കൾ (മൾട്ടിഗ്രേഡ് ലേണിംഗ് സെന്ററുകൾ) സ്കൂളുകളായി ഉയർത്തുകയാണെങ്കിൽ വിദ്യാ വോളന്റിയർമാരുടെ വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് മറ്റ് തസ്തികകളിൽ പുനർവിന്യാസത്തിന് പരിഗണിക്കേണ്ടിവരും. ഈ വിഷയത്തിൽ വിശദമായ പരിശോധനയും നയപരമായ തീരുമാനവും ആവശ്യമാണ്. കൂടാതെ കുട്ടികൾ ഇല്ലാതാകുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാരെ മറ്റ് തസ്തികയിൽ നിയമിക്കുന്ന വിഷയവും വിശദമായി പരിശോധിക്കേണ്ടതുണ്ട്. സംസ്ഥാനത്തെ ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട എ.ഇ.ഒ., ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ലോക്കൽ പഞ്ചായത്ത് മെമ്പർ എന്നിവരടങ്ങുന്ന മൂന്നംഗ കമ്മിറ്റിയെ നിയോഗിക്കുകയും ഇവർ പ്രവർത്തനം വിലയിരുത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് നൽകുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർ ആയത് സമാഹരിച്ച് സർക്കാരിലേയ്ക്ക് വിശദമായ റിപ്പോർട്ട് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആ റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## (6) ഫോറസ്റ്റ് റോഡ്

ശ്രീ. കെ. കുഞ്ഞിരാമൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ ദേലമ്പാടി പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു കാര്യം പരിഹരിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ കൊണ്ടുവരുന്നത്. ദേലമ്പാടി പഞ്ചായത്തിൽ ദേലമ്പാടി, അഡൂർ എന്നീ രണ്ട് ഗ്രാമങ്ങളാണുള്ളത്. ദേലമ്പാടി പഞ്ചായത്ത് ആഫീസ് സ്ഥിതി ചെയ്യുന്നത് അഡൂർ ഗ്രാമത്തിലാണ്. ദേലമ്പാടി പഞ്ചായത്തിലെ 60 ശതമാനം പ്രദേശവും വനഭൂമിയാണ്. വനത്തിനകത്ത് താമസിക്കുന്ന ആളുകൾക്ക് പഞ്ചായത്ത് ഓഫീസിലോ വില്ലേജ് ഓഫീസുമായോ ബന്ധപ്പെടാൻ ഒരു മാർഗ്ഗവുമില്ല. ഇന്നവർ കേരളത്തിലെ ഈ പഞ്ചായത്ത്/വില്ലേജ് ആഫീസുകളിൽ വരുന്നത് കർണ്ണാടകത്തിലെ സുള്ള്യ വഴിയോ ഈശ്വരമംഗലം വഴിയോ ആണ്. ഈ ബുദ്ധിമുട്ട് പരിഹരിക്കാൻവേണ്ടി പല പ്രാവശ്യം ഗവൺമെന്റിന്റെയും ബന്ധപ്പെട്ട വകുപ്പിന്റെയും മുമ്പിൽ പല ശ്രമങ്ങളും നടത്തിയെങ്കിലും ഇതുവരെ വിജയിച്ചില്ല. വനം വകുപ്പുമന്ത്രി സ്ഥലം സന്ദർശിച്ചതായ അവസരത്തിൽ ഞാനും നാട്ടുകാരും ഒന്നിച്ചുചേർന്ന് ഇക്കാര്യങ്ങൾ

സംസാരിച്ചപ്പോൾ അദ്ദേഹമത് അനുഭാവപൂർവ്വം പരിഗണിക്കുകയും പരിഹരിക്കാൻ ബന്ധപ്പെട്ടവർക്ക് വാക്കാൽ നിർദ്ദേശം നൽകുകയും ചെയ്തു. ഞാനും പി.ഡബ്ല്യൂ.ഡി. ഉദ്യോഗസ്ഥരും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്ന് സ്ഥലത്ത് പോയി കാര്യങ്ങൾ പരിശോധിച്ച് കൂടുതൽ മരങ്ങൾ മുറിക്കാതെ അവർക്ക് റോഡുണ്ടാക്കി കൊടുക്കാൻ തീരുമാനമെടുത്തിരുന്നു. പക്ഷെ ഇതുവരേയും അത് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ആ പ്രദേശത്തിലെ 80 ശതമാനം ആളുകളും കന്നട, തുളു ഭാഷകൾ സംസാരിക്കുന്നവരാണ്. അവർ പറയുന്നത് അവർക്ക് കേരളത്തിൽ വരാൻ താൽപ്പര്യമില്ല അവരെ കർണ്ണാടകത്തോട് ചേർത്തുകൊടുത്താൽ മതിയെന്നാണ്. അതിനുവേണ്ടി അവർ ഹൈക്കോടതിയിൽ വരെ കേസ് കൊടുത്തിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഈ നാടുമായി ബന്ധപ്പെടാൻ അവർക്ക് ഒരു അവസരമുണ്ടാക്കിക്കൊടുക്കുന്നതിനാണ് ഒരു റോഡ് വേണമെന്ന പ്രധാനപ്പെട്ട പ്രശ്നം ഞങ്ങൾ ഉന്നയിക്കുന്നത്. വനം വെട്ടി നശിപ്പിക്കാതെ എങ്ങനെ അവിടെ റോഡുണ്ടാക്കാമെന്നതിനെക്കുറിച്ച് ഞങ്ങളുടെ ഒരു സംയുക്ത സംഘം ആ സ്ഥലത്ത് പോയി വളരെ ഗൗരവമായി പരിശോധിച്ചിരുന്നു. അന്ന് വിലയിരുത്തിയതിൽ നിന്നും മനസ്സിലാകുന്നത് ആകെ നഷ്ടപ്പെടുന്നത് ചെറിയ പതിമൂന്ന് മരങ്ങളാണെന്നാണ്. ഇപ്പോൾ നിലവിൽ അവിടെ ഫോറസ്റ്റ് റോഡുണ്ട്, ആ ഫോറസ്റ്റ് റോഡിന് കുറച്ച് വീതികൂട്ടിയാൽ അവിടുത്തേയ്ക്ക് റോഡുണ്ടാക്കാൻ കഴിയുന്നതാണ്. ദേലമ്പാടി മുതൽ ഫോറസ്റ്റ് വരെ മൂന്ന് കോടിയോളം രൂപ മുടക്കി പി.ഡബ്ല്യൂ.ഡി. റോഡ് നിർമ്മിച്ചിട്ടുണ്ട്. ആ റോഡുമായി ബന്ധിപ്പിക്കാൻ ഒന്നര കിലോമീറ്റർ ദൂരമാണ് തടസ്സമായി നിൽക്കുന്നത്. എങ്ങനെയെങ്കിലും അത് പരിഹരിച്ചുകൊടുക്കണം. അല്ലെങ്കിൽ ഒരു ഗ്രാമംതന്നെ നമ്മുടെ നാടിനോട് വിമുഖത കാട്ടി മാറിപ്പോകുന്ന ഒരവസ്ഥയുണ്ടാകും. പ്രത്യേകിച്ച് കന്നട സംസാരിക്കുന്ന ആളുകളോട് നമുക്ക് വിരോധമുണ്ടെന്നുപറഞ്ഞാണ് ആളുകളെ അവർ നമുക്കെതിരെ സംഘടിപ്പിക്കുന്നത്. അത് മാറ്റിയെടുക്കുന്നതിനുവേണ്ടിയും ആ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നീതികിട്ടുന്നതിനും അവർക്ക് നമ്മുടെ നാടും പ്രദേശവുമായി ബന്ധപ്പെടുന്നതിനുമുള്ള ഒരു സഹായം ബന്ധപ്പെട്ട വകുപ്പുമന്ത്രിയും വനംവകുപ്പും ചെയ്തുതരണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഒരു കാരണവശാലും ഈ ആവശ്യം നിഷേധിക്കരുത്, ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് ഈ പ്രശ്നം വിലയിരുത്തുകയും പഠിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ വിഷയം വളരെ ഗൗരവത്തിലെടുത്ത് ഇന്നുതന്നെ ബഹുമാനപ്പെട്ട മന്ത്രി അതിനുവേണ്ട നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പമന്ത്രി (ശ്രീ. കെ. രാജു): സർ, കാസർഗോഡ് ജില്ലയിലെ ഒരു അവികസിത പ്രദേശമാണ് ദേലമ്പാടി പഞ്ചായത്ത്. പഞ്ചായത്ത് ആസ്ഥാനവും ഗവൺമെന്റ് ആശുപത്രിയും ഇതര സ്ഥാപനങ്ങളും ദേലമ്പാടി പഞ്ചായത്ത് ആസ്ഥാനമായ അഡൂരിലാണ് പ്രവർത്തിക്കുന്നത്. ദേലമ്പാടിയിൽ നിന്നും അഡൂരിലെത്താൻ പ്രധാനമായും രണ്ട് റോഡുകളാണുള്ളത്. ഒന്ന്, പരപ്പ - മയ്യള വഴി ഉദ്ദേശം 12 കിലോമീറ്റർ വരുന്ന റോഡും രണ്ട്, പരപ്പ - പഞ്ചിക്കൽ വഴി ഉദ്ദേശം 17 കിലോമീറ്റർ വരുന്ന റോഡുമാണ്. ദേലമ്പാടി - മയ്യള - പരപ്പ - അഡൂർ റോഡിന്റെ വനത്തിന് പുറത്തുള്ള ഭാഗങ്ങൾ ടാറിംഗ് ചെയ്തതാണ്. പരപ്പ - മയ്യള വഴിയുള്ള റോഡ് ഉദ്ദേശം 1800 മീറ്റർ പൂർണ്ണമായും പരപ്പ റിസർവ് വനത്തിൽ കൂടി കടന്നുപോകുന്നതാണ്. നിലവിൽ മൂന്ന് മീറ്റർ വീതിയിൽ ഈ റോഡ് സോളിംഗ് ചെയ്ത് ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. ചെറു വാഹനങ്ങൾക്ക് നിലവിൽ ഇതുവഴി സുഗമമായി കടന്നുപോകാൻ കഴിയും. ബസ് പോലുള്ള വലിയ വാഹനങ്ങൾ കടന്നുപോകണമെങ്കിൽ റോഡിന്റെ വീതി രണ്ട് മീറ്ററെങ്കിലും കൂട്ടേണ്ടതായിട്ടുണ്ട്. ഇതിനായി നിലവിലെ റോഡടക്കം ഒൻപതിനായിരം എം.സ്ക്വയർ വനഭൂമി വിനിയോഗിക്കേണ്ടിവരും. കൂടാതെ 21-ഓളം മരങ്ങൾ മുറിക്കേണ്ടതായി വരുമെന്നാണ് കണക്കാക്കുന്നത്. വനഭൂമി ആവശ്യമുള്ളതിനാലും മരങ്ങൾ മുറിക്കേണ്ടതിനാലും ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം ഫോറസ്റ്റ് ക്ലിയറൻസിനുവേണ്ടി യൂസർ ഏജൻസി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അഡൂരിൽനിന്നും ദേലമ്പാടി വരെ എത്തിച്ചേരാനുള്ള രണ്ടാമത്തെ മാർഗ്ഗം അഡൂർ - പരപ്പ - പഞ്ചിക്കൽ വഴിയാണ്. ഇത് ഉദ്ദേശം 17 കിലോമീറ്റർ ദൂരം വരും. ഇതിൽ രണ്ട് കിലോമീറ്റർ കേരളത്തിന്റെ പരപ്പ റിസർവ് വനത്തിൽക്കൂടിയും 5 കിലോമീറ്റർ കർണ്ണാടകയിലെ റിസർവ് വനത്തിൽക്കൂടിയുമാണ്. ഈ റോഡുവഴി അഡൂരിൽനിന്നും ദേലമ്പാടിയിലേയ്ക്ക് എത്താൻ കർണ്ണാടക സംസ്ഥാനത്തിലൂടെ യാത്ര ചെയ്യേണ്ടതുണ്ട്. ഈ റോഡ് പൂർണ്ണമായും ടാറിംഗ് നടത്തിയിട്ടുള്ളതാണ്. എന്നാൽ നിലവിൽ പ്രസ്തുത റോഡിന് അറ്റകുറ്റപ്പണികൾ നടത്തേണ്ടതുണ്ട്. പരപ്പ - മയ്യള വഴിയുള്ള ദേലമ്പാടി റോഡ് വലിയ വാഹനങ്ങൾ കടന്നുപോകുന്ന തരത്തിൽ ഗതാഗതയോഗ്യമാക്കണമെങ്കിൽ ഒൻപതിനായിരം എം.സ്ക്വയർ വനഭൂമി നഷ്ടമാകുകയും 21 മരങ്ങൾ മുറിക്കേണ്ടി വരികയും ചെയ്യുമെന്നതിനാൽ വന സംരക്ഷണ നിയമപ്രകാരം കേന്ദ്രാനുമതി ആവശ്യമാണ്. യൂസർ ഏജൻസി അതിന് അപേക്ഷ സമർപ്പിച്ചാൽ ആവശ്യമായ ശിപാർശ സഹിതം കേന്ദ്രാനുമതിക്ക് ശ്രമിക്കുന്നതാണ്. യൂസർ ഏജൻസി അപേക്ഷ കൊടുക്കുന്ന മുറയ്ക്ക് അതിന്റെ റിപ്പോർട്ട് അനുകൂലമായിതന്നെ സംസ്ഥാന സർക്കാർ നൽകുന്നതായിരിക്കും.

# V മേശപ്പുറത്തുവച്ച കടലാസുകൾ

## ലിസ്റ്റ് I പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 734/2016 | ജി.ഒ.(പി.) നമ്പർ 30/2016/പി&എആർഡി. | 3-12-2016 | അതെ |
| 2 | 379/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1544/2017/ഹോം. | 14-6-2017 | അല്ല |
| 3 | 405/2017 | ജി.ഒ.(എംഎസ്.) നമ്പർ 138/2017/ഹോം. | 29-6-2017 | അല്ല |
| 4 | 406/2017 | ജി.ഒ.(എംഎസ്.) നമ്പർ 139/2017/ഹോം. | 29.-6-2017 | അല്ല |
| 5 | 407/2017 | ജി.ഒ.(എംഎസ്.) നമ്പർ 110/2017/ഹോം. | 29-6-2017 | അല്ല |
| 6 | 420/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1522/2017/ഹോം. | 12-6-2017 | അല്ല |
| 7 | 456/2017 | നമ്പർ വിജ്.സി13/6/2017-I/വിജ്. | 21-7-2017 | അല്ല |
| 8 | 457/2017 | നമ്പർ വിജ്.സി13/6/2017-II/വിജ്. | 21-7-2017 | അല്ല |
| 9 | 458/2017 | നമ്പർ വിജ്.സി13/6/2017-III/വിജ്. | 21-7-2017 | അല്ല |
| 10 | 459/2017 | നമ്പർ വിജ്.സി13/6/2017-IV/വിജ്. | 21-7-2017 | അല്ല |
| 11 | 460/2017 | നമ്പർ വിജ്.സി13/32/2017-I/വിജ്. | 21-7-2017 | അല്ല |
| 12 | 461/2017 | നമ്പർ വിജ്.സി13/32/2017-II/വിജ്. | 21-7-2017 | അല്ല |
| 13 | 462/2017 | നമ്പർ വിജ്.സി13/32/2017-III/വിജ്. | 21-7-2017 | അല്ല |
| 14 | 463/2017 | നമ്പർ വിജ്.സി13/32/2017-IV/വിജ്. | 21-7-2017 | അല്ല |
| 15 | 467/2017 | ജി.ഒ.(എംഎസ്) നമ്പർ 239/2017/ജിഎഡി. | 24-7-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 16 | 473/2017 | നമ്പർ 2464/സി3/2017-I/വിജ്. | 22-7-2017 | അല്ല |
| 17 | 474/2017 | നമ്പർ 2464/സി3/2017-II/വിജ്. | 22-7-2017 | അല്ല |
| 18 | 475/2017 | നമ്പർ 2464/സി3/2017-III/വിജ്. | 22-7-2017 | അല്ല |
| 19 | 476/2017 | നമ്പർ 2464/സി3/2017-IV/വിജ്. | 22-7-2017 | അല്ല |
| 20 | 488/2017 | ജി.ഒ.(എംഎസ്.) നമ്പർ 153/2017/ഹോം. | 14-7-2017 | അല്ല |
| 21 | 513/2017 | ജി.ഒ.(എംഎസ്.) നമ്പർ 6/2017/പിഎഡി. | 10-8-2017 | അല്ല |
| 22 | 514/2017 | ജി.ഒ.(എംഎസ്.) നമ്പർ 7/2017/പിഎഡി. | 10-8-2017 | അല്ല |
| 23 | 515/2017 | ജി.ഒ.(എംഎസ്.) നമ്പർ 8/2017/പിഎഡി. | 10-8-2017 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ലോകായുക്ത | 2015 | വാർഷിക സമാഹൃത റിപ്പോർട്ട് | അതെ |
| 2 | തലശ്ശേരി എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജിയുടെ കാര്യാലയം | 2016-17 | പ്രവർത്തന റിപ്പോർട്ട് | അല്ല |

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 324/2017 | ജി.ഒ. (പി) നമ്പർ 38/2017/ആർഡി. | 5-6-2017 | അല്ല |
| 2 | 431/2017 | ജി.ഒ. (പി) നമ്പർ 52/17/ആർഡി. | 10-7-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 432/2017 | ജി.ഒ. (പി) നമ്പർ 53/17/ആർഡി. | 10-7-2017 | അല്ല |
| 4 | 454/2017 | ജി.ഒ. (പി) നമ്പർ 41/17/ആർഡി. | 14-6-2017 | അല്ല |
| 5 | 471/2017 | ജി.ഒ. (പി) നമ്പർ 55/2017/ആർഡി. | 21-7-2017 | അല്ല |
| 6 | 472/2017 | ജി.ഒ. (പി) നമ്പർ 56/17/ആർഡി. | 21-7-2017 | അല്ല |

3. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ട്രാൻസ്പോർട്ട് ഡെവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് | 2012-13 | വാർഷിക റിപ്പോർട്ട് | അതെ |

4. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തിയതി | |
| 1 | 441/2017 | ജി.ഒ. (പി) നമ്പർ 90/2017/റ്റിഡി. | 19-7-2017 | അല്ല |
| 2 | 442/2017 | ജി.ഒ. (പി) നമ്പർ 91/2017/റ്റിഡി. | 19-7-2017 | അല്ല |
| 3 | 452/2017 | ജി.ഒ. (പി) നമ്പർ 88/2017/ഫിൻ. | 11-7-2017 | അല്ല |
| 4 | 470/2017 | ജി.ഒ. (പി) നമ്പർ 93/2017/ടാക്സസ്. | 27-7-2017 | അല്ല |
| 5 | 487/2017 | ജി.ഒ. (പി) നമ്പർ 94/2017/ടാക്സസ്. | 29-7-2017 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |
| 2 | നാലാമത് പൊതുവ്യയ പുനഃപരിശോധന കമ്മിറ്റി | 2014-15 | ഒന്നാമത് റിപ്പോർട്ട് | അതെ |

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കു വേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 397/2017 | ജി.ഒ. (പി) നമ്പർ 29/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 6-7-2017 | അല്ല |
| 2 | 408/2017 | ജി.ഒ. (പി) നമ്പർ 30/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 6-7-2017 | അല്ല |
| 3 | 409/2017 | ജി.ഒ. (പി) നമ്പർ 32/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 7-7-2017 | അല്ല |
| 4 | 419/2017 | ജി.ഒ. (പി) നമ്പർ 35/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 12-7-2017 | അല്ല |
| 5 | 445/2017 | ജി.ഒ. (പി) നമ്പർ 13/2017/ എസ്ജെഡി. | 21-7-2017 | അല്ല |
| 6 | 492/2017 | ജി.ഒ. (പി) നമ്പർ 43/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 3-8-2017 | അല്ല |
| 7 | 498/2017 | ജി.ഒ. (പി) നമ്പർ 44/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 4-8-2017 | അല്ല |
| 8 | 503/2017 | ജി.ഒ. (പി) നമ്പർ 47/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 10-8-2017 | അല്ല |

ii വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള വനിതാ കമ്മീഷൻ | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

6. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 428/2017 | ജി.ഒ. (പി) നമ്പർ 54/ 2017/എൽബിആർ. | 8-6-2017 | അല്ല |
| 2 | 434/2017 | ജി.ഒ. (പി) നമ്പർ 55/ 2017/എൽബിആർ. | 8-6-2017 | അല്ല |
| 3 | 451/2017 | ജി.ഒ. (പി) നമ്പർ 69/ 2017/എൽബിആർ. | 14-7-2017 | അല്ല |
| 4 | 468/2017 | ജി.ഒ. (പി) നമ്പർ 72/ 2017/എൽബിആർ. | 22-7-2017 | അല്ല |
| 5 | 469/2017 | ജി.ഒ. (പി) നമ്പർ 74/ 2017/എൽബിആർ. | 22-7-2017 | അല്ല |
| 6 | 506/2017 | ജി.ഒ. (പി) നമ്പർ 75/ 2017/എൽബിആർ. | 29-7-2017 | അല്ല |

7. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 423/2017 | ജി.ഒ. (പി) നമ്പർ 4/2017/ സിഎഡി | 11-7-2017 | അല്ല |

8. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 79/2017 | ജി.ഒ.(പി) നമ്പർ 08/2017/കോ-ഓപ്. | 23-1-2017 | അതെ |
| 2 | 438/2017 | ജി.ഒ.(പി) നമ്പർ 35/2017/കോ-ഓപ്. | 4-7-2017 | അല്ല |
| 3 | 486/2017 | ജി.ഒ.(പി) നമ്പർ 39/2017/കോ-ഓപ്. | 19-7-2017 | അല്ല |

9. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 465/2017 | സ.ഉ.(അച്ചടി) നമ്പർ 18/2017/മ.ത്സ്യ.വ. | 12-7-2017 | അല്ല |

10. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കോഴിക്കോട് സർവകലാശാല | 2016 | വാർഷിക റിപ്പോർട്ട് | അല്ല |
| 2 | കണ്ണൂർ സർവകലാശാല | 2016 | വാർഷിക റിപ്പോർട്ട് | അല്ല |
| 3 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |
| 4 | തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല | 2016-17 | വാർഷിക റിപ്പോർട്ട് | അല്ല |

11. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തിയതി | |
| 1 | 481/2017 | ജി.ഒ.(പി) നമ്പർ 39/ 2017/എൽഎസ്ജിഡി. | 16-6-2017 | അല്ല |

ലിസ്റ്റ് II- ചട്ടം 47 (2) പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 6378, അഞ്ചാം സമ്മേളനത്തിലെ 146, 1501, 1520, 2886, 2901, 2996 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2661, പതിനൊന്നാം സമ്മേളനത്തിലെ 6943 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

11-10-2011-ലുള്ള ചോദ്യത്തിനുള്ള ഉത്തരമാണ് ഞാനിപ്പോൾ മാപ്പാക്കണമെന്നു പറഞ്ഞുകൊണ്ട് കൊടുക്കുന്നത്. ഇത് എത്ര വർഷം മുൻപുള്ളതാണ്. ചോദ്യകർത്താവ് അന്ന് ശ്രീ. കെ. രാജുവാണ്. മറുപടി പറയേണ്ടത് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുമന്ത്രി. ബഹുമാനപ്പെട്ട സ്പീക്കർ ഇപ്പോൾ എല്ലാവരേയും മറുപടി കിട്ടുന്നില്ലെന്ന് പറഞ്ഞു കൊണ്ട് ശകാരിക്കുന്നുണ്ടല്ലോ. ഇത് 6 വർഷം മുൻപുള്ളതാണ്. ഇതിലൊന്ന് പിന്നോക്ക കമ്മ്യൂണിറ്റിക്ക് കൊടുക്കുന്ന ആനുകൂല്യങ്ങൾ എന്താണെന്ന് 10-7-2014-ന് ശ്രീ. പി. ഉബൈദുള്ള ചോദിച്ച ചോദ്യമാണ്. അത് ആകെ രണ്ട് മിനിട്ടുകൊണ്ട് കൊടുക്കാൻ സാധിക്കുന്ന ഉത്തരമാണ്. അതിനാണ് 3 വർഷത്തെ താമസം നേരിട്ടിരിക്കുന്നത്.

മി. സ്പീക്കർ: ഇത് തികച്ചും ഖേദകരമാണ്.

3. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 3001 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

4. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3755 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

5. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 4343, 5647 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാമസയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2947 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

ലിസ്റ്റ് III- ചട്ടം 236 (5) പ്രകാരം

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV- ആഭ്യന്തര കാര്യങ്ങൾ | 2015-16 | 5 | 21, 22 |
| | 2016-17 | 1 | 2, 3, 6 ,7, 8 ,9, 17, 18, 92, 93 |

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IX- തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും | 2015-16 | 5 | 2, 11, 12, 13, 15, 16, 17, 18 |

3. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| III- ജലവിഭവം | 2014- 15 | 4 | 31, 34, 53, 54, 55, 56, 66, 69, 72, 73,74,75 |
| | 2016-17 | 1 | 43, 47, 62, 72, 75, 80 |

4. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| I- കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും | 2016-17 | 1 | 81-86, 90-96, 99-103, 105-109, 112-115, 117, 120, 121 |

5. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI-വിദ്യാഭ്യാസം | 2016-17 | 1 | 73, 74, 75 |

6. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VII- വിദ്യാച്ഛക്തിയും തൊഴിലും തൊഴിലാളി ക്ഷേമവും | 2015-16 | 5 | 1-7, 40-42, 107 |
| VI- വിദ്യാഭ്യാസം | 2015-16 | 5 | 59 |

7. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2015-16 | 5 | 32, 42, 43, 52, 57 |
| | 2016-17 | 1 | 12, 17, 18, 20, 21, 24, 26, 27, 28, 29, 30, 32, 33, 34, 35 |

8. കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, താഴെപ്പറയുന്ന കടലാസുകൾ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIII- സാമൂഹ്യ സേവനം | 2015-16 | 5 | 33, 34 |

2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ തിരുത്തൽ സ്റ്റേറ്റുമെന്റ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, അങ്ങേയ്ക്ക് 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ തിരുത്തൽ സ്റ്റേറ്റുമെന്റ് മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 156 ക്രമനമ്പർ 52-ൽ തിരുത്തൽ വരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VI റിപ്പോർട്ട് സമർപ്പണം

1. സബ്ജക്ട് കമ്മിറ്റി XI-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

2. സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2017 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാമൂഹ്യ സേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016-17 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

3. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പന്ത്രണ്ട് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പന്ത്രണ്ട് മുതൽ പതിനഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

4. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അഞ്ചാമത് റിപ്പോർട്ട്

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

5. മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീ. സി. കെ. നാണു: സർ, മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

6. യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. റ്റി. വി. രാജേഷ്: സർ, യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII ധനകാര്യം

### 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെയും നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,33,30,000 രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,00,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,01,000 രൂപയുടെയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2013,21,91,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ശുദ്ധജല വിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,00,01,000 രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,40,00,000 രൂപയുടെയും ഗ്രാമ വികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 143,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,87,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.കെ. ബാലൻ): സർ, പട്ടികജാതി/ പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 90,00,00,000 രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,20,65,000 രൂപയുടെയും ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെയും ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,89,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 360,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമുക്ക് നഷ്ടപ്പെട്ട പലതും തിരിച്ചുപിടിക്കുവാനുള്ള ശ്രമത്തിലാണ് എൽ.ഡി.എഫ്. സർക്കാർ ഇപ്പോൾ ഏർപ്പെട്ടിട്ടുള്ളത്. 'മതനിരപേക്ഷ വികസിത കേരളം' എന്ന മുദ്രാവാക്യത്തിന്റെ വെളിച്ചത്തിൽ ഒരു പുതിയ കേരളം സൃഷ്ടിക്കുമെന്ന എൽ.ഡി.എഫിന്റെ പ്രഖ്യാപനം ഇതിന്റെ അടിസ്ഥാനത്തിലുള്ളതാണ്. 1957 വരെ നിലനിന്നിരുന്ന പല സാമൂഹിക കാലുഷ്യങ്ങളേയും ഇല്ലാതാക്കിക്കൊണ്ടാണ് ഇ.എം.എസ്. സർക്കാർ മുന്നേറിയത്. ഇന്ന് കാലവും ജീവിതവും വല്ലാതെ മാറി, ഭൗതിക ചുറ്റുപാടുകളിലും ഗൗരവതരമായ മാറ്റങ്ങൾ ഉണ്ടായി. പുതിയ പ്രശ്നങ്ങളും സങ്കീർണ്ണതകളും ഉടലെടുക്കുന്നുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് വർത്തമാന കാലത്തെ പ്രശ്നങ്ങളെയും പ്രതിസന്ധികളെയും മറികടന്ന് മുന്നേറാനുള്ള ശ്രമങ്ങളുമായാണ് ഇപ്പോഴത്തെ എൽ.ഡി.എഫ്. സർക്കാർ പ്രവർത്തിക്കുന്നത്. ഈ ലക്ഷ്യംവച്ചാണ് ഹരിതകേരളം, ആർദ്രം തുടങ്ങിയ ബൃഹത്പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. കേരളത്തിന്റെ എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങളുടെ ജീവിതമുന്നേറ്റത്തിന്റെ ഗ്രാഫ് ഉയരങ്ങളിലേയ്ക്ക് ഉയർത്തിക്കൊണ്ടുപോകുക എന്നതാണ് പദ്ധതിയുടെയെല്ലാം ആത്യന്തികലക്ഷ്യം. ഇങ്ങനെ കേരളത്തെ മൗലികമായി മാറ്റിയെടുക്കാനുള്ള ശ്രമങ്ങൾ സർക്കാരും എൽ.ഡി.എഫും നടത്തിക്കൊണ്ടിരിക്കുമ്പോൾ അങ്ങനെ ഒരു വശത്തു നിന്നും ആക്രമിക്കുന്ന സമീപനമാണ് യു.ഡി.എഫും ബി.ജെ.പി.-യും സ്വീകരിച്ചിരിക്കുന്നത്. 1959 ജൂലൈ 31-ന് ഇ.എം.എസ്. സർക്കാരിനെ പിരിച്ചുവിടാൻ കോപ്പുകൂട്ടിയവരിൽ കോൺഗ്രസ്സും മറ്റ് വലതുപക്ഷ രാഷ്ട്രീയക്കാരും പണാധിപത്യശക്തികളും ചില മതമേലദ്ധ്യക്ഷൻമാരുമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോഴത്തെ എൽ.ഡി.എഫ്.

സർക്കാരിനെതിരെ കോലാഹലമുണ്ടാക്കുന്നവരിൽ സംഘപരിവാർ ശക്തികളാൽ നിയന്ത്രിക്കപ്പെടുന്ന ബി.ജെ.പി.-യും കൂടിയുണ്ടെന്നുമാത്രം. ബി.ജെ.പി. ക്ലച്ചുപിടിക്കാത്ത ഏക സംസ്ഥാനം ഇന്ന് കേരളമാണ്. ബി.ജെ.പി. പൂഴിക്കടകൻ പ്രയോഗിച്ചിട്ടും എന്തേ കേരളത്തിൽ ഗതിപിടിക്കാത്തത്; അവരുടെ കയ്യിലിരിപ്പിന്റെ ദോഷം കൊണ്ടുമാത്രമല്ലേ? ഇവിടുത്തെ പുരോഗമന ജനാധിപത്യ മതനിരപേക്ഷ പ്രസ്ഥാനങ്ങളും അവരുടെ ഇടപെടലുകളും തകർക്കാനാകാത്തതാണ് എന്നതുകൊണ്ടുകൂടിയാണ്. ഇതിൽ എങ്ങനെയെങ്കിലും വിള്ളലുകൾ വീഴ്ത്താമോ എന്നാണ് ശ്രീ. കുമ്മനം രാജശേഖരനും ശ്രീ. ഒ. രാജഗോപാലുമൊക്കെ തലപുകഞ്ഞ് ആലോചിച്ചുകൊണ്ടിരിക്കുന്നത്. പക്ഷേ, ഒരു വഴിയും തെളിഞ്ഞുകിട്ടുന്നില്ല, അതുകൊണ്ട് എന്തുചെയ്യാനാണ്? നാട്ടിൽ അക്രമം അഴിച്ചുവിടുന്നു, അതിൽനിന്നും മുതലെടുപ്പുനടത്താൻ ശ്രമിക്കുന്നു. അക്രമം അഴിച്ചുവിട്ട് രാഷ്ട്രീയ മുതലെടുപ്പ് നടത്തുന്നതിന്റെ ഉസ്താദാണല്ലോ ബി.ജെ.പി.-യെ നയിക്കുന്നത്. പണ്ട് മുസാഫിർപൂരിലും മറ്റും നാം ഇത് കണ്ടതാണല്ലോ? അല്ലെങ്കിൽ ഒന്നാലോചിച്ചു നോക്കൂ, ശ്രീ. ജെയ്റ്റ്‌ലിക്ക് രായ്ക്കുരാമാനം പ്രത്യേക വിമാനം പിടിച്ച് ഇവിടെ പറന്നു വരേണ്ട വല്ല കാര്യവുമുണ്ടോ? പരസ്പരമുള്ള കൊല്ലും, കൊലവിളിയും മൂലം ഒരാൾ കൊല്ലപ്പെട്ടപ്പോൾ രണ്ടാംപക്കം ഡൽഹിയിൽനിന്ന് രണ്ടായിരത്തി അഞ്ഞൂറിലേറെ കിലോമീറ്റർ അകലെയുള്ള തിരുവനന്തപുരത്ത് പറന്നെത്തിയ ശ്രീ. ജെയ്റ്റ്‌ലിക്ക് പക്ഷേ ഗോരഖ്പൂർ മെഡിക്കൽ കോളേജിൽ 700-ലേറെ പിഞ്ചു കുഞ്ഞുങ്ങൾ പ്രാണവായുപോലുംകിട്ടാതെ പിടഞ്ഞുമരിക്കുന്നിടത്തേയ്ക്ക് പോകാൻ മനസ്സുവന്നില്ല. ഡൽഹിയിൽനിന്ന് കേവലം 644 കിലോമീറ്റർ മാത്രമേ ഗോരഖ്പൂരിലേയ്ക്ക് ദൂരമുള്ളൂ എന്നുകൂടി ആലോചിക്കണം. എന്നുപറഞ്ഞാൽ വെറും മുക്കാൽ മണിക്കൂർ കൊണ്ട് വിമാനത്താവളത്തിലെത്താൻ കഴിയുന്ന സ്ഥലമാണിത്, അങ്ങോട്ടൊന്ന് പോകാൻ മനസ്സുവന്നില്ലന്നെതോ പോകട്ടേ, പാവം ആ പിഞ്ചുകുഞ്ഞുങ്ങളുടെ ദുരന്തത്തിൽ ഒരിറ്റു കണ്ണീർ വീഴ്ത്താൻപോലും പ്രധാനമന്ത്രിക്കും, ബി.ജെ.പി. നേതാക്കൾക്കും കഴിഞ്ഞില്ല. നാഴികകൾക്കപ്പുറം പലവട്ടം ഭായിയോം, ബഹനോം എന്നുവിളിച്ചുകൂവുന്ന ആളാണല്ലോ നമ്മുടെ പ്രധാനമന്ത്രി. അദ്ദേഹം എന്ത് അർത്ഥത്തിലാണ് ഭായിയോം, ബഹനോം എന്നുപറയുന്നതെന്ന് ഇപ്പോൾ മനസ്സിലായില്ലേ? ശ്രീ. നരേന്ദ്ര മോദിയും, ബി.ജെ.പി.-ക്കാരും ഈ തരികിട പരിപാടികളൊക്കെ കാട്ടുമ്പോൾ കോൺഗ്രസ്സുകാർ എന്താണ് ചെയ്യുന്നത്? പണ്ട് കടമ്മനിട്ട പാടിയതുപോലെ ഈ അസംബന്ധ ങ്ങൾക്കൊക്കെ അവർക്കൊന്ന് വിയർക്കുകയെങ്കിലും ചെയ്യാൻ പാടില്ലേ? ഇല്ല, അവർക്കതിന് കഴിയുന്നില്ല. കാരണം ബി.ജെ.പി.-യോട് കോൺഗ്രസ്സിനെന്നും ഒരു സോഫ്റ്റ് കോർണർ ഉണ്ട്, അത് ബാബറിമസ്ജിദ് തകർത്തപ്പോൾ നമ്മൾ കണ്ടതാണ്. കുപ്രസിദ്ധമായ കോ-ലീ-ബി സഖ്യം അത് ബലപ്പെടുത്തിയതാണ്. പ്രവീൺ തൊഗാഡിയ കേസ്, അവർ ആവശ്യപ്പെടാതെതന്നെ പിൻവലിച്ച് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. ഉമ്മൻചാണ്ടി അതിന് അടിവര ഇട്ടിട്ടുള്ളതാണ്. അല്ലെങ്കിൽത്തന്നെ കോൺഗ്രസ്സും,

ബി.ജെ.പി.-യുമായുള്ള വ്യത്യാസം എത്ര ദുർബ്ബലമാണ്. നല്ല കഷണ്ടിയുള്ള ആളുടെ നെറ്റിയും തലയും തമ്മിലുള്ള തിരിച്ചറിയൽ, എവിടെയാണ് കാലുകുത്താൻ കഴിയുക; നന്നേ ബുദ്ധിമുട്ടല്ലേ? അതുപോലെയാണ് കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാൻ. ഇന്നത്തെ കുട്ടികൾ നാളത്തെ പൗരന്മാരെന്ന് പറയുന്നതുപോലെയാണ്, ഇന്നത്തെ കോൺഗ്രസ്സുകാർ നാളത്തെ ബി.ജെ.പി.-ക്കാരായി മാറുന്നത്. റീത്താ ബഹുഗുണയും, വിജയ് ബഹുഗുണയും മുതൽ എസ്.എം. കൃഷ്ണ വരെയുള്ള അടിയുറച്ച കോൺഗ്രസ്സുകാർ ഇപ്പോൾ എവിടെയാണെന്ന് കോൺഗ്രസ്സുകാരോട് ഞാൻ പറഞ്ഞുമനസ്സിലാക്കേണ്ട കാര്യമില്ല. ഇതാണ് കോൺഗ്രസ്സിന്റെ അവസ്ഥ. ഇനി ശ്രീ. ഉമ്മൻചാണ്ടിയും, ശ്രീ. രമേശ് ചെന്നിത്തലയുമൊക്കെ എന്നാണ് കൈത്തണ്ടയിൽ കാവി ചരട് കെട്ടിയതെന്നേ അറിയാനുള്ളൂ. കോൺഗ്രസ്സുകാർ ഇവിടെ അങ്ങനെയൊരു കാര്യവുമില്ലാതെ ബഹളംവച്ച് നടക്കുന്നതുകൊണ്ട് എന്ത് പ്രയോജനം? രാജ്യത്തിന്റെ സ്ഥിതി പോയിട്ട്, സ്വന്തം അവസ്ഥപോലും ഈ കൂട്ടർ മനസ്സിലാക്കുന്നില്ലല്ലോ? രാജ്യത്തെ 29 സംസ്ഥാനങ്ങളിൽ കോൺഗ്രസ്സ് ഭരണമുള്ള എടുത്തുപറയാവുന്ന സംസ്ഥാനം കർണ്ണാടകവും, പഞ്ചാബും മാത്രമാണ്. ബാക്കിയുള്ളത് ഹിമാചൽ പ്രദേശ്, മേഘാലയ, മിസോറാം എന്നീ സംസ്ഥാനങ്ങളും ഭരണഘടനാ പ്രദേശവുമായ പോണ്ടിച്ചേരിയുമാണ്. ഈ സംസ്ഥാനങ്ങൾ നമ്മുടെ തിരുവനന്തപുരം ജില്ലയുടെപോലും വലിപ്പമില്ലാത്തവയുമാണ്. അതുകൊണ്ട് ഞങ്ങൾ വലിയ പുള്ളികളായിരുന്നു എന്നുപറഞ്ഞ് നടന്നിട്ട് ഒരു കാര്യവുമില്ല. ആർ.എസ്.എസ്.-ഉം സംഘപരിവാറും രാജ്യത്ത് മേഞ്ഞുനടക്കുകയാണ്. പാർലമെന്റിൽ അവർക്ക് മൂന്നിൽ രണ്ട് ഭൂരിപക്ഷം ലഭിച്ചാൽ ആദ്യം ചെയ്യുന്ന നടപടി ഭരണഘടന തിരുത്തി എഴുതലായിരിക്കും. ആർ.എസ്.എസ്.-ന്റെ കീഴിൽ വരുന്ന ഒരു ഡസനിലേറെയുള്ള സംഘപരിവാർ സംഘടനകളുടെ നിലപാടുകൾ കോൺഗ്രസ് ആലോചിക്കുന്നുണ്ടോയെന്തോ! രാഷ്ട്രീയ ഹിന്ദു ആന്ദോളൻ എന്ന സംഘപരിവാർ സംഘടനയുടെ മുഖ്യ മുദ്രാവാക്യവും ആവശ്യവും ഭരണഘടനയിൽനിന്ന് സെക്യുലർ എന്ന വാക്ക് എടുത്തുകളയണം എന്നതാണ്. ഭരണഘടന മാറ്റാൻതക്ക ഭൂരിപക്ഷം ലഭിച്ചാൽ അവർ ഇത് ചെയ്യുക തന്നെ ചെയ്യും. ഇതിന്റെ തുടക്കമാണ് ഹിന്ദുത്വം, പശു, ബീഫ് എന്നൊക്കെപ്പറഞ്ഞ് ഇവിടെ ചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ ഭരണഘടനയും രാജ്യത്തിന്റെ മതനിരപേക്ഷതയും ജനങ്ങളുടെ ഐക്യവും ഭദ്രതയുമൊക്കെ കാത്തുസൂക്ഷിക്കാൻ ആർ.എസ്.എസ്.-ബി.ജെ.പി.-സംഘപരിവാർ കൂട്ടുകെട്ടുകളുടെ ഗൂഢ അജണ്ടകൾ പ്രതിരോധിക്കുകയും ചെറുത്തുതോൽപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനുകഴിയുന്ന ഏക പ്രസ്ഥാനം ഇടതുപക്ഷ മതനിരപേക്ഷ ജനാധിപത്യ പ്രസ്ഥാനമാണ്. ആ പ്രസ്ഥാനത്തിന്റെ ഊർജ്ജവും ചൈതന്യവും നിലനിൽക്കുന്ന കേരളത്തിലെ എൽ.ഡി.എഫ്. സർക്കാർ അതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിയോടെ മുന്നോട്ടുകൊണ്ടു പോകേണ്ടതായിട്ടുണ്ട്. രാജ്യത്തിന്റെതന്നെ സ്വസ്ഥമായ നിലനിൽപ്പിന് ഇത് അത്യന്താപേക്ഷിതമാണ്. അതുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. എൽദോ എബ്രഹാം: സർ, 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. കേരളത്തിൽ പതിനാല് മാസങ്ങൾക്കപ്പുറത്ത് അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ സമസ്ത മേഖലകളിലും വികസനം എത്തിച്ചുകൊണ്ടുള്ള പുത്തൻ ചുവടുവയ്പുമായി മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ ആദരണീയനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് 2016 ജൂലൈ 8-നും 2017 മാർച്ച് 3-നും അവതരിപ്പിച്ച സംസ്ഥാന ബജറ്റുകൾ കേരളീയ പൊതുസമൂഹത്തിന്റെ മനസ്സുകൾ കീഴടക്കി അവരുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതരത്തിൽ അവതരിപ്പിക്കപ്പെട്ട രണ്ടു ബജറ്റുകളായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ ധനസമാഹരണത്തിനുവേണ്ടി നിശ്ചയിച്ച കിഫ്ബിയാണ് അതിൽ അടിവരയിട്ടുപറയേണ്ടത്. കിഫ്ബി അതിന്റെ രണ്ടായിരം കോടി രൂപയുടെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചു എന്നുപറയുന്നതുതന്നെ ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നാണ്. ലോകത്തെ മികച്ച ഓട്ടക്കാരനായ ഉസൈൻ ബോൾട്ടിന്റെ കാലുകളുടെ വേഗതയാണ് യഥാർത്ഥത്തിൽ കിഫ്ബി എന്നുപറയുന്ന ധനസമാഹരണ പദ്ധതിക്കുള്ളത്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഗവൺമെന്റ് വിദ്യാഭ്യാസ-ആരോഗ്യ-കാർഷിക- വ്യവസായ-ടൂറിസം-സഹകരണ മേഖലകളിൽ കേരളത്തിലെ ജനങ്ങളാഗ്രഹിക്കുന്ന എല്ലാ വികസന പദ്ധതികളും നടപ്പിലാക്കുന്നതിനുതകുന്ന മികച്ച വികസന മാതൃകകൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഈ ഗവൺമെന്റിൽ ആരോഗ്യ വകുപ്പുമന്ത്രിയായിട്ടുള്ള ശ്രീമതി കെ. കെ. ശൈലജ ടീച്ചറും എന്തോ വലിയ കുഴപ്പം ചെയ്തു എന്നുപറഞ്ഞുകൊണ്ട് കഴിഞ്ഞ രണ്ടു ദിവസം യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ സഭ ബഹിഷ്കരിക്കുകയും സഭയുടെ മുൻവശത്ത് സത്യാഗ്രഹം ഇരിക്കുകയും ചെയ്യുകയാണ്. അവരോട് എനിക്ക് പറയുവാനുള്ളത് ഈ ഗവൺമെന്റ് വിദ്യാഭ്യാസ വാണിഭം നടത്തിയിട്ടില്ല എന്നാണ്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് വിദ്യാഭ്യാസ കച്ചവടം നടത്തുകയും സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത നിങ്ങളാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസത്തെ വാണിഭം ചെയ്തവരെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിശക്കുന്നവന്റെ വേദന അറിയുന്നവരല്ല യു.ഡി.എഫ്. ആ വേദന അറിയുന്നവർ എന്നും ഇടതുപക്ഷമാണ്. എക്കാലത്തും ഇടതുപക്ഷം പാവപ്പെട്ടവന്റെ പക്ഷം ചേർന്നിട്ടുണ്ട്. സത്യസന്ധമായ നിലയിൽ ശരിയുടെ പക്ഷം ചേർന്നുകൊണ്ട് ബുദ്ധിമുട്ട് അനുഭവിക്കുന്നവരെയും സമൂഹത്തിൽ പിന്നോക്കം നില്ക്കുന്നവരെയും പിന്നാമ്പുറങ്ങളിലേയ്ക്ക് തള്ളിനീക്കപ്പെട്ടവരെയും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പരിശ്രമമാണ് കഴിഞ്ഞ പതിനാല് മാസക്കാലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ വലിയൊരു മാറ്റം സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. സർക്കാർ സ്കൂളുകൾ ലാഭത്തിന്റെയോ നഷ്ടത്തിന്റെയോ കണക്കുകൾ പറഞ്ഞുകൊണ്ട് അടച്ചുപൂട്ടേണ്ടവയല്ല, പകരം അത്തരം

സ്കൂളുകൾക്ക് പുതുജീവൻ നല്കാൻ ശ്രമിക്കണമെന്ന പ്രഖ്യാപിത നയത്തിലൂന്നിക്കൊണ്ടുള്ള വലിയ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ ഇന്ന് നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഹൈടെക് ആക്കുന്നതിനും മികച്ച അദ്ധ്യാപനം നല്കുന്നതിനും അങ്ങനെ സ്കൂളുകളിൽ ഏറ്റവും അനുയോജ്യമായ അന്തരീക്ഷം ഒരുക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ ഇടതുപക്ഷ ഗവൺമെന്റ് നടത്തുന്നുണ്ട്. പാഠപുസ്തകം സമയത്ത് വിതരണം ചെയ്യുകയും നാലായിരത്തിലധികം അദ്ധ്യാപകരെ പുനർവിന്യസിച്ചു കൊണ്ട് തസ്തികകൾ നഷ്ടപ്പെടാതെ സ്കൂളുകളെ കൂടുതൽ മികച്ച രീതിയിൽ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങൾ സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്.

കേരളത്തിന്റെ ഇതഃപര്യന്ത്യ ചരിത്രത്തിൽ ആരോഗ്യ രംഗത്ത് ഒരു വലിയ കുതിച്ചുചാട്ടം ചുരുങ്ങിയ കാലംകൊണ്ട് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പി.എച്ച്.സി. മുതൽ സർക്കാർ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുവേണ്ടി ഈ ഗവൺമെന്റ് തുടക്കംകുറിച്ചു. പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ ഈ സർക്കാരിന് സാധിച്ചു. ഏറ്റവും അനുയോജ്യമായ നിലയിൽ 2137 തസ്തികകളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനും പുതിയതായി 1897 തസ്തികകൾ സൃഷ്ടിക്കുന്നതിനും ആരോഗ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. സാധാരണ ജനങ്ങളും പാവപ്പെട്ടവരും ചികിത്സയ്ക്കുവേണ്ടി ആശ്രയിക്കുന്ന കേരളത്തിലെ ധർമ്മാശുപത്രികളുടെ സംരക്ഷണം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഏറ്റവും അടിസ്ഥാനപരമായ വിഷയമായതിനാൽ ആ മേഖലയിൽ ഗൗരവതരമായ ഇടപെടലുകൾ സംസ്ഥാന ഗവൺമെന്റ് നടത്തുന്നുണ്ട്.

കേരളത്തിലെ റവന്യൂ വകുപ്പ് കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചു, ആറ് പുതിയ റവന്യൂ ഡിവിഷനുകൾ ആരംഭിക്കാൻ കഴിഞ്ഞു. നാല് വർഷമായി മുടങ്ങിക്കിടന്ന റീസർവ്വേ നടപടികൾ പുനരാരംഭിക്കാനും പട്ടയ വിതരണം ശക്തിപ്പെടുത്താനും കഴിഞ്ഞു. നിലം നികത്തുന്നവർക്കെതിരായി കർശന നടപടികൾ സ്വീകരിച്ചു. അത്തരം നടപടികളിലൂടെ കാർഷിക മേഖലയിൽ വലിയൊരു ഉണർവ്വുണ്ടാക്കാൻ സാധിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് എല്ലാവർക്കും വീട്, സമ്പൂർണ്ണ ശുചിത്വം തുടങ്ങിയ പദ്ധതികൾ നടപ്പാക്കി. 141 ഗ്രാമപഞ്ചായത്തുകളിൽ ജലസുഭിക്ഷ പദ്ധതി നടപ്പാക്കാൻ സാധിച്ചു. നേരത്തേ ഗ്രാമസഭകൾ ഉറങ്ങിക്കിടന്നുവെങ്കിൽ ഇപ്പോൾ ഗ്രാമസഭകൾക്ക് ജീവൻ നല്കാൻ കഴിഞ്ഞത് വലിയൊരു നേട്ടമാണ്. കഴിഞ്ഞ നാളുകളിൽ ഈ ഗവൺമെന്റ് നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി കടുത്ത വേനലായിരുന്നു. ഈ നൂറ്റാണ്ടിലെതന്നെ ഏറ്റവും വലിയ വേനലിൽ ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിനാവശ്യമായ നിരവധി പദ്ധതികൾക്ക് തുടക്കംകുറിക്കാൻ കഴിഞ്ഞു. തിരുവനന്തപുരം നഗരത്തിൽ ജലക്ഷാമം അനുഭവപ്പെട്ടപ്പോൾ നെയ്യാറിൽനിന്ന് തിരുവനന്തപുരം നഗരത്തിലേയ്ക്ക് വെള്ളമെത്തിക്കാൻ ഈ ഗവൺമെന്റെടുത്ത പരിശ്രമം ചെറുതല്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

അതുപോലെ, സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷപ്പെടുത്താൻ നടപടികൾ സ്വീകരിച്ചു. നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന പല പൊതുമേഖലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപം ചെയ്യുന്നതിന് തീരുമാനിക്കുന്ന വ്യവസായികളെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിലെ കൃഷി വകുപ്പ് 'നമ്മുടെ നെല്ല്, നമ്മുടെ അന്നം' എന്ന പദ്ധതി നടപ്പാക്കിവരികയാണ്. വരുന്ന ഒരു വർഷക്കാലം 'കേരളം' എന്ന നാമധേയത്തിന്റെ പ്രാധാന്യം മനസ്സിലാക്കി നാളികേര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതിക്ക് രൂപം കൊടുക്കുകയാണ്. കേരളത്തിന്റെ ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി അഡ്വ. വി. എസ്. സുനിൽ കുമാർ കഴിഞ്ഞ ദിവസമാണ് ചട്ടം 300 പ്രകാരം സഭയിൽ ഇക്കാര്യം അറിയിച്ചത്. തീർച്ചയായും കേരളത്തിന്റെ കാർഷിക മേഖലയിൽ ഒരു വലിയ വിപ്ലവം സൃഷ്ടിക്കാനുള്ള പദ്ധതികളുമായി മുന്നോട്ടുപോകുകയാണ്. ശ്രീ. കെ. എം. മാണി സാറിനെപ്പോലുള്ള ആളുകൾ സഭയിൽ യാതൊരു പ്രസക്തിയുമില്ലാത്ത അടിയന്തരപ്രമേയവുമായി വന്നപ്പോൾ കേന്ദ്രം എന്തു ചെയ്തു എന്നതിനെ സംബന്ധിച്ച് അദ്ദേഹം വിശദീകരിക്കാതെ വിഷയത്തിൽ നിന്ന് ഒളിച്ചോടുന്നത് സഭ ശ്രദ്ധിക്കുകയുണ്ടായി. ഇത്തരം നാടകങ്ങൾ തീർച്ചയായും കേരളത്തിലെ പൊതുസമൂഹം ശ്രദ്ധിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട നേതാവും കക്ഷികളും ഓർത്താൽ നല്ലതാണെന്നാണ് എനിക്ക് പറയുവാനുള്ളത്.

കേരളത്തിന്റെ സഹകരണ മേഖല ഇന്നുവരെ ഉണ്ടാകാത്ത നിലയിൽ പ്രതിസന്ധി നേരിട്ടു. നമ്മുടെ രാജ്യത്തെ ഭരണകൂടം നോട്ടുനിരോധനം കൊണ്ടുവന്നപ്പോൾ ആ നോട്ടുനിരോധനത്തെ മറികടക്കാൻ, പ്രതിസന്ധികളെ അതിജീവിക്കാൻ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് കഴിഞ്ഞത് ജനങ്ങൾക്കൊപ്പം നിൽക്കുന്നു, ജനങ്ങളുടെ പിന്തുണ ലഭ്യമാകുന്നു എന്നുള്ളതുകൊണ്ടുതന്നെയാണ്.

'ക്ഷീര ഗ്രാമം പദ്ധതി' തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ നടപ്പാക്കി. പാലുല്പാദനത്തിന്റെ കാര്യത്തിൽ സംസ്ഥാനത്ത് സ്വയംപര്യാപ്തത ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നു. പച്ചക്കറിയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തമായ ഒരു കേരളത്തെ സൃഷ്ടിക്കുവാൻ നമുക്ക് കഴിയണം. അതിന് അനുയോജ്യമായ പദ്ധതികൾ സൃഷ്ടിക്കാൻ കഴിയുന്നു എന്നുള്ളത് ഈ സർക്കാരിന്റെ നേട്ടമാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരെ ഉൾപ്പെടുത്തിക്കൊണ്ട് ഒട്ടനവധി പദ്ധതികൾ സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ട്. 'ഗോത്രസാരഥി' പദ്ധതി മുഖേന 12831 വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം നൽകാൻ കഴിഞ്ഞു. വീടില്ലാത്തവർക്ക് വീട് നൽകുവാനും സ്ഥലമില്ലാത്തവർക്ക് സ്ഥലം നൽകുവാനും കഴിഞ്ഞു. 23073 പേർക്ക് ചികിത്സാ ധനസഹായവും 10523 പേർക്ക് വിവാഹ ധനസഹായവും നൽകാൻ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള വകുപ്പിന്റെ മികച്ച പ്രവർത്തനത്തിലൂടെ കഴിഞ്ഞു എന്നത് നമുക്ക് വിസ്മരിക്കാൻ കഴിയുന്ന കാര്യമല്ല.

1960-കളിൽ നമ്മുടെ ലോക ഫുട്ബോളിന്റെ ഉന്നതങ്ങളിലേയ്ക്ക് നടന്നു നീങ്ങിയ പെലെയെപ്പോലെയും 1980-കളിൽ ലോക ഫുട്ബോൾ വിസ്മയം തീർത്ത മറഡോണയെ പോലെയും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് യഥേഷ്ടം ജനങ്ങൾക്കൊപ്പം നിന്നുകൊണ്ട് ജനങ്ങൾക്കുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്ന ജനങ്ങളുടെ അടിസ്ഥാന പ്രശ്നങ്ങൾക്ക് തീരുമാനമുണ്ടാക്കുന്ന ഈ ഗവൺമെന്റ് ഏറെ കരുത്തോടുകൂടി കേരളത്തിന്റെ ബഹുമാന്യനായ മുഖ്യമന്ത്രി സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ നിശ്ചയദാർഢ്യത്തോടുകൂടി, സത്യസന്ധമായി, ശരിക്കൊപ്പം നിന്നു കൊണ്ട്, വികസന വഴിയിലൂടെ അഴിമതി രഹിതമായ ഭരണം ധീരതയോടുകൂടി നയിക്കുന്നതാണ് കേരളത്തിലെ മൂന്നര കോടിയോളം വരുന്ന ജനങ്ങൾ ദർശിച്ചു കൊണ്ടിരിക്കുന്നത്. തീർച്ചയായും ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്നു. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രതിപക്ഷത്തിനുൾപ്പെടെ പ്രകീർത്തിച്ചു പറയുവാൻ വാക്കുകളില്ലാത്ത അവസ്ഥയാണ്. പ്രതിപക്ഷം പലപ്പോഴും സഭയിൽ ഉന്നയിക്കുന്ന ആരോപണങ്ങൾ ജല്പനങ്ങൾ മാത്രമായി മാറുകയാണ്. പ്രതിപക്ഷത്തിന്റെ പ്രതികരണങ്ങൾ കേരളീയ പൊതുസമൂഹത്തെ വെല്ലുവിളിക്കുന്ന നിലയിലേയ്ക്ക് പോകുമ്പോൾ, കേരള രാഷ്ട്രീയത്തിന്റെ ഭൂമികയിൽ യു.ഡി.എഫ്.-ന് ഇനി ഇടമില്ലെന്ന് പ്രഖ്യാപിക്കുവാനാണ് ഈ അവസരം ഉപയോഗപ്പെടുത്തുന്നത്. ഈ ഉപധനാഭ്യർത്ഥനയെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സി. കെ. നാണു : സർ, ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ സംസ്ഥാനം വിദ്യാഭ്യാസത്തിലും മറ്റ് മേഖലകളിലും ഇതര സംസ്ഥാനങ്ങളെക്കാൾ വളരെ മുന്നിലാണ്. നമ്മുടെ നാട്ടിലെ പട്ടികജാതി/പട്ടികവർഗ്ഗത്തിലുള്ളവരെ സമൂഹത്തിലുള്ള മറ്റ് ജനവിഭാഗങ്ങളോടൊപ്പം മുന്നോട്ടുനയിക്കുന്ന കാര്യത്തിൽ വിജയിച്ചിരുന്നില്ല എന്നത് ഒരു പോരായ്മയായിരുന്നു. ബഹുമാനപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രി ഈ വിഭാഗത്തിലുള്ളവരെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ ഫലപ്രദമായ നടപടികൾ ആസൂത്രണം ചെയ്തുവരികയാണ്. ഈ സർക്കാർ അഞ്ചുവർഷം പൂർത്തിയാക്കുമ്പോൾ കേരളത്തിലെ പട്ടികജാതി/ ട്ടികവർഗ്ഗ വിഭാഗത്തിലുള്ളവരെ ഇന്ത്യയ്ക്ക് മാതൃകയാകുന്ന രൂപത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുമെന്ന് അഭിമാനത്തോടുകൂടി പറയുവാൻ ആഗ്രഹിക്കുകയാണ്.

കാർഷിക മേഖലയുടെ മാത്രമല്ല മറ്റെല്ലാ മേഖലകളുടെയും അടിസ്ഥാനപരമായ ഘടകമാകേണ്ടത് ജലസേചനമാണ്. വരൾച്ചയുണ്ടാകുമ്പോൾ കേരളത്തിന്റെ എല്ലാ ഭാഗത്തുമുള്ള കൃഷിയുടെ വളർച്ചയ്ക്കുവേണ്ടിയും കുടിവെള്ളത്തിനുമാവശ്യമായ കുടിവെള്ള പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചു എന്നത് ശ്രദ്ധേയമാണ്.

ഇൻഡ്യയിൽ ഭൂരിപക്ഷംവരുന്ന പിന്നോക്ക വിഭാഗത്തിലുള്ളവർക്കും പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കുമെതിരായ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇൻഡ്യയിലെ ജനങ്ങളെ അടിമകളാക്കിയത് ബഹുഭൂരിപക്ഷവും ഇവിടെയുള്ള ജാതി വ്യവസ്ഥയാണ്, അല്ലാതെ ബ്രിട്ടീഷുകാരല്ല എന്നാണ് മഹാത്മാഗാന്ധി ബ്രിട്ടീഷുകാർക്ക് എതിരായി സമരം നടത്തിയ സമയത്ത് അഭിപ്രായപ്പെട്ടത്. ജാതിവ്യവസ്ഥയിൽ നിന്ന് നമ്മുടെ രാജ്യത്തെ മോചിപ്പിക്കാനുള്ള സമരങ്ങൾ സ്വാതന്ത്ര്യ സമരകാലത്ത് നടന്നിട്ടുണ്ട്. മഹാത്മാഗാന്ധിയും ശ്രീനാരായണ ഗുരുദേവനും പങ്കെടുത്ത വൈക്കം സത്യാഗ്രഹവും ഗുരുവായൂർ സത്യാഗ്രഹവും ഒരു വർഷത്തോളം നീണ്ടുനിന്ന സമരങ്ങളായിരുന്നു. അതിനെ നേരിട്ടത് മറ്റ് ജാതിയിൽപ്പെട്ടവരും മതത്തിൽപ്പെട്ടവരുമാണ്. ക്ഷേത്രത്തിനകത്ത് പിന്നോക്കക്കാരൻ കടക്കുന്നതിനെ തടുത്തുനിർത്തിയ ഒരു വിഭാഗമുണ്ടായിരുന്നു. അതിനെതിരെ ഒരു വർഷത്തിലധികം ഏറ്റുമുട്ടി. മൊറാർജി ഗവൺമെന്റിൽ അംഗമായിരുന്ന രാജ്നാരായണന്റെ നേതൃത്വത്തിൽ കാശി വിശ്വനാഥ ക്ഷേത്രത്തിൽ പിന്നോക്ക സമുദായത്തിലെ ആളുകൾ കടക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നടത്തിയ പോരാട്ടത്തിന്റെ ഫലമായാണ് കാശി വിശ്വനാഥ ക്ഷേത്രത്തിൽ പിന്നോക്ക വിഭാഗത്തിലെ ആളുകൾക്ക് പ്രവേശിക്കാൻ സാധിച്ചത്. സ്വാതന്ത്ര്യ സമരക്കാലത്ത് നടന്ന പോരാട്ടത്തിന്റെ ഭാഗമായി ഇൻഡ്യയുടെ പല ഭാഗത്തും ഭൂരിപക്ഷം സമുദായത്തിനും ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള അവകാശത്തിനു വേണ്ടിയുള്ള പോരാട്ടം നടത്തിയിരുന്നു. ഇന്ന് ഇക്കാര്യത്തിൽ നാം ഭയപ്പെടേണ്ടിയിരിക്കുന്നു. ക്ഷേത്ര പ്രവേശനവുമായി ബന്ധപ്പെട്ട് സമരം നടന്ന കാലഘട്ടത്തിൽ ശ്രീനാരായണ ഗുരുദേവന്റെ നേതൃത്വത്തിൽത്തന്നെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർ ക്ഷേത്രത്തിൽ പൂജകൾ നടത്താനും തന്ത്രികളാകാനുമുള്ള പരിശീലനങ്ങൾ നടത്തിയിട്ടുണ്ട്. ക്ഷേത്രത്തിൽ തന്ത്രികളാകാനും പൂജകൾ നടത്താനുമുള്ള അധികാരം ഞങ്ങൾക്ക് മാത്രമാണെന്നാണ് ഇപ്പോൾ പറയുന്നത്. പഴയകാലത്ത് ക്ഷേത്രങ്ങളെ കൈവശംവയ്ക്കുകയും പിന്നോക്ക വിഭാഗക്കാരെ ക്ഷേത്രങ്ങളിൽ പ്രവേശിപ്പിക്കാതിരിക്കുകയും ചെയ്ത വിഭാഗത്തിലുള്ളവർ വീണ്ടും സജീവമായി ഞങ്ങളാണ് ഇതിന്റെ ആളുകൾ എന്നു പറയാൻ സാധിക്കുന്നത് ദേശീയ സ്വാധീനമുള്ള ഒരു ശക്തി നിയന്ത്രിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്. സാധാരണക്കാരായ ആളുകൾ ഇത് കാണേണ്ടതാണ്. സ്വാതന്ത്ര്യസമരക്കാലത്ത് നടന്നതുപോലെ പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിലുള്ള ജനങ്ങളുടെ അവകാശങ്ങൾ അവരിൽനിന്ന് കവർന്നെടുക്കാനുള്ള തന്ത്രപരമായ, ഗൂഢപരമായ നീക്കം നടക്കുന്നു എന്ന് മനസ്സിലാക്കികൊണ്ട് അതിനെ രക്ഷിക്കാനുള്ള നടപടികളിലേയ്ക്ക് ഫലപ്രദമായി മാറേണ്ട ഒരു ദൗത്യംകൂടി ദൗർഭാഗ്യത്തിന് നമ്മൾ ഏറ്റെടുക്കേണ്ടി വന്നിരിക്കുന്നു എന്നുപറഞ്ഞുകൊണ്ട് ഈ ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, 2976 കോടി രൂപയുടെ ഉപധനാഭ്യർത്ഥനയാണ് സഭ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്നത്. മുൻ യു.ഡി.എഫ്. സർക്കാരിന്റെ അവസാന വർഷമായ 2015-16 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ റവന്യൂ കമ്മി 9656 കോടി രൂപയായിരുന്നു. ധനകമ്മി 17818 കോടി രൂപയായിരുന്നു. ആ സ്ഥാനത്ത് എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യവർഷം 2016-17 സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി 13935 കോടി രൂപയും ധനകമ്മി 23460 കോടി രൂപയുമായി വർദ്ധിച്ചു. വർദ്ധനനിരക്ക് 44.3-ഉം 31.6-ഉം ശതമാനവുമാണ്. നടപ്പുസാമ്പത്തിക വർഷം 2016-17-ൽ നിർദ്ദേശിച്ചിരിക്കുന്ന റവന്യൂ കമ്മി 16043 കോടി രൂപയാണ്. ധനകമ്മി 25756 കോടി രൂപയാണ്. 2015-16 സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി വാർഷിക വരുമാനത്തിന്റെ 1.64 ശതമാനവും ധനകമ്മി 3.03 ശതമാനവും ആയിരുന്നു. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യവർഷമായ 2016-17 സാമ്പത്തിക വർഷത്തിൽ റവന്യൂ കമ്മി 2.1 ശതമാനവും ധനകമ്മി 3.54 ശതമാനവുമാണ്. നടപ്പു വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള റവന്യൂ കമ്മിയും ധനകമ്മിയും സംസ്ഥാന വരുമാനത്തിന്റെ 2.14 ശതമാനവും 3.44 ശതമാനവുമായി വർദ്ധിച്ചിരിക്കുകയാണ്. സപ്ലിമെന്ററി ഡിമാന്റ് കൂടിയാകുമ്പോൾ ഇത് ഇനിയും വർദ്ധിക്കും. ഇത് സംസ്ഥാന നിയമസഭ പാസ്സാക്കിയ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ടിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുരൂപമായിട്ടുള്ളതല്ല. ധനക്കമ്മി ജി.ഡി.പി.-യുടെ മൂന്ന് ശതമാനത്തിൽ ഒതുക്കി നിറുത്തണമെന്നതാണ് അതിലെ വ്യവസ്ഥ. അപ്രകാരം ഒതുക്കി നിറുത്തിയില്ലെങ്കിൽ പതിനാലാം ധനകാര്യ കമ്മീഷൻ കടനിവാരണത്തിനായി നിർദ്ദേശിച്ചിരിക്കുന്ന ഡെഡ് റിലീഫ് ഫണ്ടിൽ നിന്നുള്ള ഷെയർ നമുക്ക് ലഭിക്കാൻ ഇടയില്ല. യു.ഡി.എഫ്.-ന്റെ കാലഘട്ടത്തെക്കാൾ മൂന്നിരട്ടി ധനസഹായം ലഭിച്ചിട്ടും റവന്യൂ കമ്മി ഉയർന്നു നിൽക്കുന്നതിന് എന്ത് ന്യായീകരണമാണെന്ന് എനിക്ക് അറിഞ്ഞുകൂടാ. എക്സ്പെൻഡിച്ചർ വർദ്ധിച്ചിട്ടുണ്ടെന്ന കാരണമായിരിക്കും ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. എന്നാൽ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ വർദ്ധിച്ചിട്ടില്ല. 2507 കോടി രൂപ എക്സ്പെൻഡിച്ചറിൽ 107 കോടി രൂപ മാത്രമാണ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ. കാര്യമായ രീതിയിൽ പുതിയ പദ്ധതികൾ നടപ്പാക്കിയിട്ടുമില്ല. ഈ സ്ഥിതിക്ക് കൂടുതൽ ചെലവ് ഏറ്റെടുക്കുന്നതിലൂടെ സംസ്ഥാന ധനകാര്യ മാനേജ്മെന്റ് കൂടുതൽ താളം തെറ്റുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം കണക്കാക്കിയിട്ടുള്ള അധികച്ചെലവ് 19601 കോടി രൂപയാണ്. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രധാന വകുപ്പുകൾക്കുള്ള ബജറ്റ് വിഹിതം നാമമാത്രമാണ്. ഉദാഹരണമായി, കാർഷിക മേഖല 1544 കോടി രൂപ, പൊതുജനാരോഗ്യം 6834 കോടി രൂപ എന്നിങ്ങനെയാണ് ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. ആരോഗ്യ മേഖലയ്ക്ക്

ബജറ്റിൽ വകയിരുത്തിയിരിക്കുന്ന തുച്ഛമായ തുക വർദ്ധിപ്പിക്കുവാൻ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം. നികുതി വരുമാന സമാഹരണത്തിൽ കേരളം പിന്നോട്ടുപോയി. ജി.എസ്.ടി. നടപ്പാക്കിയതോടുകൂടി കേരളം ഒഴികെ മറ്റ് എല്ലാ സംസ്ഥാനങ്ങളുടെയും വരുമാനവും നികുതിപിരിവും വർദ്ധിക്കുകയുണ്ടായി. അത്യാവശ്യ ഉപഭോക്തൃവസ്തുക്കളുടെ വില കുറയുകയും ചെയ്തു. എന്നാൽ കേരളത്തിന്റെ സ്ഥിതി വിഭിന്നമാണ്. ജി.എസ്.ടി. വന്നാലും വില കുറയില്ല എന്ന് ധനകാര്യ വകുപ്പുമന്ത്രി നേരത്തെ നടത്തിയ പ്രസ്താവന ദൂരവ്യാപകമായ ദൂഷ്യങ്ങൾ ഉളവാക്കുകയും ചെയ്തു. നികുതി പിരിവിൽ വർദ്ധനവ് ഉണ്ടാകാത്തതിന്റെ പ്രധാന കാരണം കെടുകാര്യസ്ഥതയും അഴിമതിയുമാണ്. കോഴി ഉൾപ്പെടെയുള്ള അസംസ്കൃത മാംസത്തിന് ജി.എസ്.ടി. വരുന്നതിനുമുമ്പ് 14.5 ശതമാനമായിരുന്ന നികുതി. ജി.എസ്.ടി. വന്നതോടുകൂടി ഈ നികുതി പൂർണ്ണമായും പിൻവലിക്കപ്പെട്ടെങ്കിലും കേരളത്തിൽ വിലകുറഞ്ഞില്ല, ഉപഭോക്താക്കൾക്ക് നികുതി ഇളവിന്റെ ഗുണം ലഭ്യമായില്ല. നികുതിപിരിവ് രംഗത്തെ അഴിമതി ഗൗരവതരമാണ്. 19-8-2017-ന് പുലർച്ചെ ഗോപാലപുരം ചെക്ക് പോസ്റ്റിൽ നടത്തിയ വിജിലൻസ് പരിശോധനയിൽ, നികുതി ഉദ്യോഗസ്ഥരുടെ ഏജന്റായി പ്രവർത്തിക്കുന്ന ഒരാളിൽ നിന്നും ആറ് മണിക്കൂർ നേരംകൊണ്ട് 83,000 രൂപ പിരിച്ചെടുത്തു. ബാലരാമപുരത്ത് ഇന്ന് ഇത്തരത്തിലുള്ള ആറ് ഏജന്റുമാർ പ്രവർത്തിക്കുന്നുണ്ടെന്നാണ് വിജിലൻസ് റിപ്പോർട്ട്. ആറ് മണിക്കൂർകൊണ്ട് ഒരു ഏജന്റ് സമാഹരിച്ച കൈക്കൂലിയുടെ അടിസ്ഥാനത്തിൽ ഈ ആറ് ഏജന്റുമാർ പ്രതിദിനം 20 ലക്ഷം രൂപ ഗോപാലപുരം ചെക്ക്പോസ്റ്റിൽനിന്നുമാത്രം സമാഹരിക്കുന്നുവെന്നാണ് വിജിലൻസ് റിപ്പോർട്ട്. അതേസമയം സർക്കാർ ഖജനാവിലേയ്ക്ക് എത്തുന്നതാകട്ടെ പ്രതിദിനം ഏകദേശം ഒരു ലക്ഷം രൂപ മാത്രമാണ്. ഏജന്റുമാർ വഴി വാങ്ങുന്ന കൈക്കൂലിയിലൂടെ മാത്രം പ്രതിദിനം പ്രസ്തുത ചെക്ക്പോസ്റ്റിൽ വെട്ടിക്കപ്പെടുന്ന നികുതി 67 ലക്ഷം രൂപയാണ്. നികുതി പിരിവ് രംഗത്തെ ഈ കെടുകാര്യസ്ഥതയ്ക്കും അഴിമതിക്കും അന്ത്യംകുറിക്കാതെ ജി.എസ്.ടി.യുടെ ഗുണഫലങ്ങൾ ജനങ്ങൾക്കോ ഖജനാവിനോ ലഭിക്കുകയില്ല. ഇതിന് നിശ്ചയദാർഢ്യത്തോടെയുള്ള നടപടികളാണ് ആവശ്യം. ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കഴിഞ്ഞ ഒന്നേകാൽ വർഷംകൊണ്ട് അഴിമതി രഹിതമായ അടുക്കും ചിട്ടയുമുള്ള ഒരു ക്ഷേമഭരണം കാഴ്ചവച്ച സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ്. സർക്കാർ ഇന്ത്യയ്ക്കാകെ മാതൃകയാവുകയാണ്. അധാർമ്മികവും അവമതിപ്പും ഉളവാക്കുന്നതായ പഞ്ചവർഷ യു.ഡി.എഫ്. ഭരണവുമായി താരതമ്യം ചെയ്യുമ്പോൾ ഈ സർക്കാർ എല്ലാ മേഖലയിലും നല്ല റെക്കോർഡാണ് സൃഷ്ടിച്ചിട്ടുള്ളത്. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ വികസനവും ക്ഷേമവും ലക്ഷ്യമാക്കി 35

ഇനപരിപാടികൾ മുന്നോട്ടുവച്ചിരുന്നു. പ്രഖ്യാപിച്ച പരിപാടികൾ നടപ്പിലാക്കുന്നതിലും ഉയർന്നുവരുന്ന ജനാഭിപ്രായങ്ങൾ ഉൾക്കൊള്ളുന്നതിലും പിണറായി സർക്കാർ നല്ല മാതൃക തീർത്താണ് മുന്നോട്ടുപോകുന്നത്.

ഒരു വർഷത്തിനിടയിൽ 213745 പേർക്ക് തൊഴിൽ നൽകിയ സർക്കാരാണിത്. ആധുനിക വ്യവസായ മേഖലയിൽ വൈകാതെ പൂർത്തിയാകുന്ന പദ്ധതികളിൽ മാത്രം 458000 പേർക്ക് തൊഴിൽ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഒരു വർഷംകൊണ്ട് പി.എസ്.സി. വഴി മാത്രം 36047 പേർക്ക് നിയമനം നൽകി. 3700 തസ്തികകൾ പുതുതായി സൃഷ്ടിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി 7964 പേർക്ക് തൊഴിൽ നൽകുകയുണ്ടായി. നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കാൻ 14 ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ ആരംഭിച്ചു. ടൂറിസം മേഖലയിൽ മുന്തിയ പരിഗണനയാണ് ഈ സർക്കാർ നൽകുന്നത്. കേരളത്തിൽ 12 ലക്ഷം വിദേശ ടൂറിസ്റ്റുകൾ വരുന്നുവെന്നാണ് കണക്ക്. ഇത് അഞ്ചുവർഷംകൊണ്ട് 24 ലക്ഷമായി ഉയർത്തുന്നതിന് ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിരിക്കുന്നു. കഴിഞ്ഞ വർഷം 1038419 വിദേശ ടൂറിസ്റ്റുകൾ നമ്മുടെ സംസ്ഥാനത്ത് വരികയുണ്ടായി.

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അഞ്ചുവർഷക്കാലം വലിയ നഷ്ടമാണ് പൊതുസ്ഥാപനങ്ങൾ ഉണ്ടാക്കിയത് എങ്കിൽ അതിൽനിന്നും വ്യത്യസ്തമായൊരു ചിത്രമാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നൽകുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 131.60 കോടി രൂപ ആയിരുന്നത് 2016-17 സാമ്പത്തിക വർഷത്തിൽ 71.34 കോടി രൂപയായി കുറയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നാണ് ഏറ്റവും പ്രധാനപ്പെട്ട സംഗതി. 2016-17 സാമ്പത്തിക വർഷത്തിൽ 13 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുകയുണ്ടായി. 2017-18-ലെ ബജറ്റിൽ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനായി 270 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്.

ഈ സർക്കാർ വികസന പദ്ധതികൾക്ക് അർഹിക്കുന്ന പരിഗണനയാണ് നൽകിയിട്ടുള്ളത്. പ്രകൃതിവാതക പൈപ്പ്ലൈൻ പദ്ധതി പുനരുജ്ജീവിപ്പിച്ചു. 503 കിലോമീറ്റർ ദൂരത്തിൽ 453 കിലോമീറ്റർ ഭൂവിനിയോഗാവകാശം പൂർത്തിയായി. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോഴിക്കോട് ജില്ലയിൽ ഒരു കിലോ മീറ്റർ ഭൂമിപോലും ഏറ്റെടുത്തിരുന്നില്ല. എന്നാൽ 80 കിലോമീറ്ററിൽ 70 കിലോ മീറ്ററിന്റെ നഷ്ടപരിഹാര സംഖ്യ തിട്ടപ്പെടുത്തുകയുണ്ടായി.

കാർഷിക മേഖലയിൽ നൂതനമായ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചി രിക്കുകയാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കാൻ എല്ലാ ജില്ലകളിലും അഗ്രോ പാർക്കുകൾ സ്ഥാപിച്ചു. തൃശ്ശൂരിൽ സംയോജിത രീതിയിൽ സ്റ്റാർട്ട് അപ്പ് വില്ലേജുകൾ ആരംഭിച്ചു. മുൻ സർക്കാർ വരുത്തിയ 22 മാസത്തെ കർഷക പെൻഷൻ

കുടിശ്ശികയിൽ 151.4 കോടി രൂപ വിതരണം ചെയ്യുകയുണ്ടായി. വരൾച്ചയുടെ പശ്ചാത്തലത്തിൽ, നേരത്തെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം ഈ സർക്കാർ പ്രഖ്യാപിക്കുകയുണ്ടായി. ചരിത്രത്തിൽ ആദ്യമായി പച്ചക്കറി സംഭരണത്തിന് കർഷകർക്ക് ഇൻസെന്റീവ് നൽകുകയുണ്ടായി. തരിശ്ശിടങ്ങളിൽ കൃഷിയിറക്കുന്നതിനു വേണ്ടിയുള്ള വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുകയാണ്. കാർഷിക മേഖലയിൽ നവോന്മേഷം നൽകുന്നതിനുള്ള പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കുന്നു. വൻകിട പദ്ധതികൾ വളരെ വേഗത്തിൽ പൂർത്തീകരിക്കുന്നതിന് സർക്കാർ പദ്ധതി തയ്യാറാക്കുകയാണ്.

വിഴിഞ്ഞം ഹാർബർ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയാണ്. അഴീക്കൽ ചെറുകിട തുറമുഖം, ബേപ്പൂർ, പൊന്നാനി, തങ്കശ്ശേരി തുടങ്ങിയ തുറമുഖങ്ങളുടെ പണികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കണ്ണൂർ വിമാനത്താവളം നാലായിരം മീറ്ററായി റൺവേ പ്രഖ്യാപിച്ചതോടെ ഇന്ത്യയിലെ നാലാമത്തെ വലിയ എയർപോർട്ട് ആയി മാറുകയാണ്. അതിന്റെ ഭൂമി ഏറ്റെടുക്കൽ അവസാനഘട്ടത്തിലാണ്.

കൊച്ചി മെട്രോ ആദ്യഘട്ടം ഉദ്ഘാടനം ചെയ്യാൻ സാധിച്ചു. മഹാരാജാസ് വരെയുള്ളതിന്റെ പണി വളരെവേഗം പുരോഗമിക്കുകയാണ്. സ്മാർട്ട് സിറ്റി 2021-ൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വൈദ്യുതി രംഗത്ത്, ജലദൗർലഭ്യം നേരിട്ട സമയത്തും നല്ല മാനേജ്മെന്റിലൂടെ മാതൃകാപരമായി അതിനെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. വിവിധ ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ, പതങ്കയം, പെരുന്തേനരുവി എന്നീ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുകയുണ്ടായി.

11.30 AM ]

ഭക്ഷ്യസുരക്ഷയുടെ രംഗത്തും ഈ ഗവൺമെന്റിന് നല്ല രീതിയിൽ മുന്നേറ്റം നടത്താൻ കഴിഞ്ഞിട്ടുണ്ട്. മത്സ്യമേഖലയിൽ തീരപ്രദേശത്ത് ആകർഷകമായ ജനക്ഷേമകരമായ പദ്ധതികൾ നടപ്പിലാക്കുന്നു. സംസ്ഥാനത്തെ വികസനത്തിന് കഴിയുന്ന തരത്തിലുള്ള വിവിധ മിഷനുകൾ-ഹരിതകേരളം മിഷൻ, ലൈഫ് മിഷൻ, ആർദ്രം പദ്ധതി, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നിവയെല്ലാം നല്ല രീതിയിൽ നടപ്പിലാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നു എന്നത് മറ്റ് ഗവൺമെന്റുകളിൽ നിന്ന് ഈ ഗവൺമെന്റിനെ വ്യത്യസ്തമാക്കുന്നു. കേവലമായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ ഈ ഗവൺമെന്റിനെതിരായി സമരം നടത്തുന്നു എന്നല്ലാതെ യു.ഡി.എഫ്. ഭരിച്ചിരുന്ന 5 വർഷക്കാലം അവർക്ക് ഫലപ്രദമായി എന്ത് ചെയ്യാൻ

കഴിഞ്ഞുവെന്ന് പറയാനോ ഈ ഗവൺമെന്റിനെതിരായി ഏതെങ്കിലും തരത്തിലുള്ള വസ്തുതാപരമായ കാര്യങ്ങൾ മുന്നോട്ടുവയ്ക്കുന്നതിനോ അവർക്ക് കഴിയുന്നില്ല. കോടതിയുടെ ഒരു പരാമർശമായി ഇന്ന് മാധ്യമങ്ങളിൽ വന്ന ഒരു കാര്യം - കോടതി നീതിന്യായ ചരിത്രത്തിൽ അതിന്റെ അധികാര പരിധികൾക്കകത്തുനിന്നുകൊണ്ട് നടത്തുന്ന വിധികൾ സ്വാഗതാർഹമായ കാര്യമാണ്. പക്ഷേ ഹൈക്കോടതിയുടെ പരാമർശമായി മാധ്യമങ്ങളിൽ വന്ന "ഇതൊരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റാണോ" എന്നൊക്കെയുള്ള ചോദ്യങ്ങൾ കോടതിയുടെതന്നെ അധികാര പരിധിയിലുള്ള കാര്യങ്ങളാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. അത്തരം കാര്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ഈ ഗവൺമെന്റിനെതിരായി പറയുകയെന്നതല്ലാതെ വസ്തുതാപരമായ ഒരു കാര്യവും യു.ഡി.എഫ്.-ന് പറയാനില്ല എന്നതാണ് സത്യം. നമ്മുടെ സംസ്ഥാനത്തെ വർഗ്ഗീയ വിഭജനത്തിലേയ്ക്ക് നയിക്കാൻ ശ്രമിക്കുന്ന ഭാരതീയ ജനതാ പാർട്ടി, അവർ സ്വയം കുഴിച്ച കുഴിയിൽ വീണിരിക്കുകയാണ്. വർക്കല എസ്.ആർ. മെഡിക്കൽ കോളേജിന് അംഗീകാരം നേടാൻ 5.6 കോടി രൂപ കോഴ വാങ്ങിയതുമായി ബന്ധപ്പെട്ട് ശ്രീ. ഷാജി, ബി.ജെ.പി. സംസ്ഥാന പ്രസിഡന്റിന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയിരുന്നു. പക്ഷേ ഇപ്പോൾ ശ്രീ. കുമ്മനം രാജശേഖരൻ പറയുന്നത്, അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല, എല്ലാം മായയാണെന്നാണ്.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, അങ്ങ് കോടതി വിധിയെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. കോടതി ഇന്നലെ കേസ് വാദിക്കുന്ന സന്ദർഭത്തിൽ ഇങ്ങനെയൊരു പരാമർശമേ നടത്തിയിട്ടില്ലെന്നും പത്രമാധ്യമങ്ങൾ ഗവൺമെന്റിനെതിരെ നടത്തുന്ന പ്രചരണങ്ങളാണ് ഇത്തരത്തിൽ വരുത്തിത്തീർത്തതെന്നുമുള്ള ഒരു വാദഗതി കേൾക്കുന്നുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് നമ്മൾ കോടതി മുറികളിൽ പോകുന്നില്ല, മാധ്യമങ്ങളിൽ വരുന്ന വാർത്തയെ ആശ്രയിക്കാനേ മാർഗ്ഗമുള്ളൂ. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഇക്കാര്യം പറഞ്ഞത്. മാധ്യമങ്ങളിൽ വന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിനെ സംബന്ധിച്ച് അത്തരത്തിലൊരു പരാമർശം നടത്താൻ ഈ കോടതിക്കുതന്നെ അധികാരമുണ്ടോ എന്ന ചോദ്യമാണ് പ്രസക്തമായിട്ടുള്ളത്. ഭാരതീയ ജനതാ പാർട്ടിയുടെ കേരളത്തിലെ സ്ഥിതിയെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞുവന്നത്. മെഡിക്കൽ കോളേജ് അഴിമതിയുമായി ബന്ധപ്പെട്ട വിഷയത്തിൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട് ചോർത്തിക്കൊടുത്തു എന്നതിന്റെ പേരിലാണ് ശ്രീ. വി. വി. രാജേഷിനെതിരായി നടപടി സ്വീകരിച്ചത്. എന്നാൽ ശ്രീ. കുമ്മനം രാജശേഖരൻ പറയുന്നത് അങ്ങനെയൊന്നുമില്ല, എല്ലാം മായയാണ് എന്നാണ്. വസ്തുതാപരമായി ഒന്നുമില്ല എന്നുപറയുമ്പോൾ ആരെയാണ് ഇവർ കബളിപ്പിക്കാൻ ശ്രമിക്കുന്നത്? കൊടുങ്ങല്ലൂരിൽ ബി.ജെ.പി. നേതാക്കളുടെ നേതൃത്വത്തിൽ കള്ളപ്പണ മുന്നണികൾക്കെതിരായി ജാഥ നടത്തിയ ആളുകൾ, അവിടെ

വലിയ ഫ്ലക്സും ബോർഡുമൊക്കെ വച്ച ആളുകൾ, രാത്രി മുഴുവൻ കള്ളനോട്ടടിക്കുകയാണ്. ദേശവിരുദ്ധമായ, രാജ്യദ്രോഹപരമായ കാര്യങ്ങൾ ചെയ്യുകയാണ്. സൈനികരുടെ പേരിൽ കൈക്കൂലി വാങ്ങിയ ആളുകൾക്കെതിരെ നടപടി സ്വീകരിക്കേണ്ടിവന്നു. ഇവിടെ വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാൻവേണ്ടി ജനങ്ങളെ തമ്മിലടിപ്പിച്ചുകൊണ്ട് അധികാരത്തിലേയ്ക്ക് നടന്നുവരാൻ കഴിയുമോ എന്ന വൃഥാശ്രമം അവർ നടത്തുകയാണ്. അത്തരത്തിൽ ശ്രമം നടത്തുന്ന ആളുകൾതന്നെ ഇത്തരത്തിൽ അഴിമതിയുടെ ചെളിക്കുണ്ടിൽ വീണുകിടക്കുന്ന ദൃശ്യമാണ് നമ്മൾ കാണുന്നത്. ഇതിനെ ജാഗ്രതയോടെ നേരിടാൻ കേരളീയ സമൂഹം പ്രാപ്തമാണ് എന്നുമാത്രമാണ് എനിക്ക് പറയാനുള്ളത്. ഗവൺമെന്റ് വിവിധ മേഖലകളിൽ നടത്തുന്ന പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും അർപ്പിച്ചുകൊണ്ട് ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിവിധ മേഖലകളിലെ നിരവധി പ്രവർത്തനങ്ങൾ അതിവേഗത്തിൽ പുരോഗമിക്കുകയാണ്. ഇതുകണ്ട് ഹാലിളകിയ പ്രതിപക്ഷം അനാവശ്യ ആരോപണങ്ങൾ ഉന്നയിക്കുകയാണ്. ബാലാവകാശ കമ്മീഷൻ അംഗത്തിന്റെ നിയമനവുമായി ബന്ധപ്പെട്ട് കോടതി പരാമർശത്തിന്റെ പേരിൽ നടത്തുന്ന സത്യാഗ്രഹ സമരം പ്രതിപക്ഷത്തിനുതന്നെ നാണക്കേടായിരിക്കുകയാണ്. സർക്കാരിന്റെ നേട്ടങ്ങൾ ചർച്ചചെയ്യാതിരിക്കാനുള്ള ജനശ്രദ്ധ തിരിക്കലാണ് പ്രതിപക്ഷത്തിന്റെ ലക്ഷ്യം. ഗവൺമെന്റ് ഇത്തരം അനാവശ്യ സമരങ്ങളെ അവഗണിക്കണം. ജനങ്ങൾ ഇത്തരം സമരങ്ങൾ തള്ളിക്കളയും. ഓണക്കാലത്ത് നിരവധി പ്രതിസന്ധികൾ മറികടന്ന് വിലക്കയറ്റം പരമാവധി പിടിച്ചുനിർത്തുന്നതിന് ഓണച്ചന്തകളും മാവേലി സ്റ്റോറുകളും സജീവമാക്കി പൊതുവിപണിയിൽ ഇടപെടുന്നത് ജനങ്ങൾക്ക് അനുഭവപ്പെട്ടുതുടങ്ങി. പകർച്ചപ്പനിയൊക്കെ നിയന്ത്രണവിധേയമായി. പൊതുവിദ്യാഭ്യാസ പരിഷ്കരണവും ആരോഗ്യരംഗത്തെ ആർദ്രം പദ്ധതിയും പാവപ്പെട്ടവർക്ക് വീട് നിർമ്മാണത്തിനായുള്ള ലൈഫ് പദ്ധതിയും ഹരിതകേരളം പദ്ധതിയുമൊക്കെ സജീവമായി മുന്നേറുകയാണ്. ജനങ്ങൾ ഇത് കാണുകയും വിലയിരുത്തുകയും ചെയ്യുന്നുണ്ട്. വലിയൊരു മാറ്റം ജനങ്ങൾ നേരിട്ട് അനുഭവിക്കുകയാണ്. സർക്കാർ ഉദ്യോഗസ്ഥരുടെ മനോഭാവം മാറിവരുന്നു. ജനങ്ങളോടുള്ള പെരുമാറ്റത്തിൽ മാറ്റം പ്രകടമാണെന്ന് ജനങ്ങൾതന്നെ പറയുന്നു. കൊല്ലം ജില്ലയിലെ കുണ്ടറയിൽ അലിൻഡ് ഫാക്ടറി തുറന്നത് വലിയ അത്ഭുതത്തോടെയാണ് ജനങ്ങൾ കണ്ടത്. പലരും എന്നോടുപറഞ്ഞത്, ഇടതുപക്ഷ ഗവൺമെന്റിനുമാത്രം, തൊഴിലെടുക്കുന്നവനെ പരിഗണിക്കുന്ന ഒരു ഗവൺമെന്റിനു മാത്രമേ 33 വർഷം അടഞ്ഞുകിടന്ന ഒരു കമ്പനി തുറക്കാൻ കഴിയൂ എന്നാണ്. ജനങ്ങളിൽ വലിയ മതിപ്പുണ്ടാക്കുന്ന നിരവധി പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. സമയച്ചുരുക്കംമൂലം ഞാൻ കൂടുതലായി വിവരിക്കുന്നില്ല. ഗതാഗതക്കുരുക്കാണ് ജനങ്ങളെ വലയ്ക്കുന്ന മറ്റൊരു പ്രധാന പ്രശ്നം. പ്രത്യേകിച്ച്, ദേശീയ

പാതയിലെ ഗതാഗതം വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ചെറിയ പ്രതിഷേധങ്ങളുടെ പേരിൽ കഴക്കൂട്ടം-ചേർത്തല ദേശീയപാതാ വികസനത്തിനുള്ള സ്ഥലമെടുപ്പ് വൈകിക്കരുത്. ഗവൺമെന്റിനെതിരെ ഒരു കഴമ്പുമില്ലാതെ പ്രതിപക്ഷം ഉന്നയിക്കുന്നത് വെറും ആരോപണങ്ങളാണ്, അവയെല്ലാം ഉണ്ടയില്ലാ വെടികളാണ്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ വളരെ സന്തോഷത്തോടുകൂടി പിന്താങ്ങുകയാണ്. നാടിന്റെ വികസനം കണക്കുകൾ കൊണ്ടുള്ള കസർത്താണ് എന്ന് സ്ഥാപിക്കാനാണ് ഇവിടെ സംസാരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. മാണി ശ്രമിച്ചത്. ഈ ഗവൺമെന്റ് കണക്കുകളിൽ അഭ്യാസം കാട്ടിക്കൊണ്ട് വികസന നേട്ടങ്ങളെക്കുറിച്ച് സംസാരിക്കാനല്ല ആഗ്രഹിക്കുന്നത്. നമ്മുടെ രാജ്യം ഇന്ന് നേരിടുന്ന രണ്ട് പ്രധാനപ്പെട്ട വെല്ലുവിളികളെ എങ്ങനെ സമർത്ഥമായി കൈകാര്യം ചെയ്യുന്നു എന്നുനോക്കിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അതിൽ ഒന്നാമത്തേത് രാഷ്ട്രീയ സാഹചര്യങ്ങളും രണ്ടാമത്തേത് ജനങ്ങളുമായി ബന്ധപ്പെട്ട ജീവൽപ്രശ്നങ്ങളുമാണ്. ഇന്ന് കേരളത്തിലെ ജനങ്ങളെ ബാധിക്കുന്ന പ്രധാനപ്പെട്ട ദുരിതം എന്നുപറയുന്നത് കേന്ദ്ര നയങ്ങളുടെ സൃഷ്ടിയായി സംഭവിച്ചുകൊണ്ടിരിക്കുന്നതാണ്. പ്രത്യേകിച്ച്, ഇവിടെ സൂചിപ്പിച്ചതുപോലെ ജി.എസ്.ടി. വന്നതുകൊണ്ട് ജനങ്ങൾ ദുരിതം അനുഭവിക്കുന്നുവെന്ന് പറയുമ്പോൾ പ്രതിക്കൂട്ടിൽ നാം കയറ്റി നിർത്തേണ്ടത് കേന്ദ്ര ഗവൺമെന്റിനെയാണ്. എന്നാൽ പുതിയ രാഷ്ട്രീയ നിലപാടുകൾ സ്വീകരിച്ച ബഹുമാനപ്പെട്ട കെ. എം. മാണി ഇന്നത്തെ സഭയിൽത്തന്നെ രണ്ട് സന്ദർഭങ്ങൾ കിട്ടിയിട്ടും ഇക്കാര്യങ്ങളിലുള്ള അദ്ദേഹത്തിന്റെ നിലപാട് വിശദീകരിക്കാൻ ശ്രമിച്ചില്ല എന്നത് വലിയ സംശയങ്ങൾ ഉയർത്തുന്ന രാഷ്ട്രീയ പ്രശ്നമായാണ് ഞാൻ കാണുന്നത്. കേരളത്തിൽ കണ്ണടച്ച് ഉറക്കുമ്പോഴേക്കും വികസനത്തിന്റെ അത്ഭുതങ്ങൾ സൃഷ്ടിക്കുന്ന നിലപാടല്ല സർക്കാർ സ്വീകരിച്ചിരിക്കുന്നത്. നമ്മുടെ കാലം ആവശ്യപ്പെടുന്ന അടിസ്ഥാനമേഖലയിലെ മാറ്റങ്ങൾക്കുവേണ്ടിയാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയാന്തരീക്ഷമാകെ സ്വകാര്യവൽക്കരിക്കപ്പെടുകയും മൂലധനശക്തികൾക്ക് അടിമപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തെ എങ്ങനെയാണ് നേരിടാൻ കഴിയുകയെന്നാണ് സർക്കാർ ആലോചിച്ചത്. അങ്ങനെ ആലോചിച്ചപ്പോഴാണ് പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുക എന്ന യജ്ഞം നാം ആരംഭിച്ചിട്ടുള്ളത്. ഈ സഭയിലെ 140 എം.എൽ.എ.-മാർക്കും തങ്ങളുടെ മേഖലകളിൽ വലിയ മാറ്റമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് ഉത്തമ വിശ്വാസത്തോടെ പറയാൻ കഴിയും. ഹയർ സെക്കണ്ടറി വരെയുള്ള വിദ്യാലയങ്ങളിൽ നല്ല അക്കാഡമിക് അന്തരീക്ഷം ശക്തിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്ന ഗുണപരമായ മാറ്റത്തെ കണ്ണടച്ച് ഇരുട്ടാക്കിയതുകൊണ്ടുമാത്രം കാണാൻ കഴിയില്ലെന്നുള്ളതാണ് പ്രശ്നം. അതുപോലെ വ്യവസായ-തൊഴിൽ മേഖലകളിൽ കേന്ദ്ര സർക്കാർ തുടരുന്ന നയത്തിന്റെ ഫലമായി തൊഴിലില്ലായ്മ പെരുകിക്കൊണ്ടിരിക്കുകയാണ്. ഈ വിഷമകരമായ സാമ്പത്തിക രാഷ്ട്രീയ പശ്ചാത്തലത്തിൽനിന്നുവേണം കേരളത്തിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് നാം വിലയിരുത്താൻ. ഇവിടെ രാഷ്ട്രീയ വെല്ലുവിളിയുണ്ട്.

കാവിവൽക്കരണത്തിലൂടെ വർഗ്ഗീയമായി ഇന്ത്യയെ ചേരിതിരിക്കാൻവേണ്ടി ശ്രമിക്കുമ്പോൾ, ഫാസിസ്റ്റ് ശക്തികൾ ഇന്ത്യയ്ക്കെതിരെ വെല്ലുവിളി ഉയർത്തുമ്പോൾ, ആ ശക്തികൾക്കെതിരെയുള്ള സാമ്പത്തികവും രാഷ്ട്രീയവുമായ പോരാട്ടമാണ് നാം നടത്തേണ്ടത്. ആ പോരാട്ടത്തിന് ഇന്ത്യയിൽ അവശേഷിക്കുന്ന ഏറ്റവും സുശക്തമായ മാതൃക ഇടതുപക്ഷ ജനാധിപത്യമുന്നണിയാണെന്ന് ദേശസ്നേഹികൾ തിരിച്ചറിയേണ്ടതുണ്ട്. ഈ രൂപത്തിലുള്ള രാഷ്ട്രീയമുന്നേറ്റം ദേശീയാടിസ്ഥാനത്തിൽ വളർത്തിയെടുക്കുന്നതിൽ പങ്ക് വഹിക്കേണ്ടവർ മുഖം തിരിഞ്ഞുനിൽക്കുന്ന വളരെ വേദനാജനകമായ കാഴ്ചയും നാം കണ്ടുകൊണ്ടിരിക്കുകയാണ്. ഈ കാലഘട്ടത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ജനോപകാരപ്രദമായ പരിപാടികളിലൂടെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. ആ പ്രവർത്തനങ്ങൾക്ക് കരുത്തു നൽകാനാണ് ഈ ഉപധനാഭ്യർത്ഥന എന്ന് ഞാൻ മനസ്സിലാക്കുന്നു. അതുകൊണ്ടു തന്നെ ഈ ഉപധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഒ. രാജഗോപാൽ : സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് കുറച്ചുനാളുകൾ മാത്രമായതിനാൽ സമഗ്രമായ വിലയിരുത്തലിന് സമയമായിട്ടില്ല. സർക്കാരിന്റെ നടപടികളുടെ ഗതിയെക്കുറിച്ച് ഭരണ-പ്രതിപക്ഷത്തുള്ളവർ വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയും. എന്നാൽ നിഷ്പക്ഷമതികളായ ആളുകളെ സംബന്ധിച്ചിടത്തോളം, ഉദാഹരണത്തിന് കോടതി കക്ഷിരാഷ്ട്രീയത്തിൽപ്പെട്ടതല്ലെന്നാണ് നമ്മുടെ വിശ്വാസം. പക്ഷപാതമില്ലാത്ത രീതിയിൽ നിഷ്പക്ഷമായ ഭരണം എല്ലാവർക്കും കാഴ്ചവയ്ക്കുമെന്ന വാഗ്ദാനത്തിന്റെ അടിസ്ഥാനത്തിലാണ് സത്യപ്രതിജ്ഞ ചെയ്യുന്നത്. എന്നാൽ അതിന് വിരുദ്ധമായി പ്രവർത്തിക്കുന്നുവെന്ന് കോടതിക്ക് ആവർത്തിച്ചുപറയേണ്ടി വന്നിരിക്കുന്നു. സത്യപ്രതിജ്ഞയ്ക്ക് വിരുദ്ധമായി, പക്ഷപാതപരമായി പ്രവർത്തിക്കുന്നുവെന്നും ഈ സർക്കാർ പാവങ്ങൾക്ക് വേണ്ടിയാണോ പ്രവർത്തിക്കുന്നത്, അതോ സ്ഥാപിത താല്പര്യങ്ങൾക്കും മുതലാളിമാർക്കും വേണ്ടിയാണോ പ്രവർത്തിക്കുന്നതെന്നും ഹൈക്കോടതി ബഞ്ചിന് പറയേണ്ട സാഹചര്യമാണ് വന്നിരിക്കുന്നത്. ഇത് ഏതാണ്ട് നിഷ്പക്ഷമതികളായ ആളുകളുടെ വിലയിരുത്തലായി കാണാൻ കഴിയും. എന്റെ കക്ഷിയെ സംബന്ധിച്ചിടത്തോളം പല അനുഭവങ്ങൾ പറയാനുണ്ട്. ഈ സർക്കാൻ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സംവിധാനം രാഷ്ട്രീയവൽക്കരിക്കുന്നതായ ഗതിയിൽ വളരെയേറെ മുന്നോട്ട് പോയിരിക്കുകയാണ്. ഇത് ആപത്ക്കരമായ നീക്കമാണ്; രാജ്യരക്ഷയെ ശക്തിപ്പെടുത്താനുള്ള ശ്രമത്തിന് തിരിച്ചടിയാണ്. വാസ്തവത്തിൽ രാജ്യരക്ഷയുടെ കാര്യത്തിൽ സർക്കാർ താല്പര്യം കാണിക്കുന്നില്ലെന്നുള്ളതാണ് കാണാൻ കഴിയുന്നത്. ഉദാഹരണത്തിന്, ഭീകര പ്രവർത്തകരും anti-national elements-ഉം സജീവമായി പ്രവർത്തിക്കുന്ന കേരളത്തിൽ ആ ശക്തികളെ നേരിടാൻ ഒരു പ്രത്യേക യൂണിറ്റ് ഉണ്ടാക്കണമെന്ന് കേന്ദ്ര ഗവൺമെന്റ് നിരവധി തവണ ആവശ്യപ്പെട്ടിട്ടും കേരളം അതിൽനിന്ന് പിന്മാറിപ്പോകുന്നു. തീർച്ചയായും സുരക്ഷ ശക്തിപ്പെടുത്താനല്ല, സ്വന്തം പാർട്ടിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ സ്വജനപക്ഷപാതം കാണിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് നിർത്തുന്നു.

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ ഈ ഉപധനാഭ്യർത്ഥനകളെ ശക്തമായി പിന്തുണയ്ക്കുന്നു. സംസ്ഥാന ബജറ്റിനുപുറമെ വരുമാന സ്രോതസ്സുകൾ കണ്ടെത്തി വികസനക്കുതിപ്പ് നടത്തുന്നതിനായി കിഫ്ബി പോലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തി അടിസ്ഥാനസൗകര്യങ്ങളും ജനങ്ങളുടെ ക്ഷേമവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സർക്കാരാണിതെന്ന് സർവ്വരാലും അംഗീകരിക്കപ്പെടുന്നതിന്റെ ഏറ്റവും വലിയ ഉദാഹരണം, അളവുകോൽ, വിലയിരുത്തലുകളായി പറയേണ്ടത് ജനപക്ഷത്തു നിന്നുമാണ്. നിഷ്പക്ഷമതികളായ ആളുകളുടെ വിലയിരുത്തലുകളായി ശ്രീ. ഒ. രാജഗോപാൽ പറഞ്ഞതുകൊണ്ട് പറയുകയാണ്, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നടന്ന എല്ലാ ഉപതെരഞ്ഞെടുപ്പുകളിലും എൽ.ഡി.എഫ്.-ന് നഷ്ടമായിരുന്ന സീറ്റുകൾകൂടി തിരിച്ചുപിടിച്ച് വലിയ മുന്നേറ്റമാണ് കേരളത്തിലുടനീളം ഉണ്ടായിട്ടുള്ളത്. അത് ജനവിധിയാണ്. മട്ടന്നൂർ നഗരസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ എൽ.ഡി.എഫ്. തൂത്തുവാരി ജയിക്കുകയായിരുന്നു. ബി.ജെ.പി.-യുടെ സ്ഥിതി പൂജ്യമായിരുന്നു.

ശ്രീ. ഒ. രാജഗോപാൽ: അവിടെ ബി.ജെ.പി. രണ്ടാം സ്ഥാനത്തുവന്നിട്ടുണ്ട്.

ശ്രീ. എ. എം. ആരിഫ്: ബി.ജെ.പി. രണ്ടാം സ്ഥാനത്താണെങ്കിലും സീറ്റൊന്നും ലഭിച്ചിട്ടില്ല. മാത്രമല്ല, ഉണ്ടായിരുന്ന സീറ്റുപോലും നഷ്ടപ്പെടുകയും ചെയ്തു. പെട്ടി നഷ്ടപ്പെട്ടെങ്കിലും താക്കോൽ കയ്യിലിരിക്കട്ടെ. കോടതികളുടെ പരാമർശത്തെ കുറിച്ച് സൂചിപ്പിച്ചു. ശ്രീ. ഒ. രാജഗോപാലിനോടുള്ള എല്ലാ ബഹുമാനവും നിലനിർത്തി കൊണ്ട് പറയുകയാണ്. ഇസ്രത്ത് ജഹാൻ വ്യാജ ഏറ്റുമുട്ടൽ കേസ്സിൽ പിരിച്ചു വിടപ്പെട്ടവരെ തിരിച്ചെടുക്കുകയും ബഹുമാനപ്പെട്ട സുപ്രീംകോടതി ഇടപെട്ട് മാറ്റുകയും ചെയ്തത് കഴിഞ്ഞ ഒരാഴ്ച നടന്ന സംഭവങ്ങളാണ്. അതെല്ലാം മറന്നുകൊണ്ട് ഇവിടത്തെ കോടതി പരാമർശങ്ങളെക്കുറിച്ച് പറയുന്നത് ശരിയാണോ?

ശ്രീ. പി. ടി. എ. റഹീം: സർ, മട്ടന്നൂർ തെരഞ്ഞെടുപ്പിനെക്കുറിച്ച് പറയുകയുണ്ടായി. ശ്രീമതി കെ. കെ. ശൈലജ ടീച്ചറുടെ വാർഡിൽ ബി.ജെ.പി. രണ്ടാം സ്ഥാനത്താണെന്ന പ്രചരണം ഉള്ളതായി താങ്കളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബി.ജെ.പി.-ക്ക് 32 വോട്ടും കോൺഗ്രസ്സിന് 29 വോട്ടുമാണ് ലഭിച്ചത്.

ശ്രീ. എ. എം. ആരിഫ്: സർ, ബി.ജെ.പി. കക്ഷിയിൽപ്പെട്ട ഒരാൾ മാത്രമുള്ള സാഹചര്യത്തിൽ എല്ലാവരും ചേർന്ന് അദ്ദേഹത്തെ ആക്രമിക്കുന്നത് ശരിയല്ല. സ്ഥാനത്തെക്കുറിച്ച് പറഞ്ഞതുകൊണ്ടാണ് കണക്ക് പറയേണ്ടി വന്നത്. ശ്രീ. ഒ. രാജഗോപാൽ തന്നെയാണ് അതിനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ഉണ്ടാക്കിയിട്ടുള്ള ധനപരമായ പ്രതിസന്ധികളും കുടിശ്ശികകളും തീർത്താണ് കേരളം ഈ നിലയിൽ വികസനക്കുതിപ്പിലേയ്ക്ക് മുന്നേറുന്നത്. യഥാർത്ഥത്തിൽ ഈ വികസനക്കുതിപ്പിന് ഒരു രാഷ്ട്രീയ അടിത്തറയുണ്ട്. അത് ഇ.എം.എസ്. സർക്കാരിട്ട അടിത്തറയാണ്. പാമ്പൻ പാലത്തിന്റെ അടിത്തറയെന്ന്

പരസ്യങ്ങളിൽ പറയുന്നതു പോലെ ആ അടിത്തറയിൽ രൂപപ്പെടുത്തിയതാണ് കേരളത്തിന്റെ വികസന മാതൃക. അതിനെയാണ് നവകേരള സൃഷ്ടിക്കായി പുതിയ രൂപത്തിലാക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ആ വളർച്ചയ്ക്ക് അടിത്തറയിട്ട ഗവൺമെന്റിനെ അധികാര സ്ഥാനത്തുനിന്നും മാറ്റുന്നതിന് അന്ന് ഭരണഘടനയുടെ 356-ാം വകുപ്പ് ഉപയോഗിച്ചതു പോലെ, ശ്രീ. ഒ. രാജഗോപാൽ പ്രതിനിധാനം ചെയ്യുന്ന പ്രസ്ഥാനത്തിന്റെ പ്രതിനിധികൾ 356-ാം വകുപ്പ് ഉപയോഗിക്കണമെന്ന ഭീഷണികൾ മുഴക്കിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ഒ. രാജഗോപാൽ : പാർട്ടി അത്തരത്തിൽ പറഞ്ഞിട്ടില്ല.

ശ്രീ. എ. എം. ആരിഫ്: പാർട്ടി പറഞ്ഞിട്ടില്ലെന്ന് പറഞ്ഞാൽ, പാർട്ടിയും ആർ.എസ്.എസ്.-ഉം തമ്മിലുള്ള ബന്ധം എന്താണെന്ന് ഞാൻ പറയേണ്ട കാര്യമില്ല. ആർ.എസ്.എസ്. തീരുമാനിക്കാത്ത എന്തെങ്കിലും കാര്യമുണ്ടോ? ന്യൂക്ലിയസ് എന്നു പറയുന്നത് ആർ.എസ്.എസ്. ആണെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. കേന്ദ്ര ഗവൺമെന്റ് ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ അതിനെ നഖശിഖാന്തം എതിർക്കാൻ തയ്യാറായി രംഗത്ത് വരേണ്ട പ്രസ്ഥാനമാണ് കോൺഗ്രസ്. അവർ എന്താണ് ചെയ്യുന്നത്? കേൾക്കേണ്ടവരാരും ഇവിടെ ഇല്ലാത്തതുകൊണ്ട് പറയേണ്ടതെല്ലാം പറയാനും എനിക്ക് അനുവദിക്കപ്പെട്ട സമയം പൂർണ്ണമായെടുക്കാനും ഞാൻ തയ്യാറാകുന്നില്ല. ഞാൻ ചുരുക്കുകയാണ്. കോൺഗ്രസ്സുകാർ അറിയാൻ വേണ്ടിയും മാണി സാർ ഒക്കെ ഇവിടെയുള്ളതുകൊണ്ട് അവരോട് പറയുമെങ്കിൽ പറയട്ടെയെന്ന് കരുതിയും പറയുകയാണ്. ശ്രീ. കെ. എം. മാണിയെങ്കിലും ഇതിൽ ശക്തമായ നിലപാട് സ്വീകരിക്കണമായിരുന്നു. 356-ാം വകുപ്പ് ഉപയോഗിക്കണമെന്ന് ഭീഷണി ഉയർത്തിയപ്പോൾ ജനാധിപത്യ സംരക്ഷണത്തിനായി കോൺഗ്രസ് അതിനെ എതിർത്ത് രംഗത്തുവരണമായിരുന്നു. അന്ന് ചെയ്തുപോയ പാപം തെറ്റായിപ്പോയെന്ന് കേരളത്തിൽ ഏറ്റുപറഞ്ഞവരാണ് പ്രതിപക്ഷത്തുള്ളവർ. ഇപ്പോൾ ഒരു ആർ.എസ്.എസ്.കാരൻ കൊല്ലപ്പെട്ടാൽ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല സമാധാന പ്രേമിയായി ഉടൻ ഗാന്ധിത്തൊപ്പി ധരിച്ച്, അക്രമ രാഹിത്യ സമാധാന പ്രസംഗങ്ങളും ഉണ്ണാവ്രതങ്ങളും നടത്തി അക്രമരാഷ്ട്രീയത്തിന്റെ കാവലാളായി മാറും. മറിച്ച് എന്തെങ്കിലും സംഭവിച്ചാൽ അദ്ദേഹം അനങ്ങില്ല. കോൺഗ്രസ്സുകാരെക്കുറിച്ച് പറയണമെന്ന് ഞാൻ കരുതിയതല്ല. പൂച്ച പ്രസവിച്ചാൽ അതിന്റെ കുഞ്ഞിനെ ഭക്ഷിച്ചാണ് പ്രസവരക്ഷ നടത്തുന്നതെന്ന് കേട്ടിട്ടുണ്ട്. പണ്ട് മറ്റു കക്ഷിയിൽപ്പെട്ടവരെ വകവരുത്തിക്കൊണ്ടിരുന്ന കോൺഗ്രസ്സുകാർ ഇപ്പോൾ തമ്മിൽത്തമ്മിൽ കൊല്ലുകയാണ്. തൃശ്ശൂരിൽ 3 പേരെയാണ് കൊന്നത്. സ്വന്തം കുഞ്ഞിനെ കൊന്ന് ഭക്ഷിക്കുന്ന രീതിയാണ് നടത്തുന്നത്. അതാണ് കോൺഗ്രസ്സിന്റെ അക്രമ രാഷ്ട്രീയത്തിന്റെ മുഖമുദ്ര. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ആർ.എസ്.എസ്. മരണപ്പെട്ടാൽ കോൺഗ്രസ്സുകാർ വലിയ സമരമാണ് നടത്തുന്നത്.

<u>ശ്രീ. കെ. ബാബു</u>: സർ, ഗുജറാത്തിൽ ശ്രീ. രാഹുൽ ഗാന്ധിക്കെതിരെ ആർ.എസ്.എസ്.-കാർ അക്രമം നടത്തിയപ്പോൾ അതിൽ പ്രതിഷേധിക്കാൻ പ്രതിപക്ഷ നേതാവിന്റെ പാർട്ടി കേരളത്തിൽ തയ്യാറായോയെന്ന് അങ്ങേയ്ക്ക് അറിയാമോ?

<u>ശ്രീ. എ. എം. ആരിഫ്</u>: മഹാത്മാ ഗാന്ധിയുടെ ജന്മനാടായ ഗുജറാത്തിൽ ബി.ജെ.പി.-ക്ക് ഭരണത്തുടർച്ച ലഭിച്ചപ്പോൾ അതിനെ പ്രതിരോധിക്കാൻ കറകളഞ്ഞ ആർ.എസ്.എസ്.കാരനായ ശ്രീ. ശങ്കർ സിംഗ് വഗേലയെ കെ.പി.സി.സി.-യുടെ പ്രസിഡന്റാക്കി. അങ്ങനെ ബി.ജെ.പി.-യെ നേരിടാൻ കോൺഗ്രസ്സുകാർ ശ്രമം നടത്തിയിട്ട് രക്ഷപെട്ടോ? ഇപ്പോൾ 14 പേരുമായി ശ്രീ. ശങ്കർ സിംഗ് വഗേല ഘർ വാപസിയായി. മഹാത്മജിയെയല്ല ആദ്യം കൊല്ലേണ്ടിയിരുന്നത്, യഥാർത്ഥത്തിൽ ആദ്യം കൊല്ലേണ്ടിയിരുന്നത് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ആയിരുന്നുവെന്നാണ് ആർ.എസ്.എസ്.-ന്റെ മുഖപത്രമായ കേസരി മുഖപ്രസംഗം എഴുതിയത്. ഇതിനെതിരെ ശ്രീ. രമേശ് ചെന്നിത്തല ഉൾപ്പെടെയുള്ള ഒരു കോൺഗ്രസ്സുകാരൻ ഒരു മണിക്കൂർ ഉപവസിച്ചാൽ മതിയായിരുന്നു, അത് ചെയ്തിട്ടില്ല.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, സഭയിൽ ഇല്ലാത്ത ആളുകളെപ്പറ്റി തെറ്റായ കാര്യങ്ങൾ പറയുന്നത് തികച്ചും പ്രതിഷേധകരമാണ്. കേസരി പത്രം അങ്ങനെ മുഖപ്രസംഗം എഴുതിയിട്ടില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അത് പരിശോധിക്കാം.

<u>ശ്രീ. എ. എം. ആരിഫ്</u>: അങ്ങേയ്ക്ക് അങ്ങനെ എഴുതിയിട്ടില്ലെന്ന് തർക്കമുണ്ടെങ്കിൽ ഞാൻ പറയാം. 'മഹാത്മജിയെയല്ല പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ആയിരുന്നു ആദ്യം വെടിവച്ച് കൊല്ലേണ്ടിയിരുന്നത്' എന്നുപറഞ്ഞ് കേസരി പത്രം മുഖപ്രസംഗം എഴുതിയിട്ടില്ലെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ? എന്നിട്ട് കേരളത്തിൽ ഒരു മണിക്കൂർ ഉപവസിച്ചോ; മഹാത്മജിയെന്നുപറഞ്ഞാൽ 'കൗശലക്കാരനായ ബനിയ' ആണെന്ന് അങ്ങയുടെ പാർട്ടിയുടെ പ്രസിഡന്റ് ശ്രീ അമിത് ഷാ പറഞ്ഞു. 'ബനിയ' ആണ് മഹാത്മജിയുടെ സമുദായമെന്ന് വളരെ സൂക്ഷ്മമായി പഠിച്ചവർക്ക് മാത്രമേ അറിയാവൂ. 'കൗശലക്കാരനായ ബനിയ' എന്ന് ജാതിപ്പേര് വിളിച്ചിട്ടും ഇവിടത്തെ കോൺഗ്രസ്സുകാർ അരമണിക്കൂർ ഉപവസിച്ചോ; ശ്രീ. രാഹുൽ ഗാന്ധിയെ ആക്രമിച്ചിട്ട് നിങ്ങളാരെങ്കിലും പ്രതിഷേധിച്ചോ; ശ്രീ. സീതാറാം യെച്ചൂരിയെ ആക്രമിച്ചപ്പോൾ ഞങ്ങൾ പ്രതിഷേധിച്ചില്ലേ; ശ്രീ. രാഹുൽ ഗാന്ധിയെ ആക്രമിച്ചിട്ട് പ്രതിഷേധിച്ചോ എന്ന് ചോദിക്കുകയാണ്. എല്ലാ ഗാന്ധിമാരെയും എടുക്കാൻ ഞങ്ങളോട് പറയരുത്. നിങ്ങൾ ഉപേക്ഷിക്കുന്ന മുഴുവൻ ഗാന്ധിമാരെയും ഞങ്ങൾ എടുക്കുകയില്ല. മഹാത്മാഗാന്ധിയെ ഞങ്ങൾ എടുത്തു. അതിന്റെ കാരണം, മഹാത്മജിയെ ആർ.എസ്.എസ്.-കാരനായ നാഥുറാം വിനായക് ഗോഡ്സേ വെടിവച്ചുകൊന്നതിന്റെ രക്തസാക്ഷിത്വ ദിനമായ ജനുവരി

30, ഡി.വൈ.എഫ്.ഐ. തുടങ്ങി ഇടതുപക്ഷ പ്രസ്ഥാനങ്ങൾ എല്ലാം മതേതര സംരക്ഷണ ദിനമായി ഇപ്പോൾ ആചരിക്കുകയാണ്. മഹാത്മജിയെ ഞങ്ങൾ ഏറ്റെടുത്തു, നിങ്ങളുപേക്ഷിക്കുന്ന മുഴുവൻ ഗാന്ധിമാരെയും എടുക്കാൻ ഞങ്ങളെക്കൊണ്ട് സാധിക്കുകയില്ല. ഞങ്ങളോട് ശ്രീ. രാഹുൽ ഗാന്ധിയെക്കൂടി എടുക്കണമെന്നുപറഞ്ഞാൽ അറിയാമല്ലോ എന്താണ് സ്ഥിതിയെന്ന്, അതുകൊണ്ട് ഞങ്ങൾ പ്രതിഷേധിച്ചില്ല എന്ന് നിങ്ങൾ പറയരുത്. ഇത്തരത്തിൽ നമ്മുടെ നാട്ടിൽ ആർ.എസ്.എസ്.-കാർ നടത്തുന്ന വർഗ്ഗീയ വിദ്വേഷ പ്രവർത്തനങ്ങളെയെല്ലാം വെല്ലുവിളിച്ചുകൊണ്ടാണ് ഞങ്ങൾ മുന്നോട്ടു പോകുന്നത്. ഒരു കാര്യംകൂടി പറയാനുണ്ട്. ശ്രീ. രമേശ് ചെന്നിത്തല ഈ അടുത്ത ദിവസങ്ങളിലായി ഭയങ്കര ആർ.എസ്.എസ്. വിരുദ്ധ നിലപാടാണ് സ്വീകരിച്ചത്. എന്തുകൊണ്ട് മോഹൻ ഭാഗവതിനെ അറസ്റ്റ് ചെയ്തില്ലെന്ന് ചോദിച്ചു. മോഹൻ ഭാഗ്വത് പാലക്കാട്ട് വന്ന് സർക്കാർ നിർദ്ദേശങ്ങളെയെല്ലാം കാറ്റിൽപ്പറത്തി പതാകയുയർത്തി.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, (മൈക്ക് ഓഫ്) എല്ലാ നിർദ്ദേശങ്ങളും പാലിച്ചു കൊണ്ടാണ് അദ്ദേഹം പതാകയുയർത്തിയത്.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, ജനപ്രതിനിധികളോ വിദ്യാലയങ്ങളിലെ പ്രധാന അധ്യാപകരോ മാത്രമേ പതാകയുയർത്താൻ പാടുള്ളൂവെന്ന സർക്കുലറും നിർദ്ദേശങ്ങളും ലംഘിച്ചു.

<u>ശ്രീ. ഒ. രാജഗോപാൽ</u>: സർ, സ്കൂൾ ഹെഡ് മാസ്റ്റർ അല്ലെങ്കിൽ സ്റ്റുഡന്റ് ലീഡർ അല്ലെങ്കിൽ പൗരപ്രമുഖന്മാർ എന്നാണ് പറഞ്ഞിരിക്കുന്നത്. അല്ലെങ്കിൽ പിന്നെ എങ്ങനെയാണ് ശ്രീ. വി. എം. സുധീരനെ പതാക ഉയർത്താൻ ചില സ്കൂളുകളിൽ അനുവദിച്ചത്. ആർക്കും ആക്ഷേപമില്ലല്ലോ;

<u>ശ്രീ. എ. എം. ആരിഫ്</u>: ജനപ്രതിനിധികളാണ്. ഇനി എന്തായാലും ആർ.എസ്.എസ്. പതാകയെ മാത്രം മാനിക്കുകയും അംഗീകരിക്കുകയും ആർ.എസ്.എസ്. പതാകയല്ലാതെ വേറെയൊന്നും ഉയർത്തുകയില്ല എന്നുപറഞ്ഞ ശ്രീ. മോഹൻ ഭാഗവത് വന്ന് പതാക ഉയർത്തി. പതാക ഉയർത്തിയിട്ട് ശ്രീ. മോഹൻ ഭാഗവതിനെ എന്തുകൊണ്ട് അറസ്റ്റ് ചെയ്തില്ല എന്നാണ് ശ്രീ. രമേശ് ചെന്നിത്തല ചോദിക്കുന്നത്. ആർ.എസ്.എസ്.-കാർക്ക് ജീവിക്കാൻ രക്ഷയില്ല എന്നുപറഞ്ഞുകൊണ്ട് ഇവിടെ ആകെ അക്രമണമാണെന്ന് പറഞ്ഞുപരത്തി ഈ സർക്കാരിനെ പിരിച്ചുവിടണമെന്ന് ആർ.എസ്.എസ്.-ന്റെ വക്താക്കൾ പരസ്യമായി ആവശ്യപ്പെടുകയും മന്ത്രിമാരും കേന്ദ്രമന്ത്രിമാരും മുഖ്യമന്ത്രിമാരും എല്ലാംകൂടി കേരളത്തിലേയ്ക്ക് വന്ന് കേരളത്തിലാകെ പ്രശ്നമാണെന്ന് ദേശീയ മാധ്യമങ്ങളിലെല്ലാം ഈ ഗവൺമെന്റിനെ സംബന്ധിച്ച് വലിയ കുപ്രചരണം

സംഘടിപ്പിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ഗവൺമെന്റിനെ പിരിച്ചുവിടാൻ സാധിക്കുന്ന എന്തെങ്കിലും കാരണങ്ങളുണ്ടെങ്കിൽ അതിന് കളമൊരുക്കാനുള്ള പരിശ്രമം നടത്തിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ശ്രീ. മോഹൻ ഭാഗവതിനെക്കൂടി അറസ്റ്റ് ചെയ്താൽ ഇൻഡ്യയൊട്ടാകെ ആർ.എസ്.എസ്.-നെ കൊണ്ട് വലിയ പ്രക്ഷോഭം സംഘടിപ്പിച്ച് ഈ സർക്കാരിനെ പിരിച്ചുവിടാനുള്ള എല്ലാ മാർഗ്ഗവും ഒരുക്കുകയെന്ന ദുഷ്ടവിചാരമല്ലേ ശ്രീ. രമേശ് ചെന്നിത്തലയ്ക്കും കൂട്ടർക്കുമുള്ളത്? 'ആങ്ങള ചത്താലും വേണ്ടില്ല നാത്തൂന്റെ കണ്ണീര് കണ്ടാൽ മതി' എന്ന വിചാരമല്ലേ അവർക്കുള്ളത്? ഇത്തരത്തിൽ നിങ്ങളെ പരസ്പരപൂരകമായി സഹായിച്ചുകൊണ്ടിരിക്കുന്ന സമീപനം, ആർ.എസ്.എസ്.-നെയും ബി.ജെ.പി.യെയും സഹായിക്കുന്ന സമീപനമല്ലേ കോൺഗ്രസ് കാണിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഇവിടെ എല്ലാ ദിവസവും അടിയന്തരപ്രമേയം ഉണ്ടായിരുന്നു. കഴിഞ്ഞ വെള്ളിയാഴ്ച അടിയന്തരപ്രമേയത്തിന് സബ്ജക്ട് പോലുമില്ല. അടിയന്തരപ്രമേയം പോലുമില്ലാതെ നിൽക്കുന്ന സന്ദർഭത്തിലാണ് കോടതിയിൽ നിന്നൊരു പരാമർശം കിട്ടിയത്. ആ പരാമർശംകൂടി കിട്ടിയില്ലെങ്കിൽ യു.ഡി.എഫ്.-ന്റെ സ്ഥിതിയെന്താണ്; ശ്രീ. കെ. വി. അബ്ദുൾ ഖാദർ പറഞ്ഞതു പോലെ കോടതിക്ക് എന്തും പറയാം എന്നുള്ള അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകുന്നത് ശരിയാണോ? ആരും പറയാനും വിമർശിക്കാനുമില്ലാതെ എന്തെല്ലാം പറഞ്ഞു, അങ്ങനെയാണെങ്കിൽ കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ആയിരം തവണ കഴിഞ്ഞ യു.ഡി.എഫ്.-ന്റെ സർക്കാർ രാജിവയ്ക്കേണ്ടതായിരുന്നില്ലേ? എന്തെല്ലാം പരാമർശമാണ്, ഇത് ഗുണ്ടാ വിളയാട്ടമാണ്, ഗുണ്ടകളുടെ നാടാണോ; സലിം രാജാണോ നിങ്ങളെ നിയന്ത്രിക്കുന്നത്, അതുപോലെതന്നെ കോടതി പരാമർശത്തിന്റെ പേരിൽ ഒരു മന്ത്രി രാജിവച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മാണി സാർ ഇവിടെ ഇരിപ്പുണ്ട്. അദ്ദേഹം കോടതി പരാമർശമുണ്ടായപ്പോൾ രാജിവച്ചു. അതുപോലെ കോടതി പരാമർശം വന്ന ശ്രീ. കെ. ബാബുവിന്റെ രാജി എന്തുകൊണ്ട് സ്വീകരിച്ചില്ല? മന്ത്രി, രാജിക്കത്ത് പോക്കറ്റിലിട്ടിട്ട് അദ്ദേഹത്തെ തിരിച്ചെടുത്തില്ലേ? എന്തെല്ലാം നാടകങ്ങളാണ് ഇവിടെ അരങ്ങേറിയത്. കോടതി പരാമർശത്തിന്റെ പേരിൽ രാജിവയ്ക്കാനാണെങ്കിൽ പതിനായിരംവട്ടം കഴിഞ്ഞ സർക്കാർ രാജിവയ്ക്കേണ്ടതായിരുന്നു. അതെല്ലാം പറഞ്ഞ് ഇവിടെ വെറുതെ ആളുകൾക്കിടയിൽ പുകമറ സൃഷ്ടിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. നമ്മുടെ കേരളത്തെ കൊലപാതകികളുടെ കേരളമാക്കി ചിത്രീകരിക്കാൻ നടത്തിയ പരിശ്രമത്തെ അതിജീവിക്കാൻ, ഏറ്റവും നല്ല ക്രമസമാധാനം, ഏറ്റവും നല്ല മതസൗഹാർദ്ദം, ഏറ്റവും നല്ല വികസനക്കുതിപ്പ്, വളർച്ചാനിരക്ക് ഇങ്ങനെയുള്ള ധാരാളം പ്രശ്നങ്ങൾ കേരളത്തെ സർവ്വരാലും അംഗീകരിക്കപ്പെടുന്ന, ഒരു കേരളീയൻ എന്ന പേരിൽ അഭിമാനിക്കാനുതകുന്ന പരസ്യം നൽകി. ശ്രീ. ശശി തരൂർ നല്ല കാര്യമെന്നുപറഞ്ഞ് ട്വീറ്റ് ചെയ്തില്ലേ, വർഗ്ഗീയതയെ

പ്രതിരോധിക്കുന്ന കാര്യത്തിൽ പിണറായി സർക്കാർ മാതൃകാപരമായി പ്രവർത്തിക്കുന്നുവെന്ന് മുസ്ലീം ലീഗിന്റെ നേതാവ് ശ്രീ. കെ. എൻ. എ. ഖാദർ അല്ലേ പറഞ്ഞത്? ഇങ്ങനെയൊക്കെ പറയുമ്പോൾ കേരളത്തെക്കുറിച്ച് അഭിമാനപുരസ്സരം പറയാൻ, കേരളത്തെ പുറത്ത് മോശമായി ചിത്രീകരിക്കുമ്പോൾ അതിനെ പ്രതിരോധിക്കാൻ എൽ.ഡി.എഫ്.-യു.ഡി.എഫ്. വ്യത്യാസമില്ലാതെ എല്ലാവരും ഒന്നിച്ചുനിൽക്കേണ്ടതല്ലേ; അവർ അങ്ങനെ ചെയ്തോ? 'നം.1' എന്ന് കേരളത്തിന്റെ പരസ്യം കൊടുത്തുവെന്നു പറഞ്ഞ് പരിഹസിക്കാനാണ് അവർ ശ്രമിച്ചത്. 'ഭാരതം എന്ന പേർ കേട്ടാൽ അഭിമാനപൂരിതമാകണം അന്തഃരംഗം, കേരളമെന്ന് കേട്ടാലോ തിളയ്ക്കണം ചോര നമുക്ക് ഞരമ്പുകളിൽ'. അതാണ് വേണ്ടത്. അത്തരത്തിലേയ്ക്ക് മാറാതെ, ഇവിടെ ഇഷ്ടമില്ലാത്തവരാണ് ഭരിക്കുന്നതെന്ന് കരുതി കേരളത്തെ മോശപ്പെടുത്തി പ്രചരണം നടത്തിയാൽ അതുംകൂടി ഉപയോഗിക്കുക എന്ന ഹീനതന്ത്രമാണ് ഇവിടെ യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. ഇതിനെയെല്ലാം അതിജീവിച്ചാണ് കേരളം വികസന കുതിപ്പിൽ മുന്നേറുന്നത്. ആ മുന്നേറ്റത്തിന്റെ ഭാഗമായി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഉപധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. രാജൻ: സർ, ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പൂർണ്ണമായും ഞാൻ പിന്താങ്ങുന്നു. ഇവിടെ വളരെ രസകരമായ ഒരു വാർത്ത ഇന്നലെ മാതൃഭൂമി പത്രത്തിൽ ശ്രദ്ധേയമായ തലക്കെട്ടിൽ അച്ചടിച്ചുവന്നിട്ടുണ്ട്. 157 വർഷം പഴക്കമുള്ള എലിസബത്ത് ഗോപുരത്തിലെയും അതിന്റെ ഭാഗമായ 'ബിഗ് ബെൽ' എന്ന മണിയുടെയും മുഴക്കം തിങ്കളാഴ്ച ഉച്ചയ്ക്ക് 12 മണിക്ക് അവസാനിച്ചതായ വാർത്തയാണ് വന്നത്. തിങ്കളാഴ്ച അതേസമയത്തുതന്നെ മറ്റൊരു മണിമുഴക്കം ഈ കേരളത്തിന്റെ നിയമസഭയിൽ നിലച്ചിരിക്കുകയാണ്. 'ബിഗ് ബെൽ' നിർത്തുന്നതായി പ്രഖ്യാപിച്ച നേരത്താണ് നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള കോൺഗ്രസ് ചരിത്രത്തിൽ ഏറ്റവും അപമാനകരമായിട്ടുള്ള സത്യാഗ്രഹം പ്രഖ്യാപിച്ചുകൊണ്ട് കോൺഗ്രസിന്റെ മണിമുഴക്കം ഇനി ഈ സഭയിലില്ല എന്ന അപമാനകരമായ ദൗത്യം കേരളം കണ്ടത്. ഇവിടെ ചർച്ചചെയ്തപ്പോൾ ശ്രീ. ഒ. രാജഗോപാൽ എതിർത്തെങ്കിലും വളരെ സമർത്ഥമായി ശ്രീ. എ. എം. ആരിഫ് പറഞ്ഞുവച്ച ചില കാര്യങ്ങളുണ്ട്. അതിന്റെ തുടർച്ച പറയാതെ ഈ സഭയിൽ സംസാരിക്കാൻ കഴിയില്ല എന്നതുകൊണ്ട് സൂചിപ്പിക്കുകയാണ്. 1991-ൽ ഫെബ്രുവരി 10-ന് 'കലാകൗമുദി'യിൽ മലയാളത്തിന് ഏറ്റവും പ്രിയങ്കരനായ കവി ഒ.എൻ.വി. കുറുപ്പ് കേരളത്തിൽ ആദ്യമായി എം. എസ്. ഗോൾവാൾക്കർ വന്ന് പ്രസംഗിച്ച ഒരു പൊതുയോഗത്തെക്കുറിച്ച് അദ്ദേഹത്തിന്റെ നേരിട്ടുള്ള അനുഭവം വിശദീകരിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും പ്രശസ്തരായ കുറേ നേതാക്കൾ, വിദ്യാർത്ഥി ഫെഡറേഷന്റെ നേതാക്കളും ഒ.എൻ.വി. കുറപ്പും, മലയാറ്റൂർ രാമകൃഷ്ണനും, പി.കെ.വി.-യും എല്ലാം ചേർന്നാണ് എം. എസ്. ഗോൾവാൾക്കറുടെ പ്രസംഗം നടക്കുന്ന തൈക്കാട് മൈതാനിയിലേയ്ക്ക് പോകാൻ തീരുമാനിച്ചത്. ആ പ്രസംഗത്തിൽ ചോദ്യം ചോദിക്കാനാണ്

അവർ പോയത്. മലയാറ്റൂർ വളരെ സമർത്ഥമായി ഗോൾവാൾക്കറുടെ പ്രസംഗത്തിനു ശേഷം ചില ചോദ്യങ്ങളുന്നയിച്ചപ്പോൾ മലയാറ്റൂരിന്റെ ചോദ്യത്തിനുള്ള മറുപടിയല്ല എം. എസ്. ഗോൾവാർക്കർ കൊടുത്തത്. ആർ.എസ്.എസ്.-ന്റെ രാഷ്ട്രീയ സംസ്കാരത്തിന് ഉചിതമാകുന്ന തരത്തിൽ അവിടെ ഒ.എൻ.വി. കുറുപ്പ് ഉൾപ്പെടെയുള്ളവരെ ക്രൂരമായി മർദ്ദിച്ച കഥ ഒ.എൻ.വി. വിവരിക്കുന്നുണ്ട്. അതിനുശേഷം രണ്ടാഴ്ച കഴിഞ്ഞപ്പോൾ മഹാത്മാഗാന്ധിയെന്ന, രാജ്യത്തിന്റെ രാഷ്ട്രപിതാവിനെ നാഥുറാം വിനായക് ഗോഡ്സെ എന്ന പഴയ സംഘിയുടെ നേതൃത്വത്തിലുള്ള സംഘം ആക്രമിച്ച് കൊന്നതിനുശേഷം അതേ തേക്കാട് മൈതാനിയിലൂടെ പ്രകടനവുമായി അന്നത്തെ എ.ഐ.എസ്.എഫ്. നേതാക്കൾ മുദ്രാവാക്യം വിളിച്ച് മുന്നോട്ടുപോകുമ്പോൾ ആ മൈതാനത്തിനകത്ത് ആർ.എസ്.എസ്.-ന്റെ നേതാക്കൾ മധുരപലഹാരം വിതരണം ചെയ്തുവെന്നതിന്റെ ഓർമ്മക്കുറിപ്പ് ഞാനിപ്പോൾ ഓർക്കാൻ കാരണം, നമ്മുടെ നാട്ടിൽ 2017 ആഗസ്റ്റ് 15-ന് ശ്രീ. മോഹൻ ഭാഗവത് പാലക്കാട് കർണ്ണകി അമ്മൻ സ്കൂളിലെത്തി അവിടെ ദേശീയ പതാക ഉയർത്താൻ തീരുമാനിച്ചു. ആർ.എസ്.എസ്. ആസ്ഥാനമായ നാഗ്പൂരിൽ സ്വാതന്ത്ര്യദിനാഘോഷം നടക്കാത്തതുകൊണ്ടോ, ദേശീയപതാക കിട്ടാത്തതുകൊണ്ടോ, ദേശീയ പതാകയെ പൂജിച്ച് സൂക്ഷിക്കുന്നതുകൊണ്ടോ അല്ല ശ്രീ. മോഹൻ ഭാഗവത് കേരളത്തിലേയ്ക്ക് വന്നത്. ആർ.എസ്.എസ്.-ന്റെ ഒരു ഹിഡൺ അജണ്ട നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് വന്നത്. കേരളത്തിൽ കലാപം സൃഷ്ടിക്കാൻവേണ്ടിയാണ് ശ്രീ. മോഹൻ ഭാഗവത് കർണ്ണകിയമ്മൻ സ്കൂളിലെത്തി എല്ലാ സർക്കുലറുകളും ഭേദിച്ചുകൊണ്ട് ദേശീയപതാക ഉയർത്തിയത്. അദ്ദേഹം ആർ.എസ്.എസ്.-ന് കലാപം നടത്താനുള്ള ഇടത്താവളമായി കേരളത്തെ മാറ്റാൻ ഉദ്ദേശിക്കുന്നു. നിങ്ങളുടെ ലക്ഷ്യം കേരളത്തിൽ നടപ്പിലാകാൻ പോകുന്നില്ല. മതനിരപേക്ഷതയുടെ മഹാമണ്ഡലമൊരുക്കി ഇന്ത്യയിൽ എല്ലായിടത്തും നിങ്ങൾ ആക്രമണം നടത്തുമ്പോൾ കേരളത്തിലും കലാപം സൃഷ്ടിക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. കേരളത്തിലെ ഗവൺമെന്റിനെ ഭരണഘടനാപരമായി ചതിച്ചു കൊണ്ട് പിരിച്ചുവിടുമെന്ന ഭീഷണി നടപ്പിലാക്കാൻ വേണ്ടിയാണ് ശ്രമിക്കുന്നത്. ഈ രാജ്യത്തെ ഒരു പ്രധാനപ്പെട്ട മതനിരപേക്ഷ സംസ്ഥാനത്തെ ഞങ്ങളുടെ അധികാരം ദുർവിനിയോഗപ്പെടുത്തി പിരിച്ചുവിടുമെന്ന് ആർ.എസ്.എസ്. പ്രഖ്യാപിച്ചു. പിരിച്ചുവിടലിന് ആക്കംകൂട്ടാൻ ഈ രാജ്യത്ത് കലാപം സൃഷ്ടിക്കാൻവേണ്ടി നിങ്ങൾ കേരളത്തിലെത്തി. നിങ്ങൾ ദേശീയപതാകയെ അംഗീകരിക്കുന്നവരാണ്. അശോക ചക്രവർത്തി ബുദ്ധമതത്തിൽ വിശ്വസിച്ചു എന്നുള്ളതുകൊണ്ട് അശോകചക്രം പോലും ഇവിടെ ഉണ്ടാകരുത് എന്ന് നിങ്ങൾ വാദിക്കുകയാണ്. നിങ്ങൾ ഈ രാജ്യത്ത് സർവ്വസംഘവും കൊണ്ടുനടക്കുന്നവരാണെന്ന് വാദിക്കുന്നവരാണല്ലോ. ആർ.എസ്.എസ്.-ന് ഇപ്പോൾ ഇന്ത്യയുടെ പ്രസിഡന്റുണ്ട്, വൈസ് പ്രസിഡന്റുണ്ട്, പ്രധാനമന്ത്രിയുണ്ട്, ലോക്സഭയിലെ സ്പീക്കറുണ്ട്, പതിനെട്ട് സംസ്ഥാനങ്ങളിലെ ഭരണമുണ്ട്. നിങ്ങൾ ഇതുകണ്ട് അഹങ്കരിക്കുകയാണ്. നിങ്ങൾ ഇതുകണ്ട് അഹങ്കരിക്കുമ്പോൾ ചരിത്രത്തെക്കുറിച്ച് നല്ല ബോധ്യമുള്ള കമ്മ്യൂണിസ്റ്റുകാർ നിങ്ങളുടെ ധിക്കാരത്തെയും ധാർഷ്ട്യത്തെയും ഒരിടത്തും അംഗീകരിക്കാൻ പോകുന്നില്ലായെന്ന് ചരിത്രത്തെ സാക്ഷിനിർത്തി പ്രഖ്യാപിക്കുകയാണ്. പക്ഷെ പതിനെട്ട് സംസ്ഥാനങ്ങളിൽ ഭരണമില്ലാത്തതിനെയും പ്രധാനമന്ത്രിയേയും ഉപപ്രധാനമന്ത്രിയേയും കോൺഗ്രസ് കണ്ട് പേടിക്കുന്നുണ്ട്. ഇന്ത്യയുടെ പ്രസിഡന്റും വൈസ് പ്രസിഡന്റും ബി.ജെ.പി.-യുടെ കൂട്ടത്തിലാണ് എന്നുപറയുമ്പോൾ നിങ്ങൾ

പേടിക്കുന്നുണ്ട്. അതുകൊണ്ടാണ് കോൺഗ്രസ്സിൽനിന്ന് അർദ്ധരാത്രി സംഘിലേയ്ക്ക് തിരിച്ചുപോകാൻ കോൺഗ്രസ്സിലെ നേതാക്കൾ തയ്യാറാകുന്നത്. ഞങ്ങൾ പഠിക്കുന്നത് ചരിത്രത്തെയാണ്. ശ്രീ. നരേന്ദ്ര മോദിയെക്കാളും ശ്രീ. അമിത് ഷായെക്കാളും ഫാസിസ്റ്റുകളായ രണ്ടുപേർ ചരിത്രത്തിലുണ്ടായിരുന്നു. അത് ഹിറ്റ്ലറും മുസോളിനിയുമാണ്. ഹിറ്റ്ലറുടെയും മുസോളിനിയുടെയും ധിക്കാരത്തിനും ധാർഷ്ട്യത്തിനും എന്ത് സംഭവിച്ചു; അവസാനം മണ്ണാങ്കട്ടയും കരിയിലയുംപോലെ ലോകചരിത്രത്തിൽനിന്നും പറന്നു പോയി. ഞങ്ങൾ ശ്രീ. അമിത് ഷായുടെയും ശ്രീ. നരേന്ദ്ര മോദിയുടെയും ധാർഷ്ട്യത്തോട് പറയുന്നു ഇന്ത്യയുടെ പ്രതിഷേധത്തിന്റെ പെരുമഴയിൽ ഈ മണ്ണാങ്കട്ട ഇല്ലാതാകും, പ്രതിഷേധത്തിന്റെ കൊടുങ്കാറ്റിൽ ഈ ഇല കരിയിലകളായി പറന്നുപോകും. അങ്ങനെ പ്രഖ്യാപിക്കാൻ കഴിയുന്ന വലിയൊരു ധാരണ ഈ നാട്ടിലെ വിവിധ ജനവിഭാഗങ്ങൾക്കുണ്ട് എന്ന് നിങ്ങൾ മനസ്സിലാക്കണം. കേരളത്തിലെ ഗവൺമെന്റിനെ പിരിച്ചുവിടാൻ പോകുന്നു എന്ന് പ്രഖ്യാപിച്ചപ്പോൾ കോൺഗ്രസ് ഒരക്ഷരം മിണ്ടിയോ; ഇല്ല, ബി.ജെ.പി.-യെ പേടിച്ച് മിണ്ടാതിരുന്നു. ഞങ്ങൾക്ക് ആ പേടി ഇല്ലെന്നുള്ളതു കൊണ്ടും ശീതീകരിച്ച മുറിയിൽ കഴുത്തിൽ തോർത്തിട്ട് സമരം നടത്തുന്നവരല്ലെന്നുള്ളതു കൊണ്ടും ഞങ്ങൾക്ക് സംഘികളെ ഒരു ഭയവുമില്ല. എ.ഐ.വൈ.എഫ്.-ന്റെയും എ.ഐ.എസ്.എഫ്.-ന്റെയും ലോങ്മാർച്ചിനെ, സഖാവ് കനയകുമാറിനെ ഇന്നലെയും സംഘ്പരിവാർ ആക്രമിച്ചു. പക്ഷെ ഞങ്ങളുടെ മാർച്ച് അവസാനിച്ചില്ല. സംഘ്പരിവാറിനെതിരായി ഇടതുപക്ഷ യുവജന പ്രസ്ഥാനങ്ങൾ ഇന്ത്യയുടെ മണ്ണിലാകെ നടത്തുന്ന വലിയ സമരങ്ങൾക്ക് തടയിടാൻ കേവലമായ അഹങ്കാരംകൊണ്ട് സാധിക്കില്ല എന്ന യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. ഈ സർക്കാർ ആർക്കുവേണ്ടിയെന്ന് ഇവിടെ മുദ്രാവാക്യം വിളിച്ചവരും ദന്തഗോപുരങ്ങളിലിരുന്ന് ജഡ്ജ്മെന്റ് നടത്തുന്നവരും സമരം നടത്തുന്നവരും ചോദിച്ചു. ഈ സർക്കാർ ആർക്കുവേണ്ടിയാണെന്ന് ഞങ്ങൾക്ക് പറയാൻ കഴിയും. സ്വന്തം സംസ്ഥാനത്ത് എം.എൽ.എ.-മാരെ താമസിപ്പിക്കാൻ ധൈര്യമില്ലാത്ത, ഗുജറാത്തിൽനിന്നുവരുന്ന കോൺഗ്രസ്സിനോട് പറയണം, സ്വന്തം മണ്ണിൽ എം.എൽ.എ.-മാർക്ക് താമസിക്കാൻ അവസരമുണ്ടാക്കിക്കൊടുക്കാൻ കഴിയുന്നൊരു ഗവൺമെന്റാണതെന്ന് ഇപ്പോൾ ഇവിടെ ധനവിനിയോഗ ബിൽ ചർച്ചചെയ്യുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേരളത്തിനുവേണ്ടി പ്രഖ്യാപിച്ച നടപടികൾകണ്ട് കേരളമാകെ അമ്പരന്നിരിക്കുകയാണ്. കോൺഗ്രസ്സിന്റെ എം.എൽ.എ.-മാർ കൂടുവിട്ട് മാറാതിരിക്കാൻ വേണ്ടി പതിമൂന്നുദിവസം കർണ്ണാടകയിൽ കൊണ്ടുപോയി താമസിപ്പിച്ചതിന്റെ ചെലവെടുത്തുനോക്കിയാൽ നമ്മുടെ പ്രതിപക്ഷനേതാവിന്റെ മണ്ഡലത്തിൽ രണ്ട് പാലം കൊടുക്കാൻ കഴിയും. നിങ്ങളുടെ എം.എൽ.എ.മാരെ സംരക്ഷിക്കാൻവേണ്ടി അത്രയും തുക ചെലവഴിച്ചില്ലേ? സ്വന്തം സംസ്ഥാനങ്ങളിൽ എം.എൽ.എ.മാരെ സംരക്ഷിക്കാൻ കഴിയാത്ത നാടായി ജനാധിപത്യ ഇന്ത്യ മാറി. തമിഴ്നാട്ടിൽ ശ്രീ. ദിനകരൻ സ്വന്തം സംസ്ഥാനത്ത് നിലനിർത്താൻ കഴിയാത്തതിന്റെ പേരിൽ 13 എം.എൽ.എ.-മാരേയുംകൊണ്ട് പോണ്ടിച്ചേരിയിലേയ്ക്ക് പോയിരിക്കുകയാണ്. ഇത് ഒരു ജനകീയ പ്രസ്ഥാനത്തിന്റെ ആരംഭമാണ്. കോൺഗ്രസ്സ് കേവലം തങ്ങളുടെ തെറ്റായ വർത്തമാനം പറഞ്ഞ് ഒരു ജനാധിപത്യ ഗവൺമെന്റിനെ ഇല്ലാതാക്കാൻ കഴിഞ്ഞുവെന്ന് അഹങ്കരിക്കുമ്പോൾ നിങ്ങളുടെ ആളുകൾ

പൊയ്ക്കൊണ്ടിരിക്കുന്നത് സംഘ്പരിവാറിന്റെ താവളത്തിലേയ്ക്കാണെന്ന യാഥാർത്ഥ്യം മനസ്സിലാക്കണം. ഇനിയെങ്കിലും കോൺഗ്രസ്സ് മാനസ്സാന്തരപ്പെടണ്ടേ? എന്റെ പിഴ, എന്റെ പിഴ എന്ന് പലതവണ പറഞ്ഞുകൊണ്ട് ഈ രാജ്യത്തെ ജനങ്ങളോട് മാപ്പ് ചോദിക്കുന്നതിനു പകരം കേരളം ഉയർത്തിപ്പിടിക്കുന്ന മതനിരപേക്ഷതയുടെ രാഷ്ട്രീയ പോരാട്ടത്തിൽ നിങ്ങൾ കാഴ്ചക്കാരായി നിൽക്കുകയാണ്. ഈ ഗവൺമെന്റിന് എതിരായി നിലയുറപ്പിച്ചു കൊണ്ട് എന്ത് മെച്ചമാണ് നിങ്ങൾക്കുണ്ടാകുന്നത്? നിങ്ങൾ കേരളത്തിൽ ഇക്കഴിഞ്ഞ പതിനാല് മാസത്തെ കണക്കെടുത്ത് പരിശോധിക്കണം. യു.ഡി.എഫ്. ഭരിക്കുന്ന കാലത്ത് പെൻഷൻ വാങ്ങാൻ കഴിയാത്ത പാവപ്പെട്ടവന് പെൻഷൻ കൊടുക്കാൻ കേരളത്തിലൊരു ഗവൺമെന്റുണ്ടായി. അത് പതിനാല് മാസം പിന്നിട്ട ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണ്. രാവിലെ അടിയന്തരപ്രമേയത്തിൽ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെ മറുപടി പറഞ്ഞല്ലോ. കഴിഞ്ഞ അഞ്ചുവർഷക്കാലം കേരളത്തിലെ കർഷക ഗൃഹങ്ങളിൽ ആത്മഹത്യയുടെയും നൊമ്പരപ്പെടുത്തലുകളുടെയും ആർപ്പുവിളികളുടെയും കരച്ചിലുകളുടെയും താളമാണു ണ്ടായിരുന്നതെങ്കിൽ കേരളത്തിന്റെ കൃഷി മേഖലയിൽ ഒരു പുതിയ സംസ്കാരവും പുതിയ ജീവിതവും പുതിയ സങ്കൽപ്പവും സജീവ മുന്നേറ്റവും ഉണ്ടായിരിക്കുന്നു. അത് എന്തുകൊണ്ട് കാണാൻ കഴിയുന്നില്ല? പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ കേരളത്തിൽ ആദ്യത്തെ വർഷം 135000 കുട്ടികൾ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വന്നു എന്നുപറഞ്ഞാൽ അതൊരു ചെറിയ കാര്യമല്ല. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നമ്മയുടെ പുതിയ കാലത്തിന്റെ ചിന്തകളെ തോളിലേറ്റിക്കൊണ്ട് കടന്നു പോകുകയാണ്. കേരളത്തിലെ നാല് മിഷനുകൾ പ്രാവർത്തികമാക്കാൻ പോവുകയാണ്. അഞ്ചുകൊല്ലം ഈ ഗവൺമെന്റ് കേരളം ഭരിക്കുമ്പോൾ ഭൂമിയും വീടുമില്ലാത്ത ഒരു മനുഷ്യനും കേരളത്തിലുണ്ടാവില്ല എന്ന് 'ലൈഫ് ' പദ്ധതിയിലൂടെ പ്രഖ്യാപിച്ചില്ലേ ? നിങ്ങൾ ഇവിടെ പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് വലിയ വർത്തമാനം പറഞ്ഞല്ലോ. നാലു വർഷമായി നിങ്ങൾ ചാക്കിൽകെട്ടി മുറിക്കകത്ത് സൂക്ഷിച്ചുവച്ചിരുന്ന മൂന്നേകാൽ കോടി മലയാളികളുടെ റേഷൻ കാർഡ് കൊടുക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കേരളത്തിൽ വരേണ്ടിവന്നു. നിങ്ങളുണ്ടാക്കിവച്ച കുറവുകളുടെയും കുഴപ്പങ്ങളുടെയും ഉത്തരവാദിത്വം ഞങ്ങളുടെ തലയ്ക്കുമീതെ ചാർത്തിയിട്ട് കാര്യമില്ല. ഓണക്കാലം വരാറായി. സജീവമായി പൊതുവിതരണ വകുപ്പ് ഇടപെടുകയാണ്. അഞ്ചുവർഷമായി യു.ഡി.എഫ്. വിതരണം ചെയ്യാത്ത കാർഡ് കൊടുക്കുക മാത്രമല്ല, 3.41 കോടിയോളം വരുന്ന മലയാളികളിൽ 1.54 കോടി ജനങ്ങൾക്ക് സമ്പൂർണ്ണവും സൗജന്യവുമായ ധാന്യവിതരണം നടപ്പിലാക്കി. ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷം പേർക്ക് രണ്ടുരൂപയ്ക്ക് അരിയും അവശേഷിക്കുന്ന അറുപത് ലക്ഷം ജനങ്ങൾക്കും രണ്ട് കിലോ ആട്ട 15 രൂപയ്ക്കും അരി 8.90 രൂപയ്ക്കും വിതരണം ചെയ്യാൻ കഴിഞ്ഞതിലൂടെ പൊതുവിതരണ വകുപ്പ് കേരളത്തിൽ ഒരു പുതിയ ചിന്തയുടെ അദ്ധ്യായം കുറിക്കുകയാണ്. ഇരുപത്തൊന്ന് വർഷങ്ങൾക്കുശേഷമാണ് കേരളത്തിൽ വിള ഇൻഷ്വറൻസ് നടപ്പിലാക്കാൻ കഴിഞ്ഞത്. രണ്ടു മുതൽ പതിമൂന്നിരട്ടിവരെ കേരളത്തിലെ കർഷകന് വിള ഇൻഷ്വറൻസ് നടപ്പിലാക്കിക്കൊണ്ട് വിളനഷ്ടമുണ്ടായാൽ നഷ്ടപരിഹാരം കൊടുക്കാൻ തീരുമാനിച്ചതിലൂടെ കേരളത്തിൽ ഒരു പുതിയ ചിന്ത കൊണ്ടുവരികയാണ്. തരിശു

രഹിതമായ ഒരു കേരളം. കേരളത്തിന്റെ മണ്ണ് തരിശിട്ട് കളയാനാകില്ലെന്ന മാത്രമല്ല ഗുഡ് അഗ്രികൾച്ചറൽ പ്രാക്ടീസ് എന്ന വിധത്തിൽ രാസ കീടനാശിനികളുടെ അംശമില്ലാത്ത ഒരു കേരളത്തെ സൃഷ്ടിക്കാനുള്ള സമഗ്രമായൊരു ഇടപെടൽ നടക്കുകയാണ്. കേരളത്തിൽ ക്ഷീര വികസനവകുപ്പ് തുടങ്ങിയ കാലത്ത് ജനങ്ങളോട് പറഞ്ഞു, പാലുത്പാദനത്തിൽ വർദ്ധനവുണ്ടാക്കാൻ പോകുന്നുവെന്ന്. പലരും അത് വിശ്വസിച്ചില്ല. ഈ ഗവൺമെന്റ് ഒരു വർഷം പിന്നിടുമ്പോൾ കേരളത്തിലെ പാലുത്പാദനത്തിൽ 17 ശതമാനം വർദ്ധന വുണ്ടാക്കിയെന്നത് അത്ഭുതത്തോടെയും അഭിമാനത്തോടെയും കാണേണ്ടതാണ്. കേരളത്തിലെ ഗവൺമെന്റിന്റെയും ധനകാര്യ വകുപ്പിന്റെയും നേതൃത്വത്തിൽ ജന ക്ഷേമകരമായ പരിപാടികളുടെ വഴികളിലൂടെ കടന്നുപോകുമ്പോഴാണ് സ്വന്തമായി ഒന്നും പറയാനില്ലാത്തവർ ഉത്തരംമുട്ടുമ്പോൾ കൊഞ്ഞനം കാണിക്കുന്നതുപോലെ കേരളത്തിലെ ജനകീയ ഗവൺമെന്റിനെ ആക്രമിക്കാൻ തീരുമാനിക്കുന്നത്. ഞാൻ ഉറപ്പിച്ചുപറയുന്ന നിങ്ങളുടെ സത്യാഗ്രഹം കൊണ്ട് കേരളത്തിലെ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനാകില്ല എന്ന്. ഒന്നും ചെയ്യാൻ കഴിയാത്തതിന്റെ വിഷയ ദാരിദ്ര്യത്തിന്റെ പ്രശ്നംകൊണ്ട് ഓരോ ദിവസവും കേരളത്തിൽ ഓരോ പ്രശ്നമുണ്ടാക്കാൻ തീരുമാനിക്കുകയാണ്. ഞങ്ങൾ ഉറപ്പിച്ച പറയുന്ന, കേരളത്തിലെ ജനങ്ങൾക്ക് 14 മാസക്കാലത്തിനിടയ്ക്ക് ഈ ഗവൺമെന്റ് കൊടുത്ത സേവനങ്ങളുടെ ആഗ്രഹങ്ങളേറ്റു വാങ്ങിയ, അനുഭവങ്ങളേറ്റുവാങ്ങിയ കേരളത്തിലെ ജനങ്ങൾ സ്വന്തം നെഞ്ചിലേറ്റിയ സ്വന്തം ഹൃദയത്തിലേറ്റിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ നിങ്ങൾ എത്ര ആക്രമിച്ചാലും കേരളത്തിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ബി.ജെ.പി.യുടെ അംഗം സംസാരിക്കുമ്പോൾ ഈ സർക്കാർ പാവങ്ങളുടെ കൂടെയാണോ കുത്തകകളുടെ കൂടെയാണോ എന്ന ചോദ്യം ചോദിച്ചു. കുറേ വിമർശനങ്ങൾക്കൊപ്പം ഒരു ചോദ്യവും കൂടി ചോദിച്ചതാണ്. പക്ഷെ മറുപടി കേൾക്കാൻ അദ്ദേഹം ഇവിടെ ഇരിക്കുന്നില്ലെന്ന പ്രശ്നമുണ്ട്. ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ കേന്ദ്ര ഭരണം ദുരുപയോഗം ചെയ്തു കൊണ്ട് സംസ്ഥാന സർക്കാരിനെ പിരിച്ചുവിടാൻ കഴിയുമോ, അസ്ഥിരപ്പെടുത്താൻ കഴിയുമോയെന്നുള്ള പരീക്ഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ സർക്കാരിനെ പിരിച്ചുവിട്ട് പ്രസിഡന്റ് ഭരണം ഏർപ്പെടുത്തണമെന്നുള്ള ആർ.എസ്.എസ്.ന്റെ പ്രസ്താവനകൾ നമ്മൾ കേട്ടതാണ്. നേരത്തെ ശ്രീ. ആരിഫ് എം.എൽ.എ. സംസാരിച്ചപ്പോൾ ഇക്കാര്യം സൂചിപ്പിച്ചിരുന്നു. മറ്റു സംസ്ഥാനങ്ങളിലേതുപോലെ വർഗ്ഗീയ കലാപങ്ങൾ സംഘടിപ്പിക്കാൻ കേരളത്തിൽ സാധ്യമല്ല, എളുപ്പമല്ലെന്ന മനസ്സിലാക്കിയ സംഘ്പരിവാർ സംഘങ്ങളെല്ലാം ചേർന്നുകൊണ്ട് കേരളത്തിൽ സി.പി.ഐ.(എം). പ്രവർത്തകരെ വകവരുത്തുന്നതിനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ കുറേനാളുകളായി നടത്തിക്കൊണ്ടിരിക്കുന്നത്. അതുചെയ്തുകൊണ്ട് ക്രമസമാധാന തകർച്ച ഉണ്ടായിയെന്ന വരുത്തിതീർക്കാനുള്ള പരിശ്രമത്തിന്റെ ഏറ്റവും ഒടുവിലെ ഉദാഹരണമാണ് രാജേഷ് വധവുമായി ബന്ധപ്പെട്ട് വന്നത്. ആ കേസിലെ പ്രതികളെയെല്ലാം പോലീസ് പിടിച്ചിരുന്നു. പ്രതികളാരും സി.പി.ഐ.(എം)-മായി

ബന്ധമുള്ളവരല്ലെന്നുള്ള വാർത്തകൾ വന്നിട്ടുള്ളതാണ്. തലസ്ഥാന ജില്ല കേന്ദ്രീകരിച്ചും സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും ഇത്തരത്തിൽ ആർ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ അഴിച്ചുവിടുന്ന അതിക്രമങ്ങളെ ന്യായീകരിച്ചുകൊണ്ട് അതെല്ലാം സി.പി.ഐ.(എം)ന്റെ പുറത്തേക്കിടുന്ന പ്രവണതകളാണ് ആ ഭാഗത്തുനിന്ന് കേൾക്കാൻ കഴിയുന്നത്. സി.പി.ഐ.(എം)ന്റെ പ്രവർത്തകരുടെ സംയമനത്തോടെയുള്ള പ്രവർത്തനം കൊണ്ടുമാത്രമാണ് കൂടുതൽ അക്രമങ്ങൾ ഉണ്ടാകാതിരിക്കുന്നതെന്ന് നമുക്കറിയാം. ക്രമസമാധാനപാലനത്തിൽ കേരളം രാജ്യത്ത് ഒന്നാംസ്ഥാനത്താണെന്ന റിപ്പോർട്ട് വന്നിട്ടുള്ളതാണ്. യു.പി. ഭരിക്കുന്നത് ബി.ജെ.പി.-യുടെ നേതാവായ സന്യാസി യോഗി ആദിത്യനാഥാണ്. അദ്ദേഹം മുഖ്യമന്ത്രിയായി രണ്ടു മാസങ്ങൾക്കുള്ളിൽ വന്ന റിപ്പോർട്ട് പ്രകാരം കൊലപാതകം 729, ബലാത്സംഗം 803, കൊള്ള 799, തട്ടിക്കൊണ്ടുപോകൽ 2682. ഏറ്റവും ഞെട്ടിക്കുന്ന കാര്യമല്ലേ ഇത്. ഇതിനെപ്പറ്റി അദ്ദേഹത്തിന് എന്തെങ്കിലും പറയാനുണ്ടോ; അതുപോലെ 33 ശതമാനം കൊലപാതക കേസിലും 29 ശതമാനം ബലാത്സംഗക്കേസിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. 2010-ൽ വനിതാ സംവരണ ബിൽ പാസ്സാക്കണമെന്ന ചർച്ച വന്നപ്പോൾ ഏറ്റവും കൂടുതൽ എതിർത്ത സ്ത്രീവിരുദ്ധൻ കൂടിയാണ് യു.പി. മുഖ്യമന്ത്രിയായിരിക്കുന്ന ബി.ജെ.പി. നേതാവ്. ഇങ്ങനെയെല്ലാമുള്ള ആൾക്കാരാണ് ബി.ജെ.പി.യിലുള്ളത്. അവരാണ് സംസ്ഥാനങ്ങൾ ഭരിക്കുന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് സ്വജനപക്ഷപാതവും അഴിമതിയും ഒക്കെയായി ഏറ്റവും വികലമായ ഭരണം നടത്തിക്കൊണ്ട് ജനത്തിന് ആക്ഷേപകരമായ നാടിന് ആക്ഷേപകരമായ ഭരണമാണ് 5 വർഷം യു.ഡി.എഫ്.-ന്റെ നേതൃത്വത്തിൽ നടന്നു കൊണ്ടിരുന്നത്. അവസാന ഒന്നര വർഷക്കാലം, അന്ന് ബി.ജെ.പി.-യുടെ കേന്ദ്ര ഭരണവും കൂടിയായപ്പോൾ ഒരു വശത്ത് ജീവിക്കാൻ പൊറുതിമുട്ടുന്ന ജീവിത നിലവാരം പിടിച്ചു നിർത്തുന്നതിനുള്ള ഇടപെടൽ നടത്താതെ കൊള്ള നടത്തിക്കൊണ്ടിരിക്കുന്ന വികലമായ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന യു.ഡി.എഫ്.-ഉം മറുവശത്ത് വലിയ തോതിലുള്ള ജാതിയതയും വർഗ്ഗീയതയും വളർത്തുകയും എല്ലാം കുത്തകകൾക്ക് സ്വകാര്യവത്കരിക്കുവാൻ കൊടുക്കുകയും ചെയ്യുന്ന, പാചകവാതകത്തിന്റെ വില കൂട്ടുക, ട്രെയിൻ യാത്രാ ചാർജ് വർദ്ധിപ്പിക്കുക, റെയിൽവേ സ്റ്റേഷനുകൾ സ്വകാര്യവത്കരിക്കാൻ നേതൃത്വം കൊടുക്കുക, ബാങ്കുകളെ ലയിപ്പിക്കുക, കുത്തകകളുടെ കിട്ടാക്കടം എഴുതിത്തള്ളുക, പാവങ്ങളുടെ പക്ഷത്തേയ്ക്ക് യാതൊരു നോട്ടവുമില്ലാതെ പോകുന്ന ബി.ജെ.പി.-യുടെ ഭരണം. ഇത് രണ്ടിലും പൊറുതിമുട്ടിക്കൊണ്ടിരുന്ന കേരളത്തിലാണ് ആശ്വാസകരമായി ഒരു വർഷത്തിനുമുമ്പ് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ഭരണം ബഹുമാനപ്പെട്ട സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ ഇവിടെ വന്നിട്ടുള്ളത്. ക്രമസമാധാനപാലനത്തിൽ മാത്രമല്ല അധികാരത്തിൽ വന്നപ്പോൾ തന്നെ നാനാവിഭാഗം ജനങ്ങളെയും പരിഗണിച്ചുകൊണ്ടുള്ള ദീർഘവീക്ഷണത്തോടെയുള്ള പരിപാടികൾ തയ്യാറാക്കിക്കൊണ്ട് അത് പ്രവർത്തനത്തിൽ കൊണ്ടുവരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. ക്രമസമാധാനനില കഴിഞ്ഞകാലങ്ങളിൽ എങ്ങനെ യായിരുന്നുവെന്ന് നാം കണ്ടിട്ടുള്ളതാണ്. അതുമാത്രമല്ല, വികസന സൂചികകളിലും കേരളം മറ്റു സംസ്ഥാനങ്ങളെക്കാൾ ബഹുദൂരം മുന്നിലാണ് സഞ്ചരിക്കുന്നതെന്ന് നമുക്കറിയാം. ബി.ജെ.പി.-ക്കെതിരെ ശക്തമായ നിലപാടുകൾ സ്വീകരിക്കാത്തതിനാൽ പല

സംസ്ഥാനങ്ങളിലും കേൺഗ്രസ് തകർന്നടിയുന്ന കാഴ്ചയാണ് നമ്മൾ കാണുന്നത്. 2 ജി സ്പെക്ടം പോലുള്ള അഴിമതികളിൽ അവർ മുങ്ങിക്കുളിച്ചപ്പോഴാണ് ബി.ജെ.പി. വരുന്നത്. അവരുടെ ചെലവിലാണ് ഇപ്പോൾ ബി.ജെ.പി. വന്നിട്ടുള്ളത്. ദേശീയ തലത്തിൽതന്നെ കേരളത്തിന്റെ പ്രതിഛായ തകർന്നുവെന്നാണ് പ്രതിപക്ഷ നേതാവ് കഴിഞ്ഞദിവസം ഇവിടെ ആശങ്കപ്പെട്ട് പറയുന്നത് കേട്ടത്. ഇന്ത്യയെ മുച്ചൂടും തകർത്ത നവലിബറൽ നയങ്ങൾ കോൺഗ്രസിന്റെ സംഭാവനയായിരുന്നുവെന്ന് നമുക്കറിയാം. മുതലാളിത്ത സാമ്പത്തിക പരിഷ്കാരങ്ങളുടെ നടത്തിപ്പുകാരായ കോൺഗ്രസ് അഴിമതിയിൽ മുങ്ങിയാണ് അധികാരത്തിൽ നിന്നുതന്നെ പോയിട്ടുള്ളത്. കോൺഗ്രസിന്റെ ചെലവിൽ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ബി.ജെ.പി. ഭൂരിപക്ഷത്തോടെ അധികാരത്തിൽ വരികയും ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റുതുലച്ചും സബ്സിഡികൾ നിർത്തലാക്കിയും വിലക്കയറ്റം സൃഷ്ടിച്ചും ജനജീവിതം ദുസ്സഹമാക്കുന്ന ഭരണമാണ് ബി.ജെ.പി.-യുടേതെന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. പാചകവാതകത്തിന് തുടർച്ചയായി നാല് രൂപ വീതം മാസംതോറും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ ദിവസംതോറും പെട്രോൾ, ഡീസൽ വില വർദ്ധിക്കുകയും ചെയ്യുന്നു. അവയുടെ വില നാം അറിയാതെ വർദ്ധിക്കുന്നുവെന്ന് പത്രങ്ങളെല്ലാം റിപ്പോർട്ട് ചെയ്തതാണ്. നാല് രൂപയിലധികം ഒരു മാസത്തിൽതന്നെ വർദ്ധനവ് വന്നിരിക്കുന്നു. ഇതാണോ സാധാരണക്കാരുടെ പക്ഷത്തുള്ള ഭരണം. അദ്ദേഹം ചോദിച്ചല്ലോ ഈ സർക്കാർ ആരുടെ പക്ഷത്താണെന്ന്. ഇപ്പോൾ അവർ ആരുടെ പക്ഷത്താണെന്നുള്ളതല്ലേ, അതിന്റെ തെളിവല്ലേ നമ്മൾ കാണുന്നത്. നോട്ടുനിരോധനം എന്തുമാത്രം പ്രയാസങ്ങളാണ് കേരളത്തിലുണ്ടാക്കിയത്. പുതിയ ഗവൺമെന്റ് നിലവിൽവന്ന് പുതിയ കാര്യങ്ങൾ ചെയ്യാൻ തുടങ്ങുമ്പോൾ അതിനെല്ലാം തടയിടുന്ന തരത്തിൽ ചലിക്കാൻ കഴിയാത്ത തരത്തിലല്ലേ ഒരു സുപ്രഭാതത്തിൽ നോട്ട് നിരോധിച്ചത്. അതിന്റെ കെടുതികൾ ഇതുവരെയും മാറിയിട്ടില്ല. അതുപോലെതന്നെയാണ് ജി.എസ്.ടി.-യും. ജി.എസ്.ടി. വന്നപ്പോൾ നമ്മുടെ അധികാരം മുഴുവൻ കവർന്നെടുത്തു. ഭരണഘടനാ ഭേദഗതിയിലൂടെ സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന ഫെഡറൽ അധികാരം കവർന്നെടുത്തുകൊണ്ടാണ് നൂറ്റിയൊന്നാം ഭരണഘടനാ ഭേദഗതിയിലൂടെ ടാക്സ് ചുമത്താനും ഒഴിവാക്കാനും കുറയ്ക്കാനുമുണ്ടായിരുന്ന പൂർണ്ണ സ്വാതന്ത്ര്യം എടുത്തുകളഞ്ഞത്. അതിന്റെ നല്ല വശങ്ങൾ അനുഭവപ്പെട്ടുവരുന്നുമില്ല. ബി.ജെ.പി. നടത്തിയ അഴിമതിക്കഥകൾ ഒന്നൊന്നായി പുറത്തുവന്നുകൊണ്ടിരിക്കുകയല്ലേ. അതിനെ മറയ്ക്കാനായിരുന്നു ഇവിടെ കൊലപാതകം നടത്തി ജനശ്രദ്ധ തിരിച്ചുവിട്ടത്. മെഡിക്കൽ കൗൺസിലിൽ കൊടുക്കാൻവേണ്ടി കോടിക്കണക്കിന് രൂപ കോഴ വാങ്ങിയ കഥകൾ ഒന്നൊന്നായി അവർ തന്നെയാണ് ചർച്ചചെയ്ത് ആ വാർത്ത പുറത്തുവിട്ടത്. ഇടതുപക്ഷമല്ല അത് പറഞ്ഞത്. രാജ്യം 71-ാം സ്വാതന്ത്ര്യദിനം ആഘോഷിച്ചപ്പോൾ യു.പി.-യിലെ ഗോരഖ്പൂരിൽ 74-ലധികം പിഞ്ചുകുഞ്ഞുങ്ങൾ ശ്വാസംകിട്ടാതെ, ഓക്സിജൻ കിട്ടാതെ പിടഞ്ഞുമരിച്ച കാഴ്ചയാണ് കണ്ടത്. കേരളത്തിലെ ജനപക്ഷ സർക്കാർ, ഒരാൾ മരിച്ചപ്പോൾ സ്വകാര്യ ആശുപത്രികളും ആംബുലൻസുകളുമെല്ലാം നിഷേധിച്ചു നിന്നപ്പോൾ ശക്തമായ നടപടിയെടുത്തത് നമ്മൾ കണ്ടതാണ്. കേരളം ക്ഷമ ചോദിച്ചുകൊണ്ടാണ് ബഹുമാന്യനായ മുഖ്യമന്ത്രി ഇത്തരം സംഭവം ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. മെഡിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ വന്നപ്പോൾ നല്ല നിലയിലുള്ള ഇടപെടലിനുള്ള സാധ്യത

യാണുണ്ടായിട്ടുള്ളത്. ഈ ഗവൺമെന്റ് ആരുടെ കൂടെയാണെന്ന് അദ്ദേഹം ചോദിച്ചല്ലോ, വിദ്യാഭ്യാസ വായ്പയെടുത്ത് ഗതികെട്ടിരിക്കുന്നവരെ സഹായിക്കുന്ന കടക്കെണി യിലാകുന്നവർക്ക് ആശ്വാസം കൊടുക്കുന്ന പദ്ധതി ബഹുമാനപ്പെട്ട പിണറായി വിജയൻ സഖാവിന്റെ നേതൃത്വത്തിലുള്ള സർക്കാരല്ലേ നടപ്പാക്കിയിട്ടുള്ളത്. കഴിഞ്ഞ ദിവസം പ്രമേയം പാസ്സാക്കിക്കൊണ്ട് അഞ്ചുസെന്റിൽ താഴെയുള്ള സ്ഥലത്ത് ആയിരം സ്ക്വയർ ഫീറ്റിൽ താഴെ വീടുള്ള ആൾക്കാർ കടക്കെണിയിൽപ്പെട്ടാൽ അവരെ ഇറക്കിവിടരുതെന്നുള്ള പ്രമേയം പാസ്സാക്കിയത് ഈ ഗവൺമെന്റല്ലേ, കേരളത്തിൽ അത് നടപ്പാക്കിയെടുക്കാനുള്ള തീരുമാനമെടുത്തത് ഈ ഗവൺമെന്റല്ലേ. ആരുടെ കൂടെയാണ് ഈ ഗവൺമെന്റ് എന്നുള്ളതിന്റെ തെളിവുകളല്ലേ ഇതെല്ലാം. വികസന പദ്ധതികൾക്കൊപ്പം പാവപ്പെട്ട ജനവിഭാഗങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾകൂടി ഏറ്റെടുത്തുവെന്നതാണ് ഈ സർക്കാരിനെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമാക്കുന്നത്. ക്ഷേമപെൻഷൻ 600 രൂപയിൽനിന്ന് 1100 രൂപയാക്കി വർദ്ധിപ്പിച്ചു. 60 വയസ്സ് കഴിഞ്ഞ എല്ലാവർക്കും ഏതെങ്കിലും ഒരു പെൻഷൻ ലഭിക്കുന്ന സംസ്ഥാനമായി കേരളം മാറിയെന്നുള്ളത് നമുക്ക് കാണാൻ കഴിയും. ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ ഓൺലൈനിൽ കൊടുക്കാനുള്ള സംവിധാനമായി. ചികിത്സാ സഹായം ഇനി ബാങ്ക് അക്കൗണ്ടിലേയ്ക്ക് വരുന്ന സംവിധാനം കൂടി കൊണ്ടുവരാൻ പോകുകയാണ്. രണ്ടു വകുപ്പുകൾ വഴി - പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുമന്ത്രിയുടെ ചികിത്സാസഹായമായും മുഖ്യമന്ത്രിയുടെ ചികിത്സാസഹായമായും വേഗം ലഭിക്കത്തക്ക നിലയിലുള്ള സംവിധാനങ്ങൾ ഇവിടെയുണ്ടാക്കിയിട്ടുള്ളത് പ്രത്യേകമായി കാണേണ്ട കാര്യമാണ്. ആദിവാസികൾക്കും പട്ടികജാതി വിഭാഗങ്ങൾക്കും ശുചിമുറിയുണ്ടാക്കി കൊടുക്കാൻ, ഇവിടെ ആർക്കാണ് ശുചിമുറിയില്ലാത്തത്? പണമുള്ളവർക്കല്ലല്ലോ. അതാണ് ഞാൻ ചോദിച്ചത്, ആരുടെ കൂടെയാണ് ഈ സർക്കാരെന്നുള്ളത്. ശുചിമുറിയില്ലാത്ത മുഴുവൻ ഭവനങ്ങൾക്കും കഴിഞ്ഞ നവംബറിനുള്ളിൽ ശുചിമുറികളുണ്ടാക്കിക്കൊടുക്കാൻ കഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽവന്ന് ഒരു വർഷം തികയ്ക്കുന്നതിന് എത്രയോമുമ്പ് എല്ലാവർക്കും ശുചിമുറികളുണ്ടാക്കിക്കൊടുത്തുകൊണ്ട് കേരളം ഇന്ത്യാ രാജ്യത്തിന് മാതൃകയായത് കാണണം. കാർഷിക വായ്പയുടെയും വിദ്യാഭ്യാസ വായ്പയുടെയും ബാധ്യത അവസാനിപ്പിക്കാൻ എടുത്ത നടപടികൾ, സഹായ പദ്ധതികൾ, യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് ജൂൺ മാസം കൊടുക്കേണ്ട സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ യൂണിഫോം, മാർച്ച് കഴിഞ്ഞ് തയ്ച്ചുവച്ച് ആർക്കും വേണ്ടാതിരുന്ന കാലം നമുക്കറിയാം. കഴിഞ്ഞ കാലങ്ങളിൽ എസ്.എസ്.എൽ.സി. റിസൾട്ട് വന്നപ്പോൾ പരീക്ഷ എഴുതാത്തവരുടെ മാർക്ക് ലിസ്റ്റ് കൂടി വന്ന സ്ഥിതി ഇവിടെ ഇല്ലായിരുന്നോ? വി.സി. നിയമനവുമായി ബന്ധപ്പെട്ട് എന്നും വിമർശനങ്ങളല്ലേ ഉണ്ടായിരുന്നുള്ളൂ. പരീക്ഷകളുടെ റിസൾട്ട് വരാത്ത പ്രശ്നങ്ങൾ. വിദ്യാഭ്യാസ മേഖലയെ തച്ചുടച്ച കഴിഞ്ഞ സർക്കാരിൽനിന്നും വ്യത്യസ്തമായി വളരെ വേഗത്തിലാണ് ഈ സർക്കാർ ഓരോ കാര്യങ്ങളും ചെയ്തുതീർക്കുന്നത്. ചുരുങ്ങിയ സമയം കൊണ്ട് 13 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിലായത്. മറ്റുള്ളവ ലാഭത്തിലായി കൊണ്ടിരിക്കുകയാണ്. 15000 ഏക്കർ സ്ഥലത്താണ് നെൽകൃഷി കൊണ്ടുവന്നിരിക്കുന്നത്. ഓരോ കാർഷികോല്പാദനവും വർദ്ധിപ്പിക്കാനുള്ള പദ്ധതികൾ തുടങ്ങി. അങ്ങനെ സമസ്ത മേഖലകളെയും സ്പർശിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്.

അതുപോലെ പച്ചക്കറി കൃഷി, ജൈവപച്ചക്കറി കൃഷി, നവകേരള സൃഷ്ടിക്കായി നാലു മിഷനുകളുടെ പ്രവർത്തനങ്ങൾ; ത്രിതല പഞ്ചായത്തുകളെ കൂട്ടിയോജിപ്പിച്ചു കൊണ്ടുപോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ പൊതുവിദ്യാഭ്യാസത്തെ ഏറ്റവും മെച്ചപ്പെട്ട നിലയിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞു. പൊതുജനാരോഗ്യം മെച്ചപ്പെടുത്താനായി ആർദ്രം പദ്ധതി വഴി ആശുപത്രികളിൽ നടപ്പാക്കുന്ന കാര്യങ്ങൾ കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പുമന്ത്രിതന്നെ ഇവിടെ വിവരിച്ചിട്ടുള്ളതാണ്. ആരോഗ്യ പ്രശ്നവുമായി കുടുംബാരോഗ്യ കേന്ദ്രത്തിൽ പോയിട്ടുള്ള ഒരു രോഗിയുടെ ആരോഗ്യനിലയെ സംബന്ധിച്ചും രോഗാവസ്ഥയെപ്പറ്റിയും കമ്പ്യൂട്ടർവഴി കേരളത്തിൽ എവിടെനിന്നും അറിയാൻ കഴിയുന്ന ഏറ്റവും നല്ല സംവിധാനമാണ് ഇവിടെയുണ്ടാക്കിയിട്ടുള്ളത്. അതുപോലെ മുടങ്ങിക്കിടന്നിരുന്ന പദ്ധതികൾ, മുടങ്ങാൻ കാരണമായവയെല്ലാം തട്ടിമാറ്റിക്കൊണ്ടു തന്നെ, കേസുകൾ നിലനിന്നിരുന്ന പദ്ധതികൾ ഫലവത്തായി വാദിച്ച് തടസ്സമൊക്കെ മാറ്റിക്കൊണ്ട് പണികളെല്ലാം പുരോഗതിയിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ഞങ്ങളുടെ മണ്ഡലത്തിലുള്ള സിവിൽ സ്റ്റേഷന്റെ പണിയൊക്കെ ഇപ്പോൾ വളരെ വേഗത്തിൽ നടക്കുന്നുണ്ട്. ഏനാത്ത് പാലം, കഴിഞ്ഞ സർക്കാരിന്റെ കാലത്തായിരുന്നു ഈ തകർച്ചയുണ്ടായിരുന്നതെങ്കിൽ അതിന്റെ അവസ്ഥയെന്തായിരിക്കുമെന്ന് ഞങ്ങൾ ആലോചിച്ചു കൊണ്ടിരിക്കുകയാണ്. യുദ്ധകാലാടിസ്ഥാനത്തിൽ ആ പാലത്തിന്റെ പണി തീർത്ത് ഈ മാസം 31-ാം തീയതി പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ പോകുകയാണ്. ഇതല്ലേ ഒരു സർക്കാരിന്റെ പ്രതിബദ്ധത. അതുപോലെ ജലസംരക്ഷണം- പത്തനംതിട്ട ജില്ലയിലെ നാലഞ്ച് പഞ്ചായത്തുകളിലൂടെ ഒഴുകിക്കൊണ്ടിരുന്ന 'വരട്ടാർ' എന്ന നശിച്ചുപോയ ആറിനെ പുനരുജ്ജീവിപ്പിക്കുവാൻ അതിശക്തമായ നടപടിയല്ലേ എടുത്തിട്ടുള്ളത്. തിരുവനന്തപുരത്ത് ജലക്ഷാമം അതിരൂക്ഷമായപ്പോൾ നെയ്യാർ ഡാമിൽനിന്നും ജലം കൊണ്ടുവരാനുള്ള നടപടികൾ യുദ്ധകാലടിസ്ഥാനത്തിലല്ലേ സ്വീകരിച്ചുവന്നത്. ഇ-സ്റ്റാമ്പ് പദ്ധതി വന്നതോടുകൂടി രജിസ്ട്രേഷൻ വകുപ്പിൽ കുറേയേറെ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞു; സ്പീഡ് അപ് ചെയ്യാൻ കഴിഞ്ഞു. അഴിമതിയില്ലാതെ; കാര്യങ്ങൾ സുതാര്യമായി കൊണ്ടുപോകാൻ വേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിച്ചു. ഇത്തരത്തിൽ നൂറുകണക്കിന് കാര്യങ്ങൾ ചെയ്തുകൊണ്ട്; ജനകീയ പങ്കാളിത്തത്തോടെ പുതിയൊരു കേരളത്തെ സൃഷ്ടിക്കാനുള്ള ശക്തമായ ഇടപെടലാണ് ഈ ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുന്നത്. രാഷ്ട്രീയ ഭേദമന്യേ എല്ലാവരെയും കൂട്ടിയോജിപ്പിച്ചു കൊണ്ട് ഓരോ പദ്ധതികളും നാല് മിഷനുകളുടെ പദ്ധതികളും, ഈ ഗവൺമെന്റ് ജനങ്ങളുടേതാണെന്ന് കാണിക്കുന്ന തരത്തിൽ അവരെക്കൂടി പങ്കാളികളാക്കിക്കൊണ്ടാണ് ഈ പദ്ധതികളെല്ലാം നടന്നുപോകുന്നത്. അതിന്റെ ഫലമായി എത്രയോ പേർ പാർപ്പിട പദ്ധതികൾ ചെയ്യാൻ വന്നിരിക്കുന്നു. സ്കൂളുകൾ നവീകരിക്കാൻ സന്നദ്ധ സംഘടനകൾ; ജനങ്ങൾ; റസിഡന്റ്സ് അസോസിയേഷനുകളൊക്കെ വന്നിരിക്കുന്നു. ജനങ്ങളിലേയ്ക്ക് ഇറങ്ങിച്ചെന്നുകൊണ്ട്; യഥാർത്ഥ ഗവൺമെന്റ് എങ്ങനെയായിരിക്കണമെന്ന് കാണിക്കുന്ന പ്രവർത്തനങ്ങളുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നതെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ടു തന്നെയാണ് ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ നൂറുതവണ പിന്താങ്ങുന്നുവെന്ന് ഞാൻ പറയാനിടയായത്. എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെക്കുറിച്ചുള്ള പ്രമേയം ബഹുമാന്യനായ ധനമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചു. ആ പ്രമേയത്തെ ഞാൻ അംഗീകരിക്കുകയാണ്; പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

ജനക്ഷേമകരവും അഴിമതിരഹിതവും മതനിരപേക്ഷവും വികസനോന്മുഖവുമായ കാഴ്ചപ്പാടുവച്ചുകൊണ്ടാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരമേറ്റത്. ഏറ്റെടുത്ത അധികാരത്തിന്റെ തുടർച്ചയിൽ ചെയ്യാൻകഴിയുന്ന കാര്യങ്ങൾ പറയുകയും പറയുന്ന കാര്യങ്ങൾ ചെയ്യുകയും; നേരിന്റെയും നെറിയുടെയും മാർഗ്ഗം സ്വീകരിച്ചുകൊണ്ടാണ് ഒന്നേകാൽ വർഷക്കാലം ഈ സർക്കാർ പിന്നിട്ടിട്ടുള്ളത്. ഗവൺമെന്റിന്റെ ജനക്ഷേമവികസന പ്രവർത്തനങ്ങളിൽ ഇന്നത് തെറ്റെന്ന് ചൂണ്ടിക്കാണിക്കാൻ കോടതിവിധിയിലെ ചില പരാമർശങ്ങളോ വാക്കുകളോ അടർത്തിയെടുത്ത് ചില വിമർശനങ്ങൾ ഉന്നയിക്കുന്നുവെന്നുള്ളത് കാണാതിരിക്കുന്നില്ല. എന്നാൽ ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തതിനുശേഷം പറഞ്ഞ കാര്യങ്ങൾ; ചെയ്ത കാര്യങ്ങൾ ഏതെങ്കിലുമൊന്ന് ജനവിരുദ്ധമാണെന്ന് ചൂണ്ടിക്കാണിക്കാൻ പ്രതിപക്ഷത്തിനായിട്ടില്ല. കേരളത്തിലെ പ്രതിപക്ഷം മലർന്നുകിടന്ന് തുപ്പുകയാണ്. സാധാരണ നാട്ടിൽ പറയാറുണ്ട്, കടിച്ച പാമ്പ് തന്നെ വിഷമിറക്കുക എന്നുള്ളത്. ആ വിഷം ഇപ്പോൾ കേരളത്തിൽ പ്രതിപക്ഷം ഇറക്കിക്കൊണ്ടിരിക്കുകയാണ്. എന്താണെന്നു വച്ചാൽ, സ്വാശ്രയ സ്ഥാപനങ്ങളെക്കുറിച്ചും അതിന്റെ ഫീസ് സ്ട്രക്ചറിനെക്കുറിച്ചും കോടതിയിൽവന്ന പരാമർശങ്ങളെക്കുറിച്ചും പ്രതിപക്ഷം വിശകലനം ചെയ്യുകയുണ്ടായി, ഇന്ന് രാവിലെയും ചൂണ്ടിക്കാണിക്കുകയുണ്ടായി. യഥാർത്ഥത്തിൽ കേരളത്തിൽ ഈ സ്വാശ്രയ പ്രസ്ഥാനം എന്ന ഭൂതത്തെ തുറന്നുവിട്ടതാരാണ്; ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ അദ്ദേഹം പറഞ്ഞത്, 'രണ്ട് സ്വാശ്രയ കോളേജിന് സമം ഒരു ഗവൺമെന്റ് കോളേജ്; 50:50' എന്ന നിലയിലേയ്ക്കുള്ള പ്രഖ്യാപനമാണ് നടത്തിയത്. ഒരു ഘട്ടം കഴിഞ്ഞപ്പോൾ മുഖ്യമന്ത്രി സ്ഥാനത്തു നിന്ന് ഒഴിയുന്നതിനുമുമ്പ് സ്വാശ്രയ മാനേജ്മെന്റുകൾ വഞ്ചനാപരമായ നിലപാടാണ് സ്വീകരിച്ചതെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹം അവരെ പരസ്യമായി തള്ളിപ്പറയുകയും ചെയ്യുന്ന സ്ഥിതിയുണ്ടായി. അക്കാലത്ത് കേരളത്തിൽ സ്വാശ്രയ കോളേജ് തുടങ്ങാൻ വേണ്ടി അപേക്ഷ ക്ഷണിച്ചപ്പോൾ കന്യാകുമാരിയിൽ നിന്നുവരെ അപേക്ഷ വന്നു. തമിഴ്നാട് ഗവൺമെന്റിന് കൊടുക്കേണ്ട അപേക്ഷ കേരള ഗവൺമെന്റിന് കൊടുത്തതൊക്കെ കേരളം കണ്ടതല്ലേ. ഉത്തരവാദിത്തമില്ലാത്ത വിധം പ്രശ്നങ്ങൾ കൈകാര്യം ചെയ്ത് അപക്വമായി ഒരു വിഷയത്തെ കൈകാര്യം ചെയ്തു. കേരളത്തിൽ വിദ്യാഭ്യാസ രംഗത്തെ വാണിജ്യവൽക്കരണത്തിന് അടിത്തറയിട്ടത് സംസ്ഥാനം യു.ഡി.എഫ്. ഭരിച്ചിരുന്ന സന്ദർഭത്തിലാണ്. അതിന് ഒരു ലോക പശ്ചാത്തലമുണ്ട്; അതിന് ദേശീയ രാഷ്ട്രീയ പശ്ചാത്തലമുണ്ട്. ആ ലോക രാഷ്ട്രീയവും ദേശീയ

രാഷ്ട്രീയവും സാമ്പത്തിക പരിഷ്കാരങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ്. ബജറ്റ് സപ്പോർട്ടിലൂടെയാണ് വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും പ്ലാൻ അലോക്കേഷൻ കണക്കാക്കിയിരുന്നത്. പദ്ധതിവിഹിതം വെട്ടിക്കുറയ്ക്കുകയും വിദ്യാഭ്യാസത്തിനും ആരോഗ്യത്തിനും തുക മാറ്റിവയ്ക്കാതിരിക്കുകയും ചെയ്ത സാമ്പത്തിക പരിഷ്കാരങ്ങൾ അടിച്ചേൽപ്പിക്കപ്പെട്ട പശ്ചാത്തലത്തിൽ; വിദ്യാഭ്യാസ മേഖലയിൽ പുത്തൻ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവൺമെന്റിന്റെ ഉടമസ്ഥതയിൽ ആരംഭിക്കാൻ കഴിയാത്ത സാഹചര്യം ഈ നയത്തിന്റെ ഫലമായി സൃഷ്ടിക്കപ്പെട്ടതാണ്. 1990-കളിൽ തുടക്കംകുറിച്ച ആഗോള പരിഷ്കാരം ഇന്ത്യയിൽ അടിച്ചേൽപ്പിക്കപ്പെടുകയും അത് നടപ്പാക്കുകയും ചെയ്തത് കോൺഗ്രസ് രാഷ്ട്രീയമാണ്.

12.30 PM]

കോൺഗ്രസ് രാഷ്ട്രീയത്തിന്റെ നയ ഫലമായാണ്, ആഗോള സാമ്പത്തിക പരിഷ്കാരത്തിന്റെയും നവ ഉദാരവത്ക്കരണ നയത്തിന്റെയും ഫലമായാണ് സ്വാശ്രയ പ്രസ്ഥാനം ഈ രൂപത്തിൽ ജന്മമെടുത്തത്. സ്വാശ്രയമായ നിലനിൽപ്പിനെയും അടിത്തറ വികസിപ്പിച്ചും വളർന്നുവരികയും ചെയ്യുന്ന കൺസെപ്റ്റിനെയും നമ്മളാരും എതിർക്കുന്നില്ല. ആ പ്രശ്നങ്ങളെ അടിസ്ഥാനമാക്കിക്കൊണ്ട് സമരത്തിലേർപ്പെടുന്നതു കൊണ്ടാണ് ഞാൻ പറഞ്ഞത്. കോൺഗ്രസിന്റെയും യു.ഡി.എഫ്.-ന്റെയും സമീപനം മലർന്നുകിടന്ന് തുപ്പുന്നതിന് തുല്യമാണ് എന്ന്. ഇത്തരം പ്രശ്നങ്ങൾ കോടതിയിൽ വരുന്ന സന്ദർഭങ്ങളിൽ ചിലപ്പോൾ കമന്റ് ചെയ്യാറുമുണ്ട്. പക്ഷെ, എക്സിക്യൂട്ടീവാണെങ്കിലും ലെജിസ്ലേച്ചറാണെങ്കിലും ജുഡീഷ്യറിയാണെങ്കിലും ഒരു കാര്യത്തിൽ വ്യക്തത വരുത്തണം. ആരും ജനങ്ങൾക്ക് മുകളിലല്ലായെന്ന കാര്യം മനസ്സിലാക്കണം. ഓട് പൊളിച്ച് കയറിവന്നൊരു ഗവൺമെന്റല്ല ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റ്. ജനങ്ങളിൽ വിശ്വാസമർപ്പിച്ചുകൊണ്ട്, ജനങ്ങളുടെ വിശ്വാസത്തിന്റെ കരുത്തിൽ അധികാരത്തിൽവന്ന ഗവൺമെന്റാണിത്. ഗവൺമെന്റായാലും എക്സിക്യൂട്ടീവായാലും ജുഡീഷ്യറിയായാലും ജനങ്ങൾക്ക് മുകളിലല്ലായെന്നുള്ളത് ഞാൻ ആവർത്തിക്കുന്നു. മഹാനായ മാർക്സ് നിരീക്ഷിച്ചതു പോലെ, എക്സിക്യൂട്ടീവിനോ ജുഡീഷ്യറിക്കോ ലെജിസ്ലേച്ചറിനോ പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങളിൽ ചരിത്രത്തിന്റെ അന്തിമമായ വിധികർത്താക്കൾ ജനങ്ങളായിരിക്കും. ജനങ്ങളുടെ വിധി വന്ന ഗവൺമെന്റാണിത്. ജനാധിപത്യപരമായി പ്രവർത്തിക്കുന്ന ഗവൺമെന്റാണിത്. കുറവുകളുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാം. കുറവുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ തിരുത്തുന്നതിൽ യാതൊരു തെറ്റുമില്ല. പക്ഷെ, വാക്കുകളെ അടർത്തിയെടുത്ത് ആവശ്യത്തിനനുസരിച്ച് ദുർവിനിയോഗം ചെയ്യുന്ന തെറ്റായ രീതി സ്വീകരിക്കുന്നതിന്റെ ഭാഗമായി ജനങ്ങളിൽ നിന്ന് ഒറ്റപ്പെട്ട, അന്യവത്കരിക്കപ്പെട്ട നയവും സമീപനവും കോൺഗ്രസ് തുടരുന്നുവെന്നുള്ളതാണ്.

സാമ്പത്തിക രംഗത്തും രാഷ്ട്രീയരംഗത്തും അതീവ ഗൗരവതരമായ, സങ്കീർണ്ണമായ സ്ഥിതിവിശേഷമാണ് നമ്മുടെ രാജ്യത്തിനകത്തും ലോകത്തുപൊതുവെയും വളർന്നു വരുന്നത്. പൊതുവിൽ ലോകത്തിന്റെ ചിത്രം നോക്കിയാൽ 'റൈറ്റ്' ആയിട്ടുള്ള നയമാണ് തുടരുന്നത്. തീവ്ര വലതുപക്ഷനയം ശക്തമായി ലോകത്ത് തുടരുകയാണ്. ഒബാമ അമേരിക്കയുടെ പ്രസിഡന്റായിരുന്ന സന്ദർഭത്തിലാണ് ക്യൂബയ്ക്കെതിരെയുള്ള ഉപരോധം പിൻവലിക്കുന്നത്. അതിനൊരു പശ്ചാത്തലം വളർന്നുവന്നിരുന്നു. പുതിയ മാർപ്പാപ്പ ക്യൂബ സന്ദർശിച്ചതിന്റെ ഫലമായി അമേരിക്കയോട് നടത്തിയ അഭ്യർത്ഥന പരിഗണിച്ചാണ് ഉപരോധം പിൻവലിച്ചത്. ഒബാമ പോയതിനുശേഷം ലോകത്തിലെ റിയൽ എസ്റ്റേറ്റ് ഭീമനായ ട്രംപ് അധികാരത്തിൽ വന്നു. ട്രംപ്, ക്യൂബൻ പ്രവാസികൾ കൂടുതലായി തിങ്ങിപ്പാർക്കുന്ന അമേരിക്കയിലെ മിയാമിയായിൽ പ്രസംഗിച്ചപ്പോൾ പറഞ്ഞത് ക്യൂബയ്ക്കെതിരായുള്ള ഉപരോധം പിൻവലിച്ചത് പുനഃസ്ഥാപിക്കുമെന്നാണ്. ഒന്നുകിൽ സോഷ്യലിസം അല്ലെങ്കിൽ മരണം എന്ന് പ്രഖ്യാപിച്ച കാസ്ട്രോയുടെ നാട്ടിൽ ക്യൂബയെ വിരട്ടാൻ നോക്കണ്ടായെന്നും ഞങ്ങൾ നയവുമായി മുന്നോട്ട് പോകുമെന്നും റൗൾ കാസ്ട്രോ പ്രഖ്യാപിച്ചിട്ടുണ്ട്. ആ പ്രശ്നത്തിൽ മാത്രമല്ല ട്രംപിന്റെ ഇടപെടൽ, ഇന്ത്യയുടെ സ്വാതന്ത്ര്യത്തെയും ജനാധിപത്യത്തെയും പൗരാവകാശത്തെയും വെല്ലുവിളിക്കുന്ന വിധത്തിലേയ്ക്ക് വളർന്നുവരികയാണ്. നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ആ തിരിച്ചറിവുണ്ടാകണം. മനുഷ്യാവകാശ ലംഘനത്തിന്റെ പേരിൽ ഐക്യരാഷ്ട്ര സഭയിൽ ഇസ്രയേലിന് എതിരായി ഇന്ത്യ വോട്ട് രേഖപ്പെടുത്തരുതെന്ന് ട്രംപ് നിർദ്ദേശിച്ചു. ഇസ്രയേലിന് അനുകൂലമായി വോട്ട് രേഖപ്പെടുത്തണം. 1968 മുതൽ പിതൃഭൂമിക്കുവേണ്ടി പോരാടുന്ന പാലസ്തീൻ ജനതയ്ക്ക് സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള പ്രവർത്തനത്തിൽ പങ്കുവഹിച്ച് അവിടത്തെ ജനങ്ങളെ നയിച്ച യാസർ അരാഫത്തിനെ ഇന്ത്യയിലേയ്ക്ക് ക്ഷണിച്ച് ആദരിച്ച മഹത്തായ പാരമ്പര്യമാണ് ഭാരതത്തിനുള്ളത്. മാലാഖ കയറാൻ മടിച്ച സ്ഥലത്ത് ചെകുത്താൻ കയറിയെന്ന പദവിയാണ് ശ്രീ. നരേന്ദ്ര മോദിക്ക് ഇന്ത്യയുടെ ചരിത്രത്തിൽ വിദേശ നയത്തിന്റെ കാര്യത്തിൽ കൈവരിക്കാൻ കഴിഞ്ഞത്. ആ വിദേശനയം അട്ടിമറിക്കപ്പെടുകയാണ്. ഒരു രാജ്യത്തിന്റെ വിദേശനയം ചേരിചേരായ്മയിൽ അധിഷ്ഠിതമായ, സമാധാനത്തിൽ അധിഷ്ഠിതമായ സാമ്രാജ്യവിരുദ്ധമായ വിദേശനയത്തെ അട്ടിമറിക്കാനുള്ള മാൻഡേറ്റ് മോദി ഗവൺമെന്റിനില്ല. ശ്രീ. നരേന്ദ്ര മോദിക്ക് കിട്ടിയത് 31 ശതമാനം വോട്ടാണ്. അതിനർത്ഥം 69 ശതമാനം ജനങ്ങൾ വോട്ട് രേഖപ്പെടുത്തിയിട്ടില്ല/മോദിക്ക് വോട്ട് ചെയ്തിട്ടില്ല/ബി.ജെ.പി.-ക്ക് വോട്ട് ചെയ്തിട്ടില്ല/ബി.ജെ.പി.-ക്ക് എതിരാണ് എന്നാണ്. ഇന്ത്യൻ ജനാധിപത്യത്തിന്റെ, തെരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ സവിശേഷതകളിൽ മൂന്നിൽ രണ്ടിനെ മൂന്നിലൊന്ന് ഭരിക്കുന്നുവെന്ന് മാത്രമേയുള്ളൂ. ഇന്ത്യൻ സെക്യുലറിസത്തിൽ നമുക്ക് ആത്മവിശ്വാസമുണ്ട്. ഇന്ത്യയുടെ ആത്മാവ് സെക്യുലറിസമാണ്. ആ

സെക്യുലറിസത്തിൽ വിശ്വസിക്കുന്നവർ ഒത്തുചേർന്നാൽ മോദി ഗവൺമെന്റിന് മുന്നോട്ടുപോകാൻ കഴിയില്ല. ചരിത്രത്തിന്റെ വിധികർത്താക്കളായ ജനങ്ങൾ ഒത്തുചേർന്നാൽ, മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചാൽ മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം വരും. ഇന്നത്തെ ലോകസാഹചര്യത്തിന്റെ പശ്ചാത്തലം പരിശോധിക്കുമ്പോൾ ഇസ്രായേലിനെതിരായി വോട്ട് രേഖപ്പെടുത്തി വന്നിരുന്ന ഇന്ത്യയുടെ മഹത്തായ പാരമ്പര്യവും പൈതൃകവും കളഞ്ഞുകുളിച്ച് കോർപ്പറേറ്റുകൾക്കും സാമ്രാജ്യത്വവാദികൾക്കും പണയപ്പെടുത്തുന്ന ഇന്ത്യയുടെ വിദേശനയത്തെ തിരിച്ചു പിടിക്കാനും സംരക്ഷിക്കാനുമുള്ള പോരാട്ടം രാജ്യത്ത് ശക്തിപ്പെടുത്തേണ്ടതുണ്ട്.

ഇത് വിദേശനയത്തിന്റെ കാര്യത്തിലാണെങ്കിൽ ആഭ്യന്തര രംഗം പരിശോധിച്ചാൽ, ആദിവാസികളും ഗോത്രവർഗ്ഗക്കാരും ഗോത്രവർഗ്ഗവിരുദ്ധരുമെന്ന് വേർതിരിച്ച് ത്രിപുരയെ തകർക്കുകയെന്ന ലക്ഷ്യത്തോടുകൂടി ബി.ജെ.പി. കലാപം ആരംഭിച്ചിരിക്കുകയാണ്. ത്രിപുര ഗവൺമെന്റിനെ അട്ടിമറിക്കാനായി കേന്ദ്ര ഗവൺമെന്റ് സ്പോൺസർ ചെയ്ത 24 മണിക്കൂർ നീണ്ട സമരം നടന്നു.

കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് കേരളത്തിൽ 29-ഓളം സി.പി.ഐ. (എം) പ്രവർത്തകർ ആർ.എസ്.എസ്.-കാരുടെ കൊലക്കത്തിക്കിരയായി ജീവത്യാഗം ചെയ്യേണ്ടിവന്നുവെന്ന കാര്യം കേരളീയർക്കെല്ലാം അറിയാം. തിരുവനന്തപുരത്ത് നടക്കാൻ പാടില്ലാത്ത സംഭവമുണ്ടായി, ദൗർഭാഗ്യകരമായ സംഭവമാണ്. സമാധാനാന്തരീക്ഷത്തിനുള്ള സാഹചര്യം വളർന്നുവന്നിട്ടുണ്ട് എന്നുള്ളതെല്ലാം ശരിയാണ്. അപ്പോഴേയ്ക്കും ശ്രീ. അരുൺ ജയ്റ്റ്ലി 2600 കി.മീ. ദൂരം പിന്നിട്ട് പെട്ടെന്ന് തിരുവനന്തപുരത്തെത്തി. അദ്ദേഹം ത്രിപുരയ്ക്കുനേരെ വിരട്ടുകയാണ്. ത്രിപുരയിൽ കേന്ദ്ര ഗവൺമെന്റ് സ്പോൺസർ ചെയ്യുന്ന സമരം, കേരളത്തിൽ ഭരണഘടനാ വിരുദ്ധമായ നിലപാട് സ്വീകരിച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റിന് ഇടപെടാനുള്ള സാധ്യതകൾ.

ഗവർണ്ണർ മുഖ്യമന്ത്രിയെ വിളിച്ച് ചർച്ചചെയ്യുന്നതിൽ ഒരു തെറ്റുമില്ല. രാഷ്ട്രപതിയെ കണ്ട് പ്രധാനമന്ത്രി ചർച്ചചെയ്യാറുണ്ട്. പക്ഷെ, പ്രധാനമന്ത്രിയെ വന്നുകണ്ട് ചർച്ചചെയ്യുന്ന കീഴ്‌വഴക്കമില്ല. മുഖ്യമന്ത്രിയെ ഗവർണ്ണർ കാണാറില്ല. വിളിച്ചാൽ പോകണമെന്നുള്ളത് കീഴ്വഴക്കമാണ്. മുഖ്യമന്ത്രിയുമായി ചർച്ച കഴിഞ്ഞതിനു ശേഷം ഡി.ജി.പി.-യെ വിളിച്ചതും അദ്ദേഹവുമായി ചർച്ചനടത്തിയതും അനൗചിത്യമാണ്. സംസ്ഥാനത്തിന്റെ അധികാര അവകാശങ്ങൾക്കുനേരെ കയ്യേറ്റം ചെയ്യാൻ വന്നാൽ ആ കൈ തട്ടുത്തുനിർത്താനുള്ള കരുത്ത് കേരളത്തിലെ ജനങ്ങൾക്കുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നത് ജനവിശ്വാസത്തിന്റെ കരുത്തിലാണ്. കേരളത്തിലെയും ത്രിപുരയിലെയും ഇടതുപക്ഷ രാഷ്ട്രീയം ഇന്ത്യയിൽ മോദി തുടരുന്നതും ലോകത്ത് ട്രംപ് തുടരുന്നതും വലതുപക്ഷ രാഷ്ട്രീയത്തിനെതിരാണ്.

ലോകവും ഇന്ത്യയും വലത്തോട്ട്, കേരളവും ത്രിപുരയും ഇടത്തോട്ട്, ഈ രാഷ്ട്രീയം ഉയർത്തിപ്പിടിച്ച്, ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ മതനിരപേക്ഷ മൂല്യങ്ങൾ സംരക്ഷിക്കാനുള്ള പോരാട്ടത്തിന്റെ കരുത്തുറ്റ സമരായുധമാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം കൊടുക്കുന്ന കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ആ ഗവൺമെന്റിൽ അർപ്പിച്ച വിശ്വാസം ജനങ്ങൾ കാത്തുസൂക്ഷിച്ചു കൊണ്ട് വിപുലീകരിച്ച് മുമ്പോട്ടുപോകുന്നതിന് ഈ ധനാഭ്യർത്ഥനയുടെ നീക്കങ്ങൾ പങ്കുവഹിക്കുമെന്ന പ്രത്യാശയോടുകൂടി ഒരിക്കൽക്കൂടി ഈ ഉപധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, നമ്മുടെ സംസ്ഥാനത്തെ സാമ്പത്തികനില ആഗ്രഹിക്കുന്ന രീതിയിൽ തൃപ്തികരമാക്കാൻ കഴിഞ്ഞിട്ടില്ല. ഇന്നിവിടെ മുൻ ധനകാര്യ വകുപ്പുമന്ത്രി സാമ്പത്തിക പ്രതിസന്ധി രൂക്ഷമായിക്കൊണ്ടിരിക്കുകയാണെന്ന് കണക്കുകളൊക്കെ വച്ച് വാദിക്കുകയുണ്ടായി. 2015-16-നെ അപേക്ഷിച്ച് റവന്യൂ കമ്മിയും ധനകമ്മിയും ഇപ്പോൾ വർദ്ധിച്ചിട്ടുണ്ട്. ആ കണക്കുകളൊന്നും ഞാൻ ചോദ്യം ചെയ്യുന്നില്ല. പക്ഷേ അദ്ദേഹം ഭരിക്കുന്ന കാലത്താണ് ഈ പ്രതിസന്ധി കേരളത്തിലുണ്ടായത്. ഞങ്ങളുണ്ടാക്കിയ പ്രതിസന്ധി പരിഹരിക്കാൻ നിങ്ങൾക്ക് ഇതുവരെ കഴിഞ്ഞിട്ടില്ലല്ലോ എന്നുള്ളതാണ് അദ്ദേഹത്തിന് ആകെ വിമർശിക്കാൻ കഴിയുന്നത്. അദ്ദേഹത്തിന്റെ കണക്കുകൾ ആരംഭിക്കുന്നത് 2015-16-ൽ നിന്നാണ്. ധവളപത്രത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ 2015-16 വർഷം ചെലവാക്കേണ്ട തുകകൾ അടുത്ത വർഷത്തേയ്ക്ക് മാറ്റിവച്ചു. താല്ക്കാലികമായി വലിയ വായ്പകൾ എടുത്തുകൊണ്ട് കമ്മി കുറച്ച് കാണിക്കുകയാണ് ചെയ്തത്. അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നതിന് തൊട്ടുമുൻപുള്ള വർഷമെടുത്താൽ ഈ ചിത്രം ആകെ മാറും. കേരളത്തിൽ കഴിഞ്ഞ 20 വർഷക്കാലത്തെ ഏറ്റവും വലിയ റവന്യൂ കമ്മി ഉണ്ടായിട്ടുള്ളത് ആ വർഷമാണ്. ഒരുപാട് കണക്കുകളൊന്നും പറയാതെ വളരെ സംക്ഷിപ്തമായി ചില സൂചികകൾ പറയുകയാണെങ്കിൽ, കഴിഞ്ഞ വലതുപക്ഷ സർക്കാരിന്റെ 5 വർഷത്തെ റവന്യൂകമ്മി ശരാശരി 3.4 ശതമാനമായിരുന്നു. അതേസമയം കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് അത് 1.8 ശതമാനമായി താഴ്ന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് 2.3 ശതമാനമായി ഉയർന്നു. ഇതുതന്നെയാണ് ധനകമ്മിയെക്കുറിച്ചും പറയാനുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ 2001-06 കാലത്ത് 4.42 ശതമാനമായിരുന്നു. മൂന്ന് ശതമാനത്തിനപ്പുറം വായ്പയെടുക്കാൻ പാടില്ലെന്ന് മുൻ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ധനകമ്മി മൂന്ന് ശതമാനമായി താഴ്ന്നു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അത് 3.5 ശതമാനമായി ഉയർന്നു.

എന്നുവച്ചാൽ കേരളത്തിന്റെ ധനസ്ഥിതിയിലുണ്ടായിക്കൊണ്ടിരുന്ന ഫിസ്കൽ സ്റ്റെബിലൈസേഷൻ പൂർണ്ണമായും തകിടംമറിഞ്ഞത് കഴിഞ്ഞ ഭരണകാലത്താണ്. അത് പുനഃസ്ഥാപിക്കുന്നതിനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ പറഞ്ഞതുപോലുള്ള ധാരാളം പ്രശ്നങ്ങൾ ജി.എസ്.ടി.-യുമായി ബന്ധപ്പെട്ടുണ്ടെങ്കിലും ജി.എസ്.ടി. അത് പുനഃസ്ഥാപിക്കുന്നതിനും ധനദൃഢീകരണം കൊണ്ടുവരുന്നതിനും അടുത്തവർഷം മുതൽ സഹായകരമായിത്തീരുമെന്നാണ് വിലയിരുത്തുന്നത്. 2900-ൽപ്പരം കോടി രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് ഇന്നിവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിൽ രണ്ടായിരത്തി മുന്നൂറോളം കോടി രൂപ ഇതിനകം ചെലവാക്കിയ പണത്തിന് സഭയുടെ അംഗീകാരം വാങ്ങുന്നതാണ് ഒന്നാമത്തേത്. മറ്റൊന്ന്, കേന്ദ്ര സർക്കാരിന്റെ പുതിയ സ്കീമുകളുണ്ട്. അതിന് സംസ്ഥാനം മാച്ചിംഗ് ഗ്രാന്റായി പണം നൽകണം. അത് വകയിരുത്തിക്കൊടുത്തില്ലെങ്കിൽ ആ സ്കീമുകൾ ഉപയോഗിക്കാൻ കഴിയില്ല. അതിനുവേണ്ടിയുള്ള പണമാണ് രണ്ടാമത്തേത്. മൂന്നാമത്തേത്, ബജറ്റിൽ ധാരാളം പ്രഖ്യാപനങ്ങൾ നടത്തിയിരുന്നു. ഈ ഉപധനാഭ്യർത്ഥന പാസ്സാക്കുന്നതോടു കൂടി ബജറ്റിൽ പറഞ്ഞ എല്ലാ പുതിയ സ്കീമുകൾക്കും ഹെഡ് ഓഫ് അക്കൗണ്ടായി. 1000 രൂപ വയ്ക്കുന്നത് എന്തിനാണെന്ന് ഇപ്പോൾ പലരും വിചാരിക്കും. ഇപ്പോൾ 1000 രൂപ മതി. പിന്നീട് അഡീഷണലായി കൊടുക്കാം. പല സ്കീമുകൾക്കും കൃത്യമായി എത്ര തുക വേണ്ടിവരുമെന്ന് അറിയില്ല.

ടോക്കൺ പ്രൊവിഷൻവച്ച് എല്ലാ പ്രഖ്യാപിത സ്കീമുകൾക്കും പ്രോജക്ടുകൾക്കും ഇപ്പോൾ ബജറ്റിൽ അക്കൗണ്ടുണ്ട്. ഇതിൽ രണ്ടായിരത്തി മുന്നൂറോളം കോടി രൂപ ക്ഷേമപെൻഷനുകൾക്ക് ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ കൊടുത്തതാണ്. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ രണ്ടായിരത്തി ചില്വാനം കോടി രൂപ ക്ഷേമപെൻഷനുകൾ വിതരണം ചെയ്യാൻ ലഭ്യമാക്കേണ്ടിവന്നു. അതാണ് ഒരു ഐറ്റമായിട്ടുള്ളത്. ഈ സർക്കാരിന്റെ പ്രവർത്തനത്തിന്റെ ഒരു ശൈലിയുടെ ഭാഗമാണിത്. സാമ്പത്തിക പ്രതിസന്ധിയൊക്കെയുണ്ടെങ്കിലും ജീവനക്കാരുടെ ശമ്പളത്തിനും പെൻഷനുമൊക്കെ ഒരു കുറവും വരുത്താത്തതുപോലെ നാട്ടിലെ അസംഘടിത മേഖലയിലെ സാധാരണക്കാരുടെ ക്ഷേമാനുകൂല്യങ്ങളിൽ ഒരു കുറവും വരുത്തില്ല. ജീവനക്കാരുടെ ശമ്പളംപോലെ sacrosanct ആയിട്ടാണ് സർക്കാർ ഇതിനെ കാണുന്നത്.

കർഷക പെൻഷൻ പതിവായി കുടിശ്ശിക വരാറുണ്ട്. ഈ ഓണത്തോടുകൂടി കർഷക പെൻഷൻ അടക്കം ഒരു പെൻഷനും കുടിശ്ശികയില്ലാതെ പൂർണ്ണമായും മാറിക്കൊടുത്തിരിക്കുകയാണ്. ഇത്തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തുമ്പോഴും

റവന്യൂകമ്മി ഇത്രമാത്രം നിലനിൽക്കുമ്പോഴും വികസന പ്രവർത്തനങ്ങൾക്കും റോഡുകൾക്കുംമറ്റും വേണ്ടത്ര പണം കയ്യിലില്ലാത്ത അവസ്ഥാവിശേഷമുണ്ട്. കാരണം സർക്കാരിന് അതിനുവേണ്ടി കൂടുതൽ വായ്പയെടുക്കാൻ കഴിയില്ല. അതുകൊണ്ടാണ് ഒരു പുതിയ സമീപനം ഈ സർക്കാർ ആരംഭിച്ചത്. ഈ കമ്മിയൊക്കെ നികത്തി സാമ്പത്തിക സുസ്ഥിരത വരുന്നതുവരെ കാത്തുനിൽക്കാൻ കഴിയില്ല. അതുകൊണ്ട് അത് നേടാൻ ശ്രമിക്കുമ്പോൾത്തന്നെ തന്റേടത്തോടെ ബജറ്റിന് പുറത്തുനിന്ന് വായ്പയെടുത്ത് വൻകിട നിക്ഷേപങ്ങൾ നടത്താം. അതാണ് കിഫ്ബിവഴി ചെയ്യാൻ ശ്രമിക്കുന്നത്. ഏതാണ്ട് അമ്പതിനായിരം കോടി രൂപയ്ക്കുടുത്തുള്ള പ്രഖ്യാപനങ്ങൾ ഒരു വർഷംകൊണ്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ള വലിയ പ്രഖ്യാപനം, മാന്ദ്യവിരുദ്ധ പാക്കേജ് അയ്യായിരം കോടി രൂപയാണ്. അതിൽനിന്നാണ് ഒരു വർഷംകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ പ്രഖ്യാപനങ്ങൾ ആദ്യവർഷം നടത്തിയത്. ആദ്യവർഷം തന്നെ ഇത് നടത്തിയതിന്റെ ലക്ഷ്യമെന്നുപറയുന്നത്, അവസാന വർഷത്തേയ്ക്ക് മാറ്റിവയ്ക്കാതെ അടുത്ത രണ്ടുമൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കാൻ സാധിക്കണം. എങ്കിലും ഇതെല്ലാം അംഗീകാര യോഗ്യമാക്കി ടെണ്ടർ എടുക്കുന്നതിന് വിചാരിച്ചതിനേക്കാൾ കൂടുതൽ സമയം വേണ്ടിവരുന്നു. ഇനി 6000 കോടി രൂപയുടെ വർക്കുകൾക്ക് ടെണ്ടർ ചെയ്താൽ മതി. ഇനിയുള്ള ഓരോ മാസവും 1500-2000 കോടി രൂപയുടെ വർക്കുകൾ ടെണ്ടർ ചെയ്യാനാണ് പരിശ്രമിക്കുന്നത്. ഇതിന്റെ സങ്കീർണ്ണത മനസ്സിലാകണമെങ്കിൽ ഒരുദാഹരണം പറയാം. എല്ലാവർക്കും RIDF-നെക്കുറിച്ച് അറിയാം. കഴിഞ്ഞ ദിവസം ഞാൻ അതിന്റെ റിവ്യൂ എടുത്തിരുന്നു. RIDF-ൽ ഒരു പ്രവൃത്തി ഉൾപ്പെടുത്തിയാൽ അത് ടെണ്ടർ ചെയ്യാൻ രണ്ടുവർഷമാണ് എടുക്കുന്നതെന്ന് അപ്പോഴാണ് മനസ്സിലായത്. ആ വർക്കിന്റെ പ്രോജക്ട് തയ്യാറാക്കി, അത് പാസ്സാക്കി, അംഗീകാരം നേടി ടെണ്ടർ ചെയ്യാൻ രണ്ട് വർഷമെടുക്കും. ആ മാനദണ്ഡം വച്ചുനോക്കുമ്പോൾ കിഫ്ബി അത്ര മോശമെന്നുപറയാൻ കഴിയില്ല. പക്ഷേ ഇനിയും സ്പീഡ് കൂട്ടേണ്ടതുണ്ട്. RIDF-ൽ ഇങ്ങനെ ടെണ്ടർ ചെയ്തുകഴിഞ്ഞിട്ടും ഓരോ വർഷവും ശരാശരി 25, 30 ശതമാനം സ്കീമുകൾ റദ്ദാക്കപ്പെടുകയാണ്. ആറ് വർഷം കഴിഞ്ഞാൽ പിന്നെ അതിന് പണം തരില്ല. 2010-11-ൽ സ്കീം പൂർത്തിയായിട്ടും 23 ശതമാനം തുക നഷ്ടപ്പെട്ടു. ഇതാണ് വൻകിട നിർമ്മാണ പ്രവൃത്തികൾ നടത്താനുള്ള സംവിധാനത്തിന്റെ സൂചികയെന്ന് പറയുന്നത്. അപ്പോൾ ഇത് മറികടക്കേണ്ടതുണ്ട്. അതിനുള്ള പരിശ്രമങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകും.

ഇതിൽ ഒരു പ്രത്യേക വികസന സമീപനമുണ്ട്. സാമൂഹ്യ സുരക്ഷാ ചെലവുകൾ വർദ്ധിപ്പിച്ചുകൊണ്ട് ഈ നാട്ടിലെ സാധാരണക്കാർക്ക് സമ്പൂർണ്ണ സുരക്ഷിതത്വവും അവരുടെ ക്ഷേമാനുകൂല്യങ്ങൾ മാത്രമല്ല അവർ പണിയെടുക്കുന്ന പരമ്പരാഗത

തൊഴിലവസരങ്ങളെ പരമാവധി സംരക്ഷിച്ചുകൊണ്ടും നിക്ഷേപത്തിൽ വലിയ കുതിപ്പുണ്ടാക്കാനാണ് ശ്രമിക്കുന്നത്. സാധാരണ ക്ഷേമകാര്യങ്ങൾക്കാണ് ഊന്നൽ കൊടുക്കുന്നത്. അതുമാത്രം പോര. ഇന്നത്തെ കാലഘട്ടത്തിലെ വെല്ലുവിളികൾ നേരിടുന്നതിന് നമ്മുടെ സംസ്ഥാനം വലിയ തോതിൽ നിക്ഷേപമുണ്ടാക്കിയേ മതിയാകൂ. നിക്ഷേപം നടത്തി പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിച്ച് പുതിയ വ്യവസായങ്ങളേയും മറ്റും നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ കഴിയണം. ഇതാണ് ഇന്ത്യയിൽ ഇടതുപക്ഷ ബദൽ ഇന്ന് ഉയർത്തിപ്പിടിക്കുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ എസ്. ശർമ്മ പറഞ്ഞതുപോലെ കേരളം ഇന്ന് ഒഴുക്കിനു നേരെ നിൽക്കുകയാണ്. നമുക്ക് അഭിമാനിക്കാൻ പറ്റുന്ന ഒരു കാര്യം, ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ, ഞങ്ങൾ വരുമെന്ന് ബി.ജെ.പി.-ക്ക് പറയാൻ പറ്റാത്ത ഒരു സംസ്ഥാനം കേരളമാണ്. ബാക്കിയെല്ലാ സംസ്ഥാനങ്ങളെയുംകുറിച്ച് അവർ അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിൽ ഞങ്ങൾ വരുമെന്ന് അവകാശപ്പെട്ടിട്ടില്ല. അത് നമ്മുടെ മതനിരപേക്ഷതയുടേയും പുരോഗമന രാഷ്ട്രീയത്തിന്റെയും ശക്തിയാണ്. ഇങ്ങനെയുള്ള ഇൻഡ്യയിൽ ഒരു ഇടതുപക്ഷ പരിപാടിക്ക് ഈ വ്യവസ്ഥയ്ക്കുള്ളിൽ നിന്ന് എന്തെല്ലാം നേടാൻ പറ്റുമെന്ന് നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും, ഉദാഹരണത്തിന് ഗുജറാത്തിന്റെ കാര്യമെടുക്കുകയാണെങ്കിൽ അവിടെ സാമ്പത്തികമായി വലിയ വളർച്ചയാണുള്ളത്. എന്നാൽ പാവപ്പെട്ടവരുടെ എണ്ണം ബി.പി.എൽ. പട്ടികയിൽ 35 ശതമാനമാണ്. 47 ശതമാനം കുടുംബങ്ങളും കക്കൂസില്ലാത്തവരാണ്. ക്ഷേമകാര്യത്തിൽ വളരെ പിന്നിലാണ്. ബി.ജെ.പി. ഭരിക്കുന്ന മദ്ധ്യപ്രദേശ്, രാജസ്ഥാൻ, യു.പി., ബീഹാർ എന്നിവിടങ്ങളിൽ സാമ്പത്തിക വളർച്ചയും ക്ഷേമവുമില്ല. കേരളത്തെക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നത് ക്ഷേമമുണ്ട്, വളർച്ച പോരായെന്നുള്ളതാണ്. നമ്മൾ ക്ഷേമത്തോടൊപ്പംതന്നെ ഇൻഡ്യയിലെ ഏറ്റവും വേഗതയിൽ വളരുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ പോകുകയാണ്. അങ്ങനെ ഇൻഡ്യയ്ക്കാകെ ഒരു മാതൃകയായി വ്യത്യസ്തമായ ഒരു നിലപാട് സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പരിശ്രമമാണ്. അതിൽ ഒരു എളിയ സംഭാവനയായിരിക്കും ഈ ഉപധനാഭ്യർത്ഥനകളെന്നു പറഞ്ഞുകൊണ്ട് എല്ലാവരുടെയും പിന്തുണ ഈ ഉപധനാഭ്യർത്ഥനകളുടെ പ്രമേയങ്ങൾക്ക് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 7,33,30,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 17,00,03,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ............................

പ്രതികൂലിക്കുന്നവർ ............................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 62,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 9,87,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ മറ്റു പിന്നോക്ക-ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 90,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,20,65,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 3,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 41,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 16,40,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 143,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 34,89,23,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 100,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 360,00,01,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 5,00,00,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..........................

പ്രതികൂലിക്കുന്നവർ ..........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2013,21,91,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർത്ഥനകൾ

മി. ഡെപ്യൂട്ടി സ്പീക്കർ: തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 1,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,39,62,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........................

പ്രതികൂലിക്കുന്നവർ.........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പ്രകൃതിക്ഷോഭംമൂലമുള്ള ദുരിതാശ്വാസത്തിന് എന്ന XXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 71,83,40,000 രൂപയുടെ ഉപധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ...........................

പ്രതികൂലിക്കുന്നവർ ...........................

ഉപധനാഭ്യർത്ഥന പാസ്സായിരിക്കുന്നു; ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

# VIII നിയമനിർമ്മാണകാര്യം

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രിക്ക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. തോമസ് ചാണ്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, കേരളത്തെ സംബന്ധിച്ച് പ്രധാനപ്പെട്ടൊരു ബില്ലാണ് കേരള മാരിടൈം ബോർഡ് ബിൽ. സഭ ഇക്കാര്യം ചർച്ചചെയ്യുമ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷം കൂടി ഉണ്ടാകേണ്ടതായിരുന്നു. കേരളത്തിന്റെ ചെറുകിട തുറമുഖങ്ങളുടെയും തീരദേശ കപ്പൽ ഗതാഗതത്തിന്റെയും ഉൾനാടൻ ജലഗതാഗതത്തിന്റെയും വികസനം നടപ്പിലാക്കുന്നത് തുറമുഖ വകുപ്പ്, ജലവിഭവം, മത്സ്യബന്ധനം എന്നിവ ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളും കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ, കേരള കപ്പൽ ഗതാഗതത്തിന്റെയും ഉൾനാടൻ ജലഗതാഗതത്തിന്റെയും കോർപ്പറേഷൻ പോലുള്ള ഏജൻസികളുമാണ്. തമിഴ്നാട്, മഹാരാഷ്ട്ര പോലുള്ള മറ്റ് സംസ്ഥാനങ്ങൾ അപ്രകാരമുള്ള നിരവധി നികായങ്ങളെ ലയിപ്പിച്ചുകൊണ്ടാണ് സംസ്ഥാന മാരിടൈം ബോർഡ് ഉണ്ടാക്കിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് മാരിടൈം ബോർഡ് ഇതുവരെ ഉണ്ടായിട്ടില്ല. ഇത് പ്രാവർത്തികമാക്കിയാൽ മാത്രമേ നമ്മുടെ തുറമുഖങ്ങളുടെ നിർമ്മാണവും വികസനവും പ്രവർത്തനങ്ങളും പൂർത്തീകരിക്കാൻ കഴിയൂ. അതോടൊപ്പം തന്നെ അതിന്റെ സംരക്ഷണവും പരിപാലനവും. 1908-ലെ ഇന്ത്യൻ പോർട്ട്സ് ആക്ട് പ്രകാരം സംസ്ഥാന സർക്കാരിന്റെ നിയമപരമായ ചുമതലകളും തുറമുഖങ്ങളുടെ വാണിജ്യപരവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കലുമാണ് സംസ്ഥാന മാരിടൈം ബോർഡുകളുടെ പ്രധാന ഉദ്ദേശ്യം. മാരിടൈം മേഖലയിൽ വിവിധ

ഏജൻസികൾ തമ്മിൽ ഫലപ്രദമായ ഏകോപനം നിലവിലില്ലാത്തതുകൊണ്ട് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. മാരിടൈം മേഖലയിൽ വിവിധ പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പിന് കേരള മാരിടൈം ബോർഡിന്റെ രൂപീകരണം സഹായകമാകുമെന്നാണ് നമ്മുടെ പ്രതീക്ഷ.

കേരളത്തെ സംബന്ധിച്ചിടത്തോളം തീരദേശ സംരക്ഷണം സുപ്രധാനമായൊരു ഘടകമാണ്. അത് രാജ്യരക്ഷയുമായി ബന്ധപ്പെട്ട കാര്യം കൂടിയാണ്. തീരദേശ സംരക്ഷണ സംവിധാനം ഉറപ്പാക്കുന്നതിന് മാരിടൈം ബോർഡിന്റെ രൂപീകരണം അത്യാവശ്യമാണ്. സംസ്ഥാന തീരദേശ സുരക്ഷ ഉൾപ്പെടെയുള്ള എല്ലാ തുറമുഖ പ്രവർത്തനങ്ങളും ഒരു ഏജൻസിയുടെ കീഴിൽ ഏകോപിപ്പിക്കാൻ ഈ ബിൽ കൊണ്ട് സാധിക്കും. ഈ ആവശ്യകതയാണ് പ്രസ്തുത ബിൽ കൊണ്ടുദ്ദേശിക്കുന്നത്. നാവികസേനയുടെയും ഇന്ത്യൻ തീരദേശ സംരക്ഷണ സേനയുടെയും പ്രാതിനിധ്യം സംസ്ഥാന മാരിടൈം ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്. ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ ഇതിനോടകംതന്നെ ഇത്തരം ബോർഡുകൾ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന് മാരിടൈം സംസ്ഥാന വികസന കൗൺസിൽ ശക്തമായി ശിപാർശ ചെയ്തിട്ടുണ്ട്.

പ്രാരംഭ നടപടിയെന്ന നിലയിൽ കേരള മാരിടൈം സൊസൈറ്റിയേയും കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷനെയും ബോർഡിൽ ലയിപ്പിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. നിലവിൽ ഈ രണ്ടുസ്ഥാപനങ്ങൾ നിർവ്വഹിച്ചുപോരുന്ന പ്രവർത്തനങ്ങൾ പുതിയതായി രൂപീകരിക്കുന്ന സംസ്ഥാന മാരിടൈം ബോർഡിന്റെ കീഴിൽ വരുന്നതാണ്. ഇക്കാര്യങ്ങൾ പ്രാവർത്തികമാക്കാനാണ് മാരിടൈം ബോർഡ് ബിൽ കൊണ്ടുദ്ദേശിക്കുന്നത്.

കേന്ദ്ര ഗവൺമെന്റിൽനിന്നും അതത് സമയത്ത് ലഭിക്കേണ്ട പല ഫണ്ടുകളും കേരളത്തിൽ മാരിടൈം ബോർഡ് രൂപീകരിക്കപ്പെടാത്തതുകൊണ്ട് നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. കേരളത്തിൽ മാത്രമാണ് ബോർഡ് രൂപീകരണം നടക്കാതിരുന്നത്. സാഗർമാലാ പദ്ധതി അനുസരിച്ച് ഏതാണ്ട് 75000 കോടി രൂപ സംസ്ഥാനങ്ങൾക്ക് കേന്ദ്രസർക്കാർ നീക്കിവച്ചിട്ടുണ്ട്. അതിൽനിന്ന് കേരളത്തിന്റെ വിഹിതം ലഭ്യമാകണമെങ്കിൽ മാരിടൈം ബോർഡ് രൂപീകരിക്കേണ്ടത് അത്യാവശ്യമാണ്. കേരളം വൈകിപ്പോയതിന് പരിഹാരം കൂടിയാണ് ഈ ബിൽ. തുറമുഖങ്ങളുടെ കണക്റ്റിവിറ്റിക്ക് സമഗ്ര റോഡ്, റെയിൽ വികസനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികളാണ് സാഗർമാലാ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഇപ്പോൾ ആരംഭിച്ചിട്ടുള്ള കണ്ണൂർ അഴീക്കൽ തുറമുഖ സമഗ്ര വികസന പദ്ധതിയിൽ കിഫ്ബി മുഖേന 500 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈയടുത്ത കാലത്താണ് കണ്ണൂർ വിമാനത്താവളത്തിനാവശ്യമായ പടുകൂറ്റൻ ക്രെയിനുകൾ 80 ടയർ ഘടിപ്പിച്ചിട്ടുള്ള മൂന്ന് ലോറികളിലായി അഴീക്കൽ തുറമുഖത്ത് കൊണ്ടുവന്നത്.

അത്രയും വിപുലമായ സാങ്കേതിക ഉപകരണങ്ങൾ കൊണ്ടുപോകുന്നതിന് തുറമുഖങ്ങളുടെ സാന്നിദ്ധ്യം വളരെയധികം ആവശ്യമായിട്ടുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കപ്പൽ ഗതാഗതത്തിലൂടെ വാണിജ്യ യാത്രാ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും വർദ്ധിച്ചു വരുന്ന റോഡ്-റെയിൽ ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിനും കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയത്ത് ഇത് തുറമുഖങ്ങളുമായി ബന്ധപ്പെടുത്താനും കഴിയും. ലക്ഷദ്വീപ് തുടങ്ങിയ അയൽ രാജ്യങ്ങളുമായിട്ടുള്ള ബന്ധം ഇതിനകംതന്നെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാനത്തെ മുഴുവൻ ചെറുകിട തുറമുഖങ്ങളെയും പുനരുജ്ജീവിപ്പിക്കുക, തുറമുഖ നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ കാര്യങ്ങൾ നിർവ്വഹിക്കുക, കപ്പൽ മന്ത്രാലയത്തിന്റെയും കപ്പൽ ഗതാഗതവകുപ്പിന്റെയും നിയമങ്ങൾ പാലിക്കുക, വിവിധ തരത്തിലുള്ള ജലവാഹനങ്ങളിലെ ജീവനക്കാരുടെ യോഗ്യത നിർണ്ണയിച്ച് പരിശീലന സർട്ടിഫിക്കറ്റ് നൽകുക, വാണിജ്യവും നിയമപരവുമായ ചുമതലകൾ നിർവ്വഹിക്കുക എന്നതുകൂടി ഈ ബോർഡിന്റെ ലക്ഷ്യങ്ങളിൽ ഉൾക്കൊള്ളുകയാണ്. കൂടുതൽ ദീർഘമായി സംസാരിക്കുന്നില്ല. അതുകൊണ്ടുതന്നെ കേരളത്തെപ്പോലെ ഒരറ്റം മുതൽ മറ്റേയറ്റംവരെ തീരഭൂമിയിൽ നീണ്ടുനിൽക്കുന്ന നമ്മുടെ തുറമുഖങ്ങളും അതിന്റെ വാണിജ്യ വ്യാപാര വികസനവും കണക്കിലെടുത്തുകൊണ്ടും മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ ഇതുവരെ ഇല്ലാതിരുന്നതിന്റെ പോരായ്മകൾക്ക് പരിഹാരം കണ്ടുകൊണ്ടും ഇത് പ്രാവർത്തികമാക്കാനാണ് ശ്രമിക്കുന്നത്. സഭ ഇത് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

(വിയോജനക്കുറിപ്പിന് നോട്ടീസ് നൽകിയ ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ. സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

<u>ശ്രീ. കെ. ആൻസലൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ അഭിമാനകരമായിട്ടുള്ളൊരു ബില്ലാണിത്. കേരളം മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമാണ്. അറബിക്കടലിന്റെ ഓരം ചേർന്നുകിടക്കുന്ന തീരദേശമേഖല കൂടി ഉൾപ്പെടുന്നതാണ് കേരളത്തിന്റെ ഒരു ഭാഗം. മറ്റു സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായ തീരദേശം, ജനനിബിഡമായ പ്രദേശവും മത്സ്യത്തൊഴിലാളികളടക്കമുള്ളവരുടെ ജീവിതമാർഗ്ഗവും കടലുമായി ബന്ധപ്പെട്ടുള്ളതാണ്. ഇതിനാവശ്യമായ വികസന പ്രവർത്തനങ്ങൾ പലപ്പോഴും നമ്മൾ ആഗ്രഹിക്കുന്ന രൂപത്തിൽ ഉണ്ടായിട്ടില്ല. വൻകിട തുറമുഖങ്ങളെ കാര്യമായി പരിഗണിക്കുമ്പോൾ കേരളത്തിലെ ചെറിയ തുറമുഖങ്ങളെയും ഫിഷിംഗ് ലാന്റിനെയും വളർത്തിക്കൊണ്ടുവരുന്നതിനുവേണ്ടിയുള്ള സമീപനം കാര്യമായി ഉണ്ടാകാത്തതിന്റെ ഭാഗമായി ഇത്തരത്തിലുള്ള മാരിടൈം ബോർഡിന്റെ കീഴിലേക്ക് ഈ പ്രദേശങ്ങളെ ഉൾപ്പെടുത്തുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആലോചിക്കുകയും അതിന്റെ നടപടികളിലേക്ക് പോകുകയും ചെയ്തിട്ടുണ്ട്.

എല്ലാ മേഖലയിലും വലിയ തോതിലുള്ള വികസനം നടക്കുന്നൊരു സംസ്ഥാനമാണ് കേരളം. ഇന്ന് ഇപ്പോൾ പ്രതിപക്ഷം സഭയിൽ ഹാജരില്ല. ഒരാഴ്ച മുമ്പ് ഉത്തർപ്രദേശിലെ ഗോരഖ്പൂർ മെഡിക്കൽ കോളേജിൽ ഏകദേശം 80-ൽപ്പരം കുഞ്ഞുങ്ങൾ ഓക്സിജൻ കിട്ടാതെ മരണപ്പെട്ട ദുരന്തം നമ്മൾ കേട്ട വലിയ ദുരന്തവാർത്തയായിരുന്നു. അതിന്റെ വിശദാംശങ്ങൾ പരിശോധിച്ചപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് ഉത്തർപ്രദേശ് പോലുള്ളൊരു സംസ്ഥാനം ഒരു പ്രത്യേക രാജ്യമായി പ്രഖ്യാപിക്കപ്പെട്ടാൽ ലോകത്തിലെ പന്ത്രണ്ടാമത്തെ രാജ്യമായി ജനസംഖ്യാടിസ്ഥാനത്തിൽ കണക്കാക്കപ്പെടുമെന്നാണ് വിവക്ഷിക്കപ്പെടുന്നത്. അവിടെ എട്ട് റവന്യൂ ജില്ലകൾക്ക് ഒരു മെഡിക്കൽ കോളേജാണ്. അത്ര ഭയാനകമാണ്. കേരളത്തിൽ തിരുവനന്തപുരം മുതൽ തൃശ്ശൂർ വരെയുള്ള ജില്ലകൾ എടുത്താൽ ഈ ജില്ലകൾക്കായി ഒരു മെഡിക്കൽ കോളേജ് മാത്രമായി പ്രവർത്തിക്കുന്നതുപോലെയാണ് ആരോഗ്യരംഗത്ത് ഉത്തർപ്രദേശിലെ ഗോരഖ്പൂരിൽ എട്ട് റവന്യൂ ജില്ലകൾക്ക് ഒരു മെഡിക്കൽ കോളേജ് ഉള്ളത്. ഒരുപക്ഷെ കേരളത്തിൽ ഉള്ളതിനെക്കാൾ ജനസംഖ്യ അവിടത്തെ എട്ട് ജില്ലകളിലുംകൂടി ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. അതിൽനിന്നും എത്രയോ മാറിയാണ് കേരളം സഞ്ചരിച്ചിട്ടുള്ളത്. ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും പൊതു ജീവിതത്തിലും നല്ല നിലയിലുള്ള മാറ്റം ഉണ്ടായ ഒരു സംസ്ഥാനമാണ് കേരളം. വലിയൊരു ജനവിഭാഗം താമസിക്കുന്ന തീരദേശത്തെ പൊതുവികസനവുമായി ബന്ധപ്പെട്ടുകൊണ്ട് മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടുകൂടി മാറാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. കുറെയേറെ പ്രശ്നങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ടതുണ്ട്. മുൻപ് പാസ്സാക്കിയ നിയമത്തിലെ പ്രസിഡന്റ് അനുമതി നിഷേധിക്കാനിടയാക്കിയ വകുപ്പുകളായ 55, 56 ഒഴിവാക്കുകയും 57, 58 വകുപ്പുകൾക്ക് ചെറിയ ഭേദഗതികൾ വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രധാനമായ മാറ്റം വരുത്തിയിരിക്കുന്നത് ബോർഡിന്റെ ഘടന നിശ്ചയിക്കുന്ന മൂന്നാം വകുപ്പിനാണ്. മുമ്പ് ബോർഡിൽ മുഖ്യമന്ത്രി ചെയർമാനും മത്സ്യബന്ധനം, തുറമുഖം, ജലവിഭവം, ഗതാഗതം എന്നീ വകുപ്പുകളിലെ മന്ത്രിമാർ ഉൾപ്പെടെ 19 അംഗങ്ങളാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമമനുസരിച്ച്, ഉദ്യോഗസ്ഥന്മാരോ വിരമിച്ച ഉദ്യോഗസ്ഥന്മാരോ മാത്രം ഉൾക്കൊള്ളുന്നതായി ബോർഡ് മാറി. ഉദ്യോഗസ്ഥർക്കുവേണ്ടി നിശ്ചയിച്ച നിയമമെന്ന് തോന്നിപ്പിക്കുംവിധം ഷിപ്പിംഗിലും മാരിടൈം നിയമത്തിലും പരിജ്ഞാനമുള്ള ഒരാൾ ചെയർമാനായും വൈസ് ചെയർമാനായി അഖിലേന്ത്യ സർവ്വീസിലെ സർവ്വീസിലുള്ളതോ വിരമിച്ചതോ ആയ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ഒരു ഉദ്യോഗസ്ഥനുമാണുള്ളത്. സംസ്ഥാന തുറമുഖ കൺസൾട്ടേറ്റീവ് കമ്മിറ്റിയിലും (സെക്ഷൻ 102) തദ്ദേശീയ ഉപദേശക സമിതിയിലും (സെക്ഷൻ 103) ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടില്ല. ബോർഡിൽ അംഗമായി ഉൾക്കൊള്ളിച്ചിരിക്കുന്നതിൽ ഒരാൾ മത്സ്യബന്ധനവും തുറമുഖവും വകുപ്പ് സെക്രട്ടറിയാണ്. എന്നാൽ അങ്ങനെയൊരു പദവിതന്നെ നിലവിലില്ല. തുറമുഖ വികസനവും നടത്തിപ്പുമായി ബന്ധപ്പെട്ട നയപരമായ കാര്യങ്ങളെല്ലാം തീരുമാനിക്കേണ്ട സംഗതിയായതിനാൽ ബോർഡിന്റെ

ചെയർമാനായി മുഖ്യമന്ത്രിയോ തുറമുഖ വകുപ്പുമന്ത്രിയോ വരേണ്ടതാണ്. ബന്ധപ്പെട്ട വകുപ്പായ ഫിഷറീസും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുമന്ത്രിയെ ഇതിൽ അംഗമായി ഉൾപ്പെടുത്തണം. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സെക്രട്ടറിയേയും തുറമുഖ വകുപ്പ് സെക്രട്ടറിയേയും പരിസ്ഥിതി വകുപ്പ് സെക്രട്ടറിയേയും തീരദേശ ഉൾനാടൻ ജലഗതാഗത വകുപ്പ് സെക്രട്ടറിയേയും ഇതിൽ അംഗങ്ങളായി ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. മാരിടൈം ബോർഡിലും കൺസൾട്ടേറ്റീവ് കമ്മിറ്റികളിലും തദ്ദേശീയ ഉപദേശക സമിതികളിലും വിവിധതലങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. കൂടാതെ ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി തുറമുഖ വകുപ്പ് സെക്രട്ടറിയെ നിയമിക്കേണ്ടതാണ്. ഗുജറാത്ത്, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലാണ് നിലവിൽ മാരിടൈം ബോർഡുള്ളത്. അവിടെയെല്ലാം മൈനർ തുറമുഖങ്ങളിലെ തൊഴിലാളികളുടെ താൽപ്പര്യം സംരക്ഷിക്കാനായി ഒരു പ്രതിനിധിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ബോർഡിലും അതുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ എക്സ്ഒഫിഷ്യോ അംഗമായി ഉൾപ്പെടുത്തിയിരിക്കുന്നു. എന്നാൽ കൊച്ചിൻ പോർട്ട് ട്രസ്റ്റിനോ വല്ലാർപാടം അന്താരാഷ്ട്ര തുറമുഖ പ്രതിനിധിക്കോ പ്രാതിനിധ്യമില്ല. മേൽപ്പറഞ്ഞ ആരെയും ഉൾപ്പെടുത്താതിരിക്കുന്നതാണ് അഭികാമ്യം. പ്രത്യേകിച്ച് സാഗർമാല പദ്ധതിപ്രകാരം കേന്ദ്രസർക്കാർ തുറമുഖനിർമ്മാണം അദാനിക്ക് തീറെഴുതാൻ നീക്കം നടത്തുന്നതായി റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ, ഗുജറാത്തിന്റെ അഭിമാന തുറമുഖമായ കാണ്ട്ല തുറമുഖത്തിന്റെ അവസ്ഥ സംസ്ഥാന തുറമുഖങ്ങൾക്ക് വരാനിടയുണ്ട്. സർക്കാരിന്റെ കൈവശമുള്ള സ്വത്തുക്കൾ ബോർഡിന് കൈമാറുകയും അവ വിൽക്കുന്നതിന് 30 വർഷം വരെയുള്ള കാലത്തിന് പാട്ടത്തിന് നൽകണമെന്നുള്ള വ്യവസ്ഥ [വകുപ്പ് 22(ബി)] കടലോരം മത്സ്യത്തൊഴിലാളികൾക്ക് അന്യമാക്കി കൊണ്ട് മുതലാളിമാർക്ക് തീറെഴുതാൻ വഴിവച്ചേയ്ക്കാം. ബോട്ട്ജെട്ടിയും ജലപാതയും മാത്രമല്ല ജലാശയവും കൂടി മുതലാളിമാർക്ക് അഞ്ചുവർഷം വരെയുള്ള കാലാവധിക്ക് സർക്കാർ അനുമതി പോലുമില്ലാതെ നൽകാമെന്ന വ്യവസ്ഥ [22(സി)] അപകടകരമാണ്. തുറമുഖത്തിന്റെ പരിധിക്കുള്ളിൽ സ്വകാര്യ ഡോക്, ബർത്ത്, സ്റ്റേജ്, ജെട്ടി, വാർഫ്, കടൽപ്പാലം തുടങ്ങിയവയുടെ നിർമ്മാണത്തിന് നിയമം വ്യവസ്ഥ ചെയ്തിരിക്കുന്നു. ആത്യന്തികമായി ഈ വ്യവസ്ഥകളെല്ലാം തുറമുഖങ്ങളിലുള്ള മുതലാളിമാരുടെ കൈകളിലെത്തുന്നതിനും അവയുടെ അടിസ്ഥാനസൗകര്യവും വികസനവും സ്ഥലം ഏറ്റെടുപ്പും മാത്രം സർക്കാരിന്റെ ചുമതലയിലാക്കാനും ഇടയുണ്ട്. സ്വകാര്യ വ്യക്തികൾക്കുവേണ്ടിയുള്ള പ്രവൃത്തി ഏറ്റെടുക്കാൻ ബോർഡിനെ ചുമതലപ്പെടുത്തുന്നത് സ്വകാര്യ മുതലാളി താൽപ്പര്യ സംരക്ഷണത്തിനാണ്. ഇതിനുപുറമെയാണ് ചാനലുകളും

അതിന്റെ ബേസിനുകളും ഉൾപ്പെടെയുള്ള ചെറുകിട തുറമുഖത്തിനുള്ളിൽ വന്നുപോകുന്ന ഓരോ മത്സ്യബന്ധനയാനവും ബോർഡിന്റെ പൊതു നിയന്ത്രണത്തിന് വിധേയമായിരിക്കുന്നതാണ് (ഖണ്ഡിക 25(1)) എന്ന വ്യവസ്ഥ ഡോക്കും വാർഫും തുറമുഖവും ഉപയോഗിക്കുന്നതിൽനിന്നും മത്സ്യത്തൊഴിലാളികളെ ആട്ടി അകറ്റുന്നതിന് ഇടയാക്കും. ബോർഡ് നടത്തേണ്ട നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് പറയുന്നിടത്ത് (പേജ് 16) ഹാർബറുകളുടെ വികസനമോ മത്സ്യയാനങ്ങളുടെ സൗകര്യത്തിനോ വ്യവസ്ഥ ചെയ്യുന്നില്ല. ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ ഫലപ്രദമായ തീരദേശ സംരക്ഷണ സംവിധാനം ഉറപ്പാക്കുന്നതിന് ബോർഡിന്റെ രൂപീകരണം തികച്ചും അത്യാവശ്യമെന്ന് പറയുന്നുണ്ടെങ്കിലും ഇതിന് യാതൊരു വ്യവസ്ഥയും ഉൾക്കൊള്ളിച്ചിട്ടില്ല. സംസ്ഥാനത്തെ മത്സ്യബന്ധന ബോട്ടുകൾക്ക് വിദേശ കപ്പലുകളിൽനിന്നും തുടരെത്തുടരെ ആക്രമണമുണ്ടാകുന്ന സാഹചര്യത്തിൽ അക്കാര്യം നമ്മൾ പ്രത്യേകമായി പരിശോധിക്കേണ്ടതാണ്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്താണ് ഇറ്റാലിയൻ നാവികർ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ വെടിവച്ചുകൊലപ്പെടുത്തിയത്. അന്ന് വെടിവച്ച് കൊലപ്പെടുത്തിയ കൊലയാളികൾക്കൊപ്പമായിരുന്ന കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റും അന്നത്തെ................

ശ്രീ. കെ. വി അബ്ദുൾഖാദർ: സർ, ഇത് സുപ്രധാനമായ ഒരു നിയമമാണ്. ഈ നിയമത്തിന്റെ പ്രധാനപ്പെട്ട ഭാഗങ്ങളെക്കുറിച്ചാണ് ഇവിടെ ചർച്ചചെയ്യുന്നത്. ആ നിയമം ചർച്ചചെയ്യുന്ന സന്ദർഭത്തിൽ ഇവിടെ പ്രകടിപ്പിക്കുന്ന ആശങ്കകൾ വളരെ പ്രസക്തമാണ്. അതേക്കുറിച്ച് കൃത്യമായി മനസ്സിലാക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. മാരിടൈം ബോർഡ് രൂപീകരിക്കുന്ന സന്ദർഭത്തിൽ അതിന്റെ നിയന്ത്രണം മുഴുവൻ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാകുന്നത്, അവരെ ഗവൺമെന്റ് തന്നെയാണ് നിയോഗിക്കുന്നതെങ്കിൽപ്പോലും, ഇത്തരമൊരു സംവിധാനത്തിന്റെ ചുമതലയിൽ വരേണ്ടത് ജനാധിപത്യ സംവിധാനങ്ങളിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന അധികാരികളാണെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. മുഖ്യമന്ത്രി ചെയർമാനും തുറമുഖ വകുപ്പുമന്ത്രി വൈസ് ചെയർമാനും തുറമുഖ വകുപ്പ് സെക്രട്ടറി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമാവുക എന്ന നിർദ്ദേശം വളരെ പ്രസക്തമാണ്. അത് ഈ ബില്ലിൽ പരിഗണിക്കാത്തത് എന്തുകൊണ്ടാണ് എന്ന് ഗവൺമെന്റ് വിശദീകരിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതോടൊപ്പം, ബേപ്പൂർ പോലുള്ള തുറമുഖങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥർ ഈ ബോർഡിന്റെ കീഴിൽ വരുമെന്നാണ് പറയുന്നത്. പി.എസ്.സി. വഴി വന്നിട്ടുള്ള സർക്കാർ ഉദ്യോഗസ്ഥർ ബോർഡിലേക്ക് വരുന്ന സന്ദർഭത്തിൽ അവരുടെ സേവന-വേതന വ്യവസ്ഥകളെ എങ്ങനെയാണ് ബാധിക്കുന്നത് എന്ന കാര്യംകൂടി ഗവൺമെന്റ് പരിശോധിക്കുമെന്ന കാര്യം അങ്ങ് ശ്രദ്ധിക്കുമോ?

<u>ശ്രീ. കെ. ആൻസലൻ</u>: സർ, തീർച്ചയായും അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്. ഗവൺമെന്റ് ഇക്കാര്യങ്ങൾ കുറച്ചുകൂടി പരിശോധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും ഡെപ്യൂട്ടേഷനിലോ മറ്റേതെങ്കിലും വ്യവസ്ഥയിലോ നിയമിക്കാനാണ് നിലവിൽ വ്യവസ്ഥ ചെയ്യുന്നത്. എന്നാൽ ജീവനക്കാരെ പി.എസ്.സി. വഴി നേരിട്ട് നിയമിക്കുന്നത് ഉചിതമായിരിക്കും. കൂടാതെ അവരുടെ സേവന-വേതന വ്യവസ്ഥകൾ മറ്റ് സർക്കാർ ജീവനക്കാരുടേതിന് സമമായിരിക്കേണ്ടതാണ്. ഖണ്ഡം 21 പ്രകാരം ബോർഡിന്റെ ആവശ്യങ്ങൾക്കായി ഏതെങ്കിലും ഭൂമി ആവശ്യമായി വരുമ്പോൾ സർക്കാരിന് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വസ്തു ഏറ്റെടുക്കാവുന്നതും ഇതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരവും നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ചെലവ് സർക്കാർ വഹിക്കേണ്ടതുമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ബോർഡ് തന്നെ വഹിക്കണമെന്ന വ്യവസ്ഥ ചേർക്കേണ്ടതാണ്. ഖണ്ഡം 22 പ്രകാരം ബോർഡിനുവേണ്ടിയുള്ള എല്ലാ കരാറുകളും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ ബോർഡ് അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ ഉണ്ടാകേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള അധികാരം ബോർഡിന് നൽകേണ്ടതില്ല. പകരം എല്ലാ കരാറുകളും ചീഫ് എക്സിക്യൂട്ടിവ് ഓഫീസർക്ക് ഉണ്ടാകേണ്ടതാണ്. ഖണ്ഡം 22(ബി) പ്രകാരം സ്ഥാവര വസ്തുക്കളുടെ ഏറ്റെടുക്കലിനോ വിൽപ്പനയ്ക്കോവേണ്ടി അങ്ങനെയുള്ള ഏതെങ്കിലും വസ്തു മുപ്പത് വർഷത്തിൽ കവിയുന്ന ഒരു കാലയളവിലേയ്ക്ക് പാട്ടത്തിന് കൊടുക്കുന്നതിനും ലൈസൻസ് നൽകുന്നതിനും ബോർഡിന് കരാറുണ്ടാക്കാവുന്നതാണ്. എന്നാൽ മുപ്പത് എന്നുള്ളത് ദീർഘമായ കാലയളവായതുകൊണ്ട് അത് അഞ്ചു വർഷമാക്കാവുന്നതാണ്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, പാട്ടത്തിന് കൊടുക്കുക എന്നത് ഇതിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് പലയിടങ്ങളിലും സംഭവിച്ചിട്ടുള്ളത്, ദീർഘകാലത്തേയ്ക്ക് പാട്ടത്തിന് കൊടുത്താൽ ആ ഭൂമിയോ ആ ഭൂമിയിലുള്ള ചമയങ്ങളോ തിരിച്ചുകിട്ടാത്ത സാഹചര്യമുണ്ട്. അതുകൊണ്ടുതന്നെ പാട്ടത്തിന് കൊടുക്കുക എന്ന ഭാഗത്തിൽ മുപ്പത് വർഷം എന്നുള്ളത് ഒഴിവാക്കി, തുറമുഖവും തുറമുഖവുമായി ബന്ധപ്പെട്ട സൗകര്യങ്ങളും സർക്കാരിന്റേതന്നെ കീഴിൽ, ഈ ബോർഡിന് കീഴിൽ വരാനാവശ്യമായ നടപടിയാണ് വരേണ്ടത്. ഇതിൽ മത്സ്യതൊഴിലാളികളുടെ പ്രശ്നമുണ്ട്. മത്സ്യബന്ധന തുറമുഖങ്ങൾ വേറെയുണ്ടെങ്കിലും മാരിടൈം ബോർഡിന്റെ കീഴിൽ വരുന്ന തുറമുഖങ്ങളും ആ തുറമുഖങ്ങളുമായി ബന്ധപ്പെട്ട കപ്പൽ ചാനലുകളും അതിനുവേണ്ടി സൗകര്യപ്പെടുത്തിയിട്ടുള്ള ഇടങ്ങളുമെല്ലാം മത്സ്യത്തൊഴിലാളിക്ക് അന്യമാകുന്നുവെന്ന രീതിയിലുള്ള പരാമർശം ഇതിൽ വരുന്നുണ്ട്. അതൊഴിവാക്കി മീൻപിടിത്തത്തൊഴിലാളികൾക്കും അവരുടെ യാനങ്ങൾക്കും

നിർബാധം സഞ്ചരിക്കാനും ടോൾ സംവിധാനം വന്നാൽ അത് പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുള്ള ബോട്ടുകൾക്കും മറ്റ് യാനങ്ങൾക്കുമൊക്കെ ഈ തുറമുഖങ്ങളുമായി ബന്ധപ്പെട്ട ഇടങ്ങളിൽ പ്രവേശിക്കാനും മത്സ്യബന്ധനത്തിനു പോകാനും വരാനുമുള്ള സൗകര്യവും കൂടി ഈ ബില്ലിനകത്ത് ഉൾപ്പെടുത്തണമെന്ന കാര്യം അങ്ങ് ചൂണ്ടിക്കാണിക്കുന്നുണ്ടോ?

<u>ശ്രീ. കെ. ആൻസലൻ</u>: സർ, തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇത്തരം ബോർഡുകൾ വരുമ്പോൾ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് തുറമുഖങ്ങൾ അന്യമാവുകയാണ്. മത്സ്യ തൊഴിലാളികളെ മറ്റൊരു രൂപത്തിൽ കാണുന്നതും അവരെ ആട്ടിയോടിക്കുന്നതും അവരുടെ അവകാശങ്ങൾ ഹനിക്കുന്നതുമായ യാതൊരു സമീപനവും ഈ ബില്ലിന്റെ വ്യവസ്ഥയിലുണ്ടാകാൻ പാടില്ല.

ഖണ്ഡം 35 (3)-ൽ ഏതെങ്കിലും സ്വകാര്യ വ്യക്തികൾ നിർമ്മിക്കുന്ന വാർഫിന്റെ ഉപയോഗം സംബന്ധിച്ച് സംഗതികളിൽ ബോർഡ് നഷ്ടപരിഹാരം നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നു. അത് നീക്കം ചെയ്യേണ്ടതാണ്. ഖണ്ഡം 102 പ്രകാരം രൂപീകരിക്കുന്ന സംസ്ഥാന തുറമുഖ കൺസൾട്ടേറ്റീവ് കമ്മിറ്റിയിൽ എം.എൽ.എ.മാരെ ഉൾപ്പെടുത്തിയിട്ടില്ല. അതിനാൽ ഈ കമ്മിറ്റിയിൽ തീരദേശമേഖലയിലെ എം.എൽ.എ.-മാരെയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റിനെയും ഉൾപ്പെടുത്താനുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ തദ്ദേശീയ ഉപദേശക സമിതിയിൽ ജില്ലാ പഞ്ചായത്തിന്റെയും തുറമുഖം സ്ഥിതിചെയ്യുന്ന പ്രദേശത്തെയും തദ്ദേശഭരണ സ്ഥാപനങ്ങളിലെയും ജനപ്രതിനിധികളെ ഉൾപ്പെടുത്തിയാൽ അത് കുറച്ചുകൂടി കുറ്റമറ്റതാക്കുന്നതിനും ജനാധിപത്യപരമായി പ്രവർത്തിക്കുന്നതിനും സഹായകരമാകുന്നതാണ്. ഈ ബോർഡ് വരുന്നതിന്റെ ഭാഗമായി മറ്റ് പല സംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ബോർഡുകളിലും ഉണ്ടാകുന്ന ദുഃസ്ഥിതിയിലേയ്ക്ക് നിലവിൽ ജോലിചെയ്യുന്ന തൊഴിലാളികളെ കൊണ്ടെത്തിക്കുന്ന സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകരുത്. അവർക്ക് ആവശ്യമായ പരിരക്ഷയും ഗവൺമെന്റിൽ നിക്ഷിപ്തമായ ശമ്പളവും പെൻഷനും ആനുകൂല്യവും നൽകുന്ന വ്യവസ്ഥകൂടി ഉണ്ടാക്കി ആ തൊഴിലാളികളെയും സംരക്ഷിക്കുന്ന സമീപനം സ്വീകരിക്കണമെന്ന് പറഞ്ഞു കൊണ്ട്, മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാതെ, ഈ ബില്ലിൽ ആവശ്യമായ ഭേദഗതി വരുത്തി, ഇത് പരിഗണിച്ച്, മത്സ്യത്തൊഴിലാളി മേഖലയേയും തീരദേശത്തെയും സംരക്ഷിക്കുന്നതിനും നാടിന്റെ പൊതുവായ വികസനപ്രവർത്തനങ്ങൾക്ക് ചടുലമായ മാറ്റമുണ്ടാക്കുന്നതിനും മാരിടൈം ബോർഡ് ബിൽ പാസ്സാക്കുന്നതിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. അത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനും വകുപ്പുമന്ത്രിക്കും അതിന്റെ പ്രവർത്തനഘട്ടത്തിൽ പൊൻതൂവലായി മാറട്ടെ എന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 3 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിന് ആക്കവും ആവേഗവും ത്വരിതപ്പെടുത്തുവാനുതകുന്ന നമ്മുടെ തീരത്തെ ചെറുകിട-ഇടത്തരം തുറമുഖങ്ങളുടെ വികസനവും ഏകോപനവും സാധ്യമാക്കാൻ കഴിയുന്ന 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിനെ ഞാൻ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. കേരളത്തിന്റെ വാണിജ്യ സാംസ്കാരിക ചരിത്രത്തിൽ സുപ്രധാന സ്ഥാനമുള്ള ഭൂവിഭാഗമാണ് 590 കിലോമീറ്റർ ദൂരമുള്ള ഈ മനോഹരതീരം. രണ്ട് വൻകിട തുറമുഖങ്ങൾ, മൂന്ന് ഇടത്തരം തുറമുഖങ്ങൾ, 13 ചെറുകിട തുറമുഖങ്ങൾ എന്നിവയാണ് കേരള തീരത്തെ മത്സ്യയാന കേന്ദ്രങ്ങളായി പ്രവർത്തിച്ചുവരുന്നത്. ഇതിൽ ചെറുകിട-ഇടത്തരം തുറമുഖങ്ങളുടെ വികസനം ദ്രുതഗതിയിൽ നടത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയാണ്. മാരിടൈം ബോർഡിന്റെ പ്രവർത്തനമാരംഭിക്കുന്നതോടുകൂടി ഇത് സാദ്ധ്യമാകുമെന്നാണ് ഞാൻ കരുതുന്നത്. ഈ ബില്ലിന്റെ ആറാമത്തെ അദ്ധ്യായത്തിൽ ചെറുകിട തുറമുഖങ്ങളിൽ ബോർഡ് നടത്തേണ്ട നിർമ്മാണങ്ങളും സേവനങ്ങളും വിശദമായി പറഞ്ഞിട്ടുണ്ട്. ഇത് നടപ്പിൽ വരുത്തുവാൻ സാധിച്ചാൽ തീരദേശവാസികളുടെ ജീവിതനിലവാരം ഉയരുമെന്ന കാര്യത്തിൽ സംശയമില്ല. മാരിടൈം സൊസൈറ്റി, മാരിടൈം വികസന കോർപ്പറേഷൻ, തുറമുഖ വകുപ്പ് എന്നിവയുടെ ഏകോപനത്തിലുണ്ടായിരുന്ന വൈഷമ്യം മാരിടൈം ബോർഡിന്റെ രൂപീകരണത്തോടുകൂടി ഇല്ലാതാവുകയാണ്. ചെറുകിട തുറമുഖങ്ങളുടെ ഏകോപനം ജലഗതാഗത രംഗത്ത് പുതിയ സാദ്ധ്യതകൾ തുറന്നിടുകതന്നെ ചെയ്യും. നമ്മുടെ തീരത്തുനിന്നുള്ള മത്സ്യത്തിനും, പ്രത്യേകിച്ച് ചെമ്മീന് വിദേശത്ത് പ്രിയമേറി വരികയാണ്. ഈ അനുകൂല അവസരം പരമാവധി പ്രയോജനപ്പെടുത്തി തുറമുഖങ്ങളുടെ സൗകര്യങ്ങൾ വലിയ തോതിൽ മെച്ചപ്പെടുത്തേണ്ടതുണ്ട്. അദ്ധ്യായം 6-ൽ 23 മുതൽ 35 വരെ ഉള്ള കാര്യങ്ങൾ തുറമുഖ വികസനത്തിന് ഏറെ ഉതകുന്നതാണ്. പ്രധാന ഇറക്കുമതിക്കാരായ അമേരിക്ക, ദക്ഷിണ പൂർവ്വേഷ്യൻ രാജ്യങ്ങൾ, യൂറോപ്യൻ യൂണിയൻ എന്നിവിടങ്ങളിലേയ്ക്കുള്ള കയറ്റുമതി വർദ്ധിപ്പിക്കുവാൻ തുറമുഖങ്ങളുടെ വികസനം നമ്മെ സഹായിക്കും. കൂടാതെ ചെറുകിട തുറമുഖങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ചരക്ക് ഗതാഗതം സുഗമമാകുന്നതോടുകൂടി ഗതാഗതച്ചെലവ് കുറയ്ക്കുവാൻ സഹായകരമാകും. മലബാർ മേഖലയിലേയ്ക്കുള്ള ടൈലുകളും മാർബിളുകളും സിമെന്റും മറ്റും ഗുജറാത്തിലും രാജസ്ഥാനിലും നിന്നുമെത്തുന്നത് റോഡ്-തീവണ്ടി മാർഗ്ഗങ്ങൾ വഴിയാണ്. കണ്ടെയിനർ കപ്പലുകളുടെ വരവ് വർദ്ധിക്കുന്നതോടെ മേൽപ്പറഞ്ഞവ കൂടുതൽ സുരക്ഷിതമായി ഇന്ധനലാഭത്തോടെ നമ്മുടെ നാട്ടിലെത്തിക്കുവാൻ സാധിക്കുന്നതാണ്. ഇതിന്റെ ഏറെ പ്രയോജനം എല്ലാവരിലേക്കും എത്തിക്കുന്നതിനു വേണ്ടി തീരദേശ ഉൾനാടൻ ജലഗതാഗതങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ ബില്ലിലുള്ളത് അഭിനന്ദനാർഹമാണ്. കൊല്ലം, അഴീക്കൽ,

പൊന്നാനി, കൊടുങ്ങല്ലൂർ, അഴീക്കോട്, ആലപ്പുഴ, ബേപ്പൂർ, വിഴിഞ്ഞം തുറമുഖങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന തീരദേശ കപ്പൽ പദ്ധതി നവീകരിക്കുന്നതിന് മാരിടൈം ബോർഡിന്റെ രൂപീകരണം സഹായകരമാകും. തീരദേശ കപ്പൽ പദ്ധതി പൂർണ്ണമായി യാഥാർത്ഥ്യമായാൽ 2020-ഓടെ റോഡ്-റെയിൽ മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കുകളുടെ 40 ശതമാനവും 2030-ഓടെ 50 ശതമാനവും കപ്പൽ ഗതാഗതംവഴി നടത്തുവാനാകുമെന്നത് വലിയ പ്രതീക്ഷ നൽകുന്ന കാര്യങ്ങളാണ്. ഉൾനാടൻ ജലഗതാഗതം ശക്തിപ്പെടുത്തുന്നതോടുകൂടി കപ്പൽ ഗതാഗതം വഴിയുള്ള ചരക്കു നീക്കം എല്ലാ പ്രദേശത്തുള്ളവർക്കും പ്രയോജനം ചെയ്യും. ഇത്തരത്തിൽ ജലഗതാഗതത്തിന്റെ വലിയ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ സാധിക്കുന്ന മാരിടൈം ബോർഡ് ബില്ലിന്റെ രൂപീകരണം നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിൽ മറ്റൊരു വലിയ കുതിച്ചുചാട്ടത്തിന് വഴിതെളിയിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. ഇക്കഴിഞ്ഞ ഗവൺമെന്റ് കേരള ജനതയെ അതിവേഗം ബഹുദൂരം പടുകുഴിയിലിറക്കിയെങ്കിലും മാരിടൈം ബോർഡ് ബിൽ പാസ്സാക്കാനുള്ള ഇച്ഛാശക്തിയുണ്ടായിരുന്നില്ല എന്നുള്ളത് പ്രത്യേകമായി കാണേണ്ടതാണ്. പ്രതിപക്ഷം ഇവിടെ ഇല്ലെങ്കിൽപ്പോലും എനിക്ക് അവരോട് അഭ്യർത്ഥിക്കാനുള്ളത് പരിഷ്കരിച്ച ശരിയായ രീതിയിലുള്ള ഈ ബില്ലിനെ പിന്തുണയ്ക്കുവാൻ നിങ്ങൾ ഒരു മടിയും കാണിക്കരുത് എന്നാണ്. 590 കിലോമീറ്റർ തീരമേഖലയുള്ള കേരളത്തിൽ പഴുതടച്ച തീരസംരക്ഷണം അനിവാര്യമാണ്. വിദേശ രാജ്യങ്ങളിൽ നിന്നുള്ള ഭീകരവാദ അക്രമങ്ങൾ, കഞ്ചാവ്-മയക്കുമരുന്ന് മാഫിയയുടെ നുഴഞ്ഞുകയറ്റം എന്നിവ തടയുന്നതിന് തീരദേശ പോലീസ്, തീരദേശ സേന, നാവിക സേന എന്നിവയുടെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം അത്യന്താപേക്ഷിതമാണ്. ഇത് സാദ്ധ്യമാക്കാൻ മാരിടൈം ബോർഡിന്റെ രൂപീകരണം....

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ വളരെ പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിച്ചതുകൊണ്ടാണ് ഞാൻ ഇടപെടുന്നത്. അതായത്, തീരപ്രദേശത്തിന്റെ സംരക്ഷണത്തിന്റെ പ്രാധാന്യം പ്രതിരോധവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതല്ല. മൂന്നാറിലുള്ള കയ്യേറ്റത്തെക്കാൾ ഏറ്റവുമധികം കയ്യേറ്റം നടക്കുന്നത് നമ്മുടെ തീരപ്രദേശത്താണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ വിഷയം ഞാൻ സഭയിൽ ഉന്നയിച്ചിരുന്നു. കോഴിക്കോട്ടെ ഒരു അനുഭവം വച്ചുകൊണ്ടാണ് ആ വിഷയം ഉന്നയിച്ചത്. അത് ശരിയാണെന്ന് അന്ന് കണ്ടു. അന്നത്തെ പോർട്ട് വകുപ്പു സെക്രട്ടറിയായിരുന്ന ശ്രീ. എൽ. രാധാകൃഷ്ണൻ, ഐ.എ.എസ്.-നെ ആ വിഷയം പഠിക്കാനുള്ള കമ്മീഷനായി നിയമിച്ചു. അദ്ദേഹം അതിന്റെ പഠനം നടത്തി കുറച്ചു വൈകിയാണെങ്കിലും റിപ്പോർട്ട് നൽകുകയുണ്ടായി. കേരളത്തിന്റെ തീരപ്രദേശം മുഴുവൻ കയ്യേറ്റമുണ്ടായി എന്നാണ് റിപ്പോർട്ടിൽ കാണാൻ സാധിച്ചത്. ആ റിപ്പോർട്ട് പുറത്തേക്ക് വന്നില്ല. അത് ഗവൺമെന്റിന് സമർപ്പിച്ചു. ആ റിപ്പോർട്ടിലെ നിഗമനത്തിന്റെ അടിസ്ഥാനത്തിൽ കയ്യേറ്റങ്ങളെ ഒഴിപ്പിക്കാനും തീരപ്രദേശത്തെ സ്വത്ത് സംരക്ഷിക്കാനും ആവശ്യമായ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചു. ആ ടാസ്ക് ഫോഴ്സിന്റെ നേതൃത്വത്തിൽ

ചില അനധികൃത കയ്യേറ്റങ്ങൾ, കയ്യേറ്റം എന്നുപറയുമ്പോൾ മത്സ്യത്തൊഴിലാളികളുടേതല്ല. മത്സ്യത്തൊഴിലാളികളായ പാവങ്ങൾ പാർപ്പിടംവച്ച് താമസിക്കുമ്പോൾ കയ്യേറ്റമാണെങ്കിലും പട്ടയം കൊടുക്കുന്നു. അല്ലാത്ത ആളുകളുടെ കയ്യേറ്റമാണ്. ആ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം ഫലവത്തായി നടന്നില്ല. പേരിന് കുറച്ചൊക്കെ നടത്തി എന്നുമാത്രം. ആ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനം നടന്നില്ല എന്ന ആക്ഷേപം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഉന്നയിച്ചു. ആ സമയത്ത് അതിന് മറുപടിയായി അന്നത്തെ പോർട്ട് ഡയറക്ടർ പറഞ്ഞത്....... മത്സ്യത്തൊഴിലാളികളുടെ ആവശ്യങ്ങൾ വച്ചു കൊണ്ടുള്ള നിവേദനങ്ങളുമായി പല എം.എൽ.എ.-മാരും ചെന്നു. അതിന്റെ പേര് പറഞ്ഞാണ് ആ ടാസ്ക് ഫോഴ്സിന്റെ പ്രവർത്തനത്തെ ദുർബ്ബലപ്പെടുത്തിയത്. ഏതെങ്കിലും പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ രണ്ട് സെന്റ് സ്ഥലം കയ്യേറിയതല്ല, ഇവിടത്തെ വലിയ പ്രമാണിമാർ നിക്ഷിപ്ത താൽപ്പര്യം വച്ച് കയ്യേറിയതിനെക്കുറിച്ചാണ് പറഞ്ഞത്. ആ കയ്യേറ്റം നടക്കുന്നതുതന്നെ പോർട്ട് വകുപ്പിനകത്തുള്ള ഉദ്യോഗസ്ഥരുടെ ഒത്താശയോടുകൂടിയാണ്. അത് തെളിവുസഹിതമാണ് അവതരിപ്പിച്ചത്. ആ തെളിവുകളൊക്കെ ഇപ്പോഴുമുണ്ട്. എന്നാലും ഇപ്പോഴും അത് നടക്കുകയാണ്. ഞാൻ അന്ന് ഉന്നയിച്ചിട്ടുള്ള കോഴിക്കോട് ജില്ലയിലെ കയ്യേറ്റം ഇപ്പോഴും കയ്യേറ്റമായി നിൽക്കുകയാണ്. അത് പരിഹരിക്കപ്പെട്ടിട്ടില്ല. ഈ ബില്ലിനകത്ത് കയ്യേറ്റം നടക്കാതെ സംരക്ഷിക്കുന്നതിനാവശ്യമായിട്ടുള്ള കാര്യങ്ങളുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. അക്കാര്യംകൂടി ഈ ബില്ലിന്റെ ഭാഗമായി വരേണ്ടതാണ്. ഇത് വളരെ ഗൗരവമായി എടുക്കേണ്ടൊരു കാര്യമാണ്. അതുകൊണ്ടാണ് ഞാൻ അങ്ങയുടെ പ്രസംഗത്തിന്റെ സമയം അൽപ്പം അപഹരിച്ചുകൊണ്ട് സംസാരിച്ചത്. പല ഘട്ടങ്ങളിലായി ഈ വിഷയം ഞാൻ ഉന്നയിച്ചിട്ടുണ്ട്. അതിന് ഫലമുണ്ടായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഈ സഭയും വളരെ ഗൗരവമായി എടുക്കേണ്ട ഒരു പ്രശ്നമാണിത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ബഹുമാനപ്പെട്ട എ. പ്രദീപ് കുമാർ ഉന്നയിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. അദ്ദേഹത്തിന്റെ മണ്ഡലം തീരദേശമണ്ഡലമാണ്, എന്റെ മണ്ഡലവും തീരദേശ മണ്ഡലമാണ്. മാരിടൈം ബിൽ ചർച്ചചെയ്യുമ്പോൾ അതിനകത്ത് ഏറ്റവും ഗൗരവമായി കാണേണ്ടത് പലതരത്തിലുമുള്ള കയ്യേറ്റം നമ്മുടെ തീരദേശവുമായി ബന്ധപ്പെട്ടുണ്ട് എന്നതാണ്. പോർട്ടിന്റെ സ്ഥലംതന്നെ സ്വകാര്യ വ്യക്തികൾ കയ്യേറിയതായി മനസ്സിലാക്കാൻ സാധിക്കും. ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ മാരിടൈം ബില്ലിനകത്ത് എന്തെങ്കിലും നിയമങ്ങളുണ്ടോ; അത് തുടർച്ചയായി പോകുന്ന രീതിയാണോ; കയ്യേറ്റം ഒഴിപ്പിക്കാനാവശ്യമായ നടപടി ഉണ്ടായാൽ സർക്കാരിന് കുറെ ഭൂമി ലഭിക്കും. അത് സർക്കാരിന്റെ പർപ്പസിന് ഉപയോഗിക്കാൻ സാധിക്കും. സ്വകാര്യ വ്യക്തികൾ ഭൂമി കൈവശപ്പെടുത്തിയി രിക്കുകയാണ്. പല തീരദേശത്തെയും പോർട്ടിനോടുചേർന്ന പ്രദേശങ്ങൾ സ്വകാര്യ

വ്യക്തികൾ കൈവശപ്പെടുത്തി അവരുടെ അവകാശമായി സ്ഥാപിച്ചിരിക്കുകയാണ്. അത്തരം കാര്യങ്ങൾക്ക് ഈ ബില്ലുമായി ബന്ധപ്പെട്ട് നിയമ നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ബഹുമാന്യരായ അംഗങ്ങൾ സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങളാണ്. തീർച്ചയായും ഇക്കാര്യത്തിൽ പ്രത്യേക യോഗം വിളിച്ചുകൂട്ടി കൃത്യമായി പരിശോധിച്ച് പരിഹരിക്കേണ്ടതാണ്. ഇപ്പോഴാണ് അതിനുള്ള നല്ല സാഹചര്യമൊരുങ്ങുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. അതിനായി മാരിടൈം ബോർഡ് ബിൽ സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. തീരദേശ പോലീസിന്റെയും തീരദേശ സേനയുടെയും നാവികസേനയുടെയും സംയുക്തമായുള്ള പ്രവർത്തനം കഞ്ചാവ്, മയക്കുമരുന്ന്, ഭീകരവാദികളുടെ അക്രമം തുടങ്ങിയ കാര്യങ്ങൾ പരിഹരിക്കാൻ സഹായിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഇത് സാദ്ധ്യമാക്കാൻ മാരിടൈം ബോർഡിന്റെ രൂപീകരണം വളരെ ആശ്വാസകരമാണ്. ഇതിനായി അത്യാധുനിക നിരീക്ഷണ സംവിധാനങ്ങൾ ചെറുകിട-ഇടത്തരം തുറമുഖങ്ങളിൽ പ്രത്യേകമായി ഏർപ്പെടുത്തേണ്ടതാണ്. നമ്മുടെ 14 ചെറുകിട തുറമുഖങ്ങളെ 30,000 കോടി രൂപ ചെലവഴിച്ച് വികസനം നടത്തുന്നതിന് മാരിടൈം ബോർഡ് നേതൃത്വം വഹിച്ചാൽ സംസ്ഥാനത്ത് ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് കരുതുന്നത്. ഇതിലൂടെ കേരളത്തിന്റെ വികസനത്തെ ശരിയായ വഴിയിലൂടെയും കരുത്തോടുകൂടിയും മുന്നോട്ട് നയിക്കാൻ കഴിയുമെന്ന് ഈ നാട്ടിലെ ജനങ്ങൾ വിശ്വസിക്കുന്നു. ഏതാനും ചില മാറ്റങ്ങളാണ് ഈ ബില്ലുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. കെ. ആൻസലൻ സൂചിപ്പിച്ചതു പോലെ മാരിടൈം ബോർഡുമായി ബന്ധപ്പെട്ട് അതിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ ഉൾപ്പെടണമെന്ന നിർദ്ദേശം ഞാൻ സ്വാഗതം ചെയ്യുന്നു.

മറ്റൊന്ന്, നിർദ്ദിഷ്ട കേരള മാരിടൈം ബോർഡ് ബില്ലിൽ സെക്ഷൻ 17-ലെ 'ജീവനക്കാരെ ബോർഡിലേയ്ക്ക് മാറ്റം ചെയ്യൽ' എന്നത് 'തുറമുഖ വകുപ്പിലെ ജീവനക്കാരെ ബോർഡിലേയ്ക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാറ്റി നിയമിക്കണം' എന്നാക്കുന്നതാണ് കൂടുതൽ നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. 'സംസ്ഥാന ജീവനക്കാരായി തുടരുന്ന ഉദ്യോഗസ്ഥരുടെ ശമ്പളം, മറ്റ് ആനുകൂല്യങ്ങൾ എന്നിവ സർക്കാർ നേരിട്ട് ട്രഷറി മുഖേന നൽകേണ്ടതാണ്. പ്രസ്തുത തുക ബോർഡ് സർക്കാരിലേയ്ക്ക്, ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ കൊടുക്കാൻ ബാദ്ധ്യസ്ഥമാണ്. പ്രസ്തുത ജീവനക്കാർക്ക് കേരളത്തിലെ സർക്കാർ ജീവനക്കാർക്ക് ബാധകമായിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും മാത്രമാണ് ബാധകമായിരിക്കുന്നത്. ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് തുറമുഖ വകുപ്പിലെ എല്ലാ സാലറി അലവൻസ് ഹെഡ്ഡുകളും ഈ വിഭാഗം ജീവനക്കാർക്ക്

വിരമിക്കുന്നതുവരെ നിലനിർത്തണം. ഇതിന്റെ പരിപാലനത്തിനായി തുറമുഖ വകുപ്പുസെക്രട്ടറിയുടെ നിയന്ത്രണത്തിൽ എസ്റ്റാബ്ലിഷ്മെന്റ് സ്പെഷ്യൽ സെൽ രൂപീകരിക്കണം. ജീവനക്കാരുടെ എല്ലാ ആനുകൂല്യങ്ങളും അവകാശങ്ങളും ഈ ഓഫീസിന്റെ നിയന്ത്രണത്തിലായിരിക്കണം. വകുപ്പിൽ നിലവിലുള്ള എല്ലാ ജീവനക്കാരും പെൻഷൻ ആയി പിരിയുന്നതുവരെയോ നിയമനത്തിന്റെ കാലാവധി കഴിയുന്നതു വരെയോ സർക്കാർ ജീവനക്കാരായി തുടരുകയും നിലവിലുള്ള സേവന-വേതന ശമ്പളവ്യവസ്ഥകളും പെൻഷൻ തുടങ്ങിയ മറ്റ് ആനുകൂല്യങ്ങളും സർക്കാർ തീരുമാനിക്കുന്നതുപോലെ ഇതരവകുപ്പുകളിലെ സർക്കാർ ജീവനക്കാരെ പോലെത്തന്നെ ലഭിക്കുകയും നിർദ്ദിഷ്ടകാലാവധി തീരുന്നതുവരെയോ പെൻഷൻ പറ്റുന്നതുവരെയോ ബോർഡിന് വേണ്ടി തൊഴിൽ തുടരേണ്ടതുകൂടിയാണെന്ന് കൂട്ടിച്ചേർക്കേണ്ടതാ ണെന്നാണ് എനിക്ക് തോന്നുന്നത്. 18-ാം വകുപ്പിലെ ഒരു ഭേദഗതി, 'വകുപ്പിൽ നിലവിലുള്ള ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, സൂപ്പറാന്യുവേഷൻ ഫണ്ട്, മറ്റ് ഫണ്ടുകൾ എന്നിവ ഇതര സർക്കാർ ജീവനക്കാരുടേതുപോലെ നിലനിർത്തണം'. 20 കിലോമീറ്റർ ദൂരം പൂർണ്ണമായും തീരദേശം ഉൾപ്പെടുന്ന കയ്പമംഗലത്തുനിന്നും വരുന്ന ഒരാളാണ് ഞാൻ. മുനമ്പം, അഴീക്കോട് തുടങ്ങിയ തുറമുഖങ്ങൾ എന്റെ നിയോജക മണ്ഡലത്തിലുൾപ്പെടുന്ന ചെറുകിട തുറമുഖങ്ങളാണ്. ഇതുപോലെ കേരളത്തിലെ നിരവധി തുറമുഖങ്ങളുടെ വികസനത്തിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ ഈ ബിൽ സഹായിക്കുമെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആയതിനാൽ തീരദേശവാസികളുടെ ഒരു പ്രതിനിധി എന്നുള്ള നിലയിൽ ഏറെ അഭിമാനത്തോടെ 2017-ലെ കേരള മാരിടൈം ബോർഡ് ബില്ലിനെ ഞാൻ പിന്തുണയ്ക്കുന്നു.

1.30 PM]

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, വളരെ പ്രധാനപ്പെട്ട ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത് ബഹുമാനപ്പെട്ട അംഗങ്ങൾ രേഖപ്പെടുത്തിയ വിലപ്പെട്ട നിർദ്ദേശങ്ങൾ എല്ലാം തന്നെ ഗവൺമെന്റ് ആലോചിക്കുന്നതും പരിഗണിക്കുന്നതുമൊക്കെയാണ്. ഈ ബിൽ പ്രാവർത്തികമാകുന്നതോടുകൂടി ഇവിടെ പറഞ്ഞ ഭയാശങ്കകൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്. ചർച്ചയിൽ പങ്കെടുത്ത ബഹുമാന്യരായ കെ. ആൻസലൻ, ഇ. ടി. ടൈസൺ മാസ്റ്റർ മറ്റ് സുഹൃത്തുക്കളായ ശ്രീ. എ. പ്രദീപ് കുമാർ, ശ്രീ. എ. എൻ. ഷംസീർ, ശ്രീ. ജോൺഫെർണാണ്ടസ് എന്നിവരൊക്കെ ചൂണ്ടിക്കാണിച്ചതുപോലെ ഈ ബിൽ പ്രാവർത്തികമാകുന്നതോടു കൂടി ഇവിടെ ചർച്ചയിൽ ഉന്നയിക്കപ്പെട്ട നിരാകരിക്കപ്പെടേണ്ടവയല്ലാത്ത കാര്യങ്ങളെല്ലാം ഉൾക്കൊണ്ടുകൊണ്ടുതന്നെ ഈ ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ കഴിഞ്ഞാൽ ഇവിടെ ഉന്നയിക്കപ്പെട്ട ആശങ്കകൾക്ക് പരിഹാരം കാണാൻ കഴിയുമെന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്. ബോർഡ് രൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സൂചിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ചെയർമാൻ പദവി

അലങ്കരിക്കണമെന്ന നിർദ്ദേശം ചില അംഗങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. അങ്ങനെ വരുമ്പോൾ ബോർഡിന്റെ ഇപ്പോഴത്തെ ഘടനയനുസരിച്ചും ആവശ്യമനുസരിച്ചും ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കാനും സമയം നൽകാനും കഴിയാത്തവിധം മറ്റ് ചുമതലകൾ വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവർ തുറമുഖങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ പൂർണ്ണനിലയിൽ പങ്കെടുക്കേണ്ട ബാദ്ധ്യതയുള്ള വരായിത്തീരും. ബോർഡിന്റെ യോഗം ചേരുന്നതുൾപ്പെടെ അടിയന്തര ഘട്ടങ്ങളിൽ ചില നടപടികൾ കൈക്കൊള്ളുന്നതിന് കൂടിയാലോചനകൾ വേണ്ടിവരും. അത്തരം സന്ദർഭങ്ങളിൽ ഉത്തരവാദപ്പെട്ട വലിയ പദവി വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ സാന്നിദ്ധ്യം ഉണ്ടാകുന്നതിന് ചില പ്രായോഗികമായ പരിമിതികളുണ്ടാവുക സ്വാഭാവികമാണ്. അതുകൊണ്ടാണ് ഇത്തരമൊരു മാറ്റം സ്വീകരിക്കണമെന്ന നിലയിലേയ്ക്ക് ചിന്തിക്കാൻ ഞങ്ങളെ പ്രേരിപ്പിച്ചത്. അതുകൊണ്ട് ഈ നിലയിലുള്ള ബോർഡല്ലെങ്കിൽപ്പോലും ഈ വകുപ്പുമായി ബന്ധപ്പെടുന്ന ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാരുടെയും ബോർഡിന്റെയും പ്രവർത്തനങ്ങൾ പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലുമായിരിക്കും. അതുകൊണ്ടു തന്നെ ഏത് ഘട്ടത്തിലും നമ്മുടെ സംസ്ഥാനത്തിനോ ജനങ്ങൾക്കോ തീരദേശത്തിനോ തൊഴിലാളികൾക്കോ അസ്വീകാര്യമായ എന്തെങ്കിലും ഉണ്ടായിക്കഴിഞ്ഞാൽ അതത് സന്ദർഭങ്ങളിൽ ഇടപെടാനും നിയന്ത്രിക്കാനും മാറ്റം വരുത്താനുമുള്ള എല്ലാ അധികാര-അവകാശങ്ങളും സംസ്ഥാന ഭരണകൂടത്തിനുണ്ട് എന്നതുകൊണ്ടും ഈ നിലയിലുള്ള ഒരു ഉത്ക്കണ്ഠ അക്കാര്യത്തിൽ ഉണ്ടാകേണ്ടതില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇവിടെ ജീവനക്കാരുടെ പ്രശ്നം പരാമർശിക്കുകയുണ്ടായി. നിലവിലുള്ള ജീവനക്കാരുടെ എല്ലാ സേവന-വേതന വ്യവസ്ഥകളും സംരക്ഷണവും ഇപ്പോൾ ഏത് നിലയിലാണോ നടക്കുന്നത് അതുപോലെതന്നെ അവർക്ക് അതുണ്ടായിരിക്കുമെന്നാണ് ജീവനക്കാരുടെ പ്രശ്നം സംബന്ധിച്ച് ഉന്നയിക്കപ്പെട്ട കാര്യത്തെക്കുറിച്ച് പറയാനുള്ളത്. മറ്റൊന്ന്, ഇവിടെ കയ്യേറ്റത്തെക്കുറിച്ച് പറഞ്ഞത്; തികച്ചും ശരിയാണ്. പല പ്രദേശങ്ങളിലും അനധികൃതമായ കയ്യേറ്റങ്ങൾ നടക്കുന്നുണ്ട്. ശ്രീ. എ. പ്രദീപ് കുമാർ പറഞ്ഞതു പോലെ കോഴിക്കോട്ടെ കാര്യം ശ്രദ്ധയിൽപ്പെട്ടതാണ്. അതിന് പരിഹാരം കാണാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പല നിലയിലുമുള്ള കയ്യേറ്റങ്ങളുമുണ്ട്. ഇതൊന്നും വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് തടസ്സമുണ്ടാക്കില്ല. ഈ ബോർഡിന്റെ പ്രവർത്തനം പ്രാവർത്തികമാകുന്നതോടുകൂടി വികസന പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ ആരംഭിക്കുകയാണ്. അഴീക്കൽ മുതൽ വിഴിഞ്ഞം വരെ നീണ്ടുകിടക്കുന്ന തീരഭൂമിയിൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തുമ്പോൾ അടിയന്തര പ്രാധാന്യത്തോടുകൂടി ചെയ്യേണ്ട നിരവധി കാര്യങ്ങളുണ്ട്. സാങ്കേതികമായതും ജനകീയ പങ്കാളിത്തത്തിന്റേതുമായ കാര്യങ്ങളുണ്ട്. ഇതെല്ലാം പരിഗണിക്കുമ്പോൾ കയ്യേറ്റ ഭൂമിയിൽനിന്നും ഒഴിവാക്കൽ നടപടിയുൾപ്പെടെ വികസനപ്രവർത്തനങ്ങൾക്ക് എന്തെല്ലാം സൗകര്യങ്ങൾ ഭൂമിപരമായി ഉണ്ടാകണമോ അതെല്ലാം ലഭ്യമാക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ സ്വീകരി

ക്കുന്നതാണെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. മാരിടൈം ബോർഡ് ബിൽ പാസ്സായി ബോർഡ് നിലവിൽവരുന്നതോടുകൂടി ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ള വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. പ്രത്യേകിച്ച് ഇത്രയും ദീർഘമേറിയ തീരഭൂമി നിലനിൽക്കുന്ന ഒരു സംസ്ഥാനത്തിന്റെ തീരഭൂമി സംരക്ഷണം അത്യാവശ്യമാണ്. മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളെ ഏതെങ്കിലും തരത്തിൽ നിഗ്രഹിക്കുന്ന ഒരു നിലപാടും സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാകില്ല. വിഴിഞ്ഞം തുറമുഖം ഉണ്ടായപ്പോൾ അവിടെ ജീവനോപാധി നഷ്ടപ്പെട്ടവർക്ക് ആനുകൂല്യങ്ങളും സംരക്ഷണവും നൽകുന്നതിന് ഗവൺമെന്റ് മുന്തിയ പരിഗണന നൽകിക്കൊണ്ടാണ് കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളും അവരുടെ കുടുംബങ്ങളും തീരഭൂമിയുമൊക്കെ തന്നെ നമ്മുടെ സംസ്ഥാനത്തിന്റെ തീര സുരക്ഷയുടെയും ജീവിതമാർഗ്ഗത്തിന്റെയും പ്രധാനപ്പെട്ട കേന്ദ്രമെന്ന നിലയ്ക്ക് പരിഗണിക്കുമെന്നാണ് എനിക്ക് വ്യക്തമാക്കാനുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാംതന്നെ ചർച്ചയിൽ പറഞ്ഞ കാര്യങ്ങൾ അതിന്റെ പ്രാധാന്യത്തോടുകൂടി ഉൾക്കൊള്ളുന്നതായിരിക്കും. ഈ ബിൽ ഇന്ന് അവതരിപ്പിച്ച നിലയിൽ പാസ്സാക്കിത്തരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ആൻസലൻ അങ്ങയുടെ 1എ നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ആൻസലൻ അങ്ങയുടെ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച 3ബി നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ...............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

വകുപ്പുതിരിച്ചുള്ള പരിഗണന

2-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

142. ഖണ്ഡം 2 (ഡബ്ല്യു) (i)-ൽ "കൂടാതെ അവർ ഉൾപ്പെടുന്നതും;" എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

145. ഖണ്ഡം 2 (എ)-ൽ "സംരംഭം" എന്ന വാക്കിനു പകരം "സംരംഭങ്ങൾ" എന്ന വാക്ക് ചേർക്കുക

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. കെ. ആൻസലൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

168. ഖണ്ഡം 2 (ജി)-ൽ "ലാഭത്തിനുവേണ്ടി" എന്ന വാക്ക് ഒഴിവാക്കുക.

174. ഖണ്ഡം 2 (എച്ച്)-ൽ "ഏർപ്പെടാത്ത ആഭ്യന്തര വ്യാപാര കപ്പൽ അല്ലാത്ത" എന്ന വാക്കുകൾക്ക് പകരം "ഏർപ്പെടുന്ന" എന്ന വാക്ക് ചേർക്കുക

179. ഖണ്ഡം 2 (ജെ) താഴെപ്പറയും പ്രകാരം മാറ്റുക.

" (ജെ)" ചരക്കുകൾ "എന്നാൽ വില്പനയ്ക്കുള്ള എല്ലാതരത്തിലുമുള്ള ജംഗമ വസ്തുക്കൾ എന്നർത്ഥമാകുന്നതും അതിൽ കന്നുകാലികൾ ഉൾപ്പെടുന്നതും പരമ്പരാഗത മൽസ്യത്തൊഴിലാളികൾ യന്ത്രവൽകൃതമോ അല്ലാത്തതോ ആയ ജലയാനങ്ങൾ ഉപയോഗിച്ച് പിടിക്കുന്ന മൽസ്യം ഉൾപ്പെടാത്തതുമാകുന്നു."

212. ഖണ്ഡം 2 (ഇസഡ് ബി)-ൽ "ഋണങ്ങൾ," എന്ന വാക്കും ചിഹ്നവും നീക്കം ചെയ്യുക.

മി. സ്പീക്കർ: 204-ാം നമ്പർ ഭേദഗതി 142-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 180, 189 എന്നീ നമ്പർ ഭേദഗതികളും ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞിന്റെ 192-ാം നമ്പർ ഭേദഗതിയും ശ്രീ. എൻ. ഷംസുദ്ദീന്റെ 198-ാം നമ്പർ ഭേദഗതിയും ശ്രീ. മോൻസ് ജോസഫിന്റെ 201, 211 എന്നീ നമ്പർ ഭേദഗതികളും ഔദ്യോഗിക ഭേദഗതികളായി ഞാൻ അവതരിപ്പിക്കുന്നു.

180. ഖണ്ഡം 2 (എൽ)-ൽ "വരയപ്പെടുന്ന" എന്ന വാക്കിന് പകരം " വരയ്ക്കപ്പെടുന്ന " എന്ന വാക്ക് ചേർക്കുക.

189. ഖണ്ഡം 2(ആർ)-ൽ "വരയപ്പെടുന്ന" എന്ന വാക്കിന് പകരം "വരയ്ക്കപ്പെടുന്ന" എന്ന വാക്ക് ചേർക്കുക.

192. ഖണ്ഡം 2 (എസ്) -ൽ "തുറമുഖത്തെ" എന്നത് "തുറമുഖത്ത് " എന്ന് മാറ്റുക.

198. ഖണ്ഡം 2(യു)-ൽ "സർക്കാരാൽ" എന്നതിനു പകരം "സർക്കാരിനാൽ" എന്ന് ചേർക്കുക.

201. ഖണ്ഡം 2(ഡബ്ലിയു)(i)-ൽ "ചരയ്ക്കയയ്ക്കുന്ന" എന്നതിനു പകരം "ചരക്കയക്കുന്ന" എന്ന് ചേർക്കുക.

211. ഖണ്ഡം 2 (ഇസഡ്എ) (ii)-ൽ "കീഴിൽ ഏതെങ്കിലും മുനിസിപ്പാലിറ്റിയോ" എന്നതിനുശേഷം "നഗരസഭയോ" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 142, 145, 180, 189, 192, 198, 201, 211 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. കെ. ആൻസലൻ അവതരിപ്പിച്ച 168, 174, 179, 212 എന്നീ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

227. ഖണ്ഡം 3(4)-ന്റെ (ix)-ാം ഇനത്തിൽ "രണ്ട്" എന്ന വാക്കിന് പകരം "നാല്" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ശ്രീ. പി. കെ. അബ്ദുറബ്ബിന്റെ 235-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എസ്. ശബരീനാഥന്റെ 241-ാം നമ്പർ ഭേദഗതിയും ശ്രീ. സണ്ണി ജോസഫിന്റെ 261-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസിന്റെ 289-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

235. ഖണ്ഡം 3(1)-ൽ " എന്ന് വിളിക്കപ്പെടുന്ന" എന്നത് " എന്ന പേരിൽ" എന്ന് മാറ്റുക.

241. ഖണ്ഡം 3(2)-ൽ " വ്യയനം" എന്ന വാക്കിനുപകരം " കൈമാറ്റം" എന്ന വാക്ക് ചേർക്കുക.

261. ഖണ്ഡം 3 (4) (ii)-ൽ "അയാൾ" എന്നത് "അദ്ദേഹം" എന്ന് മാറ്റുക.

289. ഖണ്ഡം 3-ൽ ഉപഖണ്ഡം (5) ആയി താഴെപ്പറയുന്നവ ചേർക്കുക:

"(5) നാമനിർദ്ദേശം ചെയ്യപ്പെട്ട ചെയർമാൻ, വൈസ് ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ കാലാവധി പരമാവധി അഞ്ചുവർഷം ആയിരിക്കും".

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 227, 235, 241, 261, 289 എന്നീ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>4-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u> : 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>): സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെ 307-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസിന്റെ 312-ാം നമ്പർ ഭേദഗതിയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

307. ഖണ്ഡം 5(2)-ൽ "അദ്ധ്യക്ഷം" എന്നത് "ആദ്ധ്യക്ഷം " എന്ന് മാറ്റുക.

312. ഖണ്ഡം 5(3)-ൽ "അദ്ധ്യക്ഷം" എന്നത് "ആദ്ധ്യക്ഷം " എന്ന് മാറ്റുക.

ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമന്ന് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 307, 312 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>6-ാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

<u>മി. സ്പീക്കർ</u> : 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

7-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : 7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

8-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

9-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

10-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

11-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : 11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

12-ാം വകുപ്പ്

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

381. ഖണ്ഡം 12 (3)-ന് ശേഷം താഴെപ്പറയുന്നത് (4) ആയി ചേർക്കുകയും ശേഷിക്കുന്നത് പുനഃക്രമീകരിക്കുകയും ചെയ്യുക.

"(4) (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള പ്രകാരം ജീവനക്കാർക്കു വേണ്ടി കണക്കിൽ വരവു വെച്ചിട്ടുള്ള തുകകൾ അവർക്കുവേണ്ടി രൂപീകരിച്ചിട്ടുള്ള ഏതെങ്കിലും പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി അല്ലെങ്കിൽ അതുപോലുള്ള ഫണ്ടുകളിലെ നിശ്ചയിക്കപ്പെട്ട ദിവസം വരെയുള്ള ഏതെങ്കിലും സഞ്ചിത കുടിശ്ശിക പലിശയോടു കൂടിയും അങ്ങനെയുള്ള ഫണ്ടുകളെ സംബന്ധിച്ച അക്കൗണ്ടുകളോടു കൂടിയും സർക്കാർ ബോർഡിന് കൈമാറേണ്ടതും, കൂടാതെ, ബോർഡ്, അങ്ങനെയുള്ള ജീവനക്കാർക്ക് അവരുടെ സേവന വ്യവസ്ഥകൾ അനുസരിച്ച് ഉചിതമായ സമയത്ത് നൽകേണ്ടതായ പെൻഷൻ, പ്രോവിഡന്റ് ഫണ്ട്, ഗ്രാറ്റുവിറ്റി അല്ലെങ്കിൽ അതുപോലുള്ള മറ്റു തുകകൾ നൽകുവാൻ ബാധ്യസ്ഥമായിരിക്കുന്നതുമാണ്".

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ :ശ്രീ. വി. കെ.സി. മമ്മത് കോയ അവതരിപ്പിച്ച 381-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

ശ്രീ. വി. കെ.സി. മമ്മത് കോയ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

386. ഖണ്ഡം 13(2) നീക്കം ചെയ്യുക.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. വി. കെ.സി. മമ്മത് കോയ അവതരിപ്പിച്ച 386-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

409. ഖണ്ഡം 14 (2) -ൽ "മറ്റു വിധത്തിലോ" എന്നത് "പി. എസ്. സി. വഴി നേരിട്ടോ " എന്ന് മാറ്റുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 397-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

397. ഖണ്ഡം 14(1)-ൽ "നിബന്ധകളോടും" എന്നത് "നിബന്ധനകളോടും" എന്ന് മാറ്റുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 397-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ..............

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

16-ാം വകുപ്പ്

ശ്രീ. ജെയിംസ് മാത്യു: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

460. ഖണ്ഡം 16 (എഫ്) -ൽ "സേവനം ചെയ്യുന്ന" എന്നതിനു ശേഷം "തുറമുഖ കാര്യാലയത്തിലെ" എന്ന് ചേർക്കുക.

462. ഖണ്ഡം 16 (എഫ്)-ൽ "വ്യവസ്ഥകളോടും ഉദ്യോഗത്തിൽ, തുടരുകയോ" എന്നതിന് പകരം "വ്യവസ്ഥകളോടെയും" എന്ന് ചേർക്കുക.

463. ഖണ്ഡം 16 (എഫ്)-ൽ "ചെയ്യുകയോ" എന്നത് ഒഴിവാക്കുക.

464. ഖണ്ഡം 16 (എഫ്)-ൽ "ജോലി അവസാനിപ്പിക്കുന്നതുവരെയോ അയാളുടെ സേവന കാലാവധിയോ പ്രതിഫലമോ സേവനവ്യവസ്ഥകളോ റെഗുലേഷനുകളാൽ ബോർഡ് യഥാവിധി മാറ്റം വരുത്തുന്നതു വരെയോ" എന്നതിന് പകരം "ജോലി അവസാനിക്കുന്നതുവരെ" എന്ന് ചേർക്കുക.

466. ഖണ്ഡം 16 (എഫ്)-ൽ "ജോലി തുടരേണ്ടതുമാണ്" എന്നതിന് പകരം "ജോലി തുടരാൻ അവകാശം ഉണ്ടായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

472. ഖണ്ഡം 16 (എഫ്)-ന്റെ ക്ലിപ്ത നിബന്ധന താഴെപ്പറയും പ്രകാരം മാറ്റുക:

"എന്നാൽ, സർക്കാർ ജീവനക്കാരുടെ വേതന സേവന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ബോർഡിലെ ജീവനക്കാരുടെ വേതന സേവന വ്യവസ്ഥകളും പരിഷ്കരിക്കേണ്ടതാണ്."

473. ഖണ്ഡം 16 (എഫ്)-ന്റെ വിശദീകരണം ഒഴിവാക്കുക.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശ്രീ. കെ. സി. ജോസഫിന്റെ 457-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

457. ഖണ്ഡം 16 (ഇ) -ൽ "മറ്റു നിയമനനടപടികളും" എന്നത് "മറ്റു നിയമ നടപടികളും" എന്ന് മാറ്റുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 457-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 460, 462, 463, 464, 466, 472, 473 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

17-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

474. ഖണ്ഡം 17-ൽ "സേവന വേതന വ്യവസ്ഥകളോടും" എന്ന വാക്കുകൾക്ക് ശേഷം "തുടരാവുന്നതും" എന്ന വാക്ക് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 474-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

18-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശ്രീ. മഞ്ഞളാംകുഴി അലിയുടെ 489-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

489. ഖണ്ഡം 18-ൽ "തുറമുഖ കാര്യാലയം" എന്ന വാക്കിനു പകരം "തുറമുഖ ഡയറക്ടറേറ്റോ തുറമുഖ കാര്യാലയമോ" എന്നീ വാക്കുകൾ ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 489-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 18-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

19-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

19-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

20-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

20-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

21-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശ്രീ. എം. ഉമ്മറിന്റെ 501-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

501. ഖണ്ഡം 21-ൽ " ആർജ്ജനം നടത്താവുന്നതും" എന്നതിന് പകരം

" ആർജ്ജിക്കാവുന്നതും" എന്ന് ചേർക്കുക.

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 501-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്തപ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 21-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

22-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

23-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ശ്രീ. പുരുഷൻ കടലുണ്ടിയുടെ 534-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

534. ഖണ്ഡം 23 (2)(ജി) യിൽ "ഭാരം കുറഞ്ഞ കപ്പലുകളും" എന്നതിന് പകരം "വിളക്ക് കപ്പലുകളും" എന്ന് ചേർക്കുക.

സർ, ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 534-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

24-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

25-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

26-ാം വകുപ്പ്

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

565. ഖണ്ഡം 26 (2) -ൽ " കെട്ടിയിടുന്ന സ്ഥലത്തോ " എന്നതിനു പകരം "നങ്കൂരമിടുന്ന സ്ഥലത്തോ " എന്നും "സ്ഥലമുള്ളപ്പോൾ" എന്നതിന് പകരം "ഒഴിവുള്ളപ്പോൾ" എന്നും ചേർക്കുക.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 565-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

27-ാം വകുപ്പ്

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

571. ഖണ്ഡം 27-ൽ "വാങ്ങിയശേഷവും" എന്നത് "വാങ്ങിയ ശേഷം" എന്ന് മാറ്റുക.

572. ഖണ്ഡം 27-ൽ "വിജ്ഞാപനം വഴിയും" എന്നത് "വിജ്ഞാപനം വഴി" എന്ന് മാറ്റുക.

573. ഖണ്ഡം 27-ൽ "അനുസൃതവുമല്ലാതെ" എന്നത് "അനുസൃതമായി" എന്ന് മാറ്റുക

575. ഖണ്ഡം 27-ൽ "യാതൊരു ചരക്കുകളോ യാത്രക്കാരേയോ" എന്നത് "യാതൊരു യാത്രക്കാരെയും ചരക്കുകളെയും" എന്ന് മാറ്റുക.

576. ഖണ്ഡം 27-ൽ "ചെയ്യരുതെന്ന്" എന്നത് "ചെയ്യണമെന്ന്" എന്ന് മാറ്റുക.

577. ഖണ്ഡം 27-ന്റെ ക്ലിപ്ത നിബന്ധന ഒഴിവാക്കുക.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 571, 572, 573, 575, 576, 577 നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

27-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

28-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

29-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

30-ാം വകുപ്പ്

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

604. ഖണ്ഡം 30 (2) (i) -ൽ "കെട്ടിയിടുന്ന" എന്നത് "നങ്കൂരമിടുന്ന" എന്ന് മാറ്റുക.

605. ഖണ്ഡം 30 (2) (ii) ഒഴിവാക്കുക.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 604, 605 നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

30-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

31-ാം വകുപ്പ്

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

611. ഖണ്ഡം 31 (1) (സി) -ൽ "ചുമത്തുവാൻ" എന്നത് നീക്കം ചെയ്യുക.

612. ഖണ്ഡം 31 (1) (സി)-ൽ "മാർഗ്ഗങ്ങൾ വഴിയും അങ്ങനെയുള്ള" എന്നത് നീക്കം ചെയ്യുക.

613. ഖണ്ഡം 31(1) (സി)-ൽ "വിധേയമായും" എന്നതിന് പകരം "വിധേയമായി" എന്ന് ചേർക്കുക.

ശ്രീ. സി. കൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

615. ഖണ്ഡം 31 (1) (ഡി) താഴെപ്പറയും പ്രകാരം മാറ്റുക;

"(ഡി) ജലയാനങ്ങളെ നയിക്കലോ വലിച്ചുകൊണ്ടു പോകലോ കെട്ടി ഉറപ്പിക്കലോ കൊളുത്തിടലോ അളവെടുക്കലോ ജലയാനങ്ങളുമായി ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും സേവനങ്ങളോ."

618. ഖണ്ഡം 31(4)-ൽ "32, 33, അല്ലെങ്കിൽ 35 എന്നീ വകുപ്പുകൾ" എന്നതിന് പകരം " 36 മുതൽ 39 വരെയുള്ള വകുപ്പുകൾ" എന്ന് ചേർക്കുക.

620. ഖണ്ഡം 31(6)-ൽ "ഉത്തരവാദിത്വമായിരിക്കുന്നതുമാണ്" എന്നതിന് പകരം " ഉത്തരവാദിത്തത്തിന് സമമായിരിക്കുന്നതുമാണ്" എന്ന് ചേർക്കുക.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. കെ. ഹരീന്ദ്രൻ അവതരിപ്പിച്ച 611, 612, 613, ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 615, 618, 620 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

31-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

32-ാം വകുപ്പ്

ശ്രീ. സി. കൃഷ്ണൻ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

625. ഖണ്ഡം 32(1)(i)-ൽ "വ്യവസ്ഥകളാൽ അനുശാസിക്കപ്പെടേണ്ടതും;" എന്നതിന് പകരം "വ്യവസ്ഥകൾ പ്രകാരം ആയിരിക്കേണ്ടതും;" എന്ന് ചേർക്കുക.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല. ശ്രീ. എം. സ്വരാജിന്റെ 627-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

627. ഖണ്ഡം 32(1)(ii)-ന്റെ ക്ലിപ്ത നിബന്ധനയുടെ (ബി)-ഇനത്തിൽ "ഉത്തരവാദിത്വം" എന്നതിന് പകരം "ഉത്തരവാദിത്തം" എന്നും "കാലവധി" എന്നതിന് പകരം "കാലാവധി"എന്നും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 627-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. സി. കൃഷ്ണൻ അവതരിപ്പിച്ച 625-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

32-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

33-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

33-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മുപ്പത്തിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

34-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

34-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

35-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

35-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

36-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

36-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

37-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

37-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

38-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

38-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

39-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

39-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

40-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

40-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

41-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 688-ാം നമ്പർ ഭേദഗതി "ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടത്" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണെന്ന ഭേദഗതിയോടുകൂടി അവതരിപ്പിക്കുന്നു.

688. ഖണ്ഡം 41(3)-ൽ "ഔദ്യോഗിക ഗസറ്റിൽ "പ്രസിദ്ധീകരിക്കേണ്ടതും" എന്നീ വാക്കുകൾ വിട്ടുകളയേണ്ടതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 688-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

41-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

42-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

42-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

43-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

43-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

44-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

44-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

45-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

45-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

46-ാം വകുപ്പ്

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

707. ഖണ്ഡം 46 (1)-ൽ "അടിത്തറയ്ക്കോ" എന്നതിനുപകരം "തറയ്ക്കോ" എന്ന് ചേർക്കുക.

709. ഖണ്ഡം 46(2) താഴെപ്പറയുംപ്രകാരം മാറ്റുക.

"(2) ഇത്തരത്തിലുള്ള തുകയ്ക്ക്, ഏതെങ്കിലും നിയമപ്രകാരം കേന്ദ്ര സർക്കാരിന് നൽകാനുള്ള തുക, പിഴ ഒഴികെ കസ്റ്റംസ് തീരുവ ഇനത്തിൽ കേന്ദ്രസർക്കാരിന് നൽകാനുള്ള തുക കടത്തുകൂലിയിനത്തിലും മറ്റും കപ്പൽ ഉടമയ്ക്ക് ലഭിക്കാനുള്ള തുക, ജനറൽ ആവറേജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന നഷ്ടം എന്നിവ ഒഴികെയുള്ള തുകയേക്കാൾ മുൻഗണന ഉണ്ടായിരിക്കുന്നതാണ്."

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച 707, 709 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

46-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

47-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): ശ്രീ. മഞ്ഞളാം കുഴി അലിയുടെ 711-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

711. ഖണ്ഡം 47 (1)-ൽ "സ്വന്തമാക്കിയിട്ടുള്ളതോ" എന്നതിനുപകരം "സ്വന്തമായിട്ടുള്ളതോ" എന്ന് ചേർക്കുക. മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മി.സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 711-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

47-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

48-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

48-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

49-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

49-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

50-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 50-ാം ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

50-ാം ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

50-ാം ബില്ലിന്റെ ഭാഗമായി.

51-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

51-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

52-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരച്ചു.

52-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

53-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ 747-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

747. ഖണ്ഡം 53 (2)-ൽ "ഒരു ബാങ്കിലോ" എന്നത് "ഒരു ബാങ്കിൽ" എന്നാക്കി മാറ്റുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള 53-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 53-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

54-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

54-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

55-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

55-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

55-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

56-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

56-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

57-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

57-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

58-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. കെ. സി. ജോസഫിന്റെ 760-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

760. ഖണ്ഡം 58(1)-ൽ "ഉള്ള അതിന്" എന്നത് "ഉള്ളതിന്" എന്ന് മാറ്റുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

58-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

59-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: 59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

59-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

60-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

60-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

61-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

61-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

62-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: 62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

62-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

63-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

63-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

64-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

64-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

64-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

65-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

65-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

66-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

66-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

67-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): ശ്രീ. അബ്ദുൾ ഹമീദ് പി.യുടെ 773-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

773. ഖണ്ഡം 67 ഇനം (i) -ൽ "ഉള്ള മാർഗ്ഗം" എന്ന വാക്കുകൾ ഒഴിവാക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 773-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

ഭേദഗതി ചെയ്തപ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 67-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

68-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

68-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

69-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

69-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

70-ാം വകുപ്പ്

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഞാൻ താഴെപറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

784. ഖണ്ഡം 70 (1) (ഐ) ഒഴിവാക്കുക.

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 784-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..................

പ്രതികൂലിക്കുന്നവർ..................

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

70-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

71-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : 71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

71-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

72-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ : 72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

72-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

72-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

73-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: 73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

73-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

74-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 74-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

74-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

74-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

75-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 75-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

75-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

75-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

76-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ശ്രീ. വി. പി. സജീന്ദ്രന്റെ 795-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

795. ഖണ്ഡം 76-ൽ "കോൺട്രാക്റ്റിൽ" എന്ന വാക്കിനുപകരം "കരാറിൽ" എന്ന വാക്ക് ചേർക്കുക.

മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 795-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 76-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 76-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 76-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

77-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 77-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

77-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

77-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

78-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു.

798. ഖണ്ഡം78 ന്റെ ക്ലിപ്ത നിബന്ധനയിൽ "ആവശ്യമുണ്ടായിരുന്നതല്ല" എന്ന വാക്കിന് പകരം "ആവശ്യമുണ്ടായിരിക്കുന്നതല്ല" എന്ന വാക്ക് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 78-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 78-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 78-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

79-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ : 79-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

79-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

79-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

80-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ശ്രീ. പി. കെ. ബഷീറിന്റെ 813-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

813. ഖണ്ഡം 80 (4) -ൽ "അതിനുമുൻപ് ആയോ "എന്നത് "അതിനു മുമ്പോ " എന്നു മാറ്റുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 813-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 80-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 80-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 80-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

81-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 81-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

81-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

81-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

82-ാം വകുപ്പ്

(ഭേദഗതികളില്ല.)

മി. സ്പീക്കർ: 82-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

82-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

82-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

83-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ശ്രീ. വി. പി. സജീന്ദ്രന്റെ 819-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

819. ഖണ്ഡം 83(2)-ൽ "ഏതെങ്കിലുംതുക" എന്നത് "ഏതെങ്കിലും തുക" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 819-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 83-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 83-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 83-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

84-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 84-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

84-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

84-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

85-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 85-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

85-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

85-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

86-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 86-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

86-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

86-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

87-ാം വകുപ്പ്

(ഭേദഗതികളില്ല.)

മി. സ്പീക്കർ: 87-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

87-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

87-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

88-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 88-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

88-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

88-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

89-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 89-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

89-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

89-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

90-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 90-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

90-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

90-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

91-ാം വകുപ്പ്

(ഭേദഗതികളില്ല.)

മി. സ്പീക്കർ: 91-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

91-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

91-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

92-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 92-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

92-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

92-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

93-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 93-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

93-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

93-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

94-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 94-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

94-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

94-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

95-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 95-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

95-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

95-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

96-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 96-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

96-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

96-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

97-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: 97-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

97-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

97-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

98-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ശ്രീ. വി. പി. സജീന്ദ്രന്റെ 855-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

855. ഖണ്ഡം 98-ൽ "കോൺട്രാക്റ്റിലോ" എന്നത് "കരാറിലോ" എന്ന് മാറ്റുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 855-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 98-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്ത പ്രകാരമുള്ള 98-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 98-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

99-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ശ്രീ. വി. പി. സജീന്ദ്രന്റെ 856-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

856. ഖണ്ഡം 99 -ൽ "ലംഘത്തിന്" എന്നതിന് പകരം "ലംഘനത്തിന്" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 856-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 99-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള 99-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 99-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

100-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 100-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

100-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

100-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

101-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 101-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

101-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

101-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

102-ാം വകുപ്പ്

ശ്രീ. എസ്. ശർമ്മ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

863. ഖണ്ഡം 102 (1)-ൽ "ഗസറ്റ് വിജ്ഞാപനം വഴി", എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന തീരദേശ മേഖലയിലെ മൂന്ന് എം.എൽ.എ.മാരും ഒരു ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടും", എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

ശ്രീ. വി. പി. സജീന്ദ്രന്റെ 867, ശ്രീ. കെ. സി. ജോസഫിന്റെ 868 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

867. ഖണ്ഡം 102(1)-ൽ "കുറഞ്ഞ ഒരു അംഗം" എന്ന വാക്കുകൾക്ക് പകരം "കുറഞ്ഞത് ഒരു അംഗമെങ്കിലും" എന്ന വാക്കുകൾ ചേർക്കുക.

868. ഖണ്ഡം 102(5)(ബി) ആയി താഴെപ്പറയുന്നത് ചേർക്കുകയും അതിനനുസരിച്ച് ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക:

"(ബി) കമ്മിറ്റിയുടെ ക്വാറം;"

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. എസ്. ശർമ്മ അവതരിപ്പിച്ച 863-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 102-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ..........

ഭേദഗതി ചെയ്തപ്രകാരമുള്ള 102-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 102-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 103-ാം വകുപ്പ്

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

870. ഖണ്ഡം 103 (1)-ൽ, "ഓരോ സംഗതിയിലും അത്" എന്നത് നീക്കം ചെയ്യുക.

871. ഖണ്ഡം 103 (1)-ൽ അവസാനമായി താഴെപ്പറയുന്നത് കൂട്ടി ചേർക്കുക.

"ഈ സമിതിയിൽ ജില്ലാ പഞ്ചായത്തിന്റെയും തുറമുഖം സ്ഥിതി ചെയ്യുന്ന പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും പ്രാതിനിധ്യം നൽകേണ്ടതാണ്".

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. വി. പി. സജീന്ദ്രന്റെ 873, 875, 876 എന്നീ നമ്പർ ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിക്കുന്നു.

873. ഖണ്ഡം 103 (3)-ൽ "പ്രാദേശിക" എന്ന വാക്കിന് പകരം "തദ്ദേശീയ" എന്ന വാക്ക് ചേർക്കുക.

875. ഖണ്ഡം 103 (4)-ൽ "പ്രാദേശിക" എന്ന വാക്കിന് പകരം "തദ്ദേശീയ" എന്ന വാക്ക് ചേർക്കുക.

876. ഖണ്ഡം 103 (5)-ൽ "പ്രാദേശിക" എന്ന വാക്കിന് പകരം "തദ്ദേശീയ" എന്ന വാക്ക് ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 873, 875, 876 എന്നീ നമ്പർ ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 870, 871 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 103-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള 103-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 103-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

104-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 104-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

104-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

104-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

105-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 105-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

105-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

105-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

106-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 106-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

106-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

106-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

107-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ശ്രീ. മഞ്ഞളാംകുഴി അലിയുടെ 894-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

894. ഖണ്ഡം 107-ലെ ഇനം (ഐ)-ൽ "ജട്ടികളുടെയും" എന്നത് "ജെട്ടികളുടെയും" എന്ന് മാറ്റുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 894-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 107-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 107-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 107-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

108-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ശ്രീ. മഞ്ഞളാംകുഴി അലിയുടെ 899-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

899. ഖണ്ഡം 108-ൽ ഒന്നാം ഉപഖണ്ഡമായി താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക:

"(1) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ഓരോ റെഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുമ്പാകെ, അത് ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതാണ്".

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 899-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 108-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്തപ്രകാരമുള്ള 108-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 108-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

109-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 109-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

109-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

109-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

110-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 110-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

110-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

110-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

111-ാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 111-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

111-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

111-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

112-ാം വകുപ്പ്

(ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: 112-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

112-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

112-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

113-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ : 113-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ..........

113-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

113-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

114-ാം വകുപ്പ്

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ശ്രീ. മഞ്ഞളാംകുഴി അലിയുടെ 915-ാം നമ്പർ ഭേദഗതിയിൽ 'എന്നുമാത്രമല്ല' എന്ന വാക്ക് ഒഴിവാക്കിക്കൊണ്ട് ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

915. ഖണ്ഡം 114-ലെ നിലവിലുള്ള ക്ലിപ്ത നിബന്ധനയ്ക്കു ശേഷം താഴെ പറയുന്ന ക്ലിപ്ത നിബന്ധന കൂടി ചേർക്കുക :

"ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിച്ച എല്ലാ ഉത്തരവും അത് ഉണ്ടാക്കിയതിനു ശേഷം കഴിയുന്നത്ര വേഗം, നിയമസഭ മുമ്പാകെ വയ്ക്കേണ്ടതാണ്".

(മറ്റ് ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 915-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 114-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

ഭേദഗതി ചെയ്ത പ്രകാരമുള്ള 114-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 114-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

ശ്രീ. ജോൺ ഫെർണാണ്ടസ് : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

113. ദീർഘശീർഷകം താഴെപ്പറയും പ്രകാരം മാറ്റുക:

"കേരള സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനും നടത്തിപ്പിനും നിയന്ത്രണത്തിനും മറ്റ് അനുബന്ധകാര്യങ്ങൾക്കും വേണ്ടി കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ബിൽ".

123. പീഠിക താഴെപ്പറയും പ്രകാരം മാറ്റുക:

"പീഠിക.- കേരള സംസ്ഥാനത്ത് ചെറുകിട തുറമുഖങ്ങളുടെ വികസനത്തിനും നടത്തിപ്പിനും നിയന്ത്രണത്തിനും മറ്റ് അനുബന്ധ കാര്യങ്ങൾക്കും വേണ്ടി കേരള മാരിടൈം ബോർഡ് രൂപീകരിക്കുന്നത് യുക്തമായിരിക്കുകയാൽ;".

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ : ശ്രീ. ജോൺ ഫെർണാണ്ടസ് അവതരിപ്പിച്ച 113, 123 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു. 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ...........

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) :സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

2017-ലെ കേരള മാരിടൈം ബോർഡ് ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

# IX അറിയിപ്പ്

## മാജിക്ഷോ

മി. സ്പീക്കർ : കേരളത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാർ നടത്തുന്ന അനുയാത്ര പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികൾ അവതരിപ്പിക്കുന്ന മാജിക് ഷോ ഇന്നു വൈകുന്നേരം 6.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ നടത്തുന്ന വിവരം അറിയിക്കുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : ഓർഡർ...ഓർഡർ.. സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2017 ആഗസ്റ്റ് 24-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.26-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.